# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

### 2018 ഡിസംബർ 4, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 174 - നമ്പർ 6

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2018 ഡിസംബർ 4, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

24/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 01
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 32
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 87

**II അടിയന്തരപ്രമേയം**

ചട്ടവിരുദ്ധ നിയമനം
(അവതരണാനുമതി നിഷേധിച്ചു) .. 522

**III ശ്രദ്ധ ക്ഷണിക്കൽ**

1. അരി, മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ച നടപടി
- ശ്രീ. സജി ചെറിയാൻ .. 545

2. ക്ഷേമനിധി പെൻഷൻ
- ശ്രീ. ചിറ്റയം ഗോപകുമാർ .. 551

**IV സബ്മിഷൻ**

1. പ്രത്യേക പാക്കേജ്
- ശ്രീ. സി. കെ. ശശീന്ദ്രൻ .. 554

2. വിമാനത്താവളം നിർമ്മിക്കൽ
- ശ്രീ. പി. സി. ജോർജ് .. 556

3. കുമ്പളങ്ങിയിൽ പോലീസ് സ്റ്റേഷൻ
- ശ്രീ. കെ. ജെ. മാക്സി .. 558

4. അനുമതി നൽകൽ
- ശ്രീ. കെ. ദാസൻ .. 559

5. സംരക്ഷണ ഭിത്തി
- ശ്രീമതി വീണാ ജോർജ്ജ് .. 561

6. നെല്ല് സംരക്ഷണത്തിലെ അപാകതകൾ
- ശ്രീ. കെ. വി. വിജയദാസ് .. 562

പേജ്

**V റിപ്പോർട്ട് സമർപ്പണം**

2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI -ന്റെ റിപ്പോർട്ട് .. 563

2018-ലെ കേരള പോലീസ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സ്ബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട് .. 564

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ എഴുപത്തിമൂന്ന് മുതൽ എൺപതുവരെയുള്ള റിപ്പോർട്ടുകൾ .. 564

യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് .. 564

**VI ധനകാര്യം**

2018-2019 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റുമെന്റ് .. 564

**VII നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സ്ബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ .. 564

(ii) 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ .. 585

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

*2018 ഡിസംബർ 4, ചൊവ്വ*

| വാല്യം 174] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 6 |
|---|---|---|

നിയമസഭ 2018 ഡിസംബർ മാസം 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ....... ചോദ്യം നമ്പർ *121

(ശബരിമല വിഷയവുമായി ബന്ധപ്പെട്ട് നിയമസഭാ കവാടത്തിൽ സത്യാഗ്രഹമിരിക്കുന്ന അംഗങ്ങൾക്ക് അഭിവാദ്യമർപ്പിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും അല്പസമയത്തിനുശേഷം സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്നലെയും സൂചിപ്പിച്ച കാര്യമാണ്. സഭാനടപടികൾ തടസ്സപ്പെടുത്തുന്ന കാര്യത്തിൽ പ്രതിപക്ഷത്തിന് ഒരു താല്പര്യവുമില്ല. ജനങ്ങളെ ബാധിക്കുന്ന വളരെ പ്രധാനപ്പെട്ട വിഷയങ്ങൾ സഭയിൽ ഉന്നയിക്കുക എന്നുള്ളത് ഞങ്ങളുടെ ഉത്തരവാദിത്വമാണ്. ശബരിമലയിൽ 144 പ്രഖ്യാപിച്ചതുകൊണ്ട് തീർത്ഥാടകർക്കുണ്ടാകുന്ന ബുദ്ധിമുട്ടും അവിടത്തെ അസൗകര്യങ്ങളുടെ പ്രശ്നങ്ങളും ഉയർത്തിപ്പിടിച്ചുകൊണ്ട് ശ്രീ. വി. എസ്. ശിവകുമാർ, ശ്രീ. പാറക്കൽ അബ്ദുല്ല, ഡോ. എൻ. ജയരാജ് എന്നിവർ സഭാകവാടത്തിൽ രണ്ടാം ദിവസവും സത്യാഗ്രഹം തുടരുകയാണ്. ഞങ്ങളുടെ രണ്ട് ആവശ്യങ്ങളും പരിഗണിക്കണമെന്ന് ഞാൻ അങ്ങയിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്. ചോദ്യോത്തരവേളയോടും സഭാനടപടികളോടും ഞങ്ങൾ സഹകരിക്കുമെന്ന്

അറിയിക്കുന്നു. ജനാധിപത്യ മാർഗ്ഗത്തിലൂടെ ജനങ്ങളുടെ വികാരത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള സമരപരിപാടികളുമായി ഞങ്ങൾ മുന്നോട്ടു പോകുകയാണ്.

## റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

1 (*121) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാനും പരിഹാരം നിർദ്ദേശിക്കാനുമായി രൂപീകരിച്ച ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ ഇക്കാര്യത്തിൽ നിർദ്ദേശം സമർപ്പിക്കുകയുണ്ടായോ; വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്തെ പത്തുലക്ഷത്തിലധികം വരുന്ന റബ്ബർ കർഷകരുടെ താല്പര്യങ്ങൾ അവഗണിച്ചുകൊണ്ട് വൻകിട ടയർ മുതലാളിമാരുടെ താല്പര്യസംരക്ഷണാർത്ഥം കേന്ദ്ര സർക്കാർ റബ്ബറിന്റെ ഇറക്കുമതി നിയന്ത്രണം നീക്കിയത് കർഷകരെ കൂടുതൽ പ്രതിസന്ധിയിലാക്കിയതിനാൽ ഈ നടപടി തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന വില സ്ഥിരതാ പദ്ധതി പ്രകാരം നൽകിവരുന്ന സഹായം എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) 2018 ഫെബ്രുവരി മാസം 22-ാം തീയതി സംസ്ഥാന കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള ഉന്നതതലസംഘം കേന്ദ്ര വാണിജ്യകാര്യ മന്ത്രിയുമായി റബ്ബർ ഉൾപ്പെടെയുള്ള തോട്ടവിളകളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി കേരള സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും ത്രിപുര ചീഫ് സെക്രട്ടറി ഉപാദ്ധ്യക്ഷനായും 'ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ' രൂപീകരിച്ചു. പ്രസ്തുത സമിതിയിൽ കേന്ദ്ര വാണിജ്യകാര്യ വകുപ്പിന്റെയും റബ്ബർ ബോർഡിന്റെയും പ്രതിനിധികളും കേരള, ത്രിപുര സംസ്ഥാനങ്ങളുടെ പ്രതിനിധികളും ഉണ്ടായിരുന്നു. സംസ്ഥാന സർക്കാർ കർഷക സംഘടനകളുടെ പ്രതിനിധികളുമായി പല പ്രാവശ്യം ചർച്ച നടത്തി. റബ്ബർ മേഖലയുമായി ബന്ധപ്പെട്ട എം.എൽ.എ.-മാരെ വിളിച്ചുചേർത്ത് അവരുടെ നിർദ്ദേശങ്ങൾ

ഉൾക്കൊള്ളുന്ന വിശദമായ റിപ്പോർട്ട് സമിതി മുഖാന്തരം സമർപ്പിച്ചു. 2018 ജൂൺ മാസം 27-ന് പ്രസ്തുത സമിതി അന്തിമയോഗം ചേർന്ന് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

സ്വാഭാവിക റബ്ബറിനെ കാർഷിക ഉല്പന്നമായി കണക്കാക്കണം. കേരള സംസ്ഥാനത്ത് നടപ്പാക്കിവരുന്ന റബ്ബർ വിലസ്ഥിരതാ പദ്ധതി 50:50 എന്ന തോതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ദേശീയ തലത്തിൽ നടപ്പാക്കാൻ സാധിക്കുമോയെന്നത് പരിശോധിക്കണം. ആദ്യ പടിയായി കേന്ദ്ര സർക്കാർ വിഹിതമായി വിലസ്ഥിരതാ ഫണ്ടിലുള്ള തുക ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. സ്വാഭാവിക റബ്ബറിന്റെ കൃഷിക്കും പുനഃകൃഷിക്കും സബ്സിഡി ഏർപ്പെടുത്തുകയും പരമ്പരാഗത കൃഷി സ്ഥലങ്ങളിൽ ഡെവലപ്മെന്റ് കോസ്റ്റ് ഹെക്ടറിന് 5.5 ലക്ഷം രൂപയായി കണക്കാക്കി ആയതിന്റെ 25 ശതമാനവും ഇതരസ്ഥലങ്ങളിൽ ഡെവലപ്മെന്റ് കോസ്റ്റ് ഹെക്ടറിന് 4.3 ലക്ഷം രൂപയായി കണക്കാക്കി അതിന്റെ 40 ശതമാനവും സബ്സിഡിയായി നൽകണം. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, ആർ.കെ.വി.വൈ., പി.എം.കെ.എസ്.വൈ. തുടങ്ങിയ പദ്ധതികളിൽ റബ്ബർ കൃഷിക്കും പ്രാധാന്യം നൽകണം. സ്വാഭാവിക റബ്ബർ ഉല്പാദനത്തിന്റെയും ഉപഭോഗത്തിന്റെയും എസ്റ്റിമേറ്റ് കണക്കുകൾ അതത് വർഷം ജൂൺ 30-ന് ലഭ്യമാക്കണം. സ്വാഭാവിക റബ്ബർ ഇറക്കുമതിയിൽ തുറമുഖ നിയന്ത്രണങ്ങൾ തുടരണം. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതിക്ക് തുറമുഖങ്ങളിലെ റബ്ബർ ബോർഡിന്റെ പരിശോധന തുടരുകയും തുറമുഖങ്ങളിൽ പ്രസ്തുത ചരക്കുകൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാൻ Risk based Inspection രീതിയിലേയ്ക്ക് മാറുകയും ചെയ്യണം. അഡ്വാൻസ്ഡ് ഓതറൈസേഷൻ പദ്ധതി പ്രകാരം ചുങ്കമില്ലാതെയുള്ള സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതിക്ക് ഏർപ്പെടുത്തിയിരിക്കുന്ന SION (Standard Input Output Norms) മാനദണ്ഡം പരിഷ്കരിക്കുക. കുറഞ്ഞ ഇറക്കുമതി തുക എല്ലായ്പ്പോഴും പ്രാവർത്തികമല്ല എന്ന് മുൻകാല അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. എങ്കിലും വിലത്തകർച്ച നേരിടുന്ന അവസരങ്ങളിൽ അവസാനശ്രമമായി കുറഞ്ഞ ഇറക്കുമതി തുക നിശ്ചയിക്കാവുന്നതാണ്. സ്വാഭാവിക റബ്ബർ ഉല്പന്നങ്ങൾക്കുള്ള ഇറക്കുമതി ചുങ്കം പരിഷ്കരിക്കുക, സ്വാഭാവിക റബ്ബറിന് കാലികമായി ഇറക്കുമതി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക, ഗുണനിലവാരം നിശ്ചയിക്കാത്തിടത്തോളം കാലം ചിരട്ടപ്പാലിന്റെ (കപ് ലമ്പിന്റെ) ഇറക്കുമതി അനുമതി നൽകാതിരിക്കുക, റോഡ് റബ്ബറൈസേഷന് സ്വാഭാവിക റബ്ബർ ഉപയോഗിക്കുകയും ആയത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. രാജ്യത്ത് സ്വാഭാവിക റബ്ബർ ഉല്പന്നങ്ങളുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കുക, ദീർഘകാല നിർദ്ദേശങ്ങൾ കരട് ദേശീയ റബ്ബർ

അവസാനിക്കുന്ന തരത്തിൽ നിലവിൽ ഈ പദ്ധതി നടപ്പിലാക്കിവരികയാണ്. ഈ പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷം 16-11-2018 വരെ ലഭിച്ച ക്ലെയിമുകൾ പരിശോധിച്ച് സബ്സിഡി തുക കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. 286.17 കോടി രൂപ സബ്സിഡിയായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 811.87 കോടി രൂപ ഈ പദ്ധതിക്കുകീഴിൽ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്കീം നിലവിൽ വന്നതിനുശേഷം ആകെ 1191.57 കോടി രൂപയാണ് സബ്സിഡിയായി വിതരണം ചെയ്തിട്ടുള്ളത്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ക്വാളിറ്റി റബ്ബർ ഉല്പാദിപ്പിക്കുന്ന കേന്ദ്രം കോട്ടയം ജില്ലയിലാണ്. റബ്ബറിന്റെ വിലയിടിവുമൂലം കൃഷിക്കാരാകെ ദുരിതത്തിലാണ്. അത് സംബന്ധിച്ച് നിരവധി തവണ ഈ സഭയിൽ പറഞ്ഞിട്ടുള്ളതുകൊണ്ട് കൂടുതൽ വിശദീകരിക്കുന്നില്ല. നിലവിൽ ചെറുകിട കൃഷിക്കാർ റബ്ബർ ടാപ്പ് ചെയ്യുകയോ അതത് സമയത്ത് റീപ്ലാന്റ് ചെയ്യുകയോ ചെയ്യുന്നില്ല. അതിനാൽ റബ്ബർ ഉല്പാദനം വീണ്ടും വീണ്ടും കുറയുന്ന സാഹചര്യമാണ് വിലയിടിവുമൂലം സംജാതമായിരിക്കുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ അടിയന്തര ഇടപെടൽ ആവശ്യമുണ്ട്. ഈ രംഗത്ത് പ്രോത്സാഹനവും സബ്സിഡിയുമെല്ലാം റബ്ബർ ബോർഡ് കൊടുത്തിരുന്നുവെങ്കിലും ഇപ്പോൾ അതിൽനിന്നും മാറി. ബാക്കിയെല്ലാ കൃഷിയും മാറ്റിവച്ചിട്ടാണ് കേരളത്തിലെ കൃഷിക്കാർ റബ്ബർ കൃഷി ചെയ്യാൻ തുടങ്ങിയത്. റീ-പ്ലാന്റേഷനുള്ള സബ്സിഡി റബ്ബർ ബോർഡ് ഇപ്പോൾ കൊടുക്കുന്നില്ല. ഇത്തരത്തിലുള്ള ഒരു കാര്യത്തിലും റബ്ബർ ബോർഡ് ശ്രദ്ധിക്കുന്നില്ല. റബ്ബർ ബോർഡിന്റെ പല റീജിയണൽ ഓഫീസുകളും നിർത്തലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ സമയത്ത് ഗവൺമെന്റിന്റെ അതിശക്തമായ ഇടപെടൽ ഈ മേഖലയിലാവശ്യമാണ്. ഇറക്കുമതി ചെയ്യുന്ന ഓരോ കിലോഗ്രാം റബ്ബറിനും കേന്ദ്ര ഗവൺമെന്റിന് 25 രൂപ എക്സൈസ് ഡ്യൂട്ടി കിട്ടുന്നുണ്ട്. ഇറക്കുമതി ചുങ്കമിനത്തിൽ 3500 കോടി രൂപയാണ് കഴിഞ്ഞ മൂന്നുവർഷമായി കേന്ദ്ര ഗവൺമെന്റിന് ലഭ്യമായത്. ഇത് നമുക്ക് അർഹതപ്പെട്ട തുകയാണ്. ഇവിടെ ഉല്പാദനം താഴോട്ട് പോയതിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റിന് കിട്ടുന്ന ഈ തുകയിൽനിന്നും റബ്ബർ വിലസ്ഥിരതാ ഫണ്ടിനും റീപ്ലാന്റേഷനും മറ്റും വേണ്ടി കേരളത്തിന് ലഭ്യമാക്കണമെന്ന ആവശ്യം സംസ്ഥാന ഗവൺമെന്റ് ഉന്നയിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഇത്തരത്തിലുള്ള 24 ആവശ്യങ്ങളാണ് ടാസ്ക് ഫോഴ്സിന് മുമ്പാകെ സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ചിരിക്കുന്നത്. അതിലെ മിക്കവാറും എല്ലാ ആവശ്യങ്ങളും ടാസ്ക്ഫോഴ്സ് അംഗീകരിച്ചുകഴിഞ്ഞു. ടാസ്ക്ഫോഴ്സ്

കൊടുത്തിരിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുമെന്നാണ് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നത്. റബ്ബറിനെ കാർഷികവിളയായി കേന്ദ്ര ഗവൺമെന്റ് ഇതുവരെ അംഗീകരിച്ചിട്ടില്ല. വാണിജ്യകാര്യ വകുപ്പാണ് റബ്ബറുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്തിരിക്കുന്നത്. അതുകൊണ്ടുതന്നെ ഇതിൽ നിരവധി പരിമിതികളുണ്ടെങ്കിലും നമ്മളെല്ലാവരും കൂടിയെടുത്തിരിക്കുന്ന ഏകകണ്ഠമായ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് ടാസ്ക്ഫോഴ്സിന് മുമ്പാകെ നൽകിയിട്ടുണ്ട്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, റബ്ബറുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുകയെന്നുള്ളത് വളരെ പ്രധാനമാണ്. മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുമെന്ന് നമ്മൾ നേരത്തെ പ്രഖ്യാപിച്ചിരുന്നതാണ്. കരിമ്പ് കൃഷിക്കാരെ സഹായിക്കാൻവേണ്ടി മഹാരാഷ്ട്രയിലും മറ്റും ഗവൺമെന്റിന്റെ ഉടമസ്ഥതയിൽ ഇത്തരം ഉല്പന്നങ്ങളുണ്ടാക്കുന്ന ഫാക്ടറികളുണ്ട്. ഇത്തരത്തിലുള്ള സംരംഭങ്ങൾ പൊതു/സ്വകാര്യമേഖലയിലും പൊതു/സ്വകാര്യ സംയുക്തമായും ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചതിന്റെ നടപടികൾ എന്തെങ്കിലുമായിട്ടുണ്ടോ; ഇത്തരമൊരു സന്നിദ്ധാവസ്ഥയിൽ ഈ മേഖലയിലെ കൃഷിക്കാരെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട എന്ത് നടപടിയാണ് എടുത്തിട്ടുള്ളത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന റബ്ബറിന്റെ 95 ശതമാനവും കേരളത്തിലാണെങ്കിലും അതിന്റെ ചെറിയ ശതമാനം മാത്രമാണ് മൂല്യവർദ്ധിത മേഖലയിലേയ്ക്ക് പോയിരിക്കുന്നത്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് 'സിയാൽ' മോഡലിൽ റബ്ബർ അധിഷ്ഠിത വ്യവസായം ആരംഭിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വിദഗ്ദ്ധ സമിതിയെ രൂപീകരിക്കുകയും പ്രസ്തുത സമിതി നാല് തവണ മീറ്റിംഗുകൾ ചേർന്നിട്ടുമുണ്ട്. ഇക്കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. കർഷകരുടെയും സർക്കാരിന്റെയും ഉടമസ്ഥതയിൽ 'സിയാൽ' മോഡലിൽ കമ്പനി രൂപീകരിക്കാനാവശ്യമായ കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, നിയമസഭയ്ക്കുള്ളിലും സെക്രട്ടേറിയറ്റിന്റെ മുന്നിലും നടക്കുന്ന സമരം പോലെ, 'ചേട്ടൻ ബാവ അനിയൻ ബാവ' നയമാണ് റബ്ബർ മേഖലയോടും റബ്ബർ കർഷകരോടും കോൺഗ്രസ്സും ബി.ജെ.പി.-യും സ്വീകരിക്കുന്നത്. ആസിയാൻ കരാർ ഉൾപ്പെടെയുള്ളവ ഒപ്പിട്ടുകൊണ്ട് ആഭ്യന്തരവിപണി മറ്റ് ഇറക്കുമതിക്ക് തുറന്നുകൊടുത്ത കോൺഗ്രസ് നയത്തെ കുറച്ചുകൂടി വിപുലീകരിക്കുന്ന രീതിയിൽ തുറമുഖങ്ങൾ മുഴുവൻ ഇറക്കുമതിക്ക് തുറന്നു കൊടുത്തിരിക്കുകയാണ്.

ഡിസംബർ, ജനവരി മാസങ്ങളിൽ ഉണ്ടാകുന്ന ഇല കൊഴിച്ചിൽ മഹാപ്രളയത്തെ തുടർന്ന് പത്തനംതിട്ട ഉൾപ്പെടെയുള്ള ജില്ലകളിൽ നേരത്തെയുണ്ടായിട്ടുണ്ട്. അതോടൊപ്പം റബ്ബർ തോട്ടങ്ങളിൽ ചെളി അടിഞ്ഞുകൂടിയിരിക്കുകയാണ്. പ്ലാസ്റ്റിക്കിട്ട് മഴക്കാലത്ത് ടാപ്പിംഗ് നടത്തുന്നതിന് വേണ്ട സംവിധാനങ്ങളൊന്നും ഫലപ്രദമാകുന്നില്ല. കർഷകരാകെ ദുരിതത്തിലാണ്. റബ്ബർ നയങ്ങളുൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കുമെന്ന് പറഞ്ഞ് അധികാരത്തിലേറിയ കേന്ദ്ര സർക്കാർ, ഈ ടാസ്ക്ഫോഴ്സിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടോ; റബ്ബർ നയം നടപ്പിൽവരുത്തുന്നതിനാവശ്യമായ എന്തെങ്കിലും ഉറപ്പ് സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, ടാസ്ക്ഫോഴ്സിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റബ്ബർ നയം നടപ്പിലാക്കുമെന്നാണ് വാണിജ്യകാര്യ വകുപ്പുമന്ത്രി നേരിട്ട് സംസാരിച്ചപ്പോൾ പറഞ്ഞത്. അതിന്റെ അടിസ്ഥാനത്തിൽ റബ്ബർ പോളിസി സംബന്ധിച്ച വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർത്തുകൊണ്ടാണ് ടാസ്ക്ഫോഴ്സിന്റെ റിപ്പോർട്ട് നൽകിയിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ ഇടപെടലിനുശേഷം ആദ്യമായാണ് സംസ്ഥാന ഗവൺമെന്റ് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കമ്മിറ്റി രൂപീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായത്. അതിന്റെ അടിസ്ഥാനത്തിൽ ടാസ്ക്ഫോഴ്സ് രൂപീകരിക്കുകയും റബ്ബർ പോളിസി നടപ്പിലാക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. അദ്ദേഹം പറഞ്ഞ വാക്കനുസരിച്ചാണെങ്കിൽ ടാസ്ക്ഫോഴ്സിന്റെ റിപ്പോർട്ട് ലഭിച്ചാലുടൻ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്.

പ്രളയകാലത്ത് റബ്ബറിനുണ്ടായിരിക്കുന്ന ഇലകൊഴിച്ചൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ റബ്ബർ ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അവരാണ് വിദഗ്ധമായ അഭിപ്രായങ്ങൾ പറയേണ്ടത്. മാത്രവുമല്ല, റബ്ബർ തോട്ടങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്ന ചെളി നിലവിലുള്ള തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി നീക്കംചെയ്യാനാവശ്യമായ പദ്ധതി തയ്യാറാക്കാൻ പഞ്ചായത്തുകൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. മാത്രമല്ല, സിൽറ്റ് അടിഞ്ഞു കൂടിയിരിക്കുന്നത് മാറ്റുന്നതിനുവേണ്ടി ഒരു ഹെക്ടറിന് 12,200 രൂപ വച്ച് കൊടുക്കുന്നതിനാവശ്യമായ നടപടിയും ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

ശ്രീ. ആന്റണി ജോണിനുവേണ്ടി <u>ശ്രീ. രാജു എബ്രഹാം</u>: സർ, ടാസ്ക് ഫോഴ്സിന്റെ യോഗത്തിന് മുന്നോടിയായി അങ്ങ് വിളിച്ചുചേർത്ത യോഗത്തിൽ മറ്റ് എം.എൽ.എ.-മാരോടൊപ്പം ഞാനും പങ്കെടുത്തിരുന്നു. ആ യോഗത്തിൽ ഉന്നയിച്ച ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അങ്ങ് പരാമർശിച്ചു. റബ്ബറിനെ വാണിജ്യമേഖലയിൽ

നിന്നും കാർഷിക ഉത്പന്നമാക്കി മാറ്റുന്നതൊഴിച്ച് ബാക്കിയെല്ലാ കാര്യങ്ങളും ഡൽഹിയിൽ നടന്ന യോഗം അംഗീകരിച്ചുവെന്ന് പറയുന്നതുകൊണ്ട് റബ്ബറിന്റെ കാര്യത്തിൽ രക്ഷപ്പെടൽ അനന്ത വിദൂര സാധ്യതയാണുള്ളതെന്ന് തെളിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുത്ത് റബ്ബറിനെ കാർഷിക ഉത്പന്നമാക്കി പരിഗണിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്; റബ്ബറിന് 200 രൂപയെങ്കിലും അടിസ്ഥാനവിലയായി കണക്കാക്കി വിലസ്ഥിരതാഫണ്ട് നൽകാനുള്ള നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് പറഞ്ഞ 200 രൂപ നിരക്കിൽ റബ്ബർ വിലസ്ഥിരതാ ഫണ്ട് ഏർപ്പെടുത്തണമെന്നും അതിൽ 50 ശതമാനം കേന്ദ്ര ഗവൺമെന്റും 50 ശതമാനം സംസ്ഥാന ഗവൺമെന്റും വഹിക്കാമെന്നുള്ളതും ടാസ്ക്ഫോഴ്സിൽ അംഗീകരിച്ചിട്ടുള്ള കാര്യമാണ്. റബ്ബറിനെ കാർഷിക വിളയായി അംഗീകരിക്കില്ലായെന്ന കാര്യം സർക്കാരിനെ അറിയിച്ചിട്ടില്ല. ഒന്നാമത്തെ നിർദ്ദേശമായി കാർഷിക വിളയായി അംഗീകരിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. അക്കാര്യത്തിൽ കേന്ദ്ര കൃഷിമന്ത്രാലയം വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. കൃഷിക്കുവേണ്ടി മാറ്റിവയ്ക്കുന്ന തുക പ്ലാന്റേഷൻ ക്രോപ്പുകൾക്കുകൂടി കൊടുക്കേണ്ടിവന്നാൽ മറ്റ് വിളകൾക്ക് കൊടുക്കുന്ന തുകയിൽ മാറ്റമുണ്ടാകുമെന്ന അഭിപ്രായം കേന്ദ്ര കൃഷി മന്ത്രാലയത്തിന് ഉള്ളതുകൊണ്ട് റബ്ബറിനെ കാർഷിക വിളയായി അംഗീകരിക്കുന്ന കാര്യത്തിൽ അവർക്ക് അഭിപ്രായവ്യത്യാസമുണ്ടെന്ന കാര്യം മാത്രമാണ് നമ്മുടെ അറിവിൽപ്പെട്ടിരിക്കുന്നത്. നിലവിൽ ടാസ്ക് ഫോഴ്സിന്റെ ഒന്നാമത്തെ നിർദ്ദേശം റബ്ബറിനെ കാർഷിക വിളയായി അംഗീകരിക്കണമെന്നുള്ളത് തന്നെയാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കേരളത്തിൽ പത്തുലക്ഷത്തോളം വരുന്ന കൃഷിക്കാർ റബ്ബർ കൃഷിയിലെ വരുമാനംകൊണ്ട് ജീവിക്കുന്നവരാണ്. ഈ വർഷം മേയ് മാസം 7-ാം തീയതി മുതൽ ഇടവിട്ടിടവിട്ടും ഇടതടവില്ലാതെയും പെയ്ത മഴകാരണം റബ്ബർ കൃഷിക്കാരന്റെ ജീവിതം വല്ലാത്ത ദുരിതത്തിലാണ്. എന്റെ മണ്ഡലം മലയോരമേഖലയുമായി ബന്ധപ്പെട്ടതാണ്. ചെറുകിട കൃഷിക്കാർ അനുഭവിക്കുന്ന ജീവിതദുരിതങ്ങൾ നേരിട്ട് കാണുന്നവരാണ്. സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഒട്ടനവധി ഇൻസെന്റീവും മറ്റ് സഹായങ്ങളും റബ്ബർ കൃഷിക്കാർക്ക് നൽകിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും പാക്കേജ് പ്രഖ്യാപിച്ച് സഹായം നൽകിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച് വ്യക്തമാക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പ്രളയവുമായി ബന്ധപ്പെട്ട് റബ്ബർ ബോർഡ്, സ്പൈസസ് ബോർഡ് തുടങ്ങിയ കേന്ദ്ര വാണിജ്യ ബോർഡുകളുമായെല്ലാം സംയുക്തമായി രണ്ട് മീറ്റിംഗുകൾ നടത്തുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ അതത് കേന്ദ്ര സ്ഥാപനങ്ങളെല്ലാം അവരുടേതായ നിലയിൽ കേന്ദ്ര ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിനുപുറമെ 1369 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കൃഷി മന്ത്രാലയത്തിനുവേണ്ടി പ്രത്യേകം നിവേദനവും സമർപ്പിക്കുകയുണ്ടായി. അതിനുപുറമെ International Fund for Agricultural Development (IFAD) എന്ന പേരിൽ 500 കോടി രൂപയുടെ പ്രോജക്ടും നാഷണൽ ഹോർട്ടികൾച്ചർ മിഷനുമായി ബന്ധപ്പെട്ട് 200 കോടി രൂപയുടെ പ്രോജക്ടും കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി. എന്നാൽ പ്രളയകാലത്ത് നാഷണൽ ഹോർട്ടികൾച്ചർ മിഷന് മാത്രമായി 93 കോടി രൂപയുടെ പദ്ധതി അനുവദിച്ചതൊഴികെ കാർഷികമേഖലയുമായി ബന്ധപ്പെട്ടുണ്ടായിരിക്കുന്ന ദുരന്തങ്ങൾ പരിഹരിക്കുന്ന തിനാവശ്യമായ പ്രത്യേക പാക്കേജുകളൊന്നും കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് അനുവദിച്ചിട്ടില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിലെ റബ്ബർ കർഷകരാകെ വലിയ പ്രതിസന്ധിയിലാണ്; റബ്ബർ ടാപ്പിംഗ് പോലുമില്ല. ഇപ്പോൾ ടാപ്പ് ചെയ്യുന്ന ആളിന് പകുതി, കർഷകന് പകുതി എന്ന നിലയിലേയ്ക്ക് ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഇതിന് രണ്ട് കാരണമാണുള്ളത്. ഒന്ന്, അഡ്വാൻസ് ലൈസൻസ് പ്രകാരം വ്യാപാരികൾ ഇറക്കുമതി ചെയ്യുന്നു. രണ്ട്, ഇംപോർട്ട് ഡ്യൂട്ടി കുറവായതുകൊണ്ട് ധാരാളം ഇറക്കുമതി നടത്തിക്കൊണ്ടിരിക്കുന്നു. ഇത് രണ്ടും പരിഹരിക്കണമെങ്കിൽ കേന്ദ്ര ഗവൺമെന്റ് വിചാരിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂ. ഇതിന്റെ നിയന്ത്രണമുള്ളത് കേന്ദ്ര കൊമേഴ്സ് മന്ത്രാലയത്തിനാണ്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന് മുന്നിൽ എന്ത് നിവേദനങ്ങളാണ് നൽകിയിട്ടുള്ളത്? ഫലപ്രദമായ എന്ത് നടപടികളാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്; ഗവൺമെന്റിന്റെ നിലപാട് ഇക്കാര്യത്തിൽ എന്താണ്; റബ്ബർ കർഷകരുടെ കാര്യത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്താൻ ഗവൺമെന്റ് മുന്നോട്ടുവരുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ ഒരു കാര്യം ശരിയാണ്. കേന്ദ്ര ഗവൺമെന്റ് ലാറ്റക്സ് ഇറക്കുമതി ചെയ്യുന്നതിന് 75 ശതമാനത്തോളം ഇറക്കുമതി തീരുവ ഏർപ്പെടുത്തുമ്പോൾ സ്മോക്ക്ഡ് റബ്ബർ ഷീറ്റിന് അത് 33 ശതമാനം മാത്രമാണ്. സ്മോക്ക്ഡ് റബ്ബർ ഷീറ്റുകളാണ് ധാരാളമായി ഇറക്കുമതി ചെയ്യുന്നത്. അതായത്, 918 കോടി

രൂപയുടെ ഇറക്കുമതി ചെയ്തപ്പോൾ ലാറ്റക്സ് 11 കോടി രൂപയുടേത് മാത്രമാണ് ഇറക്കുമതി ചെയ്തിട്ടുള്ളത്. അതിന് ഇറക്കുമതി ചുങ്കം വളരെ കൂടുതലാണ്. വ്യാപാരികൾക്കുവേണ്ടി ഇറക്കുമതി ചുങ്കം കുറച്ചുവച്ചിരിക്കുന്നത് സ്മോക്ക്ഡ് റബ്ബർ ഷീറ്റിനാണ്. അഡ്വാൻസ് ഓതറൈസേഷനുമായി ബന്ധപ്പെട്ട് നാല് മുതൽ 40 ശതമാനം വരെ വേണമെന്നുള്ളത് ടാസ്ക് ഫോഴ്സിന്റെ മുമ്പാകെ നമ്മളെല്ലാവരും മുന്നോട്ടുവച്ച നിർദ്ദേശമാണ്. നമ്മൾ അങ്ങോട്ട് ഇറക്കുമതി ചെയ്യുമ്പോൾ ഇത്ര ശതമാനം കയറ്റുമതി ചെയ്യണമെന്ന് പറയുന്നുണ്ട്. അത് പല ഉത്പന്നങ്ങൾക്കും വ്യത്യസ്തമായ രീതിയാണ്. ഇത് റിവൈസ് ചെയ്യണമെന്നുള്ളതാണ് നമ്മൾ ആവശ്യപ്പെട്ടിരിക്കുന്ന പ്രധാനപ്പെട്ട കാര്യം. ഇതുമായി ബന്ധപ്പെട്ട് നിയമസഭയിൽ രണ്ട് പ്രമേയങ്ങൾ പാസ്സാക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും വാണിജ്യകാര്യ മന്ത്രിക്കും കത്തയയ്ക്കുകയുണ്ടായി. കൃഷി വകുപ്പുമന്ത്രി എന്ന നിലയിൽ നാല് കത്തുകൾ ഞാൻ കേന്ദ്ര ഗവൺമെന്റിന് അയച്ചിട്ടുണ്ട്. അതിനുശേഷം വാണിജ്യകാര്യ മന്ത്രാലയവുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ചരിത്രത്തിലാദ്യമായി ടാസ്ക്ഫോഴ്സ് രൂപീകരിക്കുന്നത്. ആ ടാസ്ക്ഫോഴ്സുമായി ബന്ധപ്പെട്ട കാര്യം സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം എന്നതിനുപരിയായി റബ്ബർ കർഷകരുടെ മുഴുവൻ അഭിപ്രായങ്ങളും കേട്ടതിനുശേഷമാണ് ഈ നിവേദനങ്ങളെല്ലാം സമർപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് പ്രതിപക്ഷത്തെയും ഭരണപക്ഷത്തെയും എം.എൽ.എ.-മാർ അടക്കമുള്ളവർ പറഞ്ഞ എല്ലാ നിർദ്ദേശങ്ങളും വച്ചാണ് ടാസ്ക്ഫോഴ്സിന് മുമ്പാകെ നിവേദനം സമർപ്പിച്ചിരിക്കുന്നത്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, റബ്ബറുമായി ബന്ധപ്പെട്ട കാര്യത്തിൽ സംസ്ഥാന സർക്കാരിന് കൃഷിയുമായും കൃഷി നടത്തുന്നതുമായും വലിയ ഉത്തരവാദിത്വങ്ങളൊന്നും ഇല്ലാത്ത തരത്തിലാണ് കേന്ദ്ര ഗവൺമെന്റ് പ്രത്യേക റബ്ബർ ബോർഡുമായി ബന്ധപ്പെട്ട് ക്രമീകരിച്ചത്. സ്വാഭാവികമായും അതിലെ കർഷകരെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റിനേക്കാൾ കേന്ദ്ര ഗവൺമെന്റിനാണ്. ഇതുമായി ബന്ധപ്പെട്ട് 2005-ൽ സ്വാമിനാഥൻ കമ്മീഷൻ കേരളത്തിലെ കൃഷിയെക്കുറിച്ചും പ്രത്യേകിച്ച് വിദേശനാണ്യം നേടിത്തരുന്ന കൃഷി, വ്യാവസായിക ഉല്പന്നങ്ങൾ എന്നിവയെക്കുറിച്ചും പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് WTO സെൽ രൂപീകരിച്ചത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2012 അവസാനത്തോടെ റബ്ബറിന്റെ വില കുറയുമെന്ന് WTO സെല്ലിന്റെ റിപ്പോർട്ടുണ്ടായിരുന്നു. ആ റിപ്പോർട്ട് ശരിയായിരുന്നു. അതനുസരിച്ചാണ് കേരളത്തിൽ റബ്ബർ കൃഷി 50 ശതമാനം പുനഃസ്ഥാപിക്കാനും റബ്ബറധിഷ്ഠിത ഉല്പന്നങ്ങളുണ്ടാക്കാനുമുള്ള നിർദ്ദേശം

അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി (ഡോ.ടി.എം. തോമസ് ഐസക്) എടുത്തത്. ആ നിർദ്ദേശം അവസാനം അംഗീകരിച്ചിരുന്നു. WTO സെൽ ഇപ്പോൾ എന്ത് പഠനം നടത്തുന്നുവെന്ന് അറിയില്ല, മൂന്ന് വർഷം കഴിയുമ്പോൾ റബ്ബർ വില വർദ്ധിക്കുമെന്ന ചില പഠനങ്ങൾ ഇപ്പോൾ വരുന്നുണ്ട്. അങ്ങനെയാണെങ്കിൽ ഇപ്പോൾ അത്തരം സ്ഥായിയായ ഏതെങ്കിലും പഠനമോ റിപ്പോർട്ടോ കേന്ദ്ര ഗവൺമെന്റിന്റേതായിട്ടുണ്ടോ; സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റുമായി ചേർന്ന് ഏതെങ്കിലും പഠനം നടത്തുന്നുണ്ടോ; റബ്ബർ കൃഷി വ്യാപിപ്പിക്കാനും അതിന്റെ മറ്റ് സംവിധാനങ്ങളുമൊക്കെ കേന്ദ്ര നിയന്ത്രണത്തിലായതുകൊണ്ട് റബ്ബറിന്റെ നഷ്ടം നികത്താനുള്ള ഉത്തരവാദിത്വം കേന്ദ്രത്തിനാണെന്ന് അവരെ ബോദ്ധ്യപ്പെടുത്തുകയും അവരത് സമ്മതിക്കുകയും ചെയ്തിട്ടുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പഠനത്തെ സംബന്ധിച്ച വളരെ വ്യക്തമായ നിർദ്ദേശം ടാസ്ക്ഫോഴ്സിൽ പറയുന്നുണ്ട്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഏകോപനം ഇതിൽ വളരെ പ്രധാനപ്പെട്ടതാണ്. ഇപ്പോൾ ആർ.സി.ഇ.പി. (Regional Comprehensive Economic Partnership) കരാർ വന്നിരിക്കുകയാണ്. ആ കരാറുമായി ബന്ധപ്പെട്ട് ഏറ്റവുമധികം തകർച്ചയുണ്ടാകാൻ പോകുന്നത് റബ്ബർ മേഖലയിലാണ്. അതടക്കമുള്ള വിഷയങ്ങൾ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വേൾഡ് ട്രേഡ് ഓർഗനൈസേഷന്റെ പഠന നിർദ്ദേശങ്ങളനുസരിച്ചാണ് ടാസ്ക്ഫോഴ്സിന് മുമ്പാകെ സംസ്ഥാന ഗവൺമെന്റിന്റെ നിഗമനങ്ങൾ വച്ചിരിക്കുന്നത്. ലോക വ്യാപകമായുണ്ടാകുന്ന റബ്ബറിന്റെ വിലത്തകർച്ചയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും സംസ്ഥാന ഗവൺമെന്റ് പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയാണ്. കേന്ദ്രഗവൺമെന്റ് ടാസ്ക്ഫോഴ്സുമായി ബന്ധപ്പെട്ട കാര്യം മാത്രമാണ് ആധികാരിക പഠനം നടത്തിയതെന്ന് സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതായാലും ഇതിലുള്ള ഫ്ലക്ച്വേഷൻസ് മനസ്സിലാക്കുന്നതിനുവേണ്ടി സ്ഥായിയായ സംവിധാനമുണ്ടാകണമെന്ന് ടാസ്ക്ഫോഴ്സിൽ വ്യക്തമായി നിർദ്ദേശിക്കുന്നുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, റബ്ബർ കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ച് എല്ലാവർക്കും നല്ല ബോദ്ധ്യമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ അത് പ്രകടമാണ്. കൂടുതൽ മൂല്യാധിഷ്ഠിത ഉല്പന്നങ്ങളുണ്ടാക്കുന്ന തരത്തിലുള്ള പദ്ധതിക്ക് രൂപംനൽകാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇപ്പോൾ വന്നിട്ടുള്ള ടാസ്ക്ഫോഴ്സിലെ നിർദ്ദേശങ്ങൾ ഈ സർക്കാരിന്റെ ഭരണകാലത്തുതന്നെ നടപ്പിലാക്കാൻ സാധിക്കുമോ? വിദേശ രാജ്യങ്ങളിലൊക്കെ റബ്ബറൈസ്ഡ്

റോഡുകളുണ്ട്. നമ്മുടെ നാട്ടിൽ ബി.എം.&ബി.സി. റോഡുകളാണുള്ളത്. പൊതുമരാമത്ത് വകുപ്പുമായി സംയോജിച്ചുകൊണ്ട് പരിപൂർണ്ണമായും റബ്ബറൈസ്ഡ് റോഡുകൾ നിർമ്മിക്കാൻ മുന്നോട്ടുവരികയാണെങ്കിൽ റബ്ബർ കർഷകർക്ക് അത് വലിയൊരു പ്രയോജനമാകും. അത്തരത്തിലുള്ള ഏതെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റാണ് നയപരമായ തീരുമാനമെടുക്കേണ്ടത്. റബ്ബറൈസ്ഡ് റോഡുമായി ബന്ധപ്പെട്ട് എത്ര ശതമാനം റബ്ബർ ഉപയോഗിക്കണമെന്നുള്ളത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ റോഡുനിർമ്മാണവുമായി ബന്ധപ്പെട്ട അതോറിറ്റി ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു എന്ന മറുപടിയാണ് വന്നിരിക്കുന്നത്. നിയമസഭയിൽ നേരത്തെ ഇത്തരമൊരു ചോദ്യവും അതിന്റെ ചർച്ചയും വന്നതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് ഒരു നിവേദനം നൽകിയപ്പോൾ അത് പരിഗണനയിലിരിക്കുന്നുവെന്ന മറുപടിയാണ് നൽകിയിരിക്കുന്നത്. റോഡ് നിർമ്മാണത്തിൽ സ്വാഭാവിക റബ്ബർ ഇത്ര ശതമാനം ഉപയോഗിക്കണമെന്ന നയപരമായ തീരുമാനം കേന്ദ്ര ഗവൺമെന്റ് എടുക്കുകയാണെങ്കിൽ സംസ്ഥാനത്തെ റബ്ബർ കർഷകരെ അത് ഗുണകരമായി ബാധിക്കുന്നതാണ്. ടാസ്ക്ഫോഴ്സിന്റെ തീരുമാനങ്ങൾ അംഗീകരിക്കണോ വേണ്ടയോയെന്ന് തീരുമാനിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. അതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് കാത്തിരിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, റബ്ബർ ബോർഡും സബ്സിഡിയും നിർത്തലാക്കാൻ പോകുന്നു, റബ്ബർ ബോർഡിന്റെ ആസ്ഥാനം ആസ്സാമിലേക്ക് മാറ്റുന്നു എന്നൊക്കെ പതിമൂന്നാം കേരള നിയമസഭയിൽ ഞാൻ പറഞ്ഞിരുന്നതാണ്. അന്ന് പ്രതിപക്ഷത്തായിരുന്ന ഇപ്പോഴത്തെ ഭരണകക്ഷി ഭീകരമായി എന്നെ ആക്രമിച്ചു. പി. സി. ജോർജിന് ഈ വിവരം എവിടെനിന്നും കിട്ടിയെന്ന് ചോദിച്ച് എന്നെ അപമാനിച്ചു. ഇപ്പോഴത്തെ പ്രതിപക്ഷം അന്നത്തെ ഭരണകക്ഷിയായിരുന്നപ്പോൾ അവർക്ക് അറിവില്ലാതിരുന്നതുകൊണ്ട് ഒന്നും മിണ്ടിയില്ല. ഇപ്പോൾ ഒരു രൂപപോലും സബ്സിഡി കൊടുക്കുന്നില്ല, റബ്ബർ കൃഷി ലാഭകരമായി നടത്താൻ കഴിയില്ല. ഒരു കാരണവശാലും റബ്ബറിൽനിന്നും ലാഭമുണ്ടാകില്ല. മാത്രമല്ല, പരിസ്ഥിതിയെ തകർക്കുന്ന കൃഷിയാണിത്. ഏതോ സായിപ്പ് കൊണ്ടുവന്ന് മലയാളികളെ കബളിപ്പിച്ചതാണ്. ആസ്സാം ഉൾപ്പെടെയുള്ള മേഖലകളിലും ആഫ്രിക്കൻ രാജ്യങ്ങളിലും റബ്ബർ കൃഷിയാണ്. ആ നിലയ്ക്ക് റബ്ബറിന് വില കിട്ടാൻ പ്രയാസമാണ്. സംസ്ഥാനത്ത് ഇതിലും എത്രയോ ലാഭകരമായ കൃഷി ചെയ്യാം. ഞാൻ ആറര ഏക്കർ സ്ഥലത്തെ റബ്ബർ വെട്ടിക്കളഞ്ഞ്

വേറെ കൃഷി ചെയ്യൂ. പത്ത് വർഷം കഴിയുമ്പോൾ ഒരേക്കറിന് 16 ലക്ഷം രൂപ എനിക്ക് കിട്ടാൻ പോകുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി റബ്ബറിനുവേണ്ടി ഒരു പൈസപോലും സബ്സിഡി കൊടുക്കരുത്. ഇത് വെള്ളം വലിച്ചെടുത്ത് പരിസ്ഥിതിയെ തകർക്കുന്ന കൃഷിയായതുകൊണ്ട് റബ്ബർ കൃഷിക്ക് പകരം മറ്റെന്തെങ്കിലും കൃഷി ചെയ്യുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ബഹുമാന്യനായ പി. സി. ജോർജ് കടുക്ക കൃഷി ചെയ്ത് പത്ത് ലക്ഷം രൂപ ലാഭം കിട്ടാൻ പോകുന്നുവെന്ന് കഴിഞ്ഞ കുറേക്കാലമായി പറയുന്നതാണ്. കടുക്ക കൃഷിയിലൂടെ പത്ത് ലക്ഷം രൂപ ലാഭം കിട്ടിയില്ലെങ്കിൽ അത് വെട്ടിക്കളയേണ്ടിവരും. റബ്ബർ വെട്ടിക്കളയാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല, അതൊരു നയപരമായ കാര്യമാണ്. റബ്ബറിനെ സംബന്ധിച്ച് പല അഭിപ്രായങ്ങളുണ്ട്. കേരളത്തിൽനിന്നുള്ള കയറ്റുമതിയിലൂടെ 7000 കോടിയിലധികം രൂപ വിദേശനാണ്യം നേടിത്തരുന്ന പ്രധാനപ്പെട്ട വിളയാണ് റബ്ബർ എന്നുള്ളതുകൊണ്ട് അക്കാര്യത്തിൽ അങ്ങനെ തീരുമാനമെടുക്കാൻ കഴിയില്ല. കേരള കോൺഗ്രസ്സിന്റെ നേതാവുതന്നെ റബ്ബർ വേണ്ടെന്നുള്ള അഭിപ്രായം സഭയിൽ പറയുന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, തലവേദന മാറാൻ തല വെട്ടിക്കളയുന്ന രൂപത്തിലാണ് ഇവിടെ ചർച്ച നടക്കുന്നത്. കേന്ദ്രത്തിന്റെ ഇറക്കുമതി നയമാണ് റബ്ബറിന്റെ വിലയിടിവിന് കാരണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് പരിപൂർണ്ണമായും ശരിയാണ്. പക്ഷേ, അത് ആരംഭിച്ചത് യു.പി.എ. സർക്കാരിന്റെ ഭരണകാലത്താണെന്നുള്ളത് സൗകര്യപൂർവ്വം അദ്ദേഹം മറന്നുകളയുകയാണ്. റബ്ബറിന്റെ കാര്യം മാത്രമല്ല കഴിഞ്ഞ പത്തുപന്ത്രണ്ട് വർഷത്തിനിടയിൽ കേന്ദ്ര ഗവൺമെന്റ് ഏർപ്പെട്ട എല്ലാ കരാറുകളും ഇന്ത്യയുടെയും കേരളത്തിന്റെയും കാർഷിക മേഖലയെ തച്ചുടയ്ക്കുന്നതാണെന്നുള്ള വസ്തുത നാം ഓർക്കണം. റബ്ബറിന്റെ വില ഗണ്യമായി കുറയുമ്പോഴും ടയർ പോലെയുള്ള റബ്ബറധിഷ്ഠിത ഉൽപ്പന്നങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുകയാണ്. അതിന്റെ പ്രയോജനം കുത്തക കമ്പനികൾക്കാണ് ലഭിക്കുന്നത്. ഈ അനീതി ഒഴിവാക്കുന്നതിനായി പൊതുമേഖലയിൽ ടയർ അടക്കമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് അതിൽനിന്നുണ്ടാകുന്ന ലാഭം കർഷകർക്ക് നൽകുന്ന ഒരു പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ തയ്യാറാകുമോ ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, സിയാൽ മോഡലിൽ സർക്കാർ സംരംഭം എന്നതിനെക്കാളുപരി കർഷകരുംകൂടി ചേരുന്ന ഒരു സംരംഭത്തെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇറക്കുമതിയുമായി ബന്ധപ്പെട്ട എല്ലാ നയവും രൂപീകരിക്കുന്നതിൽ അപ്പുറത്തിരിക്കുന്ന പ്രതിപക്ഷ പാർട്ടികളുടെ രാഷ്ട്രീയത്തിന് പ്രധാന പങ്കുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അക്കാര്യം തിരിച്ചറിഞ്ഞ് അന്നത്തെ നയം തെറ്റായിരുന്നുവെന്ന കാര്യം ഇന്ന് സഭയിൽ വ്യക്തമായി പറഞ്ഞിരിക്കുകയാണ്. ആ ഇറക്കുമതി നയത്തിന്റെ ഫലമായി വലിയ പ്രശ്നം അനുഭവിക്കുന്നത് കേരളത്തിലെ കർഷകരാണ്. മാറിമാറി വന്ന കേന്ദ്ര ഗവൺമെന്റുകൾ അനുവർത്തിച്ച നയത്തിനെതിരായ ശക്തമായ സമരമാണ് രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്.

ശ്രീ. മോൻസ് ജോസഫ്: സർ, റബ്ബർ കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ കേരളത്തിൽ വളരെ ശക്തമായിനിന്നത് കേരള കോൺഗ്രസ് പാർട്ടിയാണ്. റബ്ബർ കൃഷി സംരക്ഷിക്കണമെന്നുള്ളതാണ് ഞങ്ങളുടെ പ്രസ്ഥാനത്തിന്റെ ഉറച്ച നിലപാട്. റബ്ബർ കർഷകർക്ക് പ്രതിസന്ധി ഉണ്ടായപ്പോൾ കേരള കോൺഗ്രസ്സിന്റെ നേതാവുകൂടിയായ ശ്രീ. കെ. എം. മാണിയാണ് 150 രൂപയുടെ വിലസ്ഥിരതാ ഫണ്ട് പദ്ധതി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അവതരിപ്പിച്ചത്. കേന്ദ്ര ഗവൺമെന്റിനെ കുറ്റംപറഞ്ഞ് റബ്ബർ കർഷകരെ ദ്രോഹിക്കുകയും ഈ ബുദ്ധിമുട്ടിൽനിന്ന് കർഷകരെ സഹായിക്കാതിരിക്കുകയും ചെയ്യുന്ന നിലപാട് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചാൽ അത് ഏറ്റവും വലിയ ദ്രോഹമാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഗുരുതരമായ പ്രശ്നങ്ങളുണ്ടെന്നുള്ളത് വസ്തുതയാണ്. അത് യു.പി.എ. ഗവൺമെന്റ് മാത്രമല്ല മൊറാർജി ദേശായിയും വി. പി. സിംഗും ഭരിച്ചപ്പോഴും ഈ ഇറക്കുമതി തുടർന്നുകൊണ്ടിരിക്കുകയാണ്. ഏത് ഗവൺമെന്റ് ഭരിച്ചാലും കേരളത്തിൽ എന്നും കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി അനുസ്യൂതം തുടരുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിച്ചതിനുശേഷം റബ്ബറിന് 200 രൂപയാക്കാമെന്ന് പറഞ്ഞാൽ അതുകൊണ്ട് കേരളത്തിന് യാതൊരു പ്രയോജനവുമില്ല. ഇപ്പോൾ പ്രളയക്കെടുതിയുണ്ടായതുകൊണ്ട് റബ്ബർ കൃഷി സംരക്ഷിക്കണം. റബ്ബർ വെട്ടിമാറ്റുന്ന നടപടിയൊന്നും കേരളത്തിൽ നടക്കുന്ന കാര്യമല്ല. അതുകൊണ്ട് റബ്ബർ കർഷകരെ സഹായിക്കാൻവേണ്ടി കഴിഞ്ഞ ഗവൺമെന്റ് റബ്ബറിന് ഏർപ്പെടുത്തിയ 150 രൂപയിൽനിന്നും 160 രൂപയെങ്കിലുമാക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ; സംസ്ഥാന ഗവൺമെന്റിന് ഉത്തരവാദിത്ത മുള്ളതുകൊണ്ട് അത് നിർവ്വഹിക്കാൻ മുന്നോട്ട് വരുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, റബ്ബറിന്റെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് യാതൊരഭിപ്രായവ്യത്യാസവുമില്ല. എല്ലാ ഗവൺമെന്റുകളും ഒരുപോലെയാണെന്നും അവരും ഇവരും ശരിയല്ലെന്നും പറയുന്ന സമീപനമല്ല സർക്കാരിനുള്ളത്. ഇതിൽ വ്യക്തമായ നിലപാട് സ്വീകരിച്ചത് ആരാണെന്ന് എല്ലാവർക്കുമറിയാം. കേന്ദ്രത്തിൽ നേരത്തെ ഭരിച്ച കോൺഗ്രസ്സ് ഗവൺമെന്റും ഇപ്പോൾ ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റുമാണ് കർഷകവിരുദ്ധ നിലപാടെടുക്കുന്നത്. അതിൽ വ്യക്തത വരുത്തണം. കേരള കോൺഗ്രസിന്റെ വാലായി പോയ ആളുകളാണ് റബ്ബർ വേണ്ടെന്ന് ഇപ്പോൾ പറയുന്നത്. റബ്ബർ കൃഷിക്കെതിരായ നിലപാടല്ല, റബ്ബർ കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. പ്രൊഡക്ഷൻ ഇൻസെന്റീവ് എന്ന് പേരുവരാൻ കാരണമെന്താണ്? കേന്ദ്ര ഗവൺമെന്റ് ഇത്തരം വിളകൾക്ക് സബ്സിഡി കൊടുക്കാൻ പാടില്ലെന്ന് കരാറിൽ ഒപ്പുവയ്ക്കുകയും അതേസമയം വമ്പൻ മുതലാളിമാർക്ക് ലക്ഷക്കണക്കിന് രൂപയുടെ സബ്സിഡി കൊടുക്കുന്ന നയവും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സബ്സിഡിക്ക് പകരം പ്രൊഡക്ഷൻ ഇൻസെന്റീവ് എന്ന കള്ളപ്പേരിട്ട് കർഷകരെ സഹായിക്കേണ്ട സ്ഥിതിവിശേഷമുണ്ടാക്കിയത് അവർ തന്നെയാണ്. അത് ആ നയത്തിന്റെ ഭാഗമായിട്ടുണ്ടായതാണ്. അതിനെതിരെ ഒറ്റക്കെട്ടായി മുന്നോട്ടുപോകുക എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. റബ്ബർ വില 160 രൂപയാക്കുന്ന കാര്യം ഗവൺമെന്റ് ഇപ്പോൾ പരിഗണിച്ചിട്ടില്ല, റബ്ബർ വില 150 രൂപയാക്കിയത് നൽകാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

**നാളികേര വികസന കൗൺസിൽ**

2 (*122) ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. ദാസൻ:
ശ്രീ. വി. അബ്ദുറഹിമാൻ:

ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉല്പാദനക്ഷമതയിലുള്ള കുറവും വിലസ്ഥിരതയില്ലായ്മയും കൊപ്ര, വെളിച്ചെണ്ണ ഇറക്കുമതിയും നാളികേര കൃഷി ലാഭകരമല്ലാതാക്കി-ത്തീർത്തതിനാൽ ശാസ്ത്രീയ കൃഷിരീതിക്ക് കർഷകർ താല്പര്യം കാണിക്കാതെ ഉല്പാദനത്തിൽ സംസ്ഥാനം പുറകോട്ടുപോകാനിടയായത് പരിഹരിക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) പുതുതായി പ്രഖ്യാപിച്ച നാളികേര വികസന കൗൺസിൽ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ;

(സി) നാളികേരത്തിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള സംരംഭങ്ങളും നീര ഉല്പാദനവും പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ എന്നറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് (വകുപ്പിന്റെ കണക്കുകൾ) പ്രകാരം സംസ്ഥാനത്തെ തെങ്ങുകൃഷി വിസ്തൃതി 7.81 ലക്ഷം ഹെക്ടറും ഉൽപ്പാദനം 5384 ദശലക്ഷം തേങ്ങയും ഉൽപ്പാദനക്ഷമത ഹെക്ടറിൽ 6889 തേങ്ങയുമാണ്. കേന്ദ്ര സർക്കാരിന്റെ കൃഷി മന്ത്രാലയത്തിന്റെ ഹോർട്ടികൾച്ചർ ഡിവിഷൻ പ്രസിദ്ധീകരിച്ച കണക്കുകൾപ്രകാരം നാളികേര ഉല്പാദനത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണ് നിൽക്കുന്നതെങ്കിലും അയൽ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്തെ നാളികേരത്തിന്റെ ഉല്പാദനക്ഷമത കുറവാണ്.

നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ട് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'കേരഗ്രാമം' പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്താകമാനം നിലവിൽ 181 കേരഗ്രാമങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.

നാളികേര കൃഷിയുടെ ഉന്നമനത്തിനായി ആകെ 97.67 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി പദ്ധതി ഘടന പുതുക്കിയാണ് 2018-19 വർഷം പദ്ധതി നടപ്പിലാക്കുവാൻ വിഭാവന ചെയ്തിട്ടുള്ളത്. ശാസ്ത്രീയമായി കൃഷി ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ ഉതകുന്ന ഘടകങ്ങളെല്ലാംതന്നെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൃഷി വകുപ്പിന്റെ തെങ്ങിൻതൈ ഉല്പാദനകേന്ദ്രങ്ങൾക്ക് പുറമെ പ്രാദേശികമായി മേൽത്തരം തെങ്ങിൻതൈകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി 10 പ്രാദേശികതല തെങ്ങിൻതൈ നഴ്സറികൾ 2017-18 വർഷം മുതൽ കർഷകരുടെ പങ്കാളിത്തത്തോടെ കേരഗ്രാമങ്ങളിൽ ആരംഭിച്ചു.

അത്യുൽപ്പാദനശേഷിയുള്ള ഇടത്തരം പൊക്കമുള്ള (semi tall) തെങ്ങുകളുടെയും കുറിയ ഇനം തെങ്ങുകളുടെയും ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതി നടപ്പിലാക്കുകയുണ്ടായി. തെങ്ങിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, കേര കൃഷിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക, വിളവെടുപ്പിന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, കണിക ജലസേചനം വഴി ജല വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. 520 ലക്ഷം രൂപയാണ് ടി പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷം നീക്കിവച്ചിട്ടുള്ളത്.

തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ നിയന്ത്രണ മാർഗ്ഗങ്ങൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. 2018-19 വർഷം ടി പദ്ധതിക്കായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഗുണമേന്മയേറിയ കുറിയ ഇനം/സങ്കരയിനം/ഇടത്തരം പൊക്കമുള്ള (semi tall) തെങ്ങിൻ തൈകളുടെ ഉൽപ്പാദനം, കർഷക പങ്കാളിത്തത്തോടെ ത്വരിതപ്പെടുത്താനുള്ള പ്രോജക്ടുകൾ, കീടരോഗ നിയന്ത്രണം ഫലപ്രദമാക്കാനുള്ള പ്രോജക്ട്, ജില്ലകൾ തമ്മിലുള്ള ഉൽപ്പാദനക്ഷമത വ്യത്യാസത്തെ സംബന്ധിച്ച ശാസ്ത്രീയ പഠനം എന്നീ മേഖലകളിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിൽ കാസർഗോഡ് പ്രവർത്തിക്കുന്ന കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം മുഖേനയുള്ള ത്രിവത്സര പ്രോജക്ടുകൾ സംസ്ഥാന കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ 2017-18 മുതൽ നടന്നുവരുന്നു.

കൂടാതെ നാളികേര വികസന ബോർഡ് മുഖേന അനുവദിച്ച് നൽകിയിട്ടുള്ള 1326.10 ലക്ഷം രൂപയുടെ കേന്ദ്രാവിഷ്കൃത പദ്ധതികളായ തെങ്ങ് പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കൽ, പ്രായാധിക്യവും രോഗകീടബാധമൂലവും ഉൽപ്പാദനക്ഷമത നശിച്ച തെങ്ങുകൾ വെട്ടിമാറ്റി ഗുണമേന്മയുള്ള തൈകൾ നടുന്നതിനും ശേഷിക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുക, പ്രാദേശിക തെങ്ങിൻ തൈ നഴ്സറികൾക്കുള്ള സഹായം, തെങ്ങ് ഇൻഷ്വറൻസ് എന്നീ പദ്ധതികളും സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ 21-11-2018-ലെ സ.ഉ. (കൈ.) നമ്പർ 138/2018/കൃഷി പ്രകാരം സംസ്ഥാന സർക്കാർ നാളികേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവ്

പുറപ്പെടുവിച്ചു. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നാളികേര വികസന കൗൺസിലിന്റെ യോഗം ചേരുകയും ഗുണമേന്മയുള്ള 15 ലക്ഷം തെങ്ങിൻതൈകൾ ഓരോ വർഷവും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. നാളികേര വികസന കൗൺസിലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്തെ നാളികേര കൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽനിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിന് 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കുക.

2. നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ പ്രായാധിക്യം വന്നതും രോഗം ബാധിച്ചതും ഉല്പാദനക്ഷമത നശിച്ചതുമായ തെങ്ങുകളെ മുറിച്ചുമാറ്റി അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുക. മൂന്ന് ലക്ഷം ഹെക്ടർ സ്ഥലത്ത് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

3. തെങ്ങിന്റെ ഉല്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽനിന്നും 8500 നാളികേരമായി ഉയർത്തുക.

4. കാർഷിക വികസന കർഷക ക്ഷേമവകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉല്പാദക സൊസൈറ്റി/കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻതൈ ഉല്പാദന കേന്ദ്രങ്ങളിലെ ഉല്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്തുതേങ്ങ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പുവരുത്തുക.

5. നെടിയ ഇനങ്ങളുടേയും കുറിയ ഇനങ്ങളുടേയും സങ്കര ഇനങ്ങളുടേയും കൃഷിക്ക് കേരളത്തിന് അനുയോജ്യമായതും സ്ഥായിയായതും വിപണന സാധ്യത ഉള്ളതുമായ ഇനങ്ങളുടെ ഒരു പ്രചരണ രീതി/സമ്പ്രദായം നടപ്പിലാക്കുക.

6. തെങ്ങിൻ തോട്ടങ്ങളിൽ അനുയോജ്യമായ ഇടവിളകൾ കൃഷി ചെയ്ത് പ്രകൃതിവിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം സാധ്യമാക്കുന്ന ബഹുവിള കൃഷി സമ്പ്രദായം നടപ്പിലാക്കിയും സൂക്ഷ്മമൂലകങ്ങളുടെ പ്രയോഗം ഉൾപ്പെടെയുള്ള മണ്ണുപരിപാലനവും സസ്യസംരക്ഷണ പ്രവർത്തനങ്ങളും ഉത്തമ ജലസേചന മാർഗ്ഗങ്ങളും ശാസ്ത്രീയമായി അവലംബിച്ച് പരമാവധി ഉല്പാദനവും ഉല്പാദനക്ഷമതയും കൈവരിച്ച് കേരകർഷകർക്ക് മെച്ചപ്പെട്ട വരുമാനവും ജീവിതസുരക്ഷയും ഉറപ്പാക്കുക.

7. നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും തെങ്ങിന്റെ സംയോജിത വികസനത്തിനായി "കേര ഗ്രാമങ്ങൾ" ആരംഭിക്കുക. സാധ്യമായ എല്ലാ കേരഗ്രാമങ്ങളിലും നാളികേരത്തിന്റെ മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങളും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുക.

8. കേരകൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പ്രദേശങ്ങളിലും വിസ്തൃതിക്ക് അനുസൃതമായി വാർഡുതല ക്ലസ്റ്ററുകൾ/പഞ്ചായത്തുതല കേര സമിതികൾ/ബ്ലോക്കുതല കേര ഫെഡറേഷൻ എന്നിവ രൂപീകരിക്കുക/ ശക്തിപ്പെടുത്തുക, കൂടാതെ നിലവിലുള്ള നാളികേര ഉൽപ്പാദക സൊസൈറ്റികളുടെയും കമ്പനികളുടെയും പ്രവർത്തനങ്ങളിലും നാളികേര വികസന കൗൺസിലുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന വിവിധ സമിതികളിലും തമ്മിൽ പരസ്പര ഏകോപനം സാധ്യമാക്കുക.

9. വിളവെടുപ്പിനും കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകി "കേര കർമ്മ സേനകൾ" രൂപീകരിക്കുക. കൂടാതെ നാളികേര കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിലവിലുള്ള കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുക.

10. നാളികേരത്തിന്റെ മൂല്യവർദ്ധന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉത്തേജനം നൽകുക.

11. നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക.

12. നാളികേരത്തിന്റെ മൂല്യവർദ്ധനവും വിപണനവും ശക്തിപ്പെടുത്തുന്നതിന് കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നാളികേര അഗ്രോ പാർക്കുകളുടെ പ്രവർത്തനം ആരംഭിക്കുക.

13. ദേശീയ അന്തർദ്ദേശീയ വിപണികളിൽ കേരളത്തിന്റെ നാളികേര ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും ആഗോളതലത്തിൽ അവയുടെ ആവശ്യകത സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

14. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരിൽനിന്നും നാളികേര സംഭരണം ന്യായവിലയ്ക്ക് ഉറപ്പാക്കുക. ഉപോല്പന്നമായ തൊണ്ട് ആവശ്യമായ മേഖലയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

15. നാളികേര വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന/കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളിൽ ലഭ്യമായ സാങ്കേതികവിദ്യകൾ കർഷകരിലേയ്ക്കും സംരംഭകരിലേയ്ക്കും എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

16. നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോല്പന്നങ്ങൾ ദേശീയ/ അന്തർദ്ദേശീയ വിപണികളിൽ എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

17. നാളികേര കർഷകർക്ക് മികച്ച വരുമാനവും വരുമാന സ്ഥിരതയും ഉറപ്പുവരുത്തുക.

തൈകളുടെ ലഭ്യത ആവശ്യാനുസരണം ഉറപ്പുവരുത്തുന്നതിനായി പ്രതിവർഷം സംസ്ഥാനത്തുടനീളം ഓരോ വാർഡിലും 75 തെങ്ങിൻ തൈകൾ വീതം നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനായി പ്രതിവർഷം 15 ലക്ഷം തെങ്ങിൻ തൈകൾ കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല ഫാമുകൾ, കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം, നാളികേര വികസന ബോർഡ്, അംഗീകൃത വികേന്ദ്രീകൃത നഴ്സറികൾ എന്നിവ മുഖാന്തരം ഉല്പാദിപ്പിച്ച് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നു. അധിക മാതൃവൃക്ഷങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(സി) സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായി അഗ്രോ പാർക്ക് രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും Special Purpose Vehicle (SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ 22-6-2017-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 625/2017/കൃഷി, പ്രകാരം നിയമിച്ചിട്ടുണ്ട്. ജി.ഒ.(എം.എസ്.)1/2018/എ.ഡി., തീയതി 1-1-2018 പ്രകാരം പദ്ധതിക്ക് 100.13 കോടി രൂപ ഭരണാനുമതി കിട്ടിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിലും വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണിയിലും നാളികേരത്തിന്റെ അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള DPR, KAICO കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

നാളികേര വികസന ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉത്പാദക സമിതി/ഫെഡറേഷനുകളിലൂടെയാണ് നീര ഉൽപ്പാദനം നടന്നുവരുന്നത്. നീര ഉല്പാദനത്തിനായി നാളികേര ഉൽപ്പാദക കമ്പനികൾക്ക് കെട്ടിട യന്ത്രസാമഗ്രികൾക്ക് ചെലവാകുന്ന തുകയുടെ 25% പരമാവധി 50 ലക്ഷം രൂപ നാളികേര വികസന ബോർഡിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ

സബ്സിഡി നൽകുന്നു. നീര ടെക്നീഷ്യന്മാരുടെ കുറവ് പരിഹരിക്കുന്നതിന് കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തരം അവർക്ക് പരിശീലനം നൽകിവരുന്നു. കൂടാതെ കോഴിക്കോട് ഏലത്തൂരിലെ പ്ലാന്റിൽ പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണം 8-12-2018-ൽ ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്. തിരുവനന്തപുരം മാമത്തുള്ള വെർജിൻ കോക്കനട്ട് പ്ലാന്റിന്റെ പ്രവർത്തനം 2019 ജനുവരിയിൽ ആരംഭിക്കുന്നതാണ്.

ശ്രീ. എസ്. ശർമ്മ: സർ, കേരളത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് അടിസ്ഥാനശിലയായി പങ്കുവഹിക്കുന്നത് കാർഷിക മേഖലയാണ്. കാർഷിക മേഖലയിലെ നാളികേരത്തിന്റെ വൈവിധ്യവത്കരണ പ്രക്രിയയിലൂടെ വൻകുതിച്ചു ചാട്ടത്തിനുള്ള സാധ്യത സംസ്ഥാനത്തിനുണ്ട്. ഇതെല്ലാം പരിഗണിച്ചു കൊണ്ട് നാളികേര വികസനത്തിനും വ്യാവസായിക വളർച്ചയ്ക്കും അടിസ്ഥാനമായിട്ടുള്ള കാഴ്ചപ്പാടോടുകൂടി ഒരു സമഗ്ര മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് ഗവൺമെന്റ് സന്നദ്ധമാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇതിന്റെ അടിസ്ഥാനത്തിലാണ് കൃഷി വകുപ്പുമന്ത്രി ചെയർമാനായി നാളികേര വികസന കൗൺസിൽ രൂപീകരിച്ചിരിക്കുന്നത്. പ്രസ്തുത കൗൺസിലിന്റെ ലക്ഷ്യം 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിനുള്ളിൽ ഒരു സമഗ്ര നാളികേര വികസനമാണ്. നിലവിലുള്ള തെങ്ങിന്റെ വിസ്തൃതി 7.9 ലക്ഷം ഹെക്ടറിൽനിന്നും 9.8 ലക്ഷം ഹെക്ടറിലേക്ക് വർദ്ധിപ്പിക്കുക, ഉൽപ്പാദനക്ഷമത 6998 ഹെക്ടറിൽനിന്നും 8500 ഹെക്ടറിലേക്ക് വർദ്ധിപ്പിക്കുക എന്നുള്ളതാണ്. അതോടൊപ്പം നമ്മൾ ഉത്പാദിപ്പിക്കുന്ന നാളികേരത്തിന്റെ 40% എങ്കിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റാനാവശ്യമായിട്ടുള്ള സംരംഭകത്വങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണ്. ഇതിന്റെ ഭാഗമായി ഈ വർഷം ഒരു വാർഡിൽ 75 പുതിയ തെങ്ങിൻതൈകൾ അടക്കം 20000 വാർഡുകളിൽ 15 ലക്ഷം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വ്യാപിപ്പിക്കാൻവേണ്ടി നാളികേര വികസന കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. കൗൺസിലിന്റെ ആദ്യ യോഗം ഈയാഴ്ച ചേരാൻ പോകുകയാണ്. ആ യോഗത്തിൽ സമഗ്രമായൊരു പദ്ധതി തയ്യാറാക്കി കൃഷി, തദ്ദേശ സ്വയംഭരണം, വ്യവസായം എന്നീ വകുപ്പുകളടക്കമുള്ള വിവിധ വകുപ്പുകളെയും കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ വരുന്ന ഏജൻസികളെയും സമന്വയിപ്പിച്ചുകൊണ്ട് നാളികേര വികസനവും അതിന്റെ വിസ്തൃതി വ്യാപനവും അതുമായി ബന്ധപ്പെട്ട വരുമാന വർദ്ധനവും ലക്ഷ്യംവച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്.

ശ്രീ. എസ്. ശർമ്മ: സർ, നാളികേര വികസനത്തിന് അടിസ്ഥാനമായ കൗൺസിൽ രൂപീകരിക്കുകയും സമഗ്രമായ വിശദീകരണം ഗവൺമെന്റ് നടത്തിയിട്ടുമുണ്ട്. നാളികേര വികസനത്തിന്റെ ഫലമായിട്ടുള്ള വൈവിധ്യവത്കരണ പ്രക്രിയയിലാണ് കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വളർച്ച അടിസ്ഥാനപരമായ പങ്കുവഹിക്കുന്നത്. നാളികേര വികസനത്തിന്റെ ഭാഗമായി ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടിയോടൊപ്പം കയർമേഖലയുടെ വളർച്ചയ്ക്ക് സഹായകരമായ വിധത്തിൽ കയർ കമ്മീഷൻ ഒരു പഠനം നടത്തി ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിൽ നാളികേര പ്ലാന്റേഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉയർന്നുവന്നിരുന്നു. അക്കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; അതിന്മേൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നാളികേര വികസന കൗൺസിലിൽ കയർ ബോർഡും കയറുമായി ബന്ധപ്പെട്ട വകുപ്പും പങ്കാളികളാണ്. മാത്രമല്ല, നാളികേര ഗ്രാമങ്ങൾ പുതിയ രീതിയിൽ വിഭാവന ചെയ്തിട്ടുണ്ട്. അവർ നിർദ്ദേശിച്ചപ്രകാരം ഓരോ നാളികേര ഗ്രാമങ്ങളിലും കയറിനെയും തൊണ്ടിനെയും അടിസ്ഥാനപ്പെടുത്തി ചെറിയ വ്യാവസായിക യൂണിറ്റുകൾ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. നേരത്തെ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ ഉൾപ്പെടെ ചർച്ച ചെയ്ത് അതോടൊപ്പം നാളികേര വികസന കൗൺസിൽ മിഷന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളും കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. കെ. ദാസൻ: സർ, തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ എന്തെല്ലാം പ്രതിരോധ നിയന്ത്രണമാർഗ്ഗങ്ങളാണ് സർക്കാർ സ്വീകരിക്കുന്നത്; മലബാർ പ്രദേശത്ത് കാണുന്ന തഞ്ചാവൂർ വാട്ടം എന്നൊരു പ്രത്യേക രോഗബാധയുടെ ഭാഗമായി ഉൽപ്പാദന വർദ്ധനവ് ഉണ്ടാകാതെ തെങ്ങുകൾ പൂർണ്ണമായി നശിക്കുന്ന സാഹചര്യമുണ്ട്. ഇതിന് പരിഹാരമായി കീടരോഗ നിയന്ത്രണത്തിനാവശ്യമായ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തെങ്ങിനെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം കീടരോഗബാധയാണ്. ചെമ്പൻചെല്ലി ആക്രമണവും രോഗാണു ഉൾപ്പെടെയുള്ളവയുടെ ആക്രമണങ്ങളും പരിഹരിക്കുന്നതിന് സി.പി.സി.ആർ.ഐ. (Central Plantation Crops Research Institute), കാർഷിക സർവ്വകലാശാല തുടങ്ങിയവയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ

ചെയ്യുകയാണ്. ചില സ്ഥലങ്ങളിൽ വെള്ളീച്ച ആക്രമണമുണ്ടായപ്പോൾ അവയ്ക്കെതിരായിട്ടുള്ള മിത്രകീടങ്ങളെ ഡെവലപ് ചെയ്ത് അതിനെ ഫലപ്രദമായി തടയാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ സി.പി.സി.ആർ.ഐ. തന്നെ ഇത്തരം രോഗങ്ങളെ പ്രതിരോധിക്കാൻ കഴിയുന്ന തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കുന്നതിനാവശ്യമായ രീതിയിലുള്ള ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കാറ്റുവീഴ്ചയും മണ്ഡരിരോഗവും ബാധിച്ച സ്ഥലങ്ങളിൽ അത് ബാധിക്കാതെ റെസിസ്റ്റ് ചെയ്ത് നിൽക്കുന്ന തെങ്ങുകളെ തെരഞ്ഞെടുത്ത് അതിന്റെ തെങ്ങിൻ തൈകൾ വ്യാപിപ്പിക്കാൻ വേണ്ട നടപടിയും സി.പി.സി.ആർ.ഐ. ഉൾപ്പെടെയുള്ള ഏജൻസികൾ ചെയ്യുന്നുണ്ട്. കേരളത്തിൽ ഇപ്പോൾ കുറിയ ഇനം തെങ്ങുകളും സങ്കരയിനം തെങ്ങുകളും വ്യാപിപ്പിക്കണമെന്നാണ് പറയുന്നതെങ്കിലും ഏറ്റവുമധികം രോഗബാധയുണ്ടാകുന്നത് ഇത്തരം തെങ്ങുകളിലാണ്. ഈ തെങ്ങുകൾ വ്യാപിപ്പിക്കുന്ന കാര്യത്തിൽ കൃത്യമായ റേഷ്യോ ഉണ്ടാക്കുന്നതിനുവേണ്ടി നിയോഗിച്ച സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പുതിയ തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കാൻവേണ്ടിയുള്ള തീരുമാനം ഗവൺമെന്റ് എടുത്തിരിക്കുന്നത്.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളികേരത്തിന്റെ വിലയിടിവും നാളികേര കർഷകരുടെ പ്രശ്നങ്ങളും ഈ സഭയിൽ നിരന്തരമായി ഉന്നയിച്ചതിന്റെ ഭാഗമായി നിരവധി നല്ല പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് കർഷകർക്ക് ആശ്വാസമാണ്. നമ്മുടെ രാജ്യത്ത് ഉപഭോക്തൃ വില സൂചിക ഉയർന്നുകൊണ്ടിരിക്കുകയാണ്. നാളികേര കർഷക വ്യാപനത്തിന്റെ പേരിൽ നെൽപ്പാടങ്ങൾ കയ്യേറി തെങ്ങുകൾ വയ്ക്കുന്ന പ്രവണത ഇപ്പോൾ കൂടിവരുന്ന കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്; അതിനെ തടയാൻ എന്തെങ്കിലും മാർഗ്ഗങ്ങൾ സർക്കാർ സ്വീകരിക്കുന്നുണ്ടോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, ഇന്നത്തെ നെൽവയൽ തണ്ണീർത്തട നിയമമനുസരിച്ച് നെൽവയലുകൾ നികത്തി തെങ്ങിൻതൈകൾ വയ്ക്കാൻ ഒരിക്കലും സാധിക്കില്ല. അങ്ങനെ നടത്തുന്ന സ്ഥലങ്ങളിലെല്ലാം കർശനമായ നടപടിയുണ്ടാകും.

<u>ശ്രീ. കെ. വി. വിജയദാസ്:</u> സർ, 43 ലക്ഷം കേരകർഷകരുള്ള കേരളത്തിന്റെ സ്വപ്നങ്ങൾക്ക് വിഘാതമായി നിൽക്കുന്നത് യു.പി.എ. സർക്കാർ തുടങ്ങിവച്ച ഇറക്കുമതി നയമാണ്. വെളിച്ചെണ്ണയ്ക്ക് ആഗോള വിപണിയിൽ ശ്രദ്ധനേടാനായില്ല. അന്താരാഷ്ട്ര ബ്രാൻഡുകളിലുള്ള ശീതളപാനീയങ്ങൾക്ക് പകരം കേരളത്തിന്റെ സ്വന്തം പാനീയമായ നീര പോലും എങ്ങുമെത്തിയില്ല. ഈ

ഘട്ടത്തിലാണ് വെളിച്ചെണ്ണയിലും വ്യാജന്മാർ പെരുകുന്നത്. പാരഫിൻ ഓയിൽ, പാം ഓയിൽ, ഓയിൽ കുരുണ, ബേബി ഓയിൽ തുടങ്ങിയവ ചേർത്ത് വ്യാപകമായി വ്യാജ വെളിച്ചെണ്ണകൾ വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം വ്യാജന്മാർക്കെതിരായി നടപടി സ്വീകരിക്കാൻ കേരള ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വ്യാജമായി പാരഫിൻ ഉൾപ്പെടെയുള്ളവ ചേർക്കുന്ന ഏകദേശം 45 കമ്പനികളുടെ വെളിച്ചെണ്ണയിൽ വ്യാപകമായി മായം കണ്ടെത്തിയതിനെ തുടർന്ന് അവയെല്ലാം നിരോധിച്ചിരിക്കുകയാണ്. 45 കമ്പനികളുടെയും പേരുകൾ എന്റെ കയ്യിലുണ്ട്. വേണമെങ്കിൽ ഞാൻ മേശപ്പുറത്തുവയ്ക്കാം. പല ആളുകളും ഈ പേരുകൾ വെളിപ്പെടുത്തുന്നില്ലെന്ന് പറയുകയുണ്ടായി. ഇത് ബഹുമാനപ്പെട്ട അംഗങ്ങളും മീഡിയകളും അറിഞ്ഞിരിക്കേണ്ടതാണ്. കേര മഹാ കോക്കനട്ട് ഓയിൽ, കേര നന്മ, വെൺമ പ്യുവർ കോക്കനട്ട്, കേര സമ്പൂർണ്ണ കോക്കനട്ട് ഓയിൽ, കേര ചോയ്സ്, കേര നാളികേര വെളിച്ചെണ്ണ ഗോൾഡ്, കേസരി കോക്കനട്ട് ഓയിൽ, കേരംവാലി കോക്കനട്ട് ഓയിൽ, കേരനട്ട്സ് കോക്കനട്ട് ഓയിൽ, കേരള രുചി കോക്കനട്ട് ഓയിൽ, കോക്കനട്ട് ടേസ്റ്റി, കേരാമൃതം, കേരാ ക്ലൂൾ കോക്കനട്ട് ഓയിൽ, കേര കുക്ക് കോക്കനട്ട് ഓയിൽ, കേര ഫൈൻ കോക്കനട്ട് ഓയിൽ, കെ.എം. സ്പെഷ്യൽ കോക്കനട്ട് ഓയിൽ, ഗ്രാന്റ് കോക്കോ കോക്കനട്ട് ഓയിൽ, മലബാർ ഡ്രോപ്സ്, കേര സുപ്രീം നാച്വറൽ കോക്കനട്ട് ഓയിൽ, കേരളീയനാട് കോക്കനട്ട് ഓയിൽ, കേര സ്പെഷ്യൽ കോക്കനട്ട് ഓയിൽ, കേര പ്യുവർ ഗോൾഡ്, അഗ്രോ കോക്കനട്ട് ഓയിൽ, കുക്ക്സ് പ്രൈഡ് കോക്കനട്ട് ഓയിൽ, SKS, ഡ്രോപ് ഓഫ് നേച്വർ, ആയുഷ്, ശ്രീകീർത്തി, കെൽഡ, കേരൽ കോക്കനട്ട് ഓയിൽ, വിസ്മയ കോക്കനട്ട് ഓയിൽ, എ.എസ്. കോക്കനട്ട് ഓയിൽ, പി.വി.എസ്. തൃപ്തി പ്യുവർ കോക്കനട്ട് ഓയിൽ, കാവേരി ബ്രാൻഡ്, അന്നപൂർണ്ണ നാടൻ വെളിച്ചെണ്ണ, കേര ടേസ്റ്റി, കേര വാലി, ഫേമസ്, ഹരിതഗിരി, ഓറഞ്ച്, എൻ.കെ. ജനശ്രീ, കേര നൈസ് കോക്കനട്ട് ഓയിൽ, മലബാർ സുപ്രീം, ഗ്രാന്റ് കുറ്റ്യാടി കോക്കനട്ട് ഓയിൽ, കേരള റിച്ച് കോക്കനട്ട് ഓയിൽ എന്നീ ബ്രാൻഡുകൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബാൻ ചെയ്തിരിക്കുകയാണ്. ഇതിൽ ഏറ്റവും വലിയ പ്രശ്നം, ഇതേ കമ്പനികൾ തന്നെ അടുത്ത ദിവസം വേറൊരു ബ്രാൻഡായി ഇറക്കുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. വെളിച്ചെണ്ണയുടെ വില വർദ്ധിക്കുന്നതിനനുസരിച്ച് മാരകമായ വിഷലിപ്തമായിട്ടുള്ള വെളിച്ചെണ്ണ വ്യാപകമായിരിക്കുകയാണ്. കേരള ഗവൺമെന്റിന്റെ കേരഫെഡ് ഇറക്കുന്ന

വെളിച്ചെണ്ണയും നിരവധി ഏജൻസികൾ ഇറക്കുന്ന വെളിച്ചെണ്ണയും സഹകരണ സ്ഥാപനങ്ങൾ ഇറക്കുന്ന വെളിച്ചെണ്ണയും നൂറുശതമാനവും പ്യുവർ കോക്കനട്ട് ഓയിൽ എന്ന രീതിയിൽ ഉല്പാദിപ്പിക്കുന്നുണ്ട്. കേര എന്ന പേര് വ്യാപകമായി ഉപയോഗിക്കുന്നത് ശ്രദ്ധിച്ചാൽ അറിയാൻ കഴിയും. കേരള ഗവൺമെന്റിന്റെ കേരഫെഡിന്റെ വെളിച്ചെണ്ണയുടെ പേര് കേര എന്നാണ്. കേര എന്ന് ചേർത്തുകൊണ്ട് മറ്റുപേരുകളിൽ വ്യാപകമായി വ്യാജ വെളിച്ചെണ്ണ വില്പന നടത്തിക്കൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ ആരോഗ്യം നശിപ്പിക്കുന്ന ഒരു കാര്യമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഗവൺമെന്റ് ഈ പ്രശ്നം ഗൗരവമായെടുത്ത് അത് നിരോധിക്കാനാവശ്യമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നാളികേര കർഷകർക്ക് ഇപ്പോഴും മെച്ചപ്പെട്ട വില ലഭിക്കുന്നില്ല, എന്നിരുന്നാലും മുമ്പുള്ളതിനേക്കാൾ കുറച്ചുവില കൂടിയിട്ടുണ്ട്. അത് ഏറിയും കുറഞ്ഞുമിരിക്കുന്നതുകൊണ്ട് വിലസ്ഥിരത ഉറപ്പുവരുത്താനുള്ള ഒരു സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ; അതുപോലെ, 181 കേരഗ്രാമം പദ്ധതികൾ ആരംഭിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ 181 കേരഗ്രാമം പദ്ധതികൾ തെരഞ്ഞെടുത്തു എന്നാണ് ഞാൻ മനസ്സിലാക്കിയത്. എന്റെ മണ്ഡലമായ മണ്ണാർക്കാടിലെ അലനല്ലൂർ പഞ്ചായത്ത് ഉൾപ്പെടെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതൊരു നല്ല പദ്ധതിയാണെന്നതിൽ തർക്കമൊന്നുമില്ല. എന്നാൽ ഇതുവരെ ആ പദ്ധതി തുടങ്ങിയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേരഗ്രാമം പദ്ധതിയുണ്ടായിരുന്നു. അന്ന് ഞങ്ങൾ ഷോളയൂർ പഞ്ചായത്ത് തെരഞ്ഞെടുത്തപ്പോൾ അവിടെ നാളികേര ഉല്പാദനത്തിന് വലിയ വർദ്ധനവുണ്ടാക്കാൻ സാധിച്ചു. എന്നാൽ ഇതിൽ സംഭരണത്തിന് യാതൊരു പദ്ധതിയുമില്ല. കോടിക്കണക്കിന് രൂപ ചെലവാക്കുമ്പോഴും സംഭരണംകൂടി ഇതിന്റെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, 181 കേരഗ്രാമം പദ്ധതികളിൽ ഈ വർഷം ആരംഭിക്കുന്ന 79 പദ്ധതിയിലാണ് അലനല്ലൂർ പഞ്ചായത്തും ഉൾപ്പെടുന്നത്. അതിനാവശ്യമായ ഫണ്ട് നൽകിയിട്ടുണ്ട്; ആരംഭിക്കാൻ ഒരു തടസ്സവുമില്ല. അങ്ങ് തന്നെ മുൻകയ്യെടുത്ത് ഉദ്ഘാടനം ചെയ്യാം, ഒരു പ്രശ്നവുമില്ല. മന്ത്രി വന്ന് ഉദ്ഘാടനം ചെയ്യണമെന്ന് യാതൊരു നിർബന്ധവുമില്ല. അലനല്ലൂർ ഗ്രാമത്തിൽ കേരഗ്രാമം പദ്ധതിയുടെ രജിസ്ട്രേഷൻ നടപടികളെല്ലാം പൂർത്തീകരിച്ചു കഴിഞ്ഞിരിക്കുകയാണ്. മാത്രമല്ല, കഴിഞ്ഞ ഗവൺമെന്റ് നടപ്പാക്കിയിരുന്ന കേരഗ്രാമം പദ്ധതിയിൽനിന്ന് വ്യത്യസ്തമായി സംഭരണമടക്കമുള്ള കാര്യങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് മൂന്നുവർഷത്തേക്കുള്ള കേരഗ്രാമം പദ്ധതിയാണ് ഇപ്പോൾ നടപ്പാക്കുന്നത്. ബഹുമാനപ്പെട്ട അംഗം കേരഗ്രാമത്തിന്റെ പുതിയ മാനദണ്ഡം

വായിച്ചുനോക്കിയാൽ അങ്ങ് ആവശ്യപ്പെട്ട എല്ലാ കാര്യങ്ങളും അതിനകത്ത് ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയാൻ കഴിയും. മറ്റൊരു കാര്യം, പച്ചത്തേങ്ങയുടെ താങ്ങുവില 27 രൂപയിൽ താഴെ എന്നുള്ളത് സംസ്ഥാന ഗവൺമെന്റ് നേരത്തെ നിശ്ചയിച്ചിട്ടുള്ളതാണ്. പച്ചത്തേങ്ങയുടെ ഇന്നത്തെ താങ്ങുവില 32 രൂപയാണ്. അത് എന്ന് 27 രൂപയിൽ താഴെ വരുന്നുവോ അന്ന് ഇതിന് സംഭരണം ആരംഭിക്കുവാൻ ആവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. എ. എം. ആരിഫ്: സർ, 'കേരം തിങ്ങും കേരളനാട്' എന്ന നമ്മുടെ നാടിന്റെ പേരും പെരുമയും നാളികേരത്തിന്റെ എണ്ണം കുറയുന്നതോടുകൂടി നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളെല്ലാം അക്കാര്യത്തിൽ മുന്നോട്ടുപോകുകയാണ്. നാളികേര വികസന കൗൺസിൽ, കോക്കനട്ട് മിഷൻ, കേരഗ്രാമം പദ്ധതി, നാളികേര വികസന ബോർഡ് ഇങ്ങനെ വൈവിദ്ധ്യമാർന്ന ധാരാളം മിഷനുകളും ഇടപെടലുകളുമൊക്കെയുണ്ട്. എന്നിട്ടും നമ്മൾ ആഗ്രഹിക്കുന്ന നിലയിലേക്ക് മുന്നേറാൻ കഴിയുന്നില്ല. ഇപ്പോൾ പൊള്ളാച്ചിയിൽനിന്ന് ചകിരി വന്നില്ലെങ്കിൽ കയർ വ്യവസായം പ്രതിസന്ധിയിലാകും. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. എസ്. ശർമ്മ അവിടെ കോക്കനട്ട് പ്ലാന്റേഷനുണ്ടാക്കണമെന്ന നിർദ്ദേശം വച്ചിരുന്നു. അതുകൊണ്ട് കയർ വകുപ്പുമായി ആലോചിച്ച് ഒരു പ്ലാന്റേഷൻ പദ്ധതി നടപ്പിലാക്കിയാൽ കയറിനെയും നാളികേരത്തിനെയും രക്ഷപ്പെടുത്താനാകും. പ്രസ്തുത പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തമിഴ്നാട്ടിലുള്ളതിനേക്കാൾ പ്ലാന്റേഷൻസ് കേരളത്തിൽ കുറവാണ്. നമുക്ക് ചെറിയ ചെറിയ സ്ഥലങ്ങൾ ഉള്ളതുകൊണ്ടാണ് 250 ഹെക്ടറിനെ ഒരു യൂണിറ്റാക്കി കേരഗ്രാമം പദ്ധതി നടപ്പാക്കുന്നത്. കേരളത്തിൽ എല്ലാ സ്ഥലങ്ങളിലും കേരഗ്രാമം പദ്ധതി വ്യാപിപ്പിക്കുകയാണെങ്കിൽ ഓരോ പഞ്ചായത്തിലും 250, 100, 150, 500, 1000 ഹെക്ടർ വരെയുള്ള പഞ്ചായത്തുകളുണ്ട്. ആ പഞ്ചായത്തുകളെ ഒരു യൂണിറ്റാക്കിയെടുത്ത് സമഗ്രമായൊരു വികസന പരിപാടിയാണ് ആരംഭിക്കുന്നത്. കയറിന്റെ ചുമതലകൂടി വഹിക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഈ മേഖലയിൽ വ്യാപകമായ ഒരു മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. (.......ബഹളം.....)

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്..... അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മറ്റേത് മേഖലയെക്കാളും കയർ മേഖല മുന്നോട്ടുപോയിട്ടുണ്ടെന്നുള്ള കാര്യം ആര് നിഷേധിച്ചാലും അതൊരു വസ്തുതയാണ്. നാളികേര വികസന കൗൺസിലിൽ ഇക്കാര്യം ചർച്ച ചെയ്ത് തീരുമാനമെടുക്കാം.

ശ്രീ. കെ. രാജൻ: സർ, നാളികേര കർഷകർക്ക് ഗുണകരമാകുന്ന തരത്തിൽ ഈ സർക്കാർ ആരംഭിച്ച പുതുക്കിയ കേരഗ്രാമം പദ്ധതി, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പരിചയപ്പെടുത്തൽ നടത്തുന്ന വൈഗ പദ്ധതി, അഗ്രോ പാർക്ക് തുടങ്ങിയവ പൊതുവിൽ അഭിമാനകരമാണ്. കേരള ചരിത്രത്തിൽ 21 വർഷത്തിനുശേഷം വിള ഇൻഷ്വറൻസ് പുതുക്കി നിശ്ചയിക്കപ്പെട്ട ഒരു കാലമാണിത്. എന്നാൽ, അപകടകരമായ തരത്തിൽ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ പ്രളയത്തിനാണ് കേരളം സാക്ഷ്യംവഹിച്ചത്. ഈ മൂല്യവർദ്ധിത ഉല്പന്നങ്ങളെ പരിചയപ്പെടുത്തുന്ന കൂട്ടത്തിൽ ആരംഭിച്ച വിള ഇൻഷ്വറൻസോടുകൂടി കർഷകർക്ക് എല്ലാതരത്തിലും സഹായം കിട്ടേണ്ടതാണ്. അതിൽ വ്യാപകമായി ആളുകളെ ചേർക്കാനുള്ള ശ്രമം നടക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. മഹാപ്രളയത്തെ തുടർന്ന് നഷ്ടം സംഭവിച്ച നാളികേര കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ എന്തൊക്കെ ആനുകൂല്യങ്ങൾ നൽകാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; ഇപ്പോൾ എന്താണ് നൽകിക്കൊണ്ടിരിക്കുന്നത് എന്നുള്ളത് വിശദീകരിക്കാമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സംസ്ഥാനത്തെ നാളികേര കർഷകർക്ക് ഒരു തെങ്ങ് പൂർണ്ണമായും നഷ്ടപ്പെട്ടാൽ 3000 രൂപവീതം നഷ്ടപരിഹാരം നൽകുന്ന പദ്ധതിയാണ് വിള ഇൻഷ്വറൻസ് പദ്ധതി. അതേസമയം കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയനുസരിച്ച് നാളികേര കർഷകർക്ക് ഫലമുള്ള ഒരു തെങ്ങിന് കേന്ദ്ര സർക്കാർ വിഹിതമായ 102 രൂപയും സംസ്ഥാന സർക്കാർ വിഹിതമായ 597 രൂപയും കൂടിചേർത്ത് 1000 രൂപയാണ് നഷ്ടപരിഹാരമായി നൽകുന്നത്. എന്നാൽ വിള ഇൻഷ്വറൻസ് സ്കീമിൽ ചേർന്നിരിക്കുന്ന കൃഷിക്കാരന് നൽകുന്നത് 3000 രൂപയാണ്. 3000 രൂപ ലഭിക്കുന്ന അതേ കൃഷിക്കാരന് ഈ തുക അടക്കം 4000 രൂപ ലഭ്യമാക്കാനുള്ള നടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

## ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ രൂപീകരിക്കാനുള്ള നീക്കം

3 (*123) ശ്രീ. എം. സ്വരാജ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. വി. ജോയി:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരം ഉയർത്തുന്നതിനും സർവ്വകലാശാലകൾക്ക് ധനസഹായം നൽകുന്നതിനും നിലവിലുള്ള സ്വയംഭരണ

സ്വഭാവമുണ്ടായിരുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനെ ഇല്ലാതാക്കി പകരം കേന്ദ്ര സർക്കാർ നേരിട്ട് നിയന്ത്രിക്കുന്ന ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ രൂപീകരിക്കാനുള്ള നീക്കം, മറ്റു രംഗങ്ങളിലെന്നപോലെ വിദ്യാഭ്യാസ രംഗത്തും വിവേചന പൂർണ്ണമായ ഇടപെടലിന് വഴിവയ്ക്കുമെന്നതിനാൽ തീരുമാനത്തിൽ നിന്നും പിന്തിരിയാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(ബി) ജെ.എൻ.യു., ഹൈദ്രാബാദ് കേന്ദ്ര സർവ്വകലാശാല തുടങ്ങിയ ഉൽകൃഷ്ട സ്ഥാപനങ്ങളെയും സംസ്ഥാനത്തെ കേന്ദ്ര സർവ്വകലാശാലയേയും സംഘ്പ്രചാരകരെ തലപ്പത്ത് നിയമിച്ച് തകർക്കാൻ ശ്രമിക്കുന്നതായി ആക്ഷേപമുയരുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന് സർവ്വകലാശാലകളുടെ മേൽ നേരിട്ടുള്ള നിയന്ത്രണം ലഭിക്കുന്നത് അവയുടെ സ്വയംഭരണാധികാരം നഷ്ടപ്പെടുത്തുന്നതിനും വർഗ്ഗീയ അജണ്ട നടപ്പാക്കുന്നതിനും സൗകര്യപ്രദ മാകുമെന്നുള്ള ആശങ്കയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) രാജ്യത്തെമ്പാടുമുള്ള സർവ്വകലാശാലകളിൽ മിന്നലാക്രമണ വാർഷികം ആഘോഷിക്കണമെന്നും അദ്ധ്യാപകർ രാഷ്ട്രീയാഭിപ്രായ പ്രകടനം നടത്തരുതെന്നും നിർദ്ദേശം നൽകിയ പശ്ചാത്തലത്തിൽ, സർവ്വകലാശാലകളുടെ സ്വയംഭരണാധികാരം സ്ഥാപിച്ചെടുക്കാൻ സാധ്യമായ മാർഗ്ഗമെന്തെന്ന് പരിശോധിക്കുമോ;

(ഡി) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളെ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കി മാറ്റാനുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

(ബന്ധുനിയമനവുമായി ബന്ധപ്പെട്ട ആരോപണം നിലനിൽക്കുന്നതിനാൽ ഡോ. കെ. ടി. ജലീൽ രാജിവയ്ക്കണമെന്നാശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റിൽ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ,

(എ) ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്.

(ബി) ഇല്ല. എന്നാൽ സർവ്വകലാശാലകളുടെ അക്കാദമിക സ്വയംഭരണം നിലനിർത്തണമെന്നുള്ളതാണ് സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നയം. ഇക്കാര്യത്തിലുള്ള കേന്ദ്ര സർക്കാരിന്റെ നിലപാടുകൾ ആശങ്കയുളവാക്കുന്നതാണ്.

(സി) സർവ്വകലാശാലകളുടെ സ്വയംഭരണാധികാരം സ്ഥാപിച്ചെടുക്കാൻ സാദ്ധ്യമായ മാർഗ്ഗങ്ങളെന്തെന്ന് പരിശോധിക്കുന്നതാണ്.

(ഡി) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി സർക്കാർ ആവിഷ്കരിച്ച് വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് 132 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളുടെ വിശദ പദ്ധതിരേഖ സർക്കാർ പരിശോധിച്ചുവരുന്നു. .... (ബഹളം)......

മി. സ്പീക്കർ : ചോദ്യം ചോദിക്കാൻ എല്ലാവർക്കും അവകാശമില്ലേ? ഇരിക്കൂ....ദയവായി ഇരിക്കൂ....

ശ്രീ. എം. സ്വരാജ്: സർ, ഇന്ത്യയിലെ യൂണിവേഴ്സിറ്റികളിൽ 384 യൂണിവേഴ്സിറ്റികളും സംസ്ഥാന നിയമസഭകൾ നിർമ്മിച്ച നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. ഈ പ്രവർത്തനരീതി സ്വയംഭരണാവകാശം ഉറപ്പാക്കുന്നതും സർവ്വകലാശാലകളുടെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സ്വതന്ത്ര മതനിരപേക്ഷ സ്വഭാവം നിലനിർത്തുന്നതുമാണ്. യു.ജി.സി.-യുടെ നിലവിലുള്ള പ്രവർത്തനരീതി യൂണിവേഴ്സിറ്റികളുടെയും ഉന്നതവിദ്യാഭ്യാസ മേഖലയുടെയും ശരിയായ പ്രവർത്തനത്തെ മുന്നോട്ട് നയിക്കുന്നതാണ്. എന്നാൽ കേന്ദ്ര സർക്കാർ ഉന്നത വിദ്യാഭ്യാസത്തെ വരുതിയിലാക്കാനും വർഗ്ഗീയവൽക്കരിക്കാനും മതനിരപേക്ഷ സ്വഭാവം തകർക്കുന്നതിനും വാണിജ്യവൽക്കരണം ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടാണ് യു.ജി.സി. പിരിച്ചുവിട്ട് ഉന്നത വിദ്യാഭ്യാസ കമ്മീഷൻ രൂപവൽക്കരിക്കാൻ മുന്നോട്ടുവരുന്നത്. മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്ന പ്രാദേശിക പാർട്ടികൾ പ്രത്യേകിച്ച് ബി.എസ്.പി., എസ്.പി., എ.ഐ.ഡി.എം.കെ., ടി.ആർ.എസ്. തുടങ്ങിയ കക്ഷികളെല്ലാം ഇക്കാര്യത്തിൽ കേന്ദ്ര നീക്കത്തിനെതിരായി നിലപാട് സ്വീകരിച്ചിട്ടുള്ളവരാണ്. കോൺഗ്രസ്സിന്റെ അഭിപ്രായം എന്താണെന്ന് നമുക്കറിയില്ല, പിന്തുണയ്ക്കുന്നതാണെങ്കിൽ രാജ്യത്തെമ്പാടും ഉയർന്നുവരുന്ന മതനിരപേക്ഷത സംരക്ഷിക്കാനും ഉന്നത വിദ്യാഭ്യാസരംഗത്തെ അട്ടിമറിക്കാനുമുള്ള നീക്കത്തിനെതിരായിട്ടുള്ള ഈ മൂവ്മെന്റിനെ ശരിയായി നയിക്കാനും നേതൃത്വം കൊടുക്കാനും കേരളത്തിന് പങ്കുവഹിക്കാൻ കഴിയുമോ; ഈ ദിശയിൽ ആലോചിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, നിലവിലെ യു.ജി.സി. ആക്ട് പിൻവലിച്ച് പകരം കൊണ്ടുവരുന്നതാണ് ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ഓഫ് ഇന്ത്യാ ആക്ട് 2018. നിലവിലെ സംവിധാനത്തിൽ ഇപ്പോൾ ഗ്രാന്റ് നൽകാനുള്ള അധികാരം യു.ജി.സി.-ക്കാണെങ്കിൽ പുതിയ സംവിധാനത്തിൽ അത് രണ്ട് തരത്തിലാണ് പ്രവർത്തിക്കുന്നത്. ഗ്രാന്റ് നൽകാനുള്ള അധികാരം കേന്ദ്ര സർക്കാരിനും ലോൺ നൽകാനുള്ള അധികാരം 2016-ൽ രൂപീകൃതമായ ഹയർ എഡ്യൂക്കേഷൻ ഫണ്ടിംഗ് ഏജൻസിക്കുമാണ്. സംസ്ഥാനത്തെ ഫെഡറൽ സംവിധാനത്തെ തകർക്കുന്ന രീതിയിലുള്ള നീക്കങ്ങളാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ശക്തമായിട്ടുള്ള അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ തങ്ങളുടെ വരുതിയിൽ കൊണ്ടുവരാനുള്ള നീക്കത്തിന്റെ ഭാഗമായിട്ടുമാത്രമെ ഇതിനെ നമുക്ക് കാണാൻ സാധിക്കുകയുള്ളൂ.

ശ്രീ. എം. സ്വരാജ്: സർ, കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉന്നത വിദ്യാഭ്യാസ മേഖല അതീവ ഗുരുതരമായൊരു വെല്ലുവിളി നേരിടുന്ന സമയത്ത്, അത് ഈ ഫ്ലോറിൽ ഉന്നയിക്കുമ്പോൾ മുദ്രാവാക്യം വിളിച്ച് തടസ്സപ്പെടുത്തുന്നവർ യഥാർത്ഥത്തിൽ പ്രതിനിധാനം ചെയ്യുന്നത് സംഘപരിവാറിന്റെ നിലപാടുകളെയും അഭിപ്രായങ്ങളെയുമാണ്. സഭയ്ക്കുള്ളിലെ സംഘപരിവാറിന്റെ ശബ്ദമായി യു.ഡി.എഫ്. മാറുന്നത് അങ്ങേയറ്റം നിരാശാജനകവും പ്രതിഷേധാർഹവുമാണ്. ഞാൻ ഇവിടെ ഉന്നയിക്കുന്ന ചോദ്യങ്ങളും ബഹുമാന്യനായ മന്ത്രി പറയുന്ന മറുപടിയും നമ്മുടെ വിദ്യാഭ്യാസത്തിന്റെ മതനിരപേക്ഷതയെ സംരക്ഷിക്കാനും വാണിജ്യവൽക്കരണം തടയാനുമുള്ളതാണ്. ഇക്കാര്യത്തിൽ ബഹുമാന്യരായ യു.ഡി.എഫ്. മെമ്പർമാരുടെ എതിർപ്പിൽ സന്തോഷിക്കുന്നത് രാജ്യത്തെ സംഘപരിവാറും ആർ.എസ്.എസ്.-ഉം മാത്രമാണ്. ഉന്നത വിദ്യാഭ്യാസ മേഖല പ്രത്യേകം വെല്ലുവിളി നേരിടുന്ന ഈ ഘട്ടത്തിൽ ആ മേഖലയുടെ നിലവാരം വർദ്ധിപ്പിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കാനുള്ള പ്രത്യേക കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിനെക്കുറിച്ച് മറുപടിയിൽ അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഇതിന്റെ ശരിയായ നടത്തിപ്പ് വിലയിരുത്താനും ഉറപ്പാക്കാനും ഭാവിയിൽ ഇത് മെയിന്റയിൻ ചെയ്യാനുമുള്ള ഒരു പ്രത്യേക സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ കാതലായ മാറ്റങ്ങൾ ഉണ്ടാകണമെന്നതിന്റെ പശ്ചാത്തലത്തിലാണ് പ്രത്യേക ഭരണസംവിധാനം വേണമെന്ന് സർക്കാർ തീരുമാനിച്ചത്. നല്ല അക്കാദമിക് നിലവാരമുണ്ടാക്കുന്ന സ്ഥാപനങ്ങളാക്കി നമ്മുടെ സർവ്വകലാശാലകളെയും

കോളേജുകളെയും മാറ്റുന്നതിന് കർമ്മപദ്ധതി ഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ആദ്യപടിയായി സർവ്വകലാശാല വൈസ്-ചാൻസലർമാരുടെയും സിൻഡിക്കേറ്റ് അംഗങ്ങളുടെയുമെല്ലാം മീറ്റിംഗ് കൂടുകയും ആവശ്യമായ നടപടികൾ ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, ഉന്നത വിദ്യാഭ്യാസ മേഖല കേന്ദ്ര നിയന്ത്രണത്തിലാക്കിയാൽ കാര്യങ്ങളൊക്കെ വളരെ എളുപ്പവും സുതാര്യവുമായി നടക്കുമെന്നുള്ള അവകാശവാദമാണ് ഇപ്പോഴുള്ളത്. മുൻ വിദ്യാഭ്യാസ മന്ത്രി ശ്രീ. എം. എ. ബേബി യുദ്ധകാലാടിസ്ഥാനത്തിൽ 300 ഏക്കർ സ്ഥലം വിലയ്ക്കെടുത്താണ് അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് ആരംഭിച്ചത്. അതിന്റെ പ്രവർത്തനങ്ങളെ സർക്കാർ വിലിയിരുത്തിയിട്ടുണ്ടോ? ഇപ്പോഴത്തെ സ്ഥിതിയെന്താണ്; അത് ജീവിച്ചിരിപ്പുണ്ടോ, അതോ മരിച്ചുപോയോ? ....(ബഹളം)....

ഡോ. കെ. ടി. ജലീൽ: സർ, ഏതാണ്ട് 400 ഏക്കർ സ്ഥലം സംസ്ഥാന സർക്കാർ ഏറ്റെടുത്തുകൊടുത്തതിന്റെ പശ്ചാത്തലത്തിലാണ് അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് ആരംഭിച്ചത്. അവിടെ ഇന്ന് മൂന്ന് കോഴ്സ് മാത്രമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഒരു സെൽഫ് ഫിനാൻസിംഗ് കോളേജിൽപ്പോലും ഇതിനേക്കാൾ അധികം കോഴ്സുകൾ നടക്കുന്നുണ്ടെന്നതാണ് യാഥാർത്ഥ്യം. അലിഗഡ് മുസ്ലീം സർവ്വകലാശാലയ്ക്ക് നൽകിയിരിക്കുന്ന ഈ ഭീമമായ സ്ഥലം തിരിച്ചുപിടിച്ച് പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ശക്തമായ നടപടി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. വി. ജോയി: സർ, കേന്ദ്ര സർക്കാർ വിദ്യാഭ്യാസ മേഖലയിലെ സ്വതന്ത്ര ചിന്തയ്ക്ക് ചങ്ങല വീഴുന്ന പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഇവിടെ കടലാസ്സും കന്നാസും കളിക്കുകയാണ് യു.ഡി.എഫ്.-ഉം ബി.ജെ.പി.-യുമെന്ന് എല്ലാവർക്കും അറിയാം. സർവ്വകലാശാലകളിലെ പണവും പരീക്ഷയും ESMA (Essential Services Maintenance Act)-യുടെ കീഴിൽ കൊണ്ടുവരാനുള്ള കേന്ദ്ര സർക്കാർ നീക്കം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വളരെ ശക്തമായിട്ടുള്ള പ്രതിഷേധം അറിയിച്ചിട്ടുമുണ്ട്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, Distant Education വിദ്യാർത്ഥികളുടെ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി Open University ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? അതോടൊപ്പം കാലടി സർവ്വകലാശാല ഒരു പദ്ധതിയും സമർപ്പിച്ചതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ സർവ്വകലാശാലാ അധികൃതരോട് ഒരു പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കാനാവശ്യമായ നിർദ്ദേശം നൽകാൻ സന്നദ്ധമാകുമോ?

ഡോ. കെ. ടി. ജലീൽ: സർ, തീർച്ചയായും അക്കാര്യം പരിഗണിക്കാവുന്നതാണ്. ഗവൺമെന്റ് അക്കാര്യത്തിൽ വളരെ ശക്തമായ രീതിയിൽത്തന്നെ ഇടപെടും.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വോക്ക് വിത് എ സ്കോളർ പ്രോഗ്രാം

4 (*124) ശ്രീ. ആർ. രാജേഷ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. ബാബു :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക സമത്വത്തിന്റേതായ അന്തരീക്ഷം സൃഷ്ടിച്ചെടുക്കാൻ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്തിന് വിജയകരമായി സാധിച്ചപ്പോഴും ആ നേട്ടം വികസനത്തിന്റെ ചാലകശക്തിയാക്കി മാറ്റുന്നതിന് വൈജ്ഞാനിക ശ്രേഷ്ഠതയും ഉല്പാദന, നിർമ്മാണ പ്രക്രിയകളിൽ ചലനാത്മകതയും സൃഷ്ടിക്കാൻ പ്രാപ്തി നേടാനാകാതെ പോയത് പരിഹരിക്കാൻ നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പഠന, ഗവേഷണ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും രാജ്യത്തിനകത്തും പുറത്തുമുള്ള ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നതിനും പദ്ധതിയുണ്ടോ; വോക് വിത് എ സ്കോളർ പരിപാടിയെക്കുറിച്ച് അറിയിക്കാമോ;

(സി) സർവകലാശാലകളിലും കോളേജുകളിലുമുള്ള അദ്ധ്യാപക ഒഴിവുകളിൽ യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉൽപ്പാദന നിർമ്മാണ പ്രക്രിയകളിൽ ചലനാത്മകത സൃഷ്ടിക്കാൻ ഉതകുന്ന രീതിയിൽ വിദ്യാർത്ഥികളുടെ അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ രീതിയിൽ നൈപുണ്യവികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികളാണ് ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്വീകരിച്ചു വരുന്നത്. അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് കാമ്പസിൽ പ്രവർത്തിക്കുന്ന മേഘനാഥ് സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ മുഖേന (ORICE- Oneline Resource Initiatives of Collegiate Education) എന്ന പദ്ധതി പ്രകാരം ക്ലാസ്സുകൾ നടന്നുവരുന്നുണ്ട്. വിദ്യാർത്ഥികളുടെ നൈപുണ്യവികാസത്തിനും ഇംഗ്ലീഷ് ഭാഷാ നൈപുണ്യത്തിനുമായി ASAP, അദ്ധ്യയന രംഗത്തെ കണ്ടെത്തലുകളുടെയും ഗവേഷണങ്ങളുടെയും സമന്വയം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി FLAIR (Fostering Linkages for Academic Innovation And Research), വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്ടിവിറ്റി പദ്ധതി, അക്കാദമിക് തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ബിരുദബിരുദാനന്തര വിദ്യാർത്ഥികൾക്ക് രാജ്യത്തെ മികച്ച ഫാക്കൽറ്റിയുടെയും സ്ഥാപനത്തിന്റെയും സേവനങ്ങൾ പ്രയോജനപ്പടുത്തുന്നതിനായി ആസ്പയർ സ്കോളർഷിപ്പ് പദ്ധതി, സാമൂഹോന്മുഖമായ വികസനപ്രവർത്തനങ്ങളിലേയ്ക്ക് ഉന്നത വിദ്യാഭ്യാസ രംഗത്തെ വൈജ്ഞാനിക അറിവിനെ പ്രയോജനപ്പെടുത്തുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടത്തുന്ന 'പ്രബുദ്ധത' എന്നീ പദ്ധതികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ നടപ്പിലാക്കിവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ രംഗം ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി അടിസ്ഥാന സൗകര്യ വികസനം, ലാബ്/വർക്ക്ഷോപ്പുകളുടെ നവീകരണം, ഡിജിറ്റലൈസേഷൻ ഉൾപ്പെടെയുള്ള ലൈബ്രറി ശാക്തീകരണം, കോ/എക്സ്ട്രാ കരിക്കുലർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാന്സ്പോർട്ടേഷൻ റിസർച്ച് സെന്റർ, പ്രോഡക്ട് ഡിസൈൻ ആൻഡ് ഡെവലപ്മെന്റ് സെന്റർ, ബാർട്ടൺഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ട്രാൻസ്ലേഷൻ

എഞ്ചിനീയറിംഗ് ആൻഡ് പ്രൊഫഷണൽ ലീഡർഷിപ്പ്, കോട്ടയം രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നടപ്പാക്കിയിട്ടുള്ള റീ-യൂസബിൾ ബിൽഡിംഗ് സിസ്റ്റം, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിച്ച റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, സെന്റർ ഫോർ എനർജി സിസ്റ്റംസ്, തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ റോബോട്ടിക്സ് സെന്റർ പ്രവർത്തിക്കുന്നു.

സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെല്ലുകൾ വഴി വിസിറ്റിംഗ് ഫാക്കൽറ്റി പ്രോഗ്രാമുകൾ, ഉല്പാദന പരിശീലന കേന്ദ്രങ്ങൾ, റോബോട്ടിക്സ് ലാബുകൾ, നിർമ്മാണ സാമഗ്രികളുടെ പരിശോധനാ കേന്ദ്രങ്ങൾ, വിദ്യാർത്ഥികൾക്കായി ഹ്രസ്വകാല ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ, വിദ്യാർത്ഥികളുടെ സംരംഭകത്വ പ്രവർത്തനങ്ങൾക്കുവേണ്ടി ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ, " പുനർജ്ജനി" പദ്ധതി, വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനം ഉറപ്പുവരുത്താൻ മാനവ വിഭവശേഷി സെല്ലുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും ഇന്റർഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്നു. സംസ്ഥാനത്തെ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയതലത്തിൽ അക്രെഡിറ്റേഷൻ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങളിലും ശ്രദ്ധ നൽകുന്നുണ്ട്. ഈ പ്രവർത്തനങ്ങൾക്കാവശ്യമായ ഏകോപനത്തിനും പരിശീലനത്തിനുമായി അക്കാദമിക് സ്റ്റാഫ് കോളേജ്, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഇവ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു.

(ബി) ഉണ്ട്; ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ New Initiatives പദ്ധതികളുടെ ഭാഗമായി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിലൂടെ നടപ്പാക്കപ്പെടുന്ന പദ്ധതിയായ FLAIR (Fostering Linkages in Academic Innovation and Research) -ന്റെ ഭാഗമായി കേരളത്തിലെ കോളേജ്, സർവ്വകലാശാലതലത്തിൽ പ്രവർത്തിക്കുന്ന ജൂനിയർ അദ്ധ്യാപകർക്കായി (5 വർഷത്തിൽ താഴെ സർവ്വീസുള്ളവരെ) IIT ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ (IIT-M, EFLU, ISEC) പഠന-ഗവേഷണ പ്രവർത്തനങ്ങളിൽ മെച്ചപ്പെട്ട രീതിയിൽ ഏർപ്പെടാൻ വേണ്ടി 10 ദിവസത്തെ റെസിഡൻഷ്യൽ പരിശീലനം നല്കിവരുന്നു. ഇതിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് രാജ്യത്തിനകത്തെ സ്ഥാപനങ്ങളിൽ ആറ് മാസത്തെ ഇന്റേൺഷിപ്പ് നൽകുവാനും പദ്ധതിയുണ്ട്. രാജ്യത്തിനകത്തും പുറത്തുമുള്ള ഗവേഷണസ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഓരോ കോളേജിലും വിസിറ്റിംഗ് ഫാക്കൽറ്റി സ്കീം നിലവിലുണ്ട്;

2013-2014 വർഷം മുതൽ കേരള സർക്കാർ ഗവൺമെന്റ് കോളേജുകളിൽ നടപ്പിലാക്കിയ പദ്ധതിയായ വാക്ക് വിത്ത് സ്കോളർ (WWS), 2014-2015 മുതൽ കേരളത്തിലെ എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലുംകൂടി നടപ്പിലാക്കിവരുന്നു. ബിരുദതലത്തിൽ പഠിക്കുന്ന ആർട്സ്, സയൻസ്, കൊമേഴ്സ് വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് വഴികാട്ടിയായി ഏറ്റവും മികച്ച പദ്ധതിയായിട്ടാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. വിദ്യാർത്ഥി അദ്ധ്യാപക ബന്ധം മെച്ചപ്പെടുത്തുന്നതിനായി 'സുഹൃത്തും വഴികാട്ടിയും' എന്ന ആശയത്തിന് ഊന്നൽനല്കിക്കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഉന്നത പഠനത്തിനും അതോടൊപ്പം ഭാവി തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും മാനസിക പിന്തുണയും ഇതുവഴി വിദ്യാർത്ഥികൾക്ക് ലഭ്യമാകും. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികളെ സംസ്ഥാനത്തെ മികച്ച പഠനഗവേഷണ സ്ഥാപനങ്ങളിൽ സന്ദർശനത്തിനായി നിയോഗിക്കുകയും ഇത്തരത്തിൽ അവർക്ക് പഠനഗവേഷണ വിഷയങ്ങളിൽ ഉത്തേജനം നൽകുവാനും കഴിഞ്ഞു. ദേശീയതലത്തിലുള്ള മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുവാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കിവരുന്നു. ഈ വർഷം പരീക്ഷണാടിസ്ഥാനത്തിൽ ഗവൺമെന്റ് കോളേജുകളിൽ ഒരു സമയം രണ്ട് വിദ്യാർത്ഥികളെവീതം വിവിധ മേഖലയിലെ പ്രമുഖരായ വ്യക്തികളോടൊപ്പം 14 ദിവസം ചെലവഴിക്കുവാനും ആ മേഖലയെ അടുത്ത് അറിയുവാനും അവസരമൊരുക്കാൻ (Signature Pedagogi) ഉദ്ദേശിക്കുന്നു.

(സി) ഉണ്ട്; കോളേജ് വിദ്യാഭ്യാസ വകുപ്പിലും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലും ഒഴിവുള്ള എല്ലാ തസ്തികകളിലേയ്ക്കും യോഗ്യതയുള്ള അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നത് കേരള പി.എസ്.സി. മുഖേനയാണ്. നിലവിൽ യു.ജി.സി./എ.ഐ.സി.റ്റി.ഇ. നിഷ്കർഷിക്കുന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതവും യോഗ്യത മാനദണ്ഡവും അനുസരിച്ച് അദ്ധ്യാപക തസ്തിക കണക്കാക്കി തസ്തികകൾ സൃഷ്ടിക്കപ്പെടുന്നമുറയ്ക്ക് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർവ്വകലാശാലകളിലെ ഒഴിവുകൾ നികത്തുന്നത് സർവ്വകലാശാലകൾ തന്നെയാണ്.

### എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം

5(*125) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്ന് പഠിച്ചിറങ്ങുന്നവരിൽ വലിയൊരു വിഭാഗത്തിന് വേണ്ടത്ര തൊഴിൽ

നൈപുണ്യമില്ലെന്ന പ്രശ്നം പരിഹരിക്കാനായി ഉന്നതവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ ആ മേഖലയിൽ നടത്താനുദ്ദേശിക്കുന്ന പരിഷ്കരണങ്ങൾ എന്തെല്ലാമാണ്;

(സി) പ്രവേശന പരീക്ഷയിൽ ഓരോ പേപ്പറിനും പത്തുമാർക്കെങ്കിലും നേടിയാലേ എഞ്ചിനീയറിംഗ് പ്രവേശനം ലഭിക്കു എന്ന വ്യവസ്ഥ, സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന കാരണത്താൽ മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) അടിസ്ഥാന വിഷയങ്ങളിൽ പ്രാവീണ്യമില്ലാത്തവർ രക്ഷിതാക്കളുടെ നിർബന്ധത്തിന് വിധേയരായി എഞ്ചിനീയറിംഗ് പഠനത്തിന് ചേരുന്നതുവഴി മാനവവിഭവശേഷിയിൽ ഉണ്ടാകുന്ന നഷ്ടം കണക്കിലെടുത്ത് പ്രവേശന നടപടികളെക്കുറിച്ച് സമഗ്രാവലോകനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യത്തിലെ ന്യൂനത പരിഹരിക്കാനായി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള, എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്പ്മെന്റ് സെന്ററുകൾ (ASDC) ഉടനടി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ സെന്ററുകൾ വഴി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ് പോലെ വിവിധ സാങ്കേതിക മേഖലകളിലെ അതിനൂതനവും തൊഴിലധിഷ്ഠിതവുമായ നൈപുണ്യം കോഴ്സുകളും വിദ്യാർത്ഥികളുടെ ആശയവിനിമയപാടവം മെച്ചപ്പെടുന്നതിനും വ്യക്തിത്വ വികസനത്തിനായുള്ള പരിശീലനവും എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് നൽകുന്നതാണ്. കൂടാതെ പഠനം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിച്ച മേഖലകളിൽ തൊഴിൽ പരിചയം നേടുന്നതിനായി ഇന്റേൺഷിപ്പിനുള്ള അവസരവും അസാപ്പിന്റെ ഇന്റേൺഷിപ്പ് പോർട്ടൽവഴി ഒരുക്കാൻ നടപടി എടുത്തിട്ടുണ്ട്.

(ബി) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ സിലബസിലും പഠനരീതിയിലും കാലികമായ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. AICTE മോഡൽ കരിക്കുലം അടിസ്ഥാനമാക്കി അടുത്ത അദ്ധ്യയന വർഷം തന്നെ സിലബസ് പരിഷ്കരണം നടത്തും. AICTE-യുടെ മോഡൽ കരിക്കുലം അനുസരിച്ച് അടുത്ത അദ്ധ്യയന വർഷം മുതൽ എഞ്ചിനീയറിംഗ് പാസാകാൻ കുറഞ്ഞ മാർക്ക് 40% ആക്കുന്ന കാര്യം പരിഗണിക്കും. പരീക്ഷ നടത്തിപ്പും മൂല്യനിർണ്ണയവും കുറ്റമറ്റതാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പി.എച്ച്.ഡി. യോഗ്യതയുള്ളവരെ മാത്രമെ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രിൻസിപ്പൽമാരായി നിയമിക്കാവൂ എന്നും എം.ടെക്. യോഗ്യതയുള്ളവരെ മാത്രമെ അദ്ധ്യാപകരായി നിയമിക്കാവൂ എന്നും നിർദ്ദേശം നിലനിൽക്കുന്നു.

എഞ്ചിനീയറിംഗ് കോളേജുകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനായി എല്ലാ കോളേജുകളും accreditation-ന് വിധേയമാക്കണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. യൂണിവേഴ്സിറ്റികളുമായും വൈസ് -ചാൻസലർമാരുമായും വീഡിയോ കോൺഫറൻസിംഗ്‌വഴി ബന്ധം സുദൃഢമാക്കാനും പ്രമുഖ വ്യക്തികൾ വന്നാൽ അവരുടെ ക്ലാസ്സുകളും പ്രഭാഷണങ്ങളും എല്ലാ വിദ്യാർത്ഥികളിലും എത്തുന്നതിന് കോളേജുകളിൽ വെർച്വൽ ക്ലാസ് റൂമുകൾ അടിയന്തരമായി സജ്ജീകരിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. എല്ലാ കോളേജുകളിലും ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ രൂപീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സാങ്കേതിക വൈദഗ്ദ്ധ്യത്തോടൊപ്പം തൊഴിൽ നൈപുണ്യവും വികസിപ്പിച്ച് തൊഴിൽസാധ്യത വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികളും വ്യവസായ മേഖലയിൽ ഇന്റേൺഷിപ്പുകളും ഗവേഷണ സംരംഭങ്ങളും നടപ്പിലാക്കിവരുന്നു.

ലോക നിലവാരത്തിൽ ആദ്യ 200-ൽ വരുന്ന ശാസ്ത്രഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണങ്ങളും ഇന്റേൺഷിപ്പുകളും സ്റ്റുഡന്റ് എക്സ്ചേഞ്ച് പദ്ധതികളും നടത്താനുള്ള ചട്ടങ്ങൾ രൂപീകരിക്കും.

(സി&ഡി) എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ പരമാവധി 480 മാർക്കിൽ നിന്നുമാണ് മിനിമം 10 മാർക്ക് യോഗ്യത നേടേണ്ടത്. എന്നാൽ

10 മാർക്കിൽ താഴെ വാങ്ങുന്നവരെക്കൂടി ഉൾപ്പെടുത്തി പ്രവേശനം നൽകാൻ വേണ്ടി നിലവിലുള്ള വ്യവസ്ഥയ്ക്ക് ഇളവ് നൽകുകയാണെങ്കിൽ ആയത് നിലവിലുള്ള പ്രവേശന പരീക്ഷ, പഠനം എന്നിവയുടെ നിലവാരത്തകർച്ചയ്ക്ക് കാരണമാകാൻ സാധ്യതയുണ്ട്. പ്രവേശന നടപടികളെക്കുറിച്ച് സമഗ്ര അവലോകനം നടത്തുവാൻ ഡോ. ആർ. വി. ജി. മേനോൻ ചെയർമാനായി മൂന്നംഗ സമിതിയെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ എ. പി. ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവകലാശാലയിൽ പഠനം പകുതിവഴിയിൽ ഉപേക്ഷിക്കുന്നവർക്കും താൽപ്പര്യമുള്ളവരായ വിദ്യാർത്ഥികൾക്കായി തൊഴിലധിഷ്ഠിത അഡ്വാൻസ്ഡ് ഡിപ്ലോമ, വൊക്കേഷണൽ ഡിഗ്രി എന്നിവ നൽകാനുള്ള തീരുമാനം പരിഗണനയിലുണ്ട്.

**റബ്ബർ വില തകർച്ച**

6(*126) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില തകർച്ച കാരണം സംസ്ഥാനത്തെ റബ്ബർ കർഷകർ കടുത്ത പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് 2015-2016 മുതൽ 2017-2018 വരെയുള്ള കാലയളവിൽ പ്രതിവർഷ റബ്ബറുല്പാദനവും ഉപഭോഗവും എത്രയെന്ന് അറിയിക്കുമോ;

(സി) റബ്ബറിന്റെ വിലക്കുറവുമൂലം പ്രതിസന്ധി നേരിടുന്ന ചെറുകിട നാമമാത്ര കർഷകരെ സഹായിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) റബ്ബർ കിലോഗ്രാമിന് 200 രൂപ എങ്കിലും വിലസ്ഥിരതാഫണ്ട് വഴി നൽകുന്ന കാര്യം ആലോചിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്

(ബി)

| | ഉല്പാദനം(ടൺ) | ഉപഭോഗം(ടൺ) |
|---|---|---|
| 2015-16 | 438630 | 127400 |
| 2016-17 | 540400 | 132500 |
| 2017-18 | 540775 | 134000 |

(സി&ഡി) 2018 ഫെബ്രുവരി മാസം 22-ാം തീയതി സംസ്ഥാന കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്തിലുള്ള സംഘം കേന്ദ്രവാണിജ്യകാര്യ മന്ത്രിയുമായി റബ്ബർ ഉൾപ്പെടെയുള്ള തോട്ടവിളകളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുകയും ആയതിൻ പ്രകാരം റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി കേരള സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും ത്രിപുര ചീഫ് സെക്രട്ടറി സഹഅദ്ധ്യക്ഷനായും 'ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ' രൂപീകരിച്ചു. പ്രസ്തുത സമിതിയിൽ കേന്ദ്ര വാണിജ്യകാര്യ വകുപ്പിന്റെയും റബ്ബർ ബോർഡിന്റെയും പ്രതിനിധികളും കേരള, ത്രിപുര സംസ്ഥാനങ്ങളുടെ പ്രതിനിധികളും ഉണ്ടായിരുന്നു. 2018 ജൂൺ മാസം 27-ന് പ്രസ്തുത സമിതി യോഗം ചേർന്ന് റിപ്പോർട്ട് തയ്യാറാക്കുകയും തുടർന്ന് അത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ഇടക്കാല നിർദ്ദേശങ്ങളും ദീർഘകാല നിർദ്ദേശങ്ങളും അടങ്ങിയിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയിൽ നിന്ന് 200 രൂപയാക്കി വർദ്ധിപ്പിക്കുവാൻ ആവശ്യമായ ഫണ്ട് ലഭ്യമാക്കണമെന്ന് നിയമസഭ ഐക്യകണ്ഠേന ഒരു പ്രമേയം പാസാക്കി കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. കൂടാതെ റബ്ബറിന്റെ താങ്ങുവില 200 രൂപയായി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ കേന്ദ്രസഹായം നൽകണമെന്ന് കേന്ദ്രമന്ത്രിമാരെ കണ്ട് നേരിട്ടും കത്തുകൾ മുഖേനയും ആവശ്യപ്പെട്ടിട്ടുണ്ട്.

**ആർ.കെ.വി.വൈ.-റഫ്താർ സ്കീം**

7(*127) ശ്രീ. കെ. ബി. ഗണേഷ് കുമാർ :

ശ്രീ. കോവൂർ കുഞ്ഞുമോൻ :

ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.കെ.വി.വൈ.-റഫ്താർ സ്കീം പ്രകാരം കേരളത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം തരം പ്രവൃത്തികൾക്കാണ് ഈ തുക ഉപയോഗപ്പെടുത്താവുന്നത്;

(സി) പദ്ധതി നടത്തിപ്പിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ ):

(എ) ആർ. കെ. വി. വൈ.- റഫ്താർ സ്കീം പ്രകാരം കേരളത്തിന് 2017-18-ൽ 8583.9 ലക്ഷം രൂപയും, 2018-2019-ൽ നാളിതുവരെ 7925 ലക്ഷം രൂപയും താഴെ പറയും പ്രകാരം ലഭിച്ചിട്ടുണ്ട്:

| സാമ്പത്തിക വർഷം | തുക ലക്ഷത്തിൽ | | |
|---|---|---|---|
| | ലഭിച്ച കേന്ദ്രവിഹിതം | ലഭിച്ച സംസ്ഥാന വിഹിതം | ആകെ |
| 2017-2018 | 5150 | 3433.9 | 8583.9 |
| 2018-2019 | 6197 | 1728 | 7925 |

(ബി) കൃഷിക്ക് വേണ്ടിയുള്ള ഉൽപ്പനോപാധികൾ, അടിസ്ഥാന സൗകര്യ വികസനം, ആസ്തി സൃഷ്ടിക്കൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾ, കാർഷിക-അനുബന്ധ മേഖലകളിൽ പ്രാദേശിക ആവശ്യങ്ങൾക്കായുള്ള പ്രോജക്ടുകൾ, കേന്ദ്ര സർക്കാർ നോട്ടിഫൈ ചെയ്ത പ്രശ്നാധിഷ്ഠിത മേഖലകളുടെ വികസനത്തിനായുള്ള പ്രോജക്ടുകൾ, കാർഷിക മേഖലയിൽ നൂതന കാർഷിക സംരംഭങ്ങൾക്കായുള്ള പ്രോജക്ടുകൾ എന്നിവയ്ക്കാണ് ഈ തുക വിനിയോഗിക്കുന്നത്.

(സി) 2017-2018 -ൽ 57 പ്രോജക്ടുകൾക്കായി 17 ഏജൻസികൾ മുഖേന 85.839 കോടി രൂപ നൽകുകയുണ്ടായി. 2018-2019-ൽ നാളിതുവരെ 37 പ്രോജക്ടുകൾക്കായി 11 ഏജൻസികൾ മുഖേന 79.25 കോടി രൂപ നൽകുകയുണ്ടായി. ടി പ്രോജക്ടുകൾ വിജയകരമായി നടപ്പിലാക്കിവരുന്നു.

**പ്രളയം ബാധിച്ച കാർഷിക മേഖല**

8(*128) ശ്രീമതി ഗീതാ ഗോപി :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം സംസ്ഥാനത്തെ കാർഷിക മേഖലയെ ഗുരുതരമായി ബാധിച്ചുവോ; വ്യക്തമാക്കുമോ;

(ബി) പ്രളയത്തിന്റെ ഭാഗമായി വ്യാപകമായി നാശം നേരിട്ട കാർഷിക വിളകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) പ്രളയം സംസ്ഥാനത്തെ നെൽകൃഷിയെ എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കുമോ; കൃഷിയാരംഭിച്ച വയലുകളിലെ നെല്ലിന്റെയും ഞാറിന്റെയും നഷ്ടം പ്രത്യേകം കണക്കാക്കിയിട്ടുണ്ടോ;

(ഡി) 'ഓണത്തിന് ഒരുമുറം പച്ചക്കറി' പദ്ധതിയെ പ്രളയം എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ശീതകാല പച്ചക്കറി കൃഷി നടത്തിയ മേഖലകളിലെ നഷ്ടത്തിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ ):

(എ) 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 236649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷിക മേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ആയതിന്റെ ഘടകം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഘടകം | രൂപ (കോടിയിൽ) |
|---|---|---|
| 1 | വിളകൾക്കുണ്ടായ നാശനഷ്ടം | 18545.25 |
| 2 | കൃഷിഭൂമിക്കുണ്ടായ നാശനഷ്ടം (മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവ) | 326.25 |
| 3 | കാർഷിക മേഖലയിലെ ആസ്തികൾക്കും ഉല്പാദനോപാധികൾക്കും ഉണ്ടായ നാശനഷ്ടം | 130.34 |
| | ആകെ | 19001.84 |

(ബി) നെല്ല്, തെങ്ങ്, വാഴ, കവുങ്ങ്, കുരുമുളക്, റബ്ബർ, കപ്പ, ഏലം തുടങ്ങിയവ.

(സി) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയം 35000 ഹെക്ടർ സ്ഥലത്തെ ഉല്പാദനദശയിലുള്ള നെൽകൃഷിയേയും 820 ഹെക്ടർ സ്ഥലത്തെ ഞാറ്റടിയേയും പൂർണ്ണമായും നശിപ്പിച്ചുകളഞ്ഞു. 63211 ഹെക്ടർ സ്ഥലത്ത് 2018-ൽ ഒന്നാം വിള കൃഷി ചെയ്തിരുന്നതിൽനിന്നും പകുതിയിലേറെ സ്ഥലത്തെ കൃഷി പ്രളയംമൂലം നഷ്ടപ്പെട്ടു. അതിനുപുറമെ നെല്ലിന്റെ ഉല്പാദനം തുടങ്ങിയ ഘട്ടത്തിലെ കാലാവസ്ഥാ

വ്യതിയാനവും മഴയും വെള്ളക്കെട്ടും ഉല്പാദനക്ഷമതയെ വളരെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. കുട്ടനാട് പ്രദേശത്തെ പുഞ്ചകൃഷി, വയനാട് ജില്ലയിലെ നഞ്ചകൃഷി എന്നിവ ആരംഭിക്കുന്ന സമയത്തായിരുന്നു ഈ ദുരന്തം. വൻതോതിൽ ചെളിയടിഞ്ഞ പാടശേഖരങ്ങൾ കൃഷിയോഗ്യമാക്കുന്നത് ബൃഹത്തായ അദ്ധ്വാനവും സാമ്പത്തിക ബാധ്യതയും ഉണ്ടാക്കി. ഇതിനുപുറമേയാണ് നെല്ലിന്റെയും വിത്തിന്റെയും സംഭരണികൾക്കുണ്ടായ നാശവും തന്മൂലം ഉണ്ടായ വിത്തിന്റെ ക്ഷാമവും. കുട്ടനാട്/പൊക്കാളി/കോൾ പ്രദേശത്തെ പെട്ടിയും പറയും പമ്പുസെറ്റുകൾ, മോട്ടോർഷെഡ്, മോട്ടോർ തറ എന്നിവ വെള്ളം കയറിയതിനാൽ ഉപയോഗയോഗ്യമല്ലാതാവുകയും വൈദ്യുതി ലൈനുകൾ മുറിഞ്ഞുപോവുകയും ചെയ്തതുമൂലം പമ്പിംഗിനും തടസ്സം നേരിട്ടു. ഇക്കാരണത്താൽ നിലവിലെ കൃഷിയും പ്രതികൂലമായി ബാധിക്കപ്പെട്ടിട്ടുണ്ട്.

(ഡി) നടപ്പുവർഷത്തെ ഓണക്കാലത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിലുപരി 25000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി കൊണ്ടുവരുവാൻ ലക്ഷ്യമിട്ടുകൊണ്ടായിരുന്നു പദ്ധതി നടപ്പിലാക്കി തുടങ്ങിയത്. എന്നാൽ അപ്രതീക്ഷിതമായി ഉണ്ടായ പ്രളയം ഈ പദ്ധതിയെ സാരമായി ബാധിച്ചു. തന്മൂലം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിവന്ന പദ്ധതിയിൽ പച്ചക്കറി വിള വിസ്തൃതിയുടെ ഏകദേശം 70% മുതൽ 75% വരെ വിളനാശം സംഭവിക്കുകയും പദ്ധതി ലക്ഷ്യത്തിലെത്തിക്കുവാൻ സാധിക്കാതെ വരികയും ചെയ്തു.

(ഇ) ഇടുക്കി ജില്ലയിൽ പ്രളയംമൂലം 188 ഹെക്ടർ ശീതകാല പച്ചക്കറികൃഷി പൂർണ്ണമായും നശിച്ചു.

## ഉന്നതവിദ്യാഭ്യാസ മേഖലയുടെ നവീകരണം

9(*129) <u>പ്രൊഫ. കെ. യു. അരുണൻ</u> :
<u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീ. പി. കെ. ശശി</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജ്ഞാനോല്പാദനത്തിലൂടെ സാമൂഹ്യ പുരോഗതിയുടെ ചാലകശക്തിയാകുകയെന്ന ലക്ഷ്യം നിറവേറ്റുന്നതിന് ഉന്നതവിദ്യാഭ്യാസ മേഖലയെ നവീകരിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾ അന്താരാഷ്ട്ര നിലവാരമുള്ള താക്കിത്തീർക്കുന്നതിനും കാലികപ്രസക്തിയുള്ള പാഠ്യപദ്ധതി രൂപപ്പെടുത്തുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) വിദ്യാഭ്യാസ നിലവാരമുയർത്തുന്നതിന്റെ മുന്നുപാധിയായ അടിസ്ഥാന സൗകര്യ വികസനത്തിനും അദ്ധ്യാപക നിലവാരം ഉയർത്തുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) വിജ്ഞാനോല്പാദനത്തിലൂടെ സാമൂഹ്യപുരോഗതിയുടെ ചാലക ശക്തിയാകുകയെന്ന ലക്ഷ്യം നിറവേറ്റുന്നതിന് ഉന്നത വിദ്യാഭ്യാസ മേഖലയെ നവീകരിക്കാനായി താഴെ പറയുന്ന പദ്ധതികൾ ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ആവിഷ്കരിച്ചിട്ടുണ്ട്.

1. സ്റ്റേറ്റ് അസസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്റർ (SAAC):- സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിലും സ്വയംഭരണ മേഖലയിലും സ്വാശ്രയ മേഖലയിലും പ്രവർത്തിക്കുന്ന കോളേജുകളെയും ഇതര ഉന്നത വിദ്യഭ്യാസ സ്ഥാപനങ്ങളെയും അസസ്സ് ചെയ്തും സംസ്ഥാനത്ത് നിലനിൽക്കുന്ന സവിശേഷമായ സാമൂഹിക ഭൗതിക അക്കാദമിക സാഹചര്യങ്ങൾകൂടി കണക്കാക്കിയും സ്റ്റേറ്റ് അസസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്റർ (SAAC) രൂപീകരിക്കുന്നതാണ്.

2. പ്രബുദ്ധത:- ഉന്നത വിജ്ഞാനത്തിന്റെ ജനാധിപത്യവത്ക്കരണവും സാമൂഹികവത്ക്കരണവും ലക്ഷ്യമാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ചിരിക്കുന്ന ഇന്ത്യയിലെതന്നെ ആദ്യ സോഷ്യോ അക്കാദമിക് പദ്ധതിയാണ് പ്രബുദ്ധത.

3. ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി:- സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് കോളേജുകളിലും സർവകലാശാലാ ഡിപ്പാർട്ടുമെന്റുകളിലും ബിരുദ, ബിരുദാനന്തര തലത്തിൽ നോൺ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 2009 മുതൽ ഉന്നത വിദ്യഭ്യാസ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

4. ക്ലസ്റ്റർ കോളേജ് പദ്ധതി:- ഒരേ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ (പ്രത്യേകിച്ചും കോളേജുകൾ), അക്കാദമികവും ഭൗതികവുമായ വിഭവങ്ങൾ പരസ്പരം പങ്കുവയ്ക്കുകയും അതുവഴി ഉന്നത വിദ്യാഭ്യാസ രംഗത്ത് മേന്മ (excellence) കൈവരിക്കുന്നതിനുമായി 'ക്ലസ്റ്റർ ഓഫ് കോളേജസ് ' എന്ന ആശയം വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ വിവിധ കോളേജുകളെ കോർത്തിണക്കിക്കൊണ്ട് തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോട്ടും കോളേജ് ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ട്.

5. ഓൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ:- വിദ്യാർത്ഥികൾക്കും നയരൂപീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കും ഒരുപോലെ പ്രയോജനപ്പെടുത്താൻ കഴിയുംവിധം തയ്യാറാക്കാൻ ഉദ്ദേശിക്കുന്ന സമഗ്ര സ്വഭാവമുള്ള ഒരു ഡാറ്റാബാങ്ക് ആണിത്.

6. എറുഡൈറ്റ് പദ്ധതി:- ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'എറുഡൈറ്റ് ' അഥവാ 'Scholar in Residence Scheme'.

7. അക്കാദമിക വോളന്റിയർ ബാങ്ക്:- ജീവിതത്തിന്റെയും വിജ്ഞാനത്തിന്റെയും വിവിധ തുറകളിൽ വൈദഗ്ധ്യം ആർജ്ജിച്ചവരെ ഉന്നത വിദ്യഭ്യാസ മേഖലയുടെ ഗുണമേന്മാ വർദ്ധനവിനായി ആവിഷ്കരിക്കുന്ന വിവിധ പരിപാടികളിൽ പങ്കാളികളാക്കുന്നതിനുള്ള ഒരു നൂതന പദ്ധതിയാണിത്.

8. ബ്രെയിൻ ഗെയിൻ സമീപനം:- പ്രവാസികളായ അക്കാദമിക്കുകളേയും പണ്ഡിതരേയും സംസ്ഥാനത്തെ കോളേജുകളിലെയും സർവ്വകലാശാലകളിലെയും കാമ്പസ്സുകളിൽ എത്തിക്കാനുള്ള സംരംഭമാണിത്.

9. ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തിന്റെ പുനഃസംഘാടനം:- 2009-10 അക്കാദമിക് വർഷം മുതൽ സംസ്ഥാനത്ത് ബിരുദതലത്തിൽ സി.ബി.സി.എസ്.എസ്. (Choice Based Credit Semester System) സമ്പ്രദായം നടപ്പിലാക്കിയിരുന്നു. അക്കാദമിക ഗുണനിലവാരം വർദ്ധപ്പിക്കുന്നതിന് ഈ മാറ്റം കാരണമായിട്ടുണ്ട്. ഇതിന് തുടർച്ചയായി, ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തിന്റെ കരിക്കുലം പുനഃസംഘടിപ്പിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു അഞ്ചംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ സർവ്വകലാശാലകൾ, ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, എഞ്ചിനിയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, പൈതൃക കോളേജുകൾ എന്നിവയെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ട് അനുവദിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. വിവിധ കോളേജുകളിൽ ബിരുദതലത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി പ്രത്യേക ക്ലാസുകൾ നൽകി പരീക്ഷകൾക്ക് തയ്യാറാക്കുന്ന Scholar Support Program, പഠനത്തിൽ പ്രഗത്ഭരായ വദ്യാർത്ഥികൾക്ക് വിവിധ രീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് Walk with Scholar എന്ന പദ്ധതി, കേരളത്തിലെ കോളേജുകളിലെ യുവാക്കളായ അദ്ധ്യാപകരുടെ ഒരു സംഘത്തെ കണ്ടെത്തി അവരിലെ പ്രത്യേക വാസനകൾ വികസിപ്പിക്കുന്നതിനും അദ്ധ്യയന

രംഗത്തെ കണ്ടെത്തലുകളുടെയും ഗവേഷണങ്ങളുടേയും സമന്വയം ത്വരിതപ്പെടുത്തുന്നതിനും വേണ്ടി FLAIR (Fostering Linkages For Academic Innovation and Research) എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. വിദ്യഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുമായി ബിരുദ ബിരുദാനന്തര ബിരുദ തലത്തിലുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകി വരുന്നുണ്ട്.

കൂടാതെ സാങ്കേതിക വിദ്യഭ്യാസ വകുപ്പിനുകീഴിൽ പോളിടെക്നിക്കുകളിൽ ഫിനിഷിംഗ് സ്കൂൾ, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ എഞ്ചിനീയറിംഗ് വകുപ്പിൽ ട്രാൻസ്പോർട്ടേഷൻ എഞ്ചിനിയറിംഗ് ഗവേഷണ കേന്ദ്രം തുടങ്ങിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രികളിലും മറ്റ് സർക്കാർ സ്ഥാപനങ്ങളിലെയും ഉപയോഗശൂന്യമായ യന്ത്രങ്ങളും ഉപകരണങ്ങളും മറ്റുവസ്തുക്കളും പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ നാഷണൽ സർവ്വീസ് സ്കീമിന്റെ ടെക്നിക്കൽ സെൽ പുനർജനി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ പൈലറ്റ് പ്രോജക്ടായി Satellite നിർമ്മാണം, ഉൽപ്പന്നരൂപീകരണ വികസനകേന്ദ്രം എന്നിവ ആരംഭിച്ചിട്ടുണ്ട്. ഗ്രാമീണ സാങ്കേതികത്വം മെച്ചപ്പെടുത്തുന്നതിനായി കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിൽ ഒരു ഗ്രാമീണ സാങ്കേതിക വികസന കേന്ദ്രവും ആരംഭിച്ചിട്ടുണ്ട്.

(ബി) സർവ്വകലാശാല പഠനനിലവാരം ഉയർത്തുന്നതിനായി അന്തർദ്ദേശീയ നിലവാരത്തിലുള്ള അത്യാധുനിക ഗവേഷണ ലബോറട്ടറികൾ, ലബോറട്ടറി കെട്ടിടങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് കിഫ്ബി വഴി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ദേശീയ അന്തർദ്ദേശീയ സെമിനാറുകളിലെ പങ്കാളിത്തം, ഗവേഷണ പരിചയം, വിദഗ്ധ സ്ഥാപനങ്ങളിലെ ഇന്റേൺഷിപ്പ് പാഠ്യപദ്ധതിയുടെ കാലികമായ പരിഷ്കരണം എന്നിവയിലൂടെ കോഴ്സുകളുടെ നിലവാരം ഉയർത്തുന്നു. ഓരോ കോഴ്സുകൾക്കും പഠനവിഷയങ്ങൾ, പഠനരീതികൾ എന്നിവ തീരുമാനിക്കുവാൻ പഠനബോർഡുകൾ രൂപീകരിക്കുകയും യു.ജി.സി.-യുടെയും ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെയും നിർദ്ദേശപ്രകാരമുള്ള പരിഷ്കാരങ്ങൾ കൊണ്ടുവരികയും, സിലബസ്സ് പരിഷ്കരണത്തിനായി ശില്പശാലകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

(സി) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ വരുന്ന 9 സർവ്വകലാശാലകൾ 66 ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, 7 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, 9 സർക്കാർ

പോളിടെക്നിക്കുകൾ, ശതാബ്ദി കഴിഞ്ഞ 5 പൈതൃക കോളേജുകൾ എന്നിവയുടെ നൂതന രീതിയിലുള്ള അടിസ്ഥാന സൗകര്യ വികസനം കിഫ്ബി ധനസഹായം ഉപയോഗിച്ചുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അദ്ധ്യാപകർക്കായി ഓറിയന്റേഷൻ, റിഫ്രഷർ കോഴ്സുകൾ, സെമിനാറുകൾ, ട്രെയിനിംഗ് പ്രോഗ്രാമുകൾ എന്നിവ നടത്താറുണ്ട്. കൂടാതെ ആധുനിക നിലവാരമുള്ള ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം മുതലായവ ക്രമീകരിച്ച് അദ്ധ്യാപകരുടെ നിലവാരം ഉയർത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. നൂതന ബോധന സങ്കേതങ്ങളുടെയും ഉപകരണങ്ങളുടെയും ഉപയോഗത്തിൽ അദ്ധ്യാപകർക്ക് നൈപുണ്യം നേടുന്നതിന്, ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഫാക്കൽറ്റി ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോളേജുകളിലും സർവ്വകലാശാലകളിലും ഗവേഷണ നിലവാരം മെച്ചപ്പെടുത്തുന്നതായി ആധുനിക സൗകര്യങ്ങളോടുകൂടിയ Common Instrumentation Facility Centre സ്ഥാപിച്ചിട്ടുണ്ട്. IQAC വഴി യൂണിവേഴ്സിറ്റിയിലെയും കോളേജിലെയും അദ്ധ്യപകരുടെ നിലവാരം മെച്ചപ്പടുത്തുന്നതിന് ശില്പശാല നടത്തുന്നുണ്ട്.

കൂടാതെ അദ്ധ്യാപകർക്ക് അറിവ് വികസിപ്പിക്കുന്നതിന്റെ ഭാഗമായി അതത് മേഖലയുമായി ബന്ധപ്പെട്ട വിദഗ്ദ്ധരെക്കൊണ്ട് പരിശീലനം നൽകുന്നതിനായി തൃശ്ശൂരിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും തിരുവനന്തപുരം സി.ഇ.ടി.-ലും കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിലും സ്റ്റാഫ് ഡെവലപ്പ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. എ.ഐ.സി.റ്റി.ഇ., തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെയും, തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെയും ക്യൂ.ഐ.പി. കേന്ദ്രങ്ങൾ മെച്ചപ്പെട്ട ഗുണനിലവാര കേന്ദ്രങ്ങളായി അംഗീകരിക്കുകയും അതുവഴി എഞ്ചിനീയറിംഗ് കോളേജുകളിൽ ഉന്നത നിലവാരത്തിലുള്ള ഗവേഷണത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

**സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ**

10(*130) ശ്രീ. ബി. സത്യൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന പ്രതിസന്ധിയെക്കുറിച്ച് പഠിക്കാനായി നിയോഗിച്ച പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനെ മൂന്ന് മേഖലകളാക്കി വിഭജിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം കാര്യങ്ങളുടെ അടിസ്ഥാനത്തിലാണ് ഇപ്രകാരം മൂന്ന് മേഖലകളായി വിഭജിച്ചിരിക്കുന്നതെന്നും ഓരോ മേഖലയിലും വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. -യെ ലാഭകരമാക്കുന്നതിനായി ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും റൂട്ടുകൾ പുനഃക്രമീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>):

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് വിശദപഠനം നടത്തുന്നതിനായി സർക്കാർ നിയോഗിച്ച പ്രൊഫ.സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യെ, 24-7-2018-ൽ സയ്വംപര്യാപ്തമായ 3 മേഖലകളാക്കിയിട്ടുണ്ട്. മേഖലാ ഓഫീസർമാരുടെ കർത്തവ്യങ്ങളും ചുമതലകളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കെ.എസ്.ആർ.ടി.സി.-യെ സാമൂഹ്യ പ്രതിബദ്ധതയാർന്ന സാമ്പത്തികമായി സ്വയംപര്യാപ്തമായ ഒരു സ്ഥാപനമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കോർപ്പറേഷനെ മൂന്ന് മേഖലകളാക്കി മാറ്റിയിട്ടുണ്ട്. സ്വയം പര്യാപ്തവും മത്സരബുദ്ധിയോടുകൂടി പ്രവർത്തിക്കുന്നതുമായ മൂന്ന് മേഖലകൾ രൂപീകരിക്കുന്നത് മുഖേന പൊതുജനങ്ങൾക്കും യാത്രക്കാർക്കും കൂടുതൽ സേവനം സമയബന്ധിതമായി നൽകാൻ കഴിയുമെന്നും അതിലൂടെ കൂടുതൽ വരുമാനം നേടാനാകുമെന്നും കോർപ്പറേഷൻ പ്രതീക്ഷിക്കുന്നു.

ജീവനക്കാരുടെ വിന്യാസം, ജീവനക്കാരുടെ അപേക്ഷകൾ, സർവ്വീസ് ഓപ്പറേഷന് ആവശ്യമായ ബസ്സുകളുടെ വിന്യാസം, സാമ്പത്തിക ഇടപാടുകൾ മുതലായ തദ്ദേശീയമായി പരിഹരിക്കേണ്ട വിഷയങ്ങൾ എക്സിക്യൂട്ടീവ് ഡയറക്ടർ റാങ്കിലുള്ള മേഖലാ അധികാരികളുടെ കീഴിൽ കൊണ്ടുവരുമ്പോൾ ചീഫ് ഓഫീസിൽനിന്ന് ആവശ്യങ്ങൾ പരിഹരിച്ചുവരുന്നതിനേക്കാൾ വേഗത്തിൽ പൂർത്തീകരിക്കാനാകും. ആയത് കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ ശാക്തീകരിക്കും.

ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥന്മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ മേൽ പരാമർശിച്ച തരത്തിൽ സർവ്വീസ് ഓപ്പറേഷനും കോർപ്പറേഷന്റെ പ്രവർത്തനവും സാമ്പത്തികവും മെച്ചപ്പെടുന്നത് മുഖേന ലാഭനഷ്ടമില്ലാത്ത സ്ഥാപനമാക്കി കെ.എസ്.ആർ.ടി.സി.-യെ മാറ്റുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വരുമാനം കുറവുള്ള സർവ്വീസുകൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതിലേയ്ക്കായി യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ ഷെഡ്യൂൾ പുനഃക്രമീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, പുതിയ ഡ്യൂട്ടി പാറ്റേണും ജീവനക്കാരുടെ പുനർവിന്യാസവും നടപ്പിലാക്കിയതുവഴി മാനവവിഭവശേഷി കാര്യക്ഷമമായി പ്രയോജനപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്.

(സി) വരുമാനം കുറവുള്ള സർവ്വീസുകൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതിലേയ്ക്കായി യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ ഷെഡ്യൂൾ പുനഃക്രമീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പുതിയ ഡ്യൂട്ടി പാറ്റേണും ജീവനക്കാരുടെ പുനർവിന്യാസവും നടപ്പിലാക്കിയതുവഴി മാനവവിഭവശേഷി കാര്യക്ഷമമായി പ്രയോജനപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്.

മെക്കാനിക്കൽ ജീവനക്കാരുടെ ജോലിസമയം, പുനഃക്രമീകരിച്ചതിലൂടെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാനഭാരം കുറച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഫ്ളീറ്റ് യൂട്ടിലൈസേഷൻ നിലവിൽ ഉള്ളതിൽനിന്നും ദേശീയ ശരാശരിയിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

ഇപ്രകാരം മെക്കാനിക്കൽ വിഭാഗത്തിൽ ഡ്യൂട്ടി പരിഷ്കരണം നടപ്പിൽ വരുത്തുന്നതിനുമുമ്പ് 2016 ജൂൺ മാസത്തിൽ ഓഫ് റോഡ് നിരക്ക് 12.06% ആയിരുന്നത് ക്രമാനുഗതമായി 2017 ജൂണിൽ 9.94%-ഉം 2018 ജൂണിൽ 9.5%-ഉം ആയി കുറഞ്ഞിട്ടുണ്ട്. ഇത് 5% ആക്കുന്നതിനാണ് പരിഷ്കരണ നടപടികളിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്.

**എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്താനുള്ള പദ്ധതികൾ**

11(*131) ശ്രീ. കെ. രാജൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എഞ്ചിനീയറിംഗ് ബിരുദപഠനം സമഗ്രമായി പരിഷ്കരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ;

(സി) അക്കാദമിക് പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ഡി) അക്കാദമികേതര പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ;

(ഇ) എഞ്ചിനീയറിംഗ് പഠനകാലത്ത് സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്. അടിസ്ഥാന വിഷയങ്ങളിൽ പ്രാവീണ്യം ഇല്ലാതെ എഞ്ചിനീയറിംഗ് പഠിക്കുന്ന വിദ്യാർത്ഥികൾ എഞ്ചിനീയറിംഗ് പഠനം പകുതി വഴിയിൽ ഉപേക്ഷിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ കോളേജുകളുടെ എണ്ണം അനിയന്ത്രിതമായി വർദ്ധിച്ചത് കാരണം അദ്ധ്യാപന പരിചയവും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും അദ്ധ്യാപന അഭിരുചിയുമുള്ള അദ്ധ്യാപകരുടെ അഭാവം പഠന നിലവാരത്തെ ബാധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ സിലബസിലും പഠനരീതിയിലും കാലികമായ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. AICTE-യുടെ മോഡൽ കരിക്കുലം അനുസരിച്ച് അടുത്ത അദ്ധ്യയന വർഷം മുതൽ സിലബസ് പരിഷ്കരിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അടുത്ത അദ്ധ്യയന വർഷം മുതൽ എഞ്ചിനീയറിംഗ് പാസാകാൻ കുറഞ്ഞ മാർക്ക് 40% ആക്കുന്ന കാര്യം പരിഗണനയിലാണ്.

ഗുണനിലവാരം മെച്ചപ്പെടുത്തുവാനായി എല്ലാ കോളേജുകളും accreditation-ന് വിധേയമാകണം എന്ന് തീരുമാനിച്ചിട്ടുണ്ട്.

ലോക നിലവാരത്തിൽ ആദ്യ 200-ൽ വരുന്ന ശാസ്ത്രഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണങ്ങളും ഇന്റേൺഷിപ്പുകളും സ്റ്റുഡന്റ് എക്സ്ചേഞ്ച് പദ്ധതികളും നടത്താൻ ചട്ടങ്ങൾ സർവ്വകലാശാല ഉടൻ രൂപീകരിക്കും. വിദ്യാർത്ഥികൾക്ക് Skill അധിഷ്ഠിത പരിശീലനം നടത്തുന്നതിന് വിദേശ രാജ്യങ്ങളിലെപ്പോലെ 'Learn & Earn programme'-നുള്ള സംവിധാനം കോളേജുകളിൽ ഒരുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്. വിവരങ്ങൾ അനുബന്ധം (1)-ൽ കാണാവുന്നതാണ്.*

(ഡി) അക്കാദമികേതര പ്രവർത്തനങ്ങൾ എല്ലാ കോളേജുകളിലും നിലവിലുണ്ട്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്രസർവകലാശാല കെ.എസ്.സി.എസ്.ടി. (Kerala State Council for Science and Technology) യുടെ സഹായത്തോടുകൂടി 'ടെക്കോൺ' എന്ന പേരിൽ ടെക്ഫെസ്റ്റ് നടത്തിവരുന്നുണ്ട്. കൂടാതെ ഓരോ കോളേജിലും ഓരോ വർഷവും ടെക്നിക്കൽ ഫെസ്റ്റും കൾച്ചറൽ ഫെസ്റ്റും നടത്തിവരുന്നു. സ്പോർട്സിൽ മികവ് കാട്ടുന്ന വിദ്യാർത്ഥികൾക്ക് സർവകലാശാല ആക്ടിവിറ്റി പോയിന്റ്സ് നൽകുന്നുണ്ട്.

(ഇ) എ. പി. ജെ. അബ്ദുൾ കലാം ശാസ്ത്രസാങ്കേതിക സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ സംരംഭകത്വ പ്രോത്സാഹനത്തിനായി കേരള സ്റ്റാർട്ട് അപ്പ് മിഷനുമായും അസാപ്പുമായും സഹകരിച്ചുകൊണ്ട് പ്രത്യേക സ്റ്റാർട്ട് അപ്പ് നയം തന്നെ സാങ്കേതിക സർവ്വകലാശാല പുറത്തിറക്കിയിട്ടുണ്ട്. കോളേജുകളിൽ പാഠ്യപദ്ധതിയുടെ ഭാഗമായിത്തന്നെ വിദ്യാർത്ഥികളുടെ ശേഷി വികസിപ്പിക്കുന്നതിനും തൊഴിൽ നേടുവാൻ പ്രാപ്തരാക്കുന്നതിനുമായി വിവിധ Soft skill development Programme ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക് കോളേജുകളിലും ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. തെരഞ്ഞെടുത്ത 20 കോളേജുകളിൽ ഫാബ് ലാബ് സ്ഥാപിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് പഠന കാലത്ത് സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് പൂർത്തിയാക്കാൻ ഒരു വർഷം വരെ സർവകലാശാല സാവകാശം നൽകാറുണ്ട്.

## ഉന്നത വിദ്യാഭ്യാസ മേഖലയുടെ നവീകരണം

12(*132) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസമേഖലയ്ക്ക് അക്കാദമിക നേതൃത്വം നൽകേണ്ട സർവ്വകലാശാലകൾ ഫലത്തിൽ നിഷ്ക്രിയമായിക്കൊണ്ടിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിലവിൽ വി.സി.-മാരില്ലാത്തതുമൂലം ദൈനംദിന പ്രവർത്തനങ്ങളിൽ പോരായ്മകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരീക്ഷകൾ യഥാസമയം നടക്കാത്തതും അവയുടെ റിസൽട്ട് സമയബന്ധിതമായി പ്രസിദ്ധീകരിക്കാത്തതും കാരണം വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനും മറ്റും പ്രശ്നങ്ങളുണ്ടാകുന്നതിന് എപ്രകാരം പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) കേരളത്തിലെ സർവ്വകലാശാലകൾ ഉന്നത വിദ്യഭ്യാസ മേഖലയിൽ ക്രീയാത്മകമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർവ്വകലാശാലകൾ മുൻകൂട്ടി അക്കാദമിക് കലണ്ടർ തയ്യാറാക്കുന്നതിനും നിശ്ചയിച്ച പ്രകാരം പരീക്ഷകൾ ഷെഡ്യൂൾ ചെയ്യുന്നതിനും ഇതിനോടകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ പ്രവേശന നടപടികൾ മുതൽ പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ എല്ലാ സർവ്വകലാശാലകളിലും നിശ്ചയിക്കപ്പെട്ട കലണ്ടർ പ്രകാരം നടക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സമഗ്രമായ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ എടുത്തുകഴിഞ്ഞു. ടി പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുമ്പോൾ മിക്ക പരാതികൾക്കും പരിഹാരം കാണാനാകുമെന്ന് കരുതുന്നു.

**ബസ് ചാർജ് വർദ്ധനവ്**

13(*133) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീസൽ വില വർദ്ധനയുടെ പേരിൽ സംസ്ഥാനത്തെ ബസ് ചാർജ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ചാർജ് വർദ്ധന സംബന്ധിച്ച് ശിപാർശ സമർപ്പിക്കുന്നതിന് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കാര്യങ്ങൾ പരിഗണിക്കുവാനാണ് കമ്മീഷനോട് ആവശ്യപ്പെട്ടത്;

(സി) ഈ സർക്കാർ എത്ര തവണ ബസ് ചാർജ് വർദ്ധിപ്പിക്കുകയുണ്ടായി; ആകെ എത്ര ശതമാനം വർദ്ധനവാണ് വരുത്തിയത്;

(ഡി) ദക്ഷിണേന്ത്യയിലെ ഏറ്റവും കൂടിയ ബസ് ചാർജ് നിരക്ക് സംസ്ഥാനത്താണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) അടിക്കടിയുണ്ടാകുന്ന ബസ് ചാർജ് വർദ്ധനവ് സാധാരണക്കാരായ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നതിനാൽ ബസ് ചാർജ് വർദ്ധിപ്പിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കുമോയെന്ന് അറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ&ബി) സംസ്ഥാനത്തെ ബസ് യാത്രാ നിരക്ക് പരിഷ്കരിക്കുന്നത് സംബന്ധിച്ച് വിവിധ ബസ്സുടമ സംഘടനകൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളും ചാർജ് വർദ്ധിപ്പിക്കേണ്ട സാഹചര്യങ്ങൾ ഉണ്ടോയെന്നും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ യാത്ര നിരക്ക് പരിഷ്കരിക്കുന്നതിനായി നിയമിച്ചിരിക്കുന്ന ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി 25-10-2018-ലെ സ.ഉ. (ആർ.ടി.) നമ്പർ 480/2018/ഗതാ. പ്രകാരം ഉത്തരവായിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജി.ഒ. (പി) നമ്പർ 4/2018/ട്രാൻ. തീയതി 26-2-2018 പ്രകാരം 2018 മാർച്ചിലാണ് ബസ് ചാർജ് വർദ്ധിപ്പിച്ചത്. ശരാശരി 10% വർദ്ധനവാണ് നിരക്കുകളിൽ ഉണ്ടായത്.

(ഡി) തമിഴ്നാടിനെയും, കർണ്ണാടകയെയും അപേക്ഷിച്ച് ഓർഡിനറി ബസ്സുകൾക്ക് കെ.എസ്.ആർ.ടി.സി.-യിൽ ചാർജ് കൂടുതലാണ്. എന്നാൽ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സർവ്വീസുകളുടെ നിരക്കുകൾ കണക്കിലെടുക്കുമ്പോൾ തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റ് നിരക്ക് കുറവാണ്. ശരാശരി ടിക്കറ്റ് നിരക്ക് കണക്കാക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ കർണ്ണാടകയും തമിഴ്നാടും ഈടാക്കുന്ന നിരക്കിനേക്കാൾ കുറവാണ്.

(ഇ) സംസ്ഥാനത്തെ ബസ് ചാർജ് വർദ്ധനവ് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

## ശബരിമല തീർത്ഥാടനത്തിനുള്ള യാത്രാ സൗകര്യങ്ങൾ

14(*134) ശ്രീമതി സി. കെ. ആശ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മണ്ഡല-മകര വിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് എന്തെല്ലാം മുന്നൊരുക്കങ്ങളും യാത്രാ സൗകര്യങ്ങളുമാണ് കെ.എസ്.ആർ.ടി.സി. ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) തീർത്ഥാടകർക്ക് മുൻകൂട്ടി യാത്രാസൗകര്യവും ദർശന സൗകര്യവും ഒരുക്കുന്നതിന് കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിയിട്ടുള്ള സേവനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) നിലക്കൽ-പമ്പ സർവ്വീസിന് അമിതചാർജ് ഈടാക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) മണ്ഡല-മകരവിളക്ക് മഹോൽസവത്തോടനുബന്ധിച്ച് യാത്രക്കാരുടെ തിരക്കിനനുസൃതമായി കേരളത്തിലെ വിവിധ കെ.എസ്.ആർ.ടി.സി. യൂണിറ്റുകളിൽനിന്നും പമ്പയിലേയ്ക്കും എരുമേലിയിലേയ്ക്കും പ്രത്യേക സർവ്വീസുകൾ നടത്തുന്നതിന് ബന്ധപ്പെട്ട മുഴുവൻ യൂണിറ്റ് അധികാരികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ചെയിൻ സർവ്വീസ് നടത്തുന്നതിനായി 40 എ.സി. ലോ ഫ്ലോർ ബസ്സുകളും 160 നോൺ എ.സി. ലോ ഫ്ലോർ ബസ്സുകളും, 5 ഇലക്ട്രിക് ബസ്സുകളും ഏർപ്പെടുത്തി. ഓരോ മിനിട്ട് ഇടവിട്ട് നോൺ എ.സി. ബസ്സുകളും, രണ്ട് മിനിട്ട് ഇടവിട്ട് എ.സി. ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്. തിരുവനന്തപുരം, വർക്കല, ശാർക്കര ക്ഷേത്രം, ആറ്റിങ്ങൽ, എറണാകുളം, തൃശ്ശൂർ, ഗുരുവായൂർ, ആലപ്പുഴ, തിരുമാന്ധാംകുന്ന് എന്നീ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട മുഖ്യസ്ഥലങ്ങളിൽനിന്നും മുൻകൂർ റിസർവ്വേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സംവിധാനത്തിലൂടെ നിലയ്ക്കലിൽനിന്ന് പമ്പയിലേയ്ക്കും തിരിച്ചും യാത്രക്കാർക്ക് ടിക്കറ്റ് ബുക്ക് ചെയ്യുന്നതിന് സൗകര്യം ഏർപ്പെടുത്തി. യാത്രക്കാർക്ക് സ്വന്തമായി ടിക്കറ്റ് എടുക്കാൻ നിലയ്ക്കലിൽ 10-ഉം പമ്പയിൽ 5-ഉം self service ticket kiosks സംവിധാനം സ്ഥാപിച്ചു. നെടുമ്പാശ്ശേരി

എയർപോർട്ടിൽനിന്നും ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും ശബരീദർശൻ എന്ന പേരിൽ പ്രത്യേക തീർത്ഥാടന പാക്കേജുകളും നടത്തിവരുന്നു. വിവിധ സംഘങ്ങളായി എത്തുന്ന അയ്യപ്പഭക്തരുടെ സൗകര്യാർത്ഥം നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽനിന്നും കേരളത്തിലെ വിവിധ ഭാഗങ്ങളിലേയ്ക്കും കോയമ്പത്തൂർ, പളനി, മധുര, ചെന്നൈ, നാഗർകോവിൽ, കന്യാകുമാരി എന്നിവിടങ്ങളിലേയ്ക്കും ദീർഘദൂര സ്ഥലങ്ങളിലേയ്ക്ക് കുറഞ്ഞ നിരക്കിൽ അയ്യപ്പഭക്തന്മാർക്ക് ബസ് പൂർണ്ണമായും വിട്ടുകൊടുത്ത് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ സ്വകാര്യ ബസ്സുകളേക്കാൾ കുറഞ്ഞ നിരക്കിൽ അയ്യപ്പഭക്തർക്ക് സംഘമായി ചേർന്ന് മറ്റ് സ്ഥലങ്ങളിലേയ്ക്ക് അവരുടെ ഇഷ്ടാനുസരണം പ്രത്യേകമായി യാത്ര ചെയ്യുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. വിവിധ ഭാഷയിൽ ബസ്സുകളുടെ വിവരങ്ങൾ തൽസമയം ഭക്തർക്ക് അറിയിപ്പായി നൽകുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുമുണ്ട്. കൂടാതെ നിലയ്ക്കലിൽ ഡിപ്പോ മാതൃകയിൽ പമ്പാ ബസ് സ്റ്റാൻഡിന് ഒപ്പംനിൽക്കുന്ന ബസ് സ്റ്റേഷൻ ആരംഭിക്കുകയും പ്രത്യേക ടിക്കറ്റ് ആൻഡ് ക്യാഷ് വിഭാഗം തുടങ്ങുകയും ചെയ്തു. ജീവനക്കാർക്ക് താമസിക്കുവാനുള്ള വിശ്രമമുറികളും മറ്റ് സൗകര്യങ്ങളും ആവശ്യത്തിന് ഏർപ്പെടുത്തിയിട്ടുണ്ട്. ത്രിവേണിയിൽ ആദ്യമായി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ആരംഭിച്ചു. ജീവനക്കാരെ തിരിച്ചറിയുവാനായി ഫ്ലൂറസന്റ് ജാക്കറ്റുകളും കളർ കുടകളും ത്രിവേണിയിലും നിലയ്ക്കലിലും നൽകി. പോലീസിന്റെ Virtual queue സംവിധാനവും കെ.എസ്.ആർ.ടി.സി.-യുടെ ബസ് ബുക്കിംഗ് സംവിധാനവും തമ്മിൽ ബന്ധിപ്പിക്കുകയും പമ്പയിലെയും സന്നിധാനത്തെയും തിരക്ക് നിയന്ത്രിക്കുന്നതിലേയ്ക്കായി ഘട്ടംഘട്ടമായി വാഹനങ്ങൾ വിവധ സമയങ്ങളിൽ ക്രമീകരിച്ച് വിടുന്നു.

(ബി) തീർത്ഥാടകർക്ക് ഉപകാരപ്രദമായ രീതിയിൽ യാത്രാ സൗകര്യം ഒരുക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ ഓൺലൈൻ ടിക്കറ്റിംഗ് സംവിധാനവും 15 self service ticket kiosk-കളും, കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയിട്ടുണ്ട്. ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് എന്നിവ ഉപേയാഗിക്കാവുന്ന ആധുനിക ATM-കൾ നിലയ്ക്കൽ - പമ്പ ചെയിൻ സർവ്വീസിന് നൽകിയിട്ടുണ്ട്.

(സി) സർക്കാർ ഉത്തരവുപ്രകാരം നിയമാനുസൃതമായ നിരക്കാണ് നിലയ്ക്കൽ - പമ്പ സർവ്വീസിന് ഈടാക്കുന്നത്. ഇത് ബഹു. ഹൈക്കോടതി ശരിവച്ചിട്ടുണ്ട്.

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗം നേരിടുന്ന നിലവാരത്തകർച്ച

15(*135) ശ്രീ. മോൻസ് ജോസഫ്:

ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. പി.ജെ.ജോസഫ് :

ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗം നേരിടുന്ന നിലവാരത്തകർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ അൻപത് ശതമാനംപോലും വിജയിക്കുന്നില്ലായെന്ന വസ്തുത ഗൗരവമായെടുത്ത് ഈ മേഖലയുടെ സമഗ്രമായ ഉന്നമനത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) അടിസ്ഥാന വിഷയങ്ങളിൽ പ്രാവീണ്യം ഇല്ലാതെ എഞ്ചിനീയറിംഗ് പഠിക്കുന്ന വിദ്യാർത്ഥികൾ എഞ്ചിനീയറിംഗ് പഠനം പകുതിവഴിയിൽ ഉപേക്ഷിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ കോളേജുകളുടെ എണ്ണം അനിയന്ത്രിതമായി വർദ്ധിച്ചത് കാരണം അദ്ധ്യാപന പരിചയവും ഉയർന്ന വിദ്യഭ്യാസ യോഗ്യതയും അദ്ധ്യാപന അഭിരുചിയുമുള്ള അദ്ധ്യാപകരുടെ അഭാവവും പഠന നിലവാരത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്ത് സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങൾ മികച്ച നിലവാരം പുലർത്തുന്നുണ്ട്.

(ബി) എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ സിലബസിലും പഠനരീതിയിലും കാലികമായ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. AICTE മോഡൽ കരിക്കുലം അടിസ്ഥാനമാക്കി അടുത്ത അദ്ധ്യയന വർഷംതന്നെ സിലബസ് പരിഷ്കരണം നടത്തും. AICTE-യുടെ മോഡൽ കരിക്കുലം അനുസരിച്ച് അടുത്ത അദ്ധ്യയന വർഷം മുതൽ എഞ്ചിനീയറിംഗ് പാസാകാൻ കുറഞ്ഞ മാർക്ക് 40% ആക്കുന്ന കാര്യം പരിഗണിക്കും. പരീക്ഷ നടത്തിപ്പും മൂല്യനിർണ്ണയവും കുറ്റമറ്റതാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പി.എച്ച്.ഡി. യോഗ്യതയുള്ളവരെ മാത്രമേ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രിൻസിപ്പൽമാരായി നിയമിക്കാവൂ എന്നും എം.ടെക്. യോഗ്യതയുള്ളവരെ മാത്രമേ അദ്ധ്യാപകരായി നിയമിക്കാവൂ എന്നുമുള്ള നിർദ്ദേശം നിലനിൽക്കുന്നു.

എഞ്ചിനീയറിംഗ് കോളേജുകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനായി എല്ലാ കോളേജുകളും accreditation-ന് വിധേയമാകണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സാങ്കേതിക വൈദഗ്ദ്യത്തോടൊപ്പം തൊഴിൽ നൈപുണ്യവും വികസിപ്പിച്ച് തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികളും വ്യവസായ മേഖലയിൽ ഇന്റേൺഷിപ്പുകളും ഗവേഷണ സംരംഭങ്ങളും നടപ്പിലാക്കിവരുന്നു.

ലോക നിലവാരത്തിൽ ആദ്യ 200-ൽ വരുന്ന ശാസ്ത്രഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണങ്ങളും ഇന്റേൺഷിപ്പുകളും സ്റ്റുഡന്റ് എക്സ്ചേഞ്ച് പദ്ധതികളും നടത്താനുള്ള ചട്ടങ്ങൾ രൂപീകരിക്കും. തൊഴിൽ നൈപുണ്യത്തിന് ഊന്നൽ നൽകിക്കൊണ്ട് പഠനം പകുതിവഴിയിൽ ഉപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്കായി തൊഴിലധിഷ്ഠിത ഡിപ്ലോമ, അഡ്വാൻസ്ഡ് ഡിപ്ലോമ, വൊക്കേഷണൽ ഡിഗ്രി എന്നിവ നൽകാനുള്ള തീരുമാനം പരിഗണനയിലുണ്ട്.

## ഖരമാലിന്യ സംസ്കരണ നയം

16(*136) ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖരമാലിന്യ സംസ്കരണ നയം രൂപീകരിക്കാത്തതിന് സുപ്രീംകോടതി പിഴ ശിക്ഷ വിധിച്ചിരുന്നോ; വിശദാംശം നൽകുമോ;

(ബി) ഖരമാലിന്യ സംസ്കരണ നയം പിന്നീട് സുപ്രീംകോടതിയെ അറിയിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നയത്തിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഖരമാലിന്യ സംസ്കരണ ചട്ടം 2016-ലെ ചട്ടം 11 & 15 അനുസരിച്ച് മാലന്യ സംസ്കരണ നയം യഥാസമയം രൂപീകരിച്ച് ആയത് സംബന്ധിച്ച അഫിഡവിറ്റ് സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്യാതിരുന്നതിന് കേരളം ഉൾപ്പെടെ 13 സംസ്ഥാനങ്ങൾക്ക് 10-7-2018-ലെ സുപ്രീംകോടതി ഉത്തരവ് പ്രകാരം ഒരു ലക്ഷം രൂപ പിഴശിക്ഷ വിധിച്ചിരുന്നു.

(ബി) ഉണ്ട് വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഖരമാലിന്യ സംസ്കരണ നയത്തിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:

1. വ്യക്തികളും സ്ഥാപനങ്ങളും പൊതുജനങ്ങളും ഉല്പാദിപ്പിക്കുന്ന മാലിന്യം സ്വയം സംസ്കരിക്കുന്നതിനുള്ള ഉത്തരവാദിത്തം സംബന്ധിച്ച് അവബോധം സൃഷ്ടിക്കുക.
2. മാലിന്യത്തിന്റെ സ്വഭാവമനുസരിച്ച് ഉറവിടത്തിൽത്തന്നെ തരംതിരിക്കുന്നതിനുള്ള സ്വഭാവമാറ്റം സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുക.
3. മാലിന്യ സംസ്കരണവും പൊതുജനാരോഗ്യവും പരിസ്ഥിതി ശുചിത്വവും തമ്മിലുള്ള ബന്ധം സംബന്ധിച്ച് അവബോധം സൃഷ്ടിക്കുക.
4. അഴുകുന്ന ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനും അഴുകാത്തവ ശേഖരിച്ച് കേന്ദ്രീകൃത മാലിന്യ സംസ്കരണ കേന്ദ്രങ്ങളിൽ സംസ്കരിക്കുന്നതിനും അനുയോജ്യമായ സാങ്കേതികവിദ്യകൾ സ്വീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
5. സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്നതിന് സ്ഥലമോ, സമയമോ, സാമ്പത്തികമോ ഇല്ലാത്ത വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും മാലിന്യം സംസ്കരിക്കുന്നതിന് പൊതുമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുക.
6. മാലിന്യത്തിന്റെ തോത് കുറയ്ക്കുന്നതിനായി മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, പുനരുപയോഗം ചെയ്യുക, പുനഃചംക്രമണം ചെയ്യുക എന്നീ കാര്യങ്ങൾ പ്രോത്സാഹിപ്പിക്കുക.
7. വത്യസ്ത തലങ്ങളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

8. എല്ലാ മേഖലയിലും മാലിന്യ സംസ്കരണം ഒരു പ്രധാന വിഷയമായി കണ്ടുകൊണ്ടുള്ള ആസൂത്രണവും നടപടി സ്വീകരിക്കലും.

9. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ആസൂത്രണം, ആവിഷ്കരണം, പ്രവർത്തനം, പരിപാലനം തുടങ്ങിയവയ്ക്ക് മുൻഗണന നൽകുന്ന രീതിയിൽ നഗരസഭകളെയും ഗ്രാമപഞ്ചായത്തുകളെയും പൊതു-സ്വകാര്യ മേഖലാ സ്ഥാപനങ്ങളെയും പൊതുജനങ്ങളെയും ശാക്തീകരിക്കുക.

10. മാലിന്യം കൈകാര്യം ചെയ്യുന്നവർക്ക് പാരിസ്ഥിതികവും സാമൂഹികവും സുരക്ഷിതവുമായി സംരക്ഷണം ഉറപ്പാക്കുക.

11. വികസനം നടപ്പിലാക്കുകയും ആവശ്യമായ മനുഷ്യ വിഭവ സമ്പത്ത് വിന്യസിക്കുകയും ചെയ്യുക.

## പ്രളയം കാർഷികമേഖലയിൽ സൃഷ്ടിച്ച നാശനഷ്ടങ്ങൾ

17(*137) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീമതി യു. പ്രതിഭ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ മഹാപ്രളയം കാർഷിക മേഖലയിൽ സൃഷ്ടിച്ച നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നത് പൂർത്തിയായോ;

(ബി) ഈ സർക്കാർ കാർഷിക മേഖലയിൽ ദീർഘവീക്ഷണത്തോടെയും കാര്യക്ഷമതയോടെയും നടത്തിയ ഇടപെടലിന്റെ ഫലമായി സൃഷ്ടിച്ച നേട്ടം പ്രളയത്തിൽ തകർന്നടിഞ്ഞ സാഹചര്യത്തിൽ ആയത് പുന:സ്ഥാപിക്കാനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) പ്രളയം മണ്ണിനുണ്ടാക്കിയ ശോഷണം പുനഃസ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; നടീൽ വസ്തുക്കളുടെയും വളത്തിന്റെയും കാർഷിക വായ്പയുടെയും ലഭ്യത ഉറപ്പാക്കാനായി നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷിക മേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്.

മഹാപ്രളയത്തിൽ സംഭവിച്ച കൃഷിനാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഇതുവരെ 305964 കർഷകർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 232966 കർഷകർക്ക് SDRF ഫണ്ടിൽനിന്നും 66.747 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ, സംസ്ഥാന വിഹിതമായി 218198 കർഷകർക്ക് 110.27 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളിമണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കംചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും 525 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 11750 കർഷകർക്ക് നഷ്ടപരിഹാരമായി 18.19 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ഭീമ യോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും വായ്പ എടുത്തിട്ടും വിള ഇറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25% നൽകുന്നതിന് സർക്കാർ തീരുമാനിച്ചു.

(ബി) കാർഷിക മേഖലയ്ക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി സംസ്ഥന കൃഷി വകുപ്പ് ബഹുമുഖ പദ്ധതികളാണ് തയ്യാറാക്കി കേന്ദ്ര കൃഷി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലായി 1603 കോടി രൂപയുടെ കേന്ദ്ര ധനസഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര കൃഷിമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. 'മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ' എന്ന പദ്ധതിയിൻ കീഴിൽ 102.1855 കോടി രൂപയുടെ അധിക ധനസഹായത്തിനുള്ള നിർദ്ദേശം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി സമർപ്പിക്കുകയും കേന്ദ്രസർക്കാർ ഈയിനത്തിൽ 93.39 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തെങ്ങ്, സുഗന്ധവിളകൾ, വാഴ, പച്ചക്കറികൾ, വീട്ടുവളപ്പിലെ കൃഷി, മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തൽ എന്നീ ഘടകങ്ങളിലായി ഇന്റർനാഷണൽ ഫണ്ട് ഫോർ അഗ്രികൾച്ചർ ഡെവലപ്മെന്റ് (I.F.A.D)-ൽനിന്നും 500 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

പ്രളയക്കെടുതികളിൽനിന്നും കർഷകരെ കൈപിടിച്ച് ഉയർത്തുന്നതിനും ശാസ്ത്രീയ സമീപനത്തിലൂടെയും സന്നദ്ധ സേവനത്തിലൂടെയും കാർഷികമേഖലയെ പുനഃസൃഷ്ടിക്കുന്നതിനുമായി "പുനർജനി" എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

കർഷകർക്ക് ആവശ്യമായ മാനസികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകി അവരെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യംവച്ചുകൊണ്ട് കൃഷിവകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ ആസൂത്രണ ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള 2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായ "പുനർജനി" എന്ന പേരിൽ ഒരു പാക്കേജ് തയ്യാറാക്കി നൽകിയിട്ടുണ്ട്.

(സി) മണ്ണിന്റെ ശോഷണം പുനഃസ്ഥാപിക്കുന്നതിനായി 2018-19 വർഷത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പാക്കുന്ന മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതി കൂടാതെ 10,000 ഹെക്ടർ കൃഷിഭൂമിയിൽ കുമ്മായ വിതരണത്തിനായി 90.00 കോടി രൂപയുടെ പ്രത്യേക പാക്കേജ് പദ്ധതിയിൽ 540.00 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രളയത്തിൽ നെൽകൃഷി നശിച്ചുപോയ മുഴുവൻ കർഷകർക്കും വീണ്ടും വിതയ്ക്കുന്നതിന് 5650.85 മെട്രിക് ടൺ വിത്ത് പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. ഈ വകയിൽ കർഷകർക്ക് 22.6 കോടി രൂപയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഇതോടൊപ്പം ഒരു കോടി പച്ചക്കറിത്തൈകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ 50 ലക്ഷം പച്ചക്കറിവിത്ത് പാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്തുകഴിഞ്ഞു. കൃഷിയിടങ്ങളിലേയ്ക്ക് ആവശ്യമായ കുമ്മായം 75% സബ്സിഡി നിരക്കിൽ, 43100 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടർ ഒന്നിന് 5,400 രൂപ നിരക്കിൽ വിതരണം ചെയ്തു. ഈ ഇനത്തിൽ 23.40 കോടി രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിച്ചിട്ടുണ്ട്. ഈ ആനുകൂല്യം 10000 ഹെക്ടർ സ്ഥലത്തേയ്ക്കുകൂടി ലഭ്യമാക്കുന്നതിന് 5.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ, 12 ലക്ഷം വേരുപിടിപ്പിച്ച കുരുമുളക് തൈകൾ പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. ഇഞ്ചി, മഞ്ഞൾ എന്നിവയുടെ 364.5 മെട്രിക് ടൺ നടീൽ വസ്തുക്കളും, ജാതി, ഗ്രാമ്പു എന്നിവയുടെ 15800 തൈകളും സൗജന്യനിരക്കിൽ കർഷകർക്ക് ലഭ്യമാക്കി. 22 ലക്ഷം വാഴക്കന്നുകൾ വാങ്ങുന്നതിലേയ്ക്കായി, സബ്സിഡി നിരക്കിൽ ആകെ 2.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

മഴക്കെടുതിമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം കാർഷിക കടങ്ങൾക്കും വിദ്യാഭ്യാസ വായ്പകൾക്കും 2018 ജൂലൈ 31 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു. പ്രളയബാധിത ജില്ലകളിലെ കർഷകരുടെ കാർഷിക വായ്പകൾ പുനഃക്രമീകരിക്കുന്നതിനും മൊറട്ടോറിയത്തിന്റെ കാലപരിധി കഴിഞ്ഞശേഷം ടേം ലോൺ ആക്കിയാൽ കൂട്ടുപലിശ ഒഴിവാക്കി സാധാരണ പലിശ മാത്രം ഈടാക്കുവാനും തിരിച്ചടവ് തുക തവണകളായി അഞ്ചുവർഷംകൊണ്ട് തിരിച്ചടയ്ക്കാവുന്ന രീതിയിൽ പുനഃക്രമീകരിക്കുവാനും സംസ്ഥാനതല ബാങ്കേഴ്സ് സമിതി പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ തീരുമാനമായിട്ടുണ്ട്.

വളത്തിന്റെ ലഭ്യത ഉറപ്പാക്കുവാനായി കേന്ദ്ര സർക്കാരിൽ കേരളത്തിലെ കൃഷി വിസ്തീർണ്ണത്തിന്റെ അനുപാതത്തിനും കഴിഞ്ഞ വർഷത്തെ വളത്തിന്റെ ഉപഭോഗത്തിനും അനുസരിച്ച് കണക്കുകൾ സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ മാസത്തിലേയ്ക്കും കൃഷി വകുപ്പ് ആവശ്യപ്പെട്ട വളങ്ങൾ അനുവദിക്കുകയും ചെയ്തു. ഇതിനുപുറമെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ മാസം യൂറിയ അനുവദിക്കുകയും ചെയ്തു.

## ഇലക്ട്രിക് ബസ് സർവ്വീസുകൾ

18(*138) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് ബസ് സർവ്വീസുകൾ ലാഭകരമാണോയെന്ന് കെ.എസ്.ആർ.ടി.സി. പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കൂടുതൽ ഇലക്ട്രിക് ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ പത്ത് ഇലക്ട്രിക് ബസുകൾ ലഭ്യമാക്കി വെറ്റ് ലീസ് വ്യവസ്ഥയിൽ ഓടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ ബസുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിനും നിലവിലെ ബസുകൾ ഇലക്ട്രിക് ബസുകളായി കൺവെർട്ട് ചെയ്യുന്നതിന്റെ സാധ്യതയും പരിശോധിച്ചുവരുന്നു.

(സി) 10 ഇലക്ട്രിക് ബസുകൾ (9 മീറ്റർ നീളം) നിരത്തിലിറക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ ഇ-ടെണ്ടർ ക്ഷണിച്ച് ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി 5 ബസുകൾ ലഭ്യമാക്കിയത് വിജയകരമായി പമ്പ-നിലയ്ക്കൽ റൂട്ടിൽ ചെയിൻ സർവ്വീസ് നടത്തിവരുന്നു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ആദ്യമായി കേരളത്തിലാണ് റെഗുലർ സർവ്വീസായി ഇലക്ട്രിക് ബസുകൾ ഓടിക്കുന്നത്.

## കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തമാക്കാൻ നടപടി

19(*139) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. എം. മുകേഷ്</u> :
<u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കെ.എസ്.ആർ.ടി.സി.-യെ നിലനിർത്തുന്നതിനും സ്വയം പര്യാപ്തമാക്കുന്നതിനും ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ വ്യക്തമാക്കുമോ; അതിനായി ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കാമോ;

(ബി) വാഹനങ്ങളുടെ കാര്യക്ഷമമായ ഉപയോഗം ദേശീയ ശരാശരിയിലേക്ക് ഉയർത്തുന്നതിനും മാനവവിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗത്തിനും നടപ്പാക്കിയ കാര്യങ്ങൾ എന്തെല്ലാമാണ്;

(സി) സ്ഥാപനത്തെ നിലനിർത്തുന്നതിൽ തൊഴിലാളികളുടെ പങ്ക് പരമ പ്രധാനമായതിനാൽ അവരുടെ സഹകരണം ഉറപ്പാക്കുന്നതിനുവേണ്ട സമീപനം ഉണ്ടാകുമോ;

(ഡി) കിഫ്ബി ഫണ്ടുപയോഗിച്ച് പുതിയ വാഹനങ്ങൾ വാങ്ങാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ഇ) സ്വകാര്യ ബസുകൾ വർദ്ധിച്ച തോതിൽ സേവനം നിർത്തുന്ന സാഹചര്യത്തിൽ ഷെഡ്യൂൾ പരിഷ്കരണവുമായി ബന്ധപ്പെട്ട് ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് കെ.എസ്.ആർ.ടി.സി.-യുടെ ജനസേവന സ്ഥാപനമെന്ന നിലയിലുള്ള പ്രവർത്തനോദ്ദേശ്യത്തെ ഹനിക്കുന്ന രീതിയിൽ ആകാതിരിക്കാൻ ശ്രദ്ധിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>):

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് വിശദപഠനം നടത്തുന്നതിനായി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൊൽക്കത്തയിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ 24-9-2016-ലെ

സ.ഉ. (സാധാ) നമ്പർ 367/2016/ഗതാഗതം പ്രകാരം കൺസൾട്ടന്റായി സർക്കാർ ചുമതലപ്പെടുത്തുകയും അദ്ദേഹം പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിൽ ശിപാർശ ചെയ്തിരിക്കുന്ന സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കൂടിയ പലിശ നിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് ദീർഘകാല വായ്പയായി 9.2 ശതമാനം പലിശ ഇനത്തിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3,100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുകകൊണ്ട് നിലവിലുള്ള വായ്പാകടങ്ങൾ അടച്ചുതീർക്കുകയും ചെയ്തു. ഇതിന്റെ ഗുണഫലമെന്നോണം വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ ലാഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ, കെ.എസ്.ആർ.ടി.സി. പുനഃസംഘടിക്കുന്നതിനും പുനരുദ്ധരിച്ച് ലാഭത്തിലേയ്ക്കെത്തിക്കുന്നതിനുമായി ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചു. ഡ്യൂട്ടി പാറ്റേൺ അടക്കമുള്ള പരിഷ്കാരങ്ങൾ സർവ്വീസ് ഓപ്പറേഷൻ മേഖലയിൽ നടത്തിക്കൊണ്ട് വരുമാന വർദ്ധനവിന് പദ്ധതി ഉണ്ടാക്കിവരുന്നു. പെൻഷൻ നൽകുന്നതിന് സഹകരണ മേഖലയുമായി സഹകരിച്ച് സർക്കാർ ഒരു പ്രത്യേക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൺസോർഷ്യം വായ്പ ലഭ്യമാക്കുന്നതിനായി ആകെ ചെലവായ തുക 18,07,56,000 രൂപയാണ് (പതിനെട്ട് കോടി ഏഴ് ലക്ഷത്തി അൻപത്തി ആറായിരം രൂപ മാത്രം).

കെ.എസ്.ആർ.ടി.സി.-ക്ക് 2018-19-ലെ ബഡ്ജറ്റിൽ വായ്പ ഇനത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 1000 കോടി രൂപയിൽനിന്നും ജീവനക്കാരുടെ ശമ്പള ആവശ്യങ്ങൾക്കായും, ഓണത്തോടനുബന്ധിച്ച് ബോണസ് നൽകുന്നതിനും, നാഷണൽ പെൻഷൻ സ്കീമിലേയ്ക്കുള്ള വിഹിതത്തിന്റെ 02/2015 മുതൽ 03/2016 വരെയുള്ള കുടിശ്ശിക അടച്ചുതീർക്കുന്നതിനും വിരമിച്ച ജീവനക്കാർക്ക് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി പെൻഷൻ വിതരണം ചെയ്ത വകയിൽ തിരികെ നൽകുവാനുണ്ടായിരുന്ന തുകയും കേരള ട്രാൻസ്പോർട്ട് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിൽനിന്നും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പയുടെ പലിശ കൊടുത്തുതീർക്കുന്നതിനും മറ്റുമായി ആകെ 701.989272 കോടി രൂപ ഇതിനകം കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.-സിയിൽ മാനവവിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗത്തിനായി പ്രൊഫ. സുശീൽ ഖന്നയുടെ കരട് പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഡ്യൂട്ടി പാറ്റേൺ പരിഷ്കരിക്കുകയും

ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിക്കുകയും എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലിസമയം 8 മണിക്കൂറായി പുനഃക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം, ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാനഭാരം കുറച്ച് തദ്വാര ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും തദ്വാര മനുഷ്യ പ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കി വരികയുമാണ്. ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽനിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) സ്ഥാപനത്തെ നിലനിർത്തുന്നതിന് തൊഴിലാളികളുടെ പങ്ക് പരമപ്രധാനമായതിനാൽ അവരുടെ സഹകരണം ഉറപ്പാക്കുന്നതിലേയ്ക്കായി പുനഃരുദ്ധാരണ നടപടികളുടെ ഭാഗമായി കോർപ്പറേഷനിൽ മുൻഗണനാക്രമത്തിൽ നടപ്പാക്കേണ്ട നിർദ്ദേശങ്ങൾ സംബന്ധിച്ച് തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ചാ യോഗങ്ങൾ ചേരുകയുണ്ടായിട്ടുണ്ട്.

(ഡി) കിഫ്ബി മുഖേന 900 ഡീസൽ ബസ്സുകൾ വാങ്ങുവാൻ 324 കോടി രൂപ അനുവദിച്ച് 2017-ൽ ഉത്തരവായിരുന്നു. എന്നാൽ ഇതിനുള്ള നടപടിക്രമം ഉത്തരവിൽ, പ്രസ്തുത തുക ദിവസേന എസ്ക്രോ (escrow) മെക്കാനിസം വഴി പലിശ സഹിതം തിരിച്ചടക്കണമെന്ന നിബന്ധനയുണ്ടായിരുന്നു. നിലവിൽ കൺസോർഷ്യം ബാങ്കുകൾക്ക് 59 ഡിപ്പോയിലെ കളക്ഷൻ "ലോൺ തിരിച്ചടവ് ഇനത്തിൽ" എസ്ക്രോ (escrow) മെക്കാനിസം വഴി അടയ്ക്കുന്നത് കാരണം ബാക്കി ലഭിക്കുന്ന തുക ഡീസൽ വാങ്ങുവാൻപോലും തികയാത്ത സാഹചര്യം ഉണ്ടെന്നും കൂടാതെ കൺസോർഷ്യം ബാങ്കുകളുമായുള്ള ഉടമ്പടി പ്രകാരം ഇനിയൊരു പുതിയ വായ്പയ്ക്ക് സാദ്ധ്യതയില്ലാത്തതുകൊണ്ടും കിഫ്ബിയുടെ നിർദ്ദേശങ്ങൾ അംഗീകരിക്കുവാൻ കഴിയില്ലെന്നുള്ള വിവരം കെ.എസ്.ആർ.ടി.സി. കിഫ്ബിയോട് കത്ത് മുഖേന അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എസ്ക്രോ (escrow) മെക്കാനിസം വഴിയുള്ള തിരിച്ചടവ് ഒഴിവാക്കിയും പലിശ ഒഴിവാക്കിയും 324 കോടി രൂപ 900 ഡീസൽ ബസ്സുകൾ വാങ്ങുവാൻ വേണ്ടി കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിക്കണമെന്ന് കിഫ്ബിയോട് കെ.എസ്.ആർ.ടി.സി. കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) പരിഷ്കരണവുമായി ബന്ധപ്പെട്ട് ഷെഡ്യൂളുകൾ പൂർണ്ണമായി റദ്ദ് ചെയ്തിട്ടില്ല. വരുമാനം കുറവുള്ള സർവ്വീസുകൾ കൂടുതൽ വരുമാനം ലഭിക്കുന്ന രീതിയിൽ പുനഃക്രമീകരിക്കുന്നതാണ്. ഇപ്രകാരം സർവ്വീസുകൾ പുനഃക്രമീകരിക്കുമ്പോൾ യാത്രക്കാർക്ക് യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാകാതിരിക്കുന്നതിന് യൂണിറ്റ് തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## കേന്ദ്ര സർക്കാർ നിലപാടുമൂലം കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി

20(*140) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ആർ.സി.ഇ.പി. പോലുള്ള സ്വതന്ത്ര വ്യാപാരക്കരാറുകളിൽ ദീർഘവീക്ഷണമില്ലാതെ ഒപ്പുവയ്ക്കുന്നത് രാജ്യത്തെ കാർഷിക സമ്പദ്‍വ്യവസ്ഥ തകരുവാനും കർഷകരുടെ താൽപ്പര്യങ്ങൾ ഹനിക്കപ്പെടാനും ഇടയാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്ന വിവിധ കർഷക വിരുദ്ധ നിലപാടുകളുടെ ഫലമായി സംസ്ഥാനത്ത് കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധികൾ എന്തെല്ലാമാണ്;

(സി) വിവിധ കാർഷിക വിളകൾക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച മിനിമം താങ്ങുവില കർഷകർക്ക് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉയർന്ന ഉല്പാദനച്ചെലവ് കണക്കിലെടുത്ത് നെല്ലിന് താങ്ങുവിലയായി സംസ്ഥാനം ആവശ്യപ്പെട്ടതും കേന്ദ്രം അനുവദിച്ചതും എത്ര രൂപയാണെന്ന് വിശദമാക്കുമോ;

(ഇ) കൊപ്രയുടെ താങ്ങുവില വർദ്ധിപ്പിക്കണമെന്നും പച്ചത്തേങ്ങയ്ക്ക് താങ്ങുവില പ്രഖ്യാപിക്കണമെന്നുമുള്ള സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ കാർഷിക വിരുദ്ധ നിലപാടുകൾ പ്രധാനമായും തോട്ടവിള മേഖലകളെയാണ് ബാധിച്ചിട്ടുള്ളത്. തേയില, കാപ്പി, സുഗന്ധവ്യഞ്ജനങ്ങൾ, റബ്ബർ തുടങ്ങിയ മേഖലകളിലെ വിലയിടിവുമൂലം കർഷകർക്ക് വലിയ പ്രതിസന്ധി ഉണ്ടായിട്ടുണ്ട്.

കാർഷിക വിളകളുടെ വിലയിടിവിലൂടെ മതിയായ വരുമാനം ലഭിക്കാത്തതിനാൽ കർഷകർക്ക് തങ്ങളുടെ കൃഷിയിടങ്ങളിൽ നല്ല രീതിയിലുള്ള കൃഷി പരിപാലന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കാത്തത് കാരണം ഉല്പാദനക്ഷമതയേയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. പുതിയ കേന്ദ്രനയം കാരണം വിത്ത്, വളം തുടങ്ങിയ കൃഷിയുടെ പ്രധാന ഘടകങ്ങൾക്കെല്ലാം വിലവർദ്ധനവ് ഉണ്ടായതും കർഷകരെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച മിനിമം താങ്ങുവില കർഷകർക്ക് ലഭിക്കുന്നുണ്ട്.

(ഡി) കേന്ദ്ര സർക്കാർ നെല്ലിന്റെ അടിസ്ഥാന താങ്ങുവില 15.50 രൂപയിൽ നിന്നും 17.50 രൂപയായി വർദ്ധിപ്പിച്ചിരുന്നു. ഈ സാഹചര്യത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ലിന്റെ താങ്ങുവില 2018-19 സീസൺ മുതൽ കി.ഗ്രാമിന് 25.30 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഇ) കേന്ദ്ര സർക്കാർ തീരുമാനം എടുത്തിട്ടില്ല.

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണങ്ങൾ

21(*141) ശ്രീ. വി. ജോയി :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീമതി യു. പ്രതിഭ :

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിലെ പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവും പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) പരീക്ഷാ വിവരങ്ങൾ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും മൊബൈലിലേയ്ക്ക് കൃത്യമായി നൽകാനുള്ള നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) സിലബസ് പരിഷ്കരണത്തോടനുബന്ധിച്ച് ശില്പശാലകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) നാക് മാതൃകയിൽ സംസ്ഥാനത്തെ കോളേജുകൾക്ക് സ്റ്റേറ്റ് അസസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ (സാക്) ഏർപ്പെടുത്താൻ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ബിരുദ ബിരുദാനന്തര കോഴ്സുകൾ രാജ്യാന്തര നിലവാരത്തിലാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

സർവ്വകലാശാലാ പരീക്ഷകൾ യഥാസമയം നടക്കുന്നുവെന്നും റിസൽട്ട് സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നുവെന്നും ഉറപ്പാക്കുന്നതിന് ഒരു പൊതു അക്കാദമിക കലണ്ടർ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ കൗൺസിൽ നേതൃത്വം നൽകിവരുന്നു. ഇതിനായി, സർവകലാശാലകളിലെ പ്രോ-വൈസ് ചാൻസലർമാരെ അംഗങ്ങളാക്കിക്കൊണ്ട് ഒരു പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രവേശനം, പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നീ കാര്യങ്ങളിലൊക്കെ എല്ലാ സർവകലാശാലകൾക്കും ബാധകമായ പൊതുകലണ്ടർ രൂപീകരിക്കുകയാണ് ഉദ്ദേശ്യം. ഏകീകൃത അക്കാദമിക് - പരീക്ഷാ കലണ്ടർ സ്പ്ലിറ്റ് വെക്കേഷൻ സമ്പ്രദായം എന്നിവ നിലവിൽവരുന്നതോടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഇക്കാര്യം പരിശോധനയിലാണ്.

(സി &ഡി) ഉണ്ട്.

സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിലും സ്വയംഭരണ മേഖലയിലും സ്വാശ്രയ മേഖലയിലും പ്രവർത്തിക്കുന്ന കോളേജുകളെയും ഇതര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അസസ് ചെയ്ത് അക്രെഡിറ്റേഷൻ നൽകണമെന്ന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ 3-10-2018-ൽ കൂടിയ ഗവേണിംഗ് ബോഡിയോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ഇതിനായി അസസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്റർ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം കൗൺസിൽ പരിശോധിക്കുന്നുണ്ട്.

(ഇ) കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ശിപാർശയുടെ അടിസ്ഥാനത്തിൽ 2009-10 അക്കാദമിക് വർഷം മുതൽ സംസ്ഥാനത്ത് ബിരുദതലത്തിൽ സി.ബി.സി.എസ്.എസ്. (Choice Based Credit Semester System) സമ്പ്രദായം നടപ്പിലാക്കിയിരുന്നു. അക്കാദമിക ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഈ മാറ്റം കാരണമായിട്ടുണ്ടെന്നാണ് പൊതുവേ

വിലയിരുത്തപ്പെടുന്നത്. കേരളത്തിലെ സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു പദ്ധതി കിഫ്ബി മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ സെന്റർ ഓഫ് എക്സലൻസ് ഇൻ അക്കാദമിക് ആന്റ് റിസർച്ച് എന്ന മികവിന്റെ കേന്ദ്രമാക്കുന്നതിന് 29-4-2017-ലെ സ.ഉ. (സാധാ.) 807/2017/ഉവിവ. പ്രകാരം 240.9 കോടി രൂപയുടെ ഭരണാനുമതിയും എം.ജി. സർവ്വകലാശാലയ്ക്ക് 19-6-2018-ലെ സ.ഉ. (സാധാ) നമ്പർ 1189/2018/ഉവിവ. പ്രകാരം 132.75 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

മറ്റ് സർവ്വകലാശാലകളെ 'സെന്റർ ഓഫ് എക്സലൻസ് ഇൻ അക്കാഡമിക് ആന്റ് റിസർച്ച് എന്ന മികവിന്റെ കേന്ദ്രമാക്കുന്നതിനുള്ള പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു.

**പ്രധാനമന്ത്രി ആവാസ് യോജന**

22(*142) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ആവാസ് യോജന എന്ന പദ്ധതിയിൽ സംസ്ഥാനത്തിന് 2017-18, 2018-19 വർഷങ്ങളിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് അനുമതി ലഭിച്ചിട്ടുള്ളതെന്നും ഇതിന്റെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ സഹായത്തിന് പുറമെ ഓരോ വീടിനും നാല് ലക്ഷം രൂപ അനുവദിക്കാൻ ആവശ്യമായ ഫണ്ട് സംസ്ഥാന സർക്കാരോ ത്രിതല പഞ്ചായത്തോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>):

(എ) പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയുടെ 2017-18-ലെ ഭൗതിക ലക്ഷ്യം, അനുവദിച്ച വീടുകളുടെ എണ്ണം, പൂർത്തീകരിച്ച വീടുകളുടെ എണ്ണം എന്നിവ ചുവടെ കൊടുക്കുന്നു.

<u>2017-2018-ലെ ഭൗതിക ലക്ഷ്യം</u>

| പട്ടികജാതി | പട്ടികവർഗ്ഗം | ന്യൂനപക്ഷം | പൊതുവിഭാഗം | ആകെ |
|---|---|---|---|---|
| 3921 | 2002 | 2725 | 1224 | 9872 |

2017-2018- ൽ സാംഗ്ഷൻ ചെയ്ത വീടുകളുടെ എണ്ണം

| പട്ടികജാതി | പട്ടികവർഗ്ഗം | ന്യൂനപക്ഷം | പൊതുവിഭാഗം | ആകെ |
|---|---|---|---|---|
| 1016 | 187 | 910 | 1338 | 3451 |

2017-2018-ൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം

| പട്ടികജാതി | പട്ടികവർഗ്ഗം | ന്യൂനപക്ഷം | പൊതുവിഭാഗം | ആകെ |
|---|---|---|---|---|
| 529 | 64 | 566 | 917 | 2076 |

2018-2019 സാമ്പത്തികവർഷം പി.എം.വൈ. (ജി) പദ്ധതിക്ക് കേന്ദ്രസർക്കാരിൽനിന്നും ഭൗതിക ലക്ഷ്യം ലഭിച്ചിട്ടില്ല. ടി വർഷം ഭൗതികലക്ഷ്യം അനുവദിച്ച് നൽകുവാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

പി.എം.എ.വൈ. (അർബൻ) പദ്ധതി പ്രകാരം, ഡി.പി.ആർ നൽകുന്നതനുസരിച്ച് കേന്ദ്രസർക്കാർ അനുമതി നൽകുന്നു. 2017-18-ൽ 57476 ഭവനങ്ങൾക്ക് നിർമ്മാണാനുമതി ലഭിച്ചു. ഇവയിൽ 27480 ഭവന നിർമ്മാണം ആരംഭിച്ചു. അതിൽ 2083 ഭവനങ്ങൾ പൂർത്തീകരിച്ചു. 2018-19 പി.എം.എ.വൈ. (അർബൻ) പദ്ധതിയിൽ നാളിതുവരെ 82487 ഭവന നിർമ്മാണ അനുമതി ലഭിച്ചിട്ടുള്ളതിൽ 43992 ഭവന നിർമ്മാണം ആരംഭിക്കുകയും അതിൽ 8666 ഭവനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു.

(ബി) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിക്ക് കേന്ദ്രസർക്കാർ 72,000 രൂപയും സംസ്ഥാന സർക്കാർ 48,000 രൂപയുമാണ് അനുവദിക്കുന്നത്. ടി തുക ഉൾപ്പെടെ ബാക്കി വരുന്ന 2,80,000 രൂപയും ചേർത്താണ് ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് നൽകുന്ന 4,00,000 രൂപയ്ക്ക് തുല്യമായ തുക PMAY(G) ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വീട് നിർമ്മിക്കുന്നതിന് 6,00,000 രൂപ അനുവദിക്കുന്നു. പി.എം.വൈ. (ജി) യുടെ 1,20,000 രൂപ കഴിച്ചുള്ള ബാക്കി തുക ത്രിതല പഞ്ചായത്തുകളുടെ ഫണ്ടിൽനിന്നും അനുവദിക്കുന്നു.

പി.എം.എ.വൈ. (നഗരം) പദ്ധതിയുടെ ഗുണഭോക്തൃ കേന്ദ്രീകൃത നിർമ്മാണത്തിൽ (ബി.എൽ.സി.) കേന്ദ്രസർക്കാർ 1.5 ലക്ഷം രൂപയാണ് നൽകുന്നത്. ഇതിനുപുറമെ സംസ്ഥാന സർക്കാർ 50,000 രൂപയും നഗരസഭകളുടെ 2 ലക്ഷം രൂപയും ചേർത്ത് ആകെ 4 ലക്ഷം രൂപയാണ് ഗുണഭോക്താവിന് നൽകുന്നത്.

## ഇലക്ട്രിക് വാഹനങ്ങൾക്ക് അനുമതി

23(*143) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി പൊതുഗതാഗത രംഗത്ത് ഇലക്ട്രിക് വാഹനങ്ങൾക്ക് അനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇലക്ട്രിക് വാഹനങ്ങൾക്ക് അനുമതി നൽകുന്നതിലൂടെ സാങ്കേതിക രംഗത്തും സാമ്പത്തിക രംഗത്തും എന്തെല്ലാം ഗുണകരമായ മാറ്റങ്ങൾ ഉണ്ടാക്കാനാവുമെന്നാണ് കരുതുന്നത്;

(സി) ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഉണ്ട്. സുസ്ഥിര പരിസ്ഥിതി സംരക്ഷണം മുൻനിർത്തി ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനും ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ സമഗ്രമായ ഒരു ഇ.വി. പോളിസി തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു കരട് പോളിസി സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇലക്ട്രിക് വാഹനങ്ങൾ കേരളത്തിൽത്തന്നെ ഉത്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതകളാണ് സർക്കാർ പരിശോധിക്കുന്നത്. ഇതിനായി വിദേശ കമ്പനികൾ ഉൾപ്പെടെയുള്ളവരുമായി പ്രാരംഭചർച്ചകൾ നടത്തിവരുന്നു. സംസ്ഥാനത്തെ പ്രമുഖ എഞ്ചിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെട്ട് ഇലക്ട്രിക് വാഹനങ്ങൾ സംബന്ധിച്ച ഗവേഷണങ്ങൾ നടത്തുന്നതിനുള്ള സാധ്യതകളും പരിഗണിക്കുന്നുണ്ട്. ഇലക്ട്രിക് വാഹന നിർമ്മാണത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കെൽട്രോൺ, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾക്കാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിനായുള്ള ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള ഉത്തരവാദിത്തം കെ.എസ്.ഇ.ബി.-യെ ഏൽപ്പിക്കുന്നതിനും പദ്ധതിയുണ്ട്.

ഇപ്രകാരം ഇലക്ട്രിക് വാഹന മേഖലയിൽ സാങ്കേതിക രംഗത്ത് സംസ്ഥാനത്തിന് ഒരു കുതിച്ചുചാട്ടം ഉണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പുതിയ സാഹചര്യം പ്രസ്തുത കമ്പനികൾക്ക് സാമ്പത്തികമായും നേട്ടമുണ്ടാക്കാൻ പര്യാപ്തമാണ്. അടിക്കടിയുണ്ടാകുന്ന ഇന്ധന വില വർദ്ധനവിന്റെ സാഹചര്യത്തിൽ, ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് ഭാവിയിൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിരത ഉറപ്പുവരുത്തുതിനും സഹായിക്കും. കൂടാതെ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി.-ക്കും സ്വകാര്യ ബസുടമകൾക്കും ഇ-ബസുകളുടെ ഉപയോഗം സാമ്പത്തിക നേട്ടം കൈവരിക്കുന്നതിന് സഹായിക്കും.

(സി) തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ നഗരങ്ങളിൽ പുതുതായി 2000 പെർമിറ്റുകൾ ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് മാത്രമായി അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഡീസൽ ഓട്ടോറിക്ഷകൾ നിർബന്ധമായും സി.എൻ.ജി./എൽ.എൻ.ജി., ഇലക്ട്രിക് ഓട്ടോറിക്ഷകളാക്കി മാറ്റുന്നതിന് ഇലക്ട്രിക് പോളിസിയിൽ നിർദ്ദേശമുണ്ട്. ഇപ്രകാരം മാറ്റുന്നതിന് 2020 മാർച്ച് 31 വരെ സമയം അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇ-ഓട്ടോറിക്ഷകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 30,000 രൂപ അല്ലെങ്കിൽ വാഹന വിലയുടെ 25% ഏതാണോ കുറവ് ആ തുക ഇൻസന്റീവായി ആദ്യ ഒരു വർഷത്തേയ്ക്ക് നൽകുന്നതിനും ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിനായി നികുതിയിനത്തിൽ ഇളവ് നൽകുന്നതിനുമുള്ള പദ്ധതിയും സർക്കാരിന്റെ പരിഗണനയിലുണ്ട്.

## ഖരമാലിന്യം സംസ്കരിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പ്ലാന്റുകൾ

24(*144) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ഏഴ് ജില്ലകളിൽ ഖരമാലിന്യം സംസ്കരിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പ്ലാന്റുകൾ തുടങ്ങുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എവിടെയൊക്കെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത്;

(ബി) എന്തൊക്കെ സാങ്കേതികവിദ്യയാണ് ഈ പ്ലാന്റുകളിൽ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾക്കെതിരെ ജനങ്ങളിൽ നിന്നും പ്രതിഷേധമുണ്ടാകുന്നത് ഇത്തരം മാലിന്യ സംസ്കരണ പ്ലാന്റുകൾ അവർക്ക് സമ്മാനിച്ച അസുഖകരമായ അനുഭവത്തിന്റെ വെളിച്ചത്തിൽ ആണെന്ന വസ്തുത കണക്കിലെടുത്ത് പുതിയ പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ അവ ജനസൗഹൃദമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഈ പദ്ധതി പ്രകാരമുള്ള പ്ലാന്റുകളുടെ ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്.

പദ്ധതിയുടെ ആദ്യഘട്ടത്തിൽ ചുവടെ ചേർക്കുന്ന 7 സ്ഥലങ്ങളിലാണ് വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്:

| ക്രമ നമ്പർ | സ്ഥലം | ജില്ല |
|---|---|---|
| 1 | പെരിങ്ങമ്മല | തിരുവനന്തപുരം |
| 2 | ലാലൂർ | തൃശ്ശൂർ |
| 3 | കഞ്ചിക്കോട് | പാലക്കാട് |
| 4 | ഞെളിയം പറമ്പ് | കോഴിക്കോട് |
| 5 | ചെലോറ | കണ്ണൂർ |
| 6 | കുരീപ്പുഴ | കൊല്ലം |
| 7 | പാണക്കാട് | മലപ്പുറം |

(ബി) പ്ലാന്റുകളുടെ നടത്തിപ്പിന് ഒരു നിശ്ചിത സാങ്കേതികവിദ്യ നിഷ്കർഷിച്ചിട്ടില്ല. പ്രതിദിനം 300 ടൺ വരെ സംസ്കരണശേഷിയുള്ള അന്താരാഷ്ട്ര നിലവാരമുള്ള കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകളാണ് (മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന) പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) വിദേശ രാജ്യങ്ങളിൽ ഉപയോഗിക്കുന്ന തരത്തിലുള്ള അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വേസ്റ്റ്-ടു-എനർജി പ്ലാന്റുകളാണ് ഈ പദ്ധതിയിലൂടെ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. ടെൻഡറിൽ പങ്കെടുക്കുന്ന

സ്വകാര്യ ഏജൻസികളുടെ യോഗ്യതയും സാങ്കേതികമികവും, സാമ്പത്തിക ഭദ്രതയും കൃത്യമായി പരിശോധിച്ചശേഷം മാത്രമെ ടെൻഡറുകൾ നൽകുകയുള്ളൂ. മാത്രവുമല്ല, തെരഞ്ഞെടുക്കപ്പെടുന്ന ഏജൻസികൾ കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതുമായിരിക്കും. പരിസ്ഥിതിക്കോ പൊതുജനങ്ങൾക്കോ യാതൊരുവിധ ദോഷവും ഉണ്ടാകാത്ത തരത്തിലുള്ള പ്ലാന്റുകളാണ് ഈ പദ്ധതിയിലൂടെ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. കൂടാതെ മരങ്ങളും, പൂന്തോട്ടങ്ങളും ഉൾപ്പെടെ സ്ഥാപിച്ച് പ്ലാന്റുകളുടെ ചുറ്റുപാടും പരിസ്ഥിതി സൗഹൃദമാക്കിക്കൊണ്ട് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും മികച്ച പരിസ്ഥിതി സംരക്ഷണ സമ്പ്രദായങ്ങളെപ്പറ്റി മനസിലാക്കുന്നതിനുള്ള കേന്ദ്രം എന്ന തരത്തിൽ പ്രയോജനപ്പെടുത്താവുന്ന തരത്തിലാണ് പ്ലാന്റുകൾ വിഭാവനം ചെയ്യുന്നത്. മാലിന്യത്തിൽനിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന പ്ലാന്റുകൾ സ്ഥാപിക്കുന്നതിൽ ജനങ്ങൾക്കുള്ള ആശങ്കയകറ്റി പ്രസ്തുത പ്ലാന്റുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിന് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

(ഡി) കോഴിക്കോട് ജില്ലയിലെ ഞെളിയംപറമ്പിലാണ് പദ്ധതിയുടെ ഭാഗമായുള്ള ആദ്യ പ്ലാന്റ് സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. ഇതിനായുള്ള ടെൻഡർ സർക്കാർ ഇ-ടെൻഡർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

## പ്രളയത്തിൽ കാർഷിക മേഖലക്കുണ്ടായ നഷ്ടങ്ങൾ

25(*145) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം സംസ്ഥാനത്തെ കാർഷിക മേഖലയ്ക്കുണ്ടാക്കിയ നഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ നെല്ല്, കപ്പ, പച്ചക്കറി, വാഴ, തെങ്ങ്, റബ്ബർ, കുരുമുളക്, ജാതി, ഇഞ്ചി തുടങ്ങിയ വിവിധ മേഖലകളിലെ കർഷകർക്കുണ്ടായ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ ;

(സി) കാപ്പി, കശുമാവ്, വെറ്റില, ഗ്രാമ്പൂ, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, കരിമ്പ്, പൈനാപ്പിൾ തുടങ്ങിയ വിളകൾക്ക് സംഭവിച്ച നാശനഷ്ടങ്ങൾ വ്യക്തമാക്കുമോ;

(ഡി) കൃഷിനാശത്തിന് കർഷകർക്ക് നഷ്ടപരിഹാരം നല്കുമോയെന്ന് വ്യക്തമാക്കുമോ;

(ഇ) വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത് കൃഷിയിറക്കിയ കർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 236649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷിക മേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ആയതിന്റെ ഘടകം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഘടകം | രൂപ (കോടിയിൽ) |
|---|---|---|
| 1 | വിളകൾക്കുണ്ടായ നാശനഷ്ടം | 18545.25 |
| 2 | കൃഷിഭൂമിക്കുണ്ടായ നാശനഷ്ടം (മണ്ണിടിച്ചിൽ, ഉരുൾ പൊട്ടൽ തുടങ്ങിയവ) | 326.25 |
| 3 | കാർഷിക മേഖലയിലെ ആസ്തികൾക്കും ഉല്പാദനോപാധികൾക്കും ഉണ്ടായ നാശനഷ്ടം | 130.34 |
| | ആകെ | 19001.84 |

(ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) നാശനഷ്ടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വിള | വിസ്തീർണ്ണം (ha) |
|---|---|---|
| (1) | (2) | (3) |
| 1 | കാപ്പി | 365 |
| 2 | കശുമാവ് | 74 |
| 3 | വെറ്റില | 150 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) | (3) |
|---|---|---|
| 4 | ഗ്രാമ്പൂ | 55 |
| 5 | മഞ്ഞൾ | 105 |
| 6 | കൊക്കോ | 410 |
| 7 | നിലക്കടല | 10 |
| 8 | എള്ള് | 5 |
| 9 | കരിമ്പ് | 110 |
| 10 | പൈനാപ്പിൾ | 850 |

(ഡി) മഹാപ്രളയത്തിൽ സംഭവിച്ച കൃഷിനാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഇതുവരെ 305964 കർഷകർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 232966 കർഷകർക്ക് SDRF ഫണ്ടിൽനിന്നും 66.747 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ, സംസ്ഥാന വിഹിതമായി 218198 കർഷകർക്ക് 110.27 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളിമണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കംചെയ്യുന്നതിനും ഉരുൾപൊട്ടൽ മൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും 525 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 11,750 കർഷകർക്ക് നഷ്ടപരിഹാരമായി 18.19 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ഭീമ യോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും വായ്പ എടുത്തിട്ടും വിള ഇറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25% നൽകുന്നതിന് സർക്കാർ തീരുമാനിച്ചു.

(ഇ) മഴക്കെടുതിമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം കാർഷിക കടങ്ങൾക്കും വിദ്യാഭ്യാസ വായ്പകൾക്കും 2018 ജൂലൈ 31 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു. പ്രളയബാധിത ജില്ലകളിലെ കർഷകരുടെ കാർഷിക വായ്പകൾ പുനഃക്രമീകരിക്കുന്നതിനും മൊറട്ടോറിയത്തിന്റെ കാലപരിധി കഴിഞ്ഞശേഷം ടേം ലോൺ ആക്കിയാൽ കൂട്ടുപലിശ ഒഴിവാക്കി സാധാരണ പലിശ മാത്രം ഈടാക്കുവാനും തിരിച്ചടവ് തുക തവണകളായി അഞ്ചുവർഷംകൊണ്ട് തിരിച്ചടക്കാവുന്ന രീതിയിൽ പുനഃക്രമീകരിക്കുവാനും സംസ്ഥാനതല ബാങ്കേഴ്സ് സമിതി പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ തീരുമാനമായിട്ടുണ്ട്.

## മാലിന്യ സംസ്കരണം

26(*146) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. സജി ചെറിയാൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യങ്ങൾ സംസ്കരിക്കേണ്ടത് അത് സൃഷ്ടിക്കുന്ന വ്യക്തിയുടെയും കുടുംബത്തിന്റെയും ഉത്തരവാദിത്തമായി കാണാതെ ജലസ്രോതസ്സുകൾ ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിൽ അവ നിക്ഷേപിച്ച് മലിനപ്പെടുത്തുന്നത് കർശനമായി തടയാൻ വേണ്ട പ്രവർത്തനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്നുണ്ടോ;

(ബി) ജൈവ മാലിന്യങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾക്കിടയാക്കാതെ സംസ്കരിക്കുന്നതിന് വേണ്ട മാർഗ്ഗരേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അത് പ്രാവർത്തികമാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ വേണ്ട സംവിധാനം ഉണ്ടോ; നഗരങ്ങളിലുള്ള ഏറെപ്പേർക്കും സ്ഥലപരിമിതി ഉണ്ടെന്നതിനാൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അജൈവ മാലിന്യ സംസ്കരണത്തിനായി ക്ലീൻ കേരള കമ്പനി നടത്തി വരുന്ന ഇടപെടലുകൾ അറിയിക്കാമോ; പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ വസ്തുക്കളുടെ ഉപയോഗ നിയന്ത്രണത്തിന് പദ്ധതിയുണ്ടോ; മാലിന്യ സംസ്കരണമോ അല്ലെങ്കിൽ അതിനുവേണ്ടിവരുന്ന ചെലവോ ഉല്പാദകന്റെ ബാധ്യതയാക്കാൻ സാധിക്കുമോ എന്നറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) മാലിന്യ സംസ്കരണം നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. ആവശ്യാനുസരണം വികേന്ദ്രീകൃത - കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തി ജൈവ-അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നടപടികൾ നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്നുണ്ട്.

ഇതുകൂടാതെ സർക്കാരിന് പൊതുതാത്പര്യാർത്ഥം ആവശ്യമാണെന്ന് ബോധ്യപ്പെടുന്നപക്ഷം ഖരമാലിന്യം രണ്ടോ അതിലധികമോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് സർക്കാർ നേരിട്ട് അല്ലെങ്കിൽ അധികാരപ്പെടുത്തിയ ഏജൻസി മുഖേന സംസ്കരിക്കുന്നതിന് 1994-ലെ പഞ്ചായത്ത് രാജ് ആക്ടിലും 1994-ലെ മുനിസിപ്പാലിറ്റി ആക്ടിലും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ജൈവ മാലിന്യങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾക്കിടയാക്കാതെ സംസ്കരിക്കുന്നതിനുള്ള മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മ സേന, ക്ലസ്റ്റർ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ഹരിത സഹായ സ്ഥാപനം എന്നിവയുടെ പ്രവർത്തനത്തിലൂടെ പ്രസ്തുത മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നുവെന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ അനുദിനം വർദ്ധിച്ചുവരുന്ന ഖരമാലിന്യപ്രശ്നവും സ്ഥലപരിമിതിയും കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട 7 സ്ഥലങ്ങളിൽ കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഹരിതകർമ്മ സേന വഴി ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിയുടെ മേൽനോട്ടത്തിൽ പുനഃചംക്രമണത്തിന്/ശാസ്ത്രീയമായ സംസ്കരണത്തിന് വിധേയമാക്കുന്നു. ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളിൽ പുനഃചംക്രമണ യോഗ്യമല്ലാത്തവ ഷ്രെഡ്ഡ് ചെയ്ത് റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകളുടെ ഉത്പാദനത്തിനായി മെഷീനുകൾ സപ്ലൈ ചെയ്യുന്നത് കമ്പനിയുടെ ഉത്തരവാദിത്തത്തിലാണ്. ഇലക്ട്രോണിക് മാലിന്യങ്ങളുടെ ശേഖരണവും ശാസ്ത്രീയ പുനഃചംക്രമണവും കമ്പനി നടത്തുന്നുണ്ട്. ഗ്ലാസ്, ചില്ലുകുപ്പികൾ എന്നിവയുടെ ശേഖരണവും സംസ്കാരവുമാണ് കമ്പനി ഏറ്റെടുത്ത് നടത്തുന്ന മറ്റൊരു പദ്ധതി. പ്രളയബാധിത പ്രദേശങ്ങളിൽനിന്നും ശേഖരിച്ച 15674.8 ടൺ മാലിന്യങ്ങൾ കമ്പനിയുടെ നേരിട്ടുള്ള ഇടപെടലിൽ സംസ്കരിക്കുവാൻ സാധിച്ചിട്ടുണ്ട്.

പ്ലാസ്റ്റിക്, ഡിസ്പോസിബിൾ വസ്തുക്കൾ പോലുള്ള അജൈവമാലിന്യങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനായി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 50 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം നിരോധിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ വസ്തുക്കളുടെ ഉപയോഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിയന്ത്രിച്ചുവരുന്നുണ്ടെങ്കിലും ഇതിനായി പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടില്ല.

അജൈവ മാലിന്യം അത് ഉത്പാദിപ്പിക്കുന്നവർതന്നെ കൈകാര്യം ചെയ്യുന്നതിനുള്ള എക്സ്റ്റെന്റഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി (ഇ.പി.ആർ.) നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രായോഗികവശങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രളയാനന്തര പ്രവൃത്തികൾ

27(*147) ശ്രീ. എം. നൗഷാദ്:
ശ്രീ. രാജു എബ്രഹാം :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക വർഷാരംഭത്തിൽതന്നെ സമയബന്ധിതമായി നടപ്പിലാക്കിയിരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിരേഖ തയ്യാറാക്കൽ, നിർവഹണം എന്നിവയെ പ്രളയ ദുരന്തം എപ്രകാരം ബാധിച്ചെന്ന് അറിയിക്കാമോ;

(ബി) പ്രളയബാധിത പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുനഃസംഘടിപ്പിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(സി) നിലവിൽ ലൈഫ് മിഷൻ പ്രകാരവും ഹരിത കേരളം മിഷന്റെ ഭാഗമായും ആസൂത്രണം ചെയ്തിരുന്ന പ്രവൃത്തികൾ പ്രളയാനന്തര പുനഃസൃഷ്ടി ആവശ്യമായ സാഹചര്യത്തിൽ വിപുലീകരിക്കേണ്ടി വന്നതുമൂലമുള്ള ഭീമമായ സാമ്പത്തിക ബാധ്യത പദ്ധതി നിർവ്വഹണത്തെ ബാധിക്കാനിടയുണ്ടോ;

(ഡി)പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽനല്കിക്കൊണ്ടുള്ള സ്ഥലപര ആസൂത്രണത്തിനും വിഭവ വിനിയോഗത്തിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) 2018-19 വാർഷിക പദ്ധതിരേഖ 1147 തദ്ദേശഭരണ സ്ഥാപനങ്ങൾ 2018 മാർച്ച് 31-ന് മുമ്പും ശേഷിച്ച 53 എണ്ണം 2018 ഏപ്രിൽ മാസത്തിലും തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതികളുടെ അംഗീകാരം വാങ്ങിയിരുന്നു. എന്നാൽ 2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിലുണ്ടായ കനത്തമഴയും തുടർന്നുണ്ടായ പ്രളയവും പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളുടെ വേഗതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നിരവധി തവണ വാർഷിക പദ്ധതി അന്തിമമാക്കുന്നതിന് സമയം നീട്ടിനൽകേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഇപ്രകാരം സമയനഷ്ടം ഉണ്ടായെങ്കിലും പദ്ധതി രൂപീകരണവും അംഗീകാരവും നേരത്തെതന്നെ പൂർത്തിയാക്കിയതുകൊണ്ട് ഏറ്റവും പുതിയ കണക്കുകളനുസരിച്ച് സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതി ചെലവ് മുൻവർഷങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്.

| വർഷം | ജനറൽ | എസ്.സി.പി | റ്റി.എസ്.പി | ആകെ |
|---|---|---|---|---|
| 2018-19 | 48.88 | 35.47 | 32.61 | 44.37 |
| 2017-18 | 38.14 | 22.85 | 3.34 | 28.28 |
| 2016-17 | 28.24 | 5.93 | 1.03 | 11.73 |
| 2015-16 | 33.05 | 13.44 | 2.07 | 19.52 |
| 2014-15 | 31.41 | 14.60 | 2.53 | 22.85 |

(ബി) 23-8-2018-ലെ സ.ഉ.(സാധാ.) നമ്പർ 2313/2018/തസ്വഭവ. ഉത്തരവുപ്രകാരം പ്രളയത്തിൽ തകർന്ന ആസ്തികളുടെ പുനർനിർമ്മാണ പ്രവൃത്തികളും മെയിന്റനൻസ് പ്രവൃത്തികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനായി പദ്ധതി ഭേദഗതിക്ക് അനുമതി നൽകുകയും അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 17-9-2018 ഡി.എ 1/652/2018/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം പ്രളയക്കെടുതി നേരിടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്.

(ഡി) നിലവിൽ ലൈഫ് മിഷൻ പ്രകാരം ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതി അതേപോലെ തുടരുകയാണ്. പ്രളയത്തിൽ തകർന്നതും കേടുപാടുകൾ ഉണ്ടായതുമായ വീടുകളുടെ പുനർനിർമ്മാണത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിക്കുന്നില്ല. ഇതിനാവശ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സംസ്ഥാന ദുരന്തപ്രതികരണ നിധി പോലെയുള്ള മറ്റ് സ്രോതസ്സുകളിൽ നിന്നുമാണ് കണ്ടെത്തുന്നത്. അതിനാൽ നിലവിലെ ലൈഫ് പോലുള്ള പദ്ധതികളുടെ നിർവഹണത്തിന് അധിക സാമ്പത്തികബാധ്യത ഉണ്ടാകുന്നില്ല.

(ഡി) സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെയും ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ 19-9-2018-ലെ സ.ഉ. (സാധാ) നമ്പർ2462/2018/തസ്വഭവ, 23-10-2018-ലെ സ.ഉ.(സാധാ)നമ്പർ 2710/2018/ തസ്വഭവ ഉത്തരവുകൾ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 'ജൈവ വൈവിദ്ധ്യ മാനേജ്മെന്റ് കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം' എന്ന മേഖലയ്ക്ക് ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ്

നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ വർക്കിംഗ് ഗ്രൂപ്പ് പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നല്കിക്കൊണ്ടുള്ള സ്ഥലപര ആസൂത്രണത്തിനും വിഭവ വിനിയോഗത്തിനും സഹായകരമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതാണ്.

## റോഡപകടങ്ങൾ കുറയ്ക്കുന്നതിന് പദ്ധതി

28(*148) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചുവരുന്നത്;

(ബി) ഇതിന്റെ ഭാഗമായി 24 മണിക്കൂറും നിരീക്ഷണം നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി 'സേഫ് കേരള' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) അപകടസാദ്ധ്യത കൂടിയ മേഖലകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച് അവയുടെ നിയന്ത്രണം ഒരു കേന്ദ്രത്തിൽ നിന്നാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) അപകട വിവരങ്ങൾ യഥാസമയം അറിയിക്കുന്നതിനും രക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് ഗതാഗത വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) റോഡപകടങ്ങൾ കുറയ്ക്കുവാൻ ഉതകുന്ന പദ്ധതികൾ - പ്രധാനമായും ട്രാഫിക് സിഗ്നലുകൾ, ക്യാമറകൾ, ട്രാഫിക് ദിശാ ബോർഡുകൾ, ക്രാഷ് ബാരിയർ, Warning blinkers എന്നിവ സ്ഥാപിക്കൽ, റോഡ് അടയാളങ്ങൾ, ട്രോമ, കെയർ സംവിധാനം ഏർപ്പെടുത്തൽ, ട്രാഫിക് - മോട്ടോർ വാഹന നിയമം നടപ്പാക്കാനാവശ്യമായ വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും വാങ്ങൽ, റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കൽ, ബോധവൽക്കരണ/പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ, ബ്ലാക്ക് സ്പോട്ടുകളുടെ നവീകരണം തുടങ്ങിയവ കേരള റോഡ് സുരക്ഷാ അതോറിറ്റി അനുബന്ധ വകുപ്പുകളുമായി ചേർന്ന് സംസ്ഥാനത്ത് നടപ്പാക്കിവരുന്നു.

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങളും തദ്വാരായുണ്ടാകുന്ന മരണങ്ങളും കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ആവിഷ്കരിച്ചുവരുന്ന നൂതനപദ്ധതികൾ ചുവടെ ചേർക്കുന്നു:

i. <u>സേഫ് കേരള</u>

റോഡപകടങ്ങളും തന്മൂലം പരിക്കേൽക്കുന്നതും മരണം സംഭവിക്കുന്നതും പരമാവധി കുറയ്ക്കുക, സുരക്ഷിത യാത്ര പ്രദാനം ചെയ്യുക, അച്ചടക്കമുള്ള റോഡ് സംസ്കാരം വളർത്തിയെടുക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന ബൃഹത് പദ്ധതിയാണ് സേഫ് കേരള പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി മോട്ടോർ വാഹന വകുപ്പിൽ 10 ആർ.റ്റി.ഒ., 65 എം.വി.ഐ., 187 എ.എം.വി.ഐ. എന്നിവരുടെ അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് Enforcement squad -കളുടെ എണ്ണം 34-ൽനിന്ന് 85 ആയി കൂട്ടിയിട്ടുണ്ട്. സംസ്ഥാന പാതകൾ മുഴുവൻസമയ നിരീക്ഷണത്തിലാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. മോട്ടോർ വാഹന വകുപ്പിന്റെ Enforcement വിഭാഗം ശക്തിപ്പെടുത്തുക, മോട്ടോർ വാഹന നിയമം/ട്രാഫിക് നിയമം നടപ്പാക്കുന്നതിനും നിയമലംഘകരെ കൈകാര്യം ചെയ്യുന്നതിനും ജില്ലാതലത്തിൽ ആധുനിക സംവിധാനത്തോടുകൂടിയ കൺട്രോൾ റൂം സ്ഥാപിക്കുക, 24 മണിക്കൂറും വാഹന പരിശോധന സംവിധാനം ഏർപ്പെടുത്തുക, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, ട്രാഫിക് നിയമ ലംഘകർക്ക് നിർബന്ധിത പരിശീലന പരിപാടി നൽകുക, അപകട രക്ഷാ ദൗത്യം ഏകോപിപ്പിക്കുക തുടങ്ങിയവയാണ് പ്രധാനമായും സേഫ് കേരള പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

ii. <u>ബ്ലാക്ക് സ്പോട്ടുകളുടെ നിർമ്മാർജ്ജനം</u>

കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം (MoRTH) നിഷ്കർഷിച്ച മാനദണ്ഡ പ്രകാരം സംസ്ഥാനത്ത് 275 ബ്ലാക്ക് സ്പോട്ടുകൾ (തുടർച്ചയായി അപകടം സംഭവിക്കുന്ന മേഖല) നാറ്റ്പാക്കിന്റെ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ദേശീയ പാതയിൽ 159-ഉം മറ്റ് റോഡുകളിൽ 116 എണ്ണവുമാണുള്ളത്. ദേശീയ പാതയിൽ കണ്ടെത്തിയ 159 എണ്ണത്തിന്റെ വിശദാംശങ്ങൾ MoRTH മാനദണ്ഡങ്ങൾ പ്രകാരം പരിഹാര നടപടികൾക്കായി കേന്ദ്രമന്ത്രാലയത്തിന്റെ റോഡ് സുരക്ഷാ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. സംസ്ഥാന പാതകളിലും പ്രധാന ജില്ല പാതകളും കൂടാതെ മറ്റു പാതകളിലുമായി പതിനൊന്ന് ജില്ലകളിലായി കണ്ടെത്തിയ ബാക്കി 116 ബ്ലാക്ക് സ്പോട്ടുകളിൽ അടിയന്തര പ്രശ്നപരിഹാരം ആവശ്യമുള്ള 46 എണ്ണം മുൻഗണനാ പട്ടികയിൽ പൊതുമരാമത്ത് വകുപ്പ്

ഉൾപ്പെടുത്തിയിട്ടുണ്ട്. പെതുമരാമത്ത് മുൻഗണനാക്രമം നൽകിയ 46 പാതകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ പോലീസ് - മോട്ടോർ വാഹന-പൊതുമരാമത്ത് വകുപ്പുകളുടെ സഹായത്തോടെ പരിശോധന നടത്തി ഹ്രസ്വകാല – ദീർഘകാല പരിഹാര നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ വർഷവും ബ്ലാക്ക് സ്പോട്ടുകൾ സന്ദർശിച്ച് വിശദാംശങ്ങൾ പരിശോധിച്ച് ആവശ്യമായ ശിപാർശ നൽകുന്നതിനായി വാർഷിക കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ബ്ലാക്ക് സ്പോട്ടുകളുടെ നവീകരണത്തിനായി 22.5 കോടി രൂപയുടെ പദ്ധതിക്ക് പൊതുമരാമത്ത് വകുപ്പിന് (റോഡുകളും പാലങ്ങളും) അനുമതി നൽകിയിട്ടുണ്ട്. 2018 നവംബറിൽ സർക്കാർ 22.39 കോടി രൂപ കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് അനുവദിച്ചതിൽനിന്നും ഒരു കോടി രൂപ ആദ്യ ഗഡുവായി പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുണ്ട്. മുൻഗണനാക്രമത്തിൽ ഉൾപ്പെട്ട മിക്ക ബ്ലാക്ക് സ്പോട്ടുകളിലും ഹ്രസ്വകാല പരിഹാര നിർദ്ദേശങ്ങളായ വേഗത നിയന്ത്രണ സംവിധാനങ്ങൾ, ഹംപുകൾ, ദിശാബോർഡുകൾ, ട്രാഫിക് സിഗ്നലുകൾ എന്നിവയുടെ സ്ഥാപനം, റോഡ് മാർക്കിംഗ് തുടങ്ങിയവ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

iii. മോഡൽ സേഫ് കോറിഡോർ പ്രോജക്ട്

കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹായത്തോടെ സുരക്ഷിത യാത്ര ലക്ഷ്യംവച്ചുകൊണ്ട് കെ.എസ്.റ്റി.പി. നടപ്പാക്കുന്ന പദ്ധതിയാണ് സേഫ് കോറിഡോർ പദ്ധതി. അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ സംവിധാനങ്ങൾ, ഉപകരണങ്ങൾ, വേഗതാ നിയന്ത്രണ ഉപാധികൾ, സുരക്ഷാ സമ്പ്രദായങ്ങൾ, കാൽനടയാത്രക്കാർക്കുള്ള സുരക്ഷാ സംവിധാനങ്ങൾ, സ്കൂൾ സോൺ സുരക്ഷാ സംവിധാനങ്ങൾ, ക്രാഷ് ബാരിയർ, സിഗ്നൽ സംവിധാനങ്ങൾ, പാർക്കിംഗ് സ്ലോട്ടുകൾ, ആധുനിക ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ എന്നിവ തെരഞ്ഞെടുക്കപ്പെട്ട റോഡ് ഇടനാഴിയിൽ ഒരുക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. സംസ്ഥാനത്ത് മോഡൽ കോറിഡോർ റോഡായി ആദ്യം തെരഞ്ഞെടുത്തത് 82 കി.മീ. ദൈർഘ്യമുള്ള കഴക്കൂട്ടം - അടൂർ ദേശീയ പാതയാണ്. ഇതിന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

സേഫ് കോറിഡോർ -പാവങ്ങാട് -കോരപ്പുഴ – കോഴിക്കോട്

കെ.എസ്.റ്റി.പി.-യുടെ ധനസഹായത്തോടെ കോഴിക്കോട് ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ ഏറ്റെടുത്ത് നടത്തുന്ന പദ്ധതിയാണ് സംസ്ഥാനത്തെ രണ്ടാമത്തെ സേഫ് കോറിഡോർ പദ്ധതിയായ പാവങ്ങാട് - കോരപ്പുഴ. ഇതിന്റെ തുടർനടപടികൾ പുരോഗമിക്കുന്നു.

ഇതുകൂടാതെ, എൻഫോഴ്സ്മെന്റ് കാര്യക്ഷമമാക്കിയും വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും റോഡപകടങ്ങൾ ഒഴിവാക്കുന്നതിനുമുള്ള നടപടികൾ ആഭ്യന്തര വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. കേരള പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ശുഭയാത്ര പദ്ധതി കൂടുതൽ വിപുലമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അപകടകരമായ രീതിയിൽ ആശ്രദ്ധമായും, അമിത വേഗത്തിലും വാഹനം ഓടിക്കുന്നവർക്കെതിരെയും റോഡ് നിയമങ്ങൾ പാലിക്കാതെ വാഹനം ഓടിക്കുന്നവർക്കെതിരെയും പോലീസ് വകുപ്പ് കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലേയ്ക്കായി ആൽക്കോ മീറ്ററുകൾ, സ്പീഡ് റഡാറുകൾ, ട്രാഫിക് എൻഫോഴ്സ്മെന്റ് വാഹനങ്ങൾ, സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ തുടങ്ങിയ അത്യാധുനിക ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിച്ച് പോലീസ് മൊബൈൽ പട്രോളിംഗ്, ബൈക്ക് പട്രോളിംഗ്, ഹൈവേ പട്രോളിംഗ് തുടങ്ങിയ വാഹന പരിശോധനകൾ നടത്തി പരമാവധി റോഡപകടങ്ങൾ ഒഴിവാക്കി റോഡിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിച്ചു വരുന്നു. സ്പീഡ് ഗവേർണർ ഒഴിവാക്കിയും കൃത്യതയില്ലാത്ത സ്പീഡ് ഗവേർണർ ഉപയോഗിച്ചും ഓടിക്കുന്ന വാഹനങ്ങൾ തടയുന്നതിന് കർശന നിർദ്ദേശം പോലീസ് വകുപ്പ് നൽകിയിട്ടുണ്ട്.

(ബി&സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി സേഫ് കേരള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സേഫ് കേരള പദ്ധതിയുടെ ഭാഗമായി 24 മണിക്കൂറും നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തി നിയമലംഘനം തടയുക എന്ന പ്രധാന ലക്ഷ്യം കൈവരിക്കുന്നതിനായി കേരളത്തിലെ 14 ജില്ലകളിലായി മൊത്തം 85 സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ സ്ക്വാഡുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നതാണ്. ആയതിലേയ്ക്ക് ആദ്യപടി എന്ന നിലയിൽ 183 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ പി.എസ്.സി. മുഖേന നിയമനം നടത്തി തൃശ്ശൂർ പോലീസ് അക്കാദമിയിൽ ട്രെയിനിംഗ് ആരംഭിച്ചിട്ടുണ്ട്. 14 ജില്ലകളിലേയ്ക്ക് എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ നിയമിക്കുന്നതിനായി നടപടി നടന്നുവരുന്നു. 14 ജില്ലകളിലും എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേതൃത്വത്തിൽ കൺട്രോൾ റൂം സ്ഥാപിക്കുന്നതിന് സ്ഥലം നിശ്ചയിച്ച് നടപടി ആരംഭിച്ചിട്ടുണ്ട്. സ്ക്വാഡുകൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ വാഹനങ്ങൾ വെറ്റ് ലീസിന് എടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ജില്ലാതലത്തിൽ കേന്ദ്രീകൃത കൺട്രോൾ റൂമുകൾ സ്ഥാപിക്കുവാനും 'സേഫ് കേരള ' വിഭാവനം ചെയ്യുന്നു.

44 ഹൈവേ പട്രോൾ യൂണിറ്റുകൾ കേരളത്തിലെ ഹൈവേകളിൽ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നുണ്ട്. ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ടി ഹൈവേ പട്രോൾ വാഹനങ്ങൾ അപകടങ്ങൾ, റോഡ് ബ്ലോക്കുകൾ, മറ്റ് ട്രാഫിക് നിയമലംഘനങ്ങൾ എന്നിവ നടന്നാൽ എത്രയുംവേഗം ടി പ്രദേശത്ത് എത്തി വേണ്ട സത്വര നടപടികൾ സ്വീകരിച്ച് യാത്രക്കാർക്ക് സുരക്ഷിതവും, സുഗമവുമായ യാത്രാസംവിധാനം ഒരുക്കി വരുന്നു. ഹൈവേ പട്രോൾ വാഹനങ്ങളുടെ എണ്ണം 54 ആയി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്.

(ഡി) അപകടസാദ്ധ്യത കൂടിയ മേഖലകളിൽ ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടുപിടിക്കുന്നതിനായി ഗതാഗത കമ്മീഷണറുടെ ചുമതലയിൽ 203 ക്യാമറകൾ സ്ഥാപിച്ച് എറണാകുളം കൺട്രോൾ റൂമിൽ നിരീക്ഷിച്ച് നടപടി എടുത്തുവരുന്നതും, മണ്ണുത്തി മുതൽ വാളയാർ വരെ നാഷണൽ ഹൈവേയിലും മണ്ണുത്തി - മഞ്ചേശ്വരം റൂട്ടിലും ക്യാമറകൾ സ്ഥാപിച്ച് കോഴിക്കോട് കൺട്രോൾ റൂമിൽ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്.

സേഫ് കേരള പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിലും കേന്ദ്രീകൃത കൺട്രോൾ റൂമുകൾ സ്ഥാപിച്ച് മുഴുവൻസമയ നിരീക്ഷണം സാധ്യമാക്കാൻ ഉദ്ദേശിക്കുന്നു.

ആഭ്യന്തര വകുപ്പ് നടപ്പാക്കുന്ന Integrated Digital Traffic Enforcement പദ്ധതിയുടെ ഭാഗമായി പ്രധാന റോഡുകളിൽ അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ ക്യാമറകൾ സ്ഥാപിച്ച് നിയമ ലംഘനങ്ങൾ കണ്ടെത്തി യഥാസമയം നടപടിയെടുക്കാൻ സാധിക്കും. ഇത്തരം ക്യാമറകൾ ഒരു സെൻട്രലൈസ്ഡ് മോണിറ്ററിംഗ് സെന്ററുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതി PPP മാതൃകയിൽ നടപ്പിലാക്കുവാൻ 5-10-2018-ലെ സ.ഉ (കൈ) നമ്പർ155/2018/ആഭ്യ. പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഇ) അപകട വിവരങ്ങൾ യഥാസമയം അറിയിക്കുന്നതിന് അതത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് കീഴിലുള്ള ഫീൽഡ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതും വിവരങ്ങൾ ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ രക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നതും അപകടങ്ങളെക്കുറിച്ചുള്ള വിശദമായ അന്വേഷണങ്ങൾ നടത്തിവരുന്നതുമാണ്. ഡ്രൈവർമാരുടെ ഭാഗത്ത് നിന്നുമുണ്ടാകുന്ന അശ്രദ്ധകൊണ്ടുള്ള അപകടങ്ങളാണ് എന്ന് കണ്ടെത്തിയാൽ അത്തരം ഡ്രൈവർമാർക്കെതിരെ നടപടി സ്വീകരിച്ച് ലൈസൻസ് റദ്ദാക്കുന്ന നടപടിയുൾപ്പെടെയുള്ള കർശന നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, സേഫ് കേരള പദ്ധതിയുടെ ഭാഗമായി അപകടരക്ഷാപ്രവർത്തനങ്ങളുടെ ഏകോപനവും ലക്ഷ്യമിടുന്നുണ്ട്. പോലീസ്, ഫയർഫോഴ്സ് വകുപ്പുകളുടെയും ആശുപത്രികളുടെയും ആംബുലൻസുകളുടെയും വാഹന ടെക്നീഷ്യന്മാരുടെയും എൻ.ജി.ഒ.-മാരുടെയും സേവനം ഏകോപിപ്പിച്ചുകൊണ്ടാണ് ഇത് സാധ്യമാക്കാനുദ്ദേശിക്കുന്നത്.

## കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തെക്കുറിച്ചുള്ള പരാമർശം

29 (*149) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ഡോ. എം. കെ. മുനീർ :

ശ്രീ. എം. ഉമ്മർ :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വ്യാപിപ്പിച്ചതാണ് കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തിന്റെ വ്യാപ്തി കൂട്ടിയതെന്നും ഈ കൃഷി രീതി കുട്ടനാട്ടിന് ഇണങ്ങാത്തതാണെന്നുമുള്ള ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥന്റെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നയത്തിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഐ.എ.എസ്. ഉദ്യോഗസ്ഥന്റെ പാരമർശം സർക്കാർ നയത്തിന് എതിരാണെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) നെൽകൃഷിയെ പ്രോത്സാഹിപ്പിച്ചുകൊണ്ടും തരിശുനിലങ്ങൾ വ്യാപകമായി കൃഷിയോഗ്യമാക്കിയും നെൽവയലിന്റെ വിസ്തൃതി വർദ്ധിപ്പിച്ച് 3 ലക്ഷം ഹെക്ടറിലേയ്ക്ക് വ്യാപിപ്പിച്ച് നെല്ലുല്പാദനം വർദ്ധിപ്പിക്കുക എന്നതാണ് സർക്കാരിന്റെ നയം. ഇതിനുവേണ്ട നേതൃത്വപരമായ പ്രവർത്തനമാണ് കൃഷി വകുപ്പ് നടത്തിവരുന്നത്.

## കെ.എസ്.ആർ.ടി.സി.-യുടെ ഇലക്ട്രിക് ബസ് സർവ്വീസ്

30(*150) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ.വി. കെ. സി. മമ്മത് കോയ :

ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ മുഖ്യകാരണങ്ങളിലൊന്നായ പലിശഭാരം കുറയ്ക്കുന്നതിനായി നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണ്;

(ബി) കേന്ദ്ര സർക്കാർ നയങ്ങളുടെ ഫലമായി അനുദിനം ഇന്ധന വില വർദ്ധിക്കുന്ന സാഹചര്യത്തിൽ സർക്കാർ പുതുതായി ആരംഭിച്ചതും സർവ്വീസ് നടത്തുന്നതിന് ഏറെ ചെലവുകുറഞ്ഞതും അന്തരീക്ഷ മലിനീകരണം സൃഷ്ടിക്കാത്തതുമായ ഇലക്ട്രിക് ബസ് സർവ്വീസ് സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) ഇത്തരം വാഹനങ്ങളുടെ വിലയും സർവ്വീസ് ചെലവും ഡീസൽ വാഹനങ്ങളുടേതുമായി താരതമ്യം ചെയ്ത് അറിയിക്കാമോ; ഇത്തരത്തിലുള്ള എത്ര വാഹനങ്ങൾ വാങ്ങാനാണ് ഉദ്ദേശിക്കുന്നതെന്നും ബാറ്ററി റീചാർജിംഗിനായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) കെ.എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിലേക്കായി, പ്രധാനമായും. കെ.എസ്.ആർ.ടി.സി. കൂടിയ പലിശ നിരക്കിലും കുറഞ്ഞകാല തിരിച്ചടവ് ദൈർഘ്യത്തിലും എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് 3100 കൊടി രൂപ കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് ദൈർഘ്യവുമുള്ള വായ്പയായി മാറ്റിയിട്ടുണ്ട്. ഈ ഇനത്തിൽ പലിശഭാരം കുറയ്ക്കാൻ കഴിഞ്ഞതുവഴി കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസം 60 കോടിയോളം രൂപ ലാഭിക്കാൻ കഴിയുന്നുണ്ട്. എന്നാൽ അടിക്കടിയുണ്ടായ ഡീസൽ വില വർദ്ധനവുമൂലം കോർപ്പറേഷന് പ്രതിമാസം 37.5 കോടിയോളം രൂപ മാത്രമെ മിച്ചംപിടിക്കുവാൻ ആയിട്ടുള്ളൂ.

(ബി) സംസ്ഥാന സർക്കാരിന്റെ കരട് ഇലക്ട്രിക് വെഹിക്കിൾ പോളിസിയിൽ ഇ-ബസുകൾക്ക് പ്രഥമ പരിഗണനയാണ് നൽകിയിട്ടുള്ളത്. ഒറ്റ ചാർജിംഗിൽ 50-100 കിലോമീറ്റർ വരെ ദൂരപരിധി ലഭിക്കുന്ന വാഹനങ്ങളാണ് ആദ്യഘട്ടത്തിൽ വിഭാവനം ചെയ്യുന്നത്. Fixed Battery System, Replaceable Battery System, Automated Bus Charging System എന്നിങ്ങനെയുള്ള 3 സാധ്യതകളാണ് സർക്കാർ പരിഗണിക്കുന്നത്. ഇത് സംബന്ധിച്ച ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്. കെ.എസ്.ആർ.ടി.സി. വെറ്റ് ലീസ് വ്യവസ്ഥയിൽ ഇലക്ട്രിക് ബസുകൾ ലഭ്യമാക്കി സർവ്വീസ് നടത്താൻ ആരംഭിച്ചിട്ടുണ്ട്. 9 മീറ്റർ നീളമുള്ള 10 AC ഇലക്ട്രിക് ബസ്സുകൾ ടെണ്ടർ ക്ഷണിച്ച് ലഭ്യമാക്കുകയും അതിൽ ആദ്യഘട്ടം ഇലക്ട്രിക് ബസ്സുകൾ നിലവിൽ പമ്പ-നിലയ്ക്കൽ റൂട്ടിൽ സർവ്വീസ് നടത്തി വരികയും ചെയ്യുന്നു. ടി ബസ്സുകൾക്ക് ഒരു കി.മീ. ഓടുന്നതിന് കേവലം നാല് രൂപ മാത്രം ഇലക്ട്രിസിറ്റി ചാർജ് ഇനത്തിൽ ചെലവ് വരുമ്പോൾ ഡീസൽ എ.സി. ബസ്സുകൾ ഏതാണ്ട് 31 രൂപയാണ് ഒരു കി.മീ ഓടുന്നതിന് ചെലവ് വരുന്നത്.

ഇലക്ട്രിക് ബസുകൾ പുകയോ ശബ്ദശല്യമോ അടക്കമുള്ള ഒരു തരത്തിലുള്ള അന്തരീക്ഷ മലിനീകരണവും ഉണ്ടാക്കുന്നില്ല.

(സി) ഡീസൽ A/C ബസും 9 മീറ്റർ നീളമുള്ളതും 12 മീറ്റർ നീളമുള്ളതുമായ ഇലക്ട്രിക് ബസുകളുടേയും വിലയും സർവ്വീസ് ചെലവും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു:

| Bus Type | Price (approximate) | Average Service Expenditure |
|---|---|---|
| Diesel AC Bus (Scania) | 98 Lakhs | Rs.75.61/KM |
| Electric Bus (12m) | 2 Crore | Not assessed |
| Electric Bus (9m) | 1.5 Crore | Rs.59.39/km |

ഇലക്ട്രിക് ബസ്സുകൾ വളരെ വിലകൂടിയവ ആയതിനാൽ വിലകൊടുത്ത് വാങ്ങാൻ നിലവിൽ ഉദ്ദേശിക്കുന്നില്ല. കി.മീ. അടിസ്ഥാനത്തിൽ വെറ്റ് ലീസ്റ്റ് വ്യവസ്ഥയിലാണ് നിലവിലുള്ള ബസ്സുകൾ ലഭ്യമാക്കിയിട്ടുള്ളത്.

ബാറ്ററി ചാർജിംഗിനുള്ള ഇലക്ട്രിസിറ്റി കണക്ഷനും ഇലക്ട്രിസിറ്റി ചാർജ്ജും മാത്രമാണ് കെ.എസ്.ആർ.ടി.സി. നൽകുന്നത്. ചാർജറും അനുബന്ധ സംവിധാനങ്ങളും, വാഹനങ്ങളുടെ പരിപാലനവും വെറ്റ് ലീസ് വ്യവസ്ഥയിൽ ബസ്സ് ലഭ്യമാക്കുന്ന കമ്പനിയാണ് സജ്ജമാക്കുന്നത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കർഷക താല്പര്യം സംരക്ഷിക്കുന്നതിനുള്ള നടപടികൾ

1(1560) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ അനുവർത്തിക്കുന്ന നവ ലിബറലിസം എന്ന കമ്പോളാധിപത്യവൽക്കരണം അസംഘടിതമായ കാർഷികമേഖലയിൽ അനിശ്ചിതാവസ്ഥയ്ക്കും വിലത്തകർച്ചയ്ക്കും ഇടയാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പ്രതിരോധിക്കാൻ മൂല്യവർദ്ധിതോല്പന്ന വ്യവസായങ്ങളെയും പ്രാദേശിക ചന്തകളെയും പ്രോത്സാഹിപ്പിക്കാൻ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ബാങ്കുകൾ കർഷകർക്ക് വായ്പ അനുവദിക്കാൻ വിമുഖത കാണിക്കുകയോ അല്ലെങ്കിൽ സർഫാസി നിയമക്കുരുക്കിൽപ്പെടുത്തി കിടപ്പാടം ജപ്തി ചെയ്യുകയോ ചെയ്യുന്ന അവസ്ഥയ്ക്ക് അറുതിവരുത്താൻ കൃഷി വകുപ്പ് ഇടപെടൽ നടത്തുമോ;

(സി) ആസിയാൻപോലുള്ള പ്രാദേശിക സ്വതന്ത്ര വ്യാപാര കരാറുകൾ സംസ്ഥാനത്തെ കർഷകരുടെ താല്പര്യം ഹനിക്കുന്ന സാഹചര്യത്തിൽ, പുതുതായി ഒപ്പിടാനൊരുങ്ങുന്ന പ്രദേശിക സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ (ആർ.സി.ഇ.പി.) പ്രശ്നം അതീവ ഗുരുതരമാക്കാനിടയുണ്ടെന്നതിനാൽ കരാറിൽ കക്ഷിയാകാതിരിക്കുകയോ അല്ലെങ്കിൽ രാജ്യത്തെ കർഷക താല്പര്യം സംരക്ഷിക്കാനുള്ള വ്യവസ്ഥകൾ കരാറിൽ ഉൾക്കൊള്ളിക്കുകയോ വേണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) കേന്ദ്രനയംമൂലമുള്ള കാർഷികമേഖലയിലെ അനിശ്ചിതാവസ്ഥയും വിലത്തകർച്ചയും പ്രതിരോധിക്കുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്തുവരുന്നു:

ആഴ്ചയിൽ ഒന്നോ അതിലധികമോ ദിവസം വീതം പ്രവർത്തിക്കുന്ന 400 ഗ്രാമീണ ആഴ്ച ചന്തകൾ, 214 ഇക്കോ ഷോപ്പുകൾ, 65 ഓർഗാനിക് ഇക്കോഷോപ്പുകൾ, 37 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ (ബി.എൽ.എഫ്.ഒ.) മാർക്കറ്റുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു.

നാളികേരം, പഴം-പച്ചക്കറി, തേൻ എന്നീ മേഖലകളെ പ്രവർത്തന സജ്ജമാക്കുന്നതിനായി ആദ്യഘട്ടത്തിൽ 5 അഗ്രോപാർക്കുകൾ (നാളികേര അഗ്രോ പാർക്ക് വേങ്ങേരി, കൂത്താളി (രണ്ടും കോഴിക്കോട് ജില്ല) ബനാന ഹണി പാർക്ക് (കണ്ണാറഫാം - തൃശ്ശൂർ, മാംഗോ പാർക്ക് (മുതലമട ഫാം - പാലക്കാട്, പച്ചക്കറി അഗ്രോപാർക്ക് - പഴത്തോട്ടം (ഇടുക്കി) സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിന് കെയ്കോയെ എസ്.പി.വി. ആയി തെരഞ്ഞെടുത്തിട്ടുണ്ട്. ഇവയിൽ 2 നാളികേര അഗ്രോ പാർക്കുകളുടേയും ബനാന - ഹണി അഗ്രോപാർക്കിന്റേയും സ്ഥാപനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും അവ കിഫ്ബിയിൽ ധനസഹായത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കൂടാതെ മൂല്യവർദ്ധനവ് യൂണിറ്റുകൾക്കുള്ള സഹായം ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പായ്ക്കിംഗ്, IRMA എന്നീ സ്ഥപനങ്ങളുമായി യോജിച്ചുള്ള പ്രവർത്തനം, നീര സംസ്കരണത്തിനുള്ള സഹായം തുടങ്ങിയവയും വിതരണം ചെയ്തുവരുന്നു.

മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി 2016 ഡിസംബർ 1 മുതൽ 5 വരെ വൈഗ 1 -ഉം 2017 ഡിസംബർ 27 മുതൽ 31 വരെ വൈഗ 2 -ഉം സംരഭകരെയും കർഷകരെയും കേന്ദ്ര സംസ്ഥാന ഗവേഷണ സ്ഥാപനങ്ങളെയും ധനകാര്യസ്ഥാപനങ്ങളെയും ചില പ്രധാനപ്പെട്ട അന്താരാഷ്ട്ര വിദഗ്ധരെയും വ്യവസായ വകുപ്പിന്റെ പ്രതിനിധികളെയും ഉൾപ്പടുത്തി സംഘടിപ്പിക്കുകയുണ്ടായി.

കേന്ദ്ര നയംമൂലം റബ്ബർ കൃഷിക്കാർക്കുള്ള നഷ്ടം നികത്തുന്നതിനായി വിലസ്ഥിരതാ ഫണ്ട് നൽകിവരുന്നു. നാളികേരത്തിന്റെ വിലത്തകർച്ച നേരിടുന്ന ഘട്ടത്തിൽ താങ്ങുവില നൽകി നാളികേര സംഭരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കർഷകർക്ക് കൂടുതൽ ഹ്രസ്വകാല വായ്പ ലഭ്യമാക്കാൻ നടപടി എടുക്കണം എന്ന് റിസർവ് ബാങ്ക് ഗവർണറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അതുപോലെ സർഫാസി ആക്ട് അനുസരിച്ചുള്ള ജപ്തി നടപടികൾ ബാങ്കുകൾ അടിയന്തരമായി നിർത്തിവയ്ക്കണമെന്നും വായ്പാതിരിച്ചടവുമായി ബന്ധപ്പെട്ട് ഉണ്ടാകാൻ ഇടയുള്ള കർഷക ആത്മഹത്യകൾ തടയുന്നതിനായി അദാലത്തുകൾ സംഘടിപ്പിക്കണമെന്നും ബാങ്ക് മേധാവികളുടെ യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വിവിധതരം കാർഷികവായ്പകളിൻമേലുള്ള ജപ്തി നടപടികൾക്ക് 12-10-2018 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ആർ.സി.ഇ.പി. ഉൾപ്പെടെയുള്ള സ്വതന്ത്ര്യവ്യാപാര കരാറുകളിൽ പങ്കാളിയാകുന്നതിന് മുൻപ് സംസ്ഥാനങ്ങളുടെ അഭിപ്രായം ആരായണമെന്നും കർഷകരുടെ സംരക്ഷണം ഉറപ്പുവരുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഈ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് കേന്ദ്രസർക്കാർ ഉറപ്പുനൽകിയിട്ടുണ്ട്.

## വിഷരഹിത പച്ചക്കറി കൃഷിയും നെൽകൃഷിയും

2(1561) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിത പച്ചക്കറി കൃഷിയും നെൽകൃഷിയും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ പദ്ധതിയുടെ ഭാഗമായി കൃഷിക്കാർക്ക് കുറഞ്ഞ പലിശനിരക്കിൽ ബാങ്കിൽനിന്നും കാർഷിക ലോൺ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് പ്രത്യേകമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിഷരഹിത പച്ചക്കറി കൃഷിയും നെൽകൃഷിയും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് " ജൈവകൃഷിയും ഉത്തമ കൃഷി മുറകളും " എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിലും " പരമ്പരാഗത കൃഷി വികാസ് യോജന " എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലും ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. ഇപ്രകാരം 34180 ഹെക്ടറിൽ ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതി ഈ വർഷം നടപ്പിലാക്കിവരുന്നു. ഇതിൽ 27750 ഹെക്ടർ സ്ഥലത്ത് കുട്ടനാട്ടിൽ ഉത്തമ കൃഷിമുറകൾ പാലിച്ച് നെൽകൃഷി നടപ്പിലാക്കിവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പരമ്പരാഗത കൃഷി വികാസ് യോജനയിൽ 12380 ഹെക്ടറിൽ ജൈവ കൃഷി നടപ്പിലാക്കിവരുന്നു.

(1) ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ

ഓരോ ക്ലസ്റ്ററുകളും 25 ഹെക്ടർ വരെയാണ് ഉൾക്കൊള്ളുന്നത്. ഇവയ്ക്ക് ഹെക്ടർ ഒന്നിന് 3,000 രൂപ ധനസഹായം നൽകുന്നു. കർഷകരുടെ കൂട്ടായ ജൈവ കാർഷിക പ്രവർത്തനങ്ങൾക്കാണ്, ക്ലസ്റ്ററൊന്നിന് 75,000 രൂപ ധനസഹായം നൽകുന്നത്. നടപ്പുസാമ്പത്തിക വർഷം 251 ക്ലസ്റ്ററുകളിൽ പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനുപുറമെ പി.കെ.വി.വൈ. പദ്ധതി പ്രകാരമുള്ള 619 ക്ലസ്റ്ററുകൾ 12380 ഹെക്ടറുകളിൽ പ്രവർത്തിച്ചുവരുന്നു.

(2) ഇക്കോഷോപ്പുകൾ

ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ, മറ്റ് ഉല്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി ഇക്കോഷോപ്പുകൾ പ്രവർത്തിച്ചു വരുന്നു.

(3) ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് ഇതിനോടകം 32 നേരിട്ടുള്ള വിപണികൾ സ്ഥാപിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 17 വിപണികൾക്കായി 30 ലക്ഷം രൂപയാണ് വിനിയോഗിക്കുന്നത്.

(4) കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖാന്തരം പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്നതിന് 1000 ഹെക്ടറിലേയ്ക്ക് 60 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. ഹെക്ടറിന് 6,000 രൂപ ക്രമത്തിലാണ് ധനസഹായം നൽകുന്നത്.

(5) കുട്ടനാട് ജി.എ.പി. പദ്ധതി

കുട്ടനാട്ടിൽ സുസ്ഥിര ജൈവ നെൽകൃഷി നടപ്പിലാക്കുന്നതിനും കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയാക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയാണിത്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ 27750 ഹെക്ടർ സ്ഥലത്തെ പാടശേഖരത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിനായി നടപ്പ് സാമ്പത്തിക വർഷം 100 ലക്ഷം രൂപ വിനിയോഗിക്കുന്നു. കുട്ടനാട്ടിലെ വരിനെല്ലിന്റെ നിയന്ത്രണം, കുട്ടനാട് കരിമണ്ണിന്റെ പരിപാലനം, ജൈവ ഉപാധികളുടെ നിർമ്മാണം, കള നിയന്ത്രണ പരിശീലന പരിപാടികൾ, സംയോജിത കീട നിയന്ത്രണം എന്നിവയാണ് പ്രധാനമായും നടപ്പാക്കുന്നത്.

(6) സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജകമണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രമാപഞ്ചായത്ത് ജില്ലാതലത്തിൽ എന്നിങ്ങനെ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

(7) അവശിഷ്ട വിഷാംശ പരിശോധന

സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ടവിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ടവിഷാംശ പരിശോധന നടത്തി പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടൽ www.kerala.gov.in -ലും കേരള കാർഷിക സർവ്വകലാശാലയുടേയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു.മൂന്നു മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾവഴി ഇത്തരം അന്യസംസ്ഥാന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധി വരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഹോർട്ടികൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസറഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(8) സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്

" സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്" എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവുകുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ. ശ്രീ. സുഭാഷ് പലേക്കറിനെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിക്കുകയുണ്ടായി.

(9) ഫാം സ്കൂൾ & കർഷകർക്കുള്ള പരിശീലനങ്ങൾ

ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുംവേണ്ടി ഫാം സ്കൂളുകൾ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നു. ഈ വർഷം ജൈവ കൃഷി സംബന്ധിച്ച് 76 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

(10) പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.)

ഇത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് 60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്ന പദ്ധതിയാണിത്. മൂന്ന് വർഷം തുടർച്ചയായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ക്ലസ്റ്ററൊന്നിന് 14.95 ലക്ഷം രൂപയാണ് ധനസഹായം. കർഷകർക്കുള്ള ബോധവല്ക്കരണം, ക്ലസ്റ്റർ അംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ, ജൈവ ഉല്പാദനോപാധികളുടെ നിർമ്മാണം, ജൈവവളം, ജൈവകീടനാശിനികൾ എന്നിവയുടെ ഉല്പാദനം, മണ്ണ് പരിശോധന, പി.ജി.എസ്. സർട്ടിഫിക്കേഷൻ, ഓർഗാനിക് മേളകൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുക ഇവയാണ് പ്രധാന പ്രവർത്തനങ്ങൾ. 12380 ഹെക്ടർ സ്ഥലത്ത് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

(ബി) കൃഷിക്കാവശ്യമായ ഉല്പാദനോപാധികളായ വളം, വിത്ത് തുടങ്ങിയവ വാങ്ങുന്നതിനും മറ്റ് കൃഷി ആവശ്യങ്ങൾക്കുമായി ഹ്രസ്വകാല വായ്പകൾ ധനകാര്യ സ്ഥാപനങ്ങൾ നൽകിവരുന്നുണ്ട്. ഹ്രസ്വകാല വായ്പകൾ 7% പലിശ നിരക്കിലാണ് കർഷകർക്ക് നൽകുന്നത് എന്നാൽ കൃത്യമായി ലോൺ തിരിച്ചടക്കുന്നവർക്ക് RBI യുടെ Interest Subvention Scheme പ്രകാരം 3% സബ്സിഡി അനുവദിച്ചിട്ടുണ്ട്. ചെറുകിട നാമമാത്ര കർഷകർക്ക് കാർഷിക വായ്പ ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് എല്ലാ സഹായങ്ങളും ചെയ്തുവരുന്നുണ്ട്. കർഷകർക്ക് കൃഷിക്കും മറ്റാവശ്യങ്ങൾക്കും വേണ്ട സമയത്തും അളവിലും ലളിതമായ നടപടികളിലൂടെയും ബാങ്ക് വായ്പ പ്രദാനം ചെയ്യുന്നത് കിസാൻ ക്രെഡിറ്റ് കാർഡിലൂടെയാണ്. അർഹരായ കർഷകർക്ക് കാർഷിക വായ്പ ലഭ്യമാക്കുന്നതിന് കൃഷി ഭവനിലെ കൃഷി ഓഫീസർ കർഷകരുടെ അപേക്ഷ

ശിപാർശയോടുകൂടി ബാങ്കുകളിൽ നൽകിവരുന്നുണ്ട്. ബ്ലോക്കുതല ബാങ്കേഴ്സ് കമ്മിറ്റി (B.L.B.C), ജില്ലാതല റിവ്യൂ കമ്മിറ്റി (D.L.R.C) സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി എന്നിവയിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ അംഗങ്ങളാണ്. പ്രസ്തുത കമ്മിറ്റി യോഗങ്ങളിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ സജീവമായി പങ്കെടുക്കുകയും വിവിധ കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിന് കർഷകർക്ക് വായ്പ ലഭ്യമാക്കുന്നതിനെ ക്കുറിച്ചും ചർച്ച ചെയ്യാറുണ്ട്. ഇതോടൊപ്പംതന്നെ വായ്പ ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കൃഷി ഉദ്യോഗസ്ഥർ ഈ വേദിയിൽ ഉന്നയിച്ച് പരിഹാരം കണ്ടെത്താൻ ശ്രമിച്ചുവരുന്നു.

സംസ്ഥാനത്ത് ശീതകാല പച്ചക്കറി കൃഷിയുടെ മേഖലയായ വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിൽ കേരള ഗ്രാമീണ ബാങ്കിന്റെ സഹായത്തോടുകൂടി ഹരിത കാർഡുകൾ കർഷകർക്ക് നൽകിവരുന്നു. കാർഷിക വായ്പ ലഭ്യമാക്കുന്നതിന് ഇവ കർഷകരെ വളരെയധികം സഹായിക്കുന്നതായി കണ്ടുവരുന്നു. കൂടാതെ ഹരിത കാർഡ് കൃഷിക്കാരുടെ ഒരു തിരിച്ചറിയൽ കാർഡായും ഉപയോഗിച്ചുവരുന്നു.

**കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി സമഗ്രപദ്ധതികൾ**

3(1562) ശ്രീ. രാജു എബ്രഹാം :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം സമഗ്രപദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) കൃഷി നാശംമൂലമുണ്ടായ നഷ്ടത്തിൽനിന്ന് കരകയറാൻ കർഷകർക്ക് ഇടക്കാല വായ്പകൾ അനുവദിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള അന്താരാഷ്ട്ര കാർഷിക വികസന നിധിയുടെ സഹായത്തോടെ എന്തെല്ലാം പുനരുദ്ധാരണ പദ്ധതികളാണ് നടപ്പാക്കുന്നത്; പ്രസ്തുത ധനസഹായത്തിനുള്ള റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കാർഷിക മേഖലയിൽ നിലവിലുണ്ടായിട്ടുള്ള പ്രതിസന്ധികൾ മറികടക്കുന്നതിന് അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേന തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനായി സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വിവിധ വിളകൾക്കുണ്ടായ നാശനഷ്ടത്തോടൊപ്പം ആസ്തികൾക്കും സർക്കാർ ഫാമുകൾക്കും നാശനഷ്ടമുണ്ടായി. കൂടാതെ മണ്ണിന്റെ ഘടനയിൽ വ്യത്യാസം സംഭവിച്ചതോടൊപ്പം ധാരാളം കർഷകർക്ക് കൃഷിഭൂമിതന്നെ നഷ്ടമാകുന്ന സ്ഥിതിയുമുണ്ടായി. പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തിവരുന്നത്.

വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കും ഉണ്ടായ വൻതോതിലുള്ള നാശത്തിന്റെ വെളിച്ചത്തിൽ 2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റംവരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള 22.19 കോടി രൂപയുടെ പുതുക്കിയ പദ്ധതികൾക്ക് ഭരണാനുമതി നൽകി. ഇതിൽ നെൽവിത്ത്, പച്ചക്കറി വിത്ത് എന്നിവയുടെ സൗജന്യ വിതരണം, എലിനശീകരണ ക്യാമ്പയിൻ, ഓപ്പറേഷൻ കോൾ ഡബിൾ, മൂല്യവർദ്ധനവിന്റെ ഭാഗമായി ചെറുകിട, ഇടത്തരം കാർഷികോല്പന്ന സംസ്കരണ യൂണിറ്റുകൾക്ക് ധനസഹായം, പുഷ്പകൃഷി വികസനം തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ നിലവിലുള്ള കൃഷി പുനഃരുദ്ധാരണത്തിനും പുതുകൃഷി ആരംഭിക്കുന്നതിനും മണ്ണിന്റെ ഫലഭൂയിഷ്ഠി വർദ്ധിപ്പിക്കുന്നതിനുമായി വിവിധ കാർഷിക പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 2018-19-ലെ കൃഷി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും 90.00 കോടി രൂപയുടെ പ്രത്യേക പാക്കേജ് പദ്ധതിയിൽ 43.62 കോടി രൂപയ്ക്ക് ഉള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകി. നെൽവിത്ത് സൗജന്യമായി വിതരണം ചെയ്യുന്നതിനും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പച്ചക്കറി, സുഗന്ധവ്യഞ്ജന വിളകൾ എന്നിവയുടെ വികസനത്തോടൊപ്പം ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനം, പ്രളയംമൂലം നശിച്ച പമ്പ് സെറ്റുകൾ, പെട്ടി, പറ എന്നിവയുടെ റിപ്പയറിംഗ് എന്നിവയും പ്രളയാനന്തരം ഉണ്ടായ പ്രധാന പ്രശ്നങ്ങളായ വിളകളിലെ രോഗകീടബാധ, എലിശല്യം എന്നിവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രളയംമൂലം കൃഷി നശിക്കുകയും കൃഷിയിടങ്ങൾ നഷ്ടപ്പെടുകയും ചെയ്ത കർഷകരുടെ ആത്മവിശ്വാസം വീണ്ടെടുക്കുന്നതിനാവശ്യമായ കൗൺസലിംഗ്, മറ്റ് പരിശീലനങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു. മണ്ണിന്റെ ഘടന വീണ്ടെടുക്കുന്നതിനായി കുമ്മായവസ്തു വിതരണവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രളയ നിവാരണത്തിനുള്ള പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോൾട്ടികൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൻ കീഴിൽ ഹോൾട്ടികൾച്ചർ മേഖലയുടെ പുനഃരുദ്ധാരണത്തിനും കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കേന്ദ്രസർക്കാരിന് സമർപ്പിച്ച 102.1855 കോടി രൂപയുടെ പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന വിഹിതം 60:40 അനുപാതത്തിൽ 93.395 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

വെള്ളപ്പൊക്കംമൂലം കാർഷിക മേഖലയിലുണ്ടായ നാശനഷ്ടങ്ങൾക്ക് കേന്ദ്രസർക്കാരിന്റെ ധനസഹായം ലഭിക്കുന്നതിനായി വിശദമായ മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. നാശനഷ്ടം നേരിട്ട കൃഷിയിടങ്ങൾ പൂർവ്വസ്ഥിതിയിലേയ്ക്ക് കൊണ്ടുവരുന്നതിന് അടിസ്ഥാന കൃഷി പ്രവർത്തനങ്ങൾ ആരംഭിക്കുക, മണ്ണ്-ജല സംരക്ഷണ പ്രവർത്തനം നടപ്പിലാക്കുന്നതുവഴി പരിസ്ഥിതി പുനസ്ഥാപനം സാധ്യമാക്കുക, കർഷകർക്ക് ഉൽപ്പാദനോപാദികൾ, യന്ത്രസാമഗ്രികൾ തുടങ്ങിയവ സബ്സിഡി നിരക്കിൽ നൽകുക, നിലവിലുള്ള കാർഷിക കർമ്മസേനകൾ ശക്തിപ്പെടുത്തുക, കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളുടെ വികസനം, കിഴങ്ങുവർഗ്ഗവിളകളുടെ പുനരുജ്ജീവനം, കുരുമുളക്, മറ്റ് സുഗന്ധവ്യഞ്ജനവിളകൾ എന്നിവയുടെ കൃഷി പുനരുജ്ജീവിപ്പിക്കുക, പരമ്പരാഗത ചെറുധാന്യവിളകളുടെ സംരക്ഷണം, തെങ്ങുകൃഷി പുനരുദ്ധാരണം, കാർഷികമേഖലയിലെ ദുരന്ത നിവാരണം എന്നീ ഘടകങ്ങൾക്കായി ആകെ 1602 കോടി രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

പ്രളയക്കെടുതിയിൽനിന്നും കേരളം കരകയറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ശാസ്ത്രീയ സമീപനത്തിലൂടെയും സന്നദ്ധ സേവനത്തിലൂടെയും കാർഷിക മേഖലയുടെ പുനസൃഷ്ടി സാധ്യമാക്കുന്നതിന് 'പുനർജനി' എന്ന പേരിൽ ബൃഹത്തായ പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. ആലപ്പുഴ, കോട്ടയം, പാലക്കാട്, തിരുവനന്തപുരം ജില്ലകളിൽ ഇത് നടപ്പിലാക്കി. മറ്റുള്ള ജില്ലകളിൽ നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

കൂടാതെ, പ്ലാനിംഗ് ബോർഡ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള 2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി 'പുനർജനി' എന്ന പേരിൽ പുതിയ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് മഴക്കെടുതിമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി പ്രളയ ബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള ഇടങ്ങളിലെ കാർഷിക കടങ്ങൾക്ക് 31-7-2018 മുതൽ ഒരു വർഷത്തേക്ക് മൊറൊട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രളയം ബാധിച്ച ജില്ലകളിലെ കർഷകരുടെ കാർഷിക വായ്പകൾ ഓവർ ഡ്യൂ ആയിട്ടില്ലെങ്കിൽ പുനഃക്രമീകരിക്കാൻ പ്രളയാനന്തരം കൂടിയ പ്രത്യേക എസ്.എൽ.ബി.സി. തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ മൊറൊട്ടോറിയം പീരിഡ് കഴിഞ്ഞ ശേഷം ടേം ലോൺ ആക്കിയാൽ കൂട്ട് പലിശ ഒഴിവാക്കി സാധാരണ പലിശ മാത്രം ഈടാക്കാനും തിരിച്ചടക്കാനുള്ള തുക തവണകളായി 5 വർഷംകൊണ്ട് അടച്ചുതീർക്കുന്ന രീതിയിൽ ക്രമീകരിക്കാനും എസ്.എൽ.ബി.സി. തീരുമാനമെടുത്തിട്ടുണ്ട്. അധിക സെക്യൂരിറ്റി ഇല്ലാതെതന്നെ കൃഷി ചെയ്യുന്ന വിസ്തീർണ്ണം സ്കെയിൽ ഓഫ് ഫിനാൻസും മറ്റു മാർഗ്ഗനിർദ്ദേശങ്ങളും അടിസ്ഥാനമാക്കി പുതിയ വിള വായ്പകൾ (Crop loans) അനുവദിക്കാനും എസ്.എൽ.ബി.സി. തീരുമാനമെടുത്തിട്ടുണ്ട്.

(സി) ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള അന്താരാഷ്ട്ര കാർഷിക വികസന നിധിയുടെ സഹായത്തോടെ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി കൃഷി വകുപ്പ് ഡയറക്ടർ സമർപ്പിച്ച 745 കോടി രൂപയുടെ (IFAD- 500 കോടി രൂപ, സംസ്ഥാന സർക്കാർ- 245 കോടി രൂപ) പ്രോജക്ട് പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) കാർഷിക മേഖലയിൽ നിലവിലുണ്ടായിട്ടുള്ള പ്രതിസന്ധികൾ മറികടക്കുന്നതിനുള്ള പുനരുജ്ജീവന പ്രവർത്തനങ്ങളിൽ അഗ്രോസർവ്വീസ് സെന്ററുകകളും കാർഷിക കർമ്മസേനകളും വിവിധ പ്രവർത്തനങ്ങളിൽ ഭാഗമാകുന്നുണ്ട്. കർഷകരുടെ വീടുകളിൽ അടിഞ്ഞ ചെളിയും മണ്ണും മാറ്റി വാസയോഗ്യമാക്കുക, കൃഷിയിടങ്ങൾ പുനർസൃഷ്ടിക്കുക, കൃഷിയോഗ്യമാക്കുക, നിലവിലുള്ള കൃഷി സംരക്ഷിക്കുക, കിണറുകൾ വൃത്തിയാക്കുക, സംരക്ഷിക്കുക, തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങളിൽ അഗ്രോസർവ്വീസ് സെന്ററുകളും കർമ്മസേനകളും മികച്ച സേവനം നൽകുന്നുണ്ട്.

2018-19 വർഷം 18 അഗ്രോസർവ്വീസ് സെന്ററുകകളും 100 കാർഷിക കർമ്മസേനകളും പുതുതായി ആരംഭിക്കുന്നുണ്ട്. കൂടാതെ അഗ്രോസർവ്വീസ് സെന്ററുകകൾക്കും കാർഷിക കർമ്മസേനകൾക്കും ആവശ്യമായ യന്ത്രോപകരണങ്ങൾ നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം, പട്ടാമ്പി കൃഷിവിജ്ഞാൻ കേന്ദ്രം എന്നിവയ്ക്കായി അനുവദിച്ചിട്ടുള്ള പദ്ധതികൾ

4(1563) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബഡ്ജറ്റിൽ പട്ടാമ്പി പ്രാദേശിക കാർഷികഗവേഷണ കേന്ദ്രം, പട്ടാമ്പി കൃഷിവിജ്ഞാൻ കേന്ദ്രം എന്നിവയ്ക്കായി അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് കാലതാമസം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18-ൽ പട്ടാമ്പി കാർഷിക ഗവേഷണ കേന്ദ്രത്തിൽ നടപ്പിലാക്കിയ പ്ലാൻ പദ്ധതികൾ ചുവടെ ചേർക്കുന്നവയാണ്;

- ടിഷ്യൂക്കൾച്ചർ ചെടികൾക്കായുള്ള ദേശീയ സർട്ടിഫിക്കേഷൻ പദ്ധതി പ്രകാരം കൂടുതൽ മൂല്യവും ആവശ്യകതയും ഉള്ള വിളകളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള സൂക്ഷ്മപ്രവർത്തനം.
- നെല്ലിന്റെ മികവ് കേന്ദ്രം
- നിലവിലുള്ള ഗവേഷണ പദ്ധതികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള സ്റ്റേഷൻ ഫണ്ടിംഗ്.
- ജനിതക ശക്തിയും പരിപാലന രീതികളും ഉപയോഗിച്ച് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതി.
- വിത്തുല്പാദനവും നഴ്സറി പരിപാലനവുമായി ബന്ധപ്പെട്ട ശൃംഖലാ പദ്ധതി.

(നിലവിലെ സ്ഥിതി അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.)*

പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രത്തിൽ 2017-18-ൽ പ്ലാൻ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമ്പത്തിക വിഭവ ലഭ്യത കുറവ് കാരണമാണ് പദ്ധതികൾ നടപ്പിലാക്കാൻ കാലതാമസം നേരിട്ടത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുട്ടനാട്ടിലെ കൃഷിപ്രദേശങ്ങളിൽ വെള്ളം വറ്റിക്കുന്നതിനുള്ള നടപടികൾ

5(1564) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം മറ്റ് പ്രദേശങ്ങളിൽ വെള്ളം ഇറങ്ങിയിട്ടും കുട്ടനാടൻ പ്രദേശങ്ങളിൽ, പ്രത്യേകിച്ച് കൃഷി ഭൂമികളിൽ ഇറങ്ങാതെനിന്ന വെള്ളം വറ്റിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇനിയൊരു വെള്ളപ്പൊക്കം ഉണ്ടായാൽ കുട്ടനാടിലെ കൃഷിയെ രക്ഷിക്കുവാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയാനന്തരം വെള്ളം ഇറങ്ങാതെ നിന്ന സ്ഥലങ്ങളിൽ ജലസേചന വകുപ്പിന്റെ പമ്പുകൾ, പാടശേഖരങ്ങളിലെ പമ്പുകൾ, വാടകയ്ക്കെടുത്ത പമ്പുകൾ എന്നിവ ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(ബി) നിലവിലുള്ള ബണ്ടുകൾ ബലപ്പെടുത്തി ഉയരം കൂട്ടിയും പാടശേഖരങ്ങളിൽ സ്ലൂയിസ് നിർമ്മിച്ചും വെള്ളപ്പൊക്കം നിയന്ത്രിക്കാൻ സാധിക്കും. കുട്ടനാട് മേഖലയിലെ പുളിങ്കുന്ന്, വിയ്യാപുരം, കാവാലം എന്നീ പഞ്ചായത്തുകളിലെ 4 പാട ശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 5.50 കോടി രൂപയുടെ പദ്ധതി RIDF-XXIV-ൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്.

കുട്ടനാടിന്റെ സമഗ്ര വികസനം മുന്നിൽക്കണ്ടുകൊണ്ട് കുട്ടനാട് പാക്കേജിന്റെ രണ്ടാംഘട്ട പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ ചെയർമാനായി ഒരു ഒൻപതംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

## പി.എം.കെ.എസ്.വൈ. പദ്ധതി

6 (1565) ശ്രീ. കെ. കൃഷ്ണൻ കുട്ടി :
ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എം. കെ. എസ്. വൈ, പദ്ധതിയിൽ 2018-2019 വർഷത്തിൽ എത്ര തുകയുടെ വിശദമായ പദ്ധതിരേഖ (ഡി. പി. ആർ.) കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ 2017-2018 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് എത്ര രൂപയാണ് കേന്ദ്ര ധനസഹായം ലഭിച്ചത്;

(സി) പ്രസ്തുത തുക ചെലവഴിച്ചതിൻറെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) പി.എം.കെ.എസ്.വൈ. പദ്ധതിയിൽ 2018-2019 വർഷത്തെ Per Drop More Crop ( Other intervention) ഘടകത്തിൽ 6629.802 ലക്ഷം രൂപയുടേയും Per Drop More Crop (Micro Irrigation) ഘടകത്തിൽ 1916.10408 ലക്ഷം രൂപയുടേയും വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) സംസ്ഥാന കൃഷി വകുപ്പ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർക്കുന്നു.*

കൂടാതെ പി.എം.കെ.എസ്.വൈ. പദ്ധതിയിൽ 2018-2019 വർഷത്തിൽ ഗ്രാമവികസന വകുപ്പ് സമർപ്പിച്ച 7502.63 ലക്ഷം രൂപയുടെ ആനുവൽ ആക്ഷൻ പ്ലാനിനും 2241.32 ലക്ഷം രൂപയുടെ ആനുവൽ ആക്ഷൻ പ്ലാൻ ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനും State Level Sanctioning Committee അംഗീകാരം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. *

(ബി) പി.എം.കെ.എസ്.വൈ. പദ്ധതിയിൽ 2017-2018 സാമ്പത്തിക വർഷത്തിൽ പെർ ഡ്രോപ്പ് മോർ ക്രോപ്പ് (അദർ ഇന്റർവെൻഷൻ) ഘടകത്തിൽ സംസ്ഥാനത്തിന് 25 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിച്ചു. കൂടാതെ ഗ്രാമവികസന വകുപ്പ് മുഖേന 17.83 കോടി രൂപ കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(സി) കൃഷി വകുപ്പും ഗ്രാമവികസന വകുപ്പും മുഖേന ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കൃഷി പ്രദേശങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണ്**

7(1566) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉരുൾപൊട്ടലും മഹാപ്രളയവുംമൂലം കുട്ടനാട് നിയോജകമണ്ഡലത്തിലെ കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണ് കൃഷിക്ക് അനുയോജ്യമാണോയെന്ന് പരിശോധിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

സംസ്ഥാനത്ത് വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ കൃഷിനാശം നേരിടുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വിള പരിപാലനത്തിനും സംരക്ഷണത്തിനും വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനുമായി കേരള കാർഷിക സർവ്വകലാശാല, ഗവേഷണ കേന്ദ്രങ്ങൾ, കൃഷി വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും അടങ്ങുന്ന ടീമുകളെ 14-9-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 930/2018/കൃഷി പ്രകാരം നിയമിച്ചിരുന്നു.

ഇപ്രകാരം കുട്ടനാട് മേഖല സന്ദർശിച്ച് കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി സമർപ്പിച്ച റിപ്പോർട്ടിൽ കുട്ടനാട് മേഖലയിലെ പാടശേഖരങ്ങളിൽ അടിഞ്ഞുകൂടിയ എക്കൽ മണ്ണിന്റെ തോതിൽ വളരെയേറെ വ്യത്യാസം കാണുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപ്പർ കുട്ടനാട് മേഖലയിലെ വിവിധ പാടശേഖരങ്ങളിൽ ഏകദേശം 1.5 സെ.മി. മുതൽ 17 സെ.മി വരെ കനത്തിൽ എക്കൽ അടിഞ്ഞുകൂടിയിട്ടുണ്ട്. എന്നാൽ ലോവർ കുട്ടനാടൻ പാടങ്ങളിൽ ഇത് താരതമ്യേന കുറവാണ്. (1.5 സെ.മി മുതൽ 6 സെ.മി വരെ) തുടർച്ചയായി ഏതാണ്ട് ഒന്നര മാസത്തോളം വെള്ളം കെട്ടിനിന്നതിനാൽ മണ്ണിൽ നിരോക്സീകരണം നടന്നിട്ടുണ്ട്. പഠന സമയത്ത് കിട്ടിയ മണ്ണ് പരിശോധനഫലം അനുസരിച്ച് അമ്ലതയും ലവണാംശവും നെൽകൃഷിക്ക് യോജിച്ച അളവിൽ തന്നെയാണ്. ജൈവിക കാർബൺ കൂടിയ നിലയിലാണെങ്കിലും ചെടിക്ക് വലിച്ചെടുക്കാവുന്ന രീതിയിൽ നൈട്രജൻ രൂപത്തിൽ ആയിത്തീരുന്നതിന് കാലതാമസം നേരിടും. ഫോസ്ഫറസ്, പൊട്ടാസ്യം എന്നീ മൂലകങ്ങൾ മണ്ണിൽ ആവശ്യമായ അളവിലില്ല. ദ്വിദീയ മൂലകങ്ങളായ കാൽസ്യം, സൾഫർ എന്നിവയുടെ അളവ് വളരെ കൂടുതലാണ്. എന്നാൽ മഗ്നീഷ്യത്തിന്റെ അളവ് അപര്യാപ്തമായി തുടരുന്നു. സൂക്ഷ്മ മൂലകങ്ങളായ ചെമ്പ്, സിങ്ക് എന്നിവയുടെ അളവ് പൊതുവെ അധികമാണ്. എന്നാൽ മണ്ണിലെ ജൈവാംശം കൂടുതലായതിനാൽ ഇത് ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയില്ല.

പുഞ്ച കൃഷി ചെയ്യുന്നതിനായി വെള്ളം വാർത്തുകളഞ്ഞു നിലമൊരുക്കുമ്പോൾ മണ്ണിൽ വായു സഞ്ചാരം മെച്ചപ്പെടുത്തുന്നതിന്റേയും മൂലകങ്ങൾ തമ്മിൽ പ്രതിപ്രവർത്തനം നടക്കുന്നതിന്റേയും ഫലമായി ഇപ്പോൾ കാണുന്ന അളവിൽനിന്നും മൂലകങ്ങളുടെ ലഭ്യതയിൽ കാര്യമായ വ്യത്യാസം സംഭവിക്കാൻ സാധ്യതയേറെയാണ്. അതുകൊണ്ട് വിതയ്ക്കുന്നതിനുമുമ്പായി ഓരോ പാടശേഖരത്തിൽനിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തേണ്ടത് അത്യാവശ്യമാണ്.

## വയനാട് പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ച പദ്ധതികൾ

8(1567) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തികവർഷം മുതൽ വയനാട് പാക്കേജിന്റെ ഭാഗമായി ജില്ലയിൽ ഇതുവരെ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി; എത്ര രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയെന്ന് സാമ്പത്തിക വർഷം തിരിച്ച് നൽകുമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ച എന്തെല്ലാം പദ്ധതികൾ ആരംഭിക്കാനുണ്ട്; അറിയിക്കുമോ;

(സി) പ്രസ്തുത പാക്കേജിന്റെ ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ ഫീൽഡ് മാനേജർ, ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് വേതനം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് വേതനം ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തികവർഷം മുതൽ വയനാട് പാക്കേജിന്റെ ഭാഗമായി ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം സാമ്പത്തിക വർഷം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പദ്ധതികൾ എല്ലാം ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഫണ്ട് ലഭ്യമാക്കി വേതനം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയവ ലഭ്യമാക്കാൻ പദ്ധതി

9(1568) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തിൽ തകർന്നുപോയ കുട്ടനാട് നിയോജകമണ്ഡലത്തിലെ കർഷകർക്ക് വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയവ മിതമായ വിലയ്ക്ക് ലഭ്യമാക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച കേരളത്തിലെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് കർഷകർക്ക് നെൽവിത്ത് സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിനായി 2018-19-ലെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് പുതുക്കിയ പദ്ധതി തയ്യാറാക്കി വരുന്നുണ്ട്. ഇതിൽ പച്ചക്കറി വിത്ത് വിതരണം, നെൽവിത്ത് വിതരണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ കൃഷി പുനരുദ്ധാരണത്തിനും പുതുകൃഷി ആരംഭിക്കുന്നതിനുമായി പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ സൗജന്യ നെൽവിത്ത് വിതരണം, പച്ചക്കറി വിത്ത് പാക്കറ്റ് വിതരണം, പച്ചക്കറി തൈകൾ വിതരണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. വളം, കീടനാശിനി എന്നിവയ്ക്കുള്ള ആനുകൂല്യം 2018-19 വാർഷിക പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്ന വിവിധ വിള വികസന പദ്ധതികൾ, മണ്ണ് പരിപോഷണ പദ്ധതി എന്നിവയിലൂടെ കർഷകർക്ക് നൽകി വരുന്നു. ഈ ആനുകൂല്യങ്ങൾ കുട്ടനാട് നിയോജകമണ്ഡലത്തിലെ കർഷകർക്കും ലഭിക്കുന്നുണ്ട്.

**കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി**

10(1569) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിൽ കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്കുള്ള സബ്സിഡി നിരക്ക് ഉയർത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സബ്സിഡികൾ കർഷകർക്ക് വേഗത്തിൽ ലഭിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ) 2018-19 വാർഷിക പദ്ധതിയിൽ സംസ്ഥാനത്തൊട്ടാകെ നെൽകൃഷി വികസന പദ്ധതിയിൽ സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടകത്തിന് സബ്സിഡി നിരക്ക് ഹെക്ടറിന് 5,500 രൂപയായി ഉയർത്തിയിട്ടുണ്ട്. 2017-18 വർഷത്തിൽ ആയത് ഹെക്ടറിന് 1,500 രൂപയായിരുന്നു. കൂടാതെ പ്രളയാനന്തരം നെൽകൃഷി നശിച്ച കർഷകർക്ക് ഒരു ഹെക്ടറിന് 100 കിലോ എന്ന നിരക്കിൽ നെൽവിത്ത് സൗജന്യമായി നൽകിവരുന്നു.

(ബി) സബ്സിഡികൾ, കൃഷി ചെയ്യുന്നമുറയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. DBT (ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) മുഖാന്തരം കാർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് സബ്സിഡി തുക ക്രെഡിറ്റ് ചെയ്യുന്നതുവഴി കാലതാമസം കൂടാതെ കർഷകർക്ക് സബ്സിഡി തുക ലഭ്യമാക്കുന്നുണ്ട്.

## കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

11(1570) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിൽ കേരളത്തിലുണ്ടായ പ്രളയത്തിൽ കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണ്;

(ബി) കേന്ദ്രസർക്കാരിൽനിന്ന് നേരിട്ടും കേന്ദ്ര പദ്ധതികളിലൂടെയും ലഭിച്ച തുക എത്രയാണ്;

(സി) കാർഷിക മേഖലയുമായി ബന്ധപ്പെട്ട് നടപ്പാക്കുന്നതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ കാര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളായ രാഷ്ട്രീയ കൃഷി വികാസ് യോജന, കാർഷിക സെൻസസ് പദ്ധതി, കാർഷിക വിളകളുടെ ഉത്പാദന ച്ചെലവിനെക്കുറിച്ച് പഠിക്കുന്ന പദ്ധതി, കാർഷിക സഹകരണ സംഘങ്ങൾക്കായുള്ള സംയോജിത പദ്ധതി, കാർഷിക വിപണന പദ്ധതികൾ, കാർഷിക വിദ്യാഭ്യാസ നയം , കാർഷിക വ്യാപനം എന്നിവയുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ ; ഓരോ പദ്ധതിക്കും ഈ സാമ്പത്തിക വർഷം ലഭിച്ച തുകയും ചെലവാക്കിയ തുകയും എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷികമേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ലഭിച്ച തുക (തുക ലക്ഷത്തിൽ) |
|---|---|---|
| 1 | ഹോർട്ടികൾച്ചർ വികസനത്തിനായുള്ള വെള്ളപ്പൊക്ക നിവാരണത്തിനുള്ള സ്പെഷ്യൽ പാക്കേജ് 2018-19 | 5603.7 |

(സി) കാർഷികമേഖലയ്ക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് ബഹുമുഖ പദ്ധതികളാണ് തയ്യാറാക്കി കേന്ദ്ര കൃഷിമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലായി 1603 കോടി രൂപയുടെ കേന്ദ്ര ധനസഹായം ആവശ്യപ്പെട്ട് കൊണ്ടുള്ള മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര കൃഷിമന്ത്രാലയത്തിന്

സമർപ്പിച്ചിട്ടുണ്ട്. 'മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോൾട്ടികൾച്ചർ' എന്ന പദ്ധതിയിൻ കീഴിൽ 102.1855 കോടി രൂപയുടെ അധിക ധനസഹായത്തിനുള്ള നിർദ്ദേശം സംസ്ഥാന ഹോൾട്ടികൾച്ചർ മിഷൻ വഴി സമർപ്പിക്കുകയും കേന്ദ്രസർക്കാർ ഈയിനത്തിൽ സംസ്ഥാന വിഹിതം ഉൾപ്പെടെ 93.39 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തെങ്ങ്, സുഗന്ധവിളകൾ, വാഴ, പച്ചക്കറികൾ, വീട്ടുവളപ്പിലെ കൃഷി, മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തൽ എന്നീ ഘടകങ്ങളിൽ ആയി ഇന്റർനാഷണൽ ഫണ്ട് ഫോർ അഗ്രികൾച്ചർ ഡെവലപ്മെന്റ് (I.F.A.D)-ൽ നിന്നും 500 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

പ്രളയക്കെടുതികളിൽനിന്നും കർഷകരെ കൈപിടിച്ച് ഉയർത്തുന്നതിനും ശാസ്ത്രീയ സമീപനത്തിലൂടെയും സന്നദ്ധ സേവനത്തിലൂടെയും കാർഷിക മേഖലയെ പുനഃസൃഷ്ടിക്കുന്നതിനുമായി "പുനർജനി" എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.

കർഷകർക്ക് ആവശ്യമായ മാനസികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകി അവരെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യംവച്ചുകൊണ്ട് കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാന ആസൂത്രണബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള 2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി "പുനർജനി" എന്ന പേരിൽ ഒരു പാക്കേജ് തയ്യാറാക്കി നൽകിയിട്ടുണ്ട്.

(ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

| ക്രമ നമ്പർ | സാമ്പത്തിക പദ്ധതികളുടെ പേര് | ലഭിച്ച കേന്ദ്ര സർക്കാർ വിഹിതം (ലക്ഷത്തിൽ) | ചെലവാക്കിയ തുക (ലക്ഷത്തിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | RKVY | 6197 | 3098.5 |
| 2 | കാർഷിക സെൻസസ് പദ്ധതി(എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് മുഖേന നടപ്പിലാക്കുന്നു) | 157.66 | 68.68 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | കാർഷിക വിളകളുടെ ഉത്പാദന ചെലവിനെക്കുറിച്ച് പഠിക്കുന്ന പദ്ധതി | കേന്ദ്ര പദ്ധതി നടപ്പിലാക്കിയിട്ടില്ല. | |
| 4 | കാർഷിക സഹകരണ സംഘങ്ങൾക്കായുള്ള സംയോജിത പദ്ധതി (എൻ.സി.ഡി.സി പദ്ധതിയിൽ ഉൾപ്പെടുത്തി സഹകരണ വകുപ്പ് മുഖാന്തരം നടപ്പാക്കുന്നു) | 3080 | 123.3138 |
| 5 | കാർഷിക വിപണി പദ്ധതികൾ | കേന്ദ്ര പദ്ധതി നടപ്പിലാക്കിയിട്ടില്ല | |
| 6 | കാർഷിക വിദ്യാഭ്യാസ നയം | കേന്ദ്ര പദ്ധതി നടപ്പിലാക്കിയിട്ടില്ല | |
| 7 | കാർഷിക വ്യാപനം<br>എ. ഹോർട്ടികൾച്ചർ വികസനത്തിനായുള്ള മിഷൻ പദ്ധതി 2018-19<br>ബി ഹോർട്ടികൾച്ചർവികസനത്തിനായുള്ള വെള്ളപ്പൊക്ക നിവാരണത്തിനുള്ള സ്പെഷ്യൽ പാക്കേജ് 2018-19 | 1250<br>5603.7 | 1112.5<br>2493.5 |

**പാറശ്ശാല നിയോജകമണ്ഡലത്തിലെ ഹരിത കേരളം പദ്ധതി**

12(1571) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി പാറശ്ശാല നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര സ്ഥലം തരിശുവിമുക്തമാക്കി കൃഷി ചെയ്യാനായി എന്നുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി പാറശ്ശാല നിയോജകമണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഹരിത കേരളം മിഷന്റെ ഭാഗമായി സംസ്ഥാന കൃഷി വകുപ്പിന്റെ 'സുജലം-സുഫലം' പദ്ധതി മുഖേന പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) പാറശ്ശാല ഗ്രാമപഞ്ചായത്ത്-12.7 ഹെക്ടർ ആര്യൻകോട് ഗ്രാമപഞ്ചായത്ത്-43.3 ഹെക്ടർ.

(സി) ഹരിത കേരളം മിഷന്റെ ഭാഗമായി സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന 'സുജലം-സുഫലം' പദ്ധതിയുടെ ഭാഗമായി പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

## കുട്ടനാട് മണ്ഡലത്തിലെ കൃഷിഭൂമിയുടെ സുരക്ഷിതത്വം

13(1572) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട് മണ്ഡലത്തിലെ കൃഷിഭൂമിയുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായുള്ള പുറംബണ്ട് നിർമ്മാണം, കാർഷിക ഉപകരണങ്ങൾ ലഭ്യമാക്കൽ, മോട്ടോർതറ നിർമ്മാണം എന്നിവയ്ക്കായി പുതുതായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

കുട്ടനാട് മണ്ഡലത്തിലെ കൃഷിഭൂമിയുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതുമായി ബന്ധപ്പെട്ട് ആർ.കെ.വി.വൈ. 2018-19 സ്കീമിലുൾപ്പെടുത്തി 253.51 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായ നാട്ടയം പാടശേഖരത്തിന്റെ (ചമ്പക്കുളം പഞ്ചായത്ത്) അടിസ്ഥാന സൗകര്യ വികസന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുവരികയാണ്. ഈ പദ്ധതിയുടെ ഭാഗമായി നാട്ടയം പാടശേഖരത്തിൽ ഏകദേശം 850 മീറ്റർ നീളത്തിൽ പുറംബണ്ടും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംരക്ഷണഭിത്തി നിർമ്മാണവും 1700 മീറ്റർ സംരക്ഷണഭിത്തി ഉയർത്തൽ, രണ്ട് എഞ്ചിൻ തറ, എഞ്ചിൻ ഷെഡ്ഡ് രണ്ട് വീതം എന്നീ നിർമ്മാണ പ്രവൃത്തികളാണ് ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പ്രളയത്തിൽ നശിച്ച പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിനും മട കുത്തുന്നതിനുമായി 1.4276 കോടി രൂപ 20% അഡ്വാൻസായി 147 പാടശേഖരങ്ങൾക്ക് നൽകിയിട്ടുണ്ട്.

## യുവജനങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതി

14 (1573) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ ആയതിലേയ്ക്കുള്ള സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പിലാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കാർഷിക മേഖലയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് നൂതന കൃഷിരീതികളുടെ പ്രയോഗം, യന്ത്രവൽക്കരണം, കൂടുതൽ വരുമാനം എന്നിവ അവശ്യംവേണ്ട ഘടകങ്ങളാണ്. ഇതിനായി വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രധാന പദ്ധതികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

(1) ഹൈ-ടെക് അഗ്രികൾച്ചർ :-

പോളിഹൗസ് കൃഷി നടപ്പാക്കൽ, കൃത്യതാകൃഷി, സൂക്ഷ്മ ജലസേചനം എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്.

(2) പച്ചക്കറി കൃഷി വികസന പദ്ധതി :-

ഇതിന്റെ ഭാഗമായി മഴമറകൾ, ഫെർട്ടിഗേഷൻ, സൂക്ഷ്മ ജലസേചനം തുടങ്ങിയ ആധുനിക കൃഷിരീതികൾ അനുവർത്തിക്കുന്നതിന് ധനസഹായം നൽകുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം വിദ്യാർത്ഥികളുടെ ശ്രമഫലമായി സ്ഥാപിക്കുന്നതിലൂടെ പുതുതലമുറയെ ഈ മേഖല പരിചയപ്പെടുത്തുന്നതിനും ഇതിലേയ്ക്ക് ആകർഷിക്കുന്നതിനും കഴിയുന്നു. കൂടാതെ എല്ലാ വിദ്യാർത്ഥികൾക്കും വീടുകളിൽ കൃഷി ചെയ്യുന്നതിന് സൗജന്യമായി പച്ചക്കറി വിത്ത് വിതരണം നടത്തുന്നതും ഈ ലക്ഷ്യത്തിലേയ്ക്കുള്ള ചുവടുവയ്പാണ്.

(3) <u>അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മസേനയും :-</u>

കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന 64 അഗ്രോസെന്ററുകളിലും 200 കാർഷിക കർമ്മ സേനകളിലും വിദഗ്ധ പരിശീലനം ലഭിച്ച യുവകർഷക തൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷികവൃത്തികൾ ചെയ്തുകൊടുക്കുന്നു. ഇത്തരം സംഘങ്ങളിൽ അംഗമാകാനും ഇവരുടെ സേവനം ഉപയോഗിച്ച് കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനും യുവതലമുറ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്.

(4) <u>ജൈവ നിയന്ത്രണോപാധികളുടെ ഉല്പാദനം</u>

സുരക്ഷിത കൃഷിയും നല്ല കാർഷികമുറകളും അവലംബിക്കുന്നതിന്റെ ഭാഗമായി ജൈവ നിയന്ത്രണോപാധികളായ ട്രൈക്കോഡർമ, മൈക്കോറൈസ എന്നിവയുടെ പ്രാദേശിക ലഭ്യത ഉറപ്പാക്കുന്നതിന് കർഷകരുടെ പുരയിടങ്ങളിൽ തന്നെ വിദഗ്ധരുടെ മേൽനോട്ടത്തിൽ ഇവയുടെ ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റ് ഒന്നിന് 20,000 രൂപ ക്രമത്തിൽ ധനസഹായം നൽകിവരുന്നു. ഇത്തരം യൂണിറ്റുകൾ താല്പര്യമുള്ള യുവജനങ്ങൾക്ക് ഏറ്റെടുത്ത് ലാഭകരമായി നടത്താവുന്നതാണ്. ഇതിനാവശ്യമായ പരിശീലനം കൃഷി വകുപ്പ് മുഖാന്തിരം നൽകുന്നതാണ്.

(5) <u>കാർഷിക മൂല്യവർദ്ധന യൂണിറ്റുകൾ</u>

കാർഷിക ഉല്പന്നങ്ങളുടെ ചെറുകിട മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കർഷക കൂട്ടായ്മകൾക്ക് ധനസഹായം നൽകുന്നതാണ് എസ്. എഫ്. എ. സി. മുഖാന്തിരമുള്ള ഈ പദ്ധതി.

(6) <u>അഗ്രോ പാർക്ക്:-</u>

കേരളത്തിലെ കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവും വിപണനവും ശക്തമാക്കുന്നതിന് അഗ്രോപാർക്കുകളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതോടെ സംരഭകത്വമുള്ള യുവജനങ്ങൾക്ക് അഗ്രോ പാർക്കുകളിൽ മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

(7) <u>വിളവെടുപ്പിനുശേഷമുള്ള സംസ്കരണവും മൂല്യവർദ്ധനവും</u>

കർഷക സമൂഹത്തിൽ സംരംഭകത്വം വളർത്തിയെടുക്കുന്നതിനായി പരിശീലനം നൽകിവരുന്നു. കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം ശ്രീകാര്യം, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര സുഗന്ധവിള ഗവേഷണ കേന്ദ്രം കോഴിക്കോട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി തിരുവനന്തപുരം, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങൾ മുഖേന പരിശീലനം നൽകിവരുന്നു.

കൂടാതെ കാർഷികോൽപ്പന്നങ്ങളുടെ ചെറുകിട ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുവാൻ താല്പര്യമുള്ള സംരഭകർക്കും കർഷക കൂട്ടായ്മകൾക്കും ചെറുകിട കർഷക കാർഷിക വ്യവസായ കൺസോർഷ്യം (SFAC) മുഖാന്തരവും പച്ചക്കറി ഇനങ്ങളുടെ മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പച്ചക്കറി വികസന പദ്ധതി പ്രകാരവും ധനസഹായം നൽകിവരുന്നു.

കൃഷി വകുപ്പിന്റെ കീഴിലുള്ള 5 പ്രാദേശിക കാർഷിക പരശീലന കേന്ദ്രങ്ങൾ വഴിയും (കഴക്കൂട്ടം, കോഴ, വൈറ്റില, പാലക്കാട്, കണ്ണൂർ) 2 കർഷക പരിശീലന കേന്ദ്രങ്ങൾ വഴിയും (പന്തളം, വേങ്ങേരി) കർഷകർക്കും യുവജനങ്ങൾക്കും നൂതന കൃഷിരീതികളിൽ പരിശീലനം നൽകിവരുന്നു.

കൂടാതെ നൂതന കാർഷിക വിജ്ഞാന വ്യാപന പദ്ധതിയായ ആത്മ (ATMA) വഴി പ്രദർശൻ പ്ലോട്ടുകൾ സ്ഥാപിച്ചും സംസ്ഥാനത്തിനകത്തും പുറത്തും ഗവേഷണ സ്ഥാപനങ്ങളിലും കൃഷിയിടങ്ങളിലും പഠനയാത്രയ്ക്ക് കൊണ്ടുപോയും നൂതന കൃഷിരീതികളെക്കുറിച്ചുള്ള നേർക്കാഴ്ചയ്ക്ക് യുവജനങ്ങൾ ഉൾപ്പെടെയുള്ള കർഷകർക്ക് അവസരം നൽകുന്നുണ്ട്.

ഹൈടെക് കൃഷിരീതി, മിനി പോളിഹൗസുകൾ, ഊർജ്ജരഹിത കൂൾചേമ്പറുകൾ, കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചനവും വളപ്രയോഗവും, സംയോജിത കൃഷിരീതി തുടങ്ങിയ നൂതന കൃഷിരീതികളിലുള്ള പരിശീലനവും അവ നടപ്പാക്കുന്നതിനുള്ള ധനസഹായവും ഹൈടെക് പദ്ധതി, പച്ചക്കറി വികസനം തുടങ്ങിയ പദ്ധതികൾവഴി നൽകിവരുന്നു.

2016-17 സാമ്പത്തികവർഷം മുതൽ കാർഷികാധിഷ്ഠിത മൂല്യവർദ്ധിത ഉല്പാദനം, വിപണനം, വ്യാപനം എന്നിവയ്ക്ക് ഊന്നൽനൽകി 'വൈഗ' എന്ന പേരിൽ പ്രദർശൻമേള സംഘടിപ്പിച്ചുവരുന്നു. സംസ്ഥാനത്തേയും ഇതര സംസ്ഥാനങ്ങളിലേയും മൂല്യവർദ്ധിത ഉല്പന്നങ്ങളെ പരിചയപ്പെടുത്തുന്നതോടൊപ്പം കർഷകരെയും വിദേശികൾ ഉൾപ്പെടെയുള്ള വിദഗ്ദ്ധരേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാലയും വൈഗയുടെ ഭാഗമായി നടത്തിവരുന്നു. കൂടാതെ സംസ്ഥാനത്തെ കാർഷിക മൂല്യവർദ്ധിത രംഗത്തെ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാല നടത്തുന്നതോടൊപ്പം കൂടുതൽ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ രൂപീകരിക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

## കുട്ടനാടൻ മേഖലയിൽ കൃഷി പുനരുജ്ജീവന പദ്ധതികൾ

15(1574) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയാനന്തരം കുട്ടനാടൻ കാർഷിക മേഖലയെ പുനഃരുജ്ജീവിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആരംഭിച്ചു; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

പ്രളയാനന്തരം കുട്ടനാടൻ കാർഷിക മേഖലയെ പുന:രുജ്ജീവിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജില്ലാ കളക്ടറുടെ ദുരിതാശ്വാസ ഫണ്ടുപയോഗിച്ച് വാങ്ങിയ പമ്പ് സെറ്റുകൾ ഉപയോഗിച്ചും ഇറിഗേഷൻ വകുപ്പ്, വാട്ടർ അതോറിറ്റി എന്നിവരുടെ നേതൃത്വത്തിലും മടവീണ പാടശേഖരങ്ങളിലെയും താഴ്ന്ന പ്രദേശങ്ങളിലെയും വെള്ളം വറ്റിച്ചു.

വിളനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്യുന്ന നടപടി പൂർത്തീകരിച്ചുവരുന്നു. 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വിവിധ വിള വികസനപദ്ധതികൾ മണ്ണ് പരിപോഷണ പദ്ധതി, നടീൽ വസ്തു വിതരണം തുടങ്ങിയവയിലൂടെയുള്ള ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നതോടൊപ്പം പ്രളയംമൂലം നാശം സംഭവിച്ച കാർഷിക മേഖലയെ പുനഃരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. കൃഷിനാശം സംഭവിച്ച പ്രദേശത്ത് വീണ്ടും കൃഷിയിറക്കുന്നതിനായി നെൽവിത്ത് സൗജന്യമായി വിതരണം ചെയ്തു. കൂടാതെ പാടശേഖരങ്ങളുടെ പുറംബണ്ട് ശക്തിപ്പെടുത്തുന്നതിനും മടകുത്തുന്നതിനും ബണ്ട് റിപ്പയർ ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേടുപാടുകൾ സംഭവിച്ച മോട്ടോറുകളുടെ റിപ്പയറിംഗിനും പഴയവ മാറ്റി പുതിയ മോട്ടോറുകൾ സ്ഥാപിക്കാനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

പ്രളയാനന്തരം കുട്ടനാടൻ കാർഷിക മേഖലയെ പുനഃരുജ്ജീവിപ്പിക്കുന്നതിനായി കുട്ടനാട് പാക്കേജ് വീണ്ടും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കുട്ടനാടിന്റെ സമഗ്രവികസനത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കുന്നതിനായി കാർഷികോൽപ്പാദന കമ്മീഷണർ കൺവീനർ ആയി ഒരു കോർ കമ്മിറ്റി രൂപീകരിച്ചു.

ടി കമ്മിറ്റിയുടെ തീരുമാനപ്രകാരം കുട്ടനാടിന്റെ സമഗ്ര വികസനത്തിനായി പ്രത്യേക പദ്ധതിയുടെ കരട് ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കുന്നതിനായി അന്താരാഷ്ട്ര കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## മഴക്കാലത്ത് കുട്ടനാട്ടിൽ വ്യാപക കൃഷിനാശം

16(1575) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തിൽ കുട്ടനാട് നിയോജകമണ്ഡലത്തിലെ കായലുകളിലും ആറുകളിലും മണ്ണ് അടിഞ്ഞുകൂടിയതുമൂലം മഴക്കാലത്ത് പരിസരപ്രദേശങ്ങളിൽ വെള്ളപ്പൊക്കത്തിന് കാരണമായി, വ്യാപക കൃഷിനാശം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ മണ്ണ് നീക്കംചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. പാടശേഖരങ്ങളിലെ മണ്ണ് അടിഞ്ഞുകൂടിയത് നീക്കംചെയ്ത് കൃഷി യോഗ്യമാക്കുന്നതിന് ധനസഹായമായി ഹെക്ടറിന് 12,200 രൂപ പ്രകാരം കൃഷി വകുപ്പ് മുഖാന്തിരം നൽകിവരുന്നു. ആലപ്പുഴ ജില്ലയിൽ ഇതിനകം 3.21 കോടി രൂപ ഈ ഇനത്തിൽ നൽകിയിട്ടുണ്ട്.

## കർഷകർക്ക് ക്ഷേമ ബോർഡ് ആരംഭിക്കുവാൻ നടപടി

17(1576) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്കായി ക്ഷേമ ബോർഡ് ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ ഇത് എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) കർഷകർക്ക് പ്രോവിഡന്റ് ഫണ്ട് ഏർപ്പെടുത്തി ഇ.എസ്.ഐ. മോഡലിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ 14-ാം കേരള നിയമസഭ ബിൽ നമ്പർ 151 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ബിൽ ഈ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്.

## ജൈവ പച്ചക്കറികളിൽ കീടനാശിനി

18(1577) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്പന നടത്തുന്ന ജൈവ പച്ചക്കറികളിൽ 11.2

ശതമാനത്തോളം കീടനാശിനി ഉപയോഗിച്ചുള്ളവയാണെന്ന് കാർഷിക സർവ്വകലാശാല കണ്ടെത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജൈവ പച്ചക്കറികൾ പരിശോധിച്ച് ആരോഗ്യത്തിനും ആയുസ്സിനും ഭീഷണിയാകില്ലെന്ന് ഉറപ്പുവരുത്താൻ വകുപ്പിന് എന്തെങ്കിലും സംവിധാനമുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരം ഒരു സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന ജൈവ പച്ചക്കറികളിൽ മൊത്തം 11.2 ശതമാനത്തോളം കീടനാശിനി സാന്നിദ്ധ്യമുണ്ടെന്നുള്ളതല്ല. ജൈവ പച്ചക്കറി വിൽപ്പന നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച സാമ്പിളിലെ 11.2 ശതമാനത്തോളം പച്ചക്കറികളിൽ കീടനാശിനി സാന്നിദ്ധ്യമുണ്ടെന്നാണ് സർവ്വകലാശാലയുടെ കണ്ടെത്തൽ. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന വെള്ളായണി കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ നടന്നുവരുന്ന സേഫ് റ്റു ഈറ്റ് പദ്ധതി പ്രകാരം ജനുവരി 2018 മുതൽ ജൂൺ 2018 വരെ നടത്തിയ കീടനാശിനി അവശിഷ്ടവിഷാംശ പരിശോധനകളുടെ 42-ാം റിപ്പോർട്ട് പ്രകാരം മൊത്തം പരിശോധന നടത്തിയ 497 പച്ചക്കറികളിൽ 27 എണ്ണത്തിൽ കീടനാശിനി കണ്ടെത്തി, ഇവയിൽ പൊതുവിപണിയിൽനിന്ന് ശേഖരിച്ച 7.6% -ത്തിലും, സ്വകാര്യ ജൈവപച്ചക്കറി മാർക്കറ്റുകളിൽനിന്ന് ശേഖരിച്ച 11.11 ശതമാനത്തിലും കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയപ്പോൾ കൃഷി ഭവനുകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇക്കോ ഷോപ്പുകളിൽനിന്ന് ശേഖരിച്ച 6.45%-ത്തിലും, കർഷകരിൽനിന്നും നേരിട്ട് ശേഖരിച്ച 3.89%-ത്തിലും മാത്രമാണ് കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയത്.

(ബി&സി) ഉണ്ട്. സംസ്ഥാന കൃഷി വകുപ്പിന്റെ ഇടപെടൽമൂലം വകുപ്പ് നടത്തുന്ന പദ്ധതികൾ വഴി ഉല്പാദിപ്പിക്കുന്ന പച്ചക്കറികളിൽ കീടനാശിനി സാന്നിദ്ധ്യം ഗണ്യമായി കുറച്ചുകൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന വെള്ളായണി കീടനാശിനി അവശിഷ്ടവിഷാംശ പരിശോധന ലാബിൽ നടന്നുവരുന്ന സേഫ് റ്റു ഈറ്റ് പദ്ധതി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെയാണ് നടന്നുവരുന്നത്. കീടനാശിനി അവശിഷ്ടവിഷാംശ പരിശോധനാ രംഗത്ത് അന്താരാഷ്ട്ര അംഗീകാരം (ISO17025:2005)ലഭിച്ചിട്ടുള്ള ഈ ലബോറട്ടറിയിൽ വിദേശ നിർമ്മിതവും അതിനൂതനവും, അത്യധികം കാര്യക്ഷമമവും കീടനാശിനിയുടെ നൂറ് കോടിയിൽ ഒരു അംശംപോലും കണ്ടെത്താൻ കഴിവുള്ളതുമായ ഗ്യാസ് ക്രമറ്റോഗ്രാഫ്, മാസ് സ്പെക്ട്രോമീറ്റർ, ലിക്വിഡ്

ക്രമറ്റോഗ്രാഫ് തുടങ്ങിയ ഉപകരണങ്ങളുടെ സഹായത്തോടെയാണ് കീടനാശിനി പരിശോധന നടത്തുന്നത്. പൊതു വിപണിയിൽനിന്നുള്ള സാമ്പിളുകളിൽ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയാൽ അത് നിയന്ത്രിക്കുവാൻ ആവശ്യമായ ഇടപെടലുകൾ നടത്തുവാൻ സർവ്വകലാശാല നിർദ്ദേശങ്ങളും സാങ്കേതിക സഹായവും നൽകി വരുന്നതിനോടൊപ്പം കർഷകർക്ക് ഉത്തമകൃഷി രീതികളിൽ അവഗാഹം സൃഷ്ടിക്കുന്നതിനുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സർവ്വകലാശാല നടത്തിവരുന്നു. പരിശോധന ഫലങ്ങൾ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുകവഴി ഉപഭോക്താക്കളിൽ അവബോധം സൃഷ്ടിക്കുവാനും പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ വാങ്ങാനുമുള്ള പ്രേരണ നൽകുകയും ചെയ്തുകൊണ്ടിരിക്കുന്നു.

## കാർഷിക അഭിവൃദ്ധിക്കായി നടപടികൾ

19 (1578) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിയെ മുറിവേൽപ്പിക്കാതെയുള്ള കാർഷികവൃത്തി പ്രോൽസാഹിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദീകരിക്കാമോ;

(ബി) വിഷരഹിതവും ഗുണമേന്മയുള്ളതുമായ പഴങ്ങളും പച്ചക്കറികളും ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രകൃതിയെ മുറിവേൽപ്പിക്കാതെയുള്ള കാർഷികവൃത്തി പ്രോത്സാഹിപ്പിക്കുന്നതിനായി സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ് എന്ന കൃഷിരീതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ കൃഷിരീതിയെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് കർഷകർക്കും കൃഷിവകുപ്പ് ഉദ്യോഗസ്ഥർക്കും ബോധവൽക്കരണം നല്കുന്നതിനുമായി ഒരു ശില്പശാല സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) ജൈവകൃഷി രീതിയിൽ ഉല്പാദിപ്പിക്കുന്ന വിഷരഹിതവും ഗുണമേന്മയുള്ളതുമായ പഴങ്ങളും പച്ചക്കറികളും പൊതുജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി ജൈവകർഷകരുടെ ക്ലസ്റ്ററുകളുടെ ആഭിമുഖ്യത്തിൽ 214 ഇക്കോഷോപ്പുകൾ നടത്തിവരുന്നു. കൂടാതെ ഉത്തമ കാർഷികമുറകൾ അനുവർത്തിച്ച് ഉത്പാദിപ്പിക്കുന്ന പഴങ്ങളും പച്ചക്കറികളും 'safe to eat Kerala Organic' എന്ന ബ്രാൻഡ് നാമത്തിൽ വിപണനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഓണം, വിഷു എന്നീ ഉത്സവസീസണുകളിൽ പൊതുവിപണിയിലെ വിലയേക്കാൾ 10 ശതമാനം കൂട്ടി ഓണസമൃദ്ധി വിഷുക്കണി മാർക്കറ്റുകളിലേക്ക് കർഷകരിൽനിന്നും നേരിട്ടും ഹോർട്ടികോർപ്പ് മുഖേനയും സംഭരിക്കുന്നുണ്ട്. കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ഇടനിലക്കാരെ ഒഴിവാക്കി ന്യായവില ലഭിക്കുന്നവിധം VFPCK, ഹോർട്ടികോർപ്പ്, 6 കാർഷിക മൊത്ത വ്യാപാര വിപണികൾ, തെരഞ്ഞെടുത്ത ഗ്രമാപഞ്ചായത്ത് ചന്തകൾ എന്നിവ മുഖേന ഏറ്റെടുക്കുന്നതിനുള്ള സംവിധാനമുണ്ട്. ഇപ്രകാരം ഓണം ബക്രീദ് വിപണികൾ മുഖേന പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് വിൽപ്പന നടത്തുന്ന സംവിധാനം 1423 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയിലൂടെയും നടപ്പിലാക്കുകയുണ്ടായി. VFPCK 150 എണ്ണവും ഹോർട്ടികോർപ്പ് 430 വിപണികളും ഈ ഓണക്കാലത്ത് പ്രവർത്തിപ്പിക്കുകയുണ്ടായി.

'സേഫ് ടു ഈറ്റ്' എന്ന പദ്ധതിപ്രകാരം മാർക്കറ്റുകളിൽ ലഭ്യമാകുന്ന പച്ചക്കറി സാമ്പിളുകൾ കേരള കാർഷിക സർവകലാശാല ശേഖരിച്ച് അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവ് പരിശോധിച്ചുവരുന്നുണ്ട്. ഇതരസംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന പഴവർഗ്ഗങ്ങളിലെയും പച്ചക്കറികളിലെയും കീടനാശിനികളുടെ സാന്നിധ്യം നിയന്ത്രിക്കുന്നതിനും കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനും കൃഷി വകുപ്പ്, ഫുഡ് സേഫ്റ്റി കമ്മീഷണർ, കാർഷിക സർവകലാശാലയും ചേർന്ന് തമിഴ്നാട് സംസ്ഥാനത്തെ കൃഷി സ്ഥലങ്ങൾ സന്ദർശിക്കുകയും തമിഴ്നാട് കാർഷിക സർവകലാശാല, കൃഷി വകുപ്പ് എന്നിവരുടെ യോഗം ചേർന്ന് അമിതമായ കീടനാശിനി പ്രയോഗം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന പഴം പച്ചക്കറികൾ എന്നിവ സാമ്പിളെടുത്ത് കാർഷിക സർവകലാശാലയുടെ വെള്ളായണി ലാബിൽ പരിശോധിക്കുകയും ഫലം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.

## ഹോർട്ടികോർപ്പിന്റെ ജില്ലാ ഉപസംഭരണകേന്ദ്രം

20(1579) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറിക്ക് ന്യായവില ലഭ്യമാക്കുന്നതിന് ഹോർട്ടികോർപ്പിന്റെ ജില്ലാ ഉപസംഭരണകേന്ദ്രം പ്രവർത്തിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അവിടെ പച്ചക്കറി എത്തിക്കുന്ന കർഷകർക്ക് ബിൽ നൽകാത്തതിനാൽ ഇടനിലക്കാർ പച്ചക്കറി അവരിൽനിന്നും വാങ്ങി കൂടിയ വിലക്ക് ഹോർട്ടികോർപ്പിന് നൽകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം ഇടനിലക്കാരിൽനിന്നും കർഷകരെ സംരക്ഷിക്കുന്നതിനും അവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സബ് സെന്റർ തുടങ്ങിയ സമയത്ത് ബില്ലുകൾ നൽകുന്നതിന് കാലതാമസം നേരിട്ടിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ആയത് പരിഹരിച്ചിട്ടുണ്ട്.

(സി) കർഷകർക്ക് ന്യായവില നൽകിയാണ് ഹോർട്ടികോർപ്പ് നിലവിൽ സംഭരണം നടത്തുന്നത്. അതാത് ദിവസത്തെ സംഭരണ വില കർഷകരെ അറിയിക്കുന്നതിനായി ഡിജിറ്റൽ ഡിസ്പ്ലേ ബോർഡ് ഡിസംബർ മാസം മുതൽ സബ് സെന്ററിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**തരിശുരഹിത പാടശേഖര പദ്ധതിയുടെ പുരോഗതി**

21(1580) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുരഹിത പാടശേഖര പദ്ധതിയുടെ പുരോഗതി വിശദീകരിക്കാമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ തരിശുരഹിത പാടശേഖര പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഏതെല്ലാം പാടശേഖരങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കാമോ;

(ഡി) തരിശുരഹിത പാടശേഖര പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കാമോ;

(ഇ) പ്രസ്തുത നിയോജകമണ്ഡലത്തിലെ തരിശുരഹിത പാടശേഖര പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ജില്ലകളിൽനിന്നും കൃഷി വകുപ്പ് ശേഖരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്ത് നിലവിലുള്ള തരിശ് നെല്പാടങ്ങളുടെ വിസ്തൃതി 46855.854 ഹെക്ടർ ആണ്. തരിശുഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്ന് വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും, രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയും ധനസഹായമായി നൽകുന്നതാണ്.

ഈ പദ്ധതി പ്രകാരം 2016-17 സാമ്പത്തികവർഷം പുതിയതായി 2782.3857 ഹെക്ടറും ഇതിനുപുറമെ 2752 ഹെക്ടറിൽ കരനെൽകൃഷിയും 94 ഹെക്ടറിൽ ഒരുപ്പുനിലം ഇരുപ്പുനിലമായി മാറ്റിയതിലൂടെ അധികമായി 94 ഹെക്ടറും 2017-18-ൽ 5485.686 ഹെക്ടറും തരിശുനിലം കൃഷിയോഗ്യമാക്കി നെൽകൃഷി ചെയ്തു.

നടപ്പുസാമ്പത്തികവർഷം പുതിയതായി 2878 ഹെക്ടർ തരിശ്ശുനിലത്തിൽ നെൽകൃഷിയിറക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. നാളിതുവരെ 801.8 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാക്കിയിട്ടുണ്ട്. ജില്ലകളിൽനിന്നും ലഭിക്കുന്ന മുന്നൊരുക്ക പ്രവർത്തനങ്ങളുടെ കണക്കുകൾ അനുസരിച്ച് നടപ്പുവർഷം 4000 ഹെക്ടറിൽ കൂടുതൽ തരിശ്ശുനിലത്ത് നെൽകൃഷി പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ചെങ്ങന്നൂർ മണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിലായി 31 പാടശേഖരങ്ങളിലും മറ്റ് പാടങ്ങളിലുമായി ആകെ 283.64 ഹെക്ടറിൽ തരിശ്ശുകൃഷി ചെയ്യുന്നതിനുവേണ്ട നടപടികൾ പുരോഗമിക്കുന്നു.

ആകെ 283.64 ഹെക്ടർ തരിശ്ശുരഹിതമാക്കുന്നതിനു വിത്തു നൽകുക, മാന്നാർ കോയിക്കൽ പള്ളം പാടശേഖരത്തിൽ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി റാമ്പ് പണിയുക മുതലായവ നടന്നുവരുന്നു.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പാടശേഖരങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. *

(ഡി) തരിശ്ശുരഹിത പാടശേഖര പദ്ധതിയിൽ ഏറ്റവും ശ്രമകരമായ പ്രവർത്തനം കളകയറി ഉറച്ചുപോയ നെൽവയൽ ഒരുക്കി കൃഷിയിറക്കുന്നതിനനുയോജ്യമായ അവസ്ഥയിലെത്തിക്കുകയാണ്. ഇതിനുപുറമെ നെൽ വിത്ത്, ജൈവവളം, രാസവളം എന്നിവ ഏർപ്പാടാക്കൽ, ഞാറ്റടി തയ്യാറാക്കൽ, നടീൽ, ജലപരിപാലനം, വളപ്രയോഗം, സസ്യസംരക്ഷണം, കളയെടുപ്പ്, വിളവെടുപ്പ് എന്നീ പ്രവർത്തനങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

(ഇ) ചെങ്ങന്നൂർ മണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിലായി 31 പാടശേഖരങ്ങളിലും മറ്റ് പാടങ്ങളിലുമായി ആകെ 283.64 ഹെക്ടർ തരിശ്ശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനുവേണ്ട നടപടികൾ പുരോഗമിക്കുന്നു.

## കോൾ നിലങ്ങളിലെ കൃഷിനാശത്തിന് നഷ്ടപരിഹാരം

22(1581) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രളയത്തിൽ തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ കൃഷിയുടെ നാശനഷ്ടം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കോൾ കർഷകർക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നഷ്ടപരിഹാരം ആവശ്യപ്പെട്ട് പതിയാർക്കുളങ്ങര, എലവത്തൂർ കിഴക്ക് കോൾ പടവ് സമിതി, മണലൂർ താഴം കോൾപടവ് കർഷക സംഘം എന്നിവർ കൃഷി വകുപ്പുമന്ത്രിക്ക് നൽകിയ അപേക്ഷ പരിഗണിച്ച് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 5,82,26,941 രൂപയുടെ നാശനഷ്ടം കണക്കാക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മോട്ടോർ പമ്പ് സെറ്റ്, പെട്ടി, പറ എന്നിവയുടെ റിപ്പയറിംഗ് നടപടികൾ നടത്തി 80% പമ്പ് സെറ്റുകളും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. മണ്ണിടിഞ്ഞ് നീക്കംചെയ്യുന്ന പ്രവൃത്തികൾക്കായി ഇതുവരെ 12 ലക്ഷം രൂപ അനുവദിക്കുകയും 85 ലക്ഷം രൂപ അനുവദിക്കുന്നതിനായി ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മോട്ടോർ, പമ്പ് സെറ്റ് റിപ്പയറിംഗ്, ബണ്ട് പുനഃരുദ്ധാരണം എന്നിവയ്ക്കായി ഇതുവരെ 9 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലാ കളക്ടർക്ക് പുതുതായി 210 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2018-ൽ ടി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പതിയാർക്കുളങ്ങര, എലവത്തൂർ കിഴക്ക് കോൾ പടവ് സമിതിക്ക് കൃഷിനാശം സംഭവിച്ചതിന്റെ നഷ്ടപരിഹാരം ഇനത്തിൽ 4,55,990 രൂപ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്.

മണലൂർ താഴം കോൾപടവ് കർഷകസംഘത്തിന് 1,60,558 രൂപ മണ്ണും ചെളിയും നീക്കിയതിനുള്ള ധനസഹായമായി നൽകിയിട്ടുണ്ട്. മോട്ടോർ റിപ്പയറിംഗിന്റെ ക്ലെയിമുകൾ പരിശോധിച്ചുവരുന്നു.

**നെൽ കർഷകർക്ക് ആനുകൂല്യങ്ങൾ**

23(1582) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നെൽകൃഷി കർഷകർക്ക് പുതുതായി ആനുകൂല്യങ്ങളോ സബ്സിഡികളോ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) നിലവിൽ നെൽകർഷകർക്ക് നൽകിവരുന്ന ഉൽപ്പാദന ബോണസ്, ഉഴവ് കൂലി മുതലായ ആനുകൂല്യങ്ങൾ, വർദ്ധിച്ച് വരുന്ന ചെലവുകൾക്ക് ആനുപാതികമായി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) നെല്ലിന്റെ സംഭരണവില ഉയർത്തുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്റ്റിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്.

നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിനും ഹെക്ടറൊന്നിന് 5,500 രൂപയും സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിന് 10,000 രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിന് 10,000 രൂപയും കരനെൽ കൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകും. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിന് ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ധനസഹായം നൽകുന്നത്. ഇതിനുപുറമെ നഗര പ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെയുള്ള നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്. ഇതിനുപുറമെ കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് കിലോയ്ക്ക് 25.30 രൂപ നിരക്കിൽ താങ്ങുവില നൽകി സംഭരിച്ചുവരുന്നു.

സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യമായ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴ് പ്രത്യേക കാർഷിക മേഖലയ്ക്കുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികളും നടപ്പിലാക്കുന്നു.

(ബി) നെൽകൃഷി ഉല്പാദനബോണസ്സ് നിലവിൽ ഹെക്ടറൊന്നിന് 1,000 രൂപയാണ് നൽകിവരുന്നത്. കൂടാതെ നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡിയായി ഒരു ഹെക്ടറിന് പരമാവധി 17,000 രൂപ പ്രതിവർഷം രണ്ട് സീസണിലേക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതികളിലൂടെ നൽകിവരുന്നുണ്ട്. സർക്കാരിന്റെ സാമ്പത്തികസ്ഥിതി പരിഗണിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(സി) 2018-19 സീസൺ മുതൽ കേന്ദ്ര സർക്കാർ നെല്ലിന്റെ താങ്ങുവില കിലോഗ്രാമിന് 2 രൂപ കൂട്ടി 17.50 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാന പ്രോത്സാഹന ബോണസ് ആയ 7.80 രൂപയും ചേർത്ത് 2018-19 സീസൺ മുതൽ കിലോഗ്രാമിന് 25.30 രൂപയായി നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം

24(1583) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഒന്നാംവിള നെല്ല് സംഭരണം വൈകിയത് കാരണം കർഷകരുടെ കൊയ്തെടുത്ത നെല്ല് സൂക്ഷിക്കാൻ പറ്റാതെ കുറഞ്ഞ വിലയ്ക്ക് ഓപ്പൺ മാർക്കറ്റിൽ വിൽക്കേണ്ടി വന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലക്കാട് ജില്ലയിലെ 2018-ലെ ഒന്നാംവിള നെല്ല് സംഭരണത്തിനായി ഈ സർക്കാർ എടുത്തിട്ടുള്ള തീരുമാനങ്ങളുടെയും ഉത്തരവുകളുടെയും വിശദാംശങ്ങൾ തീയതി സഹിതം അറിയിക്കാമോ;

(സി) പാലക്കാട് ജില്ലയിലെ കഴിഞ്ഞ മൂന്നു വർഷത്തെ ഒന്നാംവിള നെല്ല് സംഭരണ കണക്ക് അറിയിക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നെല്ല് സംഭരണ പ്രക്രിയയിൽ നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടിൽ ലഭ്യമാക്കുന്ന പി.ആർ.എസ്. (പാഡി റസീപ്റ്റ് ഷീറ്റ്) ലോൺ പദ്ധതിയിൽ പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തി സ.ഉ. (സാധാ.)നമ്പർ 126/18/ഭ.സി.സ.വ. തീയതി 14-3-2018 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പാലക്കാട് ജില്ലയിലെ കഴിഞ്ഞ മൂന്ന് വർഷത്തെ ഒന്നാംവിള നെല്ല് സംഭരണത്തിന്റെ കണക്ക് താഴെ ചേർക്കുന്നു:

| സീസൺ | സംഭരിച്ച നെല്ലിന്റെ അളവ് (കി.ഗ്രാം) |
|---|---|
| 2015-16 ഒന്നാംവിള | 23092264 |
| 2016-17 ഒന്നാംവിള | 103527608 |
| 2017-18 ഒന്നാംവിള | 58933984 |

## നെൽകൃഷി പ്രോത്സാഹനത്തിനായി പദ്ധതികൾ

25(1584) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽകൃഷി പ്രോത്സാഹനത്തിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം;

(ബി) കൊയ്ത്ത്, മെതിയന്ത്രങ്ങൾ എന്നിവ വാങ്ങുന്നതിന് പാടശേഖര സമിതികൾക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ നിലവിൽ സബ്സിഡി നൽകുന്നുണ്ടോ; മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) ആറ്റിങ്ങൽ മണ്ഡലത്തിലെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരമേറ്റശേഷമുള്ള നെല്ലുൽപ്പാദനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ " പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" , പാലക്കാട് ജില്ലയ്ക്കായി ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) കാർഷിക ഉപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ സബ്സിഡിയോടെ കർഷകർക്ക് ലഭിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ സ്കീം (എസ്.എം.എ.എം.) നിലവിലുണ്ട്.

ചെറുകിട നാമമാത്ര കർഷകർ, വനിത, എസ്.സി/എസ്.റ്റി. വിഭാഗങ്ങൾക്ക് 50% സബ്സിഡി നിരക്കിലും പൊതുവിഭാഗത്തിന് 40% സബ്സിഡി നിരക്കിലും പരമാവധി നിജപ്പെടുത്തിയ തുക അനുസരിച്ചുമാണ് സബ്സിഡി നൽകുന്നത്.

കേന്ദ്രസർക്കാരിന്റെ 2018-19 -ലെ റിവൈസ്ഡ് എസ്.എം.എ.എം. ഗൈഡ്‌ലൈൻ പ്രകാരമാണ് കാർഷിക യന്ത്രങ്ങൾ/ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ആനുകൂല്യം നൽകുന്നത്. കേന്ദ്രസർക്കാരിന്റെ റിവൈസ്ഡ് എസ്.എം.എ.എം. ഗൈഡ്‌ലൈനിൽ കൊയ്ത്ത് മെതിയന്ത്രങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്

(സി) ആറ്റിങ്ങൽ മണ്ഡലത്തിൽ 28 ഹെക്ടർ സ്ഥലത്ത് അധികമായി നെൽകൃഷി ചെയ്യാൻ സാധിച്ചു. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ 10 ഹെക്ടർ സ്ഥലത്തും മണമ്പൂർ പഞ്ചായത്തിൽ 10 ഹെക്ടർ സ്ഥലത്തും ഒറ്റൂർ കൃഷി ഭവനിൽ 8 ഹെക്ടർ സ്ഥലത്തും അധികമായി നെൽകൃഷി ചെയ്തു.

2016-17 സാമ്പത്തിക വർഷത്തിൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ 254 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തു 711 ടൺ നെല്ല് ഉൽപ്പാദിപ്പിച്ചു. 2017-18 വർഷം 448 ഹെക്ടർ സ്ഥലത്ത് നെല്ല് കൃഷി ചെയ്യുകയും 1433 ടൺ നെല്ല് ഉൽപ്പാദിപ്പിക്കുകയും ചെയ്തു. 2018-19 -ൽ 520 ഹെക്ടർ സ്ഥലത്തുനിന്നും 2080 ടൺ നെല്ല് ഉല്പാദിപ്പിച്ചു.

**കൊയിലാണ്ടി മണ്ഡലത്തിലെ കോൾനിലത്തിൽ നെൽകൃഷി**

26(1585) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ കോൾനിലത്തിൽ നെൽകൃഷി നടത്തുന്നതിന് മുന്നോടിയായി ഏതെല്ലാം പ്രവൃത്തികളാണ് വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നത്; വിശദമാക്കാമോ;

(ബി) നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് എത്ര രൂപയാണ് എസ്റ്റിമേറ്റ് കണക്കാക്കിയിരിക്കുന്നത്; പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എത്ര സമയംകൊണ്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് പാടശേഖരം കൃഷിയോഗ്യമാക്കാമെന്നാണ് കരുതുന്നത്; ഇതിന്റെ ഭാഗമായി എത്ര ഹെക്ടർ സ്ഥലമാണ് കൃഷിയോഗ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നബാർഡ് ആർ.ഐ. ഡി.എഫ്. പദ്ധതിക്ക് കീഴിൽ അകലാപ്പുഴ പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ എന്ന പ്രവൃത്തി നടപ്പാക്കിവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 1.5 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾക്കായി 1.21 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും കോൺട്രാക്ടറുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) ടി പ്രവൃത്തിയുടെ കാലാവധി 18 മാസമാണ്. എഗ്രിമെന്റ് പ്രകാരം 2019 ഏപ്രിലിൽ ടി പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. 2018 ഡിസംബർ മാസത്തോടെ പ്രവൃത്തി ആരംഭിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്. പൂർണ്ണമായും വെള്ളക്കെട്ടുള്ള പ്രദേശമായതിനാലാണ് പ്രവൃത്തിക്ക് കൂടുതൽ സമയം വേണ്ടിവരുന്നത്. തിക്കോടി പഞ്ചായത്തിലെ അകലാപ്പുഴ പാടശേഖരത്തിലെ 108 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാക്കുന്നതിന് വേണ്ടിയാണ് ഈ പ്രോജക്ട് നടപ്പാക്കുന്നത്.

## നെല്ലുൽപ്പാദക ബോണസ് നൽകുന്നതിലെ കാലതാമസം

27(1586) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലുൽപ്പാദക ബോണസ് നൽകുന്നതുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത ഇനത്തിൽ എത്ര വർഷത്തെ കുടിശ്ശികയാണ് കർഷകർക്ക് നൽകുവാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കോട്ടയം ജില്ലയിൽ എത്ര കർഷകർക്കാണ് പ്രസ്തുത ബോണസ് നൽകുവാനുള്ളതെന്നും ആകെ എത്ര തുകയാണ് കൊടുക്കുവാനുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) ബോണസ് തുക നിലവിൽ വർദ്ധിപ്പിച്ചിട്ടുണ്ടോ;എന്നാൽ എത്ര തുകയായിട്ടാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) നെല്ലുൽപ്പാദക ബോണസ് അതത് വർഷം തന്നെ കൊടുത്തുതീർക്കുവാൻ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ചുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?

### ഉത്തരം

(എ) നടപടി സ്വീകരിക്കുന്നതാണ്.

2018 മാർച്ച് 31 വരെ ആകെ 1939.31 ലക്ഷം രൂപ ഉല്പാദന ബോണസ് ഇനത്തിൽ നൽകുവാൻ കുടിശ്ശികയുണ്ട്. അധിക ധനസമാഹരണം വഴി പൈസ ലഭ്യമാക്കി അടിയന്തരമായി കുടിശ്ശിക നൽകുന്നതാണ്.

(ബി) കോട്ടയം ജില്ലയിൽ 22573 കർഷകർക്കായി 2018 മാർച്ച് 31 വരെ 238.27 ലക്ഷം രൂപയാണ് നെൽകൃഷി ഉല്പാദനബോണസായി നൽകുവാനുള്ളത്

(സി) നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഒരു സീസണിന് ഒരു ഹെക്ടറിന് 350/- രൂപ നിരക്കിൽ മുൻപ് നൽകി വന്നിരുന്ന ഉല്പാദന ബോണസ് 31-10-2012-ലെ സർക്കാർ ഉത്തരവ് സ.ഉ (എം.എസ്) നമ്പർ 245/2012/കൃഷി പ്രകാരം ഹെക്ടറിന് 1,000 രൂപയായി വർദ്ധിപ്പിച്ചു. പ്രസ്തുത നിരക്കിലാണ് നിലവിൽ ഉല്പാദന ബോണസ് നൽകിവരുന്നത്.

(ഡി) സംസ്ഥാനത്തെ നെൽകൃഷി ഉദ്ദേശം 2.2 ലക്ഷം ഹെക്ടറിൽ ചെയ്തുവരുന്നതിൻ പ്രകാരം ഉല്പാദന ബോണസ് ഹെക്ടറിന് 1,000 രൂപ എന്ന നിരക്കിൽ നൽകുന്നതിന് 22 കോടി രൂപ പ്രതിവർഷം ആവശ്യമുണ്ട്. എന്നാൽ 2018-19-ലെ ബഡ്ജറ്റ് വിഹിതമായി 13.645 കോടി രൂപ മാത്രമാണ് ലഭിച്ചത്. ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് ഉല്പാദന ബോണസ് നൽകുന്നതിന് കാലതാമസം ഉണ്ടായത്.

## കേരഫെഡ് അഴിമതി

28(1587) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ (2011-2016) നടന്ന 'കേരഫെഡ്' അഴിമതി സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഈ വിഷയത്തിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ ?

### ഉത്തരം

(എ) കേരഫെഡിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതി ബഹു.സഹകരണ സംഘം രജിസ്ട്രാറുടെ കത്ത് പ്രകാരം സഹകരണ വിജിലൻസ് ഓഫീസർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ, സഹകരണ വിജിലൻസ് ഓഫീസർ സൗത്ത് സോൺ പരാതി അന്വേഷിച്ച് സമർപ്പിച്ച റിപ്പോർട്ട് കേരഫെഡിൽ ലഭിച്ചിരുന്നെന്നും ഇതിൽ അന്തിമ റിപ്പോർട്ടാണെന്ന് രേഖപ്പെടുത്തിയിട്ടില്ലായെന്നും കേരഫെഡ് എം. ഡി. അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ആരോപണം 1 പ്രകാരം CP 1 മുതൽ CP 12 വരെയുള്ളവർക്കെതിരെ, അഴിമതി നിരോധന നിയമ വകുപ്പ് 13 (1) C & (d) r/W 13 (2) IPE 409 &120 (B) പ്രകാരം കേസെടുത്ത് നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് മുഖാന്തരം വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോയിലേക്ക് ആവശ്യപ്പെടുകയും തുടർന്ന് അന്നത്തെ കേരഫെഡ് മാനേജിംഗ് ഡയറക്ടർ ശ്രീ. അശോക് കുമാർ തെക്കനെതിരെ വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോയിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശ്രീ. അശോക് കുമാർ തെക്കൻ, കേരഫെഡ് മാനേജിംഗ് ഡയറക്ടറായിരുന്ന കാലയളവിൽ (7-9-2004 മുതൽ 30-11-2005 വരെയും 6-2-2012 മുതൽ 18-2-2016 വരെയും) കേരഫെഡിൽ നടന്ന നിയമനങ്ങൾ സംബന്ധിച്ചും കേരഫെഡിലെ വിവിധ ക്രമക്കേടുകൾ സംബന്ധിച്ചും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് 1-ൽ വി.സി.3/18/എസ്.ഐ.യു.-1 എന്ന നമ്പറിലും 2014-2015 കാലയളവിൽ കേരഫെഡ് കരുനാഗപ്പള്ളി ഫാക്ടറിയിൽ 50 കൊപ്രയാട്ട് യന്ത്രം സ്ഥാപിച്ചതിലെ അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ, ദക്ഷിണ മേഖല ഓഫീസിൽ വി.സി.4/17/എസ്.ആർ.ടി. എന്ന നമ്പറിലും വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

കേരഫെഡിൽ പച്ചത്തേങ്ങ സംഭരണം, ഉണക്ക് യന്ത്രങ്ങൾ വാങ്ങുന്നതിനും അനുബന്ധ ഷെഡ്ഡുകളുടെ നിർമ്മാണത്തിനായും ഉള്ള ദർഘാസ് നടപടികളിലെയും കരുനാഗപ്പള്ളി, നടുവണ്ണൂർ പ്ലാന്റുകളുടെശേഷി വർദ്ധനയ്ക്കുവേണ്ടിയുള്ള യന്ത്രങ്ങളും മറ്റും വാങ്ങിയതിനായി ക്ഷണിച്ച ദർഘാസ് നടപടികളിലെയും ക്രമക്കേടുകൾ എന്നിവ സംബന്ധിച്ച് കൃഷി വകുപ്പിലെ സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണം നടത്തിയിരുന്നു.

സെക്രട്ടേറിയറ്റ് ധനകാര്യ (പരിശോധന-എൻ.റ്റി.കെ.) വകുപ്പ് കേരഫെഡിൽ 2011 ഡിസംബർ, 2012 ജനുവരി മാസങ്ങളിൽ പരിശോധന നടത്തിയിരുന്നു. കേരഫെഡിൽ ജീവനക്കാർക്ക് ക്രമവിരുദ്ധമായി നൽകിയ പ്രൊമോഷനുകൾ, ശമ്പളപരിഷ്കരണങ്ങൾ, കൊപ്ര വാങ്ങുന്നതിലെ അഴിമതികൾ, കേരഫെഡിൽ നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളിലെ അഴിമതികൾ, വിവിധ ബാങ്കുകളിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്ഥിര നിക്ഷേപം നടത്തിയത്, മറ്റ് സാമ്പത്തിക ക്രമക്കേടുകൾ എന്നിവ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി പരിശോധനയിൽ കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (2011 മേയ് 18 മുതൽ 2016 മേയ് 20 വരെ ) കേരഫെഡിൽ നടന്ന മൂന്ന് തെറ്റായ നടപടികൾ കണ്ടെത്തി ശിപാർശകൾ നൽകിയിട്ടുണ്ട്. ടി ശിപാർശകൾ ഇവയാണ്.

(1) ശിപാർശ നമ്പർ 8: M/s. St. Mary's Oil Industries, Muvattupuzha എന്ന ഓയിൽ പ്ലാന്റുമായി കരാറിൽ ഏർപ്പെട്ടതിൽ കേരഫെഡിന് വൻസാമ്പത്തിക ബാദ്ധ്യതയുണ്ടായിട്ടുണ്ട്. കേരഫെഡിനുണ്ടായ സാമ്പത്തിക നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാൻ ഭരണ വകുപ്പ് നടപടികൾ കൈക്കൊള്ളേണ്ടതാണ്.

(2) ശിപാർശ നമ്പർ 10: കേരഫെഡ് വൈസ്-ചെയർമാന് നിയമവിരുദ്ധമായി ഓണറേറിയം നൽകിയത് തിരികെ പിടിക്കേണ്ടതാണ്.

(3) ശിപാർശ നമ്പർ 13: കേരഫെഡിന്റെ payment -മായി ബന്ധപ്പെട്ട ചെക്കുകൾ സംയുക്തമായി ഒപ്പിടാനുള്ള അധികാരം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്കും ഡയറക്ടർ (ഫിനാൻസ്)/ഫിനാൻസ് ഓഫീസർക്കുമായി നിജപ്പെടുത്തേണ്ടതാണ്.

(ബി) സഹകരണ വിജിലൻസ് സെല്ലിന്റെ അന്വേഷണ റിപ്പോർട്ടിൻ പ്രകാരം ആരോപണം (2) -ൽ CP 4 - CP 13, എന്നിവരിൽനിന്നും സർക്കാരിന് നഷ്ടമായ നികുതി ഇനത്തിലെ 7,915 രൂപയും പലിശ ഉൾപ്പെടെ W-8 ശ്രീ. ഷാമേഷ് ഫിലിപ്പ് തിരികെ അടച്ചിരിക്കുന്നു. CP 13- ശ്രീ. മുഹമ്മദ് ഷെരീഫിന്റെ ശമ്പളത്തിൽനിന്നും തിരികെ ഈടാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്. ടിയാൻ 29-12-2016 മുതൽ സസ്പെൻഷനിൽ ആയതിനാൽ ടിയാളുടെ ശമ്പളത്തിൽനിന്നും ഈടാക്കാൻ സാധിച്ചിട്ടില്ല. ടി ജീവനക്കാരൻ

സർവ്വീസിൽ നിന്നും വിരമിച്ചെങ്കിലും വിജിലൻസ് കേസ് നിലനിൽക്കുന്നതിനാൽ ആനുകൂല്യങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല. ടിയാളുടെ ആനുകൂല്യങ്ങൾ നൽകുന്ന മുറയ്ക്ക് ടി തുക പലിശ സഹിതം ഈടാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

വി.സി.3/18/എസ്.ഐ.യു.-1, വി.സി.4/17/എസ്.ആർ.ടി എന്നീ നമ്പർ വിജിലൻസ് കേസുകളിൽ അന്വേഷണം നടന്നുവരുന്നു.

കൃഷി വകുപ്പിലെ സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണത്തെ തുടർന്ന് ശ്രീ. അശോക് കുമാർ തെക്കനെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ചുമതലകളിൽനിന്നും മാറ്റിയിരുന്നു.

സെക്രട്ടേറിയറ്റ് ധനകാര്യ (പരിശോധന-എൻ.റ്റി.കെ.) വകുപ്പിന്റെ ശിപാർശകളിൽ 8, 13 എന്നിവ ഒഴിവാക്കി നൽകിയിട്ടുണ്ട്. ശിപാർശ നമ്പർ 10: ന്മേൽ കേരഫെഡ് എം.ഡി. സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**കേര ഗ്രാമം പദ്ധതി**

29(1588) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളെയാണ് കേര ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് വിശദീകരിക്കുമോ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങൾ ഈ പദ്ധതി പ്രകാരം കർഷകർക്ക് ലഭിക്കുന്നുണ്ടെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ ഗ്രാമ പഞ്ചായത്തുകളിലെ നാളികേര ഉത്പാദനത്തിൽ വർദ്ധവ് ഉണ്ടായിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തൊടിയൂർ ഗ്രാമ പഞ്ചായത്തിനെയാണ് 2018-19 വർഷത്തെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശത്തെയാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ്കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചനസൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉല്പാദനം, തെങ്ങുകയറ്റ

യന്ത്രങ്ങളുടെ വിതരണം മുതലായ ഘടകങ്ങൾ സാമ്പത്തിക സഹായത്തോടുകൂടി പ്രാവർത്തികമാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവരാസവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്നും രോഗബാധയേറ്റും ഉല്പാദനക്ഷമത നശിച്ച തെങ്ങുകൾ മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു.

ഇതിനുപുറമെ സാദ്ധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

(ബി) ഒരു കേരഗ്രാമത്തിന് പരമാവധി 97.697 ലക്ഷം രൂപയുടെ ആനുകൂല്യം ലഭ്യമാക്കുക എന്നതാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്ത് നടപ്പിലാക്കാവുന്നതും നിഷ്കർഷിച്ചിരിക്കുന്ന സബ്സിഡി ആനുകൂല്യങ്ങൾ ലഭിക്കുന്നതുമാണ്.

1. സംയോജിത പരിചരണമുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. ഇതിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു:

(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്

(b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ്

(c) കുമ്മായം - 9 രൂപ/തെങ്ങ്

(d) രാസവളം - 20 രൂപ/തെങ്ങ്

(e) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്

(f) ജൈവവളം - 25 രൂപ/തെങ്ങ്

(g) സസ്യസംരക്ഷണം - 10 രൂപ/തെങ്ങ്

(h) ജീവാണു വളങ്ങൾ, ജൈവീകനിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്

(i) രോഗം ബാധിച്ചതും ഉല്പാദനശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1000 രൂപ/ തെങ്ങ്

(j) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന്- 60 രൂപ/തെങ്ങ്

(k) ഇടവിളകൃഷി - 6,000 രൂപ ഹെക്ടറിന്.

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ പരമാവധി 5 ലക്ഷം രൂപ.

3. 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000 രൂപ നിരക്കിൽ

4. 8 ജൈവവള ഉല്പാദന യൂണിറ്റുകൾ- ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ആനുകൂല്യം

5. പഞ്ചായത്തുതല കേരസമിതികൾക്കുള്ള പ്രവർത്തന ചെലവായി 1 ലക്ഷം രൂപ, മിനി കയർ നിർമ്മാണ യൂണിറ്റിന് 2 ലക്ഷം രൂപ.

6. കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 15,000 രൂപ.

7. താല്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

(സി) കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളിലെ തെങ്ങിൻ തോട്ടങ്ങൾ അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. മെച്ചപ്പെട്ട കുലകൾ ഉല്പാദിപ്പിക്കപ്പെട്ടിട്ടുണ്ട്. തെങ്ങിൽ ഉണ്ടാകുന്ന പൂമുകുളം നാളികേരമായി മാറി വിളവെടുക്കാൻ 36 മാസം (3 വർഷം)കാലദൈർഘ്യം എടുക്കുമെന്നതിനാൽ സംയോജിത പരിചരണമുറകളുടെ ഫലപ്രാപ്തി ഉല്പാദന വർദ്ധനവ് വരുംവർഷങ്ങളിൽ പ്രകടമാകുന്നതാണ്.

**കേരഗ്രാമങ്ങൾ**

30(1589) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കേരഗ്രാമങ്ങൾ നിലവിലുണ്ടെന്നും ഇവ ഏതൊക്കെയെന്നും വ്യക്തമാക്കാമോ;

(ബി) കേരഗ്രാമങ്ങൾക്ക് എന്തൊക്കെ സഹായ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്നും നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നടപ്പുസാമ്പത്തികവർഷം രൂപീകരിച്ച 77 കേരഗ്രാമങ്ങൾ ഉൾപ്പെടെ 181 കേരഗ്രാമങ്ങൾ നിലവിലുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉല്പാദനം, തെങ്ങ് കയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടംതുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസവളങ്ങൾ, ജീവാണു വളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിള കൃഷി എന്നിവ നടപ്പിലാക്കുന്നു.

ഇതിനുപുറമെ സാദ്ധ്യമായ കേരഗ്രാമങ്ങളിൽ മിനികയർ നിർമ്മാണ/ സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

ഒരു കേരഗ്രാമത്തിന് സംയോജിത പരിചരണമുറകൾ സ്വീകരിക്കുന്നതിനായി ഹെക്ടർ ഒന്നിന് 25,000 രൂപ പ്രകാരം 62.50 ലക്ഷം രൂപ 61 തെങ്ങുകയറ്റ യന്ത്രങ്ങൾ (ഒരു യന്ത്രത്തിന് 2,000 രൂപ നിരക്കിൽ), 8 ജൈവവള ഉല്പാദന യൂണിറ്റുകൾ (ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ), പഞ്ചായത്തുതല കേരസമിതികൾക്ക് പ്രവർത്തന ചെലവിനായി ഒരു ലക്ഷം രൂപ, മിനികയർ നിർമ്മാണ യൂണിറ്റിന് 2 ലക്ഷം രൂപ, കൃഷി ഭവന്റെ പ്രവർത്തന ചെലവിനായി 15,000 രൂപ, താല്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന സംരഭങ്ങൾ തുടങ്ങുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം എന്നീ ആനുകൂല്യങ്ങൾ നൽകുന്നു.

സംസ്ഥാനത്തെ നാളികേര മേഖലയുടെ സമഗ്ര വികസനത്തിനായി നാളികേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ അവലോകന യോഗത്തിൽ ഓരോ വർഷവും 15 ലക്ഷം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നാളികേര വികസനത്തിനായി താഴെ പറയുന്ന പ്രധാന പുതിയ ഇടപെടലുകൾ വിഭാവനം ചെയ്യുന്നുണ്ട്.

1. 10 വർഷംകൊണ്ട് കേരളത്തിലെ നാളികേര കൃഷി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി വ്യാപിപ്പിക്കുക.

2. തെങ്ങിന്റെ ഉല്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽനിന്നും 8500 നാളികേരമായി ഉയർത്തുക

3. ശാസ്ത്രീയമായ വിത്ത് തേങ്ങ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പുവരുത്തുക.
4. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുക. ബഹുവിള കൃഷി സമ്പ്രദായം നടപ്പിലാക്കുക.
5. നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും തെങ്ങിന്റെ സംയോജിത വികസനത്തിനായി 'കേരഗ്രാമങ്ങൾ' ആരംഭിക്കുക.
6. വിളവെടുപ്പിനും കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി യുവതീയുവാക്കൾക്ക് പരിശീലനം നൽകി കേര കർമ്മസേനകൾ രൂപീകരിക്കുക.
7. നാളികേരാധിഷ്ഠിത മൂല്യവർദ്ധിത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.
8. നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക.
9. നാളികേര അഗ്രോപാർക്കുകൾ പ്രവർത്തനം ആരംഭിക്കുക.
10. നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോല്പന്നങ്ങൾ ദേശീയ/ അന്തർദ്ദേശീയ വിപണികളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

## മാമം നാളികേര പ്ലാന്റ്

31(1590) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ മാമം നാളികേര പ്ലാന്റിന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

ആറ്റിങ്ങൽ മണ്ഡലത്തിലെ മാമം നാളികേര പ്ലാന്റിൽ സ്ഥാപിച്ചിട്ടുള്ള വിർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം താൽക്കാലിക ലൈസൻസ് നൽകുന്നതിന് ആവശ്യമായ നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിച്ചുവരുന്നു. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. കൂടാതെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി 30 ടൺ ശേഷിയുള്ള വെളിച്ചെണ്ണ മിൽ സ്ഥാപിച്ച് പ്രസ്തുത മില്ലിന്റെ പ്രവർത്തനം ജനുവരി മാസത്തോടെ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികളും സ്വീകരിച്ചുവരുന്നു.

## നാളികേര കൃഷി

32(1591) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര നാളികേര കൃഷിക്കും നാളികേരത്തിൽനിന്നും പരമാവധി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന്റെ ഭാഗവുമായി നാളികേര മിഷൻ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്താണ് നാളികേര കൃഷി ഉള്ളത്; ആയത് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും മുൻപന്തിയിലായിരുന്ന സംസ്ഥാനം വളരെ പിന്നോട്ട് പോയത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലനമുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പവരുത്തുക, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും ഉറപ്പുവരുത്തി കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി സംസ്ഥാനതല ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല കൗൺസിൽ എന്നീ ഘടനയിൽ 21-11-2018 തീയതിയിലെ സ.ഉ.(കൈ.) നമ്പർ 138/2018/കൃഷി പ്രകാരം നാളികേര വികസന കൗൺസിൽ (Coconut Development Council) രൂപീകരിച്ചിട്ടുണ്ട്

(ബി) സംസ്ഥാനത്തെ നാളികേര കൃഷിയുടെ വിസ്തൃതി നിലവിൽ 7.81 ലക്ഷം ഹെക്ടറാണ്. ഇതിൽനിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഓരോ വർഷവും 15 ലക്ഷം എന്ന കണക്കിൽ അത്യുൽപ്പാദനശേഷിയുള്ള നല്ലയിനം തെങ്ങിൻതൈകൾ കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല, കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ്, CPCRI എന്നീ സ്ഥാപനങ്ങളിൽ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) രോഗകീടബാധ, ശാസ്ത്രീയ കൃഷിമുറകൾ അവലംബിക്കുന്നതിനുള്ള വൈമുഖ്യം, തൊഴിലാളികളുടെ ദൗർലഭ്യം, ഉയർന്ന കൂലിച്ചെലവ്, വിപണനത്തിനുള്ള പ്രയാസങ്ങൾ, വിലയിടിവ് വിലസ്ഥിരതയില്ലായ്മ, മൂല്യവർദ്ധനയിലെ അപര്യാപ്തത തുടങ്ങിയവയാണ് ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറയുവാനുള്ള കാരണങ്ങൾ.

(ഡി) നാളികേര കൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുക, രോഗം ബാധിച്ചതും പ്രായാധിക്യംമൂലം ഉൽപ്പാദനം കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി പകരം അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻതൈകൾ നടുക, വിവിധ നാളികേര ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് അത്യുൽപ്പാദനശേഷിയുള്ള തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുക തുടങ്ങിയ ശ്രമങ്ങൾ തുടരും.

**നാളികേര കൃഷി**

33(1592) <u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കൃഷി വ്യാപിപ്പിക്കുന്നതിനും നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനുമായി നാളികേര വികസന കൗൺസിൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) നാളികേര കൃഷി എത്ര ഹെക്ടർ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; തെങ്ങിൻതൈകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 21-11-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 138/2018/കൃഷി പ്രകാരം നാളികേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ കാലയളവിൽ സംസ്ഥാനത്തെ നാളികേര കൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽനിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിനായി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാലാ ഫാമുകൾ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ് എന്നീ സ്ഥാപനങ്ങളിൽനിന്നും ഇവരുടെ മേൽനോട്ടത്തിൽ കർഷകർ നടത്തുന്ന അംഗീകൃത വികേന്ദ്രീകൃത നഴ്സറികളിൽനിന്നുമാണ് പദ്ധതിക്കാവശ്യമായ ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുവാൻ ലക്ഷ്യമിടുന്നത്. ഗുണമേന്മയുള്ള വിത്തുതേങ്ങകൾ സംഭരിക്കുന്നതിനായി കൂടുതൽ മാതൃവൃക്ഷങ്ങൾ സംസ്ഥാനത്ത് കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## നാളികേര വികസന കൗൺസിൽ

34(1593) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നാളികേരോത്പാദനത്തിന്റെ വർദ്ധനവ് ലക്ഷ്യമിട്ട് നാളികേര വികസന കൗൺസിലിന് രൂപംനൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

ഉണ്ട്. കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നിളുന്ന പത്ത് വർഷത്തെ വികസനകാഴ്ചപ്പാടോടുകൂടി താഴെ പറയുന്ന ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി സംസ്ഥാനതല ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല കൗൺസിൽ എന്നീ ഘടനയിൽ 21-11-2018-ലെ സ.ഉ.(കൈ) നമ്പർ 138/2018/കൃഷി പ്രകാരം നാളികേര വികസന കൗൺസിൽ (Coconut Development Council) രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

നാളികേര വികസന കൗൺസിലിന്റെ ലക്ഷ്യങ്ങൾ

1. സംസ്ഥാനത്തെ നാളികേര കൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽനിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുക. ഇതിനായി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കുക.

2. നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ പ്രായാധിക്യം വന്നതും രോഗം ബാധിച്ചതും ഉത്പാദനക്ഷമത നശിച്ചതുമായ തെങ്ങുകളെ മുറിച്ചുമാറ്റി അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുക. 3 ലക്ഷം ഹെക്ടർ സ്ഥലത്ത് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

3. തെങ്ങിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽനിന്നും 8500 നാളികേരമായി ഉയർത്തുക.

4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉത്പാദക സൊസൈറ്റി/കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻ തൈ ഉത്പാദന കേന്ദ്രങ്ങളിലെ ഉത്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്തുതേങ്ങാ സംഭരണം വിപുലപ്പെടുത്തിയും കേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പുവരുത്തുക.

5. നെടിയ ഇനങ്ങളുടെയും കുറിയ ഇനങ്ങളുടെയും സങ്കര ഇനങ്ങളുടെയും കൃഷിക്ക് കേരളത്തിന് അനുയോജ്യമായതും സ്ഥായിയായതും വിപണന സാധ്യത ഉള്ളതുമായ ഇനങ്ങളുടെ ഒരു പ്രചരണ രീതി /സമ്പ്രദായം നടപ്പിലാക്കുക.

6. തെങ്ങിൻ തോട്ടങ്ങളിൽ അനുയോജ്യമായ ഇടവിളകൾ കൃഷി ചെയ്ത് പ്രകൃതി വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം സാധ്യമാക്കുന്ന ബഹുവിള കൃഷി സമ്പ്രദായം നടപ്പിലാക്കിയും സൂക്ഷ്മമൂലകങ്ങളുടെ പ്രയോഗം ഉൾപ്പെടെയുള്ള മണ്ണുപരിപാലനവും സസ്യസംരക്ഷണ പ്രവർത്തനങ്ങളും, ഉത്തമ ജലസേചന മാർഗ്ഗങ്ങളും ശാസ്ത്രീയമായി അവലംബിച്ച് പരമാവധി ഉല്പാദനവും ഉല്പാദനക്ഷമതയും കൈവരിച്ച് കേര കർഷകർക്ക് മെച്ചപ്പെട്ട വരുമാനവും ജീവിത സുരക്ഷയും ഉറപ്പാക്കുക.

7. നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും തെങ്ങിന്റെ സംയോജിത വികസനത്തിനായി " കേര ഗ്രാമങ്ങൾ " ആരംഭിക്കുക. സാധ്യമായ എല്ലാ കേര ഗ്രാമങ്ങളിലും നാളികേരത്തിന്റെ മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങളും, കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുക.

8. കേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പ്രദേശങ്ങളിലും വിസ്തൃതിക്ക് അനുസൃതമായി വാർഡുതല ക്ലസ്റ്ററുകൾ/പഞ്ചായത്തുതല കേര സമിതികൾ/ ബ്ലോക്കുതല കേര ഫെഡറേഷൻ എന്നിവ രൂപീകരിക്കുക/ ശക്തിപ്പെടുത്തുക. കൂടാതെ നിലവിലുള്ള നാളികേര ഉല്പാദക സൊസൈറ്റികളുടെയും കമ്പനികളുടെയും പ്രവർത്തനങ്ങളിലും നാളികേര വികസന കൗൺസിലുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന വിവിധ സമിതികളിലും തമ്മിൽ പരസ്പര ഏകോപനം സാധ്യമാക്കുക.

9. വിളവെടുപ്പിനും കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി നാളീകേര കൃഷിക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകി " കേര കർമ്മസേനകൾ" രൂപീകരിക്കുക. കൂടാതെ നാളികേര കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിലവിലുള്ള കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുക.

10. നാളികേരത്തിന്റെ മൂല്യവർദ്ധന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉത്തേജനം നൽകുക.

11. നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക.

12. നാളികേരത്തിന്റെ മൂല്യവർദ്ധനവും വിപപണനവും ശക്തിപ്പെടുത്തുന്നതിനായി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നാളികേര അഗ്രോ പാർക്കുകളുടെ പ്രവർത്തനം ആരംഭിക്കുക.

13. ദേശീയ അന്തർദേശീയ വിപണികളിൽ കേരളത്തിന്റെ നാളീകേര ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും അഗോളതലത്തിൽ അവയുടെ ആവശ്യകത സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

14. കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ കർഷകരിൽനിന്നും നാളികേര സംഭരണം ന്യായവിലയ്ക്ക് ഉറപ്പാക്കുക. ഉപോൽപ്പന്നമായ തൊണ്ട് ആവശ്യമായ മേഖലയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

15. നാളികേര വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന/കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളിൽ ലഭ്യമായ സാങ്കേതികവിദ്യകൾ കർഷകരിലേയ്ക്കും സംരംഭകരിലേയ്ക്കും എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

16. നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോല്പന്നങ്ങൾ ദേശീയ/ അന്തർദ്ദേശീയ വിപണികളിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

17. നാളികേര കർഷകർക്ക് മികച്ച വരുമാനവും വരുമാന സ്ഥിരതയും ഉറപ്പുവരുത്തുക.

സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുകയ്ക്ക് പുറമെ നാളികേര വികസന ബോർഡിന്റേയും ജനകീയാസൂത്രണ പദ്ധതി വിഹിതത്തിന്റേയും LSGD തുടങ്ങിയ വകുപ്പുകളുടേയും എസ്.എഫ്.എ.സി., കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടേയും ഫണ്ടുകളുടെ ഏകോപനം സാദ്ധ്യമാക്കികൊണ്ടാണ് " നാളികേര വികസന കൗൺസിൽ" രൂപീകരിച്ച് പ്രവർത്തിക്കുന്നത്.

## നാളികേര കൃഷിയുടെ വികസനം

35(1594) ശ്രീ. എം. സ്വരാജ് :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. എം. രാജഗോപാലൻ :

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ നാളികേര കൃഷിയുടെ വികസനത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) കേര കൃഷിയുടെ വ്യാപനത്തിനും വികസനത്തിനുമായി രൂപീകരിച്ചിട്ടുള്ള കോക്കനട്ട് മിഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കേരകൃഷിയുടെ സുസ്ഥിര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള കേരഗ്രാമം പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുമോ;

(ഡി) നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 1. കേരഗ്രാമം പദ്ധതി കൂടുതൽ ഫലപ്രദമാക്കുന്നതിന് പദ്ധതി പ്രദേശത്തിന്റെ വിസ്തൃതി 500 ഹെക്ടറിൽനിന്നും 250 ഹെക്ടർ ആയി പുനർനിശ്ചയിച്ചു.

2. 2017-18 സാമ്പത്തികവർഷത്തിൽ ഒരു കേരഗ്രാമത്തിന്റെ പരമാവധി ആനുകൂല്യം 75.65 ലക്ഷം രൂപയായും 2018-19-ൽ വീണ്ടും 97.67 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു.

3. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള തെങ്ങിന്റെ നഷ്ടപരിഹാരത്തുക തെങ്ങൊന്നിന് നിലവിലുണ്ടായിരുന്ന 1,000 രൂപയിൽ നിന്നും 2000 രൂപയായി വർദ്ധിപ്പിച്ചു.

4. നാളികേര മേഖലയുടെ സമഗ്ര വികസനം ലക്ഷ്യംവച്ച് 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ 17 ഇന ലക്ഷ്യങ്ങളോടെ നാളികേര വികസന കൗൺസിൽ രൂപീകരിച്ചു.

5. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി ചേർന്ന് ഗുണമേന്മയുള്ള നാടൻ തെങ്ങിൻ തൈകളുടെ സങ്കര ഇനം തെങ്ങിൻ തൈകളുടെ ഉല്പാദനം ത്വരിതപ്പെടുത്തുന്നതിനായി കർഷക പങ്കാളിത്തത്തോടെയുള്ള 2 പ്രോജക്ടുകളും തെങ്ങിന്റെ സംയോജിത കീടരോഗ നിയന്ത്രണത്തിനുള്ള മാതൃകാ പ്രോജക്ടും, ജില്ലകൾ തമ്മിൽ തെങ്ങിന്റെ ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും കാണുന്ന വ്യത്യാസത്തെ സംബന്ധിക്കുന്ന പഠന പ്രോജക്ടുകളും ആരംഭിച്ചു.

6. കൃഷിപ്പണികൾക്കും വിളവെടുപ്പിനുമായി തൊഴിലാളി ദൗർലഭ്യത്തിന് പരിഹാരമായി കൂടുതൽ അഗ്രോസർവ്വീസ് സെന്ററുകളും കാർഷിക കർമ്മസേനകളും രൂപീകരിച്ചു.

7. നാളികേരത്തിന്റെ മൂല്യവർദ്ധിത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എസ്. എഫ്.എ.സി. മുഖാന്തരം ധനസഹായം നൽകി.

8. നീര ഉല്പാദന യൂണിറ്റുകൾ പ്രോത്സാഹിപ്പിച്ചു.

9. തൊണ്ടോടുകൂടി നാളികേര സംഭരണം നടപ്പിലാക്കി കേര കർഷകർക്ക് കൂടുതൽ ആശ്വാസവും മെച്ചപ്പെട്ട വിലയും ഉറപ്പാക്കി.

10. മൂല്യവർദ്ധിത സംരംഭങ്ങൾക്ക് ഉത്തേജനം നൽകുന്നതിനായി മൂല്യവർദ്ധനവിന്റെ സാദ്ധ്യതയും വിപണനവും സംബന്ധിച്ച അറിവും കർഷകർ, വികസന ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞർ, സംരംഭകർ, വ്യവസായികൾ, പൊതുജനങ്ങൾ തുടങ്ങിയവർ തമ്മിലുള്ള പരസ്പര ഇടപെടലും സാധ്യമാക്കുവാൻ "വൈഗ" എന്ന പേരിൽ പ്രദർശനവും സെമിനാറും ഓരോ വർഷവും ഡിസംബർ മാസത്തിൽ നടത്തിവരുന്നു.

11. നാളികേരത്തിന്റെ മൂല്യവർദ്ധനവിന്റെയും വിപണനത്തിന്റെയും സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി നാളികേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

12. അത്യുൽപ്പാദനശേഷിയുള്ള കുറിയ/ഇടത്തരം പൊക്കമുള്ള തെങ്ങിനങ്ങളുടെയും സങ്കരയിനം തെങ്ങുകളുടെയും മാതൃകാ പ്രദർശന പ്ലോട്ടുകൾ കൃഷി വകുപ്പ് ഫാമുകളിലും കർഷകരുടെ പുരയിടങ്ങളിലും സ്ഥാപിച്ചു.

13. തെങ്ങിന്റെ പ്രത്യേക കാർഷിക മേഖല കോഴിക്കോട് ആരംഭിച്ചു.

(ബി) സംസ്ഥാനത്ത് നാളികേര മേഖലയുടെ സമഗ്ര വികസനത്തിനായി കൃഷി മന്ത്രി ചെയർമാനായി സർക്കാർ നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* ബഹു. മുഖ്യമന്ത്രി നാളികേര കൗൺസിലിന്റെ പ്രവർത്തനം വിലയിരുത്തുകയും എല്ലാവർഷവും ഗുണമേന്മയുള്ള 15 ലക്ഷം തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് സംസ്ഥാന വ്യാപകമായി വിതരണം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

(ഡി) 1. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സാദ്ധ്യത മനസ്സിലാക്കുന്നതിനും സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർ, വികസന ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞർ, സംരംഭകർ, വ്യവസായികൾ, പൊതുജനങ്ങൾ എന്നിവരുടെ ഇടപെടലുകൾ സാധ്യമാക്കുന്നതിനായി VAIGA എന്ന പേരിൽ പ്രദർശന സെമിനാർ എല്ലാ വർഷവും ഡിസംബർ മാസം സംഘടിപ്പിച്ചുവരുന്നു.

2. മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എസ്.എഫ്.എ.സി. മുഖാന്തരം പ്രോജക്ട് അധിഷ്ഠിത ധനസഹായം നൽകുന്നു.

3. നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകിയിട്ടുണ്ട്.

4. കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരോല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും നടന്നുവരുന്നു.

5. സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായി അഗ്രോ പാർക്ക് രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും Special Purpose Vehicle (SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ സർക്കാർ നിയമിച്ചിട്ടുണ്ട്. പദ്ധതിക്ക് 100.13 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിലും വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണിയിലും നാളികേരത്തിന്റെ അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള DPR, KAICO കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

6. നീര കർഷകരുടെ കുറവ് പരിഹരിക്കുന്നതിനായി അവർക്കുള്ള പരിശീലനം കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തരം നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നാളികേര ഉൽപ്പാദനം

36(1595) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടറിൽ തെങ്ങ്കൃഷി ചെയ്തുവരുന്നുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) വർഷത്തിൽ ശരാശരി നാളികേര ഉൽപ്പാദനം എത്രയാണ്;

(സി) ഒരു തെങ്ങിൽനിന്നും വർഷത്തിൽ ശരാശരി എത്ര നാളികേരം ലഭിക്കുന്നുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) നാളികേര ഉൽപ്പാദനം വർദ്ധിപ്പിച്ച് കൃഷി കൂടുതൽ ലാഭകരമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പും നാളികേര വികസന ബോർഡും സ്വീകരിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ 2016-17-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 781496 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്തുവരുന്നുണ്ട്.

(ബി) ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്ക് പ്രകാരം വർഷത്തിൽ കേരളത്തിലെ ശരാശരി നാളികേര ഉല്പാദനം ഹെക്ടറിന് 6889 നാളികേരമാണ്.

(സി) ഒരു തെങ്ങിൽനിന്നും വർഷത്തിൽ ശരാശരി 32 മുതൽ 33 വരെ നാളികേരം ലഭിക്കുന്നുണ്ടെന്ന് കണക്കാക്കുന്നു.

(ഡി) നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിച്ച് കൃഷി കൂടുതൽ ലാഭകരമാക്കുന്നതിനായി കൃഷി വകുപ്പും നാളികേര വികസന ബോർഡും താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കൃഷി വകുപ്പ് പദ്ധതികൾ

1. കേരഗ്രാമം പദ്ധതി.
2. അത്യുല്പാദനശേഷിയുള്ള കുറിയ/ ഇടത്തരം/സങ്കര ഇനങ്ങളുടെ മാതൃക പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കൽ.

3. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി ചേർന്ന് അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകളുടെ ഉല്പാദനം ത്വരിതപ്പെടുത്തുന്നതിനും കീടരോഗ നിയന്ത്രണം ഫലപ്രദമായി നിയന്ത്രണ വിധേയമാക്കുന്നതിനുമുള്ള പ്രോജക്ട്.

4. ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ കീടരോഗ നിയന്ത്രണ പരിപാടി.

5. മേൽത്തരം കുറിയ ഇനം തെങ്ങിൻ തൈ ഉല്പാദനം ത്വരിതപ്പെടുത്തുന്നതിന് കേരസമൃദ്ധി പദ്ധതി.

6. കോഴിക്കോട് കേന്ദ്രീകരിച്ച് തെങ്ങിന് പ്രത്യേക കാർഷിക മേഖല.

7. വിള ഇൻഷ്വറൻസ് പദ്ധതി.

8. നാളികേര അഗ്രോപാർക്കുകൾ.

9. തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിനായുള്ള അഗ്രോസർവ്വീസ് സെന്ററുകളും കാർഷിക കർമ്മസേനകളും.

10. തെങ്ങ് അധിഷ്ഠിത മൂല്യവർദ്ധിത സംരഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി SFAC മുഖാന്തരം പ്രോജക്ട് അധിഷ്ഠിത ധനസഹായം.

നടപ്പു സാമ്പത്തികവർഷത്തിൽ മേൽ പ്രവർത്തനങ്ങൾക്കായി 82.20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

11. സംസ്ഥാനത്തെ നാളികേര മേഖലയുടെ സമഗ്ര വികസനത്തിനായി 21-11-2018-ലെ സ.ഉ(കൈ) 138/18/കൃഷി നമ്പർ ഉത്തരവ് പ്രകാരം നാളികേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ നാളികേര വികസനത്തിനായി താഴെ പറയുന്ന പ്രധാന പുതിയ ഇടപെടലുകൾ വിഭാവനം ചെയ്യുന്നുണ്ട്.

(a) 10 വർഷം കൊണ്ട് കേരളത്തിലെ നാളികേര കൃഷി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി വ്യാപിപ്പിക്കുക.

(b) തെങ്ങിന്റെ ഉല്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽനിന്നും 8500 നാളികേരമായി ഉയർത്തുക.

(c) ശാസ്ത്രീയമായ വിത്ത് തേങ്ങ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പുവരുത്തുക.

(d) തെങ്ങിൻ തോട്ടങ്ങളിൽ ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുക. ബഹുവിള കൃഷി സമ്പ്രദായം നടപ്പിലാക്കുക.

(e) നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും തെങ്ങിന്റെ സംയോജിത വികസനത്തിനായി 'കേരഗ്രാമങ്ങൾ' ആരംഭിക്കുക.

(f) വിളവെടുപ്പിനും, കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി യുവതീയുവാക്കൾക്ക് പരിശീലനം നൽകി കേര കർമ്മസേനകൾ രൂപീകരിക്കുക.

(g) നാളികേരാധിഷ്ഠിത മൂല്യവർദ്ധിത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.

(h) നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക.

(i) നാളികേര അഗ്രോപാർക്കുകൾ പ്രവർത്തനം ആരംഭിക്കുക.

(j) നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോല്പന്നങ്ങൾ ദേശീയ/ അന്തർദ്ദേശീയ വിപണികളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

<u>നാളികേര വികസന ബോർഡ് പദ്ധതികൾ</u>

1. തെങ്ങിന്റെ മാതൃക പ്രദർശന പ്ലോട്ടുകൾ സ്ഥാപിക്കുന്ന പദ്ധതി (LODP)
2. തെങ്ങിന്റെ പുനർനടീലും പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള പദ്ധതി.
3. പ്രാദേശിക തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം.
4. തെങ്ങ് ഇൻഷ്വറൻസ് പദ്ധതി.

നാളികേര വികസന ബോർഡിന്റെ പദ്ധതികൾക്കായി 13.72 കോടി രൂപ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്. (സംസ്ഥാന വിഹിതം ഉൾപ്പെടെ.)

**കേരഗ്രാമം പദ്ധതി**

37(1596) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കിയ 'കേരഗ്രാമം' പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) നല്ലയിനം തെങ്ങിൻ തൈകൾ കർഷകർക്ക് എത്തിച്ചുകൊടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല ഫാമുകൾ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ് എന്നീ സ്ഥാപനങ്ങൾ മുഖേനയും സർക്കാർ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന അംഗീകൃത നഴ്സറികൾ മുഖേനയുമാണ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. ഗുണമേന്മയുള്ള മാതൃവൃക്ഷങ്ങൾ കണ്ടെത്തി മാർക്ക് ചെയ്ത് അവയിൽനിന്ന് ശാസ്ത്രീയമായി വിത്ത് തേങ്ങ ശേഖരിച്ച് സാങ്കേതിക വിദഗ്ധരുടെ മേൽനോട്ടത്തിൽ നഴ്സറി പരിപാലനമുറകൾ പാലിച്ചാണ് ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കുന്നത്.

വിത്ത് തേങ്ങ സംഭരണത്തിനായി കൃഷി വകുപ്പിന്റെ കീഴിൽ 3 വിത്ത് തേങ്ങ സംഭരണ കേന്ദ്രങ്ങൾ കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു. സംഭരിച്ച വിത്തുതേങ്ങകൾ കൃഷി വകുപ്പിന്റെ 8 തെങ്ങിൻ തൈ ഉല്പാദന കേന്ദ്രങ്ങൾ മുഖേനയും മറ്റ് കൃഷി ഫാമുകൾ മുഖേനയും പാകി ഗുണമേന്മയുള്ള തെങ്ങിൻ തൈകളാക്കി "കേരസമൃദ്ധി" പദ്ധതി പ്രകാരം കർഷകരിലേയ്ക്ക് എത്തിക്കുന്നു.

സംസ്ഥാനത്തെ നാളികേര മേഖലയുടെ സമഗ്ര വികസനത്തിനായി 21-11-2018-ലെ സ.ഉ (കൈ) നമ്പർ 138/18/കൃഷി പ്രകാരം നാളികേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ നാളികേര വികസനത്തിനായി താഴെപ്പറയുന്ന പ്രധാന പുതിയ ഇടപെടലുകൾ വിഭാവനം ചെയ്യുന്നുണ്ട്.

1. 10 വർഷംകൊണ്ട് കേരളത്തിലെ നാളികേര കൃഷി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി വ്യാപിപ്പിക്കുക.
2. തെങ്ങിന്റെ ഉല്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽ നിന്നും 8500 നാളികേരമായി ഉയർത്തുക.
3. ശാസ്ത്രീയമായ വിത്ത് തേങ്ങ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പുവരുത്തുക.
4. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുക. ബഹുവിള കൃഷി സമ്പ്രദായം നടപ്പിലാക്കുക.

5. നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും തെങ്ങിന്റെ സംയോജിത വികസനത്തിനായി 'കേരഗ്രാമങ്ങൾ' ആരംഭിക്കുക.
6. വിളവെടുപ്പിനും കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി യുവതീയുവാക്കൾക്ക് പരിശീലനം നൽകി കേര കർമ്മസേനകൾ രൂപീകരിക്കുക.
7. നാളികേരാധിഷ്ഠിത മൂല്യവർദ്ധിത സംരഭങ്ങൾ പ്രോത്സാഹിപ്പിക്കുക.
8. നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക.
9. നാളികേര അഗ്രോപാർക്കുകൾ പ്രവർത്തനം ആരംഭിക്കുക.
10. നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോല്പന്നങ്ങൾ ദേശീയ/ അന്തർദ്ദേശീയ വിപണികളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

**പടപ്പറമ്പ് ആസ്ഥാനമാക്കി ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രം**

38(1597) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പടപ്പറമ്പ് ആസ്ഥാനമാക്കി ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രം ആരംഭിക്കുന്നതിനായി കുറുവ ഗ്രാമപഞ്ചായത്ത് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) കേരഗ്രാമം പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; മങ്കട നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ ഗുണഫലം എപ്രകാരമെന്ന് വ്യക്തമാക്കാമോ;

(സി) കൂടുതൽ ഗ്രാമപഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പടപ്പറമ്പ് ആസ്ഥാനമാക്കി ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണകേന്ദ്രം ആരംഭിക്കുന്നതിനായി കുറുവ ഗ്രമാപഞ്ചായത്തിന്റെ നിവേദനം ലഭിച്ചിട്ടുണ്ട്. എന്നാൽ വണ്ടൂർ ആസ്ഥാനമാക്കി ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ അതിനുമുൻപുതന്നെ ആരംഭിച്ചിരുന്നു. 2017 ആഗസ്റ്റ് മാസത്തിൽ ജില്ലാ സംഭരണ കേന്ദ്രം വണ്ടൂരിൽ പ്രവർത്തനം ആരംഭിച്ചു. പടപ്പറമ്പ് ആസ്ഥാനമാക്കി അനുയോജ്യമായ സ്ഥലം ലഭിക്കുന്നമുറയ്ക്ക് വിപണന കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) നടപ്പ് സാമ്പത്തികവർഷം സംസ്ഥാനത്തൊട്ടാകെ 79 പുതിയ കേരഗ്രാമങ്ങളാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 77 കേരഗ്രാമങ്ങളുടെ പദ്ധതി പ്രദേശം നിർണ്ണയിക്കുകയും ആക്ഷൻപ്ലാൻ തയ്യാറാക്കുകയും ടെക്നിക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുകയും പഞ്ചായത്തുതല കേരസമിതികൾ രൂപീകരിക്കുകയും അവ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. അവിടങ്ങളിൽ പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ മങ്കട നിയോജകമണ്ഡലത്തിൽപ്പെടുന്ന അങ്ങാടിപ്പുറം പഞ്ചായത്തിൽ 2018-19 സാമ്പത്തികവർഷം ഒരു കേരഗ്രാമം രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് പ്രാരംഭഘട്ടത്തിലാണ്.

മലപ്പുറം ജില്ലയിൽ കേരഗ്രാമം പദ്ധതി പ്രകാരം ഭൗതികവും സാമ്പത്തികവുമായ നേട്ടങ്ങൾ കൈവരിച്ചുവരുന്നു. മങ്കട നിയോജക മണ്ഡലത്തിൽ കേരകൃഷിയ്ക്ക് ജലസേചനത്തിനായി പമ്പു സെറ്റുകൾ വിതരണം ചെയ്തു വരുന്നു. തെങ്ങിനു വളപ്രയോഗവും, ജലസേചനവും നൽകുന്നതുവഴി തെങ്ങിന്റെ വിളവ് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) 21-11-2018-ലെ സർക്കാർ ഉത്തരവ് (കൈ) നം. 138/2018/കൃഷി പ്രകാരം സംസ്ഥാനത്തിന്റെ നാളികേര മേഖലയുടെ അഭിവൃദ്ധിക്കായി സർക്കാർ രൂപീകരിച്ച നാളികേര വികസന കൗൺസിലിന്റെ ഒരു പ്രധാന ലക്ഷ്യം നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും തെങ്ങിന്റെ സംയോജിത വികസനത്തിനായി കേരഗ്രാമങ്ങൾ ആരംഭിക്കുക എന്നതാണ്. ആയതിനാൽ വരും വർഷങ്ങളിൽ ഘട്ടം ഘട്ടമായി കൂടുതൽ ഗ്രാമപഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

**റബ്ബർ കർഷകർ**

39(1598) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ കർഷകർക്ക് ഇപ്പോൾ എത്ര രൂപയാണ് വിലസ്ഥിരതക്കുവേണ്ടി സബ്സിഡിയായി നൽകുന്നത്; വിശദമാക്കുമോ;

(ബി) റബ്ബർ കർഷകർക്ക് ലഭിച്ചുകൊണ്ടിരുന്ന സബ്സിഡി ഇപ്പോൾ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ റബ്ബർ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർവ്വകക്ഷിയോഗം വിളിച്ചിരുന്നോ; എങ്കിൽ പ്രസ്തുത യോഗത്തിന്റെ മിനിട്ട്സ് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ നിലവിൽ എത്ര കോടി രൂപയുടെ റബ്ബർ ഉത്പാദനം നടക്കുന്നുണ്ട്; വിശദമാക്കുമോ;

(ഇ) സംസ്ഥാനത്ത് നിലവിൽ എത്ര റബ്ബർ കർഷകർ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതം അനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും (കിലോയ്ക്ക് 150 രൂപ) റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വില സൂചികയും തമ്മിലുള്ള വില വ്യത്യാസം കർഷകർ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നല്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം RSS-1,2,3,4,5 ഇനം റബ്ബറിനും ലാറ്റക്സിനും സബ്സിഡി നൽകിവരുന്നു. പ്രസ്തുത പദ്ധതിയുടെ 4-ാം ഘട്ടം 2018 ജൂലൈയിൽ തുടങ്ങി 2019 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നിലവിൽ നടപ്പിലാക്കിവരികയാണ്. ഈ പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷം ഇതുവരെ 286.17 കോടി രൂപ സബ്സിഡിയായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 811.87 കോടി രൂപ ഈ പദ്ധതിക്ക് കീഴിൽ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്കീം നിലവിൽവന്നതിനുശേഷം ആകെ 1191.57 കോടി രൂപയാണ് സബ്സിഡിയായി വിതരണം ചെയ്തിട്ടുള്ളത്.

RSS-4 ഗ്രേഡിലുള്ള റബ്ബറിന് കിലോഗ്രാമിന് 150 രൂപ നിരക്കിൽ കർഷകർക്ക് കിട്ടുവാനുള്ള രീതിയിലാണ് വിലസ്ഥിരതാ ഫണ്ടിൽനിന്നും സബ്സിഡി നൽകുന്നത്. അതായത് RSS-4 ഗ്രേഡിലുള്ള റബ്ബറിന് കിലോഗ്രാമിന് 120 രൂപയാണെങ്കിൽ റബ്ബർ വിലസ്ഥിരതാ ഫണ്ടിൽനിന്നും 30 രൂപ കിലോഗ്രാമിന് എന്ന നിരക്കിലണ് നൽകി വരുന്നത്. റബ്ബറിന് കിലോഗ്രാമിന് 150 രൂപയോ, അതിലധികമോ വിപണിയിൽ വില ഉണ്ടെങ്കിൽ സബ്സിഡി അനുവദനീയമല്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക സംഘടനകളുടെ യോഗം വിളിച്ചുചേർക്കുകയും റബ്ബർ ഉൾപ്പെടെയുള്ള വിവിധ വിളകൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്.

കേന്ദ്ര സർക്കാരിന് മുന്നിൽ റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് കത്ത് നൽകുകയും കേന്ദ്ര വാണിജ്യ മന്ത്രിയുമായി നേരിട്ട് സംസാരിക്കുകയും റബ്ബർ ടാസ്ക് ഫോഴ്സിന്റെ യോഗത്തിൽ കേരളത്തിന്റെ ആവശ്യങ്ങൾ സംബന്ധിച്ച് അഭിപ്രായങ്ങൾ അവതരിപ്പിക്കുന്നതിനായി റബ്ബർ മേഖലയിലെ MLA-മാരെ കൃഷി മന്ത്രി വിളിച്ച് ചേർക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടാസ്ക് ഫോഴ്സിന് മുന്നിൽ കേരളത്തിന്റെ ആവശ്യങ്ങളും ശിപാർശകളും അവതരിപ്പിക്കുകയുമുണ്ടായി..

(ഡി) സംസ്ഥാനത്ത് 2017-18 വർഷം 7020 കോടി രൂപ മൂല്യമുള്ള 540800 ടൺ റബ്ബർ ഉൽപ്പാദനം നടന്നിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് നിലവിൽ 10.54 ലക്ഷം ചെറുകിട റബ്ബർ കർഷകർ ഉണ്ട്. ജില്ല തിരിച്ചുള്ള റബ്ബർ കർഷകരുടെ കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഏകദേശം യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 89000 |
| 2 | കൊല്ലം | 81000 |
| 3 | പത്തനംതിട്ട | 115000 |
| 4 | ആലപ്പുഴ | 21000 |
| 5 | കോട്ടയം | 211000 |
| 6 | ഇടുക്കി | 66500 |
| 7 | എറണാകുളം | 114500 |
| 8 | തൃശ്ശൂർ | 21000 |
| 9 | പാലക്കാട് | 59000 |
| 10 | മലപ്പുറം | 68000 |
| 11 | കോഴിക്കോട് | 32500 |
| 12 | വയനാട് | 22500 |
| 13 | കണ്ണൂർ | 97000 |
| 14 | കാസർഗോഡ് | 56000 |
| | ആകെ | 10,54,000 |

## വെറ്റില കൃഷി നേരിടുന്ന പ്രതിസന്ധി

40(1599) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ തിരൂർ വെറ്റില കർഷകർ ഇന്ന് നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരൂർ വെറ്റില നേരിടുന്ന ഈ കടുത്ത പ്രതിസന്ധി പരിഹരിക്കുന്നതിന് നിലവിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മേൽസൂചിപ്പിച്ച പ്രതിസന്ധി പരിഹരിക്കുന്നതിന് താങ്ങുവില, വിദേശകയറ്റുമതി, കോൾഡ് സ്റ്റോറേജ് സബ്സിഡി തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുന്ന ഒരു പാക്കേജ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) - സി) ഉണ്ട്.

പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി തിരൂർ വെറ്റില ഉല്പാദക സമിതി രൂപീകരിച്ചിട്ടുണ്ട്. ആയത് Geotag ചെയ്യുകയും ഭൗമസൂചക രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുമുണ്ട്. സ്റ്റേറ്റ് ഹോൾട്ടികൾച്ചർ മിഷൻ പദ്ധതിയിൽ ഈ വർഷം മലപ്പുറം ജില്ലയ്ക്ക് 50 ഹെക്ടർ വെറ്റില കൃഷി വ്യാപനത്തിനായി സാമ്പത്തിക സഹായത്തിനുള്ള ടാർജറ്റ് ലഭിച്ചിട്ടുണ്ട്.

## അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി മേഖലയിലെ കാർഷിക, ഔഷധ ഉൽപ്പന്നങ്ങൾ

41(1600) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസിമേഖലയിൽ വ്യാപകമായി കൃഷി ചെയ്തുവരുന്ന മഞ്ഞൾ, കൂവ, ഇഞ്ചി, കുരുമുളക് എന്നിവ 'ഔഷധി ' പോലുള്ള സ്ഥാപനങ്ങൾ മുഖേന വാങ്ങുന്നതിനും സംഭരിക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ കൃഷി വകുപ്പ് സ്വീകരിക്കുമോ ;

(ബി) ആദിവാസി മേഖലയിലെ കാർഷിക, ഔഷധ ഉൽപ്പന്നങ്ങൾ മുഴുവനും കൃഷി വകുപ്പ് മുഖേന ശേഖരിക്കുന്നതിനും കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി മേഖലയിൽ വ്യാപകമായി കൃഷി ചെയ്തുവരുന്ന മഞ്ഞൾ, കൂവ, ഇഞ്ചി, കുരുമുളക് എന്നിവ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ആഴ്ചചന്ത, ഇക്കോഷോപ്പ് മുഖേന പരമാവധി സംഭരിച്ച് വിൽപ്പന നടത്തുന്നതിനും ഔഷധി പോലുള്ള സ്ഥാപനങ്ങൾ മുഖേന വാങ്ങുന്നതിനും, സംഭരിക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ കൃഷി വകുപ്പ് സ്വീകരിക്കുന്നുണ്ട്. ആദിവാസി മേഖലയിലെ കാർഷിക വിഭവങ്ങൾ ശേഖരിക്കുന്നത് സംബന്ധിച്ച് പരിപാടി തയ്യാറാക്കാൻ ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിക്കുന്നതാണ്.

(ബി) ആദിവാസി മേഖലയിലെ കാർഷിക ഔഷധ ഉല്പന്നങ്ങൾ ആദിവാസി കൂട്ടായ്മകൾ രൂപീകരിച്ചുകൊണ്ട് ശേഖരിക്കുന്നതിനും കൃഷി വകുപ്പിന്റെ കീഴിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന വിപണികൾ പ്രത്യേകിച്ച് ആദിവാസി മേഖലയ്ക്ക് സമീപമുള്ള വിപണികളിലൂടെ വിറ്റഴിക്കുന്നതിനും തദ്വാര ആദിവാസി കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ കൃഷി വകുപ്പ് നടത്തുന്നതാണ്.

**പെൻഷനും ആനുകൂല്യങ്ങളും നൽകാൻ നടപടി**

42(1601) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് കവടിയാറുള്ള സംസ്ഥാന ഫാം ഇൻഫർമേഷൻ ബ്യൂറോ ഓഫീസിലെ ഏത് തസ്തികയിൽനിന്നാണ് ശ്രീമതി. സി. വസന്തകുമാരി, ശ്രീഗോവിന്ദം, ചെറിയ കുഴിയാംവിള, ശാന്തിപുരം, മുല്ലൂർ പി.ഒ, റിട്ടയർ ചെയ്തതെന്ന് വ്യക്തമാക്കാമോ;

(ബി) ശ്രീമതി വസന്തകുമാരിയുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) ശ്രീമതി വസന്തകുമാരിക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് ഉത്തരവ് നൽകേണ്ട ചുമതല ആർക്കാണെന്ന് പേരും തസ്തികയും ഉൾപ്പെടെ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ആനുകൂല്യം നൽകുന്നതിന് ഏതെങ്കിലും കോടതി ഉത്തരവ് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) നിയമപരമായി നൽകാനുള്ള ആനുകൂല്യം കോടതി വിധിയുണ്ടായിട്ടും നൽകാത്ത ചുമതലപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പലിശയും കോടതി ചെലവും ഈടാക്കി പെൻഷണർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രീമതി സി. വസന്തകുമാരി, ശ്രീഗോവിന്ദം, ചെറിയ കുഴിയാംവിള, ശാന്തിപുരം, മുല്ലൂർ. പി. ഒ, ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ പബ്ലിക്കേഷൻ ഓഫീസർ തസ്തികയിൽനിന്നും 31-7-2018 ന് വിരമിച്ചു.

(ബി) പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലേയ്ക്കായി ശ്രീമതി വസന്തകുമാരിക്ക് ബാദ്ധ്യത/ബാദ്ധ്യതരഹിത സർട്ടിഫിക്കറ്റ് നൽകുന്നതിനായി ഇരുന്നൂറ് രൂപയുടെ സമ്മതപത്രം (ബോണ്ട്) സമർപ്പിക്കണമെന്ന് 4-10-2018-ൽ ക്ഷീര വികസന വകുപ്പ് ഡയറക്ടർക്കും ശ്രീമതി വസന്തകുമാരിയ്ക്കും ഫാം ഇൻഫർമേഷൻ ബ്യൂറോയിൽനിന്നും അറിയിപ്പ് നൽകിയിട്ടുണ്ട്. ശ്രീമതി വസന്തകുമാരിയുടെ സമ്മതപത്രത്തിന്റെ അസ്സൽ പകർപ്പ് ക്ഷീരവികസന ഡയറക്ടറിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് ഫാം ഇൻഫർമേഷൻ ബ്യൂറോയിൽനിന്നും ബാദ്ധ്യത/ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

(സി) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ പബ്ലിക്കേഷൻ ഓഫീസറുടെ തസ്തികയിൽ ക്ഷീര വികസന വകുപ്പിലെ അസിസ്റ്റന്റ് കേഡറിലുള്ള ഉദ്യോഗസ്ഥരെയാണ് നിയമിക്കുന്നത്. അപ്രകാരം മാതൃവകുപ്പായ ക്ഷീരവികസന വകുപ്പിലെ ഡയറക്ടർ (നിലവിൽ ശ്രീ. എബ്രഹാം റ്റി. ജോസഫ്) ശ്രീമതി വസന്തകുമാരിക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കേണ്ടത് മാതൃവകുപ്പായ ക്ഷീരവികസന വകുപ്പായതിനാൽ മേൽ വിഷയവുമായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 12-10-2018-ലെ OA 1767/2018 ഉത്തരവിലെ നിർദ്ദേശങ്ങൾ ക്ഷീര വികസന വകുപ്പിൽ പരിശോധിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തിയിട്ടുള്ളതായും ക്ഷീര വികസന വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

**കർഷക പെൻഷൻ**

43(1602) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് പുതുതായി കർഷക പെൻഷൻ അനുവദിച്ചിട്ടുണ്ടെന്നും കാർഷിക പെൻഷൻ തുകയിൽ നിലവിൽ എത്ര രൂപയുടെ കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 12638 പേർക്ക് പുതുതായി കർഷക പെൻഷൻ അനുവദിച്ചിട്ടുണ്ട്. നിലവിൽ 2018 ജൂലൈ മാസം വരെയുള്ള കർഷക പെൻഷൻ നൽകിയിട്ടുണ്ട്. 2018 ആഗസ്റ്റ് മാസം മുതൽ 2018 നവംബർ മാസം വരെയുള്ള കുടിശ്ശിക നൽകുന്നതിന് അധിക ധന സമാഹരണം വഴി ധനകാര്യ വകുപ്പ് 115.64 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. കർഷക പെൻഷൻ കുടിശ്ശിക ഇല്ലാതെ മുഴുവൻ കർഷകർക്കും ഒരാഴ്ചയ്ക്കകം ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കർഷക പെൻഷൻ വരുമാന പരിധി**

44(1603) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക പെൻഷൻ വിതരണം ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇപ്പോൾ കുടിശ്ശികയുള്ള പെൻഷൻ എപ്പോൾ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(ബി) കർഷക പെൻഷന് വരുമാനപരിധി നിശ്ചയിച്ചതിനാൽ എത്ര പേർക്കാണ് ഇപ്പോൾ പെൻഷൻ നഷ്ടമായതെന്ന് അറിയിക്കാമോ;

(സി) അർഹതപ്പെട്ട കർഷകർക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നിലവിൽ 2018 ജൂലൈ മാസം വരെയുള്ള കർഷക പെൻഷൻ നൽകിയിട്ടുണ്ട്. 2018 ആഗസ്റ്റ് മാസം മുതൽ 2018 നവംബർ മാസം വരെയുള്ള കുടിശ്ശിക നൽകുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്. പെൻഷൻ തുക ഒരാഴ്ചയ്ക്കകം തന്നെ വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കർഷക പെൻഷന് 3-3-2017-ലെ സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ 28/2017/കൃഷി പ്രകാരം കർഷകന്റെ വാർഷിക വരുമാന പരിധി ഒന്നര ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വരുമാന പരിധി നിശ്ചയിച്ചതിനാൽ 22,656 പേർക്ക് പെൻഷന് അർഹത നഷ്ടപ്പെട്ടിട്ടുണ്ട്.

(സി) അർഹതപ്പെട്ട കർഷകർക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള കർഷക പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ സേവന പോർട്ടലിൽ ആധാർ നമ്പർ സഹിതം ചേർക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു.

**ഗജ ചുഴലി കൊടുങ്കാറ്റിൽ കാർഷിക മേഖലയിലുണ്ടായ നാശനഷ്ടം**

45(1604) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽ ആഞ്ഞടിച്ച ഗജ ചുഴലി കൊടുങ്കാറ്റിൽ ആലപ്പുഴയുടെ വടക്കൻ കാർഷിക മേഖലയിൽ ഉണ്ടായ നാശനഷ്ടം കണക്കിലെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ നാശനഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാണാവള്ളി, വയലാർ, കടക്കരപ്പള്ളി, തൈക്കാട്ടുശ്ശേരി, പട്ടണക്കാട് തുടങ്ങിയ കൃഷിഭവനകളിലായി 91,35,000 രൂപയുടെ നാശനഷ്ടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) സ്ഥലപരിശോധന നടത്തി അപേക്ഷ സ്വീകരിക്കുവാൻ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശോധന പൂർത്തിയാക്കി നഷ്ടപരിഹാരം എത്രയുംപെട്ടെന്ന് അനുവദിക്കുന്നതാണ്.

**ഓഖി ചുഴലിക്കാറ്റിൽ നെയ്യാറ്റിൻകര മണ്ഡലത്തിൽ കൃഷിനാശം**

46(1605) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ ഓഖി ചുഴലിക്കാറ്റ് ഉൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങളിൽ കർഷകർക്ക് ഉണ്ടായ കൃഷിനാശത്തിന് നഗരസഭയിലും പഞ്ചായത്തുകളിലുമായി ഓരോ പ്രദേശങ്ങളിലും എത്ര തുകയ്ണ് വിതരണം നടത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) കൃഷിനാശത്തിന് നെയ്യാറ്റിൻകര നഗരസഭയിലും അതിയന്നൂർ , തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ പഞ്ചായത്തുകളിലും എത്ര കർഷകർക്കാണ് ധനസഹായം നൽകിയത്; പൂർണ്ണവിവരം വ്യക്തമാക്കാമോ;

(സി) നെയ്യാറ്റിൻകര നഗരസഭ, അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ ഗ്രാമ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ഇനി എത്ര തുകയാണ് വിതരണം നടത്തേണ്ടത് എന്നും എത്ര കർഷകർ ഉണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) കർഷകർക്ക് നൽകേണ്ട തുക 2019 മാർച്ചിന് മുൻപ് നൽകാൻ നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിശദാംശം ചുവടെ ചേർക്കുന്നു:

| കൃഷി ഭവന്റെ പേര് | കർഷകരുടെ എണ്ണം | അനുവദിച്ച തുക (രൂപ) |
|---|---|---|
| നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി | 1714 | 75,56,632 |
| അതിയന്നൂർ | 1317 | 68,37,512 |
| കാരോട് | 932 | 1,06,16,273 |
| ചെങ്കൽ | 1735 | 1,87,41,633 |
| കുളത്തൂർ | 988 | 88,14,274 |
| തിരുപുറം | 600 | 23,44,232 |
| ആകെ | 7286 | 5,49,10,556 |

(സി) വിശദാംശം ചുവടെ ചേർക്കുന്നു:

| കൃഷി ഭവന്റെ പേര് | കർഷകരുടെ എണ്ണം | അനുവദിച്ച തുക (രൂപ) |
|---|---|---|
| നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി | 1082 | 62,03,908 |
| അതിയന്നൂർ | 437 | 20,73,463 |
| തിരുപുറം | 165 | 1,08,552 |
| ചെങ്കൽ | 783 | 1,38,47,234 |
| കാരോട് | 243 | 9,20,721 |
| കുളത്തൂർ | 361 | 11,48,063 |
| ആകെ | 3071 | 2,43,01,941 |

(ഡി) ഫണ്ട് ലഭ്യമാക്കി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പിറവം മണ്ഡലത്തിലെ പാടശേഖരങ്ങൾ**

47(1606) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽപ്പെട്ട് പിറവം മണ്ഡലത്തിലെ എത്ര പാടശേഖരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ തകർന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കുമോ;

(ബി) ഇതിൽ എത്ര പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ പുനർ നിർമ്മിക്കാൻ കൃഷി വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ?

## ഉത്തരം

(എ) കൃഷി വകുപ്പ് ഡയറക്ടറിൽനിന്നുള്ള റിപ്പോർട്ട് പ്രകാരം പ്രളയത്തിൽപ്പെട്ട് പിറവം നിയോജകമണ്ഡലത്തിലെ 32 പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ തകർന്നിട്ടുണ്ട്. പ്രസ്തുത പാടശേഖരങ്ങളുടെ പട്ടിക അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) മുളന്തുരുത്തി ബ്ലോക്കിൽ അടിസ്ഥാന സൗകര്യം തകർന്ന 9 പാടശേഖരങ്ങളുടേയും പമ്പ് സെറ്റ് നന്നാക്കുന്നതിനും ബണ്ട് ബലപ്പെടുത്തുന്നതിനും എസ്.ഡി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നൽകിയിട്ടുണ്ട്.

പ്രളയത്തിൽപ്പെട്ട് തകർന്ന പാടശേഖരങ്ങളിൽ 11 എണ്ണം പുനർ നിർമ്മിക്കുന്നതിനായി കൃഷി വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പാടശേഖരങ്ങളുടെ പട്ടിക അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

കൃഷി വകുപ്പ് തയ്യാറാക്കാത്ത പദ്ധതികൾ കൃഷി ഭവന്റെ ആവശ്യപ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തുകൊണ്ടിരിക്കുന്നു.

## പ്രളയംമൂലം കൃഷിയിടങ്ങൾ നശിച്ചുപോയ കർഷകർ

48(1607) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം കൃഷിയിടങ്ങൾ നശിച്ചുപോയ കർഷകർക്ക് നാളിതുവരെ എന്തൊക്കെ സഹായങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) കൃഷിസ്ഥലങ്ങൾ നശിച്ചുമൂലം നിലവിൽ കൃഷി ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ വരുമാനം കുറഞ്ഞ കർഷകരുടെ കാർഷികവായ്പകൾ എഴുതിത്തള്ളുവാൻ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രളയക്കെടുതിയുടെ നഷ്ടപരിഹാരം കിട്ടാത്ത കർഷകർ ഉണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; പ്രസ്തുത കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) മഹാപ്രളയത്തിൽ കൃഷിനാശം സംഭവിച്ച 232966 കർഷകർക്ക് SDRF ഫണ്ടിൽനിന്നും 66.747 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ, സംസ്ഥാന വിഹിതമായി 218198 കർഷകർക്ക് 110.27 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളിമണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കംചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും ആയി 525 ലക്ഷം രൂപ നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 11750 കർഷകർക്ക് നഷ്ടപരിഹാരമായി 18.19 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ഭീമ യോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും വായ്പ എടുത്തിട്ടും വിള ഇറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25% നൽകുന്നതിന് സർക്കാർ തീരുമാനിച്ചു.

(ബി) പ്രളയക്കെടുതിമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി എല്ലാവിധ കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 12-10-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

(സി) പ്രളയക്കെടുതിയുടെ നഷ്ടപരിഹാരത്തിന് അർഹരായ എല്ലാ കർഷകരെയും പരിഗണിച്ചിട്ടുണ്ട്. നഷ്ടപരിഹാരം വിതരണം ചെയ്യുന്നത് തുടരുന്നു. സംസ്ഥാന വിഹിതമായി 110.19 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി കർഷകർക്കുകൂടി നഷ്ടപരിഹാരം നൽകുന്നതിന് കൃഷി ഡയറക്ടർ ലഭ്യമാക്കിയ 41 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രളയവും കൃഷിനാശവും**

49 (1608) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിലും കനത്ത മഴയത്തുണ്ടായ മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും സംസ്ഥാനത്തൊട്ടാകെ എത്ര ഏക്കർ കൃഷി നശിച്ചിട്ടുണ്ട്; ഇതിലൂടെ എത്ര കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്;

(ബി) ഏതെല്ലാം കാർഷിക വിളകളാണ് മുഖ്യമായും നശിച്ചത്;

(സി) കൃഷി നശിച്ച കർഷകർക്ക് സംസ്ഥാനത്തൊട്ടാകെ എത്ര കോടി രൂപയുടെ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്;

(ഡി) കാർഷിക വിളകൾ ഇൻഷ്വർ ചെയ്തത് പ്രകാരം എത്ര കോടി രൂപയുടെ ഇൻഷ്വറൻസ് ആനുകൂല്യം നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 236649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷിക മേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) നെല്ല്, തെങ്ങ്, വാഴ, കവുങ്ങ്, കുരുമുളക്, റബ്ബർ, കപ്പ, ഏലം തുടങ്ങിയ വിളകളാണ് മുഖ്യമായും നശിച്ചത്.

(സി) കൃഷി നശിച്ച 232966 കർഷകർക്ക് SDRF ഫണ്ടിൽനിന്നും 66.747 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ, സംസ്ഥാന വിഹിതമായി 218198 കർഷകർക്ക് 110.27 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളിമണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കംചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും 525 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 11750 കർഷകർക്ക് നഷ്ടപരിഹാരമായി 18.19 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ഭീമ യോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും വായ്പ എടുത്തിട്ടും വിള ഇറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25% നൽകുന്നതിന് സർക്കാർ തീരുമാനിച്ചു.

**കാർഷിക മേഖലയ്ക്ക് സംഭവിച്ച നാശനഷ്ടങ്ങൾ**

50(1609) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തെ തുടർന്ന് കാർഷിക മേഖലയ്ക്ക് സംഭവിച്ച നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; ഈയിനത്തിൽ നഷ്ടപരിഹാരമായി കർഷകർക്ക് എത്ര തുക നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷിക മേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. കൃഷിനാശത്തിന് 232966 കർഷകർക്ക് SDRF ഫണ്ടിൽനിന്നും 66.747 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ, സംസ്ഥാന വിഹിതമായി 218198 കർഷകർക്ക് 110.27 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളിമണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും 525 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 11750 കർഷകർക്ക് നഷ്ടപരിഹാരമായി 18.19 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്.

**നാദാപുരം മണ്ഡലത്തിലെ കൃഷിനാശം**

51(1610) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ നാദാപുരം മണ്ഡലത്തിലെ എടച്ചേരി, തൂണേരി, നാദാപുരം, വളയം, ചെക്കിയാട്, വാണിമേൽ, നരിപ്പറ്റ, കായക്കൊടി, മരുതോങ്കര, കാവിലുംപാറ തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിൽ ഉണ്ടായ കൃഷി നാശം സംഭവിച്ച കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) ഓരോ ഗ്രാമ പഞ്ചായത്തിലും സർക്കാർ രേഖയിലുള്ള നഷ്ടങ്ങളുടെ കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത നഷ്ടപരിഹാരം എന്ന് ലഭ്യമാക്കാൻ സാധിക്കും എന്ന് വിശദമാക്കാമോ;

(ഡി) നിലവിൽ വിതരണം ചെയ്ത നഷ്ടപരിഹാരത്തിന്റെ കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

| ക്രമ നമ്പർ | പഞ്ചായത്ത്/കൃഷിഭവൻ | ആകെ (രൂപ) |
|---|---|---|
| (1) | (2) | (3) |
| 1 | ചെക്യാട് | 4,54,075 |
| 2 | നാദാപുരം | 2,32,825 |
| 3 | എടച്ചേരി | 5,80,465 |

| (1) | (2) | (3) |
|---|---|---|
| 4 | തൂണേരി | 3,68,440 |
| 5 | വളയം | 2,87,850 |
| 6 | വാണിമേൽ | 4,71,000 |
| 7 | കാവിലുംപാറ | 46,34,500 |
| 8 | കായക്കൊടി | 4,22,700 |
| 9 | മരുതോങ്കര | 8,65,700 |
| 10 | നരിപ്പറ്റ | 23,83,750 |
| ആകെ | | **10701305** |

(സി) നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് അർഹരായ കർഷകർക്ക് ഇതുവരെ 9,63,608 രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ബാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി)

| ക്രമ നമ്പർ | പഞ്ചായത്ത്/കൃഷിഭവൻ | ആകെ (രൂപ) |
|---|---|---|
| 1 | ചെക്യാട് | 64,400 |
| 2 | നാദാപുരം | 87,275 |
| 3 | എടച്ചേരി | 53,079 |
| 4 | കാവിലുംപാറ | 4,11,715 |
| 5 | കായക്കൊടി | 61,062 |
| 6 | മരുതോങ്കര | 94,050 |
| 7 | നരിപ്പറ്റ | 1,92,027 |
| ആകെ | | **963608** |

## കൃഷിനാശം നേരിടുന്നതിനായുള്ള സഹായങ്ങൾ

52(1611) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തിലും കാലാവസ്ഥാ വ്യതിയാനത്തിലും നശിച്ചുപോകുന്ന വാഴ, തെങ്ങ് ഉൾപ്പെടെയുള്ള കാർഷിക വിളയിനങ്ങൾക്ക് കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും നൽകുന്ന നഷ്ടപരിഹാരത്തിന്റെ വിശദാംശങ്ങൾ വിളയുടെ പേര്, എണ്ണം/യൂണിറ്റ്, കേന്ദ്രം നൽകുന്ന തുക, സംസ്ഥാനം നൽകുന്ന തുക, ആകെ കർഷകരിലെത്തുന്ന തുക എന്നീ ക്രമത്തിൽ പട്ടികയായി ലഭ്യമാക്കുമോ;

(ബി) 2016 മുതൽ 2018 വരെയുള്ള കാലയളവിൽ കൃഷിനാശം നേരിടുന്നതിനായി ഓരോ വർഷവും കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാനത്തിന് ലഭിച്ച വിഹിതം എത്രയെന്ന് വിശദമാക്കാമോ;

(സി) ഈ കാലയളവിൽ കേരളത്തിലെ ഏതെങ്കിലും കാർഷിക വിളയെ പ്രോത്സാഹിപ്പിക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി പാക്കേജിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിൽനിന്നും ഫണ്ട് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിളയുടെ പേര്, അനുവദിച്ച തുക എന്നിവ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ 2016-17 സാമ്പത്തിക വർഷം 194 കോടി രൂപയും (145.50 കോടി രൂപ കേന്ദ്ര വിഹിതവും 48.5 കോടി രൂപ സംസ്ഥാന വിഹിതവും) 2017-18 സാമ്പത്തിക വർഷം 204 കോടി രൂപയും (153 കോടി രൂപ കേന്ദ്ര വിഹിതവും 51 കോടി രൂപ സംസ്ഥാന വിഹിതവും) 2018-19 സാമ്പത്തിക വർഷം 214 കോടി രൂപയും (160.50 കോടി രൂപ കേന്ദ്ര വിഹിതവും 53.5 കോടി രൂപ സംസ്ഥാന വിഹിതവും) വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ 2016-17-ലെ വരൾച്ചയുമായി ബന്ധപ്പെട്ട് 31.72 കോടി രൂപയും ഓഖിയുമായി ബന്ധപ്പെട്ട് 111.70 കോടി രൂപയും പ്രളയവുമായി ബന്ധപ്പെട്ട് 600 കോടി രൂപയും അനുവദിച്ചിരുന്നു.

(സി) 2016-17 കാലയളവിൽ ലഭിച്ചിട്ടില്ല. പ്രളയവുമായി ബന്ധപ്പെട്ട് ഹോർട്ടികൾച്ചർ ഡയറക്ടർ 'മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോൾട്ടികൾച്ചർ' എന്ന പദ്ധതിയിൻ കീഴിൽ 102.1855 കോടി രൂപയുടെ അധിക ധനസഹായത്തിനുള്ള നിർദ്ദേശം സംസ്ഥാന ഹോൾട്ടികൾച്ചർ മിഷൻ വഴി സമർപ്പിക്കുകയും കേന്ദ്രസർക്കാർ ഈയിനത്തിൽ 93.39 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും 56.03 കോടി രൂപയും അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം**

53(1612) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :
<u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയിൽ കാർഷികമേഖലയിലുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രളയത്തിൽ തകർന്ന കാർഷിക മേഖലയെ പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് അടിയന്തരമായി ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്;

(സി) കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം വിളകളെയാണ് പ്രളയം കൂടുതലായി ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രളയബാധിത മേഖലകളിലെ കർഷകർക്ക് ആശ്വാസം നൽകുന്നതിനായി കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷികമേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) കാർഷികമേഖലയ്ക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് ബഹുമുഖ പദ്ധതികളാണ് തയ്യാറാക്കി കേന്ദ്ര കൃഷിമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലായി 1603 കോടി രൂപയുടെ കേന്ദ്ര ധനസഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര കൃഷിമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. 'മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോൾട്ടികൾച്ചർ ' എന്ന പദ്ധതിയിൻ കീഴിൽ 102.1855 കോടി രൂപയുടെ അധിക ധനസഹായത്തിനുള്ള നിർദ്ദേശം സംസ്ഥാന ഹോൾട്ടികൾച്ചർ മിഷൻ വഴി സമർപ്പിക്കുകയും കേന്ദ്ര സർക്കാർ ഈയിനത്തിൽ 93.39 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തെങ്ങ്, സുഗന്ധവിളകൾ, വാഴ, പച്ചക്കറികൾ, വീട്ടുവളപ്പിലെ കൃഷി, മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തൽ എന്നീ ഘടകങ്ങളിൽ ആയി ഇന്റർനാഷണൽ ഫണ്ട് ഫോർ അഗ്രികൾച്ചർ ഡവലപ്മെന്റ് (I.F.A.D)-ൽനിന്നും 500 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപയുടെ പദ്ധതി തയാറാക്കി സമർപ്പിച്ചിട്ടുണ്ട്.

പ്രളയക്കെടുതികളിൽനിന്നും കർഷകരെ കൈപിടിച്ച് ഉയർത്തുന്നതിനും ശാസ്ത്രീയ സമീപനത്തിലൂടെയും സന്നദ്ധ സേവനത്തിലൂടെയും കാർഷിക മേഖലയെ പുന:സൃഷ്ടിക്കുന്നതിനുമായി " പുനർജനി" എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി ആലപ്പുഴ, കോട്ടയം, പാലക്കാട്, തിരുവനന്തപുരം, പത്തനംതിട്ട എന്നീ ജില്ലകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. മറ്റുള്ള ജില്ലകളിൽ നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

കർഷകർക്ക് ആവശ്യമായ മാനസികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകി അവരെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യം വച്ചുകൊണ്ട് കൃഷിവകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാന ആസൂത്രണബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള 2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ കാർഷികമേഖലയുടെ പുനരുജീവനത്തിനായി " പുനർജനി" എന്ന പേരിൽ 100 കോടി രൂപയുടെ ഒരു പാക്കേജ് തയ്യാറാക്കി നൽകിയിട്ടുണ്ട്.

(സി) മഹാപ്രളയത്തിൽ സംഭവിച്ച കൃഷിനാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഇതുവരെ 305964 കർഷകർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 232966 കർഷകർക്ക് SDRF ഫണ്ടിൽനിന്നും 66.747 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ, സംസ്ഥാന വിഹിതമായി 218198 കർഷകർക്ക് 110.27 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളിമണ്ണ്, പാറ, മറ്റു അവശിഷ്ടങ്ങൾ എന്നിവ നീക്കംചെയ്യുന്നതിനും ഉരുൾപൊട്ടൽ മൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും 525 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 11750 കർഷകർക്ക് നഷ്ടപരിഹാരമായി 18.19 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ഭീമ യോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും വായ്പ എടുത്തിട്ടും വിള ഇറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25% നൽകുന്നതിന് സർക്കാർ തീരുമാനിച്ചു.

(ഡി) നെല്ല്, തെങ്ങ്, വാഴ, കമുക്, കുരുമുളക്, റബ്ബർ, ഏലം, മഞ്ഞൾ, ഇഞ്ചി, കിഴങ്ങുവർഗ്ഗങ്ങൾ, ജാതി തുടങ്ങിയ മിക്കവാറും എല്ലാ വിളകൾക്കും കൃഷി നാശം സംഭവിച്ചിട്ടുണ്ട്.

| ജില്ല | പ്രളയം കൂടുതൽ ബാധിച്ച വിള |
|---|---|
| തിരുവനന്തപുരം | കിഴങ്ങുവർഗ്ഗങ്ങൾ |
| കൊല്ലം | കുരുമുളക് |
| ആലപ്പുഴ | നെല്ല് |
| പത്തനംതിട്ട | കുരുമുളക് |
| കോട്ടയം | നെല്ല് |
| ഇടുക്കി | കുരുമുളക്, ഏലം |
| എറണാകുളം | കുരുമുളക് |
| തൃശ്ശൂർ | നെല്ല് |
| പാലക്കാട് | നെല്ല് |
| മലപ്പുറം | കുരുമുളക് |
| വയനാട് | കുരുമുളക് |
| കണ്ണൂർ | കുരുമുളക് |
| കാസർഗോഡ് | പച്ചക്കറി |

(ഇ) സംസ്ഥാനത്ത് മഴക്കെടുതിമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി പ്രളയബാധിത പ്രദേശമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഇടങ്ങളിലെ കാർഷിക കടങ്ങൾക്ക് ഒരു വർഷം വരെ മോറട്ടോറിയം അനുവദിക്കാൻ സംസ്ഥാനതല ബാങ്കേഴ്സ് സമിതി നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക കടങ്ങൾക്ക് 31-7-2018 മുതൽ ഒരു വർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

**പ്രളയത്തെത്തുടർന്ന് കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം**

54(1613) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തിന്റെ ഫലമായി കാർഷിക മേഖലയ്ക്ക് ഉണ്ടായ നഷ്ടത്തിന്റെ കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷികമേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ആയതിന്റെ

ഘടകം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഘടകം | രൂപ(കോടിയിൽ) |
|---|---|---|
| 1 | വിളകൾക്കുണ്ടായ നാശനഷ്ടം | 18545.25 |
| 2 | കൃഷിഭൂമിക്കുണ്ടായ നാശനഷ്ടം (മണ്ണിടിച്ചിൽ, ഉരുൾ പൊട്ടൽ തുടങ്ങിയവ) | 326.25 |
| 3 | കാർഷിക മേഖലയിലെ ആസ്തികൾക്കും, ഉല്പാദനോപാധികൾക്കും ഉണ്ടായ നാശനഷ്ടം | 130.34 |
| | ആകെ | 19001.84 |

**ആലത്തൂർ മണ്ഡലത്തിലെ കർഷകർക്ക് നഷ്ടപരിഹാരം**

55(1614) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച ആലത്തൂർ മണ്ഡലത്തിലെ എത്ര കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും എത്ര രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത്, കൃഷിഭവൻ അടിസ്ഥാനത്തിൽ അറിയിക്കാമോ;

(ബി) മണ്ഡലത്തിൽ പ്രസ്തുത കാലയളവിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര അപേക്ഷകൾ അംഗീകരിച്ചുവെന്നും പഞ്ചായത്ത്, കൃഷിഭവൻ അടിസ്ഥാനമാക്കിയുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) അംഗീകരിച്ച അപേക്ഷകളിൽ ഇനിയും എത്ര പേർക്ക് തുക വിതരണം ചെയ്യാനുണ്ടെന്നും ആയത് എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്നും അറിയിക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ 4765 കർഷകർക്ക് 3,58,92,235 രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 1637 കർഷകർക്ക് 2,00,75,770 രൂപയും വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അവശേഷിക്കുന്ന 514 കർഷകർക്ക് ധനസഹായം ഈ മാസം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രളയംമൂലം അങ്കമാലി മണ്ഡലത്തിലെ കാർഷിക മേഖലയിൽ ഉണ്ടായ നഷ്ടം**

56(1615) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ ഉണ്ടായ പ്രളയ ദുരന്തത്തിൽ അങ്കമാലി മണ്ഡലത്തിലെ കാർഷിക മേഖലയിൽ ഉണ്ടായ നഷ്ടം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളതെന്നും നഷ്ടം സംബന്ധിച്ച കണക്കും ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പ്രളയംമൂലം നഷ്ടം സംഭവിച്ച കർഷകരെ സഹായിക്കുന്നതിന് എന്തൊക്കെ നടപടികളാണ് വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ആകെ 43,12,35,497 രൂപയുടെ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി)

- വിളനാശം തിട്ടപ്പെടുത്തി SDRF വിഹിതമായി 56.46 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 2.14 കോടി രൂപയും 1478 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 5.36 ലക്ഷം രൂപയും കർഷകർക്ക് വിതരണം ചെയ്തു.
- ഗ്രാമപഞ്ചായത്ത് വഴി വിവിധ വിളകൾക്ക് ഉൽപ്പാദനോപാധികൾ ധനസഹായത്തോടെ വിതരണം ചെയ്യുന്നു.
- വാഴകൃഷി, ടിഷ്യൂക്കൾച്ചർ വാഴകൃഷി, പൈനാപ്പിൾ കൃഷി, റെയിൻ ഷെൽട്ടർ, പച്ചക്കറികൃഷി, പപ്പായകൃഷി, ജാതി കൃഷി, ഹൈബ്രിഡ് പച്ചക്കറികൃഷി, ഒട്ടുമാവ് കൃഷി, പ്ലാവ് കൃഷി, ഇഞ്ചി-മഞ്ഞൾ കൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.
- മലയാറ്റൂർ കൃഷി ഭവനിൽ 'കേരഗ്രാമം' പദ്ധതി നടപ്പിലാക്കിവരുന്നു.
- എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതികൾ ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ പ്രളയം ബാധിച്ച കർഷകരുടെ കൃഷിയിടത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മാനന്തവാടി മണ്ഡലത്തിൽ കാർഷിക മേഖലയിലുണ്ടായ നഷ്ടം**

57(1616) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ കാർഷിക മേഖലയിൽ പ്രളയത്തോടനുബന്ധിച്ച് ഉണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ വിളകൾക്ക് സംഭവിച്ച നാശനഷ്ടവും ഹെക്ടർ അടിസ്ഥാനത്തിൽ കണക്ക് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത മണ്ഡലത്തിൽ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് നടപ്പാക്കിയ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആകെ 16937.926 ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിന്റെ പരിധിയിലുള്ള പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ച കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി 67,79,975 രൂപ വിതരണം നടത്തിയിട്ടുണ്ട്. കൃഷി നശിച്ച കർഷകർക്ക് സംസ്ഥാന വിഹിതത്തിൽനിന്നും വിളനാശത്തിന് ധനസഹായമായി 6,66,76,907 രൂപയും, ദുരന്ത പ്രതികരണ നിധിയിൽനിന്നും ലഭിച്ച 18,28,293 രൂപയും ഇതിനോടകം വിതരണം ചെയ്തു കഴിഞ്ഞു. വെള്ളപ്പൊക്കത്തെ തുടർന്ന് കൃഷി നശിച്ച കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിനായി 23.31 MT നെൽവിത്ത് വിതരണം നടത്തി. കൂടാതെ പ്രകൃതിക്ഷോഭത്തെ തുടർന്നുണ്ടായ ഉരുൾപൊട്ടലിലും മറ്റും കൃഷിഭൂമി നഷ്ടപ്പെട്ട കർഷകർക്ക് 3,84,295 രൂപയും ദുരന്ത പ്രതികരണ നിധിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ കൃഷിനാശം**

58(1617) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷത്തിൽ കാസർഗോഡ് ജില്ലയിൽ എത്ര കോടി രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 70.05 കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു. വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗവിളകൾ, കമുക്, കുരുമുളക് തുടങ്ങിയ വിളകൾക്കാണ് പ്രധാനമായും ഉല്പാദന നഷ്ടവും നാശവും സംഭവിച്ചത്

(ബി) കൃഷിനാശം സംഭവിച്ച 8569 കർഷകർക്ക് SDRF വിഹിതമായി 23.57 ലക്ഷം രൂപ വിതരണം ചെയ്തു. 7062 കർഷകർക്ക് കൃഷി വകുപ്പ് വിഹിതമായി 190 ലക്ഷം രൂപ വിതരണം ചെയ്തു.

**തിരുവമ്പാടി മണ്ഡലത്തിലെ കൃഷിനാശം**

59(1618) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തിലും പ്രളയത്തിലും കൃഷിനാശം സംഭവിച്ച തിരുവമ്പാടി മണ്ഡലത്തിലെ കാർഷിക വിളകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്രപേർക്ക് അടിയന്തരമായി നഷ്ടപരിഹാരം ലഭ്യമാക്കി എന്ന് കൃഷിഭവനുകൾ തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(സി) ഇനിയും എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

(ബി) മുക്കം - 252 പേർക്ക് - 1,431,586 രൂപ

കാരശ്ശേരി - 238 പേർക്ക് - 5,81,478 രൂപ

കൊടിയത്തൂർ - 177 പേർക്ക് - 1,88,802 രൂപ

പുതുപ്പാടി, കൂടരഞ്ഞി, കോടഞ്ചേരി, തിരുവമ്പാടി -

3138 പേർക്ക് - 1,42,87,658 രൂപ

(സി) കയ്യാല നിർമ്മാണം, തോടുകളുടെ നവീകരണം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, നീർച്ചാൽ നവീകരണം, കമ്പോസ്റ്റ് നിർമ്മാണം, ഉരുൾ പൊട്ടലിൽ വന്നടിഞ്ഞ മണ്ണും കല്ലും നീക്കംചെയ്യൽ മുതലായ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ അധിക തൊഴിൽ ദിനങ്ങൾ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രളയത്തിൽ കൃഷിനാശം

60 (1619) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 -ലെ പ്രളയത്തിൽ സംസ്ഥാനത്ത് എത്ര കോടി രൂപയുടെ കൃഷി നാശം സംഭവിച്ചുവെന്നും ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കും വെളിപ്പെടുത്തുമോ;

(ബി) കുട്ടനാട്ടിൽ നെൽകൃഷി മാത്രം എത്ര ഹെക്ടർ നശിച്ചുവെന്നും ആകെ കൃഷി നാശം എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) നെൽകൃഷിക്ക് കുട്ടനാട്ടിൽ എന്തെല്ലാം സഹായങ്ങൾ നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷികമേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ഘടകം തിരിച്ചുള്ള നഷ്ടം ചുവടെ ചേർത്തിരിക്കുന്നു.

വിളകൾക്കുണ്ടായ നഷ്ടത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

| ക്രമ നമ്പർ | ഘടകം | രൂപ (കോടിയിൽ) |
|---|---|---|
| 1 | വിളകൾക്കുണ്ടായ നാശനഷ്ടം | 18545.25 |
| 2 | കൃഷിഭൂമിക്കുണ്ടായ നാശനഷ്ടം (മണ്ണിടിച്ചിൽ, ഉരുൾ പൊട്ടൽ തുടങ്ങിയവ) | 326.25 |
| 3 | കാർഷിക മേഖലയിലെ ആസ്തികൾക്കും ഉല്പാദനോപാധികൾക്കും ഉണ്ടായ നാശനഷ്ടം | 130.34 |
| | ആകെ | 19001.84 |

(ബി) 16313 ഹെക്ടറിൽ 308.31 കോടി രൂപയുടെ നെൽകൃഷി നശിച്ചതായി കണക്കാക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ആലപ്പുഴ ജില്ല

നെൽകൃഷി നശിച്ച 10495 ഹെക്ടറിലെ കർഷകർക്ക് ഹെക്ടറൊന്നിന് 13,500 രൂപ പ്രകാരം 14.16 കോടി രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

പുഞ്ചകൃഷി ചെയ്യുന്നതിന് 30000 ഹെക്ടർ സ്ഥലത്ത് 3612.88 ടൺ നെൽ വിത്ത് സൗജന്യമായി KSSDA, NSC, കർഷക കൈമാറ്റം ഇവ മുഖാന്തരം നൽകിയിട്ടുണ്ട്.

മടവീഴ്ച സംഭവിച്ച പാടങ്ങൾക്ക് അഡ്വാൻസായി 1.4276 കോടി രൂപ SDRF ഫണ്ടായി നൽകിയിട്ടുണ്ട്.

മോട്ടോർ റിപ്പയർ ചെയ്യുന്നതിന് 40.1 ലക്ഷം രൂപ നൽകി.

3.5 കോടി രൂപ SDRF ഫണ്ടായി ബണ്ട് പുനർനിർമ്മിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്.

75% സബ്സിഡിയിൽ 12524 ഹെക്ടർ സ്ഥലത്ത് കുമ്മായം പുഞ്ച കൃഷിക്ക് നൽകുന്നു.

പാടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കംചെയ്യുന്നതിനായി 3.5 കോടി രൂപ SDRF ഫണ്ടായി അനുവദിച്ചിട്ടുണ്ട്.

കോട്ടയം ജില്ല

1506 മെട്രിക് ടൺ നെൽവിത്ത് പൂർണ്ണമായും സൗജന്യമായി നൽകി.

ഹെക്ടറൊന്നിന് 13,500 രൂപ നിരക്കിൽ 5818 ഹെക്ടർ നേൽകൃഷിക്ക് 785.43 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകി.

പുറംബണ്ട് ബലപ്പെടുത്തൽ ഉൾപ്പെടെയുള്ള അടിസ്ഥാന വികസനത്തിന് SDRF ഫണ്ടായി 290 ലക്ഷം രൂപ അനുവദിച്ചു.

## പ്രളയത്തിലുണ്ടായ കൃഷിനാശം

61(1620) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ എത്ര രൂപയുടെ കൃഷിനാശം ഉണ്ടായെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ;

(സി) പ്രളയത്തിൽ വർക്കല മണ്ഡലത്തിൽ എത്ര രൂപയുടെ കൃഷി നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷികമേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്..

(ബി) മഹാപ്രളയത്തിൽ സംഭവിച്ച കൃഷിനാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഇതുവരെ 305964 കർഷകർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 232966 കർഷകർക്ക് SDRF ഫണ്ടിൽനിന്നും 66.747 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമെ, സംസ്ഥാന വിഹിതമായി 218198 കർഷകർക്ക് 110.27 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളിമണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും 525 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 11750 കർഷകർക്ക് നഷ്ടപരിഹാരമായി 18.19 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ഭീമ യോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും വായ്പ എടുത്തിട്ടും വിള ഇറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25% നൽകുന്നതിന് സർക്കാർ തീരുമാനിച്ചു.

(സി) പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർക്കല മണ്ഡലത്തിൽ 1,21,26,937 (ഒരു കോടി ഇരുപത്തൊന്നു ലക്ഷത്തി ഇരുപത്തി ആറായിരത്തി തൊള്ളായിരത്തി മുപ്പത്തേഴ്) രൂപയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കുന്നു.

## പ്രളയത്തിൽ കാർഷികനഷ്ടം

62(1621) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം കർഷകർക്ക് ഉണ്ടായ നഷ്ടം എത്രയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) കർഷകർക്ക് ഉണ്ടായ നഷ്ടങ്ങൾ പരിഹരിക്കുന്നതിനും തുടർകൃഷിക്ക് ആവശ്യമായ സാഹചര്യം ഒരുക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷികമേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) പ്രളയത്തിൽ നെൽകൃഷി നശിച്ചുപോയ മുഴവൻ കർഷകർക്കും വീണ്ടും വിതയ്ക്കുന്നതിന് 5650.85 മെട്രിക് ടൺ വിത്ത് പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. ഈ വകയിൽ കർഷകർക്ക് 22.6 കോടി രൂപയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഇതോടൊപ്പം ഒരു കോടി പച്ചക്കറിത്തൈകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ 50 ലക്ഷം പച്ചക്കറിവിത്ത് പായ്ക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്തുകഴിഞ്ഞു. കൃഷിയിടങ്ങളിലേയ്ക്ക് ആവശ്യമായ കുമ്മായം 75 ശതമാനം സബ്സിഡി നിരക്കിൽ, 43,100 ഹെക്ടർ സ്ഥലത്തേയ്ക്ക് ഹെക്ടർ ഒന്നിന് 5400 രൂപ നിരക്കിൽ വിതരണം ചെയ്തു. ഈ ഇനത്തിൽ 23.40 കോടി രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിച്ചിട്ടുണ്ട്. ഈ ആനുകൂല്യം 10,000 ഹെക്ടർ സ്ഥലത്തേയ്ക്ക് കൂടി ലഭ്യമാക്കുന്നതിന് 5.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ, 12 ലക്ഷം വേരുപിടിപ്പിച്ച കുരുമുളക് തൈകൾ പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. ഇഞ്ചി, മഞ്ഞൾ എന്നിവയുടെ 364.5 മെട്രിക് ടൺ നടീൽ വസ്തുക്കളും ജാതി, ഗ്രാമ്പൂ എന്നിവയുടെ 15800 തൈകളും സൗജന്യ നിരക്കിലും കർഷകർക്ക് ലഭ്യമാക്കി. 22 ലക്ഷം വാഴക്കന്നുകൾ വാങ്ങുന്നതിലേയ്ക്കായി സബ്സിഡി നിരക്കിൽ ആകെ 2.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

മഴക്കെടുതിമൂലം ദുരിതത്തിലായ കർഷകർ എടുത്തിട്ടുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തിനടപടികൾക്ക് 12-10-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു.

വളത്തിന്റെ ലഭ്യത ഉറപ്പാക്കുവാനായി കേന്ദ്ര സർക്കാരിൽ കേരളത്തിലെ കൃഷി വിസ്തീർണ്ണത്തിന്റെ അനുപാതത്തിനും കഴിഞ്ഞ വർഷത്തെ വളത്തിന്റെ ഉപഭോഗത്തിനും അനുസരിച്ച് കണക്കുകൾ സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ മാസത്തിലേയ്ക്കും കൃഷി വകുപ്പ് ആവശ്യപ്പെട്ട വളങ്ങൾ അനുവദിക്കുകയും ചെയ്തു. ഇതിനുപുറമെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ മാസം യൂറിയ അനുവദിക്കുകയും ചെയ്തു.

## പ്രളയാനന്തരം കാർഷിക മേഖലയിലുണ്ടായ നഷ്ടങ്ങൾ

63(1622) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കംമൂലം എത്ര കോടി രൂപയുടെ പ്രാഥമിക നഷ്ടമാണ് കാർഷികമേഖലയിൽ കണക്കാക്കപ്പെട്ടിട്ടുള്ളത്; ജില്ല തിരിച്ച് വിവരം വ്യക്തമാക്കുമോ;

(ബി) ആയതുപ്രകാരം എത്ര കർഷകരുടെ എത്ര ഹെക്ടർ കൃഷിയിടമാണ് നശിച്ചുപോയിട്ടുള്ളത്; കൃഷി നഷ്ടപ്പെട്ട കർഷകർക്ക് എന്തൊക്കെ ധനസഹായം നാളിതുവരെ നൽകി; ആയതിന് ചെലവഴിച്ച തുക എത്ര; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രളയംമൂലം സംസ്ഥാനത്താകെ നെൽകൃഷിയിൽ എത്ര ഹെക്ടർ സ്ഥലത്താണ് നാശനഷ്ടം സംഭവിച്ചിട്ടുള്ളത്; വിവരം ലഭ്യമാക്കുമോ;

(ഡി) പ്രളയാനന്തരം മണ്ണിന്റെ സ്വഭാവത്തിലുണ്ടായ മാറ്റം പഠിക്കുന്നതിനും പ്രസ്തുത വിവരം കർഷകർക്ക് നൽകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഇ) കൃഷി പുനരുജ്ജീവനത്തിന്റെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതി വിഹിതത്തിൽനിന്നും എത്ര കോടി രൂപ കൃഷി വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷിക മേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ഘടകം തിരിച്ചുള്ള നഷ്ടം ചുവടെ ചേർത്തിരിക്കുന്നു. വിളകൾക്കുണ്ടായ നഷ്ടത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

| ക്രമ നമ്പർ | ഘടകം | രൂപ (കോടിയിൽ) |
|---|---|---|
| 1 | വിളകൾക്കുണ്ടായ നാശനഷ്ടം | 18545.25 |
| 2 | കൃഷിഭൂമിക്കുണ്ടായ നാശനഷ്ടം (മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവ) | 326.25 |
| 3 | കാർഷിക മേഖലയിലെ ആസ്തികൾക്കും ഉൽപ്പാദനോപാധികൾക്കും ഉണ്ടായ നാശനഷ്ടം | 130.34 |
| | ആകെ | 19001.84 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പ്രളയംമൂലം 1087413 കർഷകരുടെ 236649.5 ഹെക്ടർ കൃഷിയിടത്തിലെ വിളകളാണ് നശിച്ചുപോയിട്ടുള്ളത്.

മഹാപ്രളയത്തിൽ സംഭവിച്ച കൃഷിനാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഇതുവരെ 305964 കർഷകർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 232966 കർഷകർക്ക് SDRF ഫണ്ടിൽനിന്നും 66.747 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ, സംസ്ഥാന വിഹിതമായി 2,18,198 കർഷകർക്ക് 110.27 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളിമണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കംചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും 525 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 11750 കർഷകർക്ക് നഷ്ടപരിഹാരമായി 18.19 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ഭീമ യോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും വായ്പ എടുത്തിട്ടും വിള ഇറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25 ശതമാനം നൽകുന്നതിന് സർക്കാർ തീരുമാനിച്ചു.

(സി) പ്രളയംമൂലം സംസ്ഥാനത്താകെ നെൽകൃഷിയിൽ 35820 ഹെക്ടർ സ്ഥലത്താണ് നാശനഷ്ടം സംഭവിച്ചിട്ടുള്ളത്. ഇതിൽ 820 ഹെക്ടർ നഴ്സറി ആണ്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) സംസ്ഥാനത്ത് വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ കൃഷിനാശം നേരിടുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വിള പരിപാലനത്തിനും സംരക്ഷണത്തിനുമായി വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനുമായി കേരള കാർഷിക സർവ്വകലാശാല, ഗവേഷണ കേന്ദ്രങ്ങൾ, കൃഷി വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും അടങ്ങുന്ന ടീമുകളെ നിയമിച്ചിരുന്നു. തൃശ്ശൂർ, പാലക്കാട്/മലപ്പുറം, കോഴിക്കോട്/വയനാട്, എറണാകുളം, ആലപ്പുഴ/കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ രൂപീകരിച്ച സംഘങ്ങൾ പ്രളയ ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാനത്തുണ്ടായ പ്രളയത്തിനുശേഷം പൊതുവെ മണ്ണിന്റെ അമ്ലരസം വർദ്ധിച്ചതായി കാണപ്പെടുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മണ്ണിന്റെ അമ്ലത്വം കുറയ്ക്കുന്നതിനായി കർഷകർക്ക് 75 ശതമാനം സബ്സിഡി നിരക്കിൽ കുമ്മായ വസ്തുക്കൾ വിതരണം ചെയ്യുന്നു.

(ഇ) കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലായി 1603 കോടി രൂപയുടെ കേന്ദ്ര ധനസഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര കൃഷിമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. 'മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ' എന്ന പദ്ധതിയിൻ കീഴിൽ 102.1855 കോടി രൂപയുടെ അധിക ധനസഹായത്തിനുള്ള നിർദ്ദേശം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി സമർപ്പിക്കുകയും കേന്ദ്രസർക്കാർ ഈ ഇനത്തിൽ 93.39 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ അന്താരാഷ്ട്ര തലത്തിൽ ധനസഹായം ലഭ്യമാക്കുന്നതിനായി 500 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

### കുട്ടനാട്ടിലെ പ്രളയം

64(1623) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പ്രളയം കർഷകരെയും സാധാരണക്കാരെയും കടുത്ത സാമ്പത്തികബാധ്യതയിലേയ്ക്ക് തള്ളിവിട്ടുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(സി) വെള്ളപ്പൊക്കത്തിൽ കൃഷിനാശം സംഭവിച്ച കർഷകരുടെ കാർഷിക വായ്പകൾ പൂർണ്ണമായും എഴുതിത്തള്ളുന്നതിന് വകുപ്പ് മുൻകയ്യെടുത്ത് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുട്ടനാട്ടിൽ മടവീഴ്ചയുണ്ടായ ബണ്ടുകൾ നന്നാക്കുന്നതിന് 1,42,76,000 രൂപ നഷ്ടപരിഹാരമായി SDRF ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്. ഈ തുക 20 ശതമാനം അഡ്വാൻസായി 147 പാടശേഖരങ്ങൾക്ക് നൽകിയിട്ടുണ്ട്. ബാക്കി വരുന്ന 80 ശതമാനം തുക എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം നൽകിവരുന്നു.

ഇതിനായി 3.5 കോടി രൂപ SDRF ഫണ്ടിൽ ആലപ്പുഴ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. ജൂൺ മാസത്തിൽ മടവീണ 14 പാടശേഖരങ്ങൾക്ക് 23.11 ലക്ഷം രൂപ മട കുത്തുന്നതിന് ധനസഹായമായി നൽകി. കേടുപാടുകൾ സംഭവിച്ച ബണ്ടുകൾ റിപ്പയർ ചെയ്യുന്നതിന് കിലോമീറ്ററിന് 60,000 രൂപ നിരക്കിൽ ധനസഹായം പാടശേഖര സമിതികൾക്ക് നൽകിവരുന്നു. പ്രളയത്തിൽ കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്ത് കൃഷിയോഗ്യമാക്കുന്നതിന് ധനസഹായമായി ഹെക്ടറിന് 12,200 രൂപ നൽകിവരുന്നു. ഇതിനായി 350 ലക്ഷം രൂപ SDRF ഫണ്ടായി അനുവദിച്ചിട്ടുണ്ട്. കുട്ടനാട്ടിലെ എല്ലാ നെൽകർഷകർക്കും സൗജന്യ വിത്ത് നൽകിവരുന്നു. 3612.885 മെട്രിക് ടൺ (ജ്യോതി- 354.885 ടൺ, ഉമ- 3258 ടൺ) വിത്ത് സൗജന്യമായി നൽകിയിട്ടുണ്ട്. 12524 ഹെക്ടറിൽ 75 ശതമാനം സബ്സിഡി നിരക്കിൽ കുമ്മായം നൽകുന്നു. ഇതിനായി 676.296 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കുട്ടനാട്ടിലെ 10495 ഹെക്ടർ സ്ഥലത്തെ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടു. ഹെക്ടർ ഒന്നിന് 13,500 രൂപ പ്രകാരം 14.16 കോടി രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. കൂടാതെ മറ്റ് വിളകൾ നശിച്ചതിന് നഷ്ടപരിഹാരമായി 4.145 കോടി രൂപ ഉൾപ്പെടെ 18.3 കോടി രൂപ ഇതിനോടകം നൽകിക്കഴിഞ്ഞു. വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിവിധ പാടശേഖരങ്ങൾക്ക് 5 കോടി രൂപ ഇൻഷ്വറൻസ് തുകയായി നൽകി. 2016-17, 2017-18 വർഷങ്ങളിൽ കുടിശ്ശികയുണ്ടായിരുന്ന പ്രകൃതിക്ഷോഭത്തിന്റെ വിളനാശത്തിനുള്ള ധനസഹായം കർഷകർക്ക് നൽകി. 2018 വരൾച്ചയുടെ ധനസഹായമായി 106.293 ലക്ഷം രൂപ ഇത്തരുണത്തിൽ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. പുഞ്ച കൃഷിക്ക് കുട്ടനാട്ടിലെ എല്ലാ നെൽകർഷകർക്കും ഹെക്ടറിന് 125 കിലോഗ്രാം നെൽവിത്ത് സൗജന്യമായി നൽകി.

കോട്ടയം ജില്ലയിൽ ഉൾപ്പെട്ട കുട്ടനാട്ടിൽ 5818 ഹെക്ടറിൽ നെൽകൃഷി നഷ്ടപ്പെട്ടു. 1508 മെട്രിക് ടൺ നെൽവിത്ത് പൂർണ്ണമായും സൗജന്യമായി നൽകി. ഹെക്ടർ ഒന്നിന് 13,500 രൂപ നിരക്കിൽ 785,43,000 രൂപ നഷ്ടപരിഹാരമായി നൽകി. പുറംബണ്ട് ബലപ്പെടുത്തൽ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് 290 ലക്ഷം രൂപ SDRF ഫണ്ടായി കോട്ടയം ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്.

(സി) മഴക്കെടുതിമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി കർഷകർ എടുത്തിട്ടുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾ 12-10-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു.

## കുട്ടനാട്ടിലെ കൃഷിനാശത്തിന് നഷ്ടപരിഹാരം

65 (1624) ശ്രീ. പി. ടി. തോമസ് :
ശ്രീ. അനിൽ അക്കര :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ വെള്ളപ്പൊക്കംമൂലമുണ്ടായ കൃഷിനാശം സംബന്ധിച്ച് കണക്കെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കൃഷിനശിച്ച കർഷകർക്ക് ആശ്വാസം നൽകുന്നതിന് അവർക്ക് സൗജന്യ വിത്തും വളവും നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(സി) കുട്ടനാട്ടിൽ മടവീഴ്ച ഉണ്ടായ ബണ്ടുകൾ നന്നാക്കുന്നതിന് എത്ര കോടി രൂപയാണ് നഷ്ടപരിഹാരമായി അനുവദിച്ചത്; അറിയിക്കുമോ;

(ഡി) മടവീഴ്ച ഉണ്ടാകാതെ കർഷകർ സംരക്ഷിച്ച് നിർത്തിയ ബണ്ടുകൾ ഉറപ്പിക്കുവാൻ കർഷകർ സ്വന്തം കയ്യിൽനിന്നും ചെലവാക്കിയ തുക തിരികെ നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. കുട്ടനാട് മേഖലയിൽ 16313 ഹെക്ടറിലെ നെൽകൃഷി നാശത്തിന് 308.31 കോടിയുടെ നാശനഷ്ടം കണക്കാക്കുന്നു.

(ബി) എല്ലാ നെൽകർഷകർക്കും സൗജന്യ വിത്ത് നൽകിവരുന്നു. കുട്ടനാട് മേഖലയായ ആലപ്പുഴ ജില്ലയിൽ 3612.885 ടൺ (ജ്യോതി- 354.885 ടൺ, ഉമ- 3258 ടൺ), കോട്ടയം ജില്ലയിൽ 1506 ടൺ വിത്ത് സൗജന്യമായി നൽകിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തി സബ്സിഡി നിരക്കിൽ വളവും കുമ്മായവും നൽകുന്നുണ്ട്.

(സി) ആലപ്പുഴ ജില്ലയിലെ കുട്ടനാട് മേഖലയിൽ മടവീഴ്ചയുണ്ടായ ബണ്ടുകൾ നന്നാക്കുന്നതിന് 1,42,76,000 രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. ഈ തുക 20 ശതമാനം അഡ്വാൻസായി 147 പാടശേഖരങ്ങൾക്ക് നൽകിയിരിക്കുന്നു. ബാക്കിവരുന്ന 80 ശതമാനം തുക എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം നൽകി വരുന്നു. ഇതിനായി 3.5 കോടി രൂപ SDRF ഫണ്ടിൽ അനുവദിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ കുട്ടനാട് മേഖലയിൽ 90 ലക്ഷം രൂപ SDRF ഫണ്ടിൽ അനുവദിച്ചിട്ടുണ്ട്.

(ഡി) ഇല്ല. എന്നാൽ ഒരു കിലോമീറ്ററിന് 60,000 രൂപ എന്ന നിരക്കിൽ റിപ്പയർ ചെയ്യുന്നതിന് തുക പാടശേഖര സമിതിക്ക് നൽകിവരുന്നു. എക്കൽ/ഡിസിൽറ്റിംഗ് എന്നീ വർക്കുകൾ നടത്തുന്നതിന് ആലപ്പുഴ ജില്ലയ്ക്ക് 3.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് കൃഷിക്കാർക്ക് അനുവദിക്കുന്നതാണ്. കോട്ടയം ജില്ലയ്ക്ക് 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**കുട്ടനാട്ടിലെ കർഷകർക്കുള്ള സമാശ്വാസ പദ്ധതികൾ**

66(1625) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ദുരിതമനുഭവിക്കുന്ന കർഷകർക്ക് സർക്കാരിന്റെ ഭാഗത്ത് നിന്നും എന്തൊക്കെ സമാശ്വാസ പദ്ധതികൾ നടപ്പിലാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; ഏതെല്ലാം കാര്യങ്ങൾ ഇതിനകം പ്രാവർത്തികമാക്കി; വിശദമാക്കുമോ;

(ബി) കുട്ടനാട്ടിൽ ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തരമായി ചെയ്തുകൊടുക്കേണ്ട കാര്യങ്ങൾ സൂചിപ്പിച്ച് പ്രതിപക്ഷനേതാവ് കത്ത് നൽകിയിരുന്നോ; പ്രസ്തുത ആവശ്യങ്ങളിൽ ഏതെങ്കിലും ആവശ്യങ്ങൾ ഇതിനകം പരിഗണിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) <u>കർഷകർക്ക് സർക്കാരിന്റെ ഭാഗത്തുനിന്നും പ്രഖ്യാപിച്ച സമാശ്വാസ പദ്ധതികൾ</u>

മടവീഴ്ചയുണ്ടായ മുഴുവൻ പാടശേഖരങ്ങളിലെയും മടകുത്തുന്നതിന് വാല്യുവേഷൻ അനുസരിച്ച് പൂർണ്ണമായ ധനസഹായം നൽകും. കേടുപാടുകൾ സംഭവിച്ച മുഴുവൻ ബണ്ടുകളും റിപ്പയർ ചെയ്ത് യഥാസമയം പുഞ്ച കൃഷി ഇറക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും. പാടശേഖരങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കംചെയ്ത് നിലം കൃഷിയോഗ്യമാക്കും. എല്ലാ പാടശേഖരങ്ങൾക്കും പുഞ്ചകൃഷിക്ക് നെൽവിത്ത് സൗജന്യമായി നൽകി. കൃഷിനാശമുണ്ടായ എല്ലാ കർഷകർക്കും മാനദണ്ഡമനുസരിച്ച് ധനസഹായം കർഷകരുടെ അക്കൗണ്ടിൽ നൽകും. കുട്ടനാടൻ പാടശേഖരങ്ങൾക്ക് 100 കി.ഗ്രാം/ഹെക്ടർ എന്നുള്ള വിത്തിന്റെ അളവ് കർഷകരുടെ ആവശ്യപ്രകാരം 125 കി.ഗ്രാം ആയി വർദ്ധിപ്പിക്കും. പ്രളയവുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികളിൽ ഇ-ടെണ്ടർ നടപടികളിൽ ഇളവ് അനുവദിക്കും. പ്രളയംമൂലം വിളവെടുപ്പിന് മുമ്പ് രണ്ടാം കൃഷി നഷ്ടം മുഴുവൻ പാടശേഖരങ്ങൾക്കും പമ്പിംഗ് സബ്സിഡി അനുവദിക്കും.

<u>പ്രഖ്യാപിച്ച പദ്ധതികളിന്മേൽ സ്വീകരിച്ച നടപടി</u>

കളക്ടറുടെ ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ പമ്പുസെറ്റുകൾ ഉപയോഗിച്ചും വാട്ടർ അതോറിറ്റി ഇറിഗേഷൻ വകുപ്പുകളുടെ നേതൃത്വത്തിൽ മടവീണ പാടശേഖരങ്ങളിലെ വെള്ളം വറ്റിച്ചു.

മടവീഴ്ചയുണ്ടായ ബണ്ടുകൾ നന്നാക്കുന്നതിന് 20 ശതമാനം തുക അഡ്വാൻസായും ബാക്കി 80 ശതമാനം തുക കാർഷിക എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വാല്യുവേഷൻ അനുസരിച്ചും അനുവദിച്ചുവരുന്നു.

കേടുപാടുകൾ സംഭവിച്ച ബണ്ടുകൾ റിപ്പയർ ചെയ്യു കിലോമീറ്ററിന് 60,000 രൂപ എന്ന നിരക്കിൽ ധനസഹായം പാടശേഖര സമിതികൾക്ക് നൽകിവരുന്നു.

പാടശേഖരങ്ങളിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കംചെയ്ത് കൃഷിയോഗ്യമാക്കുന്നതിന് ഹെക്ടറിന് 12,200 രൂപ പ്രകാരം ആനുകൂല്യം നൽകുന്നു.

കുട്ടനാട്ടിൽ പുഞ്ചകൃഷിക്ക് ആവശ്യമായ നെൽവിത്ത് 125 കി.ഗ്രാം/ഹെക്ടർ നിരക്കിൽ സൗജന്യമായി വിതരണം ചെയ്തു. 2018 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ അതിവൃഷ്ടിമൂലമുള്ള പ്രളയത്തെ തുടർന്ന് തകർന്ന മടകളുടെ പുനർ നിർമ്മാണം സംബന്ധിച്ച തുടർപ്രവർത്തനങ്ങളെ ഇ-ടെണ്ടർ/ടെണ്ടർ നടപടികളിൽനിന്നും ഒഴിവാക്കി പാടശേഖര സമിതി വഴി നടപ്പിലാക്കുന്നതിനും ബണ്ട് ബലപ്പെടുത്തുന്നതിനും/ഉയർത്തുന്നതിനും ഉപയോഗിക്കുന്ന മണ്ണിന്റെ അളവ് 1000 ക്യൂ. മീറ്ററിനുള്ളിൽ വരുന്ന സാഹചര്യത്തിൽ ലെവൽ മെഷർമെന്റില്ലാതെ ടേപ്പ് മെഷർമെന്റ് മുഖേന വാല്യുവേഷൻ നൽകുന്നതിനും പ്രത്യേക അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

വിളവെടുപ്പിന് മുമ്പേ നെൽകൃഷി നഷ്ടപ്പെട്ട പാടശേഖരങ്ങൾക്കും പമ്പിംഗ് സബ്സിഡി നൽകി. കൂടാതെ തുടർച്ചയായി രണ്ട് തവണ കൃഷി ചെയ്തില്ലാ എന്ന കാരണത്താൽ പമ്പിംഗ് സബ്സിഡി നിഷേധിക്കപ്പെട്ട പാടശേഖരങ്ങൾക്കും പമ്പിംഗ് സബ്സിഡി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. വിളവെടുപ്പിന് മുൻപ് തന്നെ കൃഷി ഇറക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കണക്കാക്കി പമ്പിംഗ് സബ്സിഡി ലഭിക്കുവാനും കോൺട്രാക്ടർക്ക് നൽകുന്ന അതേ നിരക്കിൽ പാടശേഖരസമിതി/കർഷകർ സ്വന്തമായി നടത്തുന്ന പമ്പിംഗ് ജോലികൾക്ക് ലഭിക്കുമെന്നും ഉത്തരവായിരിക്കുന്നു.

(ബി) കർഷക സംഘടനകളുടെ നിവേദനത്തിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഓഫീസിൽനിന്നും കത്ത് ലഭിച്ചിട്ടുണ്ട്. നിവേദനത്തിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാർഷിക മേഖലയുടെ പുനരുജ്ജീവനം

67(1626) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയാനന്തര കേരളത്തിലെ കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി കേന്ദ്രസർക്കാരിന്റെ പ്രത്യേക സഹായങ്ങൾ ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനമൊട്ടാകെ 236649.5 ഹെക്ടർ സ്ഥലത്തെ കൃഷിഭൂമി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷിക മേഖലയിൽ 19001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്.

കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലായി 1603 കോടി രൂപയുടെ കേന്ദ്ര ധനസഹായം ആവശ്യപ്പെട്ടു കൊണ്ടുള്ള മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര കൃഷി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന പദ്ധതിയിൻ കീഴിൽ 102.1855 കോടി രൂപയുടെ അധിക ധനസഹായത്തിനുള്ള നിർദ്ദേശം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി സമർപ്പിക്കുകയും കേന്ദ്ര സർക്കാർ ഈയിനത്തിൽ 93.39 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് പദ്ധതിക്ക് അനുമതി നൽകുകയും ആയതിന്റെ 60 ശതമാനം കേന്ദ്ര വിഹിതമായ 56.037 കോടി രൂപ അനുവദിക്കുകയും ചെയ്തു. പദ്ധതിയുടെ വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | അംഗീകരിച്ച തുക (ലക്ഷം രൂപ) |
|---|---|---|
| 1 | ഹോർട്ടികൾച്ചർ വിളകളുടെ വിസ്തൃതി വ്യാപനം | 9334.70 |
| 2 | പോളിനേഷൻ സപ്പോർട്ട് (തേനീച്ച കൂടുകൾ സ്ഥാപിക്കൽ)- 1000 എണ്ണം | 4.80 |
| | ആകെ | 9339.50 |

ഇപ്രകാരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ "സ്പെഷ്യൽ പാക്കേജ് 2018-19" -ൽ ഉൾപ്പെടുത്തി 41495 ഹെക്ടറിൽ വാഴ, കൈതച്ചക്ക, ടിഷ്യുകൾച്ചർ വാഴ, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, ജാതി, സങ്കരയിനം പച്ചക്കറി, കശുമാവ്, കൊക്കോ, സുഗന്ധതൈല വിളകൾ എന്നിവയുടെ വിള വിസ്തൃതി വ്യാപനത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തുണ്ടായ കൃഷിനാശം

68(1627) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തുണ്ടായ കൃഷിനാശത്തിന്റെ കണക്കെടുത്തിട്ടുണ്ടോ; ആകെ എത്ര കോടി രൂപയുടെ നാശനഷ്ടമാണ് ഉണ്ടായിരിക്കുന്നത്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; എന്തെല്ലാം നാശനഷ്ടങ്ങളാണ് കാർഷിക മേഖലയിൽ ഉണ്ടായിരിക്കുന്നത്;

(ബി) മഹാപ്രളയത്തിൽ പുരയിടങ്ങളിലും പാടശേഖരങ്ങളിലും അടിഞ്ഞുകൂടിയ എക്കൽമണ്ണ് നിലവിലുള്ള കാർഷികവിളകളെ എത്തരത്തിൽ ബാധിക്കുമെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ അടിഞ്ഞുകൂടിയ എക്കൽമണ്ണ് കാർഷിക വിളകൾക്ക് ദോഷമാണെങ്കിൽ അത് നീക്കംചെയ്യുന്നതിനും മണ്ണ് വീണ് പുഴയോരങ്ങളിലെ വിലപിടിപ്പുള്ള തേക്ക് ഉൾപ്പെടെയുള്ള വൃക്ഷങ്ങളും കൃഷികളും ഉണങ്ങിപ്പോയിട്ടുണ്ടെങ്കിൽ അവയ്ക്ക് നഷ്ടപരിഹാരം നൽകാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) മഹാപ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതുവരെ ആർക്കെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; കർഷകർക്കുള്ള നഷ്ടപരിഹാരം എന്നത്തേയ്ക്ക് കൊടുത്തുതീർക്കുമെന്നും അറിയിക്കുമോ?

### ഉത്തരം

(എ) 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷികമേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ഘടകം തിരിച്ചുള്ള നഷ്ടം ചുവടെ ചേർത്തിരിക്കുന്നു. വിളകൾക്കുണ്ടായ നഷ്ടത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകം | രൂപ (കോടിയിൽ) |
|---|---|---|
| 1 | വിളകൾക്കുണ്ടായ നാശനഷ്ടം | 18545.25 |
| 2 | കൃഷിഭൂമിക്കുണ്ടായ നാശനഷ്ടം (മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവ) | 326.25 |
| 3 | കാർഷിക മേഖലയിലെ ആസ്തികൾക്കും ഉൽപ്പാദനോപാധികൾക്കും ഉണ്ടായ നാശനഷ്ടം | 130.34 |
| | ആകെ | 19001.84 |

(ബി) ഉണ്ട്. സമതല പ്രദേശങ്ങളിലും പുഴയോര പ്രദേശങ്ങളിലും നെൽപ്പാടങ്ങളിലും വലിയതോതിൽ എക്കൽ അടിഞ്ഞുകൂടിയിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുഴയോട് ചേർന്നുകിടക്കുന്ന തീരങ്ങളിലെ പാടങ്ങളിൽ ഉൾപ്പെടെ വലിയ തോതിൽ മണലും അടിഞ്ഞുകൂടിയിട്ടുണ്ട്. ഈ എക്കൽ പോഷകമൂലകങ്ങളാൽ സമ്പുഷ്ടമാണെങ്കിലും പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം, ബോറോൺ എന്നീ മൂലകങ്ങളുടെ അഭാവം ശ്രദ്ധിക്കേണ്ടതുണ്ട്. കീടനാശിനി അവശിഷ്ടങ്ങളുടെ സാന്നിദ്ധ്യം ഈ എക്കൽ പരിശോധനയിൽ കണ്ടിട്ടില്ല. ഈ എക്കൽമണ്ണ് സൂക്ഷ്മ രൂപത്തിലുള്ള തരികളായതുകൊണ്ട് ഇവ ഉണങ്ങുമ്പോൾ അടിഞ്ഞു കൂടിയ എക്കലിന്റെ അളവനുസരിച്ച് പലപല ഘനത്തിലുള്ള പാളികളായി മണ്ണിന്റെ മേൽത്തട്ടിൽ ഉറച്ച് മണ്ണിലെ വായുസഞ്ചാരത്തിനും വേരുകളുടെ വളർച്ചയ്ക്കും വിഘാതമാകുന്നു. ഇതിനെ നല്ല ഘടനയുള്ള മണ്ണാക്കി മാറ്റുന്നതിന് മണ്ണ് പരിശോധനാഫലത്തിനനുസൃതമായി കാൽസ്യം, മഗ്നീഷ്യം എന്നിവ അടങ്ങിയ കുമ്മായം, ഡോളോമൈറ്റ്, ജിപ്സം തുടങ്ങിയവ ചേർത്ത് കൊടുക്കുന്നത് നന്നായിരിക്കും. മണൽ അടിഞ്ഞുകൂടിയ പ്രദേശങ്ങളിൽ ആ മണലും ഈ എക്കലിന്റെകൂടെ കൂട്ടിച്ചേർക്കുന്നത് അഭികാമ്യമാണ്. ഏകദേശം ഒരടിയോളം ഘനത്തിൽ മാത്രമെ എക്കൽ അടിഞ്ഞുകൂടിയിട്ടുള്ളൂവെങ്കിൽ അത് മണ്ണിനോട് നന്നായി ഇളക്കിച്ചേർത്ത് കുമ്മായവും മണലും ചേർക്കാവുന്നതാണ്. എന്നാൽ കൂടുതൽ ഘനത്തിൽ എക്കൽ അടിഞ്ഞുകൂടിയിട്ടുണ്ടെങ്കിൽ യന്ത്ര സഹായത്താൽ അവ നീക്കംചെയ്ത് തെങ്ങ് പോലെയുള്ള ദീർഘ വിളകൾക്ക് വളമായി ചേർക്കാവുന്നതാണ്. അതിനുശേഷം മാത്രം ഇളക്കിക്കൊടുക്കേണ്ടതാണ്.

(സി) മണ്ണ് നീക്കംചെയ്യുന്നതിന് ആനുകൂല്യം അനുവദിച്ചുവരുന്നു. നിലവിലെ ഉത്തരവുകൾ പ്രകാരം കാർഷിക വിളകൾക്കുള്ള കൃഷി നാശത്തിന് മാത്രമെ നഷ്ടപരിഹാരം നൽകാൻ കഴിയുകയുള്ളൂ.

(ഡി) മഹാപ്രളയത്തിൽ സംഭവിച്ച കൃഷിനാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഇതുവരെ 305964 കർഷകർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 2,32,966 കർഷകർക്ക് SDRF ഫണ്ടിൽനിന്നും 66.747 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമെ, സംസ്ഥാന വിഹിതമായി 2,18,198 കർഷകർക്ക് 110.27 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളിമണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കംചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും 525 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 11750 കർഷകർക്ക് നഷ്ടപരിഹാരമായി 18.19 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ഭീമ യോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും വായ്പ എടുത്തിട്ടും വിള ഇറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25 ശതമാനം നൽകുന്നതിന് സർക്കാർ തീരുമാനിച്ചു.

നഷ്ടപരിഹാരം നൽകിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർത്തിരിക്കുന്നു.* ഫണ്ട് ലഭ്യമാക്കി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രളയദുരന്തത്തിലുണ്ടായ കൃഷിനാശം

69(1628) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരന്തത്തിൽ സംസ്ഥാനത്ത് ഉണ്ടായ കൃഷിനാശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ആകെ എത്ര കോടിരൂപയുടെ നഷ്ടമാണ് പ്രളയവുമായി ബന്ധപ്പെട്ട് കാർഷികമേഖലയിൽ ഉണ്ടായിട്ടുള്ളത്;

(സി) കാർഷിക മേഖലയിലെ പ്രളയദുരന്തം നേരിടുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രളയദുരന്തത്തിൽ അകപ്പെട്ട കർഷകരെ സഹായിക്കാൻ ഏതെങ്കിലും കേന്ദ്രഫണ്ട് ലഭിച്ചിട്ടുണ്ടോ; എന്തെങ്കിലും വാഗ്ദാനം ലഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ)&(ബി) സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷികമേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ആയതിന്റെ ഘടകം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഘടകം | രൂപ (കോടിയിൽ) |
|---|---|---|
| 1 | വിളകൾക്കുണ്ടായ നാശനഷ്ടം | 18545.25 |
| 2 | കൃഷിഭൂമിക്കുണ്ടായ നാശനഷ്ടം (മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവ) | 326.25 |
| 3 | കാർഷിക മേഖലയിലെ ആസ്തികൾക്കും ഉൽപ്പാദനോപാധികൾക്കും ഉണ്ടായ നാശനഷ്ടം | 130.34 |
| | ആകെ | 19001.84 |

(സി) കാർഷിക മേഖലയ്ക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് ബഹുമുഖ പദ്ധതികളാണ് തയ്യാറാക്കി കേന്ദ്ര കൃഷി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലായി 1603 കോടി രൂപയുടെ കേന്ദ്ര ധനസഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര കൃഷിമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. 'മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ' എന്ന പദ്ധതിയിൻ കീഴിൽ 102.1855 കോടി രൂപയുടെ അധിക ധനസഹായത്തിനുള്ള നിർദ്ദേശം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി സമർപ്പിക്കുകയും കേന്ദ്ര സർക്കാർ ഈയിനത്തിൽ 93.39 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തെങ്ങ്, സുഗന്ധവിളകൾ, വാഴ, പച്ചക്കറികൾ, വീട്ടുവളപ്പിലെ കൃഷി, മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തൽ എന്നീ ഘടകങ്ങളിൽ ആയി ഇന്റർനാഷണൽ ഫണ്ട് ഫോർ അഗ്രികൾച്ചർ ഡെവലപ്മെന്റ് (IFAD)ൽനിന്നും 500 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

പ്രളയക്കെടുതിയിൽനിന്നും കർഷകരെ കൈപിടിച്ചുയർത്തുന്നതിനും ശാസ്ത്രീയ സമീപനത്തിലൂടെയും സന്നദ്ധ സേവനത്തിലൂടെയും കാർഷിക മേഖലയെ പുനസൃഷ്ടിക്കുന്നതിനുമായി "പുനർജനി" എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

കർഷകർക്ക് ആവശ്യമായ മാനസികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകി അവരെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യം വച്ചുകൊണ്ട് കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാന ആസൂത്രണബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള 2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി "പുനർജനി" എന്ന പേരിൽ ഒരു പാക്കേജ് തയ്യാറാക്കി നൽകിയിട്ടുണ്ട്.

(സി) പ്രളയവുമായി ബന്ധപ്പെട്ട് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൻ കീഴിൽ ഹോർട്ടികൾച്ചർ മേഖലയുടെ പുനരുദ്ധാരണത്തിനും കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി സമർപ്പിച്ച 102.1855 കോടി രൂപയുടെ പദ്ധതിയിൽ 9339.50 ലക്ഷം രൂപയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും 56.03 കോടി രൂപ കേന്ദ്ര വിഹിതമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## 2018-ലെ പ്രളയത്തെ തുടർന്നുണ്ടായ കൃഷിനാശത്തിന്റെ കണക്ക്

70(1629) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തെ തുടർന്നുണ്ടായ കൃഷി നാശത്തിന്റെ കണക്കെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ; എത്ര കർഷകർക്ക് എത്ര രൂപ വീതമാണ് നാശനഷ്ടങ്ങൾ ഉണ്ടായത്;

(ബി) 2018-ലെ കാലവർഷത്തിൽ ഉണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും എത്ര പേർക്ക് കൃഷി സ്ഥലങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്; ഇത്തരം കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത്തരം കർഷകർക്കായി പ്രത്യേക സഹായ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം; ഇല്ലെങ്കിൽ പ്രഖ്യാപിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 1087413 കർഷകർക്ക് 19,001.84 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു.

(ബി) 43000 പേർക്ക് കൃഷിഭൂമിയിൽ നാശം സംഭവിച്ചതായി കണക്കാക്കുന്നു. ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും, ചെളിമണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കംചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും 525 ലക്ഷം രൂപ ഇതിനകം SDRF ഫണ്ടിൽനിന്നും നൽകിയിട്ടുണ്ട്. ഇത്തരം കർഷകർക്കായി പ്രത്യേക സഹായപദ്ധതി ഒന്നും പ്രഖ്യാപിച്ചിട്ടില്ല.

## മുണ്ടേരി ജില്ലാ വിത്ത് കൃഷിത്തോട്ടം, മുട്ടിക്കടവ് കൃഷി ഫാം എന്നിവിടങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ

71(1630) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ മുണ്ടേരി ജില്ലാ വിത്ത് കൃഷിത്തോട്ടം, മുട്ടിക്കടവ് കൃഷി ഫാം എന്നിവിടങ്ങളിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; പദ്ധതികളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം മേൽ സൂചിപ്പിച്ച രണ്ട് കൃഷി ഫാമുകളിലും എത്ര പേർക്ക് പുതുതായി നിയമനം നൽകി, അവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ; നിലവിൽ എത്ര ഒഴിവുകളുണ്ട്; ഇവ നികത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) ഈ സർക്കാർ നിലവിൽവന്നതിനുശേഷം ജില്ലാ കൃഷിത്തോട്ടം, ചുങ്കത്തറയിൽ (മുട്ടിക്കടവ് കൃഷി ഫാം) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 40 പേർക്ക് കാഷ്വൽ തൊഴിലാളികളായി നിയമനം നൽകി. ആയതിൽ ഒരാൾ ജോലിക്ക് ഹാരജായിട്ടില്ല. വിശദാംശംങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

എസ്.ജി.സി. മുണ്ടേരി വിത്ത് കൃഷിത്തോട്ടത്തിൽ 171 കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ പേരുവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.

ചുങ്കത്തറ ജില്ലാ ഫാമിൽ (മുട്ടിക്കടവ് കൃഷിഫാം) നിലവിൽ ഇനി 9 പേരുടെ ഒഴിവുണ്ട്. എസ്.ജി.സി. മുണ്ടേരി വിത്ത് കൃഷിത്തോട്ടത്തിൽ 129 തൊഴിലാളികളുടെ ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഫാമുകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാർഷിക മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

72(1631) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുമായി ബന്ധപ്പെട്ട് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ കൃഷി വകുപ്പിനു കീഴിലുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അവയുടെ പേരുവിവരം വ്യക്തമാക്കാമോ;

(സി) കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്; ഓരോന്നിന്റെയും കഴിഞ്ഞ രണ്ട് വർഷത്തെ പ്രവർത്തന ലാഭം എത്രയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കാർഷിക മേഖലയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന് കീഴിൽ കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (KAMCO), കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KLDC), ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ് (OPIL), ഹോർട്ടികോർപ്പ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് (KAICO), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (SFCK), കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ (KSWC), പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (PCKL), വാഴക്കുളം അഗ്രോ ആൻഡ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ് (VAFPCL), കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) എന്നീ പത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ സഹകരണ നിയമ പ്രകാരം 4370-ാം നമ്പർ ആയി രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു അപ്പെക്സ് ഫെഡറേഷൻ ആയ കേരഫെഡ്, യൂറോപ്യൻ യൂണിയന്റെ സാമ്പത്തിക സഹായത്തോടുകൂടി ആരംഭിച്ച വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK) എന്നിവയും കൃഷിവകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളാണ്.

(സി) KAMCO, KAICO, SFCK, KSWC എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിൽ ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു. അവയുടെ കഴിഞ്ഞ രണ്ടുവർഷത്തെ പ്രവർത്തന ലാഭം ചുവടെ ചേർക്കുന്നു:

| പൊതുമേഖലാ സ്ഥാപനം | പ്രവർത്തന ലാഭം | |
|---|---|---|
| | 2016-17 | 2017-18 |
| KAMCO | 285 ലക്ഷം | 375 ലക്ഷം |
| KAICO | 22.63 ലക്ഷം | 30.85 ലക്ഷം |
| SFCK | 89.50 ലക്ഷം | 26.73 ലക്ഷം |
| KSWC | | 2.32 കോടി ലാഭം |

## കുട്ടനാട് പാക്കേജിന്റെ പുനരുജ്ജീവനം

73(1632) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ് പുനരുജ്ജീവിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) കുട്ടനാട് പാക്കേജിന്റെ പുനരുജ്ജീവനത്തിനായി എത്ര കോടി രൂപ ആവശ്യമായി വരും; ഇതിനായി കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. കുട്ടനാട് പാക്കേജ് പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ കേന്ദ്ര കൃഷി വകുപ്പുമന്ത്രിയെ നേരിൽക്കണ്ട് സമർപ്പിക്കുകയും ഇത് സംബന്ധിച്ച് വിശദമായി ഡൽഹിയിൽ വച്ച് ചർച്ച നടത്തുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടനാടിന്റെ സമഗ്ര വികസനത്തിന് പ്രത്യേക പാക്കേജ് തയ്യാറാക്കുന്നതിനായി താഴെ പറയുന്ന 9 അംഗങ്ങൾ അടങ്ങുന്ന ഒരു കോർകമ്മിറ്റി രൂപീകരിച്ചു:

1. കാർഷികോൽപ്പാദന കമ്മീഷണർ- കൺവീനർ
2. കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ- മെമ്പർ
3. കൃഷി ഡയറക്ടർ- മെമ്പർ
4. സോയിൽ കൺസർവേഷൻ ആൻഡ് സോയിൽ സർവ്വേ ഡയറക്ടർ- മെമ്പർ
5. ഡോ. ജയകുമാരൻ, സ്പെഷ്യൽ ഓഫീസർ (KKS & ASC)- മെമ്പർ
6. ഡോ. പി. രാജശേഖരൻ- സംസ്ഥാന വില നിർണ്ണയ ബോർഡ് ചെയർമാൻ- മെമ്പർ
7. ശ്രീ. നാഗേഷ്, ചീഫ് (അഗ്രി) പ്ലാനിംഗ് ബോർഡ്- മെമ്പർ
8. ഡോ. കെ. ജി. പത്മകുമാർ, ഡയറക്ടർ, അന്താരാഷ്ട്ര കായൽ കൃഷി ഗവേഷണ പരിശീലനകേന്ദ്രം, കുട്ടനാട്- മെമ്പർ

1. ശ്രീ. പി. എസ്. രാജീവ്, കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ- മെമ്പർ

പ്രസ്തുത കോർ കമ്മിറ്റിയുടെ ആദ്യയോഗം 12-10-2018-ന് ബഹുമാനപ്പെട്ട കാർഷികോൽപ്പാദന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി.

കുട്ടനാടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളെക്കുറിച്ചും കൃഷി നടത്തുന്നതിനും വെള്ളം സുഗമമായി ഒഴുകി പോകേണ്ടതിന് നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും വിശദമായി ചർച്ച ചെയ്തു. അടുത്തിടെയുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിലാകണം പുതിയ പദ്ധതി തയ്യാറാക്കപ്പെടേണ്ടതെന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കുട്ടനാടിന്റെ സമഗ്ര വികസനത്തിനായി പ്രത്യേക പാക്കേജിന്റെ കരട് TOR (Terms of reference) തയ്യാറാക്കുന്നതിനായി അന്താരാഷ്ട്ര കായൽ കൃഷി കേന്ദ്രം ഡയറക്ടറെ യോഗം ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പാക്കേജ് രൂപീകരണം ആരംഭദിശയിലായതിനാൽ ആവശ്യമായ തുക തിട്ടപ്പെടുത്തിയിട്ടില്ല.

## പ്രളയംമൂലമുള്ള കൃഷിനാശത്തിന് കാലാവസ്ഥാ വ്യതിയാന ഇൻഷ്വറൻസ്

74(1633) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ വിളകൾ നശിച്ച കൃഷിക്കാർക്ക് കേന്ദ്രത്തിന്റെ കാലാവസ്ഥ വ്യതിയാന ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കാത്ത സാഹചര്യമുണ്ടോ;

(ബി) എങ്കിൽ ഇതിനായുള്ള മാനദണ്ഡങ്ങളുടെ പട്ടികയിൽ തീവ്രവർഷവും പ്രളയവും അനുബന്ധ കെടുതികളും ഉൾപ്പെടുത്താത്തതാണോ കാരണം;

(സി) എങ്കിൽ മാനദണ്ഡങ്ങൾ തയ്യാറാക്കുന്ന സംസ്ഥാന കൃഷി വകുപ്പിന്റെ സാങ്കേതിക സമിതിയുടെ ഭാഗത്തുനിന്നാണോ ഈ വീഴ്ചയുണ്ടായത്; വിശദമാക്കാമോ;

(ഡി) എങ്കിൽ വീഴ്ച പരിഹരിച്ച് കർഷകർക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിളകൾക്ക് ദോഷമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അധിവൃഷ്ടി, ശക്തമായ കാറ്റ്, തുടർ ദിവസങ്ങളിൽ ഉണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗകീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള കാലാവസ്ഥാ നിലയങ്ങളിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്.

എന്നാൽ 2018 ഖാരിഫ് സീസൺ വരെ തീവ്രവർഷവും പ്രളയവും എന്ന ഘടകങ്ങൾ ഉൾപ്പെട്ടിരുന്നില്ല. 2018-19 റാബി സീസണിൽ പദ്ധതി മാനദണ്ഡങ്ങളുടെ പട്ടികയിൽ തീവ്ര വർഷവും പ്രളയവും ഉരുൾപൊട്ടലും add on cover ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി&ഡി) കേരളത്തിന്റെ 100 വർഷത്തിന്റെ ചരിത്രത്തിൽ ആദ്യമായി സംഭവിച്ച മഹാപ്രളയം കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിലെ കാലാവസ്ഥാഘടകത്തിൽ ഉൾപ്പെട്ടിരുന്നില്ല. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി വിജ്ഞാപനം ചെയ്യുന്ന ഓരോ വിളയ്ക്കും ഏറ്റവും ആവശ്യമായ കാലാവസ്ഥാഘടകങ്ങൾ തെരഞ്ഞെടുക്കുകയും അതിന്റെയെല്ലാം തോത് നിർണ്ണയിക്കുകയുമാണ് സംസ്ഥാന കൃഷി വകുപ്പിന്റെ സാങ്കേതിക സമിതി ചെയ്യുന്നത്. ആയതിനാൽ നിലവിലെ റാബി സീസണിലും (2018-19) വരുംവർഷങ്ങളിലും മാനദണ്ഡങ്ങളുടെ പട്ടികയിൽ തീവ്രവർഷവും പ്രളയവും അനുബന്ധ കെടുതികളും എല്ലാ ജില്ലകളിലും add on cover ആയി ഉൾപ്പെടുത്തി വിജ്ഞാപനമിറക്കാൻ തീരുമാനമായിട്ടുണ്ട്.

## വിള ഇൻഷ്വറൻസ് പദ്ധതി

75(1634) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രീമിയം അടച്ച് അംഗങ്ങളായ ആകെ കർഷകരുടെ എണ്ണം എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) വിളനാശം സംഭവിച്ച എത്ര കൃഷിക്കാർക്ക് ഈ കാലയളവിൽ ഇൻഷ്വറൻസ് സഹായം അനുവദിച്ചിട്ടുണ്ട്; ആകെ എത്ര തുകയാണ് അനുവദിക്കപ്പെട്ടിട്ടുള്ളത് എന്നതിന്റെ കണക്ക് വർഷം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | കർഷകരുടെ എണ്ണം |
|---|---|---|
| 1 | 2016-17 | 89862 |
| 2 | 2017-18 | 176644 |

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | കർഷകരുടെ എണ്ണം | ആനുകൂല്യം അനുവദിച്ച തുക (കോടി) |
|---|---|---|---|
| 1 | 2016-17 | 2478 | 1.598 |
| 2 | 2017-18 | 11202 | 8.76 |

**വിള ഇൻഷ്വറൻസ് പദ്ധതി**

76(1635) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകി എന്നും അതിനായി എത്ര തുക അനുവദിച്ചുവെന്നും വർഷം തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) കാലാവസ്ഥാ വ്യതിയാനംമൂലം കൃഷിനാശം വ്യാപകമാകുന്ന സാഹചര്യത്തിൽ കൂടുതൽ കർഷകരെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | കർഷകരുടെ എണ്ണം | ആനുകൂല്യം അനുവദിച്ച തുക (കോടി) |
|---|---|---|---|
| 1 | 2016 മേയ്- 2017 മാർച്ച് | 2478 | 1.598 |
| 2 | 2017-18 | 11202 | 8.76 |
| 3 | 2018 മാർച്ച്- നവംബർ 2018 വരെ | 11718 | 18.04 |

(ബി) കാലാവസ്ഥാ വ്യതിയാനംമൂലം കൃഷിനാശം വ്യാപകമാകുന്ന സാഹചര്യത്തിൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ മുഴുവൻ കർഷകരെയും അംഗങ്ങളാക്കുന്നതിന് എല്ലാ ജില്ലാതല പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര- സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിവരുന്ന പ്രധാൻമന്ത്രി ഫസൽ ഭീമായോജന, പുനരാവിഷ്കരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് എന്നീ പദ്ധതികൾ പ്രകാരം വായ്പ എടുത്ത മുഴുവൻ കർഷകരെയും വായ്പ എടുക്കാത്ത കർഷകരേയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## രാസവള വില വർദ്ധന

77(1637) ശ്രീ. അനിൽ അക്കര:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലമുണ്ടായ നാശനഷ്ടങ്ങളിൽ നിന്നും കരകയറുവാൻ ശ്രമിക്കുന്ന കർഷകർക്ക് തിരിച്ചടിയായി രാസവള വില കുത്തനെ ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ രാസവളങ്ങളുടെ വിലയിൽ എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായത്;

(സി) കാർഷികോല്പന്നങ്ങളുടെ വില കുത്തനെ താഴുന്ന അവസരത്തിൽ വളത്തിന്റെ വിലയിലുണ്ടാകുന്ന കുതിച്ചുചാട്ടം കർഷകരെ പ്രതിസന്ധിയിലാക്കിയത് പരിഗണിച്ച് എന്തെങ്കിലും പ്രത്യേക സഹായ പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓരോ വളങ്ങളുടെയും വിലയിൽ ഉണ്ടായ വർദ്ധനവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) നല്ല കൃഷിമുറ രീതികൾ നടപ്പിലാക്കി ഓരോ മണ്ണിനും വിളയ്ക്കും ആവശ്യമായ വളം മാത്രം ഉപയോഗിക്കുവാനായി കർഷകരെ പ്രോത്സാഹിപ്പിച്ച് കൃഷി ചെയ്യുന്നതിനായി ഓർഗാനിക് ഫാമിംഗ് ആൻഡ് ഗുഡ് അഗ്രികൾച്ചറൽ പ്രാക്ടീസ് എന്ന പദ്ധതി പ്ലാൻ ഫണ്ട് ഉപയോഗിച്ചും, പരമ്പരാഗത കൃഷി വികാസ് യോജന എന്ന പദ്ധതി കേന്ദ്ര ഫണ്ട് ഉപയോഗിച്ചും നടപ്പിലാക്കിവരുന്നു.

## കാർഷിക വായ്പ

78(1638) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ മുഖേന കാർഷികാവശ്യങ്ങൾക്കുള്ള വായ്പ അനുവദിക്കുന്നതിന് കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ ശിപാർശ ആവശ്യമാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കാർഷിക ആവശ്യങ്ങൾക്കാണ് കാർഷിക വായ്പകൾ ഉപയോഗിക്കുന്നതെന്ന് ബാങ്ക് അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്. 2017-18 വർഷത്തിൽ സംസ്ഥാനത്ത് മൊത്തം നൽകിയ കാർഷിക വായ്പ 40409 കോടി രൂപയാണ്. ഇതിൽ കിസാൻ ക്രെഡിറ്റ് കാർഡുകൾ (KCC) മുഖേന 6661 കോടി രൂപയും അഗ്രികൾച്ചർ ഗോൾഡ് ലോൺ (AGL) ആയി 33748 കോടി രൂപയുമാണ് നൽകിയിട്ടുള്ളത്. എ.ജി.എൽ. ആയി നൽകുന്ന ലോണിനും കേന്ദ്ര സർക്കാരിന്റെ 5 ശതമാനം പലിശയിളവ് സഹിതം 4 ശതമാനം പലിശ മാത്രമാണ് കർഷകർ നൽകേണ്ടത്. കാർഷികാവശ്യത്തിന് തരുന്ന ലോണിന് അനുവദിക്കുന്ന 5 ശതമാനം പലിശയിളവ് എ.ജി.എൽ.-ന്റെ പേരിൽ കാർഷികേതര ആവശ്യങ്ങൾക്കായി വാങ്ങുന്നതും ബാങ്കുകൾ അനുവദിക്കുന്നതും ശരിയായ നടപടിയല്ല. കൃഷിക്കാർക്കായി നൽകുന്ന കാർഷിക ലോൺ യഥാർത്ഥ കർഷകർക്ക് കാർഷിക ആവശ്യത്തിന് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടി എന്ന നിലയിലാണ് എ.ജി.എൽ. വാങ്ങുന്നവർ ഈ തുക കാർഷികാവശ്യത്തിന് തന്നെയെന്ന് കൃഷി വകുപ്പിന്റെകൂടി സാക്ഷ്യപത്രം നിർബന്ധമാക്കണമെന്ന് വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളത്. യഥാർത്ഥ കർഷകർക്ക് ഇതുമൂലം യാതൊരു ബുദ്ധിമുട്ടുമുണ്ടാകില്ല.

**കാർഷിക കടാശ്വാസ കമ്മീഷൻ**

79(1639) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് കാർഷിക കടാശ്വാസ കമ്മീഷന്റെ ആനുകൂല്യം ആകെ എത്ര പേർക്ക് ലഭ്യമായി; ജില്ല തിരിച്ച് വർഷം തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് കാർഷിക കടാശ്വാസ കമ്മീഷന്റെ ആനുകൂല്യം 15,429 പേർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ജില്ല തിരിച്ച്, വർഷം തിരിച്ച് കണക്കുകൾ ചുവടെ ചേർക്കുന്നു:

| | 2016-17 | | 2017-18 | |
|---|---|---|---|---|
| തിരുവനന്തപുരം | 30 | 1838475 | 719 | 34761860 |
| കൊല്ലം | 11 | 604500 | 14 | 468000 |
| പത്തനംതിട്ട | -- | -- | 11 | 730500 |
| ആലപ്പുഴ | 7 | 366750 | 18 | 364405 |
| കോട്ടയം | 2 | 200000 | 4 | 309375 |
| ഇടുക്കി | 2398 | 41839481 | 2416 | 34627454 |
| എറണാകുളം | 1 | 100000 | 7 | 151250 |
| തൃശ്ശൂർ | -- | -- | 1 | 19400 |
| പാലക്കാട് | 186 | 5138400 | 138 | 4362682 |
| മലപ്പുറം | 149 | 3342000 | 72 | 1270824 |
| കോഴിക്കോട് | 213 | 8717436 | 76 | 3088600 |
| വയനാട് | 3083 | 76213459 | 1588 | 44565088 |
| കണ്ണൂർ | 1196 | 29948277 | 2345 | 52235978 |
| കാസർഗോഡ് | 204 | 4461693 | 540 | 11383111 |
| | 7480 | 172770471 | 7949 | 188338527 |

മേൽതുകകൾക്കുപുറമേ 2016-17 വർഷത്തിൽ 2,72,29,529 രൂപയും 2017-18 വർഷത്തിൽ 93,26,238 രൂപയും സംസ്ഥാനത്തെ വിവിധ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന കടാശ്വാസം നൽകിയിട്ടുണ്ട്.

**കാർഷിക വിളകൾക്ക് മിനിമം സപ്പോർട്ട് പ്രൈസ്**

80(1640) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം കാർഷിക വിളകളെയാണ് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച മിനിമം സപ്പോർട്ട് പ്രൈസ് (എം.എസ്.പി.) പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) ഓരോ വിളകളുടെയും എം.എസ്.പി. വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും എന്ത് തുക ലഭിച്ചു; വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നെല്ല്, കൊപ്ര എന്നിവയ്ക്കാണ് കേന്ദ്ര സർക്കാർ (MSP) പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി) 1. നെല്ല്- 1,750 രൂപ/ ക്വിന്റലിന്.

നെല്ലിന് കേരള സർക്കാർ നൽകുന്ന സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് ഉൾപ്പെടെ 2,530 രൂപ/ക്വിന്റലിന് നിരക്കിലാണ് സംഭരിക്കുന്നത്.

2. കൊപ്ര മിൽ ക്വാളിറ്റി- 7,511 രൂപ/ക്വിന്റൽ

കൊപ്ര (ഉണ്ട കൊപ്ര)- 7,750 രൂപ/ ക്വന്റലിന്

(സി) വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ ഓരോ സാമ്പത്തികവർഷവും കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | തുക (കോടിയിൽ) |
|---|---|
| 2016-17 | 419.25 |
| 2017-18 | 782.06 |
| 2018-19 (30-11-2018) | 449.70 |
| ആകെ | 1651.01 |

## ആറാലുംമൂട് മാർക്കറ്റ് നവീകരണം

81(1641) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 പൊതു ബജറ്റിൽ ഉൾപ്പെടുത്തി ആറാലുംമൂട് മാർക്കറ്റ് ആധുനിക രീതിയിൽ പണിയുന്നതിന് എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ അഗ്രി പി. ബി. 2/361/2017 അഗ്രി തീയതി 19-2-2018 പ്രകാരം കൃഷി ഡയറക്ടർക്ക് നൽകിയ നിർദ്ദേശം അനുസരിച്ച് എന്ത് റിപ്പോർട്ടാണ് ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതി 2019-20 പൊതു ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുമോ;

(ബി) ആറാലുംമൂട് മാർക്കറ്റിനെ ആധുനിക രീതിയിൽ നവീകരിക്കുന്നതിനായി 2019-20 ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പുതിയ നിവേദനം ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ മാർക്കറ്റ് നവീകരിക്കുന്നതിനായി ഫണ്ട് നൽകിയിട്ടുണ്ടെന്നും തുക എത്രയെന്നും വ്യക്തമാക്കാമോ; നെയ്യാറ്റിൻകരയിൽ ഏതെങ്കിലും മാർക്കറ്റിന് തുക നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആറാലുംമൂട് മാർക്കറ്റ് നവീകരണത്തിനായി 2017-18-ലെ ബഡ്ജറ്റിൽ തുക ലഭ്യമല്ലാതിരുന്നതിനാൽ ആയത് ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല എന്ന് കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2019-20-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) 2018-19 സാമ്പത്തികവർഷം തിരുവനന്തപുരം ജില്ലയിൽ, മാർക്കറ്റ് നവീകരണത്തിനായി ഫണ്ട് നൽകിയിട്ടില്ല. നെയ്യാറ്റിൻകരയിൽ ഒരു മാർക്കറ്റിനും തുക നൽകിയിട്ടില്ല.

**പാറക്കൽ/ മാടായിത്തോട് പാർശ്വഭിത്തി**

82(1642) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പാറക്കൽ/മാടായിത്തോട് പാർശ്വഭിത്തി സംരക്ഷണവുമായി ബന്ധപ്പെട്ട് നിലവിലുള്ള 2837010/MIN (Agri) 2018, കെ.എൽ.ഡി.സി-യുടെ 2398/2018 എന്നീ ഫയലുകളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ ;

(ബി) കെ.എൽ.ഡി.സി - യുടെ തിരുവനന്തപുരം ഓഫീസിൽ പ്രസ്തുത അപേക്ഷ എന്നാണ് ലഭിച്ചത്; പ്രസ്തുത അപേക്ഷയിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് തൃശ്ശൂർ കെ.എൽ.ഡി.സി.-യിലേയ്ക്ക് എന്നാണ് കത്ത് നൽകിയത്; പകർപ്പ് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത അപേക്ഷ കെ.എൽ.ഡി.സി. -യുടെ തൃശ്ശൂർ ഓഫീസിൽ എന്നാണ് സ്വീകരിച്ചത്; സ്വീകരിച്ച ഉദ്യോഗസ്ഥൻ ആരാണ് ; പ്രസ്തുത അപേക്ഷ തുടർനടപടികൾക്കായി സെക്ഷൻ ക്ലർക്ക് സ്വീകരിച്ച തീയതി എന്നിവ അറിയിക്കാമോ ;

(ഡി) പ്രസ്തുത അപേക്ഷയിന്മേൽ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ഉത്തരവാദപ്പെട്ട ജീവനക്കാരൻ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(ഇ) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കും എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ&ബി) പ്രസ്തുത പ്രൊപ്പോസൽ 15-9-2018-ന് കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ ലഭ്യമായിട്ടുണ്ട്. പ്രൊപ്പോസൽ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി കോർപ്പറേഷന്റെ തൃശ്ശൂർ കൺസ്ട്രക്ഷൻ എഞ്ചിനീയർക്ക് 28-9-2018 ൽ നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത അപേക്ഷ KLDC തൃശ്ശൂർ ഓഫീസിൽ 6-10-2018-ന് കൺസ്ട്രക്ഷൻ എഞ്ചിനീയർ സ്വീകരിക്കുകയും ആയത് പ്രോജക്ട് എഞ്ചിനീയർ-II ന് കൈമാറുകയും ചെയ്തിരുന്നു. പ്രോജക്ട് എഞ്ചിനീയർ- II, ഡെപ്യൂട്ടി പ്രോജക്ട് എഞ്ചിനീയർ- III നും തുടർന്ന് അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ- IX-നും സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് ചെയ്യുവാൻ ടി അപേക്ഷ കൈമാറിയിട്ടുണ്ട്.

(ഡി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചിട്ടില്ല. പ്രളയക്കെടുതി മൂലമുണ്ടായ അടിയന്തര വർക്കുകളുടെ തിരക്കുകൾമൂലമാണ് സ്ഥലം സന്ദർശിക്കാതിരുന്നത്. ഉടനെ സ്ഥലം സന്ദർശിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്.

(ഇ) എസ്റ്റിമേറ്റ് തയ്യാറാക്കാൻവേണ്ടി ഉടൻതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് 2018 ഡിസംബർ മാസംതന്നെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ**

83(1643) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്. 24 ൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുമതി ലഭ്യമായതെന്ന് വ്യക്തമാക്കുമോ;

(ബി) കൃഷി വകുപ്പ്, കെ.എൽ.ഡി.സി. എന്നിവ മുഖാന്തരം ഏതെല്ലാം പ്രവൃത്തികൾ നല്കിയെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത എസ്റ്റിമേറ്റുകളിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുമതി നല്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ - സി) നബാർഡിന്റെ RIDF 24 സ്കീമിൽ ഉൾപ്പെടുത്തി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന മാവേലിക്കര, അടൂർ എന്നീ നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെടുന്ന കരിങ്ങാലിച്ചാൽ പുഞ്ചയുടെയും തഴക്കര പഞ്ചായത്തിൽ പെടുന്ന കോതറാകുളം, പോരടിക്കുളം, പുത്തൻകുളം എന്നിവയുടെയും അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾക്കായി KLDC 683.62 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നുവെങ്കിലും സെക്ടറൽ അലോക്കേഷൻ പരിമിതിമൂലം ടി പദ്ധതികൾക്ക് നബാർഡിൽനിന്ന് അംഗീകാരം ലഭിച്ചിട്ടില്ല.

**അഗ്രോ സർവ്വീസ് സെന്റർ**

84(1644) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ നേമം കൃഷി ഭവന്റെ കീഴിൽ 1996-ൽ തുടങ്ങിയ അഗ്രോ സർവ്വീസ് സെന്ററിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

നേമം കൃഷി ഭവന്റെ കീഴിൽ 1996-ൽ ആരംഭിച്ച അഗ്രോ സർവ്വീസ് സെന്റർ ഇപ്പോൾ പ്രവർത്തനക്ഷമമല്ല. സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടി പാടശേഖര സമിതി ഭാരവാഹികളുടെ യോഗം ചേർന്ന് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**അരൂർ മണ്ഡലത്തിലെ കാർഷിക പ്രവർത്തനങ്ങൾ**

85(1645) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പും സോയിൽ കൺസർവേഷൻ വകുപ്പും വഴി അരൂർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇവയുടെ പ്രവർത്തന പുരോഗതി ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അടൂർ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള വിവിധ പദ്ധതികൾ

86(1646) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വകുപ്പുമായി ബന്ധപ്പെട്ട് അടൂർ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ളതായ വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ അടങ്കൽ സൂചനയോടുള്ള പട്ടിക വാർഷിക ക്രമത്തിൽ ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കുന്നതിന് പരിഗണിച്ചിട്ടുള്ള പ്രധാന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് കൃഷി വകുപ്പുമായി ബന്ധപ്പെട്ട് അടൂർ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ളതായ വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ അടങ്കൽ സൂചനയോടുള്ള പട്ടിക വാർഷിക ക്രമത്തിൽ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | 2016-17 | 2017-18 | 2018-19 |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | പന്തളം കരിമ്പ് വിത്തുൽപ്പാദന കേന്ദ്രത്തിന്റെ സൗന്ദര്യവൽക്കരണം | 2662500 | 0 | 0 |
| 2 | പന്തളം കരിമ്പ് വിത്തുൽപ്പാദന കേന്ദ്രത്തിന്റെ ശർക്കര നിർമ്മാണ യൂണിറ്റിന്റെ പ്രത്യേക അറ്റകുറ്റപ്പണി | 255000 | 0 | 0 |
| 3 | പന്തളം കരിമ്പ് വിത്തുൽപ്പാദന കേന്ദ്രത്തിന്റെ കുബോട്ട ട്രാക്ടർ വാങ്ങി നൽകൽ | 630000 | 0 | 0 |
| 4 | പന്തളം കരിമ്പ് വിത്തുൽപ്പാദന കേന്ദ്രത്തിന്റെ സ്റ്റെയിൻലസ് സ്റ്റീൽ വാട്ടർ ബൗൾ സ്ഥാപിക്കൽ | 500000 | 0 | 0 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | പന്തളം കർഷക പരിശീലന കേന്ദ്രത്തിലെ സ്റ്റെയർകേസ് നിർമ്മാണം | 100000 | 0 | 0 |
| 6 | സ്റ്റേറ്റ് സീഡ് ഫാം അടൂർ തൊഴിലാളി വിശ്രമകേന്ദ്രം, വിത്ത് സംഭരണ കേന്ദ്രം | 5000000 | 0 | 0 |
| 7 | പന്തളം കരിമ്പ് വിത്തുൽപ്പാദന കേന്ദ്രത്തിലേയ്ക്ക് കൗമാറ്റ് വിതരണം | 0 | 125000 | 0 |
| 8 | പന്തളം കരിമ്പ് വിത്തുൽപ്പാദന കേന്ദ്രത്തിന് ട്രാക്ടർ വാങ്ങി നൽകൽ | 0 | 914000 | 0 |
| 9 | സ്റ്റേറ്റ് സീഡ് ഫാം അടൂർ-വിത്ത് സംഭരണ കേന്ദ്രത്തിന്റെയും തൊഴിലാളി വിശ്രമ കേന്ദ്രത്തിന്റെയും വൈദ്യുതീകരണം | 0 | 194000 | 0 |
| 10 | തോന്നല്ലൂർ കൃഷി ഭവൻ മണത്തറ്റകം ചാത്തൻ പാടശേഖരത്തിന്റെ മെയിൻ തോടിന്റെ ആഴം കൂട്ടലും തടയണയ്ക്കുള്ള ഷട്ടർ അനുവദിക്കലും | 0 | 895628 | 0 |
| 11 | തോന്നല്ലൂർ കൃഷി ഭവൻ കരിങ്ങാലി പുഞ്ച-ശാസ്താംപടി പാടശേഖരത്തിൽ റാമ്പ് നിർമ്മാണവും തോട്ടിന്റെ ആഴം കൂട്ടൽ | 0 | 238000 | 0 |
| 12 | പന്തളം തെക്കേക്കര കൃഷി ഭവൻ മാവര പാടശേഖരത്തിൽ നെയ്ത്തുകാരൻ പടിയിലെ റാമ്പ് അറ്റകുറ്റപ്പണിയും പോളിടെക്നിക്ക് പടിയിലെ റാമ്പ് നിർമ്മാണവും 3 എച്ച് പി മോട്ടോർ സ്ഥാപിക്കലും | 0 | 840000 | 0 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 13 | തോന്നല്ലൂർ കൃഷി ഭവൻ ചിറമുടി പാടശേഖരത്തിൽ വശങ്ങളുടെ സംരക്ഷണ ഭിത്തി നിർമ്മാണവും തോടിന്റെ ആഴം കൂട്ടലും | 0 | 600000 | 0 |
| 14 | തോന്നല്ലൂർ കൃഷി പുതുവാക്കൽ പാടശേഖരത്തിന്റെ വശങ്ങളുടെ സംരക്ഷണ ഭിത്തിയുടെ പുനർ നിർമ്മാണവും തോടിന്റെ ആഴം കൂട്ടലും | 0 | 965000 | 0 |
| 15 | പന്തളം തെക്കേക്കര കൃഷി ഭവൻ മാവര പാടശേഖരത്തിൽ പാലിൻകുളത്തിന്റെ ആഴം കൂട്ടലും സംരക്ഷണ ഭിത്തി നിർമ്മിക്കലും | 0 | 1000000 | 0 |
| 16 | അടൂർ ഫാമിലെ സീഡ് സ്റ്റോർ റിപ്പയർ | 0 | 0 | 656000 |
| 17 | പന്തളം ഫാർമേഴ്സ് ട്രെയിനിംഗ് സെന്റർ ഡൈനിംഗ് ഹാൾ നിർമ്മാണം | 0 | 0 | 1000000 |
| 18 | പന്തളം ഫാമിലെ ഇംപ്ലിമെന്റ് ഷെഡ് നിർമ്മാണം | 0 | 0 | 1000000 |
| 19 | പന്തളം ഫാമിലെ ആഫീസ് അറ്റകുറ്റപ്പണി | 0 | 0 | 200000 |
| 20 | VFPCK വിപണന കേന്ദ്രം മാഞ്ഞാലി (ജില്ലാ പഞ്ചായത്ത്) | 880000 | 0 | 0 |
| 21 | അടൂർ, പുല്ലാട് ഫാമുകളിലെ അടിസ്ഥാന സൗകര്യ വികസനം (ജില്ലാ പഞ്ചായത്ത്) | 0 | 294000 | 0 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 22 | അട്ടൂർ, പുല്ലാട് ഫാമുകളിലെ അടിസ്ഥാന സൗകര്യ വികസനം (ജില്ലാ പഞ്ചായത്ത്) | 0 | 0 | 469000 |
| 23 | VFPCK വിപണന കേന്ദ്രം പള്ളിക്കൽ | 0 | 0 | 1500000 |
| 24 | നെൽകൃഷി വികസനം | 989117 | 1830589 | 261357 |
| 25 | നാളികേര വികസനം | 7369668 | 6425716 | 128565 |
| 26 | ജൈവ പച്ചക്കറി വികസനം | 342760 | 352600 | 192700 |
| 27 | വിള ആരോഗ്യ പരിപാലനം | 348500 | 1281254 | 229353 |
| 28 | സുഗന്ധ വ്യഞ്ജന വിള പരിപാലനം | 0 | 198850 | 74313 |
| 29 | സ്ട്രങ്ത്തനിംഗ് ഓഫ് അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ | 1473283 | 1464599 | 498287 |
| 30 | വിള ഇൻഷ്വറൻസ് | 78146 | 93480 | 300612 |
| 31 | അഗ്രോ സർവ്വീസ് സെന്റർ | 187937 | 279850 | 219858 |
| 32 | പെൻഷൻ | 16478000 | 57825000 | 39590800 |
| 33 | പച്ചക്കറി വികസന പദ്ധതി | 3356540 | 4292310 | 2337912 |
| 34 | സോയിൽ ഹെൽത്ത് മാനേജ്മെ ന്റ് | 164000 | 243130 | 444336 |
| 35 | പ്രകൃതിക്ഷോഭ ധനസഹായം | 0 | 20279 | 1709563 |
| 36 | ഓണച്ചന്ത | 241331 | 442800 | 246000 |
| 37 | മാർക്കറ്റ് ഡെവലപ്മെന്റ് | 69700 | 437078 | 59860 |
| 38 | കേന്ദ്ര സർക്കാരിന്റെ കാർഷിക യന്ത്രവൽക്കരണ പദ്ധതി (SMAM) | 806306 | 1228760 | 0 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 39 | ബയോഗ്യാസ് | 26240 | 0 | 0 |
| 40 | പരമ്പരാഗത കൃഷി വികാസ് യോജന | 11439000 | 0 | 0 |
| 41 | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി | 1668290 | 792627 | 33739 |
| 42 | കോക്കനട്ട് ഡെവലപ്മെന്റ് സ്കീം- കോക്കനട്ട് ഡെമോൺസ്ട്രേഷൻ | 0 | 156000 | 0 |
| 43 | വെജിറ്റബിൾ സീഡ് പ്രൊഡക്ഷൻ | 0 | 35000 | 0 |
| 44 | നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും | 3439000 | 3957200 | 4100000 |

(ബി) 1. നെൽകൃഷിയുമായി ബന്ധപ്പെട്ട പരിപാടികൾ

എ. അടൂർ നിയോജകമണ്ഡലത്തിലെ കൊടുമൺ ഗ്രാമപഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന മുഴവൻ നെല്ലും കൊടുമൺ ബ്രാൻഡ് എന്ന പേരിൽ അരിയാക്കി ഉപഭോക്താക്കൾക്ക് നൽകി കർഷകർക്ക് പരമാവധി വരുമാന വർദ്ധനവിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബി. അടൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ നെൽകൃഷി സാധ്യമാകുന്ന 180 ഹെക്ടർ സ്ഥലത്തുകൂടി നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സി. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

2. പച്ചക്കറി കൃഷി വികസനം

കുടുംബശ്രീ യൂണിറ്റുകൾ മുഖേന സാധ്യമായ സ്ഥലത്ത് സംഘ കൃഷിയിലൂടെ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അങ്കമാലി മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ

87(1647) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിയുടെയും ചെലവും ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും പദ്ധതികൾ കൃഷി വകുപ്പിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അങ്കമാലി മണ്ഡലത്തിൽ 2016-17-ലും 2017-18-ലും കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരങ്ങളും ഓരോ പദ്ധതിയുടെയും ചെലവും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | 2016-17 | | 2017-18 | |
|---|---|---|---|---|---|
| | | അനുവദിച്ച തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | അനുവദിച്ച തുക(രൂപ) | ചെലവഴിച്ച തുക (രൂപ) |
| (1) | (2) | (3) | (4) | (5) | (6) |
| 1 | കർഷക പെൻഷൻ | 13116800 | 13116800 | 49066800 | 49066800 |
| 2 | കേരസമൃദ്ധി | 44700 | 44700 | -- | -- |
| 3 | ബയോഗ്യാസ് പ്ലാന്റ് | 36000 | 36000 | -- | -- |
| 4 | ക്വാളിറ്റി കൺട്രോൾ | 2970 | 2970 | 2500 | 2500 |
| 5 | ഓണസമൃദ്ധി | 300000 | 300000 | -- | -- |
| 6 | പച്ചക്കറിവികസനം | 4486814 | 4486814 | 5675552 | 5675552 |
| 7 | ഹോർട്ടികൾച്ചർ മിഷൻ | 823139 | 823139 | 1109600 | 1109600 |
| 8 | സൗജന്യ വൈദ്യുത പദ്ധതി | 6184203 | 6184203 | 3172815 | 3172815 |
| 9 | കാർഷികവിപണന വിതരണ കേന്ദ്രം | 651810 | 651810 | -- | -- |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 10 | ജൈവകൃഷി | 432056 | 432056 | 80000 | 80000 |
| 11 | വിളപരിപാലനം | 476951 | 476951 | 1370000 | 1370000 |
| 12 | നെൽകൃഷി വികസനം | 1184292 | 1184292 | 2323312 | 2323312 |
| 13 | പ്രകൃതിക്ഷോഭ ധനസഹായം (കാലവർഷം) | 220066 | 220066 | 295063 | 295063 |
| 14 | പ്രകൃതിക്ഷോഭ ധനസഹായം (വരൾച്ചക്കെടുതികൾക്ക്) | 83661 | 83661 | 2474 | 2474 |
| 15 | യന്ത്രവൽക്കരണം | 306452 | 306452 | 820430 | 820430 |
| 16 | സമഗ്ര നെൽകൃഷി | 217712 | 217712 | -- | -- |
| 17 | കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ | 56404 | 56404 | -- | -- |
| 18 | മണ്ണ് ആരോഗ്യ പരിപാലനം | 13000 | 13000 | 601500 | 601500 |
| 19 | അഗ്രോസർവ്വീസ് സെന്റർ ആന്റ് സർവ്വീസ് ഡെലിവറി | 2100 | 2100 | 5656 | 5656 |
| 20 | നടീൽവസ്തു ഉൽപ്പാദനം (കുറിയ ഇനം തെങ്ങ്) | 34770 | 34770 | -- | -- |
| 21 | ആത്മ | 9000 | 9000 | 33000 | 33000 |
| 22 | വാഴകൃഷി വികസനം | 141900 | 141900 | 24000 | 24000 |
| 23 | നെൽകൃഷി-ആർ.കെ.വി.വൈ. | 504337 | 504337 | -- | -- |
| 24 | കേരഗ്രാമം | -- | -- | 8614974 | 8614974 |
| 25 | ഓണവിപണി | -- | -- | 360000 | 360000 |
| 26 | കൃഷിവ്യാപനം | -- | -- | 160520 | 160520 |
| 27 | തെങ്ങ് കൃഷി വികസനം | -- | -- | 40265 | 40265 |

(ബി) ഈ വർഷത്തിൽ പുതിയ പദ്ധതികൾ ഒന്നും പ്രഖ്യാപിച്ചിട്ടില്ല. തുടർന്ന് വരുന്ന പദ്ധതികൾ മാത്രമാണുള്ളത്. 2018-2019 സാമ്പത്തിക വർഷത്തിൽ അനുമതി ലഭിച്ച് അങ്കമാലി മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ആയതിന്റെ നിർവ്വഹണം നടന്നുവരുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | 2018-19 | |
|---|---|---|---|
| | | അനുവദിച്ച തുക നാളിതുവരെ (രൂപ) | നാളിതുവരെ ചെലവഴിച്ച തുക (രൂപ) |
| 1 | കർഷക പെൻഷൻ | 36079600 | 36079600 |
| 2 | പച്ചക്കറി വികസനം | 4014253 | 2138119 |
| 3 | ഹോർട്ടികൾച്ചർ മിഷൻ | 11984700 | 1000000 |
| 4 | സൗജന്യ വൈദ്യുത പദ്ധതി | 3934729 | 3934729 |
| 5 | ജൈവകൃഷി | 198000 | 100050 |
| 6 | വിളപരിപാലനം | 1341800 | 182534 |
| 7 | നെൽകൃഷി വികസനം | 2156400 | 1323670 |
| 8 | പ്രകൃതിക്ഷോഭ ധനസഹായം | 5715695 | 5352818 |
| 9 | പ്രകൃതിക്ഷോഭ ധനസഹായം (വരൾച്ചാ കെടുതികൾക്ക്) | 21604656 | 21604656 |
| 10 | യന്ത്രവൽക്കരണം | 370272 | 51200 |
| 11 | സമഗ്ര നെൽകൃഷി | 424000 | 61592 |
| 12 | കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ | 74000 | 19300 |
| 13 | അഗ്രോസർവ്വീസ് സെന്റർ ആന്റ് സർവ്വീസ് ഡെലിവറി | 15753 | 11693 |
| 14 | ഓണവിപണി | 600000 | 360000 |
| 15 | വിള ഇൻഷ്വറൻസ് | 123000 | 123000 |
| 16 | സുഗന്ധവിള കൃഷി | 17600 | 17600 |
| 17 | നാളികേര വികസന പദ്ധതി | 5438860 | 152885 |

## ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

88(1648) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

നബാർഡ് ധനസഹായത്തോടുകൂടിയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 20-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജകമണ്ഡലത്തിലെ 10 കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

2017-18 സാമ്പത്തികവർഷം ആലത്തൂർ നിയോജകമണ്ഡലത്തിലെ ആലത്തൂർ, എരിമയൂർ, തേങ്കുറിശ്ശി എന്നീ പഞ്ചായത്തുകളിൽ കേന്ദ്രാവിഷ്കൃത ദേശീയ സുസ്ഥിര കൃഷി വികസന പദ്ധതി (NMSA) പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മേൽസൂചിപ്പിച്ച എല്ലാ കുളങ്ങളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ദേശീയ സുസ്ഥിര കൃഷി വികസന പദ്ധതിയിലുൾപ്പെടുത്തി ആലത്തൂർ, എരിമയൂർ, തേങ്കുറിശ്ശി പഞ്ചായത്തുകളിൽ നിന്നും 1013 മണ്ണ് സാമ്പിളുകൾ ശേഖരിച്ച് 12862 സോയിൽ ഹെൽത്ത് കാർഡുകൾ തയ്യാറാക്കി വിതരണം ചെയ്തുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈപ്പിൻ മണ്ഡലത്തിലെ കൃഷിവകുപ്പ് പദ്ധതികൾ

89(1649) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം വൈപ്പിൻ മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും അവയ്ക്ക് അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം അനുവദിക്കപ്പെട്ട പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈപ്പിൻ മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി 2,02,51,176 രൂപ ചെലവഴിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി 1,63,03,004 രൂപ ചെലവഴിച്ചു. 2018-19 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പിൽനിന്നും നൽകിയ വിവിധ പദ്ധതികൾക്കായി ഇതുവരെ 1,01,73,697 രൂപ ചെലവഴിച്ചു. ബാക്കി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## ചെട്ടിപ്പാടം പാടശേഖരം

90(1650) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ചെട്ടിപ്പാടം പാടശേഖരത്തിൽ കൃഷി ചെയ്യുവാനായി കൊച്ചിൻ കോർപ്പറേഷൻ പെട്ടിയും പറയും സ്ഥാപിക്കുവാൻ തുക അനുവദിച്ച സാഹചര്യത്തിൽ നിലമൊരുക്കുന്നതിനും പാടശേഖരം കൃഷിയോഗ്യമാക്കുന്നതിനും കൃഷി വകുപ്പ് സത്വരമായ നടപടി സ്വീകരിക്കുമോ;

(ബി) ഈ പാടശേഖരത്തിൽ കൃഷിചെയ്യുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) എറണാകുളം ജില്ലയിലെ ചെട്ടിപ്പാടം പാടശേഖരത്തിൽ കൃഷി ചെയ്യുവാനായി കൊച്ചി കോർപ്പറേഷൻ പെട്ടിയും പറയും സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത പാടശേഖരം കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ കൃഷിവകുപ്പ് സ്വീകരിക്കുന്നതാണ്.

(ബി) പാടശേഖര സമിതിയുടെ യോഗം അടിയന്തരമായി വിളിച്ചു ചേർക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അഗ്രോ സർവ്വീസ് സെന്ററുകൾ**

91(1651) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അഗ്രോ സർവ്വീസ് സെന്ററുകളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം സേവനങ്ങളാണ് അഗ്രോ സർവ്വീസ് സെന്ററുകളിൽനിന്നും കർഷകർക്ക് ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ വർഷം പുതുതായി എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 79 അഗ്രോ സർവ്വീസ് സെന്ററുകൾ നിലവിലുണ്ട്.

(ബി) കർഷക തൊഴിലാളി ക്ഷാമത്തിന് പരിഹാരം കണ്ടെത്തുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങൾ, സേവനങ്ങൾ എന്നിവ നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നത്. കാർഷിക മേഖലയിലെ തൊഴിലാളികളുടെ കുറവ് പരിഹരിക്കുക, കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക, തൊഴിലാളി കുറവുമൂലം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കാർഷിക യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉൽപ്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയ പ്രവർത്തനങ്ങളും, തെങ്ങുകയറ്റം, മരുന്നുതളി, നടീൽ തുടങ്ങിയ സേവനങ്ങളും നൽകിവരുന്നു.

അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങൾക്കുപുറമെ കാർഷിക വികസനത്തിന് ആവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവവളം തുടങ്ങിയ ഉൽപ്പാദനോപാധികളുടെ ഉൽപ്പാദനം, വിതരണം എന്നീ സേവനങ്ങൾ കൂടാതെ കൃഷിപ്പണിക്കൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുക തുടങ്ങിയ സേവനങ്ങളും അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന കർഷകർക്ക് നൽകിവരുന്നു. കൂടാതെ വിവിധയിനം ഫോറസ്ട്രി തൈകൾ, ടിഷ്യൂകൾച്ചർ തൈകൾ, പൂന്തോട്ട നിർമ്മാണം, കൂൺ കൃഷി, കൃത്യത കൃഷി, മണ്ണിര, ചകിരി കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം, ബയോഗ്യാസ് യൂണിറ്റ് നിർമ്മാണം, പോളി ഹൗസ്, ഗ്രീൻ ഹൗസ് എന്നിവയുടെ നിർമ്മാണം, ബയോ ഫാർമസി, വിള ഇൻഷ്വറൻസ്, സാന്ത്വനം/ കൗൺസിലിംഗ് സെന്റർ, വിജ്ഞാന വ്യാപനം എന്നീ സേവനങ്ങളും നൽകിവരുന്നു.

(സി) ഈ വർഷം പുതുതായി 13 അഗ്രോ സർവ്വീസ് സെന്ററുകളാണ് ആരംഭിച്ചത്. പ്രസ്തുത അഗ്രോ സർവ്വീസ് സെന്ററുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

**മാംഗോ ഹബ്ബ്**

92 (1652) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ അനുവദിച്ച മാംഗോ ഹബ്ബിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) മാംഗോ ഹബ്ബിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) മാംഗോ ഹബ്ബിന്റെ ഭാഗമായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; അവയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളയുടെ ആഭിമുഖ്യത്തിൽ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH), രാഷ്ട്രീയ കൃഷി വികാസ് യോജന (RKVVY), പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY), പരമ്പരാഗത് കൃഷി വികാസ് യോജന (PKVY) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ഏകദേശം 7 കോടി രൂപയുടെ ചുവടെ ചേർക്കുന്ന പദ്ധതികളാണ് മുതലമടയിലും സമീപ പഞ്ചായത്തുകളിലും മാവ് കൃഷി വികസനത്തിനായി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖാന്തരം നടപ്പിലാക്കുന്ന എം.ഐ.ഡി.എച്ച്. എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈടെക് നഴ്സറി, പ്രീ കൂളിംഗ് യൂണിറ്റ്, ശീതീകരണ സ്റ്റോറേജുകൾ, സംസ്കരണ യൂണിറ്റുകൾ, ഗ്രാമീണ വിപണികൾ, ചില്ലറ വിൽപ്പന ശാലകൾ, പ്ലാന്റ് ഹെൽത്ത് ക്ലിനിക് തുടങ്ങിയവ നടപ്പിലാക്കും.

2. പാലക്കാട് ജില്ലയിൽ ആർ.കെ.വി.വൈ. ഫണ്ട് വിനിയോഗിച്ചുകൊണ്ട് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ കേരള മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള 275 ലക്ഷം രൂപയുടെ പദ്ധതിയായ "A Pilot Project Proposal for the Improvement of Mango cultivation" -ന് ഭരണാനുമതി നൽകിയിട്ടുണ്ട്. വിള വിസ്തൃതി വർദ്ധിപ്പിക്കൽ, നിലവിലുള്ള തോട്ടങ്ങളുടെ പുനരുദ്ധാരണം, പാക്ക് ഹൗസുകൾ, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ, പ്രദർശന തോട്ടങ്ങൾ, റൈപ്പനിംഗ് ചേമ്പറുകൾ എന്നിവ മാവ് കൃഷി വികസനത്തിനായുള്ള പദ്ധതി ഘടകങ്ങളാണ്.

3. പി.കെ.വി.വൈ.-ക്ലസ്റ്റർ അടിസ്ഥാനത്തിൽ പി.ജി.എസ്. (PGS) സർട്ടിഫിക്കേഷനിലൂടെ ജൈവകൃഷി 1760 ഹെക്ടറിൽ (50 ഏക്കർ വിസ്തൃതിയുള്ള 88 ക്ലസ്റ്ററുകൾ) മാവ് കൃഷിക്കുവേണ്ടി നടപ്പിലാക്കും. (മുതലമട- 68, പട്ടാഞ്ചേരി- 20.)

4. പി.എം.കെ.എസ്.വൈ.- അതർ ഇന്റർവെൻഷൻ പദ്ധതിയിൽ വ്യക്തിഗത ജലസംഭരണികൾ, കുഴൽക്കിണറുകൾ, കുളങ്ങളുടെ നവീകരണം, പമ്പ് സെറ്റുകൾ തുടങ്ങിയവയും കണിക- സ്പ്രിംഗ്ലർ ജലസേചന പദ്ധതിയും നടപ്പിലാക്കും.

മുതലമട ഫാമിൽ മാംഗോ അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കർഷക ക്ഷേമനിധി ബോർഡ്**

93(1653) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക ക്ഷേമ നിധി ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കർഷക ക്ഷേമനിധി ബോർഡിൽ അംഗത്വം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി കർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ 14-ാം കേരള നിയമസഭ ബിൽ നമ്പർ 151 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ബിൽ ഈ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്.

**തലശ്ശേരി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

94(1654) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിന്റെ സഹായത്തോടെയുള്ള കണ്ണിച്ചിറ തോട് നവീകരണവും ഭിത്തികെട്ടലും പാലാഴി തോട് നവീകരണം, കൊട്ടാരക്കണ്ടി പൂവൻതോട് നവീകരണം എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ ചൊക്ലി പഞ്ചായത്തിലെ പാലാഴി തോടിന്റെ നവീകരണ പ്രവൃത്തിയുടെ Detailed Project Report നബാർഡ് ആർ.ഐ.ഡി.എഫ്. 24-ാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ചിരുന്നെങ്കിലും സെക്ടറൽ അലോക്കേഷൻ പരിമിതിമൂലം ടി പദ്ധതിക്ക് അംഗീകാരം നൽകാൻ കഴിഞ്ഞിട്ടില്ല. പാലാഴി തോട് നവീകരണത്തിനായി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിൽ ലഭിച്ച നിവേദനത്തിന്മേൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചുവരുന്നുണ്ട്.

പാലാഴി തോടിന്റെ പാർശ്വഭിത്തി നിർമ്മാണം നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി 1,100,64,000 രൂപയുടെ അടങ്കൽ തുക വരുന്ന പദ്ധതിക്കുള്ള വിശദമായ ഡി.പി.ആർ. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ തയ്യാറാക്കിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ എരഞ്ഞോളി പഞ്ചായത്തിലെ പൂവൻതോടിന്റെ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തിയുടെ Detailed Project Report പി.എം.കെ.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയിട്ടുണ്ട്. കൊട്ടാരക്കണ്ടി പൂവൻതോടിന്റെ നവീകരണത്തിന് ഏകദേശം 2.11 കോടി രൂപ കണക്കാക്കിക്കൊണ്ട് കണ്ണൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ട ചില പ്രദേശങ്ങൾ കണ്ടൽക്കാട് നിറഞ്ഞതാണ്.

കണ്ണിച്ചിറതോട് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള നടപടി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

## ആശുപത്രി കെട്ടിടം, റോഡ് നിർമ്മാണം എന്നിവയുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച്

95(1655) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ സഹകരണ ആശുപത്രി കെട്ടിടം, ഇരിമ്പിളിയം പഞ്ചായത്തിലെ തിരുനെലം-വെണ്ടല്ലൂർ റോഡ് നിർമ്മാണം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന് നൽകിയ പ്രപ്പോസലുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പൊതു ആവശ്യത്തിനുവേണ്ടിയുള്ള ഈ രണ്ട് പ്രൊപ്പോസലുകളുടെയും ഫയലുകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച ഭരണാനുമതിക്കുവേണ്ടിയുള്ള പ്രെപ്പോസലുകൾ പരിശോധിച്ച് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കോട്ടയ്ക്കൽ സഹകരണ ആശുപത്രി കെട്ടിടം, ഇരിമ്പിളിയം പഞ്ചായത്തിലെ തിരുനെല്ലം-വെണ്ടയൂർ റോഡ് നിർമ്മാണം എന്നിവയ്ക്കായി നിലം പരിവർത്തനപ്പെടുത്താൻ സമർപ്പിച്ച അപേക്ഷ സംസ്ഥാനതല സമിതി വിശദമായി പരിശോധിക്കുകയും പ്രസ്തുത അപേക്ഷകൾ നിരസിച്ചുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ബാധകമല്ല.

## കാർഷിക തൊഴിലാളി ക്ഷാമം

96(1656) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദഗ്ധരായ കാർഷിക തൊഴിലാളികളുടെ കുറവ് നിമിത്തം കർഷകർ വലിയതോതിൽ ബുദ്ധിമുട്ടുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദഗ്ധരായ കാർഷിക തൊഴിലാളികളുടെ കുറവ് കാർഷികോൽപ്പാദനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട് എന്നത് കണക്കിലെടുത്ത് കാർഷിക തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിദഗ്ധരായ കാർഷിക തൊഴിലാളികളുടെ കുറവ് കാർഷികോത്പാദനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട് എന്നത് കണക്കിലെടുത്ത് കാർഷിക തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി വിവിധ നടപടികൾ എടുത്തുവരുന്നു.

ഇതിലേയ്ക്കായി എല്ലാ ബ്ലോക്കുകളിലും അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ച് കാർഷിക യന്ത്രവൽക്കരണവും വിദഗ്ധരായ കാർഷക തൊഴിലാളികളുടെ സേവനവും ഉറപ്പുവരുത്തുന്ന പദ്ധതി തുടരുന്നു. നാളിതുവരെ 79 അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ 13 അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കാൻ നടപടി എടുത്തിട്ടുണ്ട്. ഇത്തരം അഗ്രോ സർവ്വീസ് സെന്ററുകളിലെ അംഗങ്ങൾക്ക് വിദഗ്ധ പരിശീലനവും നൽകിവരുന്നു. കൂടാതെ തൊഴിലാളികളുടെ ലഭ്യതയും കൃത്യമായ സേവനവും ഉറപ്പുവരുത്തുന്നതിലേയ്ക്കായി സംസ്ഥാനത്ത് പഞ്ചായത്തുതലത്തിൽ 200 കാർഷിക കർമ്മസേനകൾ നിലവിലുണ്ട്. ഈ വർഷം 100 പഞ്ചായത്തുകളിൽ പുതിയതായി കാർഷിക കർമ്മസേനകൾ രൂപീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ കാർഷിക കർമ്മസേനകൾക്ക് യന്ത്രങ്ങൾ നൽകി കൂടുതൽ പ്രയോജനപ്രദമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ കാർഷിക സേവന കേന്ദ്രത്തിലും/കാർഷിക കർമ്മ സേനയിലും കുറഞ്ഞത് 25 മുതൽ 35 വരെ സേവനദായകരെ വീതം പരിശീലിപ്പിച്ച് തയ്യാറാക്കി കാർഷിക പ്രവൃത്തികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. ആവശ്യാനുസരണം വിദഗ്ധരായ സേവനദായകരുടെ എണ്ണം വർദ്ധിപ്പിച്ച് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ 79 കാർഷിക സേവന കേന്ദ്രങ്ങളിലും, 200 കാർഷിക കർമ്മ സേനകളിലും കൂടി 3039 സേവനദായകർ പ്രവർത്തിക്കുന്നുണ്ട്.

**കാർഷിക വിഭവങ്ങളിൽനിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം**

97(1657) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂല്യവർദ്ധിത ഉൽപ്പന്ന വിപണിയിൽ കേരളത്തിലെ കാർഷിക വിഭവങ്ങൾക്കുള്ള രാജ്യാന്തര താൽപ്പര്യം തിരിച്ചറിഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ കാർഷിക വിഭവങ്ങളിൽനിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) നിലവിൽ ഏതെല്ലാം കാർഷിക ഫലങ്ങളിൽ നിന്നാണ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതെന്നും എത്ര പേർക്ക് ഇതുവഴി തൊഴിൽ ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) കാർഷിക വിഭവങ്ങളുടെ എത്ര ശതമാനമാണ് നിലവിൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിനായി ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

## ഉത്തരം

(എ&ബി) ഉണ്ട്. മൂല്യവർദ്ധിത ഉൽപ്പന്ന വിപണിയിൽ കേരളത്തിലെ കാർഷിക വിഭവങ്ങൾക്കുള്ള രാജ്യാന്തര താൽപ്പര്യം തിരിച്ചറിഞ്ഞിട്ടുണ്ട്. കാർഷിക വിഭവങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിനായി എസ്.എഫ്.എ.സി. കേരളത്തിലെ വിവിധ ജില്ലകളിലായി തേങ്ങ, ചക്ക, മാങ്ങ, വാഴപ്പഴം, സുഗന്ധദ്രവ്യങ്ങൾ, മറ്റ് പഴവർഗ്ഗങ്ങൾ എന്നിവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ 42 സംരംഭകർക്ക് 40 ശതമാനം സബ്സിഡി നിരക്കിൽ 1.15 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. 2018-19 വർഷത്തിൽ 6 കോടി രൂപ വിവിധ സംരംഭങ്ങൾക്കായി ധനസഹായം നൽകുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്. ഈ തുകകൊണ്ട് 50 ശതമാനം സബ്സിഡി നിരക്കിൽ 18 സംരംഭകർക്ക് ധനസഹായം നൽകുന്നതാണ്. കൂടാതെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സംഭരണം തുടങ്ങുന്നതിനായി സംരംഭകർക്ക് വിവിധ പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. 2016 വർഷം മുതൽ 'വൈഗ' എന്ന പേരിൽ അന്തർദ്ദേശീയതലത്തിലുള്ള കാർഷിക മേളയും പ്രദർശനവും സംഘടിപ്പിച്ചു വരുന്നുണ്ട്.

കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ സംസ്ഥാനത്തുടനീളമുള്ള ഗവേഷണ കേന്ദ്രങ്ങൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കോളേജുകൾ എന്നിവിടങ്ങളിൽ പഴം, പച്ചക്കറികൾ, സുഗന്ധവ്യഞ്ജന വിളകൾ, നാളികേരം, ഔഷധ സസ്യങ്ങൾ എന്നീ കാർഷിക വിളകളിലെല്ലാംതന്നെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് കർഷകർക്കും പൊതുസമൂഹത്തിനും വിതരണം ചെയ്തുവരുന്നുണ്ട്.

തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ 'ബനാനാ ആന്റ് ഹണി പാർക്ക്' സ്ഥാപിക്കുന്നതിന് 25.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഡി.പി.ആർ. തയ്യാറാക്കി കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന് (KIIFB) സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ബനാന ആൻഡ് ഹണി പാർക്കിന് ഒന്നാം ഘട്ടമായി 14.28 കോടി രൂപയുടെ അനുമതി KIIFB നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) നിലവിൽ പഴവർഗ്ഗങ്ങൾ, ചക്ക, മാങ്ങ, കൈതച്ചക്ക, വാഴപ്പഴം, പപ്പായ, ഓറഞ്ച്, നെല്ലിക്ക, പാഷൻ ഫ്രൂട്ട് മുതലായ ഫലവർഗ്ഗങ്ങളിൽനിന്നും, സുഗന്ധദ്രവ്യങ്ങൾ, തേങ്ങ, പച്ചക്കറികൾ, കിഴങ്ങ് വർഗ്ഗങ്ങൾ മുതലായവയിൽ നിന്നുമാണ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നത്. ഇതുവഴി 385 പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്.

(ഡി) കാർഷിക വിഭവങ്ങളുടെ 9-10 ശതമാനമാണ് നിലവിൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിനായി ഉപയോഗിക്കുന്നത്.

## കോഴിക്കോട് ജില്ലയിലെ തണ്ണീർത്തട പദ്ധതികൾ

98(1658) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സോയിൽ കൺസർവേഷൻ വകുപ്പ് നടപ്പ് സാമ്പത്തിക വർഷം അംഗീകാരത്തിന് നൽകിയ തണ്ണീർത്തട പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് എത്ര രൂപ നടപ്പ് സാമ്പത്തിക വർഷം നീക്കിവച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പ് സാമ്പത്തികവർഷം നീർത്തടാടിസ്ഥാനത്തിലുള്ള 6 പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു:

| പദ്ധതി | പഞ്ചായത്ത് | അടങ്കൽ തുക (ലക്ഷം) |
|---|---|---|
| 1. കരണ്ടോട്- കറുങ്ങോട്ട് താഴെ നീർത്തടം (RIDF- 24) | കായക്കൊടി, കുറ്റ്യാടി, കുന്നുമ്മൽ, കോട്ടൂർ, കായണ്ണ | 500 |
| 2. ആനക്കുളം-കല്ലുള്ളതോട് നീർത്തടം (RIDF- 24) | കാവിലുംപാറ, കട്ടിപ്പാറ | 505 |
| 3. കരിമ്പാലക്കണ്ടി നീർത്തടം (ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളുടെ സംരക്ഷണ പദ്ധതി) | കാവിലുംപാറ | 70 |
| 4. കപ്പള്ളി- നെടുങ്കണ്ടി പാടശേഖരം വികസന സമിതി (RKVY) | തിരുവള്ളൂർ | 53.74 |

| | | |
|---|---|---|
| 5. കക്കയം നീർത്തടം (പെരുവണ്ണാമൂഴിജലസംഭരണിയുടെ വൃഷ്ടി പ്രദേശ സംരക്ഷണ പദ്ധതി) | കൂരാച്ചുണ്ട് | 258 |
| 6. മണ്ണൂർ- തലയാട് നീർത്തടം (ജില്ലാ പഞ്ചായത്തിലേയ്ക്ക് സമർപ്പിച്ചത്) | മരുതോങ്കര, പനങ്ങാട്, കട്ടിപ്പാറ | 737.85 |

(ബി) മേൽസൂചിപ്പിച്ച പദ്ധതികളിൽ കരിമ്പാലക്കണ്ടി നീർത്തട പദ്ധതി, കപ്പള്ളി-നെടുങ്കണ്ടി പാടശേഖരം വികസന പദ്ധതി, കക്കയം നീർത്തടം പദ്ധതി എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

(സി) പെരുവണ്ണാമൂഴി ജലസംഭരണിയുടെ വൃഷ്ടിപ്രദേശ സംരക്ഷണത്തിനായുള്ള പദ്ധതിയിൽ ഉൾപ്പെട്ട കക്കയം നീർത്തട പദ്ധതിക്ക് 15 ലക്ഷം രൂപയും ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളുടെ സംരക്ഷണത്തിനായുള്ള പദ്ധതിയിലുൾപ്പെട്ട കരിമ്പാലക്കണ്ടി നീർത്തട പദ്ധതിക്ക് 30 ലക്ഷം രൂപയും നടപ്പ് സാമ്പത്തിക വർഷം നീക്കിവച്ചിട്ടുണ്ട്.

## നിലംനികത്തിയുള്ള അനധികൃത പാർക്കിംഗ്

99(1659) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ലേക്പാലസ് റിസോർട്ടിന് മുന്നിലുള്ള നിലം നികത്തി അനധികൃതമായി പാർക്കിംഗ് ഏരിയ നിർമ്മിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അനധികൃത പാർക്കിംഗ് ഏരിയ പൊളിച്ച് നീക്കണമെന്ന് ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് സർക്കാർ ശരിവച്ചിട്ടുണ്ടോ;

(സി) നികത്തിയ നെൽവയൽ പുനഃസ്ഥാപിക്കുന്നതിനായുള്ള കളക്ടറുടെ ഉത്തരവ് അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) അനധികൃത പാർക്കിംഗ് പൊളിച്ചുനീക്കണമെന്നുള്ള ആലപ്പുഴ ജില്ലാ കളക്ടറുടെ ഉത്തരവ് സർക്കാർ ശരിവച്ചുകൊണ്ട് 13-11-2018 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നികത്തിയ നെൽവയൽ പോലീസിന്റെ സഹായത്തോടെ പുനഃസ്ഥാപിക്കുന്നതിന് ജില്ലാ കളക്ടറിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പ്രളയംമൂലം മണ്ണിന്റെ ഘടനയിൽ വന്ന മാറ്റങ്ങൾ

100(1660) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിനുശേഷം മണ്ണിൽ അമ്ലാംശം വർദ്ധിച്ചതായി പഠന റിപ്പോർട്ടുകൾ വന്നിട്ടുണ്ടോ;

(ബി) മണ്ണൊലിപ്പുണ്ടായ മേഖലകളിൽ മണ്ണിന്റെ പോഷക മൂല്യങ്ങൾ നശിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഒന്നര മാസത്തോളം വെള്ളം കെട്ടിനിന്ന കുട്ടനാടൻ പാടശേഖരങ്ങളിലെ മണ്ണിന്റെ ഘടന സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ഡി) വെള്ളക്കെട്ട്, എക്കൽ നിക്ഷേപം, മണ്ണ് നിക്ഷേപം, മണ്ണൊലിപ്പ് എന്നിവ കേരളത്തിലാകമാനം മണ്ണിന്റെ സ്വഭാവത്തിലും ഘടനയിലും വരുത്തിയ മാറ്റങ്ങളും അവ കാർഷിക മേഖലയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളും വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ കൃഷിനാശം നേരിടുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വിളപരിപാലനത്തിനും സംരക്ഷണത്തിനുമായി വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനുമായി കേരള കാർഷിക സർവ്വകലാശാല, ഗവേഷണ കേന്ദ്രങ്ങൾ, കൃഷി വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സരക്ഷണ വകുപ്പ് എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും അടങ്ങുന്ന ടീമുകളെ 14-9-2018-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 930/2018/കൃഷി പ്രകാരം നിയോഗിച്ചിരുന്നു.

ഇതിൻപ്രകാരം കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി സമർപ്പിച്ച റിപ്പോർട്ടിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിനുശേഷം പൊതുവെ മണ്ണിന്റെ അമ്ലരസം വർദ്ധിച്ചതായി കാണപ്പെടുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) മേൽമണ്ണ് ഒലിച്ചുപോയ മലയോര മേഖലകളിലെയും കുന്നിൻ പ്രദേശങ്ങളിലെയും മണ്ണിൽനിന്ന് മേൽമണ്ണിനോടൊപ്പം പോഷകമൂലകങ്ങൾ ധാരാളമായി നഷ്ടപ്പെട്ടതായി കണ്ടിട്ടുണ്ട്. ജൈവാംശവും ഒപ്പംതന്നെ മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, കാൽസ്യം, മഗ്നീഷ്യം, സൾഫർ, ബോറോൺ തുടങ്ങിയവയും നഷ്ടപ്പെട്ടിട്ടുണ്ട്.

(സി) കുട്ടനാട് മേഖലയിലെ പാടശേഖരങ്ങളിൽ അടിഞ്ഞുകൂടിയ എക്കൽ മണ്ണിന്റെ തോതിൽ വളരെയേറെ വ്യത്യാസം കാണുന്നുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപ്പർ കുട്ടനാട് മേഖലയിലെ വിവിധ പാടശേഖരങ്ങളിൽ ഏകദേശം 1.5 സെന്റീമീറ്റർ മുതൽ 17 സെന്റീമീറ്റർ വരെ കനത്തിൽ എക്കൽ അടിഞ്ഞുകൂടിയിട്ടുണ്ട്. എന്നാൽ ലോവർ കുട്ടനാടൻ പാടങ്ങളിൽ ഇത് താരതമ്യേന കുറവാണ്. (1.5 സെന്റീമീറ്റർ മുതൽ 6 സെന്റീമീറ്റർ വരെ.) തുടർച്ചയായി ഏതാണ്ട് ഒന്നര മാസത്തോളം വെള്ളം കെട്ടിനിന്നതിനാൽ മണ്ണിൽ നിരോക്സീകരണം നടന്നിട്ടുണ്ട്. പഠന സമയത്ത് കിട്ടിയ മണ്ണ് പരിശോധനാഫലം അനുസരിച്ച് അമ്ലതയും ലവണാംശവും നെൽകൃഷിക്ക് യോജിച്ച അളവിൽ തന്നെയാണ്. ജൈവിക കാർബൺ കൂടിയ നിലയിലാണെങ്കിലും ചെടിക്ക് വലിച്ചെടുക്കാവുന്ന രീതിയിൽ നൈട്രജൻ രൂപത്തിൽ ആയിത്തീരുന്നതിന് കാലതാമസം നേരിടും. ഫോസ്ഫറസ്, പൊട്ടാസ്യം എന്നീ മൂലകങ്ങൾ മണ്ണിൽ ആവശ്യമായ അളവിലില്ല. ദ്വിതീയ മൂലകങ്ങളായ കാൽസ്യം, സൾഫർ എന്നിവയുടെ അളവ് വളരെ കൂടുതലാണ്. എന്നാൽ മഗ്നീഷ്യത്തിന്റെ അളവ് അപര്യാപ്തമായി തുടരുന്നു. സൂക്ഷ്മ മൂലകങ്ങളായ ചെമ്പ്, സിങ്ക് എന്നിവയുടെ അളവ് പൊതുവെ അധികമാണ്. എന്നാൽ മണ്ണിലെ ജൈവാംശം കൂടുതലായതിനാൽ ഇത് ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയില്ല.

(ഡി) സംസ്ഥാനത്തുണ്ടായ പ്രളയത്തിനുശേഷം പൊതുവെ മണ്ണിന്റെ അമ്ലരസം വർദ്ധിച്ചതായി കാണപ്പെടുന്നു. മേൽമണ്ണ് ഒലിച്ചുപോയ മലയോര മേഖലകളിലെയും കുന്നിൻ പ്രദേശങ്ങളിലെയും മണ്ണിൽനിന്ന് മേൽമണ്ണിനോടൊപ്പം പോഷക മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, കാൽസ്യം, മഗ്നീഷ്യം, സൾഫർ, ബോറോൺ തുടങ്ങിയവയും നഷ്ടപ്പെട്ടിട്ടുണ്ട്. കൂടാതെ സമതല പ്രദേശങ്ങളിലും പുഴയോര പ്രദേശങ്ങളിലും നെൽപ്പാടങ്ങളിലും വലിയതോതിൽ എക്കൽ അടിഞ്ഞുകൂടിയിട്ടുണ്ട്. പുഴയോട് ചേർന്നു കിടക്കുന്ന തീരങ്ങളിലെ പാടങ്ങളിൽ ഉൾപ്പെടെ വലിയതോതിൽ മണലും അടിഞ്ഞുകൂടിയിട്ടുണ്ട്. ഈ എക്കൽ പോഷക മൂലകങ്ങളാൽ സമ്പുഷ്ടമാണ്. എന്നാൽ പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം, ബോറോൺ എന്നീ മൂലകങ്ങളുടെ അഭാവം ശ്രദ്ധിക്കേണ്ടതുണ്ട്. ഘന ലോഹങ്ങളുടെയോ കീടനാശിനി അവശിഷ്ടങ്ങളുടെയോ സാന്നിധ്യം ഈ എക്കൽ പരിശോധനയിൽ കണ്ടിട്ടില്ല. എക്കലിന്റെ അമ്ലത്വം നിർവീര്യാവസ്ഥയിലാണ്. ഇത് അഭികാമ്യമായ നിലയിലാണ്. ഈ എക്കൽ മണ്ണ് സൂക്ഷ്മ രൂപത്തിലുള്ള തരികളായതുകൊണ്ട് ഇവ ഉണങ്ങുമ്പോൾ അടിഞ്ഞുകൂടിയ എക്കലിന്റെ അളവിനനുസരിച്ച് പല ഘനത്തിലുള്ള പാളികളായി മണ്ണിന്റെ മേൽത്തട്ടിൽ ഉറച്ച് പോകുന്നു. തൻമൂലം മണ്ണിലെ വായുസഞ്ചാരത്തിനും വേരുകളുടെ വളർച്ചയ്ക്കും വിഘാതമാകുന്നു.

## പ്രളയത്തിനുശേഷം മണ്ണിന്റെ ഘടനയിൽ മാറ്റം

101(1661) ശ്രീ. കെ. എൻ. എ. ഖാദർ :

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :

ശ്രീ. ടി. വി. ഇബ്രാഹിം :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ വിവിധ ഭൂപ്രദേശങ്ങളിൽ മണ്ണിന്റെ ഘടനയിൽ മാറ്റംവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഭാവിയിൽ കൃഷിയെ എങ്ങനെ ബാധിക്കുമെന്നതും ഇതിനനുസരിച്ച് കൃഷി രീതികളിൽ എങ്ങനെ മാറ്റം വരുത്തണമെന്നതും സംബന്ധിച്ച് വിശദമായ പഠനങ്ങൾ എന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള പഠനം നടത്താൻ ആരെയാണ് ചുമതല പ്പെടുത്തിയതെന്നും ആ ടീമിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ കൃഷിനാശം നേരിടുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വിളപരിപാലനത്തിനും സംരക്ഷണത്തിനുമായി വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനുമായി കേരള കാർഷിക സർവ്വകലാശാല, ഗവേഷണ കേന്ദ്രങ്ങൾ, കൃഷി വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സരക്ഷണ വകുപ്പ് എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും അടങ്ങുന്ന ടീമുകളെ 14-9-2018-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 930/2018/കൃഷി പ്രകാരം നിയോഗിച്ചിട്ടുണ്ട്.

(ബി) 14-9-2018-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 930/2018/കൃഷി പ്രകാരം കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ ടീം ലീഡർ ആയിട്ടുള്ള 6 ടീമുകൾ രൂപീകരിച്ച് തൃശ്ശൂർ, പാലക്കാട്/മലപ്പുറം, കോഴിക്കോട്/ വയനാട്, എറണാകുളം, ആലപ്പുഴ/കോട്ടയം, ഇടുക്കി എന്നീ ജില്ലകൾ സന്ദർശിച്ച്

പ്രളയാനന്തരം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മണ്ണിനും പരിസ്ഥിതിക്കും സംഭവിച്ച മാറ്റത്തെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തി വിള പരിപാലനത്തിനും വിള സംരക്ഷണത്തിനും മണ്ണിന്റെ ഫലഭൂയിഷ്ഠത വീണ്ടെടുക്കുന്നതും ഉൾപ്പെടെയുള്ളവ സംബന്ധിച്ച് ശിപാർശകൾ നൽകാൻ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ഓരോ ജില്ലയിലും രൂപീകരിച്ച സംഘങ്ങൾ പ്രളയ ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം സംസ്ഥാനത്ത് പ്രളയത്തിനുശേഷം പൊതുവെ മണ്ണിന്റെ അമ്ലരസം വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

## ആലത്തൂർ കുളങ്ങളുടെ നവീകരണം

102(1662) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ നവീകരണത്തിനായി തെരഞ്ഞെടുത്ത കുളങ്ങളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയ മൊത്തം തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) നവീകരണ പ്രവർത്തനങ്ങൾ എന്ന് മുതൽ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) നബാർഡ് ധനസഹായത്തോടുകൂടിയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 20-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജക മണ്ഡലത്തിലെ 10 കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*. ആർ.ഐ.ഡി.എഫ്. 24-ാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി ആലത്തൂർ മണ്ഡലത്തിൽ ആലത്തൂർ പഞ്ചായത്തിലെ 'പടിഞ്ഞാറെ വീടുകുളം' മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നവീകരിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

കേരള ലാന്റ് ഡെവലപ്‌മെന്റ് കോർപ്പറേഷൻ മുഖേന പാലക്കാട് ജില്ലയിലെ ആലത്തൂർ നിയമസഭാ മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലായി 114 കുളങ്ങൾ നവീകരണ പ്രവർത്തനത്തിനായി 2005 ൽ ഡി.പി.ആർ. തയ്യാറാക്കിയിരുന്നു. ടി കുളങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

(ബി) ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 24-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ 8 കുളങ്ങളുടെ പുനരുദ്ധാരണത്തിനായി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് സമർപ്പിച്ച 589.62 ലക്ഷം രൂപയുടെ പദ്ധതിയിൽ 53.75 ലക്ഷം രൂപ അടങ്കലുള്ള 'പടിഞ്ഞാറെ വീട്ടുകുളം' നവീകരണവും ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. എന്നാൽ പദ്ധതിക്ക് ആർ.ഐ.ഡി.എഫ്. 24-ൽ അംഗീകാരം ലഭിച്ചിട്ടില്ല. 2005-ൽ കേരള ലാൻഡ് ഡെവലപ്‌മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ 114 കുളങ്ങളുടെ നവീകരണത്തിനുള്ള പ്രൊപ്പോസലുകളിന്മേലും ഭരണാനുമതി നൽകിയിട്ടില്ല.

(സി) ബാധകമല്ല.

## കാർഷിക സർവ്വകലാശാലയ്ക്ക് വാഹനം വാങ്ങുന്നതിനായി എം.എൽ.എ. ഫണ്ട് സഹായം

103(1663) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവകലാശാലയ്ക്ക് വാഹനങ്ങൾ വാങ്ങുന്നതിനായി കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നോ, ആസ്തി വികസന ഫണ്ടിൽ നിന്നോ തുക ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

104(1664) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലകളുടെ ദേശീയതലത്തിലുള്ള റാങ്കിംഗിൽ സംസ്ഥാനത്തെ കാർഷിക സർവ്വകലാശാല മുൻവർഷത്തെ അപേക്ഷിച്ച് വളരെയധികം പിന്നോട്ടുപോയി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ കാർഷിക സർവ്വകലാശാല പ്രവർത്തനം പരിശോധിച്ച് റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വെറ്ററിനറി ഫാക്കൽറ്റിയും ഫിഷറീസ് ഫാക്കൽറ്റിയും പ്രത്യേക സർവ്വകലാശാലകളായി കാർഷിക സർവ്വകലാശാലയിൽ നിന്നും വേർപിരിഞ്ഞപ്പോൾ കുട്ടികളുടെ എണ്ണത്തിലും കോളേജുകളുടെ എണ്ണത്തിലും ഗണ്യമായ കുറവ് അനുഭവപ്പെടുകയും തന്മൂലം ICAR-ൽനിന്നും കിട്ടുന്ന SRF, JRF തുടങ്ങിയ ഫെലോഷിപ്പുകളുടെ എണ്ണത്തിൽ കുറവുവന്നതും കൂടാതെ 766 അദ്ധ്യാപക തസ്തികകളുള്ള സർവ്വകലാശാലയിൽനിന്ന് റിട്ടയർമെന്റ്മൂലം അദ്ധ്യാപകരുടെ എണ്ണം 355 ആയി കുറഞ്ഞതുംമൂലം അദ്ധ്യാപകരുടെ റിസർച്ച് പബ്ലിക്കേഷന്റെ എണ്ണത്തിലും വിദ്യാർത്ഥി പരിശീലനത്തിന്റെ തോതിലും കുറവ് വന്നത് റാങ്കിംഗിനെ സാരമായി ബാധിച്ചു.

(സി) പ്രവേശനത്തിനുള്ള വിദ്യാർത്ഥികളുടെ സീറ്റുകൾ വർദ്ധിപ്പിക്കുകയും പുതിയ കോളേജുകൾ തുടങ്ങുകയും ചെയ്തതുമൂലം ഫെലോഷിപ്പുകളും ഗവേഷണ ഫലങ്ങളും വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഒഴിഞ്ഞുകിടക്കുന്ന അദ്ധ്യാപക തസ്തികകൾ നികത്തുന്നതിനുവേണ്ടി ഇന്റർവ്യൂ നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ കൂടുതൽ കുട്ടികൾക്ക് ICAR-ന്റെ ഫെല്ലോഷിപ്പ് ലഭിക്കുന്നതിനുവേണ്ടി കോച്ചിംഗ് ക്ലാസ്സുകൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചതിനാലും കേരള കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിക്കും.

## കോന്നിയിൽ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ നിർമ്മാണം

105(1665) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) കോന്നി താലൂക്കിൽ ഐരവൺ വില്ലേജിൽ കൃഷി വകുപ്പിന്റെ കൈവശമുള്ള സ്ഥലം പാട്ടത്തിൽ ഏറ്റെടുക്കുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത്;

(സി) ആയത് സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ നിർദ്ദേശം നല്കുമോ?

<u>ഉത്തരം</u>

(എ&ബി) കോന്നിയിൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ ഐരവൺ വില്ലേജിൽ അരുവാപ്പുറം പഞ്ചായത്തിൽ ബ്ലോക്ക് 35, റീസർവ്വേ നമ്പർ 120-ഉം ബ്ലോക്ക് 34-ൽ റീസർവ്വേ നമ്പർ 146-ഉം പന്തളം കൃഷി ഭവന് കീഴിൽ വരുന്നതുമായ ഭൂമിയിൽനിന്ന് 2 ഏക്കർ 84 സെന്റ് സ്ഥലം വെയർഹൗസിംഗ് കോർപ്പറേഷന് ഗോഡൗൺ നിർമ്മിക്കുന്നതിനായി ഉടമസ്ഥാവകാശം കൈമാറാതെ പാട്ട വ്യവസ്ഥയിൽ നൽകുന്നതിന് കൃഷി ഡയറക്ടർ അനുകൂലമായി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശം കൈമാറാതെ ടി സ്ഥലം പാട്ടവ്യവസ്ഥയിൽ ഏറ്റെടുക്കുന്നതിന് വെയർഹൗസിംഗ് കോർപ്പറേഷൻ സന്നദ്ധമാണെങ്കിൽ പാട്ടം സ്വീകരിക്കാനുള്ള അപേക്ഷ പത്തനംതിട്ട ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതിനും ജില്ലാ കളക്ടറുടെ ശിപാർശ സഹിതം ഭൂമി പാട്ടത്തിനുള്ള അപേക്ഷയും അനുബന്ധ രേഖകളും (ബി.ടി.ആർ., വില നിർണ്ണയ സ്റ്റേറ്റ്മെന്റ്, ലൊക്കേഷൻ സ്കെച്ച് തുടങ്ങിയവ) സർക്കാരിൽ ലഭ്യമാക്കാനും എം.ഡി.-ക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 8-10-2018-ൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ പത്തനംതിട്ട ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) സർവ്വേ സബ് ഡിവിഷൻ സ്കെച്ച് തയ്യാറാക്കിയിട്ടുള്ളതും സ്ഥലം പാട്ടത്തിന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണ്. പ്രസ്തുത നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് പത്തനംതിട്ട ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ കോന്നി താലൂക്ക് ഓഫീസിൽ നടന്നുവരുന്നു.

## കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ഇളവ്

106(1666) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് വീതി കൂട്ടുന്നതിനായി സൗജന്യമായി സ്ഥലം വിട്ടുനൽകിയവർക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ സൗജന്യമായി സ്ഥലം വിട്ടുനൽകിയ ഉടമകൾക്ക് പ്രസ്തുത സ്ഥലത്തോട് ചേർന്ന് പുതിയ കെട്ടിടം പണിയുമ്പോൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ പഞ്ചായത്ത് ഡയറക്ടറേറ്റിൽ തീരുമാനമാകാതിരിപ്പുണ്ട് എന്നറിയിക്കാമോ;

(സി) സൗജന്യമായി സ്ഥലം വിട്ടുകൊടുത്ത കെട്ടിട ഉടമകൾക്ക് സ്ഥലം വിട്ടുനൽകിയശേഷം കെട്ടിട നിർമ്മാണച്ചട്ടം പാലിച്ചില്ല എന്ന കാരണത്താൽ കെട്ടിട നമ്പർ നിഷേധിക്കുന്ന അവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ അപ്രകാരം ഇളവ് ലഭിക്കുന്നതിന് ആർക്കാണ് അപേക്ഷ നൽകേണ്ടത്; വ്യക്തമാക്കുമോ;

(ഡി) സ്ഥലം വിട്ടുനല്കിയതിന് സർക്കാർ നഷ്ടപരിഹാരം നൽകിയവർക്ക് ചട്ടങ്ങളിൽ ഇളവ് നല്കി ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് സഹിതം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1999-ലെ കെ.എം.ബി.ആർ. ചട്ടം 3C (b), 2011-ലെ കെ.പി.ബി.ആർ. ചട്ടം 3C (b) എന്നിവ പ്രകാരം ഒരു പൊതു ആവശ്യത്തിനായി സർക്കാരിനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ സർക്കാർ ഏജൻസികൾക്കോ വിട്ടുനൽകിയ സ്ഥലത്തിന്റെ ഉടമസ്ഥർ നടത്തുന്ന നിർമ്മാണങ്ങൾക്ക് സർക്കാരിന് ചീഫ് ടൗൺ പ്ലാനറുമായി കൂടിയാലോചിച്ച് ഇളവ് നൽകാവുന്നതാണ്. കൂടാതെ 1999-ലെ കെ.എം.ബി.ആർ., 2011-ലെ കെ.പി.ബി.ആർ. എന്നിവയിലെ

അദ്ധ്യായം XI-ലെ വ്യവസ്ഥകൾ പ്രകാരം റോഡ് വികസനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനം/വികസന അതോറിറ്റി/സർക്കാർ വകുപ്പ്/അർദ്ധ സർക്കാർ സ്ഥാപനം എന്നിവയ്ക്ക് സൗജന്യമായി സ്ഥലം വിട്ടുനൽകിയതിന്റെ ബാക്കി വരുന്ന വസ്തുവിലുള്ള നിർമ്മാണങ്ങൾക്ക് എഫ്.എ.ആർ. കവറേജ്, സെറ്റ് ബാക്ക്, പാർക്കിംഗ് എന്നിവയിൽ നിബന്ധനകൾക്ക് വിധേയമായി ഇളവ് നൽകുന്നതിനും വ്യവസ്ഥയുണ്ട്.

(ബി&സി) റോഡ് വീതി കൂട്ടുന്നതിനായി സൗജന്യമായി സ്ഥലം വിട്ടുനൽകിയവർക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകുന്നത് പരിശോധിക്കുന്നതിനായി 19-9-2013 തീയതിയിലെ സ.ഉ. (സാധാ.) നമ്പർ 2343/2013/ത.സ്വ.ഭ.വ. ഉത്തരവുപ്രകാരം രൂപീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള കമ്മിറ്റികളാണ് സ്ഥലം വിട്ടുനൽകിയവർക്ക് ഇളവ് നൽകുന്നതിനുള്ള അപേക്ഷകൾ പരിഗണിക്കുന്നത്. പരാതികൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതും സ്പെഷ്യൽ കമ്മിറ്റിയാണ്.

(ഡി) ഇല്ല.

### ഭിന്നശേഷിക്കാർക്കായി നീക്കിവച്ചിട്ടുള്ള തുക

107(1667) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽനിന്നും ഭിന്നശേഷിക്കാർക്കായി എത്ര ശതമാനം തുക നീക്കിവച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഈ തുക കൃത്യമായി ചെലവഴിക്കുന്നു എന്ന കാര്യം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഈ തുക കൃത്യമായി ചെലവഴിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

#### ഉത്തരം

(എ) ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി., റ്റി.എസ്.പി. എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനത്തിൽ കുറയാത്ത തുക കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനായി നീക്കിവച്ചിട്ടുണ്ട്.

(ബി) 29-1-2018-ലെ സ.ഉ.(കൈ) നമ്പർ 11/2018/ത.സ്വ.ഭ.വ. പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ധനസഹായങ്ങൾക്കുള്ള തുക പൂർണ്ണമായും വകയിരുത്തുന്നതിനും അവ യഥാവിധി നൽകുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ടി തുക കൃത്യമായി ചെലവഴിക്കപ്പെടുന്നുണ്ടെന്ന് സംസ്ഥാന ജില്ലാതല അവലോകന യോഗങ്ങൾ നടത്തി ഉറപ്പാക്കിവരുന്നു.

(സി) നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാന, ജില്ലാതല അവലോകന യോഗങ്ങളിൽ ആയതിലേയ്ക്കായി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതിനായി ഓരോ വർഷവും ഗ്രാമസഭയിൽ പോയി അപേക്ഷ സമർപ്പിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കി ഇവരെ സംബന്ധിക്കുന്ന കൃത്യമായ രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നതിനും ഗവൺമെന്റ് ഉത്തരവിൻ പ്രകാരമുള്ള സ്കോളർഷിപ്പ് നൽകുന്നതിനായി ആവശ്യമായ ഫണ്ട് ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് പ്രോജക്ടിൽ ഉൾപ്പെടുത്തി ഓരോ വർഷവും കൃത്യമായി നൽകുന്നതിനും വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആസ്തി വികസന പദ്ധതി

108(1668) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ.-യുടെ 2017-18-ലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതും തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന പ്രാവർത്തികമാക്കേണ്ടതുമായ പ്രവൃത്തികൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്ക് നിർദ്ദേശിച്ച പ്രവൃത്തികളിൽ ഭരണാനുമതിക്കായി എസ്റ്റിമേറ്റുകൾ തയ്യാറാക്കി സമർപ്പിക്കാനുള്ള എത്ര പ്രവൃത്തികൾ ഇനി അവശേഷിക്കുന്നുണ്ട്;

(സി) ടി വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചു; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) എളവള്ളി ഗ്രാമ പഞ്ചായത്തിലെ ആയുർവേദ ആശുപത്രിയുടെ പുനരുദ്ധാരണം സംബന്ധിച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) മണലൂർ എം.എൽ.എ.-യുടെ 2017-18-ലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതും, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പാക്കേണ്ടതുമായ പ്രവർത്തികളുടെ വിവരം ചുവടെ ചേർക്കുന്നു:

- Thofeeq- Kulathingal padi road (ward 13), Pavaratty.
- Annakara- Chirakkal kottala road river side protection, Mullassery.
- Improvement to Mecheripadi- Thoykkavu road, Venkitangu.
- Improvement to Mecheripadi- Manakkal kadavu road, Venkitangu.
- Construction of Muthanga connection bridge between 7 & 9 ward, Vadanappilly.
- Pokkanchery Bridge Construction ward 10, Vadanappilly.
- Improvement to Annakara- Kokkur road connecting Mullassery GP & Elavally GP, Mullassery & Elavally.
- Mepprakkalam road retarring Ward 7 Thaikkad Mekhala, Guruvayur Municipality.
- Mannikara Dispensary link road concreting ward 6 Thaikkad Mekhala, Guruvayur Municipality.
- Construction of building at Mattam Primary Health Center, Kandanassery.
- CS Nagar road concreting at ward 11, Arimbur.
- Maruthodi padam village office road metalling & tarring, Kandanssery.
- Soiling, metalling and tarring Thrunellur EMS road, Mullassery.

(ബി) 2017-18 ആസ്തി വികസന പദ്ധതിയിലെ എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി ലഭിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

(സി) 2017-18 ആസ്തി വികസന പദ്ധതിയിലെ പ്രവൃത്തികൾ ഒന്നും ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.*

(ഡി) എളവള്ളി ഗ്രാമപഞ്ചായത്തിലെ ആയുർവ്വേദ ആശുപത്രിയുടെ പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 15-5-2018-ന് ഭരണാനുമതിക്കായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**ത്രിതല പഞ്ചായത്ത് സംയോജനം**

109(1669) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് സംവിധാനം സംയോജിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സംയോജനവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ത്രിതല പഞ്ചായത്ത് സംവിധാനത്തിലെ ഉദ്യോഗസ്ഥ വിഭാഗം സംയോജിപ്പിക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂൾ ബന്ധപ്പെട്ട ജീവനക്കാരുടെ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. സംഘടനകൾ ഉന്നയിച്ച ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകളിലെ ശമ്പള വ്യത്യാസം**

110(1670) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസിലെ സമാന തസ്തികകളായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകളിൽ ജോലിചെയ്യുന്നവർക്ക് ഗ്രേഡ് അനുവദിക്കുമ്പോൾ ഉണ്ടാകുന്ന ശമ്പളവ്യത്യാസം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കണമെന്നാവശ്യപ്പെട്ട് ജീവനക്കാർ നൽകിയ നിവേദനത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർക്ക് ലഭിക്കുന്നതുപോലെ ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സുമാർക്കും പ്രൊമോഷൻ നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകൾ സമാന തസ്തികകൾ അല്ല. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലുള്ള ജീവനക്കാർക്ക് സമയബന്ധിത ഗ്രേഡും പ്രൊമോഷനും അനുവദിച്ചുവരുന്നു. എന്നാൽ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലുള്ള ജീവനക്കാർക്ക് സമയബന്ധിത ഗ്രേഡും റേഷ്യോ പ്രൊമോഷനുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ശമ്പള വ്യത്യാസം ഉണ്ടാകാറുണ്ട്. ഇതുസംബന്ധിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയ്ക്ക് ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ, ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ എന്നീ പ്രൊമോഷൻ തസ്തികകൾ നിലവിലുണ്ട്.

എന്നാൽ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയ്ക്ക് പ്രൊമോഷൻ തസ്തിക നിലവിലില്ലാത്തതാണ്. ടി വിഭാഗം ജീവനക്കാർക്ക് സമയബന്ധിത ഗ്രേഡും 3:1 പ്രകാരമുള്ള റേഷ്യോ പ്രൊമോഷനും നിലവിലുള്ളത്. രണ്ട് തസ്തികകളുടെയും യോഗ്യതയും ജോലിയുടെ സ്വഭാവവും വ്യത്യസ്തമാണ് എങ്കിലും ടി രണ്ട് എൻട്രി കേഡർ തസ്തികകളുടെയും ശമ്പള സ്കെയിൽ സമാനമാണ് (26,500-56,700 രൂപ).

## മങ്കടയിലെ മിൽമ സംസ്കരണശാലയ്ക്ക് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ

111(1671) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ മിൽമയുടെ സംസ്കരണശാല ആരംഭിക്കുന്നതിന് സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലാ കളക്ടർ ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സർക്കാർ ഉടമസ്ഥതയിലുള്ള മിൽമയ്ക്ക് സംസ്കരണശാല ആരംഭിക്കുന്നതിനായി പുറംമ്പോക്ക് ഭൂമി വിട്ടുനൽകുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിട്ടുനൽകേണ്ട ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് മലപ്പുറം ജില്ലാ കളക്ടറിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) മിൽമയുടെ സംസ്കരണശാലയ്ക്കായി വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്ന ഭൂമി, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 218-ാം വകുപ്പ് പ്രകാരം മൂർക്കനാട് ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള പുഴ പുറമ്പോക്ക് ആണ്. ആയത് വിട്ടുനൽകുന്നതിന്റെ നിയമസാധുത നിയമ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചശേഷം ഇതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

**നഗരസഭകളുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

112(1672) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) കെട്ടിട നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നത് കച്ചവടസ്ഥാപനങ്ങളാണോ അതോ വീട്ടുടമസ്ഥരാണോയെന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിട നികുതി കുടിശ്ശിക വരുത്തിയ വൻകിടക്കാരുടെ പേരുകൾ വെളിപ്പെടുത്തുമോ; വ്യക്തമാക്കുമോ;

(ഡി) കോടതി നടപടികളിൽ കുടുങ്ങിക്കിടക്കുന്ന കേസുകളിൽ അദാലത്തുകൾ നടത്തി കുടിശ്ശിക പിരിച്ചെടുക്കുമോ; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) നഗരസഭകളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2013-14 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണം നടന്നുവരുന്നു. നികുതിയേതര വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നഗരസഭകൾ പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ ഫീസ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, കുടിശ്ശികയായി കിടക്കുന്ന നികുതികളും/നികുതിയേതര വരുമാനങ്ങളും (വാടക, ലേലം തുടങ്ങിയവ) സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനും നഗരസഭാതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) കെട്ടിട നികുതി അടയ്ക്കുന്നതിൽ കച്ചവടസ്ഥാപനങ്ങളും വീട്ടുടമസ്ഥരും കുടിശ്ശിക വരുത്തുന്നുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കോടതിയുടെ പരിഗണനയിലുള്ള വിഷയങ്ങളിൽ കോടതിവിധി വന്നശേഷം ആയതിന് വിധേയമായി കുടിശ്ശടിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## കണ്ണങ്ങാട്- വെല്ലിംഗ്ടൺ ഐലന്റ് പാലം

113(1673) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കണ്ണങ്ങാട്- വെല്ലിംഗ്ടൺ ഐലന്റ് പാലം ഗതാഗതത്തിന് തുറന്നുകൊടുത്തതോടെ താരതമ്യേന വീതികുറഞ്ഞതും ഈ പാലത്തിലേക്കുള്ള പ്രധാനപാതയുമായ കണ്ണങ്ങാട് ടെമ്പിൾ റോഡിലും സമീപ പ്രദേശങ്ങളിലും അപകടങ്ങൾ വർദ്ധിച്ചിട്ടും കണ്ണങ്ങാട് ടെമ്പിൾ റോഡും ഇന്ദിരാഗാന്ധി റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിന്റെ സ്ഥലമെടുപ്പും നിർമ്മാണ പ്രവൃത്തിയും അടിയന്തര പ്രധാന്യം നൽകി ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നതിനുള്ള കാരണം വിശദമാക്കാമോ;

(ബി) ഈ രണ്ട് റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനായി എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്;

(സി) ഇതിൽ എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത്;

(ഡി) ആർക്കെല്ലാമാണ് നഷ്ടപരിഹാരത്തുക നൽകിയിട്ടുള്ളത്; നൽകിയ നഷ്ടപരിഹാരത്തുക എത്ര; ആർക്കെല്ലാമാണ് ഇനി നൽകേണ്ടതായിട്ടുള്ളത് എന്നിവ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇന്ദിരാഗാന്ധി റോഡും കണ്ണങ്ങാട്ട് റോഡും ബന്ധിപ്പിക്കുന്നതിനായി സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 33 സെന്റ് 475 സ്ക്വയർ ലിങ്ക്സ് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. റോഡ് പൂർത്തീകരിക്കുന്നതിനായി 33 സെന്റ് 640 സ്ക്വയർ ലിങ്ക്സ് സ്ഥലംകൂടി ഏറ്റെടുക്കേണ്ടതുണ്ട്. കൊച്ചി നഗരസഭയുടെ അടുത്ത പദ്ധതികളിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള തുക വകയിരുത്തി സ്ഥലമേറ്റെടുത്ത് റോഡ് പൂർത്തീകരിക്കുന്നതാണ്.

(ബി) 0.2005 ഹെക്ടർ (50 സെന്റ് 125 സ്ക്വയർ ലിങ്ക്സ്) സ്ഥലമാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്.

(സി) 33 സെന്റ് 475 സ്ക്വയർ ലിങ്ക്സ്.

(ഡി) <u>നഷ്ടപരിഹാരത്തുക നൽകിയവരുടെ പേര്</u>

| നമ്പർ | പേര് | തുക |
|---|---|---|
| 1 | ശ്രീ. പീറ്റർ | 33,07,707 |
| 2 | ശ്രീമതി ഷീബ | 13,61,682 |
| 3 | ശ്രീമതി ഷിജി | 13,87,993 |
| 4 | ശ്രീ. കുമാരൻ മുതൽ പേർ | 75,47,537 |
| 5 | ശ്രീ. വിശ്വംഭരൻ | 33,10,357 |
| 6 | ശ്രീ. മുനീർ ഫ്രീസ് ഇന്ത്യ | 23,93,437 |
| 7 | ശ്രീമതി ദേവകി | 3,44,625 |

<u>നഷ്ടപരിഹാരത്തുക നൽകേണ്ടതായിട്ടുള്ളവരുടെ പേര് വിവരങ്ങൾ</u>

1. ശ്രീ. വി. ഒ. ജോസഫ്
2. ശ്രീ. കീർത്തി
3. ശ്രീ. വി. വി. ഫ്രാൻസിസ്
4. ശ്രീ. ചീക്കു
5. ശ്രീമതി ലീല
6. ശ്രീമതി ടീസ സേവ്യർ.

## മഴുവന്നൂർ പഞ്ചായത്തിൽ പുതുതായി ആരംഭിച്ച മാവേലി സ്റ്റോർ

114(1674) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴുവന്നൂർ പഞ്ചായത്തിൽ പുതിയതായി ആരംഭിച്ച മാവേലി സ്റ്റോറിന് തനത് ഫണ്ടിൽനിന്നും വാടക നൽകുന്നതിനുള്ള പഞ്ചായത്തിന്റെ അപേക്ഷയിൽ (FM/316/18/LSGD) നാളിതുവരെ തീർപ്പുകല്പിക്കാത്തതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ:

(ബി) പായിപ്ര പഞ്ചായത്തിന്റെ സമാനമായ അപേക്ഷ 29-6-2017 (G.O.No. 2183/ 17/LSGD) തീർപ്പാക്കിയത് എത്ര ദിവസം കൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പായിപ്ര പഞ്ചായത്തിനെ പോലെ പരിഗണിക്കാതെ മഴുവന്നൂർ പഞ്ചായത്തിന്റെ അപേക്ഷയിൽമേൽ വിവേചനം കാണിക്കുന്നത് ശരിയാണെന്ന് കരുതുന്നുണ്ടോ;

(ഡി) തനത് ഫണ്ടിൽനിന്നും മേൽപ്പറഞ്ഞ ആവശ്യങ്ങൾ നിറവേറ്റാൻ സർക്കാർ ഉത്തരവ് നിലനിൽക്കെ മഴുവന്നൂർ പഞ്ചായത്തിന്റെ അപേക്ഷമേൽ അനാവശ്യമായി തീർപ്പുകൽപ്പിക്കാതിരിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാം എന്ന് വ്യക്തമാക്കാമോ;

(ഇ) മഴുവന്നൂർ പഞ്ചായത്തിന്റെ ന്യായമായ ആവശ്യം അംഗീകരിക്കാത്തതിന് വ്യക്തമായ കാരണം ഉണ്ടെങ്കിൽ അത് വിശദമാക്കാമോ?

ഉത്തരം

(എ) മഴുവന്നൂർ പഞ്ചായത്തിൽ പുതിയതായി ആരംഭിച്ച മാവേലി സ്റ്റോറിന് തനത് ഫണ്ടിൽനിന്നും വാടക നൽകുന്ന വിഷയം പരിശോധിക്കുന്നതിനായി ടി മാവേലിസ്റ്റോറുമായി ബന്ധപ്പെട്ട ഉത്തരവുകൾ ലഭ്യമാക്കുവാനായി 21-11-2018-ലെ FM2/316/2018/LSGD കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പായിപ്ര ഗ്രാമപഞ്ചായത്തിന്റെ സമാന വിഷയത്തിന്മേലുള്ള അപേക്ഷ 5-4-2017-ൽ ഈ വകുപ്പിൽ ലഭിക്കുകയും ആയത് പരിശോധിച്ച് 29-6-2017-ലെ സ.ഉ.(സാധാ) നമ്പർ 2183/2017/ത.ഭ.വ. പ്രകാരം തനത് ഫണ്ടിൽനിന്നും വാടക നൽകുന്നതിന് യഥേഷ്ടാനുമതി നൽകിയിട്ടുള്ളതുമാണ്.

(സി) ഈ വിഷയത്തിൽ യാതൊരു വിവേചനവും കാണിച്ചിട്ടില്ല.

(ഡി) ചോദ്യത്തിൽ ഉന്നയിച്ചിട്ടുള്ളതുപോലെ അപേക്ഷ അനാവശ്യമായി തീർപ്പു കൽപ്പിക്കാതിരുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല.

(ഇ) ഈ വിഷയത്തിൽ ആവശ്യപ്പെട്ടിട്ടുള്ള അധികവിവരം ലഭ്യമാക്കി ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## പ്രളയത്തിൽ തകർന്ന വീടുകൾ, പൊതു സ്ഥാപനങ്ങൾ

115(1675) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് വെള്ളത്തിനടിയിലായ വീടുകൾ, പൊതുസ്ഥാപനങ്ങൾ എന്നിവ എത്ര വീതമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ശുചീകരണവുമായി ബന്ധപ്പെട്ട് എത്ര മൃഗങ്ങളുടെയും എത്ര ചെറു മൃഗങ്ങളുടെയും കോഴികൾ ഉൾപ്പെടെയുള്ള എത്ര പക്ഷികളുടെയും മൃതശരീരങ്ങൾ സംസ്കരിച്ചു; വ്യക്തമാക്കുമോ;

(സി) ശുചീകരണവുമായി ബന്ധപ്പെട്ട് എത്ര മനുഷ്യദിനങ്ങൾ സന്നദ്ധസേവനത്തിനായി സംഘടിപ്പിച്ചു; ആയതിന്റെ ഫലമായി എത്ര വീടുകൾ, കിണറുകൾ, പൊതുസ്ഥാപനങ്ങൾ എന്നിവ ശുചീകരിച്ചു;

(ഡി) ശുചീകരണവുമായി ബന്ധപ്പെട്ട് എത്ര പേർക്ക് ജീവഹാനി സംഭവിച്ചു; ഇവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് നല്കുകയുണ്ടായി; വിശദമാക്കുമോ;

(ഇ) പ്രളയംമൂലം തദ്ദേശസ്വയംഭരണ വകുപ്പിന് ഉണ്ടായ നഷ്ടം എത്ര കോടിയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

| ജില്ല | പ്രളയം ബാധിച്ച വീടുകൾ | പ്രളയം ബാധിച്ച പൊതുസ്ഥാപനങ്ങൾ |
|---|---|---|
| ആലപ്പുഴ | 186923 | 1633 |
| എറണാകുളം | 211186 | 1393 |
| കോട്ടയം | 85873 | 773 |
| പത്തനംതിട്ട | 61390 | 1608 |
| തൃശ്ശൂർ | 135835 | 629 |
| വയനാട് | 11829 | 155 |

(ബി)

| വലിയ മൃഗങ്ങൾ | ചെറിയ മൃഗങ്ങൾ | പക്ഷികൾ |
|---|---|---|
| 5850 | 8807 | 822553 |

(സി)

| ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ വീടുകൾ | ശുചീകരിച്ച കിണറുകൾ | ശുചീകരിച്ച പൊതുസ്ഥാപനങ്ങൾ |
|---|---|---|
| 693036 | 320015 | 6191 |

(ഡി) ശുചീകരണവുമായി ബന്ധപ്പെട്ട് ജീവഹാനി സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയായ റോഡുകൾ, കെട്ടിടങ്ങൾ എന്നിവയ്ക്ക് ഉദ്ദേശം 16,91,87,02,980 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

**പ്രളയക്കെടുതി നേരിടുന്നതിനായി സംയുക്ത പദ്ധതികൾ**

116(1676) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതി നേരിടുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാടിസ്ഥാനത്തിൽ പദ്ധതികൾ സംയുക്തമായി തയ്യാറാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇപ്രകാരം തയ്യാറാക്കുന്ന സംയുക്ത പ്രോജക്ടുകൾക്ക് അനുമതി നൽകാൻ ജില്ലാ വികസന സമിതികൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രളയബാധിത പ്രദേശങ്ങളിലെ ശുചീകരണത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) കുടിവെള്ള സ്രോതസ്സുകൾ ശുചീകരിക്കുന്നതിനും അവയുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനും പരിശീലനം ലഭിച്ച വോളന്റിയർമാരെ നിയോഗിക്കാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രളയക്കെടുതി നേരിടുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളോട് പ്രത്യേകമായി ആവശ്യപ്പെട്ടിട്ടില്ല. മറിച്ച് പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും അവരുടെ നടപ്പുവാർഷിക പദ്ധതിയിൽ ആവശ്യമായ മാറ്റംവരുത്താൻ അനുവാദം നൽകിയിട്ടുണ്ട്. ഒപ്പം 2019-20-ലെ വാർഷിക പദ്ധതിയിൽ പുതിയ കേരളം കെട്ടിപ്പടുക്കുക എന്ന കാഴ്ചപ്പാട് മുൻനിർത്തി മുൻഗണന നിശ്ചയിക്കണമെന്നും പ്രോജക്ടുകൾ തെരഞ്ഞെടുക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി സംയുക്ത പ്രോജക്ടുകൾ ആവശ്യമാണെങ്കിൽ അത്തരം പ്രോജക്ടുകളും നടപടിക്രമങ്ങൾ പാലിച്ച് ഏറ്റെടുക്കാവുന്നതാണ്.

(സി)

1. വെള്ളപ്പൊക്കത്തിൽ വീടുവിട്ടുമാറി താമസിക്കേണ്ടിവരുന്നവരുടെ എല്ലാ വീടുകളും തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയും ചെളിയും മാലിന്യങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വത്തിൽ ശുചിത്വ മിഷൻ, ഹരിത കേരളം തുടങ്ങിയവയുടെയും പൊതുജന പിന്തുണയോടെയും ഏറ്റെടുത്ത് നടത്തി.

2. വെള്ളപ്പൊക്കത്തിൽ ജീവഹാനി സംഭവിച്ച മൃഗങ്ങളുടെ ശവശരീരങ്ങൾ പ്രത്യേകമായി മറവ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു.

3. ശുചീകരണത്തിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും വാർഡ് തലത്തിൽ വോളണ്ടിയേഴ്സ് ടീം രൂപീകരിച്ച് ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

4. ആരോഗ്യ വകുപ്പിൽനിന്നും ശുചീകരണത്തിനായി ബ്ലീച്ചിംഗ് പൗഡർ ഉൾപ്പെടെയുള്ള ശുചീകരണ സാമഗ്രികൾ ലഭ്യമാക്കി, ആരോഗ്യ വകുപ്പ് നിർദ്ദേശിക്കുന്ന രീതിയിൽ കിണറുകൾ ശുചീകരിച്ചു, പൊല്യൂഷൻ കൺട്രോൾ ബോർഡ് വഴി കുടിവെള്ള കിണറുകളുടെ ഗുണനിലവാര പരിശോധന നടത്തുകയുണ്ടായി.

5. വീടുകളിലും സ്ഥാപനങ്ങളിലും മറ്റും വെള്ളം കയറി ഉപയോഗശൂന്യമായ വസ്തുക്കളിൽ, ജൈവ മാലിന്യങ്ങൾ, അജൈവ മാലിന്യങ്ങൾ എന്നിവ വേർതിരിച്ച് ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും അജൈവ മാനില്യങ്ങൾ ശേഖരിച്ച് പ്രത്യേകമായി സൂക്ഷിച്ച് പിന്നീട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

6. ദുരിതാശ്വാസ ക്യാമ്പുകളിൽ ടോയ്‌ലെറ്റുകൾ, പ്രാദേശിക സങ്കേതം ഉപയോഗിച്ച് നിർമ്മിക്കുന്നതിനും യൂണിസെഫ്, മറ്റ് സ്വകാര്യ ഏജൻസികൾ എന്നിവരുമായി ബന്ധപ്പെട്ട് ബയോ ടോയ്‌ലെറ്റുകൾ ക്യാമ്പുകളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു. അതിന്റെ ഫലമായി 300 ബയോ ടോയ്‌ലെറ്റുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ലഭ്യമാക്കുന്നതിന് സാധിച്ചു.

7. ദുരിതാശ്വാസ ക്യാമ്പുകളിലെ ജൈവ മാനില്യങ്ങൾ ഏറ്റവും ആദ്യം സംസ്കരിക്കുവാനും ആയവ വെള്ളക്കെട്ടില്ലാത്ത സ്ഥലത്ത് സംസ്കരിക്കുന്നതിന് ആവശ്യമായ ശാസ്ത്രീയ രീതിയും സഹായവും ലഭ്യമാക്കി.

8. ദുരിതാശ്വാസ ക്യാമ്പുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കിയതിന്റെ ഭാഗമായി സ്റ്റീൽ പാത്രങ്ങൾ ഉൾപ്പെടെയുള്ള പുനരുപയോഗ വസ്തുക്കൾ ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു.

9. 2018 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 2 വരെയുള്ള കാലയളവിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും തീവ്ര ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. പ്രളയാനന്തര തീവ്ര ശുചീകരണ പ്രവർത്തനങ്ങൾ പഞ്ചായത്ത് ഡയറക്ടറേറ്റ് മുഖാന്തരം ദിവസേന മോണിറ്ററിംഗ് നടത്തുകയും ഇതുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്. ഹരിത കേരള മിഷന്റെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും നേതൃത്വത്തിൽ പ്രളയബാധിത ജില്ലകളിലെ കിണറുകളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് വോളണ്ടിയർമാരെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം ശുചീകരണ സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയം അധികമായി ബാധിച്ച പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിലെ കിണർ വെള്ളത്തിന്റെ ഗുണനിലവാരം രണ്ട് ഘട്ടങ്ങളിലായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വിലയിരുത്തുകയും ഇത് സംബന്ധിച്ച് പരിശോധനാ റിപ്പോർട്ട് അതത് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം

117(1677) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം മേൽനോട്ടം വഹിക്കുന്ന മരാമത്ത് പണികളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഗ്രാമീണ റോഡുകൾ പുനരുദ്ധാരണം നടത്തുമ്പോൾ ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു. ക്വാളിറ്റി ലാബുകൾ സ്ഥാപിച്ച് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിച്ചുവരുന്നു.

(ബി) ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന്റെ സാധ്യത പരിശോധിച്ചുവരുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾ

118(1678) ശ്രീ. എം. വിൻസെന്റ്:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനങ്ങൾ താളംതെറ്റരുതെന്ന ഉദ്ദേശത്തിൽ 2018-19 സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് മുഴുവൻ പദ്ധതികളും സമർപ്പിക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നോ;

(ബി) വികസന പദ്ധതികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2018-19 സാമ്പത്തിക വർഷം അനുവദിച്ച തുക എത്രയാണ്; അതിൽ എത്ര തുക 2018 ഒക്ടോബർ 31 വരെ ചെലവഴിച്ചിട്ടുണ്ട്;

(സി) പദ്ധതി തുക ചെലവ് ചെയ്യുന്നതിലുണ്ടായിട്ടുള്ള കുറവ് എന്തുകൊണ്ടാണ് ഉണ്ടായതെന്ന് വിശദീകരിക്കുമോ;

(ഡി) പ്രളയം ബാധിക്കാത്ത തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് ജില്ലകളിൽ ഒക്ടോബർ 31 വരെയുള്ള പദ്ധതി ചെലവ് എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 വാർഷിക പദ്ധതി മാർച്ച് 31-നുതന്നെ ആസൂത്രണ സമിതിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങണമെന്ന നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്നു.

(ബി) വികസന പദ്ധതികൾക്കായി 2018-19 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച തുക ചുവടെ ചേർക്കുന്നു:

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | - 3310.56 കോടി രൂപ |
| ജില്ലാ പഞ്ചായത്ത് | - 892.21 കോടി രൂപ |
| ബ്ലോക്ക് പഞ്ചായത്ത് | - 89346.5 ലക്ഷം രൂപ |
| മുനിസിപ്പാലിറ്റി/കോർപ്പറേഷൻ | - 1625.71 കോടി രൂപ |

2018 ഒക്ടോബർ 31 വരെ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു:

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | - 1257.05 കോടി രൂപ |
| ജില്ലാ പഞ്ചായത്ത് | - 353.59 കോടി രൂപ |
| ബ്ലോക്ക് പഞ്ചായത്ത് | - 37225.56 ലക്ഷം രൂപ |
| മുനിസിപ്പാലിറ്റി/കോർപ്പറേഷൻ | - 513.26 കോടി രൂപ |

(സി) പദ്ധതി തുക ചെലവ് ചെയ്യുന്നതിൽ ഗ്രാമ/ജില്ലാ പഞ്ചായത്തുകൾ കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ പുരോഗതി കൈവരിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ഒക്ടോബർ 31 വരെയുള്ള ചെലവ് പുരോഗതി 26.99 ശതമാനം ആയിരുന്നു. ഈ സാമ്പത്തിക വർഷത്തെ ഒക്ടോബർ 31 വരെയുള്ള ചെലവ് പുരോഗതി 37.18 ശതമാനമാണ്.

ബ്ലോക്ക് പഞ്ചായത്തുകളിൽ തുക ചെലവ് ചെയ്തതിൽ കുറവ് വന്നിട്ടില്ല.

നഗരസഭകളിലും കോർപ്പറേഷനുകളിലും പ്രളയം പദ്ധതി രൂപീകരണത്തെ ബാധിച്ചിരുന്നില്ലെങ്കിലും പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുള്ളതാണ്. കൂടാതെ എഞ്ചിനീയറിംഗ് പ്രവൃത്തികളുടെ നിർവ്വഹണ പദ്ധതി ചെലവ് കുറയുന്നതിന് കാരണമായിട്ടുള്ളതാണ്. എസ്.സി.പി./ടി.എസ്.പി. പദ്ധതികളുടെ നിർവ്വഹണത്തിൽ എസ്.സി. ഡെവലപ്മെന്റ് ഓഫീസർ മിക്ക നഗരസഭകളിലും ഇല്ലാതിരുന്നത് നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുള്ളതാണ്. എസ്.സി. ഡെവലപ്മെന്റ് ഓഫീസർ ഇല്ലാത്ത നഗരസഭകൾ എസ്.സി. പദ്ധതിയിൽ വകയിരുത്തിയ പ്രോജക്ടുകൾ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർവ്വഹണം നൽകി ആരംഭിച്ചിട്ടുള്ളതാണ്. ടി.എസ്.പി. ഫണ്ട് അനുവദിച്ചത് വിനിയോഗ ശതമാനം കുറയാൻ ഇടയാക്കിയിട്ടുള്ളതാണ്.

(ഡി) തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് ജില്ലകളിൽ ഒക്ടോബർ 31 വരെയുള്ള പദ്ധതി ചെലവ് ചുവടെ ചേർക്കുന്നു:

| ജില്ല | ചെലവ് ശതമാനം |
|---|---|
| ഗ്രാമ/ ജില്ലാ പഞ്ചായത്തുകൾ | |
| തിരുവനന്തപുരം | 39.74 % |
| കൊല്ലം | 37.67 % |
| കാസർഗോഡ് | 38.13 % |
| ബ്ലോക്ക് പഞ്ചായത്തുകൾ | |
| തിരുവനന്തപുരം | 46.29 % |
| കൊല്ലം | 42.43 % |
| കാസർഗോഡ് | 47.03 % |
| മുനിസിപ്പാലിറ്റി/ കോർപ്പറേഷന്റെ വിവരം അനുബന്ധമായി ചേർക്കുന്നു.* | |

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കായിക വികസനത്തിനും ജലാശയങ്ങൾ സംരക്ഷിക്കുന്നതിനും നടപടി**

119(1679) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കായികവികസന മാർഗ്ഗരേഖ സംബന്ധിച്ച 3-4-2017-ലെ സ.ഉ.(എം.എസ്) നമ്പർ 80/2017/ത.സ്വ.ഭ.വ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകൾ പൂർത്തീകരിച്ചിട്ടുണ്ടോ; പ്രസ്തുത മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഭാവിപ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) ഗ്രാമപഞ്ചായത്തുകളിലെ പൊതുആസ്തിയിൽപ്പെടുന്ന ജലാശയങ്ങൾ (കുളം, തോട്, ചതുപ്പ്, കനാൽ മുതലായവ) സംരക്ഷിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ;

(സി) പ്രളയദുരന്തത്തിൽ കേടുപാടുകൾ സംഭവിച്ച ഈ പൊതു ആസ്തികൾ സംരക്ഷിക്കാൻ മറ്റ് വകുപ്പുകളുടെ സഹായങ്ങൾ ലഭ്യമാകുന്നുണ്ടോ; അവ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കായിക വികസനം മുൻനിർത്തി ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ 3-4-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 80/2017/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവായി നൽകിയിട്ടുണ്ടായിരുന്നു. ഇതു പ്രകാരം സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുത്ത് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു. 2018-19 വർഷത്തിലും ഈ പ്രവർത്തനങ്ങൾ തുടരുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 14-2-2018 ലെ സ.ഉ.(കൈ.) നമ്പർ 22/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) 14-2-2018-ലെ സ.ഉ. (കൈ.) നമ്പർ 22/2018/ത.സ്വ.ഭ.വ. പ്രകാരമുള്ള പതിമൂന്നാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ തോടിന്റെ ഇരുകരകളും കയർ ഭൂവസ്ത്രംകൊണ്ട് മണ്ണൊലിപ്പ് തടയുന്നതിനും, എക്കലും ചെളിയും വീണ്ടും ജലാശയങ്ങളിലേയ്ക്ക് പോകാതെ ജൈവവളമായി ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളിൽ ആസ്തിയുടെ സംരക്ഷണത്തിനായി വാർഷിക പദ്ധതിയിൽ പ്രോജക്റ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ MGNREGA പദ്ധതി, ഹരിത കേരള മിഷൻ എന്നിവയിൽ ഉൾപ്പെടുത്തി, പൊതു ആസ്തിയിൽ ഉൾപ്പെടുന്ന ജലാശയങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ലഭിച്ചിട്ടില്ല.

**വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

120(1680) <u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. ഒ. ആർ. കേളു</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> :
<u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 -ലേക്കുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ടോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ നവകേരള സൃഷ്ടിക്ക് പ്രാധാന്യം നൽകണമെന്നും പരിസ്ഥിതി സംരക്ഷണം ദുരന്തനിവാരണം എന്നിവയ്ക്ക് നിർബന്ധമായും ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള എന്തെല്ലാം നടപടികളാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി അവലോകനം ചെയ്യാൻ ജില്ലാതല യോഗങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 19-9-2018 ലെ സ.ഉ. (സാധാ) നമ്പർ 2462/2018/ത.സ്വ.ഭ.വ. 23-10-2018-ലെ സ.ഉ. (സാധാ) നമ്പർ 2710/2018/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20-ലേയ്ക്കുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. മഹാപ്രളയം നൽകിയ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടും ഇതുസംബന്ധിച്ച സർക്കാരിന്റെ നിർദ്ദേശം കണക്കിലെടുത്തുകൊണ്ടും പുതിയ കേരളം എന്ന ലക്ഷ്യം നേടിയെടുക്കത്തക്ക നിലയിൽ വേണം 2019-20-ലേയ്ക്കുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കേണ്ടത് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഉണ്ടായ മഹാപ്രളയത്തിന്റെയും ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും, ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്ന മേഖലയ്ക്ക് ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും രൂപീകരിക്കണം എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതല സംബന്ധിച്ച് വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ഇതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ഉണ്ട്. ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി അവലോകനം ചെയ്യാൻ ജില്ലാതല യോഗങ്ങൾ നടത്തിവരുന്നുണ്ട്. ഇടുക്കി, കണ്ണൂർ, കാസർഗോഡ് ഒഴികെയുള്ള 11 ജില്ലകളിലെ ഒന്നാംഘട്ട പദ്ധതി പുരോഗതി അവലോകനം 2018 ജൂലൈ മാസത്തിൽ നടന്നിട്ടുണ്ട്. രണ്ടാംഘട്ട അവലോകന യോഗങ്ങൾ ഇപ്പോൾ നടന്നുവരുന്നു. എറണാകുളം, ഇടുക്കി, കോഴിക്കോട്, ആലപ്പുഴ, വയനാട് എന്നീ അഞ്ച് ജില്ലകളിലേത് പൂർത്തിയായി. ബാക്കിയുള്ള ജില്ലകളിലേത് 2018 ഡിസംബർ 30-നകം പൂർത്തീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള കേന്ദ്രസർക്കാർ പദ്ധതികൾ

121(1681) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഉപയോഗപ്പെടുത്താവുന്ന കേന്ദ്ര സർക്കാരിന്റെ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ഈ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങൾ ആണ് ഉള്ളതെന്നും ആയതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഉപയോഗപ്പെടുത്താവുന്ന കേന്ദ്ര സർക്കാരിന്റെ പദ്ധതികൾ.

1. പി.എം.ജി.എസ്.വൈ.
2. പി.എം.എ.വൈ. (ഗ്രാമീൺ)
3. പി.എം.എ.വൈ. (നഗരം)
4. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)
5. സ്വച്ഛ് ഭാരത് മിഷൻ (നഗരം)
6. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
7. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ
8. ദേശീയ നഗര ഉപജീവന മിഷൻ
9. സ്മാർട്ട് സിറ്റി മിഷൻ
10. അമൃത്
11. എൻ. എസ്. എ. പി.
12. ഡിഡിയുജികെവൈ.
13. പി. എം. കെ. എസ്. വൈ.
14. നാഷണൽ റർബൻ മിഷൻ
15. ആർ.ജി.എസ്.എ.

(ബി) <u>പി. എം. ജി. എസ്. വൈ.</u>

ഗ്രാമീണ മേഖലയിലുള്ള ജനവാസ മേഖലകളെ എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡുകൾ ഉപയോഗിച്ച് തമ്മിൽ ബന്ധിപ്പിക്കുകയാണ് പി.എം.ജി.എസ്.വൈ. പദ്ധതിയുടെ ഉദ്ദ്യേശലക്ഷ്യം. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമതല പ്രദേശങ്ങളിൽ ജനസംഖ്യയുടെ എണ്ണം 500+ഉം കുന്നിൽ പ്രദേശങ്ങളിലും മരുഭൂമികളിലും ജനസംഖ്യയുടെ എണ്ണം 250+ഉം ആയിരിക്കേണ്ടതാണ്. സ്കൂളുകൾ, ഓഫീസുകൾ, പൊതുമാർക്കറ്റുകൾ, പോസ്റ്റോഫീസ്, ബാങ്ക്, പെട്രോൾ പമ്പ്, റെയിൽവേ സ്റ്റേഷൻ, ബസ്സ്റ്റാന്റ്, ആശുപത്രികൾ, മൃഗാശുപത്രികൾ എന്നീ സൗകര്യങ്ങളുമായി ബന്ധിപ്പിക്കുന്നതും 6 മീറ്ററിൽ കൂടുതൽ വീതിയുള്ളതും (ഓട, സൈഡ് കെട്ട് എന്നിവ ആവശ്യമെങ്കിൽ അവ നിർമ്മിക്കുവാനുള്ള വീതി കൂടി ലഭ്യമാക്കി) 2 കിലോമീറ്ററിൽ കൂടുതൽ നീളമുള്ളതുമായ റോഡുകൾക്കാണ് പി.എം.ജി.എസ്.വൈ. പദ്ധതി മുൻഗണന നൽകുന്നത്. ജില്ലാ പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ ബന്ധപ്പെട്ട പാർലമെന്റ് അംഗത്തിന്റെ ശിപാർശ പ്രകാരവും ഗ്രാമ/ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടിയുമാണ് ഉൾപ്പെടുത്തുന്നത്. എല്ലാ ജില്ലകളിലെയും പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റാണ് ഇതിനുള്ള മുൻഗണനാ പട്ടിക തയ്യാറാക്കുന്നത്.

<u>പി.എം.എ.വൈ. (ഗ്രാമീൺ)</u>

പി.എം.എ.വൈ (ഗ്രാമീൺ) ഭവന പദ്ധതിയിലേയ്ക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസെസ് ലിസ്റ്റിൽ നിന്നുമുള്ള അർഹരായ ഗുണഭോക്താക്കളെയാണ്.

<u>പി.എം.എ.വൈ. (നഗരം)</u>

നഗരപ്രദേശത്തെ എല്ലാവർക്കും പാർപ്പിടങ്ങൾ ലഭ്യമാക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതിയിൽ വീടില്ലാത്ത എല്ലാവരെയും മാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണഭോക്താവായി തെരഞ്ഞെടുക്കാവുന്നതും വാസയോഗ്യമല്ലാത്ത ഭവനങ്ങളെ വാസയോഗ്യമാക്കാവുന്നതുമാണ്. ചേരി വികസനം, ക്രെഡിറ്റ് ലിങ്ക്സ് സബ്സിഡി, അഫോർഡബിൾ ഹൗസിംഗ് സ്കീം, വ്യക്തിഗത നിർമാണം എന്നീ നാല് വ്യത്യസ്ത ഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ)

1. ഖരമാലിന്യ പരിപാലനം

ഓരോ ഗ്രാമപഞ്ചായത്തും 20 ലക്ഷം രൂപയുടെ പ്രോജക്ട് ഏറ്റെടുക്കാം. 60:40 ക്രമത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രോജക്ട് രൂപീകരിച്ച് ആസൂത്രണ സമിതി അംഗീകാരം വാങ്ങി നടപ്പിലാക്കാം. 11 ലക്ഷം രൂപ വീതം ശുചിത്വ മിഷൻ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

പ്രോജക്ടുകൾ

- മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ
- തുമ്പൂർമൂഴി മോഡൽ, കമ്മ്യൂണിറ്റിതല എയ്റോബിക് കമ്പോസ്റ്റിംഗ് സംവിധാനം
- മാർക്കറ്റുകളിൽ കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകൾ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മുതലായവ.
- കൈമാറി ലഭിച്ചിട്ടുള്ള ആശുപത്രികളിൽ ഖര-ദ്രവ മാലിന്യ സംസ്കരണ പ്ലാന്റുകൾ
- കൈമാറി ലഭിച്ചിട്ടുള്ള സ്കൂളുകളിൽ കമ്പോസ്റ്റിംഗ് സംവിധാനം
- സർക്കാർ ഓഫീസുകളിൽ ബയോഗ്യാസ് പ്ലാന്റ്, കമ്പോസ്റ്റിംഗ് സൗകര്യങ്ങൾ.
- റസിഡന്റ്സ് അസോസിയേഷനുകൾ, കോളനികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ, സർക്കാർ ഓഫീസുകൾ, ആശുപത്രി, ഹോസ്റ്റൽ, ഹോട്ടൽ, കല്യാണ മണ്ഡപങ്ങൾ, സ്ഥാപനങ്ങൾ, ഇറച്ചിക്കടകൾ എന്നിവിടങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് അല്ലെങ്കിൽ വലിയ കമ്പോസ്റ്റിംഗ് സൗകര്യങ്ങൾ
- ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി നടപ്പാക്കുന്ന സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്.
- ഗോബർധൻ പദ്ധതികൾ
- ഗാർഹികതല കമ്പോസ്റ്റിംഗ്/ബയോഗ്യാസ് പ്ലാന്റ് (ബി.പി.എൽ/ എസ്.സി./എസ്.ടി.) നിലവിലുള്ള സബ്സിഡി നിരക്കപ്രകാരം പശു വളർത്തലുള്ള കുടുംബങ്ങൾക്ക് മുൻഗണന നൽകി ബയോഗ്യാസ് പ്ലാന്റ് അനുവദിക്കാവുന്നതാണ്.

- ടോയ്‌ലെറ്റുമായി ബന്ധപ്പെട്ട ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം
- റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ പണിയുന്നതിനും, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് തുടങ്ങിയ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും (ഒരു ഗ്രാമപഞ്ചായത്തിനും ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കോ സംയുക്തമായി പ്രോജക്ട് ഏറ്റെടുക്കാം.)

II. കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകൾ

ഒരു യൂണിറ്റിന് 2 ലക്ഷം രൂപ 60:30:10 അനുപാദത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരും 10% ഗുണഭോക്തൃ വിഹിതവുമായിരിക്കും. പഞ്ചായത്തുതലത്തിൽ പ്രോജക്ട് രൂപീകരിച്ച് ആസൂത്രണ സമിതി അംഗീകാരത്തിന് വിധേയമായി നടപ്പിലാക്കാം.

III. വിവരവിജ്ഞാന വ്യാപനശേഷീ വികസന പ്രവർത്തനങ്ങൾ

സ്വച്ഛ് ഭാരത് മിഷന്റെ (ഗ്രാമീൺ) മുഴവൻ തുകയുടെ 5% വിവര വിജ്ഞാന ശേഷീ വികസന പ്രവർത്തനങ്ങൾക്കുപയോഗിക്കുന്നു. 60:40 അനുപാതത്തിൽ തുക കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കേണ്ടതാണ്. ജില്ലാ തലത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി ശുചിത്വ മിഷൻ അംഗീകാരം വാങ്ങി നടപ്പിലാക്കാം.

IV. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) വേൾഡ് ബാങ്കിന്റെ സഹായത്തോടെ

വെളിയിട വിസർജ്ജന വിമുക്ത മേഖല സുസ്ഥിരമായി നിലനിർത്തുന്നതിനുള്ള റിട്രോഫിറ്റിംഗ് ഉൾപ്പെടെയുള്ള പ്രവർത്തികൾക്ക്, ഒറ്റകുഴി മാത്രമുള്ള കക്കൂസുകൾ ഇരട്ടക്കുഴി കൂടി നിർമ്മിച്ച് സുരക്ഷിതമാക്കുന്നതിന്, കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ്/പൊതു ശൗചാലയങ്ങൾ ജല ലഭ്യത ഉറപ്പാക്കി നിർമ്മിക്കുന്നതിന്, സ്കൂൾ ടോയ്‌ലെറ്റ് (എയ്ഡഡ് സ്കൂൾ ഉൾപ്പെടെ) നിർമ്മിക്കുന്നതിന്, അങ്കണവാടി ടോയ്‌ലെറ്റ് നിർമ്മാണം, പൊതു ഖര-ദ്രവ മാലിന്യ പരിപാലന സൗകര്യങ്ങൾ സൃഷ്ടിക്കൽ, ശേഷീവികസനം ആന്റ് ഐ.ഇ.സി. പ്രവർത്തനങ്ങൾക്ക് തുകയുടെ 5% വരെ. മുഴവൻ പ്രവൃത്തികൾക്കും പഞ്ചായത്ത് തല കർമ്മ പദ്ധതി തയ്യാറാക്കി ജില്ലാ ശുചിത്വ സമിതി അംഗീകാരം ലഭ്യമാക്കണം. തുടർന്ന് പഞ്ചായത്തിന്റെ പദ്ധതിയുടെ ഭാഗമാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി നടപ്പിലാക്കാവുന്നതാണ്.

സ്വച്ഛ് ഭാരത് മിഷൻ (നഗരം)

1. വ്യക്തിഗത ഗാർഹിക ശൗചാലയം

2011 കനേഷുമാരി കണക്കിൽ സ്വന്തമായി കക്കൂസില്ലാത്തതായി കണ്ടെത്തിയ കുടുംബം, 2011 കനേഷുമാരി കണക്കിന്റെ അടിസ്ഥാനത്തിൽ 2015-ൽ നഗരസഭകൾ നടത്തിയ പരിശോധനയിൽ ശൗചാലയത്തിന് അർഹതയുണ്ടെന്ന് കണ്ടെത്തിയ കുടുംബം, 2018 ആഗസ്റ്റ് മാസം പ്രളയത്തിൽ നശിച്ചുപോയ ശൗചാലയങ്ങൾ ഉള്ള കുടുംബം, ഇൻസാനിട്ടറി കക്കൂസുകൾ ഉള്ള കുടുംബം എന്നിവരാണ് ഇതിന്റെ ഗുണഭോക്താക്കൾ. ആനുകൂല്യത്തിനുള്ള നടപടിക്രമം താഴെ പറയുന്നു. ഗുണഭോക്തൃ ലിസ്റ്റ് വാർഡ് സഭ അംഗീകരിക്കുകയും നഗരസഭയ്ക്കു വേണ്ടി അപേക്ഷ വിവരം അക്ഷയ സെന്റർ വഴി കേന്ദ്ര പാർപ്പിടം നഗര മന്ത്രാലയം പോർട്ടലിൽ എൻട്രി ചെയ്യേണ്ടതുമാണ്. ഒരു വ്യക്തിഗത ശൗചാലയത്തിന്റെ യൂണിറ്റ് കോസ്റ്റ് 15,400 രൂപയാണ്. കേന്ദ്ര വിഹിതം-6,667 രൂപയും നഗരസഭാ വിഹിതം-8,733 രൂപയുമാണ്. ആനുകൂല്യം 3 ഗഡുക്കളായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ ഓൺലൈൻ പേമെന്റായി നിക്ഷേപിക്കുന്നു.

II. സമൂഹ ശൗചാലയം

സ്വന്തമായി ശൗചാലയം പണിയുവാൻ സ്ഥലമില്ലാത്തവർക്കായി ശൗചാലയ സമുച്ചയം പണിതു നൽകുന്നു. അത്തരം കുടുംബങ്ങൾ സമൂഹ ശൗചാലയത്തിനുള്ള അപേക്ഷ നഗരസഭാ സെക്രട്ടറിക്ക് നൽകണം. ഒരു സമൂഹ ശൗചാലയ സീറ്റ് യൂണിറ്റ് കോസ്റ്റ് 98,000 രൂപയാണ്. കേന്ദ്ര സംസ്ഥാന വിഹിതം-65,334 രൂപയും നഗരസഭാ വിഹിതം-32,666 രൂപയുമാണ്.

III. പൊതു ശൗചാലയം

പൊതുജനത്തിന്റെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ബസ് സ്റ്റാന്റ്, മാർക്കറ്റ്, ടൂറിസ്റ്റ് സ്ഥലങ്ങൾ, ദേശീയ-സംസ്ഥാന-ജില്ലാ റോഡുകളുടെ ഓരങ്ങളിൽ, തീർത്ഥാടന കേന്ദ്രങ്ങളിൽ, പൊതു ശൗചാലയം പണിയുന്നു. ആവശ്യമായ സ്ഥലങ്ങൾ നഗരസഭ കണ്ടെത്തി പൊതു ശൗചാലയം പണിയുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കുന്നു. ഒരു പൊതു ശൗചാലയ സീറ്റിന്റെ യൂണിറ്റ് കോസ്റ്റ് 98,000 രൂപ. കേന്ദ്ര സംസ്ഥാന വിഹിതം-65,334, നഗരസഭ വിഹിതം-32,666 രൂപ.

IV. ഖരമാലിന്യ പരിപാലനം

നഗരസഭകളുടെ ഖരമാലിന്യ പരിപാലനത്തിനായി വിശദമായ പദ്ധതിരേഖ നഗരസഭ തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചാൽ ഒരു പ്രോജക്ടിന് 35% ഗ്രാന്റ്/വി.ജി.എഫ്. ലഭിക്കും. (നഗരസഭയിലെ ഒരു വ്യക്തിക്ക് 240 രൂപ എന്ന കണക്കിൽ). 23.3% സംസ്ഥാന സർക്കാരിന്റെ വിഹിതമായി ലഭിക്കും. 41.7% നഗരസഭയുടെ വിഹിതമായി ഉൾപ്പെടുത്തണം. നഗരസഭകൾ ഖരമാലിന്യ പരിപാലനത്തിനുള്ള വിശദമായ പദ്ധതിരേഖ ശുചിത്വത്തിനുവേണ്ടിയുള്ള ഉന്നതാധികാര സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കണം.

V. വിവര-വിജ്ഞാപന-വ്യാപന പ്രവർത്തനം

സംസ്ഥാനത്തിൽ ലഭിക്കുന്ന വിവര-വിജ്ഞാപന-വ്യാപന ഫണ്ടിന്റെ 50% നഗരസഭകൾക്ക് അവകാശപ്പെട്ടതാണ്. അത് ശുചിത്വ ബോധവൽക്കരണ പ്രവർത്തനത്തിന് ഉപയോഗിക്കണം. നഗരസഭകൾ ആക്ഷൻ പ്ലാൻ തയ്യാറാക്കി സംസ്ഥാന ശുചിത്വ മിഷന് സമർപ്പിക്കണം.

VI. ശേഷി വികസനം

സംസ്ഥാനത്തിന് ലഭിക്കുന്ന ശേഷീവികസന ഫണ്ടിന്റെ 50% നഗരസഭകൾക്ക് അവകാശപ്പെട്ടതാണ്. അത് ശുചിത്വ പ്രവർത്തനവുമായി ബന്ധപ്പെട്ടവരുടെ ശേഷീ വികസനത്തിന് ഉപയോഗിക്കണം. നഗരസഭകൾ ആക്ഷൻ പ്ലാൻ തയ്യാറാക്കി സംസ്ഥാന ശുചിത്വ മിഷന് സമർപ്പിക്കണം.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി

ഗ്രാമപ്രദേശത്ത് സ്ഥിരതാമസമാക്കിയിട്ടുള്ള ഏതൊരു കുടുംബത്തിനും തൊഴിൽ കാർഡിന് അർഹതയുണ്ട്. തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങൾ തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം തൊഴിൽ ലഭ്യമാക്കിയില്ലെങ്കിൽ തൊഴിലില്ലായ്മാ വേതനത്തിന് ഗുണഭോക്താവിന് അർഹതയുണ്ടായിരിക്കും. ഓരോ വർഷവും തൊട്ടടുത്ത സാമ്പത്തിക വർഷം തൊഴിൽ ആവശ്യപ്പെടാൻ സാധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം, തൊഴിൽ ആവശ്യകത, അവർക്ക് നൽകുന്നതിനായി ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ എന്നിവ ഉൾപ്പെടുന്ന ആക്ഷൻ പ്ലാൻ, ലേബർ ബഡ്ജറ്റ് എന്നിവ ഓരോ ഗ്രാമപഞ്ചായത്തും ഗ്രാമസഭയിൽ ചർച്ച ചെയ്ത് തയ്യാറാക്കുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1-ൽ വിശദമാക്കുന്ന

പ്രവൃത്തികളാണ് ഏറ്റെടുക്കാവുന്നത്. പ്രവൃത്തികളിലെ സാധനഘടകം ജില്ലാതലത്തിൽ പരമാവധി 40 ശതമാനം എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ തയ്യാറാക്കുന്ന ലേബർ ബഡ്ജറ്റ് ബ്ലോക്ക്, ജില്ലാ, പഞ്ചായത്തുകളുടെ അംഗീകാരത്തോടെ സംസ്ഥാന സർക്കാരിന് സമർപ്പിക്കുകയും ആയത് കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് സമർപ്പിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ള ആക്ഷൻ പ്ലാൻ, ലേബർ ബഡ്ജറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തുകൾ പദ്ധതി നടപ്പിലാക്കുന്നത്.

എൻ.യു.എൽ.എം.

പദ്ധതിയിൻകീഴിൽ ആനുകൂല്യം ലഭിക്കുന്നതിന് ഗുണഭോക്താവിന്റെ/ കുടുംബത്തിന്റെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കുറവായിരിക്കേണ്ടതാണ്. കുടുംബശ്രീ അയൽക്കൂട്ടം രൂപീകരിക്കുന്നതിനും ആയത് ശക്തിപ്പെടുത്തുന്നതിനും സാമ്പത്തിക സഹായം അനുവദിക്കുന്നതാണ്. സ്വയംതൊഴിൽ ആരംഭിക്കുന്നതിനും തൊഴിൽ പരിശീലനം നൽകി നിയമനവും പദ്ധതി പ്രകാരം നൽകുന്നു. കൂടാതെ തെരുവ് കച്ചവടക്കാരെ സംരക്ഷിക്കുന്നതിനും തെരുവിൽ അന്തിയുറങ്ങുന്നവർക്ക് സംരക്ഷണം നൽകുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

പി.എം.കെ.എസ്.വൈ.

പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (നീർത്തട ഘടകം) പദ്ധതി അടിസ്ഥാന പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നിവയുടെ സുസ്ഥിര സംരക്ഷണവും പുനരുജ്ജീവനവും വിഭാവന ചെയ്തു നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. പദ്ധതി പ്രദേശം തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡവും വെയ്റ്റേജും താഴെ പറയും പ്രകാരമാണ്.

1. ദാരിദ്ര്യ സൂചിക (% of poor to population)
2. ജനസംഖ്യയിലെപട്ടികജാതി/പട്ടികവർഗ പ്രാതിനിധ്യത്തിന്റെ ശതമാനം
3. യഥാർത്ഥ വേതനം
4. ചെറുകിട നാമമാത്ര കർഷകരുടെ ശതമാനം
5. ഭൂഗർഭ ജലനിലവാരം
6. ഈർപ്പസൂചിക
7. മഴയെ ആശ്രയിച്ചുള്ള കൃഷിക്ക് അനുയോജ്യമായ പ്രദേശത്തിന്റെ വിസ്തൃതി
8. കുടിവെള്ള ലഭ്യത

9. തരിശുഭൂമിയുടെ വിസ്തൃതി

10. ഭൂമിയുടെ ഉൽപ്പാദനക്ഷമത

11. നേരത്തെതന്നെ വികസിപ്പിച്ചിട്ടുള്ള മറ്റൊരു നീർത്തടവു മായുള്ള സാമീപ്യം

12. (a) സമതലങ്ങളിൽ ക്ലസ്റ്റർ സമീപനം

(b) ഉയർന്ന പ്രദേശങ്ങളിലെ ക്ലസ്റ്റർ സമീപനം.

മേൽപ്പറഞ്ഞ ഘടകങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയുള്ള സ്റ്റേറ്റ് പെർസ്പെക്റ്റീവ് പ്ലാൻ (എസ്.പി.എസ്.പി.)-നെ അടിസ്ഥാനമാക്കി മുൻഗണനക്രമം നിശ്ചയിച്ചാണ് പദ്ധതി പ്രദേശം നിർണയിക്കുന്നത്. പദ്ധതിക്കായി മലമ്പ്രദേശങ്ങളിൽ ഹെക്ടർ ഒന്നിന് 15,000 രൂപയും സമതല പ്രദേശങ്ങളിൽ 12,000 രൂപയും പ്രോജക്ട് തുക നിശ്ചയിക്കപ്പെട്ടിരിക്കുന്നു. പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ 60:40 എന്ന അനുപാതത്തിലാണ് അനുവദിക്കുന്നത്. സമഗ്രമായ ബ്ലോക്ക്/ജില്ലാ/സംസ്ഥാനതല ഇറിഗേഷൻ പ്ലാനുകൾ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പി.എം.കെ.എസ്.വൈ. പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതി പ്രകാരം ഉൾപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് പദ്ധതി നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്നു. നീർത്തട പ്രദേശത്ത് രൂപീകരിച്ചിട്ടുള്ള വാട്ടർ ഷെഡ്സ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആയിരിക്കും നീർത്തട കമ്മിറ്റിയുടെ അധ്യക്ഷൻ.

നാഷണൽ റർബൻ മിഷൻ

25000 മുതൽ 50000 വരെ ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്ത്/ഒരു കൂട്ടം ഗ്രാമപഞ്ചായത്തുകളെ ഒരു വികസന ക്ലസ്റ്ററായി വിജ്ഞാപനം ചെയ്തു ടി ക്ലസ്റ്ററിന്റെ സാമ്പത്തിക ഉന്നമനത്തിനും നൈപുണ്യ വികസനത്തിനും സംരംഭകത്വ വികസനത്തിനും പശ്ചാത്തല വികസനത്തിനും ഊന്നൽ നൽകുന്ന പ്രോജക്ടുകൾക്ക് മുൻതൂക്കം നൽകികൊണ്ട് സ്മാർട്ട് വില്ലേജ് ആക്കുകയാണ് പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്.

നാഷണൽ റർബൻ മിഷന്റെ പദ്ധതി നിർവഹണ ചട്ടങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

1. ഓരോ ദശ വർഷത്തിലും ജനസംഖ്യയിൽ ഉണ്ടാകുന്ന വർദ്ധന

2. ഓരോ വർഷങ്ങളിലും കാർഷികേതര മേഖലയിൽ ഉണ്ടാകുന്ന തൊഴിലാളികളുടെ വർദ്ധന

3. ഭൂമിയുടെ വില വർദ്ധന

4. ഹയർ സെക്കണ്ടറി തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥിനികളുടെ എണ്ണം.

5. പ്രധാൻ മന്ത്രി ജൻധൻ യോജനയിൽ അക്കൗണ്ട് ആരംഭിച്ച കുടുംബങ്ങളുടെ എണ്ണം.

6. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പ്രവർത്തനങ്ങൾ

7. സദ്ഭരണ നിർവഹണത്തിൽ പുതിയ മാതൃകകൾ.

ഇന്റഗ്രേറ്റഡ് ക്ലസ്റ്റർ ആക്ഷൻ പ്ലാൻ (ICAP) പ്രകാരം തയ്യാറാക്കുന്ന പദ്ധതികളുടെ നടത്തിപ്പിനായി വിഭവ സമാഹരണം നടത്തുമ്പോൾ ഉണ്ടാകുന്ന ക്രിട്ടിക്കൽ ഗ്യാപ്പുകൾ പരിഹരിക്കുവാൻ ഓരോ ക്ലസ്റ്ററിനും 30 കോടി രൂപ ക്രമത്തിൽ നാല് ക്ലസ്റ്ററുകൾക്കായി 120 കോടി രൂപ ക്രിട്ടിക്കൽ ഗ്യാപ് ഫണ്ട് ആയി സർക്കാർ നൽകുന്നതാണ്. ഈ തുക 60:40 അനുപാതത്തിലാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്നത്. പ്രവൃത്തികൾ ആരംഭിക്കുന്നതിനുമുൻപ് വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) തയ്യാറാക്കി സമർപ്പിക്കണം. ഒരു പ്രോജക്ടിന്റെ കാലാവധി 3 വർഷമാണ്. സംസ്ഥാന സർക്കാർ ക്രിട്ടിക്കൽ ഗ്യാപ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾ നിലവിലെ വികേന്ദ്രീകൃതാസൂത്രണ മാനദണ്ഡങ്ങൾ അനുസരിച്ച് പഞ്ചായത്തീരാജ് സംവിധാനത്തിലൂടെ നടത്തുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

<u>ആർ.ജി.എസ്.എ. (രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ)</u>

ആർ.ജി.എസ്.എ. പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

<u>അമൃത്</u>

2011-ലെ സെൻസസ് പ്രകാരം ദേശീലതലത്തിൽ 1 ലക്ഷം ജനസംഖ്യയ്ക്ക് മുകളിൽ വരുന്ന 500 നഗരസഭകളെയാണ് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേരളത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽ നോട്ടത്തിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകളെയും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളെയുമാണ് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള ഗുരുവായൂർ മുനിസിപ്പാലിറ്റിയെ ഫ്ലോട്ടിംഗ് പോപ്പുലേഷൻ അടിസ്ഥാനത്തിലും തീർത്ഥാടന കേന്ദ്രമായും പരിഗണിച്ചാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ദേശീയ ഗ്രാമീണ ഉപജീവനമിഷൻ (എൻ.ആർ.എൽ.എം.)

കുടുംബശ്രീ നടപ്പിലാക്കുന്ന ഗ്രാമീണ മേഖലയിലെ ഒരു പ്രധാന കേന്ദ്ര സർക്കാർ പദ്ധതിയാണ് ദേശീയ ഗ്രാമീണ ഉപജീവനമിഷൻ. ടി പദ്ധതി കുടുംബശ്രീ സംസ്ഥാന, ജില്ലാ മിഷനുകൾ നേരിട്ട് കുടുംബശ്രീ അംഗങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി നടപ്പിലാക്കുകയാണ് ചെയ്യുന്നത്. കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും അയൽക്കൂട്ടങ്ങൾക്ക് ടി പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണ്.

ടി പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതിന് കുടുംബശ്രീ അയൽക്കൂട്ട അംഗമായി ചേരേണ്ടതുണ്ട്. ഒരു കുടുംബത്തെ പ്രതിനിധീകരിച്ച് ഒരു സ്ത്രീക്ക് കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗമാകാം. പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സി.ഡി.എസ്. വഴി കുടുംബശ്രീ അംഗമാകാം.

ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡിഡിയു-ജികെവൈ.)

ഗ്രാമീണ ദരിദ്ര കുടുംബങ്ങളിലെ യുവതീ-യുവാക്കൾക്കുവേണ്ടി ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം.)-ന്റെ കീഴിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ദിൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡിഡിയു-ജികെവൈ.). ഗുണഭോക്താക്കൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും അഭിരുചിക്കും ഉതകുന്ന പരിശീലനം നൽകി അവർക്ക് അർഹമായ തൊഴിൽ ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നു. കേന്ദ്ര ഗ്രാമവികസന വകുപ്പിൽ കുടുംബശ്രീ സമർപ്പിച്ച വാർഷിക പദ്ധതിയുടെ ഭാഗമായി 71200 ഗുണഭോക്താക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള അനുമതി കുടുംബശ്രീക്ക് ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, നാളിതുവരെയായി 72 ഏജൻസികളെ തെരഞ്ഞെടുക്കുകയും 2015 ജൂലൈ മാസം മുതൽ പദ്ധതി നടപ്പിലാക്കി തുടങ്ങുകയും ചെയ്തിട്ടുണ്ട്.

ഗുണഭോക്താക്കൾ

- 18-35 വയസ്സിനും ഇടയിലുള്ള യുവതീയുവാക്കൾ
- 45 വയസ്സുവരെയുള്ള അവശത അനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർ (ചോലനായക്കർ, കാട്ടുനായ്ക്കർ, കുറുമ്പ & മുദുഗ)
- 45 വയസ്സുവരെയുള്ള ഭിന്നശേഷിയുള്ള യുവതീയുവാക്കൾ
- 16 വയസ്സിന് മുകളിലുള്ള മനുഷ്യക്കടത്തിന് ഇരയായവർ, ദ്വിലിംഗ വിഭാഗത്തിൽപ്പെട്ടവർ, പുനരധിവസിക്കപ്പെട്ട തൊഴിലടിമകൾ, തോട്ടികൾ.

- പ്രയോജനം ലഭിക്കാൻ
- കുടുംബശ്രീ സി. ഡി. എസ്.-കളിൽ രജിസ്റ്റർ ചെയ്യാം
- കുടുംബശ്രീ ജില്ലാ മിഷനുകളിൽ ബന്ധപ്പെടാം.

സ്മാർട്ട് സിറ്റി മിഷൻ

Area Based Development ആണ് സ്മാർട്ട് സിറ്റി പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. മേൽപ്പറഞ്ഞ വികസനം നടപ്പാക്കേണ്ടുന്ന നയപരമായ ഘടകങ്ങൾ മാർഗ്ഗരേഖയിൽ നൽകിയിട്ടുള്ളത് ചുവടെചേർക്കുന്നു:

1. Retrofitting (നഗരവികസനം)- കുറഞ്ഞത് 500 ഏക്കർ സ്ഥലം
2. Redevelopment (നഗരനവീകരണം)-കുറഞ്ഞത് 50 ഏക്കർ സ്ഥലം
3. Green field development (ഹരിത വികസനം)-കുറഞ്ഞത് 250 ഏക്കർ സ്ഥലം
4. Pancity development -നഗരം മൊത്തത്തിൽ.

Retrofitting (നഗരവികസനം)- കുറഞ്ഞത് 500 ഏക്കറെങ്കിലും വിസ്തൃതി വരുന്ന പ്രാഥമിക അടിസ്ഥാന സൗകര്യങ്ങൾ നിലവിലുള്ള ഒരു പ്രദേശം ഇതിനായി തെരഞ്ഞെടുക്കാം. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന സ്ഥലത്ത് നിലവിലുള്ള സംവിധാനങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ അവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിനും ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

Redevelopment (നഗരനവീകരണം)- താരതമ്യേന ഒരു ചെറിയ പ്രദേശത്തെ (കുറഞ്ഞത് 50 ഏക്കർ) തെരഞ്ഞെടുക്കുകയും അവിടെ നിലവിലുള്ള സംവിധാനങ്ങൾ മാറ്റി ആധുനിക സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശിക്കുന്നത്.

Green field development (ഹരിത വികസനം)

നഗരപ്രാന്തങ്ങളിലെ താരതമ്യേന ഒഴിഞ്ഞ പ്രദേശം (കുറഞ്ഞത് 250 ഏക്കർ) കണ്ടെത്തി പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് വാസസൗകര്യങ്ങൾ അടക്കം സജ്ജമാക്കി പുതിയൊരു ആവാസവ്യവസ്ഥ രൂപപ്പെടുത്തുകയാണ് ഉദ്ദേശിക്കുന്നത്.

ഈ മൂന്ന് മോഡലുകളിൽ ഏതെങ്കിലും ഒന്നോ അല്ലെങ്കിൽ ഒന്നിലധികം മാതൃകകൾ സംയോജിപ്പിച്ചോ സ്മാർട്ട് സിറ്റി പ്രൊപ്പോസൽ തയ്യാറാക്കാവുന്നതാണ്.

Pancity development -

ആധുനിക വിവരസാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി നഗരത്തിലെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും കൂടുതൽ സ്മാർട്ട് ആക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഉദാഹരണത്തിന് ട്രാൻസ്പോർട്ട് മേഖലയാണ് തെരഞ്ഞെടുക്കുന്നതെങ്കിൽ സ്മാർട്ട് പാർക്കിംഗ്, ഇന്റലിജെന്റ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം എന്നിവ നടപ്പിലാക്കുക, വേസ്റ്റ് വാട്ടർ റീസൈക്ലിംഗ്, സ്മാർട്ട് മീറ്ററിംഗ് മുതലായവയിലൂടെ ജല ലഭ്യതയും വിതരണവും കാര്യക്ഷമമാക്കുക തുടങ്ങിയവ പാൻസിറ്റിയിൽ സ്വീകരിക്കാവുന്നതാണ്. പാൻസിറ്റി ഡെവലപ്മെന്റ് നിർബന്ധമായി ചെയ്യേണ്ടതും കുറഞ്ഞത് ഏതെങ്കിലും ഒരു സെക്ടറിൽ നഗരം മുഴുവനുമായി നടപ്പാക്കേണ്ടതാണ്.

ഇതിൽ ഏത് രീതി സ്വീകരിച്ചാലും കഴിയുന്നത്ര നിലവിലുള്ള അവസ്ഥമാറ്റാൻ അടിസ്ഥാന ഭൗതിക സൗകര്യങ്ങളിൽ ആവശ്യമായ മെച്ചപ്പെടുത്തലുകൾക്ക് ഊന്നൽനൽകി വേണം സ്മാർട്ട് സിറ്റി പ്രൊപ്പോസൽ തയ്യാറാക്കേണ്ടത്. മെച്ചപ്പെട്ട ഭവന പദ്ധതികളും 24 മണിക്കൂറും വെള്ളവും വൈദ്യുതിയും ശുചീകരണ സംവിധാനവും ശുദ്ധവായുവും വിദ്യാഭ്യാസവും ആരോഗ്യ പരിപാലനവും സുരക്ഷയും ഉല്ലാസ സൗകര്യങ്ങളും ഗതാഗത സൗകര്യങ്ങളും ഒരുക്കുന്നതിനാണ് ശ്രമിക്കേണ്ടത്. കൂടുതൽ തൊഴിൽ അവസരങ്ങളും ജീവിതനിലവാരവും ഉള്ളത് നിക്ഷേപ സൗഹൃദവുമായ ഒരു സ്മാർട്ട് സിറ്റിയാകണം വിഭാവനം ചെയ്യേണ്ടുന്നത്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പൊതു സർവ്വീസ്**

122(1682) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി പൊതു സർവ്വീസ് രൂപീകരിക്കുമ്പോൾ വിവിധ തസ്തികയിലേക്ക് വകുപ്പ് തിരിച്ചാണോ അതോ പൊതുവായി ആണോ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പൊതുസർവ്വീസ് എന്ന് നിലവിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 2010-നുശേഷം അപ്ഗ്രേഡ് ചെയ്ത നഗരസഭകളിൽ അധിക തസ്തിക അനുവദിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികളും പ്രസ്തുത നഗരസഭകളിലേക്ക് ശിപാർശ ചെയ്ത തസ്തികകളുടെ എണ്ണവും തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ഡി) 2019 മാർച്ച് 31 വരെ നഗരകാര്യ വകുപ്പിൽ ഉണ്ടാകാൻ സാധ്യതയുള്ള റവന്യൂ ഇൻസ്പെക്ടർമാരുടെയും സൂപ്രണ്ടുമാരുടെയും ഒഴിവുകൾ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏകീകൃത സർവ്വീസിൽ വിവിധ വിഭാഗങ്ങളിലെ ജീവനക്കാരുടെ സർവ്വീസ് സീനിയോറിറ്റി തുടങ്ങിയ കാര്യങ്ങളിൽ സ്വീകരിക്കേണ്ട നടപടിയെ സംബന്ധിച്ചുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു. തീരുമാനം ആയിട്ടില്ല.

(ബി) കരട് ചട്ടങ്ങളുടെ അന്തിമ രൂപമായാലുടൻ പൊതുസർവ്വീസ് നിലവിൽ വരുന്നതാണ്.

(സി) 2010-നുശേഷം അപ്ഗ്രേഡ് ചെയ്ത നഗരസഭകളിൽനിന്നും അധിക തസ്തികകൾ അനുവദിച്ച് സർക്കാർ ഉത്തരവ് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ നൽകിയ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) 2019 മാർച്ച് 31 വരെ മുനിസിപ്പൽ കോമൺ സർവ്വീസിൽ സൂപ്രണ്ട് തസ്തികയിലും ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിലും 5 ഒഴിവുകൾ വീതം ഉണ്ടാകുന്നുണ്ട്. പ്രസ്തുത ഒഴിവുകൾ ചുവടെ ചേർക്കുന്ന നഗരസഭകളിൽ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്.

| സൂപ്രണ്ട് തസ്തിക | ഹെഡ്ഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ |
|---|---|
| കൊല്ലം- 1 | കരുനാഗപ്പള്ളി- 1 |
| കോഴിക്കോട്- 1 | കോഴിക്കോട്- 2 |
| കൊച്ചി- 2 | കൊല്ലം- 1 |
| ചാലക്കുടി- 1 | ഷൊർണ്ണൂർ- 1 |
| ആകെ- 5 | ആകെ- 5 |

## ത്രിതല പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതം

123(1683) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തികവർഷം പദ്ധതി വിഹിതമായി ത്രിതല പഞ്ചായത്തുകൾക്ക് എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളതെന്നും ഇത് മൊത്തം പദ്ധതിയുടെ എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രളയത്തെ തുടർന്ന് പദ്ധതി വിഹിതത്തിൽ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) 2018 നവംബർ 15 വരെ ത്രിതലപഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ എത്ര രൂപ അനുവദിച്ച് നൽകിയെന്നും ഈ സാമ്പത്തിക വർഷം ഇതുവരെ ഓരോ പദ്ധതിക്കായുള്ള ചെലവ് എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി ത്രിതല പഞ്ചായത്തുകൾക്ക് നീക്കിവച്ചിട്ടുള്ള തുകയും മൊത്തം പദ്ധതിയുടെ എത്ര ശതമാനമാണെന്ന കണക്കും ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | - | 3310.56 കോടി (11.36%) |
| ജില്ലാ പഞ്ചായത്തുകൾ | - | 892.21 കോടി (3.06%) |
| ബ്ലോക്ക് പഞ്ചായത്തുകൾ | - | 893.47 കോടി (3.07%) |

(ബി) പ്രളയത്തെ തുടർന്ന് ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ കുറവ് വരുത്തിയിട്ടില്ല.

(സി) 2018 നവംബർ 15 വരെ ത്രിതല പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ അനുവദിച്ച തുക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | - | 1677.73 കോടി |
| ജില്ലാ പഞ്ചായത്തുകൾ | - | 596.81 കോടി |
| ബ്ലോക്ക് പഞ്ചായത്തുകൾ | - | 594.21 കോടി. |

2018 നവംബർ 15 വരെ ത്രിതല പഞ്ചായത്തിന്റെ പദ്ധതി ചെലവ് ശതമാനം

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | - | 45.39 % |
| ജില്ലാ പഞ്ചായത്തുകൾ | - | 43.24 % |
| ബ്ലോക്ക് പഞ്ചായത്തുകൾ | - | 44.30 % |

## കോക്ലിയർ ഇംപ്ലാന്റേഷനുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ

124(1684) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ (2018-19 മുതൽ 2021-22 വരെ) തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ തുടർച്ചയായി പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം കേൾവിശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റിനു ശേഷമുള്ള കേൾവി സഹായികളും മറ്റും നൽകുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കാവുന്നതാണെന്ന് വ്യക്തമാക്കിയിരുന്നോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇപ്രകാരം മാർഗ്ഗരേഖ പുറപ്പെട്ടുവിച്ചതിനുശേഷം കോക്ലിയാർ ഇംപ്ലാന്റേഷനുശേഷം നൽകുന്ന ഉപകരണങ്ങൾക്ക് റിപ്പയറിംഗ് ആവശ്യമായി വന്നാൽ ഇതിനുള്ള ചെലവ് എസ്.സി./എസ്.ടി., മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മാത്രമായി നൽകിയാൽ മതിയെന്ന രീതിയിൽ പരിമിതപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിരുന്നോ;

(സി) എങ്കിൽ, സാധാരണക്കാരായ എല്ലാ വിഭാഗങ്ങൾക്കും ആനുകൂല്യം ലഭിക്കുന്നതിന് തടസ്സമാകുന്നവിധം ഉത്തരവ് പുറപ്പെടുവിക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആനുകൂല്യം സാധാരണക്കാരായ എല്ലാ വിഭാഗങ്ങൾക്കും ലഭിക്കുന്ന വിധത്തിൽ ഉത്തരവിൽ ഭേദഗതി വരുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 മുതൽ 2021-22 വരെയുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖയ്ക്ക് തുടർച്ചയായി പുറപ്പെടുവിച്ച സബ്സിഡി-ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ [സ.ഉ. (കൈ) നമ്പർ 22/2018/ത.സ്വ.ഭ.വ. തീയതി 14-2-2018] ഖണ്ഡിക 7.1.2 (ബി) പ്രകാരം മെഡിക്കൽ ഓഫീസറുടെ നിർദ്ദേശം അനുസരിച്ച് കേൾവിശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷന് ശേഷമുള്ള കേൾവിസഹായികളും മറ്റും നൽകുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കുന്നതിന് അനുമതി നൽകിയിരുന്നു.

(ബി&സി) 15-10-2018-ലെ ഡി.എ 1/718/2018/ത.സ്വ.ഭ.വ. നമ്പർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. മാർഗ്ഗരേഖ പ്രകാരം കോക്ലിയർ ഇംപ്ലാന്റിന് ശേഷമുള്ള കേൾവി സഹായികളും മറ്റും എല്ലാ വിഭാഗങ്ങൾക്കും വാങ്ങി നൽകാൻ കഴിയും. എന്നാൽ റിപ്പയറിംഗ് ചാർജ് നൽകാൻ കഴിയുമായിരുന്നില്ല. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27-9-2018-ൽ കൂടിയ യോഗത്തിന്റെ പൊതുവിഷയ തീരുമാനം നമ്പർ 3.9 പ്രകാരമാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, മത്സ്യത്തൊഴിലാളികൾ/അവരുടെ മക്കൾ എന്നിവർക്ക് കോക്ലിയർ ഇംപ്ലാന്റിന് ശേഷമുള്ള കേൾവിസഹായികളും മറ്റും റിപ്പയറിംഗ് ആവശ്യമായി വന്നാൽ അതിനുള്ള ചെലവ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാവുന്നതാണ് എന്ന സർക്കുലർ പുറപ്പെടുവിച്ചത്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

**ലൈഫ് പദ്ധതി**

125(1685) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി തോട്ടം തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിന് ആലോചിക്കുന്നുണ്ടോ;വ്യക്തമാക്കാമോ?

ഉത്തരം

ഉണ്ട്. ലൈഫ് മിഷൻ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ വന്നിട്ടുള്ള തോട്ടം തൊഴിലാളികളായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിവരുന്നു. പട്ടികയിൽവന്ന ഭൂരഹിതരായ ഭവനരഹിതർക്ക് ഭവനസമുച്ചയം നിർമ്മിച്ച് ഭവനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പട്ടികയിൽ ഇല്ലാത്ത അർഹരായ തോട്ടം തൊഴിലാളികളായ ഗുണഭോക്താക്കൾക്ക് തോട്ടം ഉടമകളുടെ സഹകരണത്തോടെ ഭവനം നിർമ്മിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് 23-10-2018-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൊഴിൽ വകുപ്പ്, വനം വകുപ്പ്, റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിമാരുടെ യോഗം കൂടി. സ്വന്തമായി വീടില്ലാത്ത തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് വച്ച് നൽകുന്നതിന് തൊഴിൽ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനാവശ്യമായി വരുന്ന ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി തൊഴിൽ വകുപ്പ് സ്വീകരിക്കുന്നതാണ്. കൂടാതെ 23-10-2018-ന് തോട്ടം ഉടമ പ്രതിനിധികളുടെ യോഗം കൂടുകയും തോട്ടം തൊഴിലാളികൾക്ക് ഭവന പദ്ധതി (ലൈഫ്) നടപ്പിലാക്കുന്നതിന് തോട്ടം ഉടമകൾ സ്ഥലവും വീടും നിർമ്മിക്കുന്നതിനുള്ള ചെലവിന്റെ 50 ശതമാനം നൽകണമെന്നും തീരുമാനിച്ചിട്ടുണ്ട്.

**ലൈഫ് ഭവന പദ്ധതി**

126(1686) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി പ്രഖ്യാപിച്ച് രണ്ടര വർഷം കഴിഞ്ഞപ്പോൾ പദ്ധതി പ്രകാരം എത്ര വീടുകൾ പൂർത്തീകരിച്ചു; എത്ര ഗുണഭോക്താക്കൾക്ക് ആദ്യ ഘട്ടത്തിൽ വീട് വിതരണം ചെയ്തു എന്ന് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; ലൈഫ് ഭവന പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) ടി ഭവന പദ്ധതിയിൽ ഒരു ഗുണഭോക്താവിന് വീട് നിർമ്മിക്കാൻ ആകെ നൽകുന്ന തുക എത്രയാണ്; ഇതിൽ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് / ജില്ലാ പഞ്ചായത്ത് /സംസ്ഥാന സർക്കാർ/കേന്ദ്ര സർക്കാർ വിഹിതം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭവന പദ്ധതിയിൽ ഏറനാട് മണ്ഡലത്തിൽ നാളിതുവരെയായി പുതിയ വീട് നിർമ്മിക്കാൻ എത്ര പേർക്ക് സാമ്പത്തിക സഹായം അനുവദിച്ച് നൽകി; ഇവയുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) ഭൂരഹിതരായവർക്കുവേണ്ടി പദ്ധതിയിലേയ്ക്ക് എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നതെന്നും ഭൂമി ഏറ്റെടുക്കുന്നതിനും വീട് നിർമ്മിക്കുന്നതിനും വേണ്ടി നിലവിൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ; ടി പദ്ധതി നടത്തിപ്പിലെ സങ്കീർണ്ണതകൾ ലഘൂകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ലൈഫ് പദ്ധതി ഒന്നാംഘട്ടത്തിൽ 49016 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. രണ്ടാംഘട്ടമായ പുതിയ വീടുകളുടെ നിർമ്മാണപ്രകാരം 354 വീടുകൾ പൂർത്തീകരിച്ചു. ജില്ലാടിസ്ഥാനത്തിലുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.* പൂർത്തീകരിക്കാത്ത ഭവനങ്ങൾ 5020 ഉണ്ട്. പുതിയ ഭവനങ്ങളിൽ അർഹരായ 78565 പേരുടെ വീടുകൾ 2019 ജൂൺ മാസം പൂർത്തീകരിക്കാൻ കഴിയും. ഭൂരഹിത ഭവനരഹിതർക്ക് ഭവനസമുച്ചയം നിർമ്മിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഓരോ ഭവന സമുച്ചയത്തിന്റെ നിർമ്മാണം 2019 മാർച്ചിന് മുമ്പ് തുടങ്ങുന്നതാണ്.

(ബി) പുതിയ ഭവനത്തിന് ആകെ നൽകുന്നത് 4 ലക്ഷം രൂപ വരെയാണ്. ഇതിൽ ആദ്യഗഡുവായ (40,000 രൂപ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽനിന്നുമാണ് നൽകുന്നത്. ഇതിൽ ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്തുകൾ അവയുടെ 20 ശതമാനം തുക പഞ്ചായത്തുകൾക്ക് കൈമാറുകയാണ്. ബാക്കി ആവശ്യമായ തുക പഞ്ചായത്തുകൾക്ക് ലോൺ ആയി നൽകുകയാണ്. സംസ്ഥാന വിഹിതമായി ഒരു വീടിന് ഒരു ലക്ഷം രൂപ നൽകുന്നതാണ്. കേന്ദ്ര വിഹിതം ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഏറനാട് മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ പുതിയ ഭവനം നിർമ്മിക്കുന്നതിനായി അരീക്കോട്-9, കീഴുപറമ്പ്-19, ഉറങ്ങാട്ടിരി-39, കാവനൂർ-24, കുഴിമണ്ണ-7, എടവണ്ണ-62, ചാലിയാർ-75 എന്ന പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) ഭൂരഹിതരായവർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി 496 ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിലുമായി 14 ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിൽ 336294 പേർ ഭൂരഹിത ഭവനരഹിതരായി ഉണ്ടെന്ന് പ്രാഥമിക കണക്കുകൾ വ്യക്തമാക്കുന്നു. 1 ഏക്കറിൽ 100 പേർക്ക് ഭവന സമുച്ചയം നിർമ്മിക്കാൻ കഴിയുന്നപക്ഷം 3363 ഏക്കർ ഭൂമി ആവശ്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയാണ് ആദ്യഘട്ടത്തിൽ പരിഗണിക്കുന്നത്. തുടർന്ന് സർക്കാരിന്റെയും മറ്റ് വകുപ്പുകളുടെയും ഭൂമി പരിഗണിക്കുന്നതാണ്. ഇവ തികയാത്തപക്ഷം മാത്രമെ വസ്തുവാങ്ങുന്നതിനെ ക്കുറിച്ച് ആലോചിക്കുകയുള്ളു.

**ലൈഫ് ഭവന പദ്ധതി**

127(1687) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ ഇരുപത് ശതമാനം വെട്ടിക്കുറയ്ക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ലൈഫ് പദ്ധതിക്കുവേണ്ടിയാണ് ഈ തീരുമാനമെങ്കിൽ, പതിനഞ്ച് വർഷത്തേക്ക് മറ്റ് ഭവന പദ്ധതികൾക്ക് ഫണ്ട് മാറ്റിവയ്ക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് കഴിയാതെ വരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ലൈഫ് പദ്ധതിയിൽ എത്ര വീടുകളാണ് നിർമ്മിക്കുന്നതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ എത്ര വീടുകളുടെ പണി തുടങ്ങിയെന്നും എത്ര വീടുകൾ നിർമ്മിച്ചുകഴിഞ്ഞുവെന്നും വ്യക്തമാക്കാമോ ;

(ഡി) ലൈഫ് പദ്ധതിയിൽ വീട് ലഭ്യമാക്കാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ഒരു വീടിനുവേണ്ട ചെലവ് എത്രയാണെന്നും, ഈ തുക എങ്ങനെയാണ് കണ്ടെത്തുന്നതെന്നും വ്യക്തമാക്കാമോ ;

(ഇ) ലൈഫ് പദ്ധതി എപ്പോൾ പൂർത്തികരിക്കുമെന്നും പൂർത്തികരണം നടന്നാൽ സംസ്ഥാനത്ത് ഭവനരഹിതരുടെ എണ്ണത്തിന്റെ കുറവ് എങ്ങനെയായിരിക്കുമെന്നും വ്യക്തമാക്കാമോ; ലൈഫ് പദ്ധതിയെക്കൂടാതെ മറ്റേതെല്ലാം പദ്ധതികൾ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീടുകൾ നൽകിവരുന്നുണ്ടെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും എത്ര രൂപയുടെ വീടാണ് ഓരോ പദ്ധതിയിലും നൽകുന്നതെന്നും ഇതിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നതെന്നും ഇത്തരം പദ്ധതികൾക്കുകീഴിൽ സംസ്ഥാനത്തെ ഓരോ പഞ്ചായത്തിലും കഴിഞ്ഞ മൂന്ന് സർക്കാരുകളുടെയും ഈ സർക്കാരിന്റെയും കാലത്ത് നിർമ്മിച്ച വീടുകളുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ലൈഫ് ഭവന പദ്ധതിക്കുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസനഫണ്ട് വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടില്ല.

(സി) പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.* 59600 വീടുകളുടെ പണി ആരംഭിച്ചിട്ടുണ്ട്. 354 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ലൈഫ് മിഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം യോഗ്യരായവരെ സർവ്വേയിലൂടെ കണ്ടെത്തിയിട്ടുണ്ട്. മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

- ഭവനരഹിതരായ കുടുംബം
- വാർഷിക വരുമാനം 3 ലക്ഷം രൂപയ്ക്ക് താഴെ
- സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി, പെൻഷൻ എന്നിവർ അംഗങ്ങളായ കുടുംബങ്ങൾ അനർഹർ
- സ്വകാര്യ ആവശ്യത്തിന് 4 ചക്രവാഹനം ഇല്ലാത്തവർ
- ഒരു റേഷൻ കാർഡിൽ ഒരു വീട് (റേഷൻ കാർഡിലുള്ള ആർക്കെങ്കിലും വീടുള്ളപക്ഷം ടി കുടുംബത്തിലെ ആരും അർഹരല്ല.)
- പഞ്ചായത്തിൽ 25 സെന്റും നഗരത്തിൽ 5 സെന്റിലും താഴെ ഭൂമി.

ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപയാണ് നൽകുന്നത്. ടി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്ന് തുകകണ്ടെത്തുന്നു. തികയാത്തവർക്ക് സർക്കാർ വായ്പ എടുത്ത് നൽകുന്നു.

(ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലൈഫ് ഭവന നിർമ്മാണ പദ്ധതി

128(1688) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ 2018 നവംബർ 15 വരെ ഓരോ ജില്ലയിലും എത്ര വീടുകൾക്ക് ഒന്നാം ഗഡു അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) 2018-19 ലൈഫ് പദ്ധതിയിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇനിയും അനുമതി ലഭിക്കുവാനുള്ള വീടുകൾക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

| | |
|---|---|
| തിരുവനന്തപുരം | 2422 |
| കൊല്ലം | 3348 |
| പത്തനംതിട്ട | 489 |
| ആലപ്പുഴ | 3778 |
| കോട്ടയം | 1080 |
| ഇടുക്കി | 1129 |
| എറണാകുളം | 860 |
| തൃശ്ശൂർ | 1413 |
| പാലക്കാട് | 3979 |
| മലപ്പുറം | 2377 |
| കോഴിക്കോട് | 1475 |
| വയനാട് | 670 |
| കണ്ണൂർ | 805 |
| കാസർഗോഡ് | 959 |

(ബി) 184255 വീടുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അനുമതി ലഭിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കളോട് അടിയന്തരമായി രേഖകൾ ഹാജരാക്കാനും അവ പരിശോധിച്ച് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**ലൈഫ് പദ്ധതി**

129(1689) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിക്കുന്നതിനായി നെടുമങ്ങാട് മണ്ഡലത്തിൽ സ്ഥലം കണ്ടെത്തിയിരിക്കുന്നത് എവിടെയാണെന്ന് വ്യക്തമാക്കാമോ;

(ബി) തെരഞ്ഞെടുത്ത സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർവ്വേ നമ്പർ 405-ൽപ്പെട്ട 138 സെന്റ് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിക്കുന്നതിനായി നെടുമങ്ങാട് മണ്ഡലത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) ലാൻഡ് ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന് വേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

**ലൈഫ് പദ്ധതി**

130(1690) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരെയും ഭൂരഹിത ഭവനരഹിതരെയും ലക്ഷ്യമിട്ട് ഈ സർക്കാർ നടപ്പിലാക്കിയ ലൈഫ് പദ്ധതിയിലൂടെ എത്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കുടുംബങ്ങൾക്ക് നാളിതുവരെ വീട് ലഭ്യമാക്കി; ആയതിന് ചെലവഴിച്ച തുക എത്ര; വ്യക്തമാക്കുമോ;

(സി) അവശേഷിക്കുന്നവർക്ക് എപ്പോൾ വീട് ലഭ്യമാക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്; ഇതിലേക്ക് എന്ത് തുക മാറ്റിവച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതി മുടങ്ങാതിരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിയിലൂടെ ധനസഹായം കൈപ്പറ്റിയശേഷം വീട് നിർമ്മിക്കാത്ത അനർഹരായ എത്ര പേർക്കെതിരെ ലൈഫ് മിഷൻ നടപടി തുടങ്ങി; എപ്രകാരമുള്ള നടപടിയാണ് ഉദ്ദേശിക്കുന്നതെന്നും ഇതിലൂടെ എത്ര തുകയുടെ നഷ്ടം ലൈഫ് മിഷന് വന്നുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ലൈഫ് പദ്ധതിയുടെ ആദ്യഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്ന പദ്ധതി പ്രകാരം 54036 പേരെയും രണ്ടാമത്തെ ഘട്ടമായ ഭൂമിയുള്ള ഭവനരഹിതരായി 184255 പേരെയും മൂന്നാമത്തെ ഘട്ടമായ ഭൂരഹിത ഭവനരഹിതരായി 336294 പേരെയും കണ്ടെത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്ന ഒന്നാംഘട്ട പ്രകാരം 49016 പേരുടെ ഭവനങ്ങളും ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം നൽകുന്ന രണ്ടാംഘട്ട പ്രകാരം 354 പേർക്കും ഭവനങ്ങൾ നൽകി. ആയതിന് ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ഭൂമിയുള്ള ഭൂരഹിതർക്ക് 2018-19-ലും ഭൂരഹിത ഭവനരഹിതർക്ക് പദ്ധതി കാലയളവിലും ഭവനം ലഭ്യമാക്കാൻ കഴിയുന്നതാണ്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽനിന്നും 20 ശതമാനം തുക മാറ്റി വയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 4000 കോടി രൂപ HUDCO വഴി വായ്പ എടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കി കൃത്യമായ മേൽനോട്ടവും നിരീക്ഷണവും ഉറപ്പുവരുത്തുന്നതും കൃത്യമായ സമയങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് ഉറപ്പ് വരുത്തുന്നതുമാണ്. കൂടാതെ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തി വളരെ പാവപ്പെട്ടവരുടെ ഭവനപൂർത്തീകരണം സാധ്യമാക്കുന്നതുമാണ്.

(ഇ) ആരുടെ പേരിലും നടപടി സ്വീകരിച്ചിട്ടില്ല. ധനസഹായം കൈപ്പറ്റി ഭവനം നിർമ്മിക്കാത്തവരിൽനിന്നും റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് തുക ഈടാക്കുന്നതാണ്.

**ലൈഫ് പദ്ധതി**

131(1691) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടില്ലാത്തവർക്കായി വീട് നൽകുന്ന ലൈഫ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ലിസ്റ്റനുസരിച്ച് എത്രപേർക്കാണ് ലൈഫ് പദ്ധതി പ്രകാരം വീടും സ്ഥലവും നൽകേണ്ടതെന്ന് ഇനം തിരിച്ച് അറിയിക്കാമോ;

(സി) ഇപ്പോഴെടുത്ത സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് എത്ര വർഷം കൊണ്ടാണ് വീട് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1. പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തിയാകുന്ന ഘടക പ്രകാരം 54036 വീടുകളിൽ 49016 വീടുകൾ പൂർത്തീകരിച്ചു. ഭൂമിയുള്ള ഭവനരഹിതരായ 184255 പേരിൽ 78565 പേർ അർഹരാണ് എന്ന് കണ്ടെത്തുകയും 59600 പേർ കരാർ വെക്കുകയും 354 പേർ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. ഭൂരഹിത ഭവന രഹിതർക്ക് ഭവന സമുച്ചയം നിർമ്മിക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലും ഒരു ഭവന സമുച്ചയം വീതം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു.

(ബി) 2. ലൈഫ് മിഷന് വേണ്ടി കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് നടത്തിയ സർവ്വേ പ്രകാരം 336294 പേരെ ഭൂരഹിത ഭവനരഹിതരായി കണ്ടെത്തിയിട്ടുണ്ട്. രേഖകൾ പരിശോധിച്ച് അന്തിമമാക്കിയാൽ മാത്രമെ യഥാർത്ഥ കണക്കുകൾ വ്യക്തമാകുകയുള്ളൂ.

(സി) 3. 2020-21-ന് ഈ പദ്ധതി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**ലൈഫ് പദ്ധതി**

132(1692) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുള്ളവരുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ;

(ബി) ഇതിൽ എത്ര കുടുംബങ്ങൾക്ക് ആദ്യ ഗഡു തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) രണ്ടാം ഗഡു തുക അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

| | | | |
|---|---|---|---|
| (എ) | മുളവുകാട് ഗ്രാമപഞ്ചായത്ത് | - | 81 |
| | എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് | - | 236 |
| | കുഴിപ്പിള്ളി ഗ്രാമപഞ്ചായത്ത് | - | 105 |
| | ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് | - | 75 |
| | നായരമ്പലം ഗ്രാമപഞ്ചായത്ത് | - | 116 |
| | എടവനക്കാട് ഗ്രാമപഞ്ചായത്ത് | - | 122 |
| | കടമക്കുടി ഗ്രാമപഞ്ചായത്ത് | - | 24 |
| | പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | - | 317 |

(ബി) 326 കുടുംബങ്ങൾക്ക് ആദ്യഗഡു തുക അനുവദിച്ചിട്ടുണ്ട്.

(സി) സ്വീകരിച്ചുവരുന്നു. 154 പേർക്ക് രണ്ടാം ഗഡു നൽകിയിട്ടുണ്ട്. കെ.യു.ആർ.ഡി.എഫ്.സി.-ൽ നിന്നുള്ള വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

**ലൈഫ് മിഷൻ**

133(1693) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷനുമായി ബന്ധപ്പെട്ട് എത്ര പേരുടെ മുൻഗണനാ പട്ടികയാണ് ആദ്യഘട്ടത്തിൽ ഉള്ളതെന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ലൈഫ് മിഷനിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ;

(ബി) നിർമ്മാണം ആരംഭിച്ച വീടുകളുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ; ഒന്നാംഘട്ട വീടുകളുടെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രളയക്കെടുതി ലൈഫ് മിഷൻ പ്രവർത്തനങ്ങളെ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഭൂമിയുള്ള ഭവനരഹിതരുടെ 184255 പട്ടികയാണ് നിലവിലുള്ളത്. ആയതിൽ 78565 പേർ രേഖകൾ സമർപ്പിച്ച് അർഹരായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.* ലൈഫ് മിഷനിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ വീടിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ബി) നിർമ്മാണം ആരംഭിച്ച വീടുകളുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധം ആയി ചേർത്തിരിക്കുന്നു.* ടി വീടുകൾ 2019-ൽ പൂർത്തീകരിക്കാൻ കഴിയും.

(സി) ഇല്ല.

**ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ധനസഹായം**

134(1694) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമ്പലമേട് അമൃതകുടീരം കോളനിയിൽ പട്ടയം അനുവദിച്ച് നൽകിയ 126 കുടുംബങ്ങൾക്ക് ലൈഫ് മിഷനിൽ ഉൾപ്പെടുത്തി വീട് നിർമ്മാണത്തിനായി ധനസഹായം നൽകുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

അമ്പലമേട് അമൃതകുടീരം കോളനിയിൽ പട്ടയം അനുവദിച്ച് നൽകിയ 126 കുടുംബങ്ങൾക്ക് നിലവിൽ വീടുണ്ട്. ഭൂമിയുള്ള ഭവനരഹിതരെയും ഭൂമിയില്ലാത്ത ഭവനരഹിതരെയും പരിഗണിച്ച് അവർക്ക് വീടുകൾ വച്ചുകൊടുക്കുന്നതിനാണ് ഇപ്പോൾ ഊന്നൽ നൽകിയിട്ടുള്ളത്.

**ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മാണത്തിന് അധിക ധനസഹായം**

135(1695) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ കാട്ടായിക്കോണം വാർഡിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മാണത്തിന് അധിക തുക അനുവദിക്കണമെന്ന് കാണിച്ച് ശ്രീമതി. സിന്ധു (കൊക്കറപ്പറമ്പിൽ വീട്, ഉണ്ടത്തിൽ പി.ഒ, കാര്യവട്ടം) തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്ക് നൽകിയ 2746756/2018 നമ്പർ പരാതിയിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2016-2017 കാലഘട്ടത്തിൽ ശ്രീമതി സിന്ധുവിന് വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചതെന്നതിനാൽ ഈ തുകകൊണ്ട് വീട് പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല എന്നതും മന്ത്രിക്ക് പരാതി നൽകുമ്പോൾ പ്രസ്തുത തുകയുടെ അവസാന ഗഡു വാങ്ങിയിട്ടില്ല എന്നതും ഇക്കാര്യത്തിൽ സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(സി) വിവിധ സർക്കാർ ഭവനപദ്ധതികളിൽ അനുവദിച്ചതും പണി പൂർത്തിയാക്കാനാവാത്തതുമായ വീടുകൾക്ക് ലൈഫിൽ ഉൾപ്പെടുത്തി അധിക ധനസഹായം നൽകുമെന്ന ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) തിരുവനന്തപുരം നഗരസഭ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സാമ്പത്തിക വർഷം എത്ര പൂർത്തിയാകാത്ത വീടുകൾക്ക് ധനസഹായം നൽകി എന്നറിയിക്കാമോ; കാട്ടായിക്കോണം വാർഡിൽ ആർക്കൊക്കെ ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ശ്രീമതി സിന്ധുവിന് അധിക ധനസഹായം നൽകുന്നത് സംബന്ധിച്ച് തിരുവനന്തപുരം നഗരസഭ സർക്കാരിന് മറുപടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) ശ്രീമതി സിന്ധു തിരുവനന്തപുരം നഗരസഭയിൽ നൽകിയ 23-7-2018 -ലെ 85440 നമ്പർ പരാതിയിൽ നഗരസഭ നടപടി സ്വീകരിക്കുവാൻ ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; ഈ പരാതിയിൽ നഗരസഭ സ്വീകരിച്ച നടപടി സംബന്ധിച്ച് കക്ഷിക്ക് അറിയിപ്പ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രീമതി സിന്ധുവിന് ഒന്നാം ഗഡുവായി 20,000 രൂപയും രണ്ടാം ഗഡുവായി 60,000 രൂപയും മൂന്നാം ഗഡുവായി 60,000 രൂപയും നാലാം ഗഡുവായി 40,000 രൂപയും തിരുവനന്തപുരം നഗരസഭയിൽനിന്നും നൽകിയിട്ടുണ്ട്. തുടർന്ന് പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്ന ലൈഫ് മിഷന്റെ ഒന്നാംഘട്ട പ്രകാരം വാങ്ങിയ തുകയ്ക്കുപുറമെ വാങ്ങാനുള്ള വർദ്ധിപ്പിച്ച തുകയായ 40,000 രൂപ 17-8-2018-ൽ നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ലൈഫ് മിഷന്റെ പൂർത്തീകരിക്കാത്ത വീടുകൾക്ക് പൂർത്തീകരണത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി പ്രകാരം തിരുവനന്തപുരം നഗരസഭയിൽ 3523 പേർക്ക് അധിക ധനസഹായം നൽകിയിട്ടുണ്ട്. കാട്ടായിക്കോണം വാർഡിൽ നിലവിൽ 5 ഗുണഭോക്താക്കൾക്കാണ് കൂടിയ തുക നൽകിയിട്ടുള്ളത്.

(ഇ) ഇല്ല.

(എഫ്) ശ്രീമതി സിന്ധു തിരുവനന്തപുരം നഗരസഭയിൽ നൽകിയ അപേക്ഷയിൽ ടിയാന്റെ ഭർത്താവിന്റെ മാതാവായ ശ്രീമതി ലീലയ്ക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 2,20,000 രൂപ അനുവദിച്ച് സിന്ധുവിന്റെ വീട് പൂർത്തീകരിക്കുന്നതിനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ടി അപേക്ഷ പരിഗണിക്കാൻ കഴിയാത്തതിനാൽ ടി വിവരം കാണിച്ച് ശ്രീമതി സിന്ധുവിന് നഗരസഭ 2-8-2018-ന് മറുപടി നൽകിയിട്ടുണ്ട്.

## ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾ

136(1696) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും പദ്ധതി പ്രായോഗികമാക്കുന്നതിനും തദ്ദേശസ്ഥാപനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലൈഫ് പദ്ധതി നടപ്പിലാക്കുന്നതിന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) സ്വന്തംപേരിൽ റേഷൻ കാർഡില്ലാത്തതിനാൽ അർഹരായ പല ഗുണഭോക്താക്കളും പദ്ധതിയിൽ ഉൾപ്പെടാത്ത സാഹചര്യം കണക്കിലെടുത്ത് പ്രശ്നപരിഹാരത്തിനായി ബന്ധപ്പെട്ട വകുപ്പുമായി സഹകരിച്ച് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്വീകരിച്ചുവരുന്നു.

(സി) റേഷൻ കാർഡ് ഇല്ലാത്തതിന്റെ പേരിൽ അർഹരായ ആരെങ്കിലും ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ ഉൾക്കൊള്ളിക്കുന്നതിനും റേഷൻ കാർഡ് നൽകുന്നതിനുമായി ബന്ധപ്പെട്ട വകുപ്പുമായി കൂടിയാലോചന നടത്തുന്നതാണ്.

കൂടാതെ ഭൂമിയുള്ള ഭവനരഹിതരുടെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ റേഷൻകാർഡ് ഇല്ല എന്ന കാരണത്താൽ ഒഴിവാകുന്നു എന്ന് റിപ്പോർട്ട് ചെയ്യുന്നവരുടെ പട്ടിക സിവിൽ സപ്ലൈസ് വകുപ്പ് ശേഖരിച്ചിട്ടുള്ള ഒരു റേഷൻ കാർഡിലും പേരില്ലാത്തവരുടെ പട്ടികയുമായി താരതമ്യപ്പെടുത്തി അവരുടെ അർഹത ഉറപ്പാക്കി ധനസഹായം നൽകാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

## ലൈഫ് പദ്ധതി

137(1697) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പണി തീരാതെ കിടന്നിരുന്ന എത്ര വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള ധനസഹായമാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ അവയുടെ എണ്ണം ലഭ്യമാക്കാമോ;

(സി) ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനം ഈ പദ്ധതി ഏറ്റെടുക്കാതിരുന്നിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയത് ഏറ്റെടുക്കാതിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

(ഇ) പൂർത്തിയാക്കിയ വീടുകൾക്ക് ചെലവായ തുക എത്രയാണ്; ഈ പദ്ധതി തുടരുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 49016 വീടുകൾ.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) പൂർത്തിയാക്കിയ വീടുകൾക്ക് 571,18,40,200 രൂപ ചെലവായി. പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്ന ഒന്നാംഘട്ടത്തിൽ ഇനി 5020 വീടുകൾ ബാക്കിയുണ്ട്. ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത വീടുകൾ പൂർത്തീകരിക്കുന്നമുറയ്ക്ക് ഒന്നാംഘട്ടം അവസാനിപ്പിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കണ്ണൂർ ജില്ലയിലെ ലൈഫ് മിഷൻ പദ്ധതി

138(1698) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ലൈഫ് മിഷൻ പദ്ധതിയനുസരിച്ച് ആനുകൂല്യത്തിന് അർഹരായ എത്ര ഗുണഭോക്താക്കളെയാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി) എത്ര ഗുണഭോക്താക്കൾക്ക് ഈ വർഷം ആനുകൂല്യം നൽകിയിട്ടുണ്ട്;

(സി) കണ്ണൂർ ജില്ലയിൽ ലൈഫ് പദ്ധതിയനുസരിച്ച് എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ലൈഫ് മിഷൻ പദ്ധതിയിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണ പദ്ധതി പ്രകാരം 2687-ഉം ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം നൽകുന്ന പദ്ധതി പ്രകാരം 4879-ഉം ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്.

(ബി) പുതിയ ഭവന പദ്ധതി പ്രകാരം 1068 പേർക്കും പൂർത്തീകരിക്കാത്ത ഭവന പദ്ധതി പ്രകാരം 2476 പേർക്കും ഈ വർഷം ആനുകൂല്യം നൽകിയിട്ടുണ്ട്.

(സി) കണ്ണൂർ ജില്ലയിൽ പുതിയ 32 ലൈഫ് വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്ന ഒന്നാംഘട്ട പ്രകാരം 2476 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

## പാറശ്ശാല മണ്ഡലത്തിലെ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർ

139(1699) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ ഭൂമിയും വീടും ഇല്ലാത്ത എത്ര ആൾക്കാർ ഉണ്ട് എന്നുള്ള വിവരം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) ഇതിൽ എത്രപേരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടും വസ്തുവും ലഭ്യമാക്കുന്നതിനായുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട് എന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പാറശ്ശാല നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും ലൈഫ് പദ്ധതിയിൽ എത്ര ഗുണഭോക്താക്കളെ വീതം ഉൾപ്പെടുത്തിയിട്ടുണ്ട് എന്നുള്ള വിവരം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ലൈഫ് മിഷൻ നടത്തിയ സർവ്വേ പ്രകാരം പാറശ്ശാല നിയോജകമണ്ഡലത്തിൽ ഭൂമിയും വീടും ഇല്ലാത്തവരുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു. ഇവരുടെ പരിശോധന നടത്തിയാൽ മാത്രമേ അർഹതയുള്ളവരുടെ എണ്ണം വ്യക്തമാവുകയുള്ളൂ.

| | | |
|---|---|---|
| 1. പാറശ്ശാല | - | 336 |
| 2. വെള്ളറട | - | 763 |
| 3. കുന്നത്തുകാൽ | - | 417 |
| 4. കൊല്ലയിൽ | - | 367 |
| 5. പെരുങ്കടവിള | - | 220 |
| 6. ആര്യങ്കോട് | - | 343 |
| 7. ഒറ്റശേഖരമംഗലം | - | 339 |
| 8. കള്ളിക്കാട് | - | 333 |
| 9. അമ്പൂരി | - | 217 |
| | | ------ |
| ആകെ | - | 2160 |

(ബി) ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ ഭൂമിയുള്ള ഭവനരഹിതർക്കുള്ള ഭവന നിർമ്മാണമാണ് ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുള്ളത്. തുടർന്ന് മൂന്നാംഘട്ടമായി ഭൂമി ലഭ്യതയ്ക്ക് വിധേയമായി ഭവന സമുച്ചയം നിർമ്മിച്ച് മുൻഗണനാക്രമത്തിൽ ഭവനം ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പാറശ്ശാല നിയോകമണ്ഡലത്തിലെ ഓരോ ഗ്രാമപഞ്ചായത്തിലും ലൈഫ് പദ്ധതിയിൽ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനയിൽ സർക്കാർ മാനദണ്ഡപ്രകാരം അർഹത ഉണ്ടെന്ന് കണ്ടെത്തി കരാർവച്ച ഗുണഭോക്താക്കളുടെയും വിവരം ചുവടെ ചേർക്കുന്നു:

| ഗ്രാമസഭ അംഗീകരിച്ച പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം (ഗ്രാമപഞ്ചായത്ത് തിരിച്ച്) | രേഖകൾ പരിശോധിച്ച് അർഹത ബോധ്യപ്പെട്ട് കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം (ഗ്രാമപഞ്ചായത്ത് തിരിച്ച്) |
|---|---|
| 1. പാറശ്ശാല - 632 | 1. പാറശ്ശാല - 188 |
| 2. വെള്ളറട - 917 | 2. വെള്ളറട - 578 |
| 3. കുന്നത്തുകാൽ - 761 | 3. കുന്നത്തുകാൽ - 466 |
| 4. കൊല്ലയിൽ - 446 | 4. കൊല്ലയിൽ - 278 |
| 5. പെരുങ്കടവിള - 454 | 5. പെരുങ്കടവിള - 281 |
| 6. ആര്യങ്കോട് - 592 | 6. ആര്യങ്കോട് - 281 |
| 7. ഒറ്റശേഖരമംഗലം - 417 | 7. ഒറ്റശേഖരമംഗലം - 336 |
| 8. കള്ളിക്കാട് - 77 | 8. കള്ളിക്കാട് - 48 |
| 9. അമ്പൂരി - 265 | 9. അമ്പൂരി - 149 |
| ആകെ - 4561 | ആകെ - 2605 |

**അങ്കമാലി മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർ**

140(1700) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഭവന രഹിതർ, ഭൂരഹിത ഭവനരഹിതർ എന്നിവരുടെ പേരും വിലാസവും തദ്ദേശസ്ഥാപനങ്ങളുടെ പേര് സഹിതം വിശദമാക്കാമോ;

(ബി) ഭൂരഹിതരായിട്ടുള്ളവർക്ക് വിതരണം ചെയ്യുന്നതിന് ആവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഭൂരഹിതർക്കും ഭവന രഹിതർക്കും എന്നത്തേക്ക് ഭൂമിയും വീടും കൈമാറാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അങ്കമാലി നിയോജകമണ്ഡലത്തിൽ 11.08 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ലൈഫ് പദ്ധതി കാലയളവായ 2020-21-നുള്ളിൽ അർഹരായി കണ്ടെത്തിയ എല്ലാവർക്കും ഭവനം നൽകാനാണ് ഉദ്ദേശിക്കുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ ലൈഫ് പദ്ധതി

141(1701) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ എത്ര ഭൂരഹിത-ഭവനരഹിതരായ വ്യക്തികളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരിൽ എത്ര പേർക്കാണ് ലൈഫ് പദ്ധതിയിലൂടെ ഭവന നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഇതിൽ എത്ര വീടുകൾക്കാണ് 2017-18 ൽ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ മണ്ഡലത്തിൽ 1469 പേരെ ഭൂരഹിത ഭവനരഹിതരായി കണ്ടെത്തിയിട്ടുണ്ട്.

(ബി&സി) ആർക്കും നൽകിയിട്ടില്ല. ഭൂരഹിത ഭവനരഹിതർക്ക് ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ച് നൽകാനാണ് പദ്ധതി വിഭവനം ചെയ്തിട്ടുള്ളത്. മൂന്നാംഘട്ടമായാണ് ഭൂരഹിത ഭവനരഹിതർക്ക് ഭവന സമുച്ചയത്തിൽ വീട് നൽകുക.

## പട്ടാമ്പി മണ്ഡലത്തിലെ ഭവനരഹിതർ

142(1702) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ എത്ര ഭവനരഹിതരാണുള്ളതെന്നും അതിൽ സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ എത്രയെന്നും ഭൂമിയില്ലാത്ത ഭവന രഹിതർ എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടാമ്പി മണ്ഡലത്തിൽ 2157 പേർ ഭവനരഹിതരായി ഉണ്ട്. അതിൽ സ്വന്തമായി ഭൂമിയുള്ള 369 പേർ ഉണ്ട്. 1788 പേർ ഭൂമിയില്ലാത്ത ഭവനരഹിതരാണ്.

(ബി) പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്ന പദ്ധതി പ്രകാരം 144 വീടുകൾ പൂർത്തീകരിച്ചു. ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനത്തിന് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഭവനങ്ങൾ ഒന്നും പൂർത്തീകരിച്ചിട്ടില്ല.

## വികലാംഗരായ കോളനി നിവാസികളുടെ പുനരധിവാസം

143(1703) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ വികലാംഗരായ കോളനി നിവാസികൾക്ക് വീടുകൾ നിർമ്മിച്ചുനൽകി അവരെ പുനരധിവസിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുട്ടത്തറയിൽ നഗരകാര്യ വകുപ്പിന് കൈമാറിയിരുന്ന രണ്ടേക്കർ സ്ഥലത്ത് ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) 'ലൈഫ് മിഷൻ' പദ്ധതിയിലുൾപ്പെടുത്തി ഭവനരഹിതരായ വികലാംഗ കോളനി നിവാസികൾക്ക് വീടുകൾ നിർമ്മിച്ചു നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിൽ ഭൂരഹിതരും ഭവനരഹിതരുമായ വികലാംഗരായ കോളനി നിവാസികൾക്ക് ഭവനം നിർമ്മിക്കുന്നതിനായി അനുവദിച്ച ഭൂമി തിരുവനന്തപുരം നഗരസഭയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം കൈമാറിക്കിട്ടുന്നമുറയ്ക്ക് ലൈഫ് ഭവന പദ്ധതിയിൽപ്പെടുത്തി ഫ്ലാറ്റ് നിർമ്മിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്.

## പ്രളയ ദുരന്തത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് പുതിയ വീട്

144(1704) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരന്തത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് പുതിയ വീട് നിർമ്മിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് വഴി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത്തരത്തിൽ എത്ര വീടുകൾ നിർമ്മിച്ചുനൽകാനാണ് ഉദ്ദേശിക്കുന്നത്; അവയുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ബി) വീട് നിർമ്മാണത്തിനായി എത്ര രൂപയാണ് അനുവദിക്കുന്നത്; ഇത്തരം വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പ്രളയത്തിൽ തകർന്നുപോയ വീടുകൾ Rebuild Kerala വഴി പുനർനിർമ്മിച്ച് വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രളയത്തിൽ പൂർണ്ണമായി തകർന്ന 16662 വീടുകളിൽ 12477 വീടുകൾ PMAY(G) സ്കീം വഴി പുനർനിർമ്മിക്കുന്നതിനുള്ള സ്പെഷ്യൽ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് നൽകിയിട്ടുള്ളതാണ്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | വീടിന്റെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 274 |
| 2 | കൊല്ലം | 194 |
| 3 | പത്തനംതിട്ട | 725 |
| 4 | ആലപ്പുഴ | 224 |
| 5 | കോട്ടയം | 531 |
| 6 | ഇടുക്കി | 1384 |
| 7 | എറണാകുളം | 1546 |
| 8 | തൃശ്ശൂർ | 3461 |
| 9 | പാലക്കാട് | 1838 |
| 10 | മലപ്പുറം | 808 |
| 11 | കോഴിക്കോട് | 285 |
| 12 | വയനാട് | 973 |
| 13 | കണ്ണൂർ | 159 |
| 14 | കാസർഗോഡ് | 75 |
| | ആകെ | 12477 |

വീട് നിർമ്മാണത്തിന് 4 ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

## സകർമ്മ സോഫ്റ്റ്‌വെയർ

145(1705) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ഭരണസമിതി യോഗങ്ങൾ കൂടുന്നതിനുള്ള നടപടികൾ സകർമ്മ സോഫ്റ്റ് വെയർ വഴിയാണോ നടപ്പിലാക്കുന്നത്;

(ബി) സകർമ്മ സോഫ്റ്റ്‌വെയർ നടപ്പിലാക്കാത്ത ഏതൊക്കെ ഗ്രാമപഞ്ചായത്തുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; ഈ പഞ്ചായത്തുകളിൽ കൂടി സകർമ്മ സോഫ്റ്റ്‌വെയർ വഴി ഭരണസമിതി യോഗങ്ങൾ കൂടുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അതെ.

(ബി) സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സകർമ്മ സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ട്.

**ഭവനശ്രീ വായ്പയുടെ തിരിച്ചടവ്**

146(1706) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ബാങ്കുകൾ മുഖേന നല്കിയ ഭവനശ്രീ വായ്പയുടെ തിരിച്ചടവ് സർക്കാർ ഏറ്റെടുക്കുന്നതിനായി 12-6-2017-ലെ സ.ഉ.(കൈ) 111/2017 തസ്വഭവ. ഉത്തരവ് പ്രകാരമുള്ള തുക ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ടോ ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) തിരിച്ചടവ് സംബന്ധിച്ച് നിരവധി കുടുംബങ്ങൾ ജപ്തി ഭീഷണി നേരിടുന്നതിനാൽ അടിയന്തരമായി ഈ തുക ബാങ്കുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 31-3-2018-ൽ ഭവനശ്രീ വായ്പാ തുക ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ജപ്തി ഭീഷണി ഉണ്ടാകാനുള്ള സാദ്ധ്യതയില്ല.

**കുടുംബശ്രീ സ്കൂൾ പദ്ധതി**

147(1708) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സ്കൂൾ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) കുടുംബശ്രീ സംവിധാനത്തെ കൂടുതൽ സാമൂഹ്യ ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കുംവിധം എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പരിശീലനത്തിനായി സ്വമേധയാ സേവനം ചെയ്യുന്ന സാമൂഹ്യാധിഷ്ഠിത പരിശീലകർ മുഖേന 6 ആഴ്ചക്കാലം നടത്തുന്ന പരിശീലന പദ്ധതിയാണ് കുടുംബശ്രീ സ്കൂൾ. 2017-18-ലാണ് കുടുംബശ്രീ സ്കൂൾ പദ്ധതി ആരംഭിച്ചത്. കുടുംബശ്രീ സ്കൂളിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ പറയുന്നു:

1. അയൽക്കൂട്ടാംഗങ്ങളുടെ തുടർച്ചയായ പരിശീലനം.
2. അയൽക്കൂട്ടാംഗങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമായ ശാക്തീകരണത്തിനായി രാസത്വരകമായി പ്രവർത്തിക്കുക.
3. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ പൊതു അവബോധം സൃഷ്ടിക്കുക.
4. കുടുംബശ്രീ പദ്ധതികളുടെ നടത്തിപ്പിലും വിലയിരുത്തലിലും ക്രിയാത്മകമായ പിന്തുണ നൽകുക.
5. കുടുംബശ്രീ പദ്ധതികളെക്കുറിച്ച് അംഗങ്ങളിൽ അവബോധം സൃഷ്ടിക്കുക.
6. ലഘു സമ്പാദ്യ വായ്പാ പ്രവർത്തനങ്ങളെ ക്രമപ്പെടുത്തുക.
7. അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തുക.
8. സാമൂഹ്യ തിന്മകൾക്കെതിരെ അംഗങ്ങളെ ജാഗരൂഗരാക്കുക.
9. പ്രാദേശിക ആസൂത്രണം, വികസനം, പദ്ധതികളുടെ നടത്തിപ്പ് ഇവയിൽ പ്രാദേശിക കൂട്ടായ്മ എന്ന നിലയിൽ അയൽക്കൂട്ടങ്ങളുടെ പിന്തുണ ഉറപ്പാക്കുക.
10. ആരോഗ്യ ശുചിത്വ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏറ്റെടുക്കുന്നതിന് അംഗങ്ങളെ പ്രാപ്തരാക്കുക.

(ബി) കുടുംബശ്രീ സംവിധാനത്തെ കൂടുതൽ സാമൂഹ്യ ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കും വിധത്തിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുടുംബശ്രീയുടെ കീഴിലുള്ള കൂട്ടുകൃഷി സംഘങ്ങൾ

148 (1709) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക സ്വാശ്രയത്തിലൂടെ തുല്യത എന്ന സാമൂഹ്യ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കുടുബശ്രീയുടെ കീഴിലുള്ള കൂട്ടുകൃഷി സംഘങ്ങൾക്ക് പ്രളയം വരുത്തിയ നാശനഷ്ടമെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; കടുത്ത നഷ്ടം സംഭവിച്ച കൂട്ടുകൃഷി സംഘങ്ങളെ കരകയറ്റുന്നതിനായി പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാമാക്കുമോ;

(ബി) കാർഷികമേഖലയിലെ ദേശീയ അവാർഡിന് കുടുബശ്രീയെ അർഹമാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) ജൈവ കൃഷി പ്രോത്സാഹിപ്പിക്കാനായി കുടുബശ്രീ സംഘങ്ങൾ വഹിക്കുന്ന പങ്ക് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) തരിശുരഹിത ഗ്രാമങ്ങൾ എന്ന ലക്ഷ്യത്തോടെ സംഘകൃഷി വ്യാപിപ്പിക്കുന്നതോടൊപ്പം മൂല്യവർദ്ധിതോല്പന്ന നിർമ്മാണത്തിനും വിപണനത്തിനുമായി കുടുംബശ്രീ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

### ഉത്തരം

(എ) കുടുംബശ്രീ കൃഷി സംഘങ്ങൾക്ക് പ്രളയത്തിൽ 197.5 കോടി രൂപയുടെ നാശനഷ്ടം വിലയിരുത്തിയിട്ടുണ്ട്. നാശനഷ്ടം സംഭവിച്ച കർഷകരുടെ വിവരശേഖരണത്തിനായി കൃഷി വകുപ്പ് നടത്തിയ കണക്കെടുപ്പിൽ കുടുംബശ്രീ കൃഷി സംഘങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ കുടുംബശ്രീ സംഘകൃഷി അംഗങ്ങൾക്ക് പരിശീലനം, കൃഷി പുനരാരംഭിക്കുന്നതിനുവേണ്ട ഇൻപുട്ട് (ജൈവ വളം, ചെറിയ കാർഷിക ഉപകരണങ്ങൾ, കുമ്മായം, പച്ചക്കറി തൈകൾ, വാഴക്കന്ന്, ജീവാണു വളങ്ങൾ) വിതരണം എന്നീ പദ്ധതികൾക്കുപുറമെ ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ പ്രളയത്തിൽ നശിച്ച കൃഷിസ്ഥലം വീണ്ടും ഒരുക്കുന്നതിലേയ്ക്കായി UNDP സാമ്പത്തിക സഹായം ലഭ്യമാകുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ദേശീയ ഗ്രാമീണ ഉപജീവന പദ്ധതി (എൻ.ആർ.എൽ.എം.)യുടെ ഉപപദ്ധതിയായ മഹിള കിസാൻ സശാക്തീകരണ പരിയോജനയുടെ (എം.കെ.എസ്.പി.) ഭാഗമായി കാർഷിക മേഖലയിലെ ഇടപെടലുകൾക്കാണ് കുടുംബശ്രീക്ക് ദേശീയ അവാർഡ് ലഭ്യമായത്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഉണ്ട്. കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകൾ വഴി ജൈവ രീതിയിലുള്ള കൃഷി പ്രോത്സാഹിപ്പിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം വാർഷിക കർമ്മ പദ്ധതിയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 'ഹരിത ജീവനം' എന്ന പേരിൽ പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കിവരുന്നു. പൂർണ്ണമായും ജൈവ സർട്ടിഫിക്കേഷനോടുകൂടിയ കൃഷി നടപ്പിലാക്കുവാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഭാഗമായി 2643.5 ഏക്കർ ഭൂമിയിൽ പൂർണ്ണമായും ജൈവ കൃഷി ചെയ്തുവരുന്നു.

(ഡി) കാർഷിക വിളകളെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണിയിൽ എത്തിക്കുക വഴി സംഘകൃഷി അംഗങ്ങൾക്ക് അധിക വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി വിവിധ കാർഷിക വിളകളിൽ മൂല്യവർദ്ധിത യൂണിറ്റുകൾ കുടുംബശ്രീ സ്ഥാപിച്ചിട്ടുണ്ട്.

**കുടുംബശ്രീയുടെ നേതൃത്വത്തിൽ ജൈവപ്ലാന്റ് നഴ്സറികൾ**

149(1710) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനവ്യാപകമായി മികച്ചതും ഗുണമേന്മയുള്ളതുമായ തൈകൾ ന്യായവിലക്ക് ജനങ്ങളിലെത്തിക്കുന്നതിന് കുടുംബശ്രീയുടെ നേതൃത്വത്തിൽ ജൈവപ്ലാന്റ് നഴ്സറികൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എത്ര പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും, ഇതിനായുള്ള സ്ഥലം എപ്രകാരമാണ് കണ്ടെത്തുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇതിനായി 'ജൈവീക' എന്ന പേരിൽ പ്ലാന്റ് നഴ്സറികൾ പ്രവർത്തിച്ചുവരുന്നു.

(ബി) സംസ്ഥാനത്തൊട്ടാകെ 200 പ്ലാന്റ് നഴ്സറികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. അടിസ്ഥാന സൗകര്യവും വാഹനസൗകര്യവും ഉള്ള സ്ഥലം സംരംഭകർ നേരിട്ടാണ് കണ്ടെത്തുന്നത്. സ്വന്തം ഉടമസ്ഥതയിലോ പാട്ടത്തിനെടുത്ത സ്ഥലത്തോ സംരംഭകർ പ്ലാന്റുകൾ സ്ഥാപിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ മാട്രിമോണിയൽ വെബ്സൈറ്റ്

150(1711) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ മാട്രിമോണിയൽ വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സംരംഭം വിജയകരമാണോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തൃശ്ശൂർ ജില്ലാ മിഷന്റെ കീഴിൽ പോർക്കുളത്തുള്ള കുടുംബശ്രീ സംരംഭക യൂണിറ്റ് 'കുടുംബശ്രീ മാട്രിമോണി' എന്ന വെബ്സൈറ്റ് ആരംഭിച്ച് വിജയകരമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സംരംഭം 2018 നവംബർ 18-ന് കൊല്ലം ജില്ലയിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## സാമൂഹ്യ സുരക്ഷാ പെൻഷൻ

151(T*1712) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധി ബോർഡുകളിൽനിന്നും കുടുംബപെൻഷൻ വാങ്ങുന്ന വിധവകൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപ നിരക്കിലാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നത്; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ക്ഷേമനിധി ബോർഡുകളിൽനിന്നും കുടുംബപെൻഷൻ വാങ്ങുന്ന വിധവകൾക്ക് അർഹതാ മാനദണ്ഡങ്ങൾ പാലിക്കുന്നപക്ഷം സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്.

(ബി) 1,100 രൂപ നിരക്കിലാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നത്. 23-10-2018-ലെ സർക്കുലർ നമ്പർ 96/2018/ധന. പ്രകാരം ക്ഷേമനിധി ബോർഡുകളിലെ കുടുംബപെൻഷൻകാർ, മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ കൈപ്പറ്റാത്തവരാണെങ്കിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ പൂർണ്ണ നിരക്കിൽ ലഭിക്കാൻ അർഹരാണ്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെട്ടിക്കിടക്കുന്ന പെൻഷൻ അപേക്ഷകളിൽ നടപടി

152(1713) ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മൂന്നര ലക്ഷത്തോളം അപേക്ഷകൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുവേണ്ടി കെട്ടിക്കിടക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ അപേക്ഷകൾ എന്നത്തേക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനായി ധാരാളം അപേക്ഷകൾ ലഭിക്കുന്നുണ്ട്. അവയുടെ പരിശോധന പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ സർക്കാർ പുതുക്കി നിശ്ചയിച്ച അർഹതാ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി പുനഃപരിശോധന നടത്തി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളിൽ പുനഃപരിശോധന നടത്തി പെൻഷൻ അനുവദിച്ചിട്ടുള്ള അപേക്ഷകൾ പ്രാദേശിക സർക്കാരുകൾക്ക് രേഖപ്പെടുത്തുന്നതിന് സേവന പെൻഷൻ വെബ്സൈറ്റ് വികലാംഗ പെൻഷനുകൾക്ക് 2018 ഏപ്രിൽ മാസം മുതലും മറ്റുള്ള പെൻഷനുകൾക്ക് 2018 ജൂലൈ മാസം മുതലും തുറന്ന് നൽകിയിട്ടുണ്ട്. നിലവിൽ പെൻഷൻ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് തടസ്സങ്ങൾ ഒന്നുംതന്നെയില്ല.

## തെരുവുനായ്ക്കളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്ക് നഷ്ടപരിഹാരം

153(1714) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്ക് നഷ്ടപരിഹാരം നിശ്ചയിക്കാൻ സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് സിരിജഗൻ കമ്മിറ്റി ശിപാർശ ചെയ്ത നഷ്ടപരിഹാരം എല്ലാവർക്കും നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മിറ്റിയുടെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്നും ആയത് എത്രത്തോളം നടപ്പാക്കിയെന്നും വിശദീകരിക്കുമോ;

(സി) നഷ്ടപരിഹാരം നൽകുന്നതുസംബന്ധിച്ച് സുപ്രീം കോടതി എന്തെങ്കിലും നിർദ്ദേശം സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ ഈ നിർദ്ദേശങ്ങൾ സർക്കാർ പാലിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ആക്രമണത്തിന് വിധേയരാകുന്നവർക്ക് നഷ്ടപരിഹാരം നൽകാനാണ് സുപ്രീംകോടതി നിയോഗിച്ച ജസ്റ്റിസ് (റിട്ട.) സിരിജഗൻ കമ്മിറ്റി പ്രധാനമായും ശിപാർശ ചെയ്തുവരുന്നത്. കമ്മിറ്റി നാളിതുവരെ 17 റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ 1 മുതൽ 16 വരെയുള്ള റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകിക്കഴിഞ്ഞിട്ടുണ്ട്. 17-ാമത്തെ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് നഷ്ടപരിഹാരം നൽകാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ജസ്റ്റിസ് (റിട്ട.) സിരിജഗൻ കമ്മിറ്റി, തെരുവുനായ്ക്കളുടെ ആക്രമണത്തിന് വിധേയരായവർക്ക് നിശ്ചയിക്കുന്ന നഷ്ടപരിഹാരം, അതേപടി നൽകാനാണ് ബഹു. സുപ്രീംകോടതി 16-7-2018-ൽ റിട്ട് പെറ്റീഷൻ നമ്പർ 599/2015 (CCNo. 944/2017)-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി കോടതി ഉത്തരവ് പാലിച്ചുകൊണ്ട് ജസ്റ്റിസ് (റിട്ട.) സിരിജഗൻ കമ്മിറ്റിയുടെ 1 മുതൽ 16 വരെയുള്ള റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കമ്മിറ്റിയുടെ 17-ാമത്തെ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും നഷ്ടപരിഹാരം നൽകാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ 14-11-2018-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകിവരുന്നു.

## അറവുമാലിന്യ സംസ്കരണം

154(1715) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അറവുശാലകൾ ഉണ്ടെങ്കിലും അറവുമാലിന്യം സംസ്ക്കരിക്കുന്നതിന് കുറ്റമറ്റരീതിയിലുള്ള സംവിധാനങ്ങളില്ലാത്തതു മൂലമുള്ള മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(ബി) എല്ലാ നഗരസഭകളിലും ആധുനിക സൗകര്യങ്ങളോടുകൂടിയ അറവുശാലകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

ഉത്തരം

(എ) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അംഗീകൃത അറവുശാലകൾ നിലവിലില്ല. കേരള മുനിസിപ്പൽ ആക്ട്, കേരള പഞ്ചായത്ത് രാജ് ആക്ട്, ജല (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം എന്നിവ പ്രകാരം നവീന അറവുശാലകൾ സ്ഥാപിക്കേണ്ടതും ശുചിത്വമുള്ള ഇറച്ചി വില്പനശാലകൾ ഏർപ്പെടുത്തേണ്ടതും അറവുശാലയിലല്ലാതെ ഭക്ഷണാവശ്യത്തിന് കൊല്ലുന്നത് തടയേണ്ടതും ഇപ്രകാരം ഏർപ്പെടുത്തുന്ന സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യമായ ചുമതലയാണ്. കൂടാതെ നിലവിലുള്ള അറവുശാലകളിൽ അത്യാവശ്യം വേണ്ടുന്ന ഖര-ദ്രവ മാലിന്യസംസ്കരണ സംവിധാനങ്ങളായ ബയോഗ്യാസ് പ്ലാന്റും സെപ്റ്റിക് ടാങ്ക്, സോക്ക് പിറ്റ് എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും അറവുശാലകളിൽ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിനും ആന്റിമോർട്ടം, പോസ്റ്റ്മോർട്ടം പരിശോധനകൾ നടത്താനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനും തദ്ദേശ സ്ഥാപനം സീൽ ചെയ്ത് നൽകുന്ന ഇറച്ചി മാത്രമേ വില്പനയ്ക്ക് അനുവദിക്കാവൂ എന്നും 21-4-2009-ലെ 4279/ ഡിബി2/09/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മാംസം വിൽക്കുന്ന എല്ലാ സ്ഥാപനങ്ങളിലും മാലിന്യം തരംതിരിച്ച് ജൈവമാലിന്യം ഉറവിടത്തിൽത്തന്നെ ശേഖരിച്ച് ഫലപ്രദമായി സംസ്കരിക്കുന്നതിന് അനുയോജ്യമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് 22-7-2017-ലെ സ.ഉ. (സാധാ.)2511/17/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ

മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യങ്ങൾ ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും കർശന നിർദ്ദേശം ഉത്തരവ് പ്രകാരം നൽകിയിട്ടുള്ളതാണ്.

(ബി) സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ ആധുനിക അറവുശാലകളുടെ നിർമ്മാണം എന്ന തുടർപദ്ധതി ഉൾപ്പെടുത്തിയിരുന്നു. ടി പദ്ധതി പ്രകാരം വിവിധ നഗരസഭകൾക്ക് ആധുനിക അറവുശാലകളുടെ നിർമ്മാണത്തിനായി ധനസഹായം നൽകിയിട്ടുള്ളതാണ്. തുടർന്നും ഇത്തരം അറവുശാലകൾ നിർമ്മിക്കുന്നതിന് KIIFB മുഖാന്തരം തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## മാലിന്യ സംസ്കരണത്തിന് മാസ്റ്റർപ്ലാൻ

155(1716) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര സാഹചര്യം മുൻനിർത്തി എല്ലാ പഞ്ചായത്തുകളിലും പൊതുവായി നടപ്പിലാക്കുവാൻ കഴിയുന്ന തരത്തിൽ മാലിന്യ സംസ്കരണത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇതിനായി എത്ര കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദ വിവരം നൽകുമോ;

(സി) അനുകരിക്കുവാൻ കഴിയുന്ന എന്തെല്ലാം മാലിന്യ സംസ്കരണ പദ്ധതികളാണ് നിലവിലുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ പ്രളയബാധിത പ്രദേശങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കുലറായി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലീൻ കേരള കമ്പനിയുടെ മേൽനോട്ടത്തിൽ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണത്തിനായി കൈമാറുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണത്തിനായി കൈമാറുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അഞ്ച് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് എയ്റോബിക് ബിൻ കമ്പോസ്റ്റ്, കുഴി കമ്പോസ്റ്റ്, ബക്കറ്റ് കമ്പോസ്റ്റ്, മൺകല കമ്പോസ്റ്റ്, പോർട്ടബിൾ ബയോബിൻ യൂണിറ്റുകൾ തുടങ്ങിയ കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ, ബയോമെഥനേഷൻ എന്നീ സംവിധാനങ്ങളാണ് ഉപയോഗിച്ചുവരുന്നത്. അജൈവമാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണത്തിന് വിധേയമാക്കി പുനരുപയോഗത്തിന് സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുനഃചംക്രമണത്തിന് വിധേയമാക്കുവാൻ കഴിയാത്ത പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡ് ചെയ്ത് റോഡ് ടാറിംഗിന് ഉപയോഗിക്കുന്നു.

## പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ വിപണനം

156(1717) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിച്ച ശേഷവും അവയുടെ വിപണനം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്ലാസ്റ്റിക് മാലിന്യ ബോധവൽക്കരണവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; ആയതിനായി എന്ത് തുക ചെലവഴിച്ചു;

(സി) ഇപ്രകാരം നിരോധിച്ച പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉപയോഗിക്കുന്നവരിൽനിന്നും നഗരസഭകൾ പിഴ ഈടാക്കുന്നുണ്ടോ; കഴിഞ്ഞ വർഷം പ്രസ്തുത ഇനത്തിൽ ഈടാക്കിയ പിഴ എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്ലാസ്റ്റിക് മാലിന്യ ബോധവൽക്കരണവുമായി ബന്ധപ്പെട്ട് സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളോട് സഹകരിക്കുന്നതിനുള്ള അനുകൂല മനോഭാവവും ശീലങ്ങളും ജനങ്ങളിൽ ഉണ്ടായിവരേണ്ടത് പ്രധാനമായതിനാൽ പ്ലാസ്റ്റിക് അടക്കമുള്ള ഡിസ്പോസിബിൾ വസ്തുക്കൾ ഉണ്ടാക്കുന്ന ആരോഗ്യ-പരിസ്ഥിതി പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടിയും പൊതുവെ സുരക്ഷിത മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുംവേണ്ടി അനവധി വിവര-വിജ്ഞാപന-വ്യാപന പ്രവർത്തനങ്ങൾ റേഡിയോ, ടെലിവിഷൻ, പ്രിന്റ് മീഡിയകളിലൂടെ നടത്തിവരുന്നു.

പ്ലാസ്റ്റിക് ക്യാരിബാഗുകളും ഡിസ്പോസിബിൾ സാധനങ്ങളും ഒഴിവാക്കി ഗ്രീൻ പ്രോട്ടോകോൾ നടപ്പിൽവരുത്തുന്നതിന് ശക്തമായ വിവര-വിജ്ഞാപന-വ്യാപന പ്രവർത്തനങ്ങൾ ഹരിത കേരളം മിഷന് കീഴിൽ ശുചിത്വ മിഷൻ മുഖേന സംഘടിപ്പിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് നാഷണൽ സർവ്വീസ് സ്കീം പ്രവർത്തിക്കുന്ന എല്ലാ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെയും സർക്കാർ കോളേജുകളിലെയും വിദ്യാർത്ഥികളിൽ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും ക്യാമ്പസുകളിൽ ഗ്രീൻ പ്രോട്ടോകോൾ പാലനം ഉറപ്പാക്കുന്നതിനുമായി "ക്ലീൻ ക്യാമ്പസ് ഗ്രീൻ ക്യാമ്പസ് " എന്ന പേരിൽ ഒരു പരിപാടി നടത്തിവരുന്നു. ക്യാമ്പസുകളിലെ പ്രവർത്തനങ്ങൾക്കുപുറമേ എൻ.എസ്.എസ്. ദത്തെടുത്തിട്ടുള്ള ഗ്രാമങ്ങളിലും ബോധവൽക്കരണ പരിപാടികൾ നടന്നുവരുന്നു.

സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോകോൾ പാലനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിനായി എല്ലാ സർക്കാർ ഓഫീസുകളിലും ഒരു നോഡൽ ഓഫീസറെ തെരഞ്ഞെടുത്ത് ശുചിത്വ മിഷന്റെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇതിന്റെ ഫലമായി സംസ്ഥാനതലങ്ങളിലെയും ജില്ലാതലങ്ങളിലെയും വിവിധ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലനം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ ഗ്രീൻ പ്രോട്ടോക്കോൾ പാലനം എങ്ങനെ എന്നത് സംബന്ധിച്ച് സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ബോർഡുകൾ എല്ലാ ഓഫീസുകളിലും സ്ഥാപിച്ച് വരികയാണ്.

ആകാശവാണിയിലൂടെയും എഫ്.എം. റേഡിയോകളിലൂടെയും കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ വശങ്ങളിൽ സന്ദേശങ്ങൾ നൽകിയും റെയിൽവേ സ്റ്റേഷനുകളിൽ സ്ഥാപിച്ചിട്ടുള്ള ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകളിൽ സന്ദേശങ്ങൾ പ്രദർശിപ്പിച്ചും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലനം സംബന്ധിച്ച സന്ദേശങ്ങളും ഉൾപ്പെടുന്നു.

പ്ലാസ്റ്റിക് ഉൾപ്പെടെ എല്ലാത്തരം മാലിന്യങ്ങളും സുരക്ഷിതമായി സംസ്കരിക്കുന്നതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന ശുചിത്വ മിഷനിൽ നിന്നും 698.36 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾ നിലവിൽ വന്നതിനുശേഷം നാളിതുവരെ നിരോധിത പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിക്കുന്നവരിൽ നിന്നും നഗരസഭകൾ 1,32,87,540 രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത പ്രോട്ടോകോൾ

157(1718) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ ; വിശദാംശം അറിയിക്കുമോ?

ഉത്തരം

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത പ്രോട്ടോകോൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഉത്സവങ്ങൾ, ആഘോഷങ്ങൾ, മതപരമായ ആഘോഷങ്ങൾ തീർത്ഥാടനങ്ങൾ, വിവാഹങ്ങൾ, സ്കൂൾ കലോത്സവങ്ങൾ, കായികമേളകൾ എന്നിവയിൽ ഹരിതചട്ടം പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ 4-9-2018-ലെ സ.ഉ(സാധാ) നം.5784/2018/പൊ.ഭ.വ നമ്പർ ഉത്തരവ്, 4-5-2018-ലെ 176/ഡിസി1/2018/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ, 5-10-2017-ലെ സ.ഉ.(സാധാ) നമ്പർ 3214/2017/ത.സ്വ.ഭ.വ. ഉത്തരവ് എന്നിവ പ്രകാരം സർക്കാർ സംഘടിപ്പിക്കുന്ന പൊതുപരിപാടികൾ, സർക്കാർ/പൊതുസ്ഥാപനങ്ങൾ, ബഹു. മന്ത്രിമാർ, ബഹു. എം.എൽ.എ.-മാർ, ബഹു.എം.പി. -മാർ എന്നിവർ പങ്കെടുക്കുന്ന പൊതുപരിപാടികൾ, സമ്മേളനങ്ങൾ, യോഗങ്ങൾ എന്നിവയ്ക്ക് ഗ്രീൻപ്രോട്ടോക്കോൾ ബാധകമാക്കുകയും ആയത് നടപ്പിൽവരുത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങൾ

158(1719) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിനുശേഷം നടന്ന ശുചീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ശുചീകരണത്തിന്റെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും പൊതു സ്ഥലങ്ങളിലുമുള്ള മാലിന്യം വേർതിരിച്ച് പുന:ചംക്രമണത്തിന് വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രളയശേഷമുള്ള മാലിന്യത്തിന്റെ സംസ്കരണം സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഏതൊക്കെ ഏജൻസികളാണ് പ്രസ്തുത പ്രവർത്തനങ്ങളുടെ ചുമതല വഹിച്ചതെന്നും ഏകോപനം നിർവ്വഹിച്ചതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. അംഗീകൃത ഏജൻസികൾ വഴി 6888 ടൺ മാലിന്യം പുനഃചംക്രമണത്തിന് വിധേയമാക്കിയിട്ടുണ്ട്. ശാസ്ത്രീയമായ ലാൻഡ് ഫില്ലിംഗിനായി 8786 ടൺ മാലിന്യം ഉപയോഗിച്ചിട്ടുണ്ട്.

(സി) പ്രളയമേഖലയിലെ ജൈവമാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചത്. അജൈവ മാലിന്യങ്ങൾ ക്ലീൻകേരള കമ്പനിയുടെ സഹായത്തോടെ സംസ്കരണത്തിനായി കൈമാറുകയാണ് ചെയ്തത്.

(ഡി) ക്ലീൻ കേരള കമ്പനി മുഖേന നടത്തിയ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ശുചിത്വ മിഷൻ, ഹരിത കേരള മിഷൻ, ജില്ലാഭരണകൂടം എന്നിവയുടെ സഹകരണവും പങ്കാളിത്തവും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഹരിത സഹായ സ്ഥാപനങ്ങൾ, കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, ഗ്രീൻ വേംസ് എക്കോ സൊലൂഷൻസ്, എൽ.എൽ.പി. വെസ്റ്റ് ഹിൽ, കോഴിക്കോട്, ക്രിസ്സ് ഗ്ലോബൽ ട്രേഡേഴ്സ്, വെങ്ങൽ, ആലുംതുരുത്തി പി.ഒ, തിരുവല്ല, ഒലീന മഹിളാ സമാജം, വെസ്റ്റ് ഹിൽ, കോഴിക്കോട്,നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ്, കോഴിക്കോട്, പ്ലാസ്റ്റിക് റീസൈക്ലിംഗ് ഇൻഡസ്ട്രിയൽ അസോസിയേഷൻ, പെരുമ്പാവൂർ, എറണാകുളം, സ്ക്രാപ്പ് മർച്ചൻസ് അസോസിയേഷൻ എന്നീ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സേവനങ്ങൾ അജൈവ മാലിന്യ സംസ്കരണത്തിന് ഉപയോഗിച്ചിട്ടുണ്ട്.

**തെരുവോരങ്ങളിലെ ശൗചാലയങ്ങൾ**

**159(T*1720)** <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റിയിലെയും പഞ്ചായത്ത് കേന്ദ്രങ്ങളിലെയും നഗരപ്രദേശങ്ങളിലെയും തെരുവോരങ്ങളിൽ പണം ഈടാക്കിയും അല്ലാതെയും ഉപയോഗിക്കാവുന്ന ശൗചാലയങ്ങൾ പണി കഴിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഈ സർക്കാർ കാലയളവിൽ സൗജന്യമായി ഉപയോഗിക്കാവുന്ന എത്ര പൊതു ശൗചാലയങ്ങൾ നിർമ്മിച്ച് പരിപാലിച്ച് വരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുണ്ടായിരുന്ന പൊതു ശൗചാലയങ്ങളിൽ എത്ര എണ്ണം പുനരുദ്ധരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ബോധപൂർവ്വമായ അലംഭാവം കാട്ടുന്നതിനുള്ള കാരണം അറിയിക്കുമോ;

(ഡി) ശൗചാലയങ്ങൾ നിർമ്മിച്ച് പരിപാലിച്ച് വരുന്ന കാര്യത്തിൽ അയൽ സംസ്ഥാനങ്ങൾ മാതൃകാപരമായി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മാതൃക പിന്തുടരുവാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 868 പൊതുശൗചാലയസീറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ 31 നഗരസഭകളിൽ ആരംഭിച്ചിട്ടുണ്ട്. 342 പൊതുശൗചാലയങ്ങൾ ഗ്രാമ പഞ്ചായത്തുകൾ നിർമ്മിച്ച് പരിപാലിച്ചുവരുന്നുണ്ട്.

(സി) പൊതു ശൗചാലയങ്ങൾ പുനരുദ്ധാരണം നടത്തേണ്ടത് നഗരസഭകളുടെയും പഞ്ചായത്തുകളുടെയും ഫണ്ട് ഉപയോഗിച്ചാണ്. പഞ്ചായത്തുകളിൽ നിലവിലുണ്ടായിരുന്ന പൊതുശൗചാലയങ്ങളിൽ 327 എണ്ണം അതത് പഞ്ചായത്തുകൾ പുനരുദ്ധരിച്ചിട്ടുണ്ട്. നഗരസഭകളിൽ നിന്നുള്ള വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. പൊതുശൗചാലയങ്ങൾ പുനരുദ്ധാരണം നടത്തുതിൽ ബോധപൂർവ്വമായ അലംഭാവം കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സർക്കാർ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ബസ് സ്റ്റോപ്പുകൾ പാതയോരങ്ങൾ തുടങ്ങിയ ഇടങ്ങളിൽ പൊതുശൗചാലയങ്ങൾ നിർമ്മിക്കുവാനും വൃത്തിയായി പരിപാലിക്കാനുമാണ് ലക്ഷ്യമിടുന്നത്. ഇതിനാവശ്യമായ നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്വീകരിക്കുന്നുണ്ട്. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത പരിഗണിച്ചാൽ ഇക്കാര്യത്തിൽ ഒരു പൊതുമാതൃക പിന്തുടരുവാൻ സാധിക്കുന്നതല്ല.

## **മാലിന്യസംസ്കരണം**

160(1721) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണകാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അലംഭാവവും ജനങ്ങളുടെ വിമുഖതയും കാരണം നഗരങ്ങൾ മാലിന്യക്കൂമ്പാരങ്ങൾ ആകുന്നതും അതുമൂലം പകർച്ചവ്യാധികൾ പിടിപെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാലിന്യ സംസ്കരണ രംഗത്ത് ശുചിത്വ മിഷൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ജൈവ-അജൈവ മാലിന്യ സംസ്കരണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്;

(ഡി) മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിൽ നേരിട്ടോ കുടുംബശ്രീ മുഖേനയോ മറ്റ് ഏജൻസികൾ വഴിയോ ഉറവിടത്തിൽത്തന്നെ വേർതിരിച്ച് സംസ്കരിക്കുന്ന സംവിധാനം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) മാലിന്യ സംസ്കരണം/നിർമ്മാർജ്ജനം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് പുതിയതായി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പകർച്ചവ്യാധികളുടെ വ്യാപനത്തിന് സംസ്കരിക്കപ്പെടാതെ കിടക്കുന്ന മാലിന്യവും ഒരു കാരണമാകുന്നുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശുചിത്വ മിഷന്റെ പിന്തുണയോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ താഴെപ്പറയുന്ന പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കുന്നത്.

1. ഉറവിട മാലിന്യ സംസ്കരണം വീടുകളിലും സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി തലത്തിലും.
2. നിലവിലുള്ള പൊതുപ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും അപ്ഗ്രഡേഷനും.
3. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി
4. സ്ലോട്ടർ ഹൗസ്, ക്രിമറ്റോറിയം
5. മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ
6. എല്ലാ വീടുകൾക്കും കക്കൂസ് സൗകര്യം, വൃത്തിയും വെടിപ്പുമുള്ള പൊതു ടോയ്ലറ്റ്
7. പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ
8. സ്ഥാപനതല ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ
9. പുനരുപയോഗ സാധ്യമായ സാധനങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിനും പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുമുള്ള ക്യാമ്പയിൻ, ബദൽ ഉല്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉല്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ.
10. വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ
11. ശേഷീവികസന പരിപാടികൾ

(സി) ജൈവമാലിന്യ സംസ്കരണത്തിന് കമ്പോസ്റ്റിംഗ്, ബയോമെഥനേഷൻ എന്നീ സാങ്കേതിക വിദ്യയെ അടിസ്ഥാനപ്പെടുത്തിയ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് ശുചിത്വ മിഷൻ പ്രോത്സാഹിപ്പിക്കുന്നത്. നിലവിലുള്ള ജൈവമാലിന്യ സംസ്കരണ പ്ലാന്റുകളുടെ അപ്ഗ്രഡേഷനും നടത്തിവരുന്നു. നഗരങ്ങളിൽ ആളുകൾ കോളനിയായി താമസിക്കുന്ന ഇടങ്ങളിൽ ഗാർഹിക കമ്പോസ്റ്റിംഗ് തീരെ സൗകര്യമില്ലാത്തപക്ഷം കോളനികൾക്കുടുത്തായി ബയോബിന്നുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിച്ച് മാലിന്യ സംസ്കരണം നടത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്നു. വളം കാർഷികാവശ്യത്തിനായി കൈമാറുന്നു. സ്ലറി ചെടികൾക്ക് വളമായും പ്ലാന്റിലെ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി വീണ്ടും ഉപയോഗിക്കുന്നു.

അജൈവ മാലിന്യം ഉടവിടത്തിൽത്തന്നെ തരംതിരിച്ച് ശേഖരിച്ച് രണ്ടാം തരംതിരിവ് നടത്തി പുനരുപയോഗ്യമായവയെ അതിനായും പുനഃചംക്രമണം ചെയ്യാവുന്നവയെ പുനഃചംക്രമണത്തിനായും കൈമാറുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിച്ചുവരുന്നു. പുനഃചംക്രമണം ചെയ്യാൻ കഴിയാത്ത പ്ലാസ്റ്റിക് റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി ഉപയോഗിക്കുന്നു. ഇതിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും എം.സി.എഫ്.-കളും മേഖലാടിസ്ഥാനത്തിലോ നഗരസഭകളിലോ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റോടുകൂടിയ ആർ.ആർ.എഫ്. -കളും സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചുവരുന്നു.

(ഡി) ജൈവ മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനുള്ള ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. അജൈവമാലിന്യം തരംതിരിച്ച് ശേഖരിച്ച് രണ്ടാം തരംതിരിവ് നടത്തുന്നതിനായി എം.സി.എഫ്.കളിൽ എത്തിക്കുന്നതിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത കർമ്മ സേന രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഇ)

1. നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകളുടെ പുനരുദ്ധാരണം
2. ഉറവിട ജൈവമാലിന്യ സംസ്കരണം
3. ദ്രവ മാലിന്യപരിപാലനം (സെപ്റ്റേജ് അടക്കം)
4. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ, യന്ത്രങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള സൗകര്യം.
5. റീസൈക്ലിംഗും പ്രകൃതി സൗഹൃദ വ്യവസായങ്ങളുടെ പ്രോത്സാഹനം

6. എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
7. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്വയംസഹായ സംരംഭങ്ങൾക്കും ചെറുകിട സംരംഭക ഗ്രൂപ്പുകൾക്കുമുള്ള പിന്തുണ
8. പൊതു സ്ഥലങ്ങളിൽ സാനിട്ടറി കോംപ്ലക്സ്
9. സെപ്റ്റേജ് മാനേജ്മെന്റ് സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്രവൽക്കരണം
10. ഖരമാലിന്യ സംസ്കരണത്തിന് നൂതന പദ്ധതികൾ
11. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനും ബദൽ ഉല്പന്നങ്ങളും സേനവങ്ങളും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

കൂടാതെ കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ (Waste-to-Energy Plants) തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

### ഫ്ലക്സ് ബോർഡുകളുടെ നിയന്ത്രണം

161(1722) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യാതൊരു മാനദണ്ഡവുമില്ലാതെ ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കുന്നത് ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായും പ്രധാന റോഡുകളുടെ സമീപം ട്രാഫിക് സിഗ്നലുകൾപോലും മറച്ചുകൊണ്ട് വയ്ക്കുന്ന ഇത്തരം ഫ്ലക്സ് ബോർഡുകൾ വാഹന അപകടങ്ങൾക്ക് കാരണമാകുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അനധികൃതമായി സ്ഥാപിച്ച ഫ്ലക്സ് ബോർഡുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തരമായി നീക്കംചെയ്യണമെന്ന് ബഹു.ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സർക്കാരിന്റെ രണ്ടാംവാർഷികം പ്രമാണിച്ച് സംസ്ഥാനത്തിന്റെ പല ഭാഗത്തും ഫ്ലക്സ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോ; അവ സ്ഥാപിച്ചത് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണോ;

(ഇ) പ്രകൃതിക്ക് ദോഷകരമായ ഫ്ലക്സിന് നിയന്ത്രണം/നിരോധനം കൊണ്ടുവരുന്നതിനും ഫ്ലക്സിന് പകരം തുണിയോ പരിസരമലിനീകരണം ഉണ്ടാക്കാത്ത ഏതെങ്കിലും വസ്തുക്കൾകൊണ്ടോ സർക്കാർ പരിപാടികളുടെ ബോർഡുകൾ തയ്യാറാക്കുന്നതിനും സ്ഥാപിക്കുന്നതിനും ആയത് പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. സംസ്ഥാനത്ത് പൊതുനിരത്തുകളിൽ അനധികൃതമായും അപകടകരമായും സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ/ ഹോർഡിംഗുകൾ/ ബാനറുകൾ/കൊടികൾ എന്നിവ അടിയന്തരമായി നീക്കം ചെയ്യുന്നതിന് 7-3-2018, 6-10-2018 തീയതികളിലെ ആർസി2/41/2018/തസ്വഭവ നമ്പർ പരിപത്രങ്ങളും 26-10-2018-ലെ സ.ഉ.(സാധാ.)നമ്പർ 2733/2018/തസ്വഭവ ഉത്തരവും പുറപ്പെടുവിക്കുകയും മേൽനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനധികൃത ബോർഡുകൾ നീക്കം ചെയ്യുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ സംസ്ഥാനത്തൊട്ടാകെ ഗ്രാമ പഞ്ചായത്ത് തലത്തിൽ ഇതുവരെ 188413 ബോർഡുകൾ/ഹോർഡിംഗുകൾ/ ബാനറുകൾ/കൊടികളും നഗരസഭാ തലത്തിൽ 108485 ബോർഡുകൾ/ ഹോർഡിംഗുകൾ/ബാനറുകൾ/കൊടികളും നീക്കംചെയ്തിട്ടുണ്ട്.

(ഡി) സർക്കാരിന്റെ രണ്ടാം വാർഷികം പ്രമാണിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരഞ്ഞെടുത്ത പരസ്യ ഏജൻസികൾ മുഖേന ഫ്ലക്സ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഫ്ലക്സ് പ്രിന്റിംഗിന് പകരം ഇക്കോ-ഫ്രണ്ട്ലി ക്ലോത്ത് പ്രിന്റിംഗിൽ പരസ്യം പ്രദർശിപ്പിക്കാനുള്ള സന്നദ്ധത അറിയിക്കണമെന്നും സാധാരണ ഫ്ലക്സ് ഉപയോഗിക്കുന്നപക്ഷം പ്രകൃതിസൗഹാർദ്ദപരമായി അത് റീസൈക്കിൾ ചെയ്യേണ്ടതാണ് എന്നും ഏജൻസികൾക്ക് നിർദ്ദേശം നൽകിയിരുന്നു.

(ഇ) പി.വി.സി. ഫ്ലക്സിന് പകരമായി തുണിയും റീസൈക്കിൾ ചെയ്യാവുന്നതും പി.വി.സി. മുക്തവുമായ പോളി എഥിലീനും (പോളിത്തീൻ) പോലുള്ള വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിച്ചുകൊണ്ട് പി.വി.സി. ഫ്ലക്സ് നിരോധിക്കുന്നതിന്റെ പ്രായോഗികത സർക്കാർ പരിശോധിച്ചുവരികയാണ്.

## പ്ലാസ്റ്റിക് മൂലമുള്ള പാരിസ്ഥിതിക പ്രശ്നം

162(1723) ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി.ടി. തോമസ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് മൂലമുണ്ടാകുന്ന ഗുരുതരമായ പരിസ്ഥിതി പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്ലാസ്റ്റിക് കത്തിക്കുന്നത് ഹൈക്കോടതി വിലക്കിയിട്ടും പല സ്ഥലത്തും അത് കൂട്ടിയിട്ട് ശുചീകരണ തൊഴിലാളികളും മറ്റും കത്തിക്കുന്നത് മൂലം ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് വില്പനയിലുള്ള അൻപത് മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, തെർമോകോൾ എന്നിവ നിരോധിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ)ഉണ്ട്.

(ബി) പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ശുചീകരണ തൊഴിലാളികൾക്ക് ബോധവൽക്കരണം നൽകുന്നു. കൂടാതെ മാലിന്യങ്ങൾ ഷ്രഡ് ചെയ്ത് സംസ്കരിക്കുന്നതിന് നഗരസഭാതലത്തിലും ബ്ലോക്ക് തലത്തിലുമായി 88 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ ആരംഭിച്ചു. 53 എണ്ണം നിർമ്മാണ ഘട്ടത്തിലുമാണ്. ടി നടപടികൾ സ്വീകരിച്ചത് പ്രകാരം പ്ലാസ്റ്റിക് കത്തിക്കുന്ന പ്രവണത കുറഞ്ഞുവരുന്നു.

(സി) പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016-ന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള 24-09-2016-ലെ 576/ഡി.സി1/2016/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം 50 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ വില്പന സാധനങ്ങൾ വിതരണം ചെയ്യുന്നത് നിരോധിച്ചിട്ടുണ്ട്.

## കൊടിയത്തൂർ സഹകരണ ബാങ്ക് കർഷക സേവന കേന്ദ്രം

163(1724) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് സബ്സിഡിയോടെ വിത്തും വളവും നൽകുന്ന പദ്ധതിയിൽ കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലുള്ള കർഷക സേവന കേന്ദ്രത്തെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മേൽവിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രത്യേക ഭിന്നശേഷി ഗ്രാമസഭകൾ/വാർഡ് സഭകൾ

164(1725) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി വിളിച്ചുചേർക്കുന്ന പ്രത്യേക ഭിന്നശേഷി ഗ്രാമസഭകൾ/ വാർഡ് സഭകൾ വേണ്ടരീതിയിൽ അറിയിക്കാത്തതുകൊണ്ടും പങ്കാളിത്തം ഉറപ്പാക്കാത്തതു കൊണ്ടും ഭിന്നശേഷി സൗഹൃദമല്ലാത്ത ഇടങ്ങളിൽ സംഘടിപ്പിക്കുന്നതുകൊണ്ടും തങ്ങളുടെ ആവശ്യങ്ങൾ വേണ്ടവിധം ഉന്നയിക്കാനും നേടിയെടുക്കാനും കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പരാതി പരിഹരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഇത്തരത്തിലുള്ള പരാതികൾ വളരെ ചുരുക്കം ചില സ്ഥലങ്ങളിൽ നിന്നും ഉണ്ടായിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരത്തിലുള്ള പരാതികൾ പരിഹരിക്കുന്നതിനായി കൃത്യമായി അറിയിപ്പ് നേരത്തെതന്നെ പ്രസിദ്ധീകരിക്കുന്നതിനും ഭിന്നശേഷിക്കാരുടെ സംഘടനകളുമായി ബന്ധപ്പെട്ട് സംഘടനാംഗങ്ങൾക്ക് അറിയിപ്പ് നൽകുന്നതിനും

നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ അംങ്കണവാടി പ്രവർത്തകർ, പഞ്ചായത്ത് അംഗങ്ങൾ എന്നിവർ മുഖേന അറിയിപ്പ് നൽകുന്നതിനും ഭിന്നശേഷി സൗഹൃദമായതും വാഹന സൗകര്യം ലഭ്യമായിട്ടുള്ള സ്ഥലങ്ങളിൽവച്ച് ഗ്രാമസഭ നടത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**റോഡ് കട്ടിംഗ് ചാർജ്**

165(1726) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട പദ്ധതികൾക്കായി റോഡ് കട്ട് ചെയ്ത് പൈപ്പ് ലൈനുകൾ സ്ഥാപിക്കുമ്പോൾ ഈടാക്കേണ്ട തുക സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന്റെ 22-5-2018- ലെ CE/R&B/GL/RC.1/18 നമ്പർ സർക്കുലർ സംസ്ഥാനത്തെ എല്ലാ റോഡുകൾക്കും ബാധകമാക്കിയിട്ടുണ്ടോ;

(ബി) ഗാർഹികാവശ്യത്തിനായി കുടിവെള്ള പൈപ്പുകൾ ഗ്രാമീണ റോഡുകളിൽ കൂടി കൊണ്ടുപോകുന്നവർക്കും പി.ഡബ്ല്യൂ.ഡി.-യുടെ പ്രസ്തുത സർക്കുലർ പ്രകാരമുള്ള പുനഃസ്ഥാപന ചാർജ് ഈടാക്കിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പി.ഡബ്ല്യൂ.ഡി. നിരക്കിലുള്ള റോഡ് കട്ടിംഗ് ചാർജ്ജ് തന്നെ ഗ്രാമീണ റോഡുകൾക്കും ഈടാക്കണമെന്ന നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) സാധാരണക്കാരിൽനിന്നും ഭീമമായസംഖ്യ ഈ പ്രവൃത്തികൾക്കായി ഈടാക്കുന്നത് ലഘൂകരിക്കാനാവശ്യമായ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ -ഡി) ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിന്റെ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പ്രോജക്ട് ഏരിയയ്ക്കുള്ളിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുമരാമത്ത് വകുപ്പ് ഈടാക്കുന്ന നിരക്കിൽ മാത്രമേ റോഡ് കട്ടിംഗ് ചാർജ് പ്രസ്തുത കമ്പനിയിൽനിന്നും ഈടാക്കാവൂ എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ ഉടമസ്ഥതയിലുള്ള റോഡുകളിലൂടെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് RoW അനുമതിക്കായി ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പ് നിശ്ചയിച്ചിട്ടുള്ള/നിശ്ചയിക്കുന്ന ഫീസും

കാലാകാലങ്ങളിൽ പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിലുള്ള റോഡ് കട്ടിംഗ് ആന്റ് റീസ്റ്റൊറേഷൻ (Road Cutting & Restoration) ചാർജ്ജുകളും അല്ലാതെ മറ്റൊരു ഫീസും (ട്രാക്ക് റെന്റ്, യൂസർ ഫീ, തറവാടക തുടങ്ങിയവ) ടെലികോം സേവനദാതാക്കളിൽനിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുവാൻ പാടില്ലായെന്നും ഉത്തരവായിട്ടുണ്ട്. മറ്റ് നിർദ്ദേശങ്ങൾ ഒന്നും തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ല.

## ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

166(1727) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ അടക്കം നിലവിൽ നമ്മുടെ സംസ്ഥാനത്ത് പാടെതകർന്ന ഗ്രാമീണ റോഡുകളെ പുനരുദ്ധാരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് നിയമസഭാ സാമാജികർ നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) പൊതുമരാമത്ത് റോഡുകളുടേതിന് തുല്യമായ ഗ്രാമീണ റോഡുകളെ നവീകരിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കാൻ ശ്രമിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) നിയമസഭാ സാമാജികർ നൽകിയ നിവേദങ്ങൾകൂടി പരിഗണിച്ച് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഴക്കെടുതിയെത്തുടർന്ന് അടിയന്തരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുവാൻ തനത് ഫണ്ട് വിനിയോഗിക്കുന്നതിനും അടിയന്തര സ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

പൂർണ്ണമായോ ഭാഗീകമായോ തകർന്ന റോഡുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തേണ്ട സാഹചര്യം നേരിടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2018-19 വാർഷിക പദ്ധതി ഭേദഗതി ചെയ്ത് അടിയന്തര സ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതുകൂടാതെ സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം ടി കേടുപാടുകൾ പരിഹരിക്കുന്നതിന് നഗരസഭ/പഞ്ചായത്ത് അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം കാറ്റഗറി തിരിച്ച് റഫ് കോസ്റ്റ് എസ്റ്റിമേറ്റ് (റോഡ്, പാലം എന്നിവയുടെ) തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയിട്ടുണ്ട്.

റോഡ് കാറ്റഗറി I- മഴക്കെടുതി കാരണം ഗാതഗതം പൂർണ്ണമായും സ്തംഭിച്ച് ഗതാഗതയോഗ്യമല്ലാതായി തീർന്ന (നശിച്ച് പോയ) റോഡ്, കലുങ്ക്, പാലങ്ങൾ, എന്നിവ (മുമ്പ് ഹെവി ലോഡഡ് വെഹിക്കിൾസ്-ബസ്, ടിപ്പർ, ലോറി മുതലായവ സഞ്ചരിക്കുന്നവ എന്ന നിലയിൽ ഗതാഗതം നിഷേധിച്ചിരിക്കുന്നത്.).

റോഡ് കാറ്റഗറി II- മഴക്കെടുതി കാരണം ഗതാഗതയോഗ്യമല്ലാതാവുകയും എന്നാൽ റീ സർഫേസിംഗ് ആവശ്യവുമായ റോഡുകൾ

റോഡ് കാറ്റഗറി III- മഴക്കെടുതി കാരണം നശിച്ചെങ്കിലും ഓർഡിനറി/റുട്ടീൻ (Routine) മെയിന്റനൻസിലൂടെ പൂർവ്വസ്ഥിതിയിലാക്കാൻ സാധ്യമായവ.

മേൽപ്രകാരമുള്ള കാറ്റഗറികളിൽ ഉദ്ദേശം 1544.49 കോടി രൂപ ആവശ്യമുണ്ടെന്ന തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

(ഡി) ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായുള്ള പദ്ധതി സർക്കാറിന്റെ പരിഗണനയിലുണ്ട്.

**അങ്കമാലി മണ്ഡലത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ**

167(1728) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ അങ്കമാലി മണ്ഡലത്തിൽ എത്ര ഗ്രാമീണ റോഡുകളാണ് തകർന്നതെന്ന് വ്യക്തമാക്കാമോ; റോഡുകളുടെ പേരുസഹിതം പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) എറണാകുളം ജില്ലാ പഞ്ചായത്തിന് കീഴിലുള്ള അങ്കമാലി നിയോജക മണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇതിൽ പി.എം.ജി.എസ്.വൈ. ഗ്രാമീണ റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ബ്ലോക്ക് | പഞ്ചായത്ത് | റോഡ് |
|---|---|---|---|
| 1 | പാറക്കടവ് | ശ്രീമൂലനഗരം | പുതിയേടം-തെക്കുംഭാഗം റോഡ് |
| 2 | പാറക്കടവ് | നെടുമ്പാശ്ശേരി | മേക്കാട്-വാപ്പാലശ്ശേരി റോഡ് |
| 3 | പാറക്കടവ് | പാറക്കടവ, കാട്ടുകുറ്റി, അന്നമനട | പുളിയനം-തണ്ടപ്പിള്ളി |
| 4 | അങ്കമാലി | മുക്കന്നൂർ | കാരമറ്റം-ശാസ്താംപാറ റോഡ് |

(ബി) ടി നാല് പി.എം.ജി.എസ്.വൈ. ഗ്രാമീണ റോഡുകളും മെയിന്റനൻസ് പീരീഡിൽ ഉൾപ്പെട്ടവ ആയതിനാൽ കരാറുകാർ സ്വന്തം ചെലവിൽ നന്നാക്കിയിട്ടുണ്ട്. എറണാകുളം ജില്ലാ പഞ്ചായത്തിന് കീഴിലുള്ള അങ്കമാലി നിയോജകമണ്ഡലത്തിൽ പ്രളയത്തിൽ നാശംനേരിട്ട റോഡുകൾ, അടിയന്തര സ്വഭാവത്തോടെ പുനരുദ്ധാരണം നടത്തേണ്ടവ, നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കാനുള്ള നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

## പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ കണക്കെടുപ്പ്

168(1729) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷത്തിലും വെള്ളപ്പൊക്കത്തിലും തകർന്ന ഗ്രാമീണ റോഡുകളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, എത്ര റോഡുകൾക്ക് നാശനഷ്ടം ഉണ്ടായെന്നും എത്ര രൂപയുടെ നഷ്ടം ഉണ്ടായതെന്നും വ്യക്തമാക്കാമോ;

(ബി) കാലവർഷക്കെടുതിയിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; റോഡുകളുടെ അറ്റകുറ്റപ്പണികൾ എന്ന് പൂർത്തിയാക്കാനാകും; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആയതിൻപ്രകാരം 18,927 തദ്ദേശ റോഡുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുള്ളതായും 1544.59 കോടി രൂപയുടെ നഷ്ടം ഉണ്ടായതായും കണക്കാക്കിയിട്ടുണ്ട്.

(ബി) മഴക്കെടുതിയെത്തുടർന്ന് അടിയന്തരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുവാൻ തനത് ഫണ്ട് വിനിയോഗിക്കുന്നതിനും അടിയന്തര സ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

പൂർണ്ണമായോ ഭാഗികമായോ തകർന്ന റോഡുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തേണ്ട സാഹചര്യം നേരിടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2018-19 വാർഷിക പദ്ധതി ഭേദഗതി ചെയ്ത് അടിയന്തര സ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതുകൂടാതെ സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം ടി കേടുപാടുകൾ പരിഹരിക്കുന്നതിന് നഗരസഭ/പഞ്ചായത്ത് അടിസ്ഥനാത്തിൽ താഴെപ്പറയും പ്രകാരം കാറ്റഗറി തിരിച്ച് റഫ് കോസ്റ്റ് എസ്റ്റിമേറ്റ് (റോഡ്, പാലം എന്നിവയുടെ) തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയിട്ടുണ്ട്.

റോഡ് കാറ്റഗറി I- മഴക്കെടുതി കാരണം ഗാതഗതം പൂർണ്ണമായും സ്തംഭിച്ച് ഗതാഗതയോഗ്യമല്ലാതായി തീർന്ന (നശിച്ച് പോയ) റോഡ്, കലുങ്ക്, പാലങ്ങൾ, എന്നിവ (മുമ്പ് ഹെവി ലോഡഡ് വെഹിക്കിൾസ്-ബസ്, ടിപ്പർ, ലോറി മുതലായവ സഞ്ചരിച്ചിരുന്നവ എന്ന നിലയിൽ ഗതാഗതം നിഷേധിച്ചിക്കുന്നത്.)

റോഡ് കാറ്റഗറി II- മഴക്കെടുതി കാരണം ഗതാഗതയോഗ്യമല്ലാതാവുകയും എന്നാൽ റീ -സർഫേസിംഗ് ആവശ്യവുമായ റോഡുകൾ

റോഡ് കാറ്റഗറി III- മഴക്കെടുതി കാരണം നശിച്ചെങ്കിലും ഓർഡിനറി/റൂട്ടീൻ (Routine) മെയിന്റനൻസിലൂടെ പൂർവ്വസ്ഥിതിയിലാക്കാൻ സാധ്യമായവ.

മേൽപ്രകാരമുള്ള കാറ്റഗറികളിൽ ഉദ്ദേശം 1544.49 കോടി രൂപ ആവശ്യമുണ്ടെന്ന തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

അടിയന്തര സ്വഭാവത്തോടെ പുനരുദ്ധാരണം നടത്തേണ്ടവ നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതിയിലും മറ്റുള്ളവ തുടർന്ന് വരുന്ന സാമ്പത്തിക പദ്ധതിയിലും ഉൾപ്പെടുത്തി ഗതാഗതയോഗ്യമാക്കുന്നതാണ്.

കൂടാതെ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെട്ട 598 റോഡുകൾക്കായി 166.703 കോടി രൂപയുടെയും 1297 മറ്റ് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി 626.52 കോടി രൂപയുടെയും പ്രൊപ്പോസൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നമുറയ്ക്ക് ടി റോഡുകളും ഗതാഗതയോഗ്യമാക്കുന്നതാണ്.

## പി.എം.ജി.എസ്.വൈ.-തിരുവനന്തപുരം ജില്ല

169(1730) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017, 2017-2018 സാമ്പത്തിക വർഷങ്ങളിൽ പി.എം.ജി.എസ്.വൈ-ൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം റോഡുകളുടെ നവീകരണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ റോഡുകൾക്കും അനുവദിച്ച തുകയും റോഡിന്റെ ദൈർഘ്യവും വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) വിശദാംശം ചുവടെ ചേർക്കുന്നു:

2016-2017

| ക്രമ നമ്പർ | റോഡിന്റെ പേര് |
|---|---|
| 1 | കട്ടച്ചാൽവിള-മണിനാട്-വണ്ടിത്തടം-മണ്ണാംകോട്-നാറാണി |
| 2 | മരിയാപുരം-കോടങ്കര |
| 3 | ശ്രീനാരായണപുരം-കനാൽ-വാലൻവിള |
| 4 | മരക്കട-പഞ്ഞുവിള-ശാസ്താംനട |
| 5 | ആങ്ങാവിള-ആനയിൽ പട്ടിക്കാവിള-നിലയ്ക്കാമുക്ക് മാർക്കറ്റ് |
| 6 | നീലംകോണം-ചാനൽക്കര-കൊറ്റാംപള്ളി |
| 7 | പൊരുന്തമൺ-കടമുക്ക്-പുളിമാത്ത് |
| 8 | തൈക്കാട്-സമന്വയ-മൂളയം-ദീപാനഗർ-അമ്പലമുക്ക് |
| 9 | ആട്ടുകാൽ-നെടുമ്പ-തേക്കുംമൂട്-പനയമുട്ടം-വയ്യക്കാവ് |

2017-2018

| ക്രമ നമ്പർ | റോഡിന്റെ പേര് |
|---|---|
| 1 | കൈരളി ജംഗ്ഷൻ-പാലമുക്ക് |
| 2 | ഓട്ടുപാലം-പച്ചമുടുമ്പ്-പാലുവള്ളി-തലയ്ക്കൽ |
| 3 | പെരിങ്ങമല-ദൈവപ്പുര-തെന്നൂർ-ചെട്ടച്ചൽ |
| 4 | ഉതിരപ്പെട്ടി-പുളിമാത്തുർ-മുറമേൽ-മേരിമാതാ ജംഗ്ഷൻ |
| 5 | പഴഞ്ഞിപ്പാറ-പടപ്പിൽത്തോട്ടം-ആനാവൂർ-മണവാരി |

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**പി.എം.ജി.എസ്.വൈ.-പ്രവൃത്തികൾക്ക് പുതുക്കിയ എസ്റ്റിമേറ്റ്**

170(1731) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പ്രവൃത്തികൾക്ക് പുതുക്കിയ എസ്റ്റിമേറ്റ് നൽകിയത് വഴി സർക്കാരിനുണ്ടായ അധിക ബാധ്യതയെത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) എസ്റ്റിമേറ്റ് പുതുക്കുന്നതിനായി എത്ര ഫയലുകൾ കെ.എസ്.ആർ.ആർ.ഡി.എ. യുടെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) എസ്റ്റിമേറ്റ് പുതുക്കുന്നതിലൂടെയുള്ള അധിക ബാധ്യത വഹിക്കുവാൻ സർക്കാരിന് കഴിയുമോ ;

(ഡി) പ്രസ്തുത വിഷയത്തിൽ ഒരു സമഗ്ര അന്വേഷണം നടത്തുന്നതിന് സി.റ്റി.ഇ. യെ ചുമതലപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10.17 കോടി രൂപ.

(ബി) 2 ഫയലുകൾ പരിഗണനയിലുണ്ട്.

(സി) ഒഴിച്ചുകൂടാൻ കഴിയാത്ത സാഹചര്യങ്ങളിൽ മാത്രമാണ് എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള അനുമതി സർക്കാർ നൽകാറുള്ളത്. ഇപ്രകാരമുണ്ടാകുന്ന അധിക ബാദ്ധ്യത സർക്കാർ വഹിക്കുന്നു.

(ഡി) പരിശോധിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പി.എം.ജി.എസ്.വൈ. പദ്ധതി

171(1732) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ ഒന്നിനുശേഷം പുതിയതായി പി.എം.ജി.എസ്.വൈ. പദ്ധതിയിൽ എത്ര കിലോമീറ്റർ ഗ്രാമീണ റോഡ് നിർമ്മിക്കാൻ സംസ്ഥാനത്തിന് അനുമതി ലഭിച്ചുവെന്നും ഇതിന്റെ പദ്ധതി തിരിച്ചുള്ള കണക്കും നിർമ്മാണ പുരോഗതിയും വെളിപ്പെടുത്തുമോ;

(ബി) 2016 ഏപ്രിൽ ഒന്നിന് മുൻപ് അനുമതി ലഭിച്ച പി.എം.ജി.എസ്.വൈ. ഗ്രാമീണ റോഡുകളിൽ എത്ര റോഡുകൾ പൂർത്തിയായെന്നും ഇനി എത്ര വർക്കുകൾ പൂർത്തിയാകാൻ അവശേഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 701.799 കി.മീ. ദൈർഘ്യം വരുന്ന 183 റോഡുകൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 1291 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇനി 61 റോഡുകൾ പൂർത്തീകരിക്കാനുണ്ട്.

## പി.എം.ജി.എസ്.വൈ.-പ്രവൃത്തികൾക്ക് പുതുക്കിയ എസ്റ്റിമേറ്റ്

172(1733) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പ്രവൃത്തികൾക്ക് പുതുക്കിയ എസ്റ്റിമേറ്റ് നൽകിയതുമൂലം സർക്കാരിനുണ്ടായ അധിക ബാധ്യതയെത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) എസ്റ്റിമേറ്റ് പുതുക്കുന്നതിനായി എത്ര ഫയലുകൾ കെ.എസ്.ആർ.ആർ.ഡി.എ. യുടെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) എസ്റ്റിമേററ് പുതുക്കുന്നതിലൂടെയുള്ള അധിക ബാദ്ധ്യത വഹിക്കുവാൻ സർക്കാരിന് കഴിയുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ ഒരു സമഗ്ര അന്വേഷണം നടത്തുന്നതിന് സി.ടി.ഇ. -യെ ചുമതലപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10.17 കോടി രൂപ.

(ബി) 2 ഫയലുകൾ പരിഗണനയിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഒഴിച്ചുകൂടാൻ കഴിയാത്ത സാഹചര്യങ്ങളിൽ മാത്രമാണ് എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള അനുമതി സർക്കാർ നൽകാറുള്ളത്. ഇപ്രകാരമുണ്ടാകുന്ന അധിക ബാദ്ധ്യത സർക്കാർ വഹിക്കുന്നു.

(ഡി) പരിശോധിക്കുന്നതാണ്.

**കെ.എസ്.ആർ.ആർ.ഡി.എ.-ലെ ബന്ധുനിയമന വിവാദം**

173(1734) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ആർ.ഡി.എ.-ലെ ബന്ധുനിയമനവിവാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് കൊല്ലം ജില്ലാ വിജിലൻസ് സൂപ്രണ്ടിന് നൽകിയ പരാതിയുടെ അന്വേഷണം ഏത് ഘട്ടം വരെയായി എന്നറിയാമോ ;

(സി) ബന്ധുനിയമനത്തിന് കൂട്ട് നിന്ന ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ KSRRDA-യിൽ ബന്ധുവിന് നിയമനം നൽകിയിട്ടില്ല.

(ബി) അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) KSRRDA-ൽ ബന്ധുവിന് നിയമനം നൽകിയിട്ടില്ല.

**കണ്ണൂർ ജില്ലയിൽ പി.എം.ജി.എസ്.വൈ. പ്രകാരം റോഡുകൾ**

174(1735) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻ മന്ത്രി ഗ്രാമീൺ സഡക് യോജന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ പുതിയതായി എത്ര റോഡുകൾ അനുവദിച്ചിട്ടുണ്ട്; വിശദാംശം നല്കാമോ?

ഉത്തരം

പി.എം.ജി.എസ്.വൈ. I സാഗിയിൽ ഉൾപ്പെടുത്തി 2018-19 വർഷത്തിൽ കണ്ണൂർ ജില്ലയിൽ പുതിയതായി 4 റോഡുകൾ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പാക്കേജ് നമ്പർ | റോഡിന്റെ പേര് | നീളം (കി.മീ.) | ബ്ലോക്ക് | എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1 | കെ.ആർ. 04-88 | വട്ടുവംകുളം വേങ്ങണപ്പറമ്പ് റോഡ് | 4.931 | ഇരിക്കൂർ | 355.75 |
| 2 | കെ.ആർ. 04-91 | എടൂർ കോളിക്കടവ് റോഡ് | 6.105 | ഇരിട്ടി | 398.55 |
| 3 | കെ.ആർ. 04-89 | കോളയാട് എടക്കോട്ട റോഡ് | 4.061 | പേരാവൂർ | 272.73 |
| 4 | കെ.ആർ. 04-90 | കുന്നോത്ത് പറമ്പ് കണ്ണങ്കോട് റോഡ് | 1.5 | കൂത്തുപറമ്പ് | 79.49 |

## വെട്ടിക്കവല, കൊട്ടാരക്കര പഞ്ചായത്തുകളിലെ പി.എം.ജി.എസ്.വൈ. പദ്ധതി

175(1736) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം വെട്ടിക്കവല, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തുകളിൽ 2012-2018 വർഷം വരെ അനുമതി ലഭിച്ച പ്രവൃത്തികളിൽ നാളിതുവരെ തുടങ്ങാൻ സാധിക്കാത്ത പ്രവ്യത്തികളുടെ വിവരവും, പ്രവൃത്തി തുടങ്ങാൻ സാധിക്കാത്തതിന്റെ കാരണങ്ങളും വിശദമാക്കുമോ;

(ബി) നിർമ്മാണം പുരോഗമിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങളും നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) വിശദാംശം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

## കേരള റിയൽ എസ്റ്റേറ്റ് നിയന്ത്രണവും വികസനവും ആക്ട്

176(1737) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് 2015 -ന് നിലവിൽ പ്രാബല്യം നല്കിയിട്ടുണ്ടോ; വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേന്ദ്ര ആക്റ്റ് നിലവിൽ വന്ന സാഹചര്യത്തിൽ പ്രസ്തുത ആക്റ്റ് റദ്ദാക്കുന്നതിന് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിയമം റദ്ദാക്കിയില്ലെങ്കിൽ നിലവിൽ ഏത് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമാണ് റിയൽ എസ്റ്റേറ്റ് രംഗത്തെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട്, 2015-ന് നിലവിൽ പ്രാബല്യം നൽകിയിട്ടില്ല. കേന്ദ്ര നിയമം പ്രാബല്യത്തിൽ വരുന്നതുവരെ പ്രസ്തുത ആക്ട് നിലവിലുണ്ടായിരുന്നു. തുടർന്ന് സംസ്ഥാന ആക്ട് റദ്ദാക്കുകയുണ്ടായി.

(ബി) ഉണ്ട്. 15-7-2017-ലെ 5378/ലെഗ്.സി1/2017/നിയമം നമ്പർ വിജ്ഞാപനം പ്രകാരം പ്രസ്തുത ആക്ട് റദ്ദാക്കി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

(സി) പ്രസ്തുത നിയമം റദ്ദാക്കിയിട്ടുണ്ട്. നിലവിൽ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) റൂൾസ്, 2018 പ്രകാരമാണ് റിയൽ എസ്റ്റേറ്റ് രംഗത്തെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്.

**എഞ്ചിനീയറിംഗ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ**

177(1738) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒറ്റപ്പാലം മണ്ഡലത്തിലുള്ള വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് 7 വർഷമായി മുടങ്ങിക്കിടക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളിലെ സ്ഥാനക്കയറ്റങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവിന് വിധേയമായി നടത്തിയിട്ടുണ്ട്. ഡി.പി.സി. (ഹയർ) കൂടി 246-ഓളം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പ്രൊവിഷണൽ പ്രൊമോഷനുകൾ റഗുലറൈസ് ചെയ്തു. കൂടാതെ ഈ വകുപ്പിൽ വിവിധ വിഭാഗങ്ങളിലായി 146 തസ്തികകൾ സൃഷ്ടിക്കുകയും പി.എസ്.സി. മുഖേന 1860 നിയമനങ്ങൾ നടത്തുകയും ചീഫ് എഞ്ചിനീയർ മുതൽ ഹെഡ് ക്ലാർക്ക് വരെയുള്ള തസ്തികകളിൽ ആകെ 876 പേർക്ക് സ്ഥാനക്കയറ്റം നൽകി ഒഴിവുണ്ടായിരുന്ന സ്ഥലങ്ങളിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ ഈ സർക്കാരിന്റെ കാലത്ത് ഒരു അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെയും ഒരു ഫിനാൻസ് ഓഫീസറെയും നിയമിച്ചിട്ടുണ്ട്.

(ബി) ഒറ്റപ്പാലം മണ്ഡലത്തിലുള്ള വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തികയുടെ പേര് | സ്ഥാപനം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | കരിമ്പുഴ ഗ്രാമപഞ്ചായത്ത് | 1 |
| | | ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | 1 |
| 2 | ഒന്നാംതരം ഓവർസിയർ | അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് | 1 |
| 3 | മൂന്നാംതരം ഓവർസിയർ | കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് | 1 |
| | | കരിമ്പുഴ ഗ്രാമപഞ്ചായത്ത് | 1 |
| | | ശ്രീകൃഷ്ണപുരം/ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് | 1 |

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തദ്ദേശ സ്വയംഭരണ വകുപ്പിൽ ഏകീകൃത പൊതുസർവ്വീസ്

178(1739) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ ഏകീകൃത പൊതുസർവ്വീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചകളുടെ യോഗനടപടിക്കുറിപ്പ് ലഭ്യമാക്കുമോ;

(ബി) ഈ സർവ്വീസ് രൂപീകരിക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പുകളിലുള്ളവരുടെ പൊതുവായ സീനിയോറിറ്റി ലിസ്റ്റ് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് തീരുമാനിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഏകീകൃത പൊതുസർവ്വീസ് രൂപീകരിക്കുമ്പോൾ സർക്കാരിന് ഉണ്ടാകാവുന്ന അധിക സാമ്പത്തികബാദ്ധ്യത വെളിപ്പെടുത്തുമോ ; ധനവകുപ്പിന്റെ ഇത് സംബന്ധിച്ച അഭിപ്രായത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സർവ്വീസ് രൂപീകരിക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പുകളിലെ എത്ര തസ്തികകൾ ഇല്ലാതാകും; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) യോഗനടപടിക്കുറിപ്പ് തയ്യാറായിട്ടില്ല.

(ബി) ഏകീകൃത സർവ്വീസിൽ വിവിധ വിഭാഗം ജീവനക്കാരുടെ സർവ്വീസ് സീനിയോറിറ്റി തുടങ്ങിയ കാര്യങ്ങളിൽ സ്വീകരിക്കേണ്ട നടപടിയെ സംബന്ധിച്ചുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു. തീരുമാനം ആയിട്ടില്ല.

(സി) കരട് സർവ്വീസ് ചട്ടങ്ങൾ അന്തിമമാക്കി പൊതുസർവ്വീസ് രൂപീകരിക്കുന്ന ഘട്ടത്തിൽ മാത്രമെ കൃത്യമായ സാമ്പത്തികബാദ്ധ്യത നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളു.

(ഡി) കരട് സർവ്വീസ് ചട്ടങ്ങൾ അന്തിമമാകുന്നമുറയ്ക്ക് മാത്രമെ ഈ വിഷയത്തിൽ നിഗമനത്തിലെത്താൻ കഴിയൂ.

## പഞ്ചായത്തുകളിലെ ഹെഡ്ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ടായി ഉയർത്തൽ

179(1740) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ ഹെഡ്ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ടായി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതുമൂലം സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഇല്ലാത്തതും എന്നാൽ ജനങ്ങൾക്ക് പ്രയോജനകരവുമാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങൾക്ക് പ്രയോജനകരമായ നിലയിൽ എല്ലാ പഞ്ചായത്തുകളിലും ജൂനിയർ സൂപ്രണ്ട് പോസ്റ്റ് സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

## വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ റേഷ്യോ പ്രൊമോഷൻ

180(1741) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I തസ്തികകയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രേഡ് II വി.ഇ.ഒ. -മാരുടെ ഗ്രേഡ് I റേഷ്യോ പ്രൊമോഷൻ കൃത്യമായി നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രൊമോഷൻ നൽകുന്നതിൽ കാലതാമസം വരാനുള്ള കാരണമെന്താണ്; വിശദീകരിക്കുമോ;

(സി) ഗ്രേഡ് II വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ഗ്രേഡ് I പ്രൊമോഷൻ സമയബന്ധിതമായി നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 19 ഒഴിവുകൾ.

(ബി) ഗ്രേഡ് II വി.ഇ.ഒ.-മാരുടെ ഗ്രേഡ് I റേഷ്യോ പ്രൊമോഷൻ കൃത്യമായി നടക്കാറുണ്ട്.

(സി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I തസ്തികയയിൽ നിലവിലുള്ള 19 ഒഴിവുകളിലേയ്ക്ക് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽനിന്ന് ഉടൻതന്നെ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മുല്ലശ്ശേരി, എളവള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിലെ ഓവർസിയർമാരുടെ ഒഴിവ്

181(1742)ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി, എളവള്ളി ഗ്രാമപഞ്ചായത്തുകളിൽ ഓവർസിയർമാരുടെ എത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ എന്നുമുതൽ നിലനിൽക്കുന്നുവെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളുടെ സുഗമമായ പ്രവർത്തനത്തിന് ഓവർസിയർമാരുടെ ഒഴിവുകൾ അടിയന്തരമായി നികത്തുവാൻ നിർദ്ദേശം നൽകുമോ ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ ഒന്നാംതരം ഓവർസിയർ, രണ്ടാംതരം ഓവർസിയർ, മൂന്നാംതരം ഓവർസിയർ എന്നീ തസ്തികകളിൽ നിലവിൽ ഒഴിവില്ല. എടവള്ളി ഗ്രാമപഞ്ചായത്തിൽ ഒന്നാംതരം ഓവർസിയർ തസ്തികയിൽ ഒഴിവില്ല. രണ്ടാംതരം ഓവർസിയറുടെ അംഗീകൃത തസ്തിക നിലവിലില്ല. മൂന്നാംതരം ഓവർസിയർ തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്; ഈ ഒഴിവ് 5-7-2018 മുതലാണ് നിലവിൽവന്നത്.

(ബി) മൂന്നാംതരം ഓവർസിയർ തസ്തികയിലെ ഒരു ഒഴിവ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ടൈപ്പിസ്റ്റ് തസ്തിക

182(1743) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ നിലവിലുള്ള ആകെ ടൈപ്പിസ്റ്റ് തസ്തികയും നികത്താനുള്ള ഒഴിവുകളും വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിലവിലുള്ള എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയും പി.എസ്.സി. വഴി നികത്താനുള്ള ഒഴിവുകളും വ്യക്തമാക്കാമോ?

ഉത്തരം

(എ) വകുപ്പിന് കീഴിൽ ആകെ 671 തസ്തികകളാണുള്ളത്. ഇവയിൽ 10 ഒഴിവുകളാണ് നിലവിലുള്ളത്.

(ബി) കാസർഗോഡ് ജില്ലയിൽ എൽ. ഡി. ടൈപ്പിസ്റ്റിന്റെ 14 തസ്തികകളാണുള്ളത്. നിലവിൽ ഒഴിവുകളൊന്നുമില്ല.

(എ&ബി) വകുപ്പുതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**എഞ്ചിനീയറിംഗ് വിംഗുകളിലെ ഒഴിവുകൾ നികത്താൻ നടപടി**

183(1744) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗുകളിൽ എഞ്ചിനിയർ, ഓവർസിയർ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നതിന്റെ പഞ്ചായത്ത്/നഗരസഭ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രളയത്തിനുശേഷമുള്ള പുനരുദ്ധാരണ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കേണ്ടതിനാൽ ഈ ഒഴിവുകൾ ഉടൻതന്നെ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ എഞ്ചിനീയർ, ഓവർസിയർ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ നഗരസഭ/പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | നഗരസഭ/പഞ്ചായത്ത് | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | തൃക്കടേരി ഗ്രാമപഞ്ചായത്ത് | 1 |
| 2 | ഒന്നാംതരം ഓവർസിയർ | അനങ്ങനടി/ചളവറ ഗ്രാമപഞ്ചായത്ത് | 1 |
| | | വെള്ളിനേഴി ഗ്രാമപഞ്ചായത്ത് | 1 |
| | | ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത് | 1 |
| 3 | മൂന്നാംതരം ഓവർസിയർ | ഷൊർണ്ണൂർ മുനിസിപ്പാലിറ്റി | 1 |

(ബി) ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരവും പ്രൊമോഷൻ വഴിയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊച്ചി നഗരസഭയിലെ അമൃത് പദ്ധതി

184(1745) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കൊച്ചി നഗരസഭയിലെ 15, 16, 17 ഡിവിഷനുകളിൽ ഉൾപ്പെടുന്ന പ്രദേശത്ത് സ്വീവറേജ് ആൻഡ് സെപ്റ്റേജ് മാനേജ്മെന്റ് സെക്ടറിൽ ഡീസെൻട്രലൈസ്ഡ് സ്വീവറേജ് ട്രീറ്റമെന്റ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) ഓരോ ഡിവിഷനിലും ട്രീറ്റ്മെന്റ് പ്ലാന്റുകൾ എവിടെയാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) പദ്ധതി 2018 ഡിസംബർ 30-നകം ടെണ്ടർ ചെയ്യുന്നതും 2019 ഫെബ്രുവരി 28-നകം വർക്ക് അവാർഡ് ചെയ്ത് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

(ബി) പദ്ധതിയുടെ ഫീൽഡ് സർവ്വേ വർക്കുകൾ നടത്തുന്നതിനും പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുമായി M/s Shah Consultants എന്ന സ്ഥാപനവുമായി കൊച്ചി കോർപ്പറേഷൻ കരാറിൽ ഏർപ്പെടുകയും പ്രസ്തുത സ്ഥാപനം തയ്യാറാക്കി നൽകിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) നഗരസഭ അംഗീകരിച്ച് സാങ്കേതികാനുമതി ലഭിക്കുന്നതിനായി സാങ്കേതിക വിദഗ്ദ്ധ സമിതിയിൽ സമർപ്പിക്കുകയും ചെയ്തു. സാങ്കേതിക വിദഗ്ദ്ധ സമിതി ഡി.പി.ആർ.-ൽ ചില തിരുത്തലുകൾ വരുത്തി പുനർസമർപ്പിക്കുവാൻ നിർദ്ദേശം നൽകി. ഇപ്രകാരമുള്ള തിരുത്തലുകൾ വരുത്തി ഡി.പി.ആർ. പുനർസമർപ്പിക്കുന്നതിനും തുടർന്ന് സാങ്കേതിക വിദഗ്ദ്ധ സമിതി വിശദമായ പരിശോധന നടത്തി സാങ്കേതികാനുമതി നൽകുന്നതിനുമുണ്ടായ കാലതാമസവും സ്ഥലം ലഭിക്കുന്നതിന് താമസം നേരിട്ടതുമാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടായത്.

(സി) ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ

ഡിവിഷൻ 15 -മധുര കമ്പനിക്ക് സമീപം

ഡിവിഷൻ 16- അങ്കണവാടി നമ്പർ 001-ന് സമീപം

ഡിവിഷൻ 17- ജൂലിയാന സ്കൂളിന് സമീപം.

ഇതിൽ 16, 17 ഡിവിഷനുകളിൽ ആവശ്യമയ സ്ഥലം കോർപ്പറേഷൻ ഉടമസ്ഥതയിലുള്ളത് ലഭ്യമാണ്. ഡിവിഷൻ 15-ൽ അഞ്ച് സെന്റ് സ്ഥലം ലഭ്യമാണ്. ബാക്കി 10 സെന്റ് സ്ഥലം, പാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലം വിട്ടുതന്ന വ്യക്തിതന്നെ സ്ഥലം നൽകുന്നതിന് തയ്യാറാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സാംസ്കാരിക സംഘടനയ്ക്ക് കെട്ടിടം നിർമ്മിക്കാൻ സ്ഥലം**

185(1746) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംഗീത സംവിധായകൻ എം. കെ. അർജ്ജുനൻ മാസ്റ്റർ നേതൃത്വം നൽകുന്ന പശ്ചിമ കൊച്ചിയിലെ ആശ എന്ന സാംസ്കാരിക സംഘടനയ്ക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് കൊച്ചിൻ കോർപ്പറേഷൻവക മൂന്ന് സെന്റ് സ്ഥലം വിട്ടുനൽകുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ച അപേക്ഷയിൽ (File No. 143/RC4/2018/LSGD) സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

പ്രസ്തുത വിഷയം പരിശോധിക്കുന്നതിനായി നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

**വണ്ടിത്തടം-പാപ്പാൻചാണി-പൂഞ്ചക്കരി-കരുമം റോഡ്**

186(1747) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ പല കോർപ്പറേഷൻ റോഡുകളും തകർന്ന് ഉപയോഗശൂന്യമായ നിലയിൽ കാണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബസ് സർവ്വീസുള്ള വണ്ടിത്തടം-പാപ്പാൻചാണി-പൂഞ്ചക്കരി-കരുമം റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത റോഡുകൾ റീ ടാർ ചെയ്ത് ഉപയോഗയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) പ്രസ്തുത റോഡിന്റെ ഒരു ഭാഗം റിപ്പയർ ചെയ്യുന്നതിന് നഗരസഭ 10 ലക്ഷം രൂപയുടെ പ്രവൃത്തിക്കുള്ള കരാർ നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരുവനന്തപുരം കോർപ്പറേഷനിലെ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ**

187(1748) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകൾക്ക് ഇൻഫർമേഷൻ കേരള മിഷന്റെ സങ്കേതം സോഫ്റ്റ്‌വെയറാണോ ഉപയോഗിച്ചിരുന്നത് ;

(ബി) പ്രസ്തുത സോഫ്റ്റ്‌വെയറിന് പകരം പുതിയ ഏതെങ്കിലും സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആരുടെ സോഫ്റ്റ്‌വെയറാണ് ഇപ്പോൾ ഉപയോഗിക്കുന്നത്;

(ഡി) പുതിയതായി ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ കാരണം അപേക്ഷകൾ കുന്നുകൂടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ കെട്ടിട നിർമ്മാണ അപേക്ഷകളിൽ കാലവിളംബം കൂടാതെ തീരുമാനം എടുക്കുന്നതിന് ഉതകുന്ന സോഫ്റ്റ്‌വെയർ ഇക്കാര്യത്തിന് ഉപയോഗിക്കുവാൻ നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ) അതെ.

(ബി&സി) പൈലറ്റ് പ്രോജക്ടായി പുതിയ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന M/s Dev Information Technology Ltd. വികസിപ്പിച്ചെടുത്ത IBPMS (Intelligent Building Plan Management System) സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നത്.

(ഡി&ഇ) ഇല്ല. എന്നാൽ പുതിയ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിലെ ഉദ്യോഗസ്ഥരുടെ പരിചയക്കുറവുമൂലം അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് ഡെമോൺസ്ട്രേഷനും ട്രെയിനിംഗും നൽകി വരുന്നുണ്ട്. ഇപ്രകാരം കാലതാമസം കൂടാതെ അപേക്ഷകൾ തീർപ്പാക്കാൻ കഴിയുമെന്നുള്ള സാഹചര്യത്തിൽ IBPMS-ന് പകരം മറ്റൊരു സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നത് സർക്കാരിന്റെ പരിഗണനയിലില്ല.

## തിരുവനന്തപുരം കോർപ്പറേഷന്റെ നേതൃത്വത്തിൽ ദുരന്ത നിവാരണ രക്ഷാസേന

188(1749) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തത്തിൽപ്പെടുന്ന നഗരവാസികൾക്ക് രക്ഷയേകുവാൻ തിരുവനന്തപുരം കോർപ്പറേഷന്റെ നേതൃത്വത്തിൽ ദുരന്തനിവാരണ രക്ഷാസേന രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എത്ര വാർഡുകളിലാണ് ദുരന്തനിവാരണ സേന രൂപീകരിക്കുന്നത്; എത്ര പേർക്ക് വീതമാണ് പരിശീലനം നൽകുന്നത്;

(സി) ദുരന്തനിവാരണ സേനയുടെ പ്രവർത്തനം ഏത് വിധത്തിൽ ഏകോപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) അതിനായുള്ള ഫണ്ട് എപ്രകാരമാണ് കണ്ടെത്തുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) 100 വാർഡുകളിലും ദുരന്ത നിവാരണസേന രൂപീകരിക്കുന്നുണ്ട്.

ഒരു വാർഡിൽ 60 പേർ വീതം 100 വാർഡിർ 6000 വോളന്റിയർമാർക്ക് തെരച്ചിൽ, രക്ഷപ്പെടുത്തൽ, പ്രഥമ ശുശ്രൂഷ, ഷെൽട്ടർ മാനേജ്‌മെന്റ് എന്നീ മേഖലകളിൽ പരിശീലനം നൽകുന്നു.

(സി) പരിശീലനം ലഭിച്ച വോളന്റിയർമാരെ നഗരസഭയുടെ നഗരദുരന്ത നിവാരണ സെല്ലുമായി ബന്ധിപ്പിക്കുകയും അടിയന്തരഘട്ടത്തിൽ മേല്പറഞ്ഞ വോളന്റിയർമാരുടെ സേവനം നഗരസഭയ്ക്ക് ഉറപ്പുവരുത്തുകയും ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) സർക്കാർ ബഡ്ജറ്റിൽ വരുന്ന നഗരസഭയ്ക്കുള്ള വികസന ഫണ്ടിൽ നിന്നുമാണ് ഫണ്ട് കണ്ടെത്തുന്നത്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധി പുനർനിർണ്ണയം

189 (1750) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധി പുനർനിർണ്ണയം സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) കരുനാഗപ്പള്ളി നഗരസഭയുടെ പരിധിയിലേയ്ക്ക് ഏതെങ്കിലും ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശമുണ്ടോ; വിശദീകരിക്കുമോ;

(സി) ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവും സംബന്ധിച്ച് 2014-ൽ 27-11-2014-ലെ സ.ഉ. (സാധാ) നമ്പർ 3113/2014/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിരുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

(ബി&സി) അത്തരത്തിലുള്ള നിർദ്ദേശങ്ങൾ ഒന്നും നിലവിലില്ല.

## കൽപ്പാത്തി പൈതൃകഗ്രാമം

190(1751) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃകഗ്രാമമായി പ്രഖ്യാപിച്ചിട്ടുള്ള പാലക്കാട് ജില്ലയിലെ കൽപ്പാത്തി ഗ്രാമത്തിലെ വീടുകളിലെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് തിരുവനന്തപുരത്തെ ഹെറിറ്റേജ് കമ്മിറ്റിയുടെ അനുമതി ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത സാങ്കേതിക പ്രശ്നം പരിഹരിക്കുന്നതിനായി സർക്കാർ ഇതുവരെ നടത്തിയിട്ടുള്ള നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഈ ഗ്രാമങ്ങളിലെ വീട് നിർമ്മാണം, പുനർനിർമ്മാണം എന്നിവയ്ക്കുള്ള അനുമതി പാലക്കാട് നഗരസഭയിൽ നിന്നുതന്നെ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) പാലക്കാട് ജില്ലയിലെ കൽപ്പാത്തി ഗ്രാമത്തിൽ ഉൾപ്പെടുന്ന അഗ്രഹാരങ്ങൾ വളരെയധികം പൈതൃക പ്രധാന്യമുള്ളവയാണ്. എന്നാൽ സമീപ കാലങ്ങളിൽ ഇവയിൽ പല അഗ്രഹാരങ്ങളും പൊളിച്ചുകളഞ്ഞ് പുതിയ ശൈലിയിൽ പുനർനിർമ്മാണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ, കൽപ്പാത്തി ഗ്രാമത്തിന്റെ പൈതൃകസ്വഭാവം നിലനിർത്തുന്നതിനായി 11-11-2009-ലെ G.O(Ms.) No. 210/09 തസ്വഭവ ഉത്തരവ് പ്രകാരം പാലക്കാട് മാസ്റ്റർ പ്ലാനിന്റെ മേഖലാ നിയന്ത്രണ ചട്ടങ്ങളിൽ ടി പ്രദേശത്തെ പൈതൃക സംരക്ഷണ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. പ്രസ്തുത മേഖലാ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം, ടി പ്രദേശത്ത് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് KMBR 99-ലെ ചട്ടം 154 പ്രകാരം രൂപീകരിച്ച ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷന്റെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത ഉത്തരവിൽ, കമ്മീഷന് ആവശ്യമുള്ളപക്ഷം, ഈ ആവശ്യത്തിലേയ്ക്കായി കമ്മിറ്റി രൂപീകരിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷന്റെ മെമ്പർ സെക്രട്ടറി ചീഫ് ടൗൺ പ്ലാനർ ആയതിനാൽ ചീഫ് ടൗൺ പ്ലാനറുടെ ഓഫീസാണ് കമ്മീഷന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ടി ഓഫീസിൽ വച്ച് കൂടുന്ന ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷൻ നിയോഗിച്ചിട്ടുള്ള കമ്മിറ്റിയാണ് മേൽ സൂചിത കെട്ടിട നിർമ്മാണ അപേക്ഷകൾ പരിഗണിച്ച് തീരുമാനം കൈക്കൊള്ളുന്നത്.

ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷന്റെ അനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിൽ ഒട്ടുമിക്കവയും ഈ പ്രദേശത്തെ പൊതുസ്വഭാവത്തിനും മേഖലാ നിയന്ത്രണ ചട്ടങ്ങൾക്കും അനുസൃതമല്ലാത്തതിനാൽ അവ പല പ്രാവശ്യം പുതുക്കേണ്ടതായി വരുന്നു. തന്മൂലം അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിന് കാലതാമസം ഉണ്ടാകുന്നു. ഇത് ഒഴിവാക്കുന്നതിനായി ടി അപേക്ഷകൾ പരിശോധിച്ച്, അപാകതകൾ പരിഹരിച്ച് അപേക്ഷകൾ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് ജില്ലാതലത്തിൽ വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കുന്നതിന് പാലക്കാട് ജില്ലാ ടൗൺ പ്ലാനർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**വാമനപുരം നിയോകമണ്ഡലത്തിൽ ക്ഷേമപെൻഷനുകൾ വാങ്ങുന്നവർ**

191(1752) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ ഒൻപതു പഞ്ചായത്തുകളിൽ വിവിധ ക്ഷേമപെൻഷനുകൾ /തൊഴിൽരഹിതവേതനം വാങ്ങുന്നവരുടെ എണ്ണം ഇനം തിരിച്ച് പഞ്ചായത്തുതലത്തിൽ വ്യക്തമാക്കാമോ ?

ഉത്തരം

വാമനപുരം നിയോകമണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിലായി വിവിധ ക്ഷേമ പെൻഷനുകൾ/തൊഴിൽ രഹിത വേതനം വാങ്ങുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | കർഷക ത്തൊഴിലാളിപെൻഷൻ (ALP) | വാർദ്ധക്യ കാല പെൻഷൻ (IGNOAP) | വികലാംഗ പെൻഷൻ (IGNDP) | വിധവാ പെൻഷൻ (IGNWP) | അവിവാഹിതകൾക്കുള്ള പെൻ ഷൻ (UMWP) | തൊഴിൽ രഹിത വേതനം (Unemployment Dole) |
|---|---|---|---|---|---|---|---|
| 1 | ആനാട് | 839 | 2597 | 451 | 1749 | 59 | 590 |
| 2 | പനവൂർ | 681 | 1403 | 275 | 1154 | 26 | 311 |
| 3 | നന്ദിയോട് | 579 | 2557 | 329 | 1567 | 64 | 362 |
| 4 | പെരിങ്ങമല | 298 | 2494 | 433 | 1804 | 40 | 284 |
| 5 | പാങ്ങോട് | 775 | 2682 | 444 | 1934 | 24 | 310 |
| 6 | കല്ലറ | 1130 | 2402 | 312 | 1356 | 41 | 282 |
| 7 | പുല്ലമ്പാറ | 476 | 2162 | 280 | 1280 | 24 | 325 |
| 8 | വാമനപുരം | 479 | 1960 | 266 | 1329 | 65 | 470 |
| 9 | നെല്ലനാട് | 402 | 2538 | 366 | 1520 | 53 | 326 |
| | | 5659 | 20795 | 3156 | 13693 | 396 | 3260 |

## കോതമംഗലത്ത് വികസന പരിശീലന കേന്ദ്രം

192(1753) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ ഒരു വികസന പരിശീലന കേന്ദ്രം കോതമംഗലത്ത് ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കോതമംഗലം മണ്ഡലത്തിൽ പ്രസ്തുത വികസന പരിശീലന കേന്ദ്രത്തിനുവേണ്ടി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇത്തരം വികസന പരിശീലന കേന്ദ്രങ്ങളുടെ അടിസ്ഥാന വികസനത്തിന് കേന്ദ്രസർക്കാരിൽ നിന്നും സഹായം ലഭിക്കാൻ സാധ്യതയുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രളയക്കെടുതിമൂലം ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് നൈപുണ്യ വികസനത്തിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഉതകുന്ന പ്രസ്തുത പരിശീലനകേന്ദ്രം കോതമംഗലത്ത് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. കില നിയോഗിച്ച മൂന്നംഗസംഘം പ്രസ്തുത സ്ഥലം സന്ദർശിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിശദമായ ഒരു സാധ്യതാ പഠന റിപ്പോർട്ട് കില ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

(ബി) കിലയുടെ സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിലെ കൊട്ടളത്ത് മലസർവ്വേ നമ്പർ 125-ലെ 6.33 ഏക്കർ സ്ഥലം വികസന പരിശീലന കേന്ദ്രത്തിന് അനുയോജ്യമാണെന്ന് അറിയിച്ചിട്ടുണ്ട്.

(സി) വികസന പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആദ്യഘട്ടത്തിൽ ആവശ്യമായ തുക മുഴുവൻ കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കുവാൻ സാധ്യതയുണ്ട്. കൂടാതെ, പരിശീലന പരിപാടികൾക്കായി പ്രതിവർഷം 20 ലക്ഷം രൂപയും ലഭിക്കാവുന്നതാണ്. എന്നാൽ, തുടർന്ന് വികസന പരിശീലന കേന്ദ്രത്തിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ ദൈനംദിന

ചെലവുകൾക്കും മറ്റ് ഭരണപരമായ ചെലവുകൾക്കും ആവശ്യമായ തുക കേന്ദ്രസർക്കാർ അനുവദിക്കുന്നതല്ല. ആയത് സംസ്ഥാന സർക്കാർ വഹിക്കേണ്ടിവരും.

(ഡി) നൈപുണ്യ വികസനവും സ്വയംതൊഴിൽ സംരംഭകർക്കുള്ള വൈദഗ്ധ്യ പരിശീലനവും വികസന പരിശീലന കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന വിഷയമല്ല.

**കിളിമാനൂർ ഗ്രാമപഞ്ചായത്ത് ആസ്ഥാനമന്ദിരം**

193(1754) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

ഉത്തരം

ആറ്റിങ്ങൽ മണ്ഡലത്തിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ ആസ്ഥാന മന്ദിരത്തിന്റ നിർമ്മാണവുമായി ബന്ധപ്പെട്ട് സോയിൽ ടെസ്റ്റ്, സ്ട്രക്ചറൽ ഡിസൈനിംഗ് എന്നിവ പൂർത്തീകരിച്ച് ഒരു കോടി മുപ്പത്തി അഞ്ച് ലക്ഷം രൂപയുടെ സാങ്കേതിക പരിശോധനയ്ക്ക് ആവശ്യമായ എസ്റ്റിമേറ്റ് 23-11-2018-ൽ തിരുവനന്തപുരം ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധനയിലാണ്.

**ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ പ്രളയക്കെടുതികൾ**

194(1755) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് തദ്ദേശസ്വയംഭരണ വകുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ ആകെ നഷ്ടം എത്ര; പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകൾ എത്ര; എന്നിവ വ്യക്തമാക്കുമോ;

(ബി) പ്രളയത്തിൽ വാസയോഗ്യമല്ലാതായ വീടുകൾ ഒന്നുംതന്നെയില്ലെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപത്രം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ മാറ്റിനിർത്തി പകരം മറ്റൊരു ഉദ്യോഗസ്ഥനെ നിയമിച്ച് വേറൊരു ഏജൻസിയെക്കൊണ്ട് പ്രളയക്കെടുതികൾ അന്വേഷിക്കണം എന്നാവശ്യപ്പെട്ട് 12 ഗ്രാമപഞ്ചായത്ത് മെമ്പർമാരും 3 ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) പഞ്ചായത്ത് സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. വകുപ്പുമന്ത്രിക്ക് നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവരും ക്യാമ്പിൽ കഴിയുന്നവരും ഗ്രാമപഞ്ചായത്ത് മെമ്പർമാരും ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരും ചേരാനല്ലൂർ പഞ്ചായത്തിന് മുന്നിൽ നടത്തുന്ന സമരം ഒത്തുതീർക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചേരാനല്ലൂർ പഞ്ചായത്തിൽ നിന്ന് സ്ഥലം മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) നടത്തിയിട്ടുണ്ട്.

ആകെ-2696 വീടുകൾക്ക് നഷ്ടം സംഭവിച്ചു. പൂർണ്ണമായും തകർന്ന വീടുകൾ-39-ഉം ഭാഗീകമായി തകർന്ന വീടുകൾ-2657-ഉം ആണ്.

(ബി) ഉണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) പ്രസ്തുത പരാതി എറണാകുളം ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഉൾപ്പെട്ട 7 അപ്പീൽ പാനൽ രൂപീകരിച്ചിട്ടുണ്ട്. അതിൽ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ട കണയന്നൂർ താലൂക്കിനുവേണ്ടി ഒരു അപ്പീൽ പാനൽ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഇ) സമരം 23-11-2018-ൽ അവസാനിപ്പിച്ചിട്ടുണ്ട്. ഗ്രാപഞ്ചായത്ത് സെക്രട്ടറിയെ സ്ഥലം മാറ്റുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജനം

195(1756) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ എത്ര വാർഡുകളുണ്ടെന്നും ആകെ ജനസംഖ്യ എത്രയാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ ഭൂവിസ്തൃതി എത്രയെന്ന് വ്യക്തമാക്കുമോ;

(സി) കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി, ജനസംഖ്യ, വാർഡുകളുടെ എണ്ണം എന്നിവ പരിശോധിച്ച് പ്രസ്തുത ഗ്രാമപഞ്ചായത്ത് വിഭജിക്കേണ്ടതാണെന്നും പുതിയൊരു ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണെന്നും കരുതുന്നുണ്ടോ; എങ്കിൽ ആയത് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) കല്ലുവാതുക്കൽ പഞ്ചായത്ത് വിഭജിച്ച് പാരിപ്പള്ളി പഞ്ചായത്ത് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

| | | |
|---|---|---|
| (എ) വാർഡുകളുടെ എണ്ണം | - | 23 |
| ജനസംഖ്യ | - | 52541 |
| (ബി) ഭൂവിസ്തൃതി | - | 37 ചതുരശ്രകിലോമീറ്റർ. |

(സി - ഇ) വാർഡ് വിഭജനം/പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുക എന്നിവ സംബന്ധിച്ച് 27-11-2014-ലെ സ.ഉ.(സാധാ) നമ്പർ 3113/2014/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പരിഗണിക്കുകയാണെങ്കിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണെന്ന് കാണുന്നു. കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പാരിപ്പള്ളി ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിരുന്നു. എന്നാൽ <u>ബഹു.</u> ഹൈക്കോടതിയുടെ 10-7-2015-ലെ വിധിന്യായ പ്രകാരം [WP(C) 15524/15 തുടങ്ങിയ കേസ്സുകൾ] പഞ്ചായത്ത്

വിഭജന നടപടികൾ നിർത്തിവച്ചിട്ടുള്ളതാണ്. പുതിയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയി ക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി 28-3-2018-ലെ സ.ഉ.(സാധാ) നമ്പർ 877/2018/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പുതിയ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശകൾ ലഭിച്ചശേഷം മാത്രമെ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**വാമനപുരം നദിക്ക് കുറുകെയുള്ള നടപ്പാലം**

196(1757) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിതുര ഗ്രാമപഞ്ചായത്തിലെ ആനാട് - പൊൻമുടി റോഡിന്റെ 27-ാം മൈലിന് സമീപമുള്ള ഭാഗത്ത് വാമനപുരം നദിക്ക് കുറുകെ നടപ്പാലം നിർമ്മിക്കുന്നതിന് റിവർ കൗണ്ടി എന്ന സ്ഥാപനത്തിന്റെ ഉടമ ശ്രീ. അരുൺ നായർ, വട്ടക്കയത്തിൽ വീട്, കല്ലാർ എന്നയാൾക്ക്, വിതുര ഗ്രാമപഞ്ചായത്ത് നൽകിയ അനുമതി പത്രത്തിന്റെ പകർപ്പ് നൽകാമോ;

(ബി) ടി അനുമതിപത്രം നൽകുന്നതുമായി ബന്ധപ്പെട്ട് മറ്റ് ഡിപ്പാർട്ട്മെന്റുകളിൽനിന്നും ലഭ്യമാക്കിയ രേഖകളുടെ ശരിപകർപ്പ് നൽകാമോ;

(സി) ടി താല്ക്കാലിക പാലം സ്വകാര്യാവശ്യത്തിനല്ലാതെ കൊമേഴ്സ്യൽ ആവശ്യത്തിന് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് അനുവദനീയമാണോയെന്നും അനുവദനീയമല്ലായെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വിതുര ഗ്രാമപഞ്ചായത്തിന്റെ 7-8-2009-ലെ VI(1)-ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള അനുമതിപത്രം, ഇലക്ട്രിക്കൽ അലൈഡ് എഞ്ചിനീയറിംഗ് കമ്മിറ്റി സാക്ഷ്യപ്പെടുത്തിയ നിർദ്ദിഷ്ട പാലത്തിന്റെ പ്ലാൻ, ഇറിഗേഷൻ വകുപ്പ് അപേക്ഷകനുമായി 18-5-2009-ൽ 1/AEE/IN/2009-10 നമ്പർ എഗ്രിമെന്റ് എന്നിവയുടെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിലവിൽ ടി പാലം വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പാലം ശ്രീ. അരുൺ നായരുടെ സ്വകാര്യ വാണിജ്യ സ്ഥാപനത്തിലേയ്ക്കുള്ള പ്രവേശനമാർഗ്ഗമായാണ് ഉപയോഗിച്ചുവരുന്നത്. പ്രസ്തുത പാലത്തിന്റെ ഉപയോഗത്തിനെതിരെ വിതുര ഗ്രാമപഞ്ചായത്ത് മുഖേന നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**ചാലക്കുടി മുനിസിപ്പാലിറ്റിയിലെ റവന്യൂ ടവർ**

197(1758) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മുനിസിപ്പാലിറ്റിയിലെ പോട്ടയിൽ മുനിസിപ്പാലിറ്റിവക സ്ഥലത്ത് റവന്യൂ ടവർ നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി നഗരസഭ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ചാലക്കുടി മുനിസിപ്പാലിറ്റിയിലെ പോട്ടയിൽ മുനിസിപ്പാലിറ്റിവക സ്ഥലത്ത് റവന്യൂ ടവർ നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി നഗരസഭ സമർപ്പിച്ചിട്ടുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ജില്ലാ കളക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ടുകളും മറ്റ് വസ്തുതകളും പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**കാട്ടാക്കട ആസ്തി വികസന പദ്ധതി**

198(1759) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പുവഴി നടപ്പിലാക്കിയ 2016-17, 2017-18 വർഷത്തെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചത് ഏതെല്ലാം; പൂർത്തീകരിക്കാനുള്ളത് ഏതെല്ലാം; അവ പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) കാട്ടാക്കട മണ്ഡലത്തിൽ എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പുവഴി നടപ്പിലാക്കിയ 2016-17, 2017-18 വർഷത്തെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദമായ വിവരം അനുബന്ധമായി ചേർക്കുന്നു*

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ പുനർനിർമ്മാണം**

199(1760) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള പ്രളയത്തിൽ തകർന്ന റോഡുകളുടെ നീളം എത്ര കിലോമീറ്ററാണ്;

(ബി) പ്രസ്തുത റോഡുകൾ പുനർനിർമ്മിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മാനന്തവാടി മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള 513.28 കി.മീ. റോഡ് പ്രളയത്തിൽ തകർന്നിട്ടുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത റോഡുകൾ പുനർ നിർമ്മിക്കുന്നതിനായി വാർഷിക പദ്ധതി ഭേദഗതി ചെയ്ത് കണ്ടെത്താൻ കഴിഞ്ഞ പരമാവധി തുക വകയിരുത്തുകയും പുനർനിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പൂർണ്ണമായി പുനർനിർമ്മിക്കുന്നതിന് കൂടുതൽ തുക ആവശ്യമുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജൈവവൈവിധ്യ രജിസ്റ്റർ**

200(1761) <u>ശ്രീ. എം. ഉമ്മർ</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള രജിസ്റ്ററുകൾ ശാസ്ത്രീയമായി പുതുക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ;

(സി) ജൈവവൈവിധ്യം വർദ്ധിപ്പിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 885 ഗ്രാപഞ്ചായത്തുകൾ, 56 മുനിസിപ്പാലിറ്റികൾ, 2 കോർപ്പറേഷനുകൾ എന്നിവ ഉൾപ്പെടെ ആകെ 943 ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ട്. 90 ശതമാനം ജൈവവൈവിധ്യ രജിസ്റ്ററുകളും പൂർത്തിയായി കഴിഞ്ഞു. അവശേഷിക്കുന്ന 10 ശതമാനം (56 ഗ്രാമപഞ്ചായത്തുകൾ, 31 മുനിസിപ്പാലിറ്റികൾ, 4 കോർപ്പറേഷനുകൾ) സ്ഥലങ്ങളിൽ ജൈവവൈവിധ്യ രജിസ്റ്റർ തയ്യറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കിക്കഴിഞ്ഞ ജൈവവൈവിധ്യ രജിസ്റ്ററുകളെ ഡിജിറ്റലൈസ് ചെയ്യുന്നതിനും ശാസ്ത്രീയമായി വിവരങ്ങൾ കാലാനുസൃതമായി കൂട്ടിച്ചേർക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജൈവവൈവിധ്യ പരിപാലന സമിതികളുടെ (ബി.എം.സി.) സഹകരണത്തോടെ പ്രസ്തുത ജൈവവൈവിധ്യ രജിസ്റ്ററുകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ ജൈവവൈവിധ്യ ബോർഡ് സ്വീകരിച്ചിട്ടുണ്ട്.

(സി) ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും സുസ്ഥിര ഉപയോഗത്തിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജൈവവൈവിധ്യ പരിപാലന സമിതികളുടെ മേൽനോട്ടത്തിൽ പ്രാദേശിക പരിസ്ഥിതിക്കനുയോജ്യമായിട്ടുള്ള വിവിധ പദ്ധതികൾ സംസ്ഥാനത്തെ ജൈവവൈവിധ്യ ബോർഡിന്റെ "മാതൃകാ ബി.എം.സി." പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു.

## നവകേരള നിർമ്മിതിക്കായുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ

201(1762) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര നവകേരളം നിർമ്മിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നുവെന്ന് വിശദീകരിക്കാമോ;

(ബി) ഒറ്റപ്പാലം മണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനർ നിർമ്മിതിക്കായി എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കി യിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രളയത്തിൽ തകർന്ന ആസ്തികളുടെ പുനർനിർമ്മാണ പ്രവൃത്തികളും മെയിന്റനൻസ് പ്രവൃത്തികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനായി പദ്ധതി ഭേദഗതിക്ക് അനുമതി നൽകുകയും അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

പശ്ചാത്തലമേഖലയിൽ റോഡുകളുടെ പുനഃസ്ഥാപനവും അറ്റകുറ്റപ്രവൃത്തിയും കൂടാതെ പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വനവൽക്കരണത്തിനും ആവശ്യമായ പദ്ധതികൾ തയ്യാറാക്കി 2019-2020-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നഗരസഭകൾ സ്വീകരിച്ചുവരുന്നു. PMAY, LIFE പദ്ധതികളിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് ആവശ്യമായ പദ്ധതികൾ 2019-2020 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി തയ്യാറാക്കിവരുന്നു.

മഹാപ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകുന്നുണ്ട്. കൂടാതെ പ്രളയത്തിൽ നശിച്ചതോ കേടുപാടുകൾ പറ്റിയതോ ആയ പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾക്കും പുനർനിർമ്മാണത്തിനുമുള്ള പ്രോജക്ടുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉയർന്ന പരിഗണന നൽകുന്നു.

(ബി) ഒറ്റപ്പാലം നിയമസഭാ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മിതിക്കായി 24 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ഗ്രാപഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| അമ്പലപ്പാറ | - | 1.2 കോടി, |
| കടമ്പഴിപ്പുറം | - | 3.5 കോടി, |
| കരിമ്പുഴ | - | 1.4 കോടി, |
| ലെക്കിടി പേരൂര് | - | 5.6 കോടി, |
| പൂക്കോട്ടുകാവ് | - | 4.3 കോടി, |
| ശ്രീകൃഷ്ണപുരം | - | 4.3 കോടി, |
| തച്ചനാട്ടുകര | - | 3.7 കോടി രൂപ. |

## കോക്ലിയർ ഇംപ്ലാന്റേഷൻ

202(1763) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22/2018 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോക്ലിയർ ഇംപ്ലാന്റേഷന് തുടർചികിത്സയും കേൾവിസഹായ ഉപകരണ ഭാഗങ്ങൾ പുതിയതായി വാങ്ങുന്നതിനും അതിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള ചെലവ് വിവേചനരഹിതമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കോക്ലിയർ ഇംപ്ലാന്റേഷന് വിധേയരായവരിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും മത്സ്യ തൊഴിലാളി വിഭാഗക്കാർക്കും മാത്രം തുടർ ആനുകൂല്യങ്ങൾ നൽകുന്നതിന് വകുപ്പ് ഇറക്കിയിട്ടുള്ള ഡി.എ 1/718/2018 നമ്പർ സർക്കുലർ തിരുത്തി കോക്ലിയർ ഇംപ്ലാന്റേഷന് വിധേയരായ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും തുടർആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 14-2-2018-ലെ സ.ഉ.(കൈ.) നമ്പർ 22/3028/ത.സ്വ.ഭ.വ ഉത്തരവിലെ ഖണ്ഡിക 71.2(ബി) പ്രകാരം മെഡിക്കൽ ഓഫീസറുടെ നിർദ്ദേശം അനുസരിച്ച് കേൾവിശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റിന് ശേഷമുള്ള കേൾവിസഹായികളും മറ്റും നൽകുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, മത്സ്യത്തൊഴിലാളികൾ/അവരുടെ മക്കൾ എന്നിവർക്ക് നൽകിയ ഇത്തരം ഉപകരണങ്ങൾ റിപ്പയറിംഗ് ആവശ്യമായി വന്നാൽ ഇതിനുള്ള ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാവുന്നതാണ്. കോക്ലിയർ ഇംപ്ലാന്റേഷന് വിധേയരായ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും തുടർ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം

203(1764) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയെത്തുടർന്ന് പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകളുടെ പുനർ നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടി സുതാര്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്രളയക്കെടുതിയെ തുടർന്ന് വീട് പൂർണ്ണമായും തകർന്നതോ വാസയോഗ്യമല്ലാതായതോ ആയവർക്ക് പുതിയ വീട് നിർമ്മിക്കുന്നതിനായി 4 ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് അതത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി 5-10-2018-ലെ സ.ഉ. നമ്പർ 527/2018/ഡി.എം.ഡി. ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി പ്രളയക്കെടുതിയെ തുടർന്ന് പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകളുടെ വിവരങ്ങൾ റീബിൽഡ് കേരള ആപ്‌വഴി ശേഖരിച്ച് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. കൂടാതെ പ്രളയത്തിൽ പൂർണ്ണമായി തകർന്ന വീടുകൾ ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന PMAY(G) സ്കീം വഴി പുനർനിർമ്മിക്കുന്നതിനുള്ള സ്പെഷ്യൽ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് നൽകിയിട്ടുള്ളതാണ്.

(ബി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സുതാര്യമാക്കുന്നതിനുവേണ്ടി സർക്കാർ റീ ബിൽഡ് കേരള ആപ് ആവിഷ്കരിക്കുകയും സുതാര്യത ഉറപ്പ് വരുത്തി യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് തെരഞ്ഞെടുത്ത വാളണ്ടിയർമാർ, എൽ.എസ്.ജി.ഡി. എഞ്ചിനീയർമാർ, ഓവർസിയർമാർ എന്നിവർ സ്ഥലം പരിശോധന നടത്തുകയും ആവശ്യമെങ്കിൽ സെക്രട്ടറി, തഹസിൽദാർ എന്നിവരും കൂടി പരിശോധന നടത്തുന്നതാണ്. കൂടാതെ കളക്ടറേറ്റിൽനിന്നും ലഭ്യമാകുന്ന അപേക്ഷകളും തെരഞ്ഞെടുത്ത വാളണ്ടിയർമാർ, എൽ.എസ്.ജി.ഡി. എഞ്ചിനീയർമാർ, ഓവർസിയർമാർ എന്നിവർ മുഖേന പരിശോധന നടത്തി റീ ബിൽഡ് കേരള ആപ്പിൽ അപ്‌ലോഡ് ചെയ്യുകയും യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. പി.എം.എ.വൈ. മാർഗ്ഗനിർദ്ദേശ പ്രകാരം 2011-ലെ SECC ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെയാണ് ഭവന നിർമ്മാണ സഹായത്തിനായി തെരഞ്ഞെടുക്കുന്നത്.

**തദ്ദേശ സ്വയംഭരണ വകുപ്പിലെ ദേശീയ പെൻഷൻ പദ്ധതി**

204(1765) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ഏതൊക്കെ വകുപ്പുകളിലും അതോറിറ്റികളിലും സ്ഥാപനങ്ങളിലും ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ദേശീയ പെൻഷൻ പദ്ധതി വിഹിതം (ജീവനക്കാരന്റെയും സ്ഥാപനത്തിന്റെയും) അടയ്ക്കാതെ കുടിശ്ശിക വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി സ്ഥാപനങ്ങൾ ഏതൊക്കെ ആണെന്ന് വെളിപ്പെടുത്തുമോ;

(സി) ടി വിഷയത്തിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത എത്ര ജീവനക്കാർ ഉണ്ട്; രജിസ്റ്റർ ചെയ്യാത്ത എത്ര പേർ ഉണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഗ്രാമവികസന വകുപ്പ്, പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, തദ്ദേശ സ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗം, വിശാലകൊച്ചി വികസന അതോറിറ്റി, തിരുവനന്തപുരം വികസന അതോറിറ്റി, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി എന്നിവിടങ്ങളിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(i) കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് ഫണ്ടിന്റെ കുറവ് കാരണം ദേശീയ പെൻഷൻ പദ്ധതിയുടെ പഞ്ചായത്ത് വിഹിതം കുടിശ്ശികയാണ്.

(ii) മുനിസിപ്പൽ കോമൺ സർവ്വീസിൽ 9/2016 മുതലാണ് ദേശീയ പെൻഷൻ പദ്ധതി വിഹിതം ഒടുക്കിത്തുടങ്ങിയത്.

(iii) കിളിമാനൂർ ബ്ലോക്ക്, തൊടുപുഴ ബ്ലോക്ക്, തളിക്കുളം ബ്ലോക്ക്, മാള ബ്ലോക്ക്, ആലത്തൂർ ബ്ലോക്ക്, ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ ഓഫീസ്, കാസർഗോഡ്, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ഓഫീസ് മലപ്പുറം, പെരിന്തൽമണ്ണ ബ്ലോക്ക്, നിലമ്പൂർ ബ്ലോക്ക്, മലപ്പുറം ബ്ലോക്ക് എന്നിവിടങ്ങളിൽ ദേശീയ പെൻഷൻ പദ്ധതിയുടെ വിഹിതം കുടിശ്ശികയാണ്.

(സി) മേലുകാവ് പഞ്ചായത്തിൽ ഫണ്ട് ലഭിക്കുന്നമുറയ്ക്ക് കുടിശ്ശിക ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മുനിസിപ്പൽ കോമൺ സർവ്വീസിൽ 4/2013 മുതലുള്ള കുടിശ്ശിക ഒടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഗ്രാമവികസന വകുപ്പിൽ കുടിശ്ശിക തുക ബന്ധപ്പെട്ട ജീവനക്കാരിൽനിന്നും ഗഡുക്കളായി ഈടാക്കി അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓൺലൈൻ സേവനങ്ങൾ**

205(1766) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണനിർവ്വഹണം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് വിവരസാങ്കേതികവിദ്യയുടെ ഉപയോഗം എങ്ങനെയെല്ലാം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഏതെല്ലാം സേവനങ്ങളാണ് നിലവിൽ ഓൺലൈനായി ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിവരവിനിമയസാങ്കേതികവിദ്യ അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഈ ഡിജിറ്റൽ യുഗത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക, പൊതുജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമമായ സേവനം ലഭ്യമാക്കുക എന്നിവ ലക്ഷ്യമാക്കി എൽ.എസ്.ജി.ഡി. എന്റർപ്രൈസ് സൊലൂഷൻ സോഫ്റ്റ്‌വെയറിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ മേഖലകളിലെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അതുവഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പൂർണ്ണമായും കടലാസുരഹിതമാക്കുന്നതിനും ഇതുവഴി സാധിക്കും. നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഴുവൻ പ്രവർത്തനങ്ങളും സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകളും ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി വിവരസാങ്കേതികവിദ്യയിലൂന്നി ഇൻഫർമേഷൻ കേരള മിഷൻ മുന്നോട്ടുവയ്ക്കുന്ന നൂതന ആശയമാണ് സ്മാർട്ട് പഞ്ചായത്ത്, സ്മാർട്ട് മുനിസിപ്പാലിറ്റി എന്നിവ. പൗരനെപ്പറ്റി ലഭ്യമായ വിവരങ്ങൾ, ബാധകമായ സേവനങ്ങൾ, സ്കീമുകൾ എന്നിവയെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും അറിയുന്നതിനും സേവനങ്ങൾ ജനങ്ങളുടെ വീട്ടുമുറ്റത്ത് എത്തിക്കുന്നതിനും പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും ഈ പദ്ധതി വിഭാവന ചെയ്യുന്നു. ഇതിനുപുറമെ സ്മാർട്ട് സിസ്റ്റം, സ്മാർട്ട് ടെക്നോളജി, സ്മാർട്ട് പീപ്പിൾ, സ്മാർട്ട് പ്രോസസ്, സ്മാർട്ട് ലൈഫ്, എം-ഗവേണൻസ്, ഇ-ഗവേണൻസ് തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ആർ.ഡി.എ.-യിലെ കരാർ ജീവനക്കാർ

206(1767) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ആർ.ഡി.എ.-യിൽ എത്ര കരാർ ജീവനക്കാരാണുള്ളതെന്ന വിവരം തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) ജീവനക്കാരുടെ കരാർ അവസാനമായി പുതുക്കിയ തീയതി എന്നാണെന്ന് അറിയിക്കുമോ;

(സി) കരാർ പുതുക്കാതെ ജീവനക്കാർക്ക് വേതനം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കെ.എസ്.ആർ.ആർ.ഡി.എ.-ൽ കരാർ അടിസ്ഥാനത്തിൽ 4 ജീവനക്കാരാണ് ഉള്ളത്.

| | | |
|---|---|---|
| ഐ.റ്റി. നോഡൽ ഓഫീസർ | - | 1 |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | - | 1 |
| ക്ലാർക്ക് ടൈപ്പിസ്റ്റ് | - | 1 |
| ഓഫീസ് അസിസ്റ്റന്റ് | - | 1 |

(ബി) 31-12-2016 വരെ കരാർ പുതുക്കി നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ കേസ് നിലവിലുണ്ട്.

## തലസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യുടേതല്ലാത്ത ബസ് സ്റ്റാന്റുകൾ

207(1768) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ കെ.എസ്.ആർ.ടി.സി.-യുടേതല്ലാത്ത എത്ര ബസ് സ്റ്റാന്റുകൾ നിലവിൽ പ്രവർത്തിച്ച് വരുന്നുവെന്നും അവ എവിടെയൊക്കെയാണെന്നും ഇവ ഏതൊക്കെ ഗവൺമെന്റ്/ഗവൺമെന്റിതര ഏജൻസികളാണ് നിർമ്മിച്ച് പരിപാലിച്ചുവരുന്നത് എന്നും അറിയിക്കുമോ;

(ബി) ഇത്തരം ബസ് സ്റ്റാന്റുകളിൽ കെ.എസ്.ആർ.ടി.സി ബസുകൾക്ക് പുറമേ സ്വകാര്യ ബസുകൾക്കും കയറാനും യാത്രക്കാരെ എടുക്കുന്നതിനും അനുമതി ഉണ്ടോ; എങ്കിൽ സർക്കാരോ/ സർക്കാർ ഏജൻസികളോ നിർമ്മിച്ച് നൽകിയിട്ടുള്ള

ഇത്തരം സ്റ്റാന്റുകളിൽ സ്വകാര്യ ബസ്സുകൾ ഓരോ തവണയും കയറിയിറങ്ങുന്നതിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ബസ്സുകൾക്കും എത്ര വീതം; എന്നിവ വ്യക്തമാക്കുമോ;

(സി) ഇങ്ങനെ ഫീസ് നൽകി കയറുന്ന സ്വകാര്യ ബസ്സുകൾക്ക് എത്ര നേരമാണ് പാർക്കിംഗ് അനുമതിയുള്ളത്; വിവരം നൽകുമോ;

(ഡി) ഗവൺമെന്റോ/ഗവൺമെന്റ് ഏജൻസികളോ നിർമ്മിച്ച് പരിപാലിച്ച് വരുന്ന ഇത്തരം ബസ് സ്റ്റാന്റുകളിൽ സ്വകാര്യ ബസ്സുകൾക്ക് ഓരോ തവണയും എൻട്രി ഫീസില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; പ്രസ്തുത തീരുമാനത്തിനാധാരമായ രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) എൻട്രി ഫീസ് നിലവിലുണ്ടെങ്കിൽ അടുത്തെങ്ങാനും ആയത് പുനർനിർണ്ണയം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുദ്ദേശമുണ്ടോ എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ - ഇ) തിരുവനന്തപുരം നഗരസഭയുടെ അധീനതയിൽ നിലവിൽ കെ.എസ്.ആർ.ടി.സി.-യുടേതല്ലാത്ത ബസ് സ്റ്റാന്റുകൾ ഒന്നുമില്ല.

## വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിലെ നിർമ്മാണാനുമതി

208(1769) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിലെ വാസയോഗ്യമായ സ്ഥലങ്ങളുടെ വിവരം ടൗൺ ആൻഡ്കൺട്രി പ്ലാനിംഗ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വാസയോഗ്യമല്ലാത്ത സ്ഥലങ്ങളുടെ വിവരം മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(സി) വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ നിർമ്മാണാനുമതി നൽകിയത് സംബന്ധിച്ച വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഡി) കോസ്റ്റൽ റെഗുലേഷൻ സോൺ നിയമം ലംഘിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മാണാനുമതി നൽകിയതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ഇ) ടൗൺ പ്ലാനിംഗ് വിഭാഗത്തിന്റെ ചുമതലകൾ വ്യക്തമാക്കുമോ; തോട്,പുഴ,കായൽ എന്നിവയുടെ തീരങ്ങളിൽ നടക്കുന്ന നിർമ്മാണങ്ങൾ തടയുന്നതിന് ടൗൺ പ്ലാനിംഗ് വിഭാഗത്തിന് സംവിധാനമുണ്ടോ ;

(എഫ്) അവധി ദിവസങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ തടയുന്നതിന് ടൗൺ പ്ലാനിംഗ് വിഭാഗം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; തോട്, പുഴ, നദി, കായൽ, നീർച്ചാലുകൾ, തണ്ണീർത്തടങ്ങൾ എന്നിവ മാസ്റ്റർ പ്ലാനിൽ വ്യക്തമാക്കി പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 'മാസ്റ്റർപ്ലാനുകളുടെയും നഗര ഗ്രാമാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ' എന്ന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശങ്ങൾക്കും മാസ്റ്റർപ്ലാനുകൾ നഗര ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കുന്നുണ്ട്. ചില മാസ്റ്റർപ്ലാനുകളിൽ ഒന്നിലധികം നഗരസഭാ പ്രദേശങ്ങളും സമീപ ഗ്രാമപഞ്ചായത്തുകളും ഉൾപ്പെട്ടിട്ടുള്ളതാണ്. കൂടാതെ 'സംയോജിത വികസന രൂപരേഖകളുടെയും പ്രദേശിക വികസന രൂപരേഖകളുടെയും തയ്യാറാക്കൽ' എന്ന പ്ലാൻ സ്കീമിൽ ഗ്രാമപഞ്ചായത്തുകൾക്കായി മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നുണ്ട്. മാസ്റ്റർ പ്ലാനുകളിലെ ഭൂവിനിയോഗ മാപ്പിൽ വാസയോഗ്യമായ സ്ഥലങ്ങളെ വാസഗൃഹമേഖലയായി നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) മാസ്റ്റർപ്ലാനുകളിൽ വാസയോഗ്യമല്ലാത്ത സ്ഥലങ്ങളേയും പ്രത്യേക സംരക്ഷണം/നിയന്ത്രണം ആവശ്യമുള്ള പ്രദേശങ്ങളേയും പ്രത്യേക മേഖലകളായി വേർതിരിച്ച് കാണിക്കുന്നുണ്ട്.

(സി) വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ നിർമ്മാണാനുമതി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കോസ്റ്റൽ റെഗുലേഷൻ സോൺ നിയമം ലംഘിച്ച് നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് അനുമതി നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) 2016 നഗര ഗ്രാമാസൂത്രണ ആക്റ്റിലെ സെക്ഷൻ 10-ലും 11-ലും നഗര ഗ്രാമാസൂത്രണ വകുപ്പിന്റെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* മാസ്റ്റർ പ്ലാനിലെ ഭൂവിനിയോഗ മാപ്പിൽ തോട്, പുഴ, നദി, കായൽ, നീർച്ചാലുകൾ, തണ്ണീർത്തടങ്ങൾ എന്നിവ വ്യക്തമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നുണ്ട്.

(എഫ്) കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 157, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 148 എന്നിവ അനുസരിച്ച് ടൗൺ പ്ലാനിംഗ് വിഭാഗത്തിന്റെ ജില്ലാതല വിജിലൻസ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തുടർച്ചയായി വരുന്ന അവധി ദിവസങ്ങളിൽ ടൗൺ പ്ലാനിംഗ് വകുപ്പിലെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജില്ലാ ഓഫീസുകളിലെ ഉദ്യോഗസ്ഥർ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണം കണ്ടുപിടിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സ്ക്വാഡുകളുമായി ചേർന്ന് പ്രവർത്തിച്ച ടി നിർമ്മാണങ്ങളെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാറുമുണ്ട്.

മാസ്റ്റർ പ്ലാനുകളിലെ ഭൂവിനിയോഗ മാപ്പിൽ തോട്, പുഴ, നദി, കായൽ, നീർച്ചാലുകൾ, തണ്ണീർത്തടങ്ങൾ എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

**മാലിന്യസംസ്കരണത്തിനുള്ള പദ്ധതികൾ**

209(1770) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ നഗരത്തിൽ മാലിന്യ സംസ്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കോഴിക്കോട് കോർപ്പറേഷനിൽ ഖരമാലിന്യ സംസ്കരണത്തിനായി നിലവിൽ 100 ടൺ കപ്പാസിറ്റിയുള്ള ഒരു വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തിച്ച് വരുന്നുണ്ട്. അതോടൊപ്പം 28 യൂണിറ്റ് തുമ്പൂർമുഴി പ്ലാന്റും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ 2018-19 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 8 സ്ഥലത്ത് കൂടി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഞെളിയൻ പറമ്പിലുള്ള കോർപ്പറേഷൻ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ DBFOT (Design Build Finance Operate and Transfer) അടിസ്ഥാനത്തിൽ P.P.P. ആയി ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന വേസ്റ്റ്-ടു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അജൈവ മാലിന്യ സംസ്കരണത്തിനായി 2 TPD കപ്പാസിറ്റിയുള്ള ഒരു പ്ലാന്റ് വെസ്റ്റ്ഹില്ലിൽ പ്രവർത്തിച്ച് വരുന്നുണ്ട്.

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ ചെലവഴിച്ച് വേസ്റ്റ് ടു ഓർഗാനിക് പ്ലാന്റും ചിക്കൻ അറവുമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി 12 കോടിയോളം രൂപ ചെലവഴിച്ച് സ്വകാര്യ മേഖലയിൽ ഒരു പ്ലാന്റിന്റെ പണിയും പൂർത്തിയായി വരുന്നുണ്ട്. ഇത് പ്രവർത്തനക്ഷമമാകുന്നതോടെ കോഴിക്കോട് ജില്ലയെ പൗൾട്രി വേസ്റ്റ് ഫ്രീ ജില്ലയായി പ്രഖ്യാപിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ 2 എം.ആർ.എഫ്. സെന്ററുകൾ നിർമ്മിക്കുന്നതിനും ഒരു മിനി എം.ആർ.എഫ്. സെന്റർ നിർമ്മിക്കുന്നതിനും വേണ്ടി കരാർ നൽകിയിട്ടുണ്ട്.

## തിരുവനന്തപുരം വികസന അതോറിറ്റി

210(1771) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം വികസന അതോറിറ്റിയെ നിലനിർത്തിക്കൊണ്ടു നിർദ്ദിഷ്ട ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ കൊണ്ടുവരുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

തിരുവനന്തപുരം വികസന അതോറിറ്റിയെ നിലനിർത്തിക്കൊണ്ട് നിർദ്ദിഷ്ട ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ കൊണ്ടുവരുന്നതിനായുള്ള നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. ഈ ആവശ്യം ഉന്നയിച്ച് തിരുവനന്തപുരം വികസന അതോറിറ്റി എംപ്ലോയീസ് യൂണിയൻ സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിച്ചുവരുന്നു.

## കില ഡയറക്ടർക്ക് വേണ്ട യോഗ്യത

211(1772) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എൻ.ഡി.പി.-യുടെ യു.എൻ. ഇൻഎലിജിബിലിറ്റി ലിസ്റ്റിൽ നിലവിലുള്ള കില ഡയറക്ടർ ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ എന്ത് കാരണങ്ങളാണെന്ന് പരിശോധിക്കുമോ;

(ബി) കില ഡയറക്ടറാകാനുള്ള യോഗ്യതയിൽ ഈ സർക്കാർ മാറ്റംവരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മാറ്റങ്ങൾ എന്തൊക്കെയാണെന്നും മാറ്റംവരുത്തുവാനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(സി) കില ഡയറക്ടർ സ്ഥാനത്തേയ്ക്ക് അപേക്ഷിച്ചവരുടെ പേരുവിവരവും യോഗ്യതയും വിശദീകരിക്കുമോ;

(ഡി) കിലയ്ക്ക് യു.എൻ. സഹായമോ സേവനമോ ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിലുള്ള ഡയറക്ടർക്ക് 2018 മാർച്ച് 22 മുതൽ 2026 മാർച്ച് 21 വരെ യു.എൻ. സഹായമോ സേവനമോ സ്വീകരിക്കുന്നതിൽ വിലക്കേർപ്പെടുത്തിയ സാഹചര്യത്തിൽ നിലവിൽ കിലയ്ക്ക് യു.എൻ. സഹായം സ്വീകരിക്കുന്നതിൽ ഏതെങ്കിലും തരത്തിൽ തടസ്സം നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച യാതൊരുവിധ ഔദ്യോഗിക അറിയിപ്പുകളും ലഭിച്ചിട്ടില്ല.

(ബി) 26-4-1990 മുതൽ 18-1-2000 വരെ ഐ.എ.എസ്. റാങ്കിലുള്ള ഉദ്യോഗസ്ഥർ ആയിരുന്നു കില ഡയറക്ടർമാരായി ചുമതലയേറ്റിരുന്നത്. 4-9-2000 മുതൽ കില ഡയറക്ടർമാരായി ഐ.എ.എസ്. റാങ്ക് ഇല്ലാത്ത ഉദ്യോഗസ്ഥരെ നിയമിച്ചുവരുന്നു. തുടർന്ന് 9-1-2017-ലെ സ.ഉ. (സാധാ) നമ്പർ 52/2017/തസ്വഭവ. ഉത്തരവ് പ്രകാരം കില ഡയറക്ടറുടെ നിയമനവുമായി ബന്ധപ്പെട്ട രൂപീകരിച്ച ചീഫ് സെക്രട്ടറി അധ്യക്ഷനായ എക്സ്പെർട്ട് കമ്മിറ്റിയാണ് യോഗ്യതയുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചത്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഡി) യു.എൻ. ഏജൻസികളുടെ പ്രോജക്ട് രീതിയിലുള്ള പിന്തുണ കാലാകാലങ്ങളിൽ കിലയ്ക്ക് ലഭിച്ചിട്ടുണ്ട്.

(ഇ) കിലയ്ക്ക് യു. എൻ. സഹായം സ്വീകരിക്കുന്നതിൽ തടസ്സം നിലനിൽക്കുന്നില്ല.

**കിലയിലെ താൽക്കാലിക നിയമനങ്ങൾ**

212(1773) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിലയിലെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുന്നതിനായി കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കിലയിൽ നടത്തിവരുന്ന താൽക്കാലിക നിയമനങ്ങൾ ലോക്കൽ ഏരിയയിൽനിന്നാണ് എടുക്കുന്നതെങ്കിൽ ലോക്കൽ ഏരിയയുടെ പരിധി വ്യക്തമാക്കുമോ;

(സി) കിലയിൽ നടപ്പിലാക്കുന്ന വിവിധ പ്രോജക്ടുകളുടെയും പരിശീലന പരിപാടികളുടെയും സഹായത്തിനായി നിയമിക്കുന്നവർക്ക് നൽകിവരുന്ന വേതനം ഏത് ഫണ്ടിൽ നിന്നാണെന്ന് വെളിപ്പെടുത്തുമോ; ഇതിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉൾപ്പെടുമോ; വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിലുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടപ്പിലാക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ;

(ഇ) 19-6-2018-നുശേഷം കിലയിൽ ദിവസ വേതനാടിസ്ഥാനത്തിൽ വേതനം കൈപ്പറ്റിയവരുടെ പേരുവിവരം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) 2-12-2015-ലെ കില എക്സിക്യൂട്ടീവ് കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. പ്രസ്തുത മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) താൽക്കാലിക നിയമനങ്ങൾക്ക് പ്രത്യേകമായ പരിധി നിശ്ചയിച്ചുകൊണ്ട് തീരുമാനം നിലവിലില്ല. ഒരു സംസ്ഥാനതല സ്ഥാപനമെന്ന നിലയിൽ കിലയും കിലയുടെ വിവിധ സെന്ററുകളും സ്ഥിതിചെയ്യുന്ന ജില്ലകളിൽനിന്നും സമീപ ജില്ലകളിൽനിന്നുമാണ് നിയമനങ്ങൾ നടത്തിവരുന്നത്.

(സി) കിലയിൽ നടപ്പിലാക്കുന്ന വിവിധ പ്രോജക്ടുകളുടേയും പരിശീലനങ്ങളുടേയും സുഗമമായ നടത്തിപ്പിനായി നിയോഗിക്കുന്നവർക്ക് ബന്ധപ്പെട്ട പ്രോജക്ടുകൾക്കും വിവിധ പരിശീലനങ്ങൾക്കുമായി വകയിരുത്തിയ ഫണ്ടുകളിൽനിന്നാണ് വേതനം നൽകിവരുന്നത്. ഇതിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ടി പരിശീലനങ്ങൾക്ക് വകയിരുത്തി ലഭ്യമാക്കിയ ഫണ്ട് ഉൾപ്പെടുന്നുണ്ട്.

(ഡി) ഒരു പരിശീലന കേന്ദ്രമായ കിലയിൽ സ്ഥിരമായ പരിശീലന പരിപാടികളേക്കാൾ, മാറിമാറിയുള്ളതും നിശ്ചിത കാലയളവിൽ ചെയ്തുതീർക്കേണ്ടതുമായ പരിശീലന പരിപാടികളാണ് കൂടുതൽ നടത്തുന്നത്. ഇത്തരം പരിപാടികളും പ്രോജക്ടുകളും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടിയാണ് നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നടപ്പിലാക്കാത്തത്.

(ഇ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ബിരുദ കോഴ്സുകളുടെ പരിഷ്കരണം

213(1774) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴ്സ് പരിഷ്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർവ്വകലാശാലകളിലെ എല്ലാ ബിരുദ കോഴ്സുകളെ കുറിച്ചും ബാംഗ്ളൂരു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ കോഴ്സ് ഡിസൈനിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ പഠനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കോഴ്സ് പാസ്സാകുമ്പോൾ വിദ്യാർത്ഥിക്ക് ലഭിക്കുന്ന യോഗ്യതയും കഴിവും മുൻകൂട്ടി പ്രഖ്യാപിക്കുന്നതിനും തദനുസൃതമായി പാഠ്യവിഷയങ്ങളിൽ മാറ്റം വരുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;

(സി) കോഴ്സ് പരിഷ്കരണം സംബന്ധിച്ച് സർവ്വകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസിന്റെ ചെയർമാൻ, അംഗങ്ങൾ എന്നിവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ. വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സർവ്വകലാശാലകൾ ഇത്തരത്തിൽ തീരുമാനമൊന്നും കൈക്കൊണ്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നത് സർവ്വകലാ ശാലകളുടെ ചുമതലയാണ്.

(സി) കോഴ്സ് പരിഷ്കരണത്തിന് മുൻപായി ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾ കുറഞ്ഞത് മൂന്നുദിവസത്തെ വർക്ക്ഷോപ്പിൽ ഒത്തുകൂടി ആശയ രൂപീകരണം നടത്താറുണ്ട്. അതിലുപരിയായി ചെയർമാൻ, അംഗങ്ങൾ എന്നിവർക്ക് പ്രത്യേക പരിശീലനം നൽകുന്നില്ല.

## ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സ്

214(1775) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ഏതെല്ലാം കോഴ്സുകൾ അനുവദിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

## യു.ജി.സി. അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണം

215(1776) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് വർഷത്തിലൊരിക്കൽ മാത്രം നടത്തുന്ന യു.ജി.സി. ശമ്പളപരിഷ്കരണത്തിന് 1-1-2016 മുതൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ട് കേന്ദ്രമാനവശേഷി വകുപ്പ് 2017-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ യു.ജി.സി. അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) മൂന്ന് വർഷത്തിനുള്ളിൽ നടപ്പിലാക്കിയില്ലെങ്കിൽ അധിക സാമ്പത്തിക ഭാരത്തിന്റെ അമ്പത് ശതമാനം യു.ജി.സി.ഗ്രാന്റായി ലഭിക്കുന്നത് നഷ്ടപ്പെടുമെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിശ്ചിത സമയത്തിനുള്ളിൽ ശമ്പള പരിഷ്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) കേന്ദ്രമാനവ വിഭവശേഷി വികസന വകുപ്പ് 2017-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ യു.ജി.സി. പദ്ധതിക്കുകീഴിൽ വരുന്ന അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## ഉന്നത വിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

216(1777) ശ്രീ. എൻ . എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ബി.എസ്‌സി., എം.എസ്‌സി. കോഴ്സുകൾക്ക് പരമാവധി എത്ര സീറ്റുകൾ വീതമാണുള്ളതെന്ന് സർവ്വകലാശാല തിരിച്ച് വ്യക്തമാക്കുമോ;

(സി) ബി.എസ്സി. കോഴ്സുള്ള എത്ര ശതമാനം കോളേജുകളിലാണ് എം.എസ്സി. കോഴ്സ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ബി.എസ്സി. സീറ്റുകൾക്കനുസരിച്ച് എം.എസ്സി. സീറ്റുകൾ ഇല്ലാത്തത് വിദ്യാർത്ഥികളെ ബുദ്ധിമുട്ടിലാക്കുമെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ;

(ഇ) എം.എസ്സി. ഒഴികെയുള്ള മറ്റ് പി.ജി. കോഴ്സുകളിലെ സീറ്റുകളുടെ എണ്ണം സർവ്വകലാശാല തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) 12 കുട്ടികളെ പഠിപ്പിക്കുവാനും 24 കുട്ടികളെ പഠിപ്പിക്കുവാനും അദ്ധ്യാപകരുടെ എണ്ണമോ ക്ലാസ് മുറികളുടെ എണ്ണമോ കൂട്ടേണ്ടതില്ലെന്നിരിക്കെ എന്തടിസ്ഥാനത്തിലാണ് എം.എസ്സി. സീറ്റുകളുടെ പരമാവധി എണ്ണം 12 ആയി നിജപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഓരോ സർവ്വകലാശാലയ്ക്കുമുള്ള പരമാവധി സീറ്റുകളുടെ എണ്ണം താഴെ കൊടുക്കുന്നു.

| സർവ്വകലാശാലയുടെ പേര് | ബി.എസ്സി. കോഴ്സ് സീറ്റ് | എം.എസ്സി. കോഴ്സ് സീറ്റ് |
|---|---|---|
| കേരള സർവ്വകലാശാല | 40 | 15 |
| എം.ജി. സർവ്വകലാശാല | 24 | 12 |
| കാലിക്കട്ട് സർവ്വകലാശാല | 24 | 12 |
| കണ്ണൂർ സർവ്വകലാശാല | 24 | 12 |
| CUSAT | ........ | 30 |

(സി) ബി.എസ്സി. കോഴ്സുള്ള 64 ശതമാനം സർക്കാർ കോളേജുകളിൽ എം.എസ്സി. കോഴ്സ് നിലവിലുണ്ട്.

(ഡി) ഉണ്ട്.

(ഇ) എം.എസ്‌സി. ഒഴികെയുള്ള മറ്റ് പി.ജി. കോഴ്സുകളിലെ സീറ്റുകളുടെ എണ്ണം താഴെ കൊടുക്കുന്നു:

| സർവ്വകലാശാലയുടെ പേര് | സീറ്റുകളുടെ എണ്ണം |
|---|---|
| കേരള സർവ്വകലാശാല | 2884 |
| എം.ജി. സർവ്വകലാശാല | 6200 |
| കാലിക്കറ്റ് സർവ്വകലാശാല | 6920 |
| കണ്ണൂർ സർവ്വകലാശാല | 1358 |
| കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | 817 |
| NUALS | 40 |
| തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല | 160 |
| ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | 1356 |

(എഫ്) എം.എസ്‌സി. സീറ്റുകളുടെ പരമാവധി എണ്ണം 12 ആയി നിജപ്പെടുത്തിയിട്ടില്ല. വിവിധ വിഷയങ്ങളിൽ ഓരോ സർവ്വകലാശാലകളിലും സീറ്റുകളുടെ എണ്ണം വ്യത്യസ്തമാണ്.

**ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം**

217(1778) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസരംഗം സമൂലമായി പരിഷ്കരിച്ച് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉന്നത വിദ്യാഭ്യാസ മേഖല ശാക്തീകരിക്കുന്നതിനുമായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കുന്നതിനായി നൂതന സാങ്കേതികവിദ്യയുടെ സാധ്യതകൾ എപ്രകാരമാണ് ഉപയോഗിക്കാനുദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്തെ കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാന സൗകര്യവികസനത്തിനായി രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) പ്രകാരം എത്ര തുക അനുവദിച്ചിട്ടുണ്ട്; ഇതിൽ സംസ്ഥാന വിഹിതം എത്ര ശതമാനമാണെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ കോഴ്സുകളിലും ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് അധിക സീറ്റുകൾ അനുവദിച്ച് ഉത്തരവുണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി താഴെ പറയുന്ന പദ്ധതികൾ വകുപ്പിൽ നടപ്പിലാക്കിവരുന്നു:

1. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE- Online Resources Initiatives of Collegiate Education) മുഖേന Beyond Syllabi, മലയാള സാഹിത്യയാത്ര, Winglish എന്നീ മൂന്ന് പഠന പരമ്പരകളായി ഓൺലൈൻ ക്ലാസുകൾ നടന്നുവരുന്നുണ്ട്.

2. ബിരുദതലത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാസമ്പന്നരെ ഉപയോഗിച്ചുകൊണ്ട് സമയബന്ധിതമായി ക്ലാസുകൾ നൽകുന്നതിനും സർവ്വകലാശാല പരീക്ഷയ്ക്ക് തയ്യാറാക്കുക എന്നീ പ്രവർത്തനങ്ങൾക്കുമായി Scholars Support Programme നടന്നുവരുന്നുണ്ട്.

3. പഠനത്തിൽ പ്രഗത്ഭരായ വിദ്യാർത്ഥികൾക്ക് വിവിധ രീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, അവർക്ക് വഴികാട്ടിയായി പ്രവർത്തിക്കുന്ന ഉപദേഷ്ടാക്കളെ നിയമിക്കുക എന്നീ പരിപാടികൾക്കായി "പഠിതാവിനൊപ്പം" (Walk with Scholar) എന്ന പദ്ധതി നടന്നുവരുന്നു.

4. കേരളത്തിലെ കോളേജുകളിലെ യുവാക്കളായ അദ്ധ്യാപകരുടെ ഒരു സംഘത്തെ കണ്ടെത്തി അവരിലെ പ്രത്യേക വാസനകൾ വികസിപ്പിച്ചെടുക്കുകവഴി അദ്ധ്യയന രംഗത്തെ കണ്ടെത്തലുകളുടെയും ഗവേഷണങ്ങളുടെയും സമന്വയം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി FLAIR (Fostering Linkages For Academic Innovation and Research) പദ്ധതി നടത്തിവരുന്നു.

5. വിവര സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ദേശീയ വിദ്യാഭ്യാസ മിഷന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും ഐ.ടി. രംഗത്തെ നിലവാരം പ്രയോജനപ്പെടുത്തി വിവര സാങ്കേതികവിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്റ്റിവിറ്റി എന്ന പദ്ധതി നടന്നുവരുന്നു.

6. വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുമായി ബിരുദ ബിരുദാനന്തരബിരുദ തലത്തിലുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്.

7. രാജ്യത്തെ മികച്ച ഫാക്കൽറ്റിയുടെയും സ്ഥാപനത്തിന്റെയും സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി അക്കാദമിക് തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്ക് ഹ്രസ്വകാലപഠനങ്ങൾ നടത്തുന്നതിനും പ്രോജക്ടുകൾ ചെയ്യുന്നതിനും അവരുടെ കോഴ്സിന്റെ ഭാഗമായി രാജ്യത്തെ പ്രമുഖരായ ശാസ്ത്രജ്ഞരും സാമൂഹ്യ ശാസ്ത്രജ്ഞരുമായി ചേർന്ന് ഇന്റേൺഷിപ്പ് ചെയ്യാനും "ആസ്പയർ സ്കോളർഷിപ്പ്" എന്ന പദ്ധതി മുഖേന സ്കോർഷിപ്പുകൾ നൽകിവരുന്നുണ്ട്.

8. യുവജനങ്ങളിൽ സാമൂഹ്യപ്രശ്നങ്ങളെ കുറിച്ച് മനസ്സിലാക്കുവാനുള്ള ആഗ്രഹം വളർത്തിയെടുക്കുന്നതിനും സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ അറിവ് വർദ്ധിപ്പിക്കുന്നതിനും സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്.

9. സാഹിത്യത്തിൽ അഭിരുചിയും കഴിവും തെളിയിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുക, അവർക്ക് താല്പര്യമുണ്ടെങ്കിൽ സാഹിത്യത്തിൽ ഉന്നതവിദ്യാഭ്യാസം നടത്താൻ അവസരം ഒരുക്കുക എന്നതിന് സാഹിത്യത്തിലെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കാനുള്ള സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്.

10. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച പ്രതിഭകൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുകയും അവർക്ക് താല്പര്യമുണ്ടെങ്കിൽ ഈ മേഖലയിൽ ഉന്നത വിദ്യാഭ്യാസം നേടാൻ അവസരം ഒരുക്കുന്നതിനുമായി സംഗീതം, കല, പെർഫോമിംഗ് ആർട്സ് എന്നീ മേഖലകളിൽ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്.

11. ആർട്സ് &സയൻസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, വികലാംഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം, ജില്ലാ മെറിറ്റ് സ്കോളർഷിപ്പ്, അഹിന്ദി സംസ്ഥാനങ്ങളിൽ

ഹിന്ദി പ്രചരിപ്പിക്കുന്നതിനുള്ള സ്കോളർഷിപ്പ്, ഉന്നത വിദ്യാഭ്യാസം സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ആൻഡ് റിസർച്ച് തിരുവനന്തപുരം, റെക്കറിംഗ് ഗ്രാന്റ്സ് ഇൻ-എയ്ഡ്, പോസ്റ്റ്-മെട്രിക് പോസ്റ്റ് ഇന്റർമീഡിയേറ്റും ബിരുദാനന്തര പഠനങ്ങൾക്കുമുള്ള ദേശീയ സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടന്നുവരുന്നുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 9 എഞ്ചിനീയറിംഗ് കോളേജുകൾ, 45 പോളിടെക്നിക് കോളേജുകൾ, 3 ഫൈൻ ആർട്സ് കോളേജുകൾ, 39 ടെക്നിക്കൽ ഹൈസ്കൂളുകൾ എന്നീ സർക്കാർ സ്ഥാപനങ്ങളാണ് പ്രധാനമായും ഉള്ളത്. അടിസ്ഥാന സൗകര്യ വികസനം, ഹോസ്റ്റൽ സൗകര്യങ്ങൾ ലാബ്/വർക്ക്ഷോപ്പുകളുടെ നവീകരണം, ഡിജിറ്റലൈസേഷൻ ഉൾപ്പെടെയുള്ള ലൈബ്രറി ശാക്തീകരണം, കോ/എക്സ്ട്രാ കരിക്കുലർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങളൊരുക്കൽ, സ്ഥലമെടുപ്പ് ആവശ്യമായ സ്ഥാപനങ്ങൾക്ക് അതിനുവേണ്ട നടപടിക്രമങ്ങൾ, ജലവിനിയോഗം, മലിനജലസംസ്കരണം, ഊർജ്ജ സംരക്ഷണം, പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനവും വിനിയോഗവും ഇവയ്ക്കായുള്ള സാങ്കേതികവിദ്യകൾ, വിദ്യാർത്ഥികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെല്ലുകൾ, വിസിറ്റിംഗ് ഫാക്കൽറ്റി പ്രോഗ്രാമുകൾ എന്നിവയും നടത്തപ്പെടുന്നുണ്ട്. വിവിധ സ്ഥാപനങ്ങളിൽ ഉല്പാദന പരിശീലന കേന്ദ്രങ്ങൾ, റോബോട്ടിക്സ് ലാബുകൾ, നിർമ്മാണ സാമഗ്രികളുടെ പരിശോധനാ കേന്ദ്രങ്ങൾ ഇവ സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് വരുന്നുണ്ട്. സാമൂഹ്യവികസനത്തിൽ സംസ്ഥാനത്തെ സാങ്കേതിക വിദ്യാർത്ഥികളുടെ പങ്ക് ഉറപ്പാക്കാൻ എൻ.എസ്.എസ്. ടെക്നിക്കൽ സെല്ലിന്റെ ആഭിമുഖ്യത്തിൽ "പുനർജനി" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് ആൻഡ് എ.ഐ.-യിലെ നോഡൽ സെന്റർ സ്ഥാപിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ അന്തർദ്ദേശീയ അംഗീകാരം നേടുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ് "സ്റ്റുഡന്റ്സ് സാറ്റലൈറ്റ്" രൂപകൽപ്പന ചെയ്ത് വിക്ഷേപിക്കാൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പോളിടെക്നിക് കോളേജുകളിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി മെറ്റീരിയൽ ടെസ്റ്റിംഗ് സെന്ററുകൾ, പ്രൊഡക്ഷൻ ആൻഡ് ട്രെയിനിംഗ് സെന്ററുകൾ എന്നിവ പ്രവർത്തനയോഗ്യമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി റൂസ-I ന്റെ ഭാഗമായി കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ 143,83,24,167 രൂപയും റൂസ-2-ന്റെ ഭാഗമായി കേന്ദ്ര വിഹിതമായ 67,05,00,000 രൂപയും ഇതുവരെ അനുവദിച്ചിട്ടുണ്ട്. ഇതിൽ സംസ്ഥാന വിഹിതം 40% ആണ്.

(ഡി) കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കായി 2 അധിക സീറ്റുകൾ അനുവദിച്ചിട്ടുണ്ട്.

**ഉന്നത വിദ്യാഭ്യാസ കമ്മീഷൻ രൂപീകരണം**

218(1779) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. സജി ചെറിയാൻ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരവും സാമൂഹിക നീതിയും ഉറപ്പാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന യു.ജി.സി. നിർത്തലാക്കി ഉന്നത വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം ബി.ജെ.പി.-ആർ.എസ്.എസ്.-ന്റെ രാഷ്ട്രീയ-വർഗ്ഗീയ അജണ്ട നടപ്പാക്കുന്നതിന്റെ ഭാഗമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തീരുമാനം ഉന്നത വിദ്യാഭ്യാസ മേഖലയുടെ ജനാധിപത്യപരമായ വളർച്ചയെ തടസ്സപ്പെടുത്തുമെന്ന് ആക്ഷേപമുയർന്നിരിക്കുന്ന സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ദൂരവ്യാപകമായ എന്തെല്ലാം പ്രത്യാഘാതങ്ങൾ ഇതുമൂലം ഉണ്ടാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) യു.ജി.സി.-യിൽ നിക്ഷിപ്തമായിരുന്ന ഫണ്ട് നിർവ്വഹണം ഉന്നത വിദ്യാഭ്യാസ കമ്മീഷൻ വരുന്നതോടെ കേന്ദ്ര സർക്കാരിലേയ്ക്ക് മാറുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം പ്രതിസന്ധികൾ സൃഷ്ടിക്കുമെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല. ഉന്നത വിദ്യാഭ്യാസ കമ്മീഷന്റെ രൂപീകരണംമൂലം ഈ രംഗത്ത് കൂടുതൽ കേന്ദ്രസർക്കാർ നിയന്ത്രണങ്ങൾക്കും ഇടപെടലുകൾക്കും വഴിയൊരുക്കും. ആയതിനാൽ ഉന്നത വിദ്യാഭ്യാസ കമ്മീഷൻ രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ ആശങ്ക കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഉന്നത വിദ്യാഭ്യാസ കമ്മീഷൻ രൂപീകരണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ 2018 ആഗസ്റ്റ് 7, 8 തീയതികളിൽ "Dissolution of UGC: Perils and Consequences" എന്ന വിഷയത്തെ അധികരിച്ച് സെമിനാർ നടത്തിയിരുന്നു. യു.ജി.സി.-ക്ക് പകരം ഉന്നത വിദ്യാഭ്യാസ കമ്മീഷൻ ഭരണഘടന വിഭാവന ചെയ്യുന്ന ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായ സംവിധാനമായിരിക്കുമെന്നതാണ് പ്രസ്തുത സെമിനാറിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശം.

(സി) യു.ജി.സി. ഇല്ലാതാകുന്നതോടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന ഗ്രാന്റ് നൽകുന്ന സമ്പ്രദായം ഇല്ലാതാകും. സ്ഥാപനങ്ങളുടെ ഗ്രേഡിംഗും പ്രകടന സൂചികകളും അടിസ്ഥാനമാക്കി മാനവ വിഭവശേഷി മന്ത്രാലയം ധനസഹായം നൽകുന്നതോടുകൂടി സാമൂഹ്യ നീതിയുടെയും സമത്വത്തിന്റെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ രൂപപ്പെടുത്തിയിട്ടുള്ള കേരളം പോലുള്ള സംസ്ഥാനങ്ങൾ കൂടുതൽ പിന്തള്ളപ്പെടും. ഭാരതംപോലെ വിശാലമായൊരു രാജ്യത്തിന്റെ വൈവിധ്യത്തെ കണക്കിലെടുക്കാതെ ഉന്നത വിദ്യാഭ്യാസരംഗത്തെ നിയന്ത്രിക്കുന്നതിന് ഒരു പൊതുമാനദണ്ഡം നിശ്ചയിക്കുന്നത് ആശാസ്യകരമായ നടപടിയല്ലെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഡി) ഉന്നത വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ നിലപാട് 20-7-2018-ലെ HEDN-C3/182/2018/HEDN നമ്പർ കത്ത് മുഖേന കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് ദേശീയതലത്തിൽ സംവാദം നടത്തുകയും ഭൂരിപക്ഷാഭിപ്രായപ്രകാരം പൊതുസമ്മതമായ തീരുമാനം സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോടഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കമ്മീഷൻ രൂപീകരണം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി സെൻട്രൽ അഡ്വൈസറി ബോർഡ് ഓഫ് എഡ്യൂക്കേഷന്റെയും സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മന്ത്രിമാരുടെയും യോഗം അടിയന്തരമായി വിളിച്ചുചേർക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

## വിദ്യാർത്ഥികളുടെ ഫീസും യോഗ്യതാ സർട്ടിഫിക്കറ്റും പിടിച്ചുവയ്ക്കുന്ന നടപടി

219(1780) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് പ്രവേശന കാലയളവിൽ കോഴ്സും സ്ഥാപനവും മാറുന്ന വിദ്യാർത്ഥികളുടെ ഫീസും യോഗ്യതാ സർട്ടിഫിക്കറ്റും ചില മാനേജ്മെന്റുകൾ പിടിച്ചുവയ്ക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ യു.ജി.സി. ചില കർശന നടപടികൾ സ്വീകരിക്കുവാൻ പോകുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച യു.ജി.സി. വിജ്ഞാപനത്തിലെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ഡി) പ്രസ്തുത വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ; അടുത്ത അദ്ധ്യയന വർഷം മുതൽ ഇത് സംബന്ധിച്ച പുതിയ വ്യവസ്ഥ പ്രാബല്യത്തിൽ വരുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി - ഡി) ഇതുസബന്ധിച്ച് യു.ജി.സി.-യിൽ നിന്നുമുള്ള വിജ്ഞാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. വിജ്ഞാപനം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഉന്നത വിദ്യാഭ്യാസരംഗം നേരിടുന്ന പ്രതിസന്ധികൾ

220(1781) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗം നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമാണ്; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിലേറിയതിനുശേഷം ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ&ബി) ഉണ്ട്. ഉന്നത വിദ്യഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ പഠിക്കാൻ താഴെ പറയുന്ന വിവിധ വിദഗ്ദ്ധ സമിതികളെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കാൻ ഡോ. ജോയ് ജോബ് കുളവേലിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച കമ്മിറ്റി, ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കാര്യങ്ങൾ പഠിക്കാൻ ഡോ. ഫാത്തിമത്ത് സുഹറയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി, സംസ്ഥാന യൂണിവേഴ്സിറ്റികൾ/കോളേജുകളിലെ പി. ജി. കരിക്കുലം പരിഷ്കരണത്തിനുള്ള കമ്മിറ്റി, സംസ്ഥാന സർവ്വകലാശാലകളിലെയും കോളേജുകളിലെയും ഗവേഷകരുടെ പ്രശ്നങ്ങൾ പഠിക്കാനുള്ള കമ്മിറ്റി, സർവ്വകലാശാലകളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച കാര്യങ്ങൾ പഠിക്കാനുള്ള കമ്മിറ്റി, സംസ്ഥാന യൂണിവേഴ്സിറ്റികളുടെ സാമ്പത്തികനില പഠിക്കുന്നതിനുവേണ്ടിയുള്ള കമ്മിറ്റി, ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളിലെ പ്രശ്നങ്ങൾ പഠിക്കാനുള്ള കമ്മിറ്റി, സർവ്വകലാശാല ബിരുദങ്ങളുടെ ഇക്യുവലൻസി/റെക്കഗ്നിഷൻ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കാനുള്ള കമ്മിറ്റി, സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠിക്കുന്നതിനായി ജസ്റ്റിസ് കെ. കെ. ദിനേശൻ അദ്ധ്യക്ഷനായുള്ള മൂന്നംഗ കമ്മിറ്റി.

## മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിൽ തസ്തിക സൃഷ്ടിക്കൽ

221(1782) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവ. വനിതാ കോളജിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന നടപടികളുടെ പുരോഗതികൾ വിശദീകരിക്കാമോ;

(ബി) 2015-16 വർഷത്തിൽ ആരംഭിച്ച കോളേജിൽ ഓഫീസ് പ്രവർത്തനങ്ങൾക്കായി ഒരു തസ്തികപോലും സൃഷ്ടിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കോളജിലെ എല്ലാ വകുപ്പുകളിലും ഓഫീസിലും ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) മലപ്പുറം ഗവ. വനിതാ കോളേജിൽ പ്രിൻസിപ്പൽ-1, കെമിസ്ട്രി-1, ഇംഗ്ലീഷ്-2, ബോട്ടണി-1, ഇസ്ലാമിക് ഹിസ്റ്ററി-1 എന്നിങ്ങനെ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. എന്നിരുന്നാലും അറ്റൻഡർ, സ്വീപ്പർ, സാനിട്ടേഷൻ വർക്കർ തുടങ്ങിയ തസ്തികകളിലേയ്ക്ക് കുടുംബശ്രീ യൂണിറ്റ് മുഖാന്തരം കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ നിർദ്ദേശം നല്കിക്കൊണ്ടും കോളേജിന്റെ ഓഫീസ് പ്രവർത്തനങ്ങൾക്കായി രണ്ട് ക്ലാർക്കുമാരെ സേവനക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചും ഉത്തരവായിട്ടുണ്ട്.

(സി) മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിൽ ഇംഗ്ലീഷ്, ഇസ്ലാമിക് ഹിസ്റ്ററി, ബോട്ടണി, കെമിസ്ട്രി, ഫിസിക്സ്, മലയാളം, ഹിന്ദി എന്നീ വിഷയങ്ങളിൽ അദ്ധ്യാപക തസ്തികകളും മറ്റ് അനദ്ധ്യാപക തസ്തികകളും സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ മലയാളം അദ്ധ്യാപക തസ്തിക

222(1783) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 2019 ജനുവരിക്ക് മുമ്പായി എത്ര മലയാളം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനുള്ള ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഗവൺമെന്റ് കോളേജുകളിലെ മലയാളം സെക്കന്റ് ലാംഗ്വേജ് ക്ലാസുകളിൽ 70:1 എന്ന ക്രമത്തിൽ അദ്ധ്യാപക നിയമനം ആകാം എന്ന് കോളേജിയറ്റ് എഡ്യൂക്കേഷൻ വിവരാവകാശ പ്രകാരം മറുപടി നൽകിയിട്ടും അത്തരം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനുള്ള കാരണം വിശദമാക്കുമോ;

(സി) എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 8/9 മണിക്കൂറുകൾ ഉള്ള തസ്തികകൾ സൃഷ്ടിക്കാം എന്ന സർക്കാർ ഉത്തരവ് സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും ബാധകമാണോ;

(ഡി) സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ മലയാളം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 2019 ജനുവരിക്ക് മുമ്പായി മലയാളം വിഭാഗത്തിൽ 25 പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഒഴിവുകൾ നിലവിലുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 9 മണിക്കൂറോ അധികമോ വർക്ക്ലോഡ് ഉള്ളപ്പോൾ തസ്തികകൾ സൃഷ്ടിക്കാം എന്ന സർക്കാർ ഉത്തരവ് സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും ബാധകമാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്

(ഡി) ഇല്ല. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ മലയാളം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**ഗവ. കോളേജ് അദ്ധ്യാപകരുടെ ഒഴിവുകൾ**

223(1784) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവ. കോളേജ് അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദമാക്കുമോ;

(ബി) കോളേജ് അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിൽ ഉണ്ടായിട്ടും നിയമനം നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോളേജ് അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം വിഷയങ്ങളിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗവൺമെന്റ് കോളേജുകളിൽ വിവിധ വിഷയങ്ങളിലായി അദ്ധ്യാപകരുടെ 140 ഒഴിവുകൾ നിലവിലുണ്ട്. അതിൽ 129 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകളിൽ ചിലത് ശൂന്യവേതനാവധി കഴിഞ്ഞുവരുന്ന അദ്ധ്യാപകരെ തിരികെ പ്രവേശിപ്പിക്കുന്നതിന് നീക്കിവച്ചിട്ടുള്ളതും ബാക്കി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാകുന്നു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോളേജ് അദ്ധ്യാപകരുടെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് ഒഴിവുകൾ നികത്തിവരികയും ചെയ്യുന്നുണ്ട്.

(ഡി) 129 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഒഴിഞ്ഞുകിടക്കുന്ന ഡെപ്യൂട്ടി ഡയറക്ടർ തസ്തികകൾ

224(1785) ശ്രീ. വി. ടി. ബൽറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിൽ എത്ര ഡെപ്യൂട്ടി ഡയറക്ടർ തസ്തികകൾ ഉണ്ടെന്നും അത് എവിടെയെല്ലാമെന്നും വ്യക്തമാക്കാമോ; ഓരോ ഡെപ്യൂട്ടി ഡയറക്ടർമാരുടെയും അധികാരപരിധി വ്യക്തമാക്കാമോ;

(ബി) എവിടെയെല്ലാം ഡെപ്യൂട്ടി ഡയറക്ടർ തസ്തിക ഒഴിഞ്ഞു കിടക്കുന്നുവെന്നും പ്രസ്തുത തസ്തികകളുടെ ചാർജ് ഏതെല്ലാം പ്രിൻസിപ്പാൾമാർക്കാണ് നൽകിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ തസ്തികയിലെ ഒഴിവുകൾ നികത്താതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; ഇത് നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ 6 ഡെപ്യൂട്ടി ഡയറക്ടർ തസ്തികകൾ ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| മേഖല | | അധികാരപരിധി |
|---|---|---|
| 1 | തിരുവനന്തപുരം | ആസ്ഥാന കാര്യാലയം |
| 2 | കൊല്ലം | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ |
| 3 | കോട്ടയം | പത്തനംതിട്ട, കോട്ടയം |
| 4 | എറണാകുളം | ഇടുക്കി, എറണാകുളം |
| 5 | തൃശ്ശൂർ | പാലക്കാട്, തൃശ്ശൂർ |
| 6 | കോഴിക്കോട് | കോഴിക്കോട്, മലപ്പുറം, കണ്ണൂർ, വയനാട്, കാസർഗോഡ് |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാങ്കേതിക വിദ്യഭ്യാസ വകുപ്പിൽ 4 ഡെപ്യൂട്ടി ഡയറക്ടർ തസ്തികയാണുള്ളത്. അതിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ), ഡെപ്യൂട്ടി ഡയറക്ടർ (പി&ടി) എന്നീ 2 തസ്തികകളും പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ഡെപ്യൂട്ടി കൺട്രോളർ തസ്തികയും SITTTR-ൽ ഒരു ഡെപ്യൂട്ടി ഡയറക്ടർ തസ്തികയും ആണുള്ളത്. ഓരോ ഡെപ്യൂട്ടി ഡയറക്ടറുടെയും അധികാര പരിധി ചുവടെ ചേർക്കുന്നു.

(i) ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ), സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

എഞ്ചിനീയറിംഗ് ഒഴികെയുള്ള വകുപ്പിന് കീഴിലെ മറ്റ് സ്ഥാപനങ്ങളിലെ അക്കാദമിക്/പർച്ചേസ് സംബന്ധമായ വിഷയങ്ങൾ, പോളിടെക്നിക് അഡ്മിഷൻ മുതലായ ചുമതലകൾ.

(ii) ഡെപ്യൂട്ടി ഡയറക്ടർ (പി & ടി), സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

അപ്രന്റിസ്ഷിപ്പ് അദ്ധ്യാപകരുടെ കരിയർ പ്ലെയ്സ്മെന്റ്, ഇന്റസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ-ൽ ലയ്സൺ ഓഫീസർ മുതലായ ചുമതലകൾ.

(iii) ഡെപ്യൂട്ടി കൺട്രോളർ, പരീക്ഷാ കൺട്രോളറുടെ കാര്യാലയം

ഡിപ്ലോമ/സർട്ടിഫിക്കറ്റ് പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ പരീക്ഷാ ജോയിന്റ് കൺട്രോളറെ സഹായിക്കുക.

(iv) ഡെപ്യൂട്ടി ഡയറക്ടർ, SITTTR

എഞ്ചിനീയറിംഗ് ഡിപ്ലോമതലം വരെയുള്ള കോഴ്സുകളുടെ പാഠ്യപദ്ധതി രൂപീകരണം, പഠന പ്രക്രിയയുടെ വിവിധ വശങ്ങളെപ്പറ്റിയുള്ള പഠനം, അദ്ധ്യാപകർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ, അക്കാദമിക് പരിശോധനകൾ ഇവയിൽ ജോയിന്റ് ഡയറക്ടർ, SITTTR-നെ സഹായിക്കുക.

(ബി) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ കോട്ടയം മേഖലയിലും കോഴിക്കോട് മേഖലയിലുമായി രണ്ട് ഡെപ്യൂട്ടി ഡയറക്ടർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. കോട്ടയം മേഖല- കോട്ടയം ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾ ചുമതല വഹിക്കുന്നു. കോഴിക്കോട് മേഖല-കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രിൻസിപ്പാൽ ചുമതല വഹിക്കുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തിക ഒഴിഞ്ഞു കിടക്കുന്നില്ല.

(സി) 10-12.-2010-ലെ സ.ഉ (പി) 392/2010/ഉ.വി.വ. പ്രകാരം യു.ജി.സി. മാനദണ്ഡങ്ങൾ സംസ്ഥാന കോളേജുകൾക്ക് ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എന്നിരുന്നാലും യു.ജി.സി. യോഗ്യതയില്ലാതിരുന്ന സെലക്ഷൻ ഗ്രേഡ് ലക്ചറർമാരെ പ്രിൻസിപ്പാൾമാരായി പ്രൊമോഷൻ നൽകുകയുണ്ടായി. എന്നാൽ 23-2-2016-ലെ ബഹു. കേരള ഹൈക്കോടതി ഫുൾബഞ്ച് യു.ജി.സി. യോഗ്യതയില്ലാതെ നടത്തിയ നിയമനങ്ങളും പ്രൊമോഷനും പുനഃപരിശോധിക്കാൻ ഉത്തരവായിരുന്നു. യു.ജി.സി. യോഗ്യത ഇല്ലാതെ മേൽവിവരിച്ച പ്രകാരം പ്രൊമോട്ട് ചെയ്യപ്പെട്ട പ്രിൻസിപ്പാൾമാരെ തരംതാഴ്ത്താതിരിക്കാൻ 23-2-2016 മുതൽ യു.ജി.സി. റെഗുലേഷൻ നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ ഹൈക്കോടതിയിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തു. ഈ റിവ്യൂ പെറ്റീഷൻ കോടതി തള്ളിയതിനെ തുടർന്ന് സർക്കാർ സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്യുകയുണ്ടായി. ബഹു. സുപ്രീംകോടതിയുടെ SLP 18938 നമ്പർ കേസിൽ 17-7-2018-ൽ വിധിന്യായത്തിൽ യു.ജി.സി. യോഗ്യതയില്ലാതെ പ്രൊമോട്ട് ചെയ്യപ്പെട്ട പ്രിൻസിപ്പാൾമാർക്ക് തുടർന്നുള്ള പ്രൊമോഷൻ നൽകുന്ന വിഷയം പരാമർശിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ തീരുമാനം ആകുന്ന മുറയ്ക്ക് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുന്നതാണ്.

## സർവ്വകലാശാലകളിലും കോളേജുകളിലും കരാർ നിയമനവും പുതിയ കോഴ്സുകളും

225(1786) ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും നിശ്ചിതകാല കരാർ വ്യവസ്ഥയിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) നിലവിൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലും സർക്കാർ, എയ്ഡഡ് കോളേജുകളിലും ഒഴിവുള്ള അദ്ധ്യാപക തസ്തികകളിൽ ഇത്തരത്തിലുള്ള നിയമനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇത്തരം നിയമനങ്ങൾ നടത്തുന്നതിലൂടെ പെൻഷൻ കൊടുക്കുന്നതടക്കമുള്ള സർക്കാരിൻെറ ബാധ്യതകൾക്ക് ഇളവ് ലഭിക്കുമെന്ന് കരുതുന്നുണ്ടോ;

(ഡി) വ്യവസായ-വാണിജ്യ മേഖലകളിലെ നിയമനങ്ങൾക്ക് യോഗ്യരായ ചെറുപ്പക്കാരെ വാർത്തെടുക്കുന്നതിന് ആധുനിക രീതിയിലുള്ള കോഴ്സുകൾ സർവ്വകലാശാലകളിൽ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ പുതിയ കോഴ്സുകളാണ് യൂണിവേഴ്സിറ്റികളിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) യു.ജി.സി. മാനദണ്ഡപ്രകാരമുള്ള ടെന്യൂർ ട്രാക്ക് (tenure track) നിയമനങ്ങൾ കേരളത്തിലെ സർവ്വകലാശാലകളിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. നിലവിൽ ദിവസവേതനാടിസ്ഥാനത്തിൽ ആണ് അതിഥി അദ്ധ്യാപകരെ നിയമിച്ച് അധ്യാപനം നടത്തിവരുന്നത്.

(ഡി&ഇ) ഷോർട്ട് ടേം ഡിപ്ലോമ കോഴ്സുകൾ ഉൾപ്പെടെ കൂടുതൽ തൊഴിൽ സാധ്യതയുള്ളതും കാലോചിതവുമായ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം സർവ്വകലാശാലകൾ പരിശോധിച്ചുവരുന്നു. ഇത്തരത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന കോഴ്സുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഇ. കെ. നായനാർ മെമ്മോറിയൽ ഗവ. കോളേജിലെ ഡിഗ്രി കോഴ്സുകൾ

226(1787) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ എളേരിത്തട്ട് ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ഏതൊക്കെ ഡിഗ്രികോഴ്സുകൾ ആണ് ഇപ്പോൾ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 1980-ൽ അനുവദിച്ച ഈ സ്ഥാപനത്തിൽ പുതിയ കോഴ്സുകൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ നിലവിൽ ബി.എ. ഇക്കണോമിക്സ്, ബി.എ. ഹിന്ദി, ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ്, ബി.കോം., ബി.എസ്‌സി. ഫിസിക്സ് എന്നീ 5 ഡിഗ്രി കോഴ്സുകളാണ് ഉള്ളത്.

(ബി) പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ ബിരുദാനന്തരബിരുദ കോഴ്സുകൾ

227(1788) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ സൗകര്യങ്ങളും അർഹതയും ഉണ്ടായിട്ടും തിരുവമ്പാടി മണ്ഡലത്തിലെ കോടഞ്ചേരി ഗവ. കോളേജിൽ പുതിയ ബിരുദാനന്തരബിരുദ കോഴ്സുകൾ അനുവദിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ബിരുദാനന്തരബിരുദ കോഴ്സുകൾ അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ പുതിയ ബിരുദാനന്തരബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സാമ്പത്തിക പരിമിതിമൂലം പരിഗണിച്ചിട്ടില്ല.

## ഉദുമ ആർട്സ് ആൻഡ് സയൻസ് കോളേജിലെ കോഴ്സുകൾ

228(1789) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ ആർട്സ് ആൻഡ് സയൻസ് കോളേജിൽ എത്ര കോഴ്സുകളാണുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ ആർട്സ് ആൻഡ് സയൻസ് കോളേജിൽ ബി. കോം., ബി.എ. ഇംഗ്ലീഷ്, ബി.എ. ഹിസ്റ്ററി എന്നീ മൂന്ന് ബിരുദ കോഴ്സുകളാണ് നിലവിലുള്ളത്.

(ബി) സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഉദുമ സർക്കാർ കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഉദുമ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന് കെട്ടിടം

229(1790) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പ്രവൃത്തിക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകുകയും ടെൻഡർ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) ഉദുമ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിട നിർമ്മാണത്തിനുള്ള പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി 27-3-2018-ലെ സ.ഉ. (സാധാ) നമ്പർ 603/2018/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 8,01,04,352 (എട്ട് കോടി ഒരു ലക്ഷത്തി നാലായിരത്തി മുന്നൂറ്റി അമ്പത്തി രണ്ട്) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി വിശദമായ പദ്ധതി റിപ്പോർട്ട് KITE-ഉം KIIFB-യും ചേർന്ന് അവലോകനം ചെയ്തുവരികയാണ്. പ്രസ്തുത പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭിക്കുന്നമുറയ്ക്ക് മാത്രമെ തുടർനടപടി സ്വീകരിക്കാനാകൂ.

## മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിടം നിർമ്മാണം

230(1791) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) കോളേജിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(സി) ഇതിനായി ടെക്നിക്കൽ എക്സ്പേർട്ട് ടീം തയ്യാറാക്കിയ ഡി.പി.ആർ.-ന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) മങ്കട ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിന്റെ 70% പണി പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെയും എഞ്ചിനീയറിംഗ് കോളേജുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി മുഖേന നടപ്പാക്കിവരുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ടെക്നിക്കൽ എക്സ്പെർട്ട് ടീം തയ്യാറാക്കിയ വിശദ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ മങ്കട ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി 7,96,86,517 (ഏഴ് കോടി തൊണ്ണൂറ്റിയാറ് ലക്ഷത്തി എൺപത്താറായിരത്തി അഞ്ഞൂറ്റി പതിനേഴ്) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതി നൽകുന്നതിനായി ടെക്നിക്കൽ എക്സ്പെർട്ട് ടീം തയ്യാറാക്കിയ വിശദ പദ്ധതിരേഖ KIIFB പരിശോധിച്ചുവരുന്നു.

**ചൊക്ലി ഗവൺമെന്റ് കോളേജിന്റെ നവീകരണം**

231(1792) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗവൺമെന്റ് കോളേജിന്റെ നവീകരണത്തിന് കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തി ദ്രുതഗതിയിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) തലശ്ശേരി ചൊക്ലി ഗവൺമെന്റ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സ.ഉ. (സാധാ) നമ്പർ 1573/2018/ഉ.വി.വ. തീയതി 19-8-2018-ലെ ഉത്തരവ് പ്രകാരം 10,41,32,948 (പത്ത് കോടി നാൽപ്പത്തൊന്ന് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി തൊള്ളായിരത്തി നാൽപ്പത്തിയെട്ട്) രൂപയുടെ ഭരണാനുമതിയും കിഫ്ബിയിൽനിന്നും Order No.HED 007-02-PA-01, dated 7-6-2018 പ്രകാരം 9.043 കോടി രൂപയുടെ ധനാനുമതിയും നൽകിയിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ വിളിച്ചെങ്കിലും വളരെ ഉയർന്ന നിരക്കിലുള്ള സിംഗിൾ ടെണ്ടർ ലഭിച്ചതിനാൽ റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസിയായ KITE സ്വീകരിച്ചുവരുന്നു.

## നാദാപുരം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ അദ്ധ്യാപക നിയമനം

232(1793) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം ആർട്സ് ആൻഡ് സയൻസ് കോളേജിൽ നിലവിലുള്ള കോഴ്സുകളും സ്റ്റാഫ് പാറ്റേണും വിശദമാക്കാമോ;

(ബി) ഇവയിൽ എത്ര സ്ഥിരം അദ്ധ്യാപകരും ഗസ്റ്റ് അധ്യാപകരും ജോലി ചെയ്തുവരുന്നു എന്ന വിശദ വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കോളേജിൽ അനുവദിച്ച കോഴ്സുകൾക്ക് സ്ഥിരം അദ്ധ്യാപക നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) നാദാപുരം ആർട്സ് ആൻഡ് സയൻസ് കോളേജിൽ നിലവിലുള്ള കോഴ്സുകൾ ബി.എ. ഇംഗ്ലീഷ്, ബി.എ. ഇക്കണോമിക്സ്, ബി.എസ്‌സി. ഫിസിക്സ്, ബി.എസ്‌സി. സൈക്കോളജി, ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നിവയാണ്. അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സ്റ്റാഫ് പാറ്റേൺ അടിസ്ഥാനത്തിലല്ല. ഓരോ വിഷയത്തിന്റെയും വർക്ക്‌ലോഡിന്റെ അടിസ്ഥാനത്തിലാണ്. ടി കോളേജിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | സീനിയർ സൂപ്രണ്ട് | 1 |
| 2. | ഹെഡ് അക്കൗണ്ടന്റ് | 1 |
| 3. | ക്ലാർക്ക് | 3 |
| 4. | ടൈപ്പിസ്റ്റ് | 1 |
| 5. | ലൈബ്രേറിയൻ ഗ്രേഡ് IV | 1 |
| 6. | ലാബ്/ലൈബ്രറി അറ്റൻഡർ | 1 |
| 7. | ഓഫീസ് അറ്റൻഡന്റ് | 2 |
| 8. | സാനിട്ടേഷൻ വർക്കർ | 1 |
| 9. | നൈറ്റ് വാച്ച്മാൻ | 1 |
| 10. | സ്വീപ്പർ | 1 |
| | ആകെ | 13 |

(ബി) നാദാപുരം ആർട്സ് ആൻഡ് സയൻസ് കോളേജിൽ ജോലി ചെയ്തുവരുന്ന സ്ഥിരം അദ്ധ്യാപകരുടെ എണ്ണം 6-ഉം അതിഥി അദ്ധ്യാപകരുടെ എണ്ണം 21 -ഉം ആണ്.

(സി) നാദാപുരം ആർട്സ് ആൻഡ് സയൻസ് കോളേജിൽ അനുവദിച്ച കോഴ്സുകളിലേയ്ക്ക് വിവിധ വിഷയങ്ങളിലേയ്ക്കായി 19 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

## മലപ്പുറം ഗവൺമെന്റ് കോളേജ്, പി.റ്റി.എം. കോളേജ് എന്നിവിടങ്ങളിലെ കോഴ്സുകൾ

233(1794) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവ: കോളേജ്, പി.റ്റി.എം. കോളേജ് എന്നീ കോളേജുകളിൽ ബി.എസ്സി. കെമിസ്ട്രി, ബി.എസ്സി. ഫിസിക്സ് എന്നീ ബിരുദ കോഴ്സുകളിൽ ഫുഡ് സയൻസ്, കമ്പ്യൂട്ടർ സയൻസ് എന്നിവ സബ്സിഡിയറിയായി പഠിച്ചവരുടെ ബിരുദത്തിന് പി.എസ്.സി.-യുടെ അംഗീകാരം ലഭിക്കാത്ത എന്തെങ്കിലും സ്ഥിതിവിശേഷം നിലവിലുണ്ടോ; എങ്കിൽ ഇത് ഇത്തരം ബിരുദക്കാർക്ക് വളരെയധികം പ്രയാസം സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ അംഗീകാരം ലഭിക്കാത്ത സാഹചര്യമുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനും ഈ കോഴ്സുകൾക്ക് പി.എസ്.സി.യുടെ അംഗീകാരം ലഭിക്കുന്നതിനുമാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) മലപ്പുറം ഗവൺമെന്റ് കോളേജ്, പി.റ്റി.എം. കോളേജ് എന്നീ കോളേജുകളിലെ ബി.എസ്സി. കെമിസ്ട്രി, ബി.എസ്സി. ഫിസിക്സ് എന്നീ ബിരുദ കോഴ്സുകളിൽ ഫുഡ് സയൻസ്, കമ്പ്യൂട്ടർ സയൻസ് എന്നിവ സബ്സിഡിയറിയായി പഠിച്ചവരുടെ ബിരുദം എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് നിയമനത്തിന് പി.എസ്.സി. പരിഗണിക്കുന്നില്ല എന്ന പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഈ വിഷയം സർക്കാൻ പരിശോധിച്ചുവരുന്നു.

## കുന്ദമംഗലം ഗവൺമെന്റ് കോളേജിന്റെ കെട്ടിട നിർമ്മാണം

234(1795) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം ഗവ. കോളേജിന് കെട്ടിടം നിർമ്മിക്കാൻ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തി എന്തെല്ലാം നിർമ്മാണങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ; പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുന്ദമംഗലം ഗവൺമെന്റ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10,74,63,509 (പത്ത് കോടി എഴുപത്തിനാല് ലക്ഷത്തി അറുപത്തിമൂവായിരത്തി അഞ്ഞൂറ്റൊൻപത്) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്നുനിലയുള്ള ഒരു അക്കാദമിക് ബ്ലോക്ക്, രണ്ട് നിലയുള്ള ലേഡീസ് ഹോസ്റ്റൽ, രണ്ട് നിലയുള്ള ക്യാന്റീൻ ബ്ലോക്ക് എന്നിവ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ടെണ്ടർ ചെയ്തപ്പോൾ ഉയർന്ന നിരക്കിലുള്ള ഏക ടെണ്ടർ ലഭിച്ചതിനാൽ റീ-ടെണ്ടർ ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതിനുശേഷം മാത്രമെ തുടർനടപടികൾ സ്വീകരിക്കാനാകൂ.

## പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം

235(1796) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ ?

ഉത്തരം

പെരിങ്ങോം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 7,36,77,929 (ഏഴ് കോടി മുപ്പത്തിയാറ് ലക്ഷത്തി എഴുപത്തിയേഴായിരത്തി തൊള്ളായിരത്തി ഇരുപത്തിയൊൻപത്) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതി നൽകുന്നതിനായി ടെക്നിക്കൽ എക്സ്പെർട്ട് ടീം തയ്യാറാക്കി സമർപ്പിച്ച വിശദ പദ്ധതിരേഖ കിഫ്ബി പരിശോധിച്ചുവരുന്നു.

## നിലമ്പൂർ ഗവൺമെന്റ് കോളേജിൽ കോഴ്സുകളും നിയമനവും

236(1797) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഗവൺമെന്റ് കോളേജിന് ഓഫീസ് ജീവനക്കാരുടെ തസ്തിക അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നതിനായി ജീവനക്കാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ കുറവായ പ്രദേശമെന്ന പരിഗണന നൽകി സൗകര്യങ്ങൾ ഒരുക്കിയാൽ പ്രസ്തുത കോളേജിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നതിനായി പെരിന്തൽമണ്ണ പി.ടി.എം. ഗവൺമെന്റ് കോളേജിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീ. അജയകുമാറിനെ സേവനക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കോളേജിൽ അനദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) കോഴ്സിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## കൊയിലാണ്ടി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

237(1798) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കാനുള്ള അപേക്ഷകൾ പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) കോഴ്സുകൾ അനുവദിക്കുന്നതിലേയ്ക്കായി ഏതെല്ലാം നടപടി ക്രമങ്ങളാണ് ഇനി പൂർത്തിയാവാൻ ബാക്കിയുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ-സി) പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

**കരുനാഗപ്പള്ളി-തഴവ ഗവൺമെന്റ് കോളേജ്**

238(1799) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി - തഴവ ഗവൺമെന്റ് കോളേജ് സ്ഥാപിക്കുന്ന തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ; ഏതെല്ലാം സ്ഥലങ്ങൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടേയ്ക്കാവശ്യമായ അനദ്ധ്യാപക തസ്തികകൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ടോ; ആയതിന്റെ പുരോഗതി വ്യക്തമാക്കുമോ;

(സി) ഇവിടെ ഈ അദ്ധ്യയന വർഷത്തിൽ ആരംഭിച്ച സോഷ്യോളജി വിഷയത്തിനാവശ്യമായ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി-തഴവ ഗവൺമെന്റ് കോളേജ് സ്ഥാപിക്കുന്നതിനായി താഴെ പറയുന്ന സ്ഥലങ്ങൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ കണ്ടെത്തിയിട്ടുണ്ട്.

1) തഴവ പഞ്ചായത്തിൽ പാവുമ്പ വില്ലേജിൽ പാവുമ്പ വടക്കുകരയിൽപ്പെട്ട 6 ഏക്കർ പത്ത് സെന്റ് സ്ഥലം.

2) തൊടിയൂർ വില്ലേജിൽ പുതിയകാവ് ചക്കുവള്ളി റോഡിൽ അരമത്ത് മഠം ജംഗ്ഷന് 400 മീറ്റർ ദൂരത്തായുള്ള 6 ഏക്കർ 25 സെന്റ് സ്ഥലം.

3) തഴവ പഞ്ചായത്തിൽ മണപ്പള്ളി അരമത്ത് മഠം റോഡിൽ തണ്ണീർക്കരയിൽ നിന്ന് 600 മീറ്റർ കിഴക്ക് 6 ഏക്കർ 34 സെന്റ് സ്ഥലം.

4) തഴവ പഞ്ചായത്തിൽ 2-ാം വാർഡിൽ മുല്ലശ്ശേരി മുക്കിന് 800 മീ. ദൂരത്തിലുള്ള 5 ഏക്കർ 87 സെന്റ് സ്ഥലം.

കൂടാതെ IHRD-യുടെ കീഴിലുള്ള കരുനാഗപ്പള്ളി എഞ്ചിനീയറിംഗ് കോളേജിന്റെ സ്ഥലത്തുനിന്നും തഴവ ഗവൺമെന്റ് കോളേജിനാവശ്യമായ സ്ഥലം വിട്ടുകിട്ടുന്ന കാര്യവും പരിഗണിക്കുന്നുണ്ട്. അനുയോജ്യമായ ഭൂമി സംബന്ധിച്ച ശിപാർശ അടങ്ങിയ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

(ബി) ഇല്ല. കോളേജിൽ ലാബ്, ലൈബ്രറി എന്നിവ ക്രമീകരിക്കുന്ന മുറയ്ക്ക് ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനും സ്വീപ്പർ, സാനിട്ടേഷൻ വർക്കർ എന്നീ തസ്തികകളിലേയ്ക്ക് പുറംപണി/കരാർ മുഖേന നിയമിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. കോളേജിന്റെ ഭരണപരമായ പ്രവർത്തനത്തിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ക്ലാർക്കിനെ സേവന ക്രമീകരണ വ്യവസ്ഥയിൽ പ്രസ്തുത കോളേജിൽ നിയമിച്ചിട്ടുണ്ട്. മറ്റ് അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) സോഷ്യോളജി സ്ഥിരം അദ്ധ്യാപക തസ്തികയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ വർക്ക്‌ലോഡ് ഇപ്പോഴില്ല.

**കുട്ടമ്പുഴയിൽ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്**

239(1800) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പതിനാറിലധികം ആദിവാസി കോളനികൾ ഉൾപ്പെടുന്ന കുട്ടമ്പുഴ പഞ്ചായത്തിലെ കുട്ടമ്പുഴയിൽ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കുന്ന വിഷയം പരിഗണനയിൽ ഉണ്ടോ;

(ബി) പ്രസ്തുത കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ;

(ഡി) അടുത്ത അദ്ധ്യയനവർഷം തന്നെ കോളേജ് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴയിൽ ഒരു ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**കാട്ടാക്കട തൃക്കാഞ്ഞിരപുരത്ത് ആർട്സ് ആൻഡ് സയൻസ് കോളേജ്**

240(1801) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട തൃക്കാഞ്ഞിരപുരത്ത് ദേവസ്വം ബോർഡിന് കീഴിൽ ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ആയത് സംബന്ധിച്ച തീരുമാനം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

കാട്ടാക്കട തൃക്കാഞ്ഞിരപുരത്ത് ദേവസ്വം ബോർഡിന് കീഴിൽ ഒരു എയ്ഡഡ് ആർട്സ് & സയൻസ് കോളേജിന് അനുമതി നൽകുന്ന വിഷയം പരിശോധനയിലാണ്.

**സ്വയംഭരണ കോളേജുകളിലെ പ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ട്**

241(1802) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുവാനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുവാനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## മണ്ണാർക്കാട് യൂണിവേഴ്സൽ കോളേജിൽ എം.കോം. കോഴ്സ്

242(1803) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന, പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് യൂണിവേഴ്സൽ കോളേജിൽ എം.കോം. കോഴ്സ് അനുവദിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

ബന്ധപ്പെട്ട അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

## ഉന്നത വിദ്യാഭ്യാസ മേഖലയിൽ മലപ്പുറം ജില്ലയുടെ പിന്നോക്കാവസ്ഥ

243(1804) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ ഉന്നത വിദ്യാഭ്യാസ മേഖലയിലും തൊഴിൽ പരിശീലന രംഗത്തുമുള്ള പിന്നോക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ജില്ലയിലെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ കൂടുതൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലയിലെ ഏറ്റവും പഴക്കംചെന്ന സർക്കാർ കോളേജുകളായ മലപ്പുറം, പെരിന്തൽമണ്ണ, തിരൂർ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി പുതുതായി 3 സർക്കാർ/എയ്ഡഡ് കോളേജുകൾ (സർക്കാർ വനിതാ കോളേജ്, സർക്കാർ കോളേജ് നിലമ്പൂർ, സയ്യിദ് മുഹമ്മദ് അലി ശിഹാബ് തങ്ങൾ മെമ്മോറിയൽ ആർട്സ് ആൻഡ് സയൻസ് വനിതാ

കോളേജ്) ഉൾപ്പെടെ 22 ആർട്സ് ആൻഡ് സയൻസ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം ജില്ലയിലെ കോളേജുകളിലെ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് പുറമെ വിദ്യാർത്ഥികളുടെ നൈപുണ്യ വികാസത്തിനും ഇംഗ്ലീഷ് ഭാഷയുടെ നൈപുണ്യത്തിനുമായി ASAP പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, New Initiative Scheme-ൽ ഉൾപ്പെടുത്തി Walk with a Scholar, Scholar support programme എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന നൈപുണ്യവികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തൊഴിൽ പരിശീലന രംഗത്ത് മലപ്പുറം ജില്ലയിൽ എംപ്ലോയബിലിറ്റി സെന്ററുകൾവഴി നൈപുണ്യ വികസന പദ്ധതികൾ നടത്തിവരുന്നു. നിലമ്പൂരിൽ പ്രവർത്തിക്കുന്ന Ms. Hindustan Petroleum എന്ന സ്ഥാപനം നടത്തുന്ന ഓയിൽ ആൻഡ് പെട്രോളിയം മെക്കാനിക്കൽ കൺസ്ട്രക്ഷൻ മേഖലയിലെ ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർ, ക്വാളിറ്റി കൺട്രോൾ എഞ്ചിനീയർ, സ്കിൽ എഞ്ചിനീയർ എന്നീ കോഴ്സുകൾവഴി 218 പേർക്ക് പരിശീലനം നൽകുകയും 141 പേർക്ക് ജോലി ലഭ്യമാക്കുകയും ചെയ്തു. പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY) യുടെ ഭാഗമായി മലപ്പുറം ജില്ലയിൽ 1370 യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത നൈപുണ്യ വികസന കോഴ്സുകൾ ആരംഭിക്കുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

(സി) സർക്കാർ മേഖലയിൽ 2015, 2017 കാലഘട്ടത്തിൽ ആരംഭിച്ച പുതിയ രണ്ട് കോളേജുകളിൽ മാത്രമായി വിവിധ വിഷയങ്ങളിൽ 8 ബിരുദ കോഴ്സുകളും എയ്ഡഡ് മേഖലയിൽ 2016-ൽ ആരംഭിച്ച സയ്യിദ് മുഹമ്മദ് അലി ശിഹാബ് തങ്ങൾ മെമ്മോറിയൽ ആർട്സ് ആൻഡ് സയൻസ് വനിതാ കോളേജിൽ മാത്രമായി 3 ബിരുദ കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ഗവ. കോളേജ്, പെരിന്തൽമണ്ണ ഗവ. കോളേജ്, മലപ്പുറം ഗവ. കോളേജ് എന്നീ കോളേജുകളിൽ 2018-19 അദ്ധ്യയനവർഷം വിവിധ വിഷയങ്ങളിൽ പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. ആവശ്യമുള്ളപക്ഷം പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) മലപ്പുറം ജില്ലയിലെ പഴക്കമുള്ള സർക്കാർ കോളേജുകളായ മലപ്പുറം ആർട്സ് ആൻഡ് സയൻസ് കോളേജ്, പെരിന്തൽമണ്ണ പി.ടി.എം. സർക്കാർ കോളേജ്, തിരൂർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് എന്നിവയുടെ സമഗ്ര വികസനത്തിനായി കാലാകാലങ്ങളായി പ്ലാൻ ഫണ്ടിൽനിന്നും വിവിധ ആവശ്യങ്ങൾക്കായി തുക അനുവദിച്ച് നൽകുന്നുണ്ട്. മാത്രമല്ല, ഈ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

## കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമിക്ക് കെട്ടിടം

244(1805) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ എന്നുമുതലാണ് ആരംഭിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഈ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് സർക്കാർ എത്ര തുകയാണ് വകയിരുത്തിയതെന്ന് വിശദമാക്കുമോ;

(ഡി) കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 29-5-2008-ലെ സ.ഉ. (സാധാ) നമ്പർ 821/2008/ഉവിവ. ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ സബ്സെന്റർ കോഴിക്കോട് ആരംഭിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ചുങ്കം ഗവൺമെന്റ് യു. പി. സ്കൂൾ പരിസരത്ത് സബ്സെന്റർ താൽക്കാലികമായി പ്രവർത്തനം ആരംഭിച്ചു. തുടർന്ന് 2-8-2014-ലെ സ.ഉ. (എം.എസ്)228/2014/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി, കോഴിക്കോട് സബ്സെന്ററിന് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനായി തുരുത്തിയാട് അഴകൊടി ദേവി ക്ഷേത്രത്തിന് സമീപമുള്ള അടഞ്ഞുകിടക്കുന്ന PWD ജില്ലാ ഗോഡൗൺ പരിസരത്ത് ടി.എസ്-5-23-1139/2 നമ്പറായി 54 സെന്റ് സ്ഥലം അനുവദിച്ചു.

കെട്ടിട നിർമ്മാണത്തിനായിട്ടുള്ള 175 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സമർപ്പിക്കുകയുണ്ടായി. 23-2-2017-ലെ സ.ഉ. (സാധാ)353/2017/ഉവിവ. നമ്പർ ഉത്തരവ് പ്രകാരം 175 ലക്ഷം രൂപ ചെലവാക്കി കോഴിക്കോട് സബ്സെന്ററിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി സർക്കാർ നൽകിയിട്ടുമുണ്ട്.

കൂടാതെ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിന് സി.സി.ഇ.കെ.-യുടെ ടെക്നിക്കൽ കമ്മിറ്റി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഭൂമിയുടെ മുൻ ഉടമസ്ഥരായ പൊതുമരാമത്ത് വകുപ്പ് പ്രസ്തുത ഭൂമിയിലുള്ള നിർമ്മിതികളും അനുബന്ധ ഉപകരണങ്ങളും നീക്കം ചെയ്ത് വസ്തു കൈമാറ്റം ചെയ്യുന്നതിന് കാലതാമസമുണ്ടായി. 5-9-2018-ലെ കത്ത് പ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത സ്ഥലം നടപടികൾ പൂർത്തിയാക്കി സി.സി.ഇ.കെ.-യ്ക്ക് കൈമാറിയിട്ടുണ്ട്. അതുപ്രകാരം സ്വന്തം കെട്ടിട നിർമ്മാണത്തിനായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പുമായി കരാറിൽ ഏർപ്പെടുവാൻ സി.സി.ഇ.കെ. ഡയറക്ടർ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം കരാർ നടപ്പിലാക്കിയശേഷം മാത്രമെ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ കോഴിക്കോട് സബ്സെന്ററിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്ന നടപടികൾ ആരംഭിക്കാൻ കഴിയൂ.

(സി) 91 ലക്ഷം രൂപ.

(ഡി) M/s ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പുമായി കരാർ നടപ്പിലാക്കിയശേഷം മാത്രമെ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ കോഴിക്കോട് സബ്സെന്ററിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്ന നടപടികൾ ആരംഭിക്കാൻ കഴിയൂ.

## കെ.ടി.യു. പരീക്ഷ കലണ്ടർ

245(1806) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.യു. പരീക്ഷകൾ ഒന്നുംതന്നെ സമയത്ത് നടക്കുകയോ അഥവാ നടന്നാൽത്തന്നെ സമയത്ത് പരീക്ഷാഫലം പ്രസിദ്ധീകരിക്കുകയോ ചെയ്യാറില്ലെന്നുള്ള മാധ്യമവിമർശനം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) കെ.ടി.യു-വിൽ പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിച്ച് ആയത് കൃത്യമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) റെഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ ഇത്തരം പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇന്ത്യയിലെതന്നെ പല യൂണിവേഴ്സിറ്റികളിലും ഫലപ്രഖ്യാപനം വന്നശേഷവും കെ.ടി.യു.-വിൽനിന്ന് ഫലപ്രഖ്യാപനം വരാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

ഉത്തരം

(എ&ബി) എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിൽ മുൻകൂട്ടി പ്രസിദ്ധീകരിക്കുന്ന അക്കാദമിക് കലണ്ടർ പ്രകാരം പരീക്ഷകൾ നടത്തുവാൻ ശ്രദ്ധിക്കാറുണ്ട്. പല സന്ദർഭങ്ങളിലും പരീക്ഷകൾ മാറ്റിവയ്ക്കണമെന്ന് കുട്ടികൾ ആവശ്യപ്പെടാറുണ്ട്. എന്നിരുന്നാലും പരീക്ഷ കലണ്ടർ പ്രകാരം തന്നെ ഭൂരിപക്ഷം പരീക്ഷകൾ നടത്തുകയും അവയുടെ റിസൾട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പരീക്ഷ, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം എന്നിവയുടെ മേൽനോട്ടത്തിനും വിലയിരുത്തലിനുമായി പ്രോ -വൈസ്ചാൻസലർ കൺവീനർ ആയി സർവ്വകലാശാലയുടെ Statutory Officer -മാർ അടങ്ങുന്ന ഒരു സമിതിയെ രൂപീകരിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ അക്കാദമിക് കലണ്ടർ പ്രകാരം യഥാസമയം ഫലം പ്രസിദ്ധീകരിക്കുവാൻ ശ്രമിക്കാറുണ്ട്. ഫലം പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകാറില്ല. ഓരോ അധ്യയന വർഷത്തിന്റെ ആരംഭത്തിലും അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പരീക്ഷകൾ നടത്താനും ശ്രദ്ധിക്കാറുണ്ട്. ഇതിനുപുറമെ, വരുന്ന അധ്യയന വർഷം മുതൽ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ഉൾപ്പെടെയുള്ള എല്ലാ സർവ്വകലാശാലയിലും ഏകീകൃത പരീക്ഷാ കലണ്ടർ രൂപപ്പെടുത്താനും സമയബന്ധിതമായി പരീക്ഷകൾ നടത്താനും ഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(സി) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിൽ ബിരുദ പരീക്ഷകളുടെ റിസൾട്ടുകൾ പരീക്ഷ കഴിഞ്ഞ് പരമാവധി 3 മാസത്തിനകം പബ്ലിഷ് ചെയ്യുകയും പുനർമൂല്യനിർണ്ണയ റിസൾട്ടുകൾ രണ്ട് മാസത്തിനകം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല. അത്തരം സാഹചര്യം നിലവിലില്ല. പരീക്ഷ കഴിഞ്ഞ് പരാമവധി മൂന്ന് മാസത്തിനകം റിസൾട്ടുകൾ പ്രസിദ്ധീകരിക്കാറുണ്ട്.

**എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ**

246(1807) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ പുതുതായി സൃഷ്ടിച്ച അധ്യാപക തസ്തികകൾ എത്ര; തസ്തികയുടെ വിവരങ്ങൾ കോളേജടിസ്ഥാനത്തിൽ ഇനം തിരിച്ച് നൽകുമോ;

(ബി) ഇപ്രകാരം അധിക തസ്തികകൾ സൃഷ്ടിച്ചതുവഴി സംസ്ഥാനത്തിന് പ്രതിമാസം വരുന്ന അധിക ബാദ്ധ്യത എത്രയാണെന്ന് അറിയിക്കാമോ;

(സി) ഇനിയും കുറവുള്ള എഞ്ചിനീയറിംഗ് അധ്യാപക തസ്തികകളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെ 97 അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

തസ്തികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | പ്രൊഫസർ | അസോസിയേറ്റ് പ്രൊഫസർ | അസിസ്റ്റന്റ് പ്രൊഫസർ | ആകെ |
|---|---|---|---|---|
| സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൻഹിൽ, തിരുവനന്തപുരം | 2 | 5 | 8 | 15 |
| സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി | 1 | 6 | 9 | 16 |
| സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ | 4 | 1 | 3 | 8 |
| സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, പാലക്കാട് | 2 | 4 | 14 | 20 |
| സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, വയനാട് | 1 | 5 | 12 | 18 |
| സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട് | 1 | 2 | 9 | 12 |
| സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ | 1 | 2 | 5 | 8 |
| | 12 | 25 | 60 | 97 |

(ബി) പ്രതിമാസ അധിക ബാധ്യത -71,78,920 രൂപ (എഴുപത്തൊന്ന് ലക്ഷത്തി എഴുപത്തെണ്ണായിരത്തി തൊള്ളായിരത്തി ഇരുപത് മാത്രം)

(സി) ഇനിയും കുറവുള്ള എഞ്ചിനീയറിംഗ് അദ്ധ്യാപക തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തസ്തിക | എണ്ണം |
|---|---|
| പ്രൊഫസർ | 21 |
| അസോസിയേറ്റ് പ്രൊഫസർ | 44 |
| അസിസ്റ്റന്റ് പ്രൊഫസർ | 127 |
| ആകെ | 192 |

**എഞ്ചിനീയറിംഗ് കോഴ്സുകളിലെ പ്രവേശനം**

247(1808) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് പഠനത്തിൽ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കുള്ള താല്പര്യം വർഷംതോറും കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികളുടെ കുറവ് കാരണം ഈ വർഷം ഏതെല്ലാം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പൂട്ടുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഈ വർഷത്തെ എഞ്ചിനീയറിംഗ് പ്രവേശനം പൂർത്തിയായപ്പോൾ എത്ര എഞ്ചിനീയറിംഗ് സീറ്റുകളാണ് ഒഴിവായി കിടന്നതെന്ന് അറിയിക്കുമോ;

(ഡി) ഒരു വിദ്യാർത്ഥിപോലും പ്രവേശനം നേടാത്ത ബ്രാഞ്ചുകൾ സംസ്ഥാനത്തെ എത്ര കോളേജുകളിൽ ഉണ്ടായിരുന്നു;

(ഇ) ഈ വർഷം ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയ ബ്രാഞ്ചും ഏറ്റവും കുറവ് വിദ്യാർത്ഥികൾ പ്രവേശനം നേടിയ ബ്രാഞ്ചും ഏതാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻ വർഷങ്ങളെ അപേക്ഷിച്ച് എഞ്ചിനീയറിംഗ് ബിരുദ കോഴ്സുകളിൽ ചേരുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1. ബിലീവേഴ്സ് ചർച്ച് കാർമൽ എഞ്ചിനീയറിംഗ് കോളേജിന് പ്രോഗ്രസ്സീവ് ക്ലോഷറിന് എൻ.ഒ.സി. നൽകിയിട്ടുണ്ട്.

2. താഴെ പറയുന്ന എഞ്ചിനീയറിംഗ് കോളേജുകൾ ബിരുദ സ്ഥാപനത്തിൽ നിന്ന് ഡിപ്ലോമ സ്ഥാപനത്തിലേക്ക് പരിവർത്തനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(i) യൂനുസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തലച്ചിറ (ബഹു. ഹൈക്കോടതി വിധി പ്രകാരം നിരാക്ഷേപപത്രം നൽകി.)

(ii) ബസേലിയോസ് പൗലോസ് II കത്തോലിക്കോസ് കോളേജ്, പിറവം.

(iii) ഇലാഹിയ സ്കൂൾ ഓഫ് സയൻസ് ആൻഡ് ടെക്നോളജി, മൂവാറ്റുപുഴ.

(സി) ഈ വർഷത്തെ എഞ്ചിനീയറിംഗ് പ്രവേശനം പൂർത്തിയായപ്പോൾ 23645 സീറ്റുകളാണ് ഒഴിവായി കിടക്കുന്നത്.

(ഡി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഇ) ഈ വർഷം ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയ ബ്രാഞ്ച്- കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് - 9444 പേർ.

ഏറ്റവും കുറവ് വിദ്യാർത്ഥികൾ പ്രവേശനം നേടിയ ബ്രാഞ്ച് - പോളിമർ എഞ്ചിനീയറിംഗ്- 25 പേർ.

## പയ്യോളി ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്നിക് ആയി ഉയർത്തുന്ന നടപടി

248(1809) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ പയ്യോളി ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്നിക് ആയി ഉയർത്തുന്ന നടപടിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും റിപ്പോർട്ട് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ടിൻമേൽ ഇതുവരെ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന് എവിടെനിന്നെല്ലാമാണ് അംഗീകാരം ലഭിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; സ്കൂൾ അപ്ഗ്രേഡ് ചെയ്തുകൊണ്ടുള്ള ഉത്തരവ് ലഭ്യമാവുന്നതിന് മുന്നോടിയായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തിയാകാനുള്ളതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ - സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഒരു റിപ്പോർട്ടും സർക്കാരിന്റെ പരിഗണനയിലില്ല.

**വെച്ചൂച്ചിറ ഗവൺമെന്റ് പോളിടെക്നിക്കിന്റെ നിർമ്മാണം**

249(T*1810) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെച്ചൂച്ചിറ ഗവ. പോളിടെക്നിക്കിന് നബാർഡ് ധനസഹായത്തോടെ നിർമ്മിക്കുന്ന കെട്ടിട നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എന്തൊക്കെ നിർമ്മാണങ്ങളാണ് ഇനിയും പൂർത്തീകരിക്കാനായുള്ളത്; വിശദമാക്കാമോ;

(ബി) ഇതിന് എത്ര രൂപയാണ് നബാർഡ് അനുവദിച്ചതെന്നും എത്ര രൂപയാണ് ഇതിനോടകം ചെലവഴിച്ചതെന്നും അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ച് കഴിഞ്ഞോ എന്നും അറിയിക്കുമോ;

(സി) പാർട്ട് ബിൽ നൽകുന്നതിനായി 1.90 കോടി രൂപയുടെ ബിൽ സമർപ്പിച്ചിരുന്നോയെന്നും ഈ തുക എങ്ങനെ നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത പോളിടെക്നിക്കിന്റെ അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഫണ്ട് ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നബാർഡ് ധനസഹായത്തോടെ വെച്ചൂച്ചിറ പോളിടെക്നിക്കിൽ നിർമ്മിക്കുന്ന കെട്ടിടത്തിലെ സിവിൽ വർക്കുകൾ 95% പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്ക് റീ ടെണ്ടറിംഗ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) 16-11-2009-ലെ സ.ഉ.(ആർ.ടി) നമ്പർ 1880/2009/ഉവിവ. പ്രകാരം 519.7 ലക്ഷം രൂപയാണ് ടി നിർമ്മാണത്തിന് നബാർഡ് മുഖേന അനുവദിച്ചിട്ടുള്ളത്. ഇതിൽ 443.88 ലക്ഷം രൂപ ഇതിനോടകം ചെലവഴിച്ചു കഴിഞ്ഞു.

(സി) 109,16,683 രൂപയുടെ പാർട്ട് ബിൽ പി.ഡബ്ല്യൂ.ഡി. സമർപ്പിച്ചിട്ടുണ്ട്. നബാർഡ് ഇതിനകം അനുവദിച്ച തുകയിൽനിന്നും ഇത് നൽകാവുന്നതാണ്.

(ഡി) പ്രസ്തുത പോളിടെക്നിക്കിൽ അവശേഷിക്കുന്ന പ്രവൃത്തികൾക്കായി വേണ്ടിവരുന്ന ഫണ്ട് സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നും കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വിളപ്പിൽശാലയിൽ പോളിടെക്നിക്

250(1811) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽശാലയിൽ പോളിടെക്നിക് ആരംഭിക്കുന്നത് സംബന്ധിച്ച് നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പോളിടെക്നിക്കിനായി പഞ്ചായത്തുവക ഭൂമി കൈമാറിയിട്ടുണ്ടോ;

(സി) അടുത്ത അദ്ധ്യയനവർഷത്തിൽ ക്ലാസ് ആരംഭിക്കാൻ കഴിയുന്ന തരത്തിൽ പോളിടെക്നിക് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാകുമോ ; തുടർനടപടികൾ എന്തെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽശാലയിൽ അനുവദിക്കപ്പെട്ട സർക്കാർ പോളിടെക്നിക് കോളേജിന് സ്ഥലമേറ്റെടുപ്പിനായി പ്രസ്തുത സ്ഥലത്തിന്റെ ലൊക്കേഷൻ സ്കെച്ചും റിപ്പോർട്ടും നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥലം സംബന്ധമായി ഒരു കേസ് നിലവിലുള്ളതിനാൽ പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ തടസ്സപ്പെട്ടിരിക്കുന്നു.

(ബി) പോളിടെക്നിക്കിനായി പഞ്ചായത്തുവക ഭൂമി കൈമാറിയിട്ടില്ല.

(സി) സ്ഥല കൈമാറ്റം പൂർത്തിയായി. എ.ഐ.സി.ടി.ഇ. മാനദണ്ഡപ്രകാരമുള്ള കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളുടെ വികസനവും ഉണ്ടായാൽ മാത്രമെ ക്ലാസുകൾ ആരംഭിക്കാൻ കഴിയൂ.

## സി-ആപ്റ്റ്-ന്റെ ആധുനികവൽക്കരണം

251(1812) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റ് ആധുനികവൽകരിക്കുന്നതിന് നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(ബി) കോട്ടയം ജില്ലയിൽ കിഫ്ബിയുടെ സഹായത്തോടെ 25 കോടി രൂപ മുതൽമുടക്കിൽ ഹൈടെക് പ്രിന്റിംഗ് പ്രസ്സ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയത് എവിടെയെന്ന് അറിയിക്കാമോ;

(സി) ലോട്ടറി അച്ചടിയുടെ ചുമതല സി-ആപ്റ്റിന് ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(ഡി) സി-ആപ്റ്റിനെ നവീകരിക്കുവാൻ എത്ര കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്; അവ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ഇ) സി-ആപ്റ്റിന്റെ വിവിധ സെന്ററുകളിൽനിന്നും പിരിച്ചുവിട്ട തൊഴിലാളികളെ ഒഴിവുകളുടെയും റിട്ടയർമെന്റിന്റെയും അടിസ്ഥാനത്തിൽ നിയമിക്കാനുള്ള കോടതി വിധി പ്രകാരമുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) സർക്കാരിൽനിന്ന് ലഭിക്കുന്ന പ്ലാൻ ഫണ്ട് തുക വിനിയോഗിച്ച് സി-ആപ്റ്റ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി രണ്ട് സിംഗിൾ കളർ വെബ് ഓഫ്സെറ്റ് മെഷീൻ, ഒരു ഇമേജ് സ്കാനൽ ആൻഡ് ഡിജിറ്റൽ പ്രിന്റർ, പോസ്റ്റ് പ്രസ്സ് എക്വിപ്മെന്റ്സ് തുടങ്ങിയവ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. കൂടാതെ അച്ചടിക്കാനുള്ള സാധന സാമഗ്രികളും അവയ്ക്കായുള്ള കൺസ്യൂമബിൾസ് സൂക്ഷിക്കുന്നതിനുമായിട്ടുള്ള മൾട്ടിസ്റ്റോറീഡ് ബിൽഡിംഗിന് 2.02 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കാൻ M/s. HLL Infra Tech Service Ltd.-നെ ചുമതലപ്പെടുത്തുകയും പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സി-ആപ്റ്റിനുകീഴിൽ കോട്ടയം ജില്ലയിൽ ഹൈടെക് പ്രിന്റിംഗ് പ്രസ് സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ലഭിച്ചിട്ടില്ല. നേരത്തെ സി-ആപ്റ്റ് നിർവ്വഹിച്ചുവന്നിരുന്ന സ്ത്രീശക്തി ലോട്ടറി പ്രിന്റിംഗ് തിരികെ നൽകണമെന്നാവശ്യപ്പെട്ട് സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടർ ലോട്ടറി ഡയറക്ടറുമായി ചർച്ച നടത്തുകയുണ്ടായി. തുടർന്ന് ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ബഹു. ധനകാര്യ വകുപ്പുമന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ലോട്ടറി ഡയറക്ടറിൽനിന്ന് ബഹു. ധനകാര്യ വകുപ്പുമന്ത്രി റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ലോട്ടറി വകുപ്പ് ഡയറക്ടർ ഇത് സംബന്ധിച്ച് കുറിപ്പ് ധനകാര്യ വകുപ്പുമന്ത്രിക്ക് സമർപ്പിച്ചിട്ടുമുണ്ട്.

(ഡി) സി-ആപ്റ്റിനെ നവീകരിക്കാനായി ഒരു വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിനും പ്രളയദുരിതത്തിൽ നാശോന്മുഖമായ എറണാകുളം സെന്ററിന്റെ പുനരുദ്ധാരണവും സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) സ്ഥാപനത്തിൽ സ്റ്റാഫ് പാറ്റേൺ, പ്രൊമോഷൻ പോളിസി എന്നിവ നടപ്പിലാക്കുന്നതിനായി മൂന്നംഗ കമ്മീഷനെ സർക്കാർ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**ആയവന ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടനിർമ്മാണം**

252(1813) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ആയവന ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടനിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്തതിലെ അപാകത സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത സ്കൂളിനായി സ്ഥലം എടുക്കുന്നതിനുള്ള സുതാര്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയവന ടെക്നിക്കൽ ഹൈസ്കൂൾ നിർമ്മാണത്തിനായി മൂവാറ്റുപുഴ താലൂക്കിലെ ഏനാനെല്ലൂർ വില്ലേജിലെ സർവ്വേ നമ്പർ 557/7 C2, 557/7 B, 557/7 B2, 557/7 A2 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 17 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി 3-9-2015-ലെ G.O (Rt)2284/2015/HEDN ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും സ്ഥലം ഏറ്റെടുപ്പിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം ടെക്നിക്കൽ ഹൈസ്കൂളിന് അനുയോജ്യമല്ലെന്നും സ്ഥലമേറ്റെടുപ്പിലെ അഴിമതി അന്വേഷിക്കണമെന്നും ആവശ്യപ്പെട്ട് ആയവന ഗ്രാമപഞ്ചായത്ത് മെമ്പർ സമർപ്പിച്ച പരാതി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ എറണാകുളം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ടെക്നിക്കൽ സ്കൂളുകളിൽ രക്ഷകർത്തൃ പ്രതിനിധിക്ക് പി.റ്റി.എ. പ്രസിഡന്റ് സ്ഥാനം

253(T*1814) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലേതുപോലെ ടെക്നിക്കൽ സ്കൂളുകളിലും പി.റ്റി.എ. അദ്ധ്യക്ഷ സ്ഥാനം (പ്രസിഡന്റ്) രക്ഷകർത്തൃ പ്രതിനിധികൾക്ക് നൽകി ഏകീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പി.റ്റി.എ.-യുടെ പ്രവർത്തനങ്ങളും അധികാരങ്ങളും ആയി ബന്ധപ്പെട്ട എന്തെങ്കിലും നിയമാവലികൾ സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ വിഷയം സംബന്ധിച്ച പ്രൊപ്പോസൽ ഇതുവരെ ലഭ്യമായിട്ടില്ല.

(ബി) സ.ഉ.(ആർ.ടി)നമ്പർ 690/2016/ഉ.വി.വ. ഉത്തരവ് പ്രകാരം ടെക്നിക്കൽ ഹൈസ്കൂൾ അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനയുടെ നിയമാവലി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ഡെമോൺസ്ട്രേറ്റർ തസ്തികയിൽ ബൈ-ട്രാൻസ്ഫർ നിയമനം

254(1815) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാങ്കേതിക വിദ്യാഭ്യാസവകുപ്പിലെ വിവിധ ബ്രാഞ്ചുകളിൽ ഡെമോൺസ്ട്രേറ്റർ തസ്തികയിൽ ബൈ-ട്രാൻസ്ഫർ പ്രൊമോഷൻ നിയമനം നടക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ഡെമോൺസ്ട്രേറ്റർ തസ്തികയിൽ 12-10-2012-ലെ ജി.ഒ.(പി) നമ്പർ503/2012/ഉ.വി.വ പ്രകാരമുള്ള വിശേഷാൽ ചട്ടം വരുന്നതിന് മുൻപുള്ള നിയമനങ്ങൾ തസ്തികമാറ്റം വഴി മാത്രമാണ് നികത്തിയിരുന്നത്. എന്നാൽ വിശേഷാൽ ചട്ടം നിലവിൽ വന്നതിനുശേഷം നേരിട്ടുള്ള നിയമനവും തസ്തികമാറ്റ നിയമനവും തമ്മിലുള്ള അനുപാതം 1:1 ആയി ക്രമപ്പെടുത്തിയിട്ടുണ്ട്. ഡെമോൺസ്ട്രേറ്റർ തസ്തികയിൽ ഇപ്രകാരം അനുപാതം ക്രമപ്പെടുത്തിയിട്ടുള്ള ബ്രാഞ്ചുകളിൽ ബൈട്രാൻസ്ഫർ നേരിട്ടുള്ള നിയമനം 1:1 എന്ന അനുപാതത്തിൽ നടന്നുവരുന്നു.

## വ്യാജ സർവ്വകലാശാലകൾക്കെതിരെ നടപടി

255(1816) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച വ്യാജ സർവ്വകലാശാലകളുടെ പേരുവിവരത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന രണ്ട് സർവ്വകലാശാലകൾ ഉൾപ്പെടുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വ്യാജ സർവ്വകലാശാലകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒരു സർവ്വകലാശാല ഉൾപ്പെടുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാരിന് കീഴിൽ വരുന്ന സർവ്വകലാശാലകളെ സംബന്ധിച്ച വിവരങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. വ്യാജ സർവ്വകലാശാലകൾക്ക് എതിരെ ജാഗരൂകരായിരിക്കുവാൻ അക്കാദമിക സമൂഹവും സർക്കാരും പ്രതിജ്ഞാബദ്ധരാണ്.വ്യാജ സർവ്വകലാശാലകൾക്കെതിരെ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ജയിൻ സർവ്വകലാശാല ഓഫ് കാമ്പസ് സെന്റർ

256(1817) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകൾക്ക് അതിന്റെ ആസ്ഥാന പരിധിക്ക് അപ്പുറം കാമ്പസുകളോ പഠനകേന്ദ്രങ്ങളോ തുടങ്ങുവാൻ പാടില്ല എന്ന് യു.ജി.സി. ചട്ടത്തിൽ നിർദ്ദേശമുണ്ടോ;

(ബി) പ്രസ്തുത ചട്ടം മറികടന്ന് ബംഗളൂരു ആസ്ഥാനമായ ജയിൻ സർവ്വകലാശാലയ്ക്ക് കൊച്ചിയിൽ ഓഫ് കാമ്പസ് സെന്റർ ആരംഭിക്കുവാൻ അനുമതി നൽകി എന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ആക്ഷേപത്തിന്മേൽ എന്ത് തുടർ നടപടി സ്വീകരിച്ചു; വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി &സി) സർക്കാർ അനുമതിയൊന്നും നൽകിയിട്ടില്ല.

## ഓപ്പൺ സർവ്വകലാശാല

257(1818) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദൂരവിദ്യാഭ്യാസത്തിനായി ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ കൗൺസിൽ നൽകിയ ശിപാർശകൾ എന്തൊക്കെയാണ്;

(സി) ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കരട് നിർദ്ദേശം സർക്കാർ പരിഗണിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) IGNOU മുൻ വൈസ്-ചാൻസിലർ ഡോ. റാം തക്‌വാല കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഒരു ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ നിർദ്ദേശിക്കാൻ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രധാന കണ്ടെത്തലുകളും ശിപാർശകളും താഴെ ചേർക്കുന്നു.

1986 മുതലുള്ള ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പശ്ചാത്തലത്തിലാണ് കേരളത്തിന് സ്വന്തമായൊരു ഓപ്പൺ സർവ്വകലാശാല എന്ന ആശയം ചർച്ച ചെയ്യപ്പെട്ടത്. വിദ്യാഭ്യാസത്തെ കൂടുതൽ ജനാധിപത്യവത്ക്കരിക്കുക, ആജീവനാന്ത പ്രക്രിയയായി പ്രോത്സാഹിപ്പിക്കുക എന്നീ നയങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കപ്പെട്ടത്. മുൻ ഹൈക്കോടതി ചീഫ് ജസ്റ്റിസ് ശ്രീ. എം. പി. മേനോൻ 1983-ൽ തയ്യാറാക്കിയ റിപ്പോർട്ട് മുതൽ 2010-ലെ പ്രൊഫ. റാം തക്‌വാല റിപ്പോർട്ട് വരെയുള്ള വിവിധ പഠനങ്ങളും റിപ്പോർട്ടുകളും ഈ ആവശ്യത്തിനെ പിന്താങ്ങുന്നവയായിരുന്നു. 2018 ഫെബ്രുവരി 21-ന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഇറക്കിയ ഒരു സർക്കുലർ പ്രകാരം കേരളത്തിലെ സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ തുടർന്ന് നടത്തുന്നതിന് തടസ്സം നേരിടുന്നതും ഓപ്പൺ യൂണിവേഴ്സിറ്റി എന്ന ആശയം യാഥാർത്ഥ്യമാക്കേണ്ടത് അനിവാര്യമാക്കിത്തീർത്തിരിക്കുന്നു.

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ചട്ടങ്ങളും നിയമങ്ങളും അക്കാദമിക് അഡ്മിനിസ്ട്രേറ്റീവ് ഘടനയും കേരളത്തിനുതകുന്ന രീതിയിൽ സ്വീകരിച്ചുകൊണ്ടാവണം കേരള ഓപ്പൺ യൂണിവേഴ്സിറ്റി പ്രവർത്തിക്കേണ്ടത്.

KOU-ന്റെ ആസ്ഥാനം തിരുവനന്തപുരമോ സർക്കാർ തീരുമാനിക്കുന്ന മറ്റേതെങ്കിലും സ്ഥലമോ ആവാമെന്ന് കമ്മിറ്റി ശിപാർശ ചെയ്തു. തുടക്കത്തിൽ തിരുവനന്തപുരം, കോട്ടയം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പ്രാദേശിക കേന്ദ്രങ്ങളും ഓരോ പ്രാദേശിക കേന്ദ്രത്തിനും കീഴിൽ പഠന കേന്ദ്രങ്ങളും എന്നതാണ് റിപ്പോർട്ടിലെ നിർദ്ദേശം.

കേരള ഓപ്പൺ യൂണിവേഴ്സിറ്റി യാഥാർത്ഥ്യമാവുന്നതോടെ നിലവിൽ സർവ്വകലാശാലകൾ നടത്തുന്ന വിദൂര വിദ്യാഭ്യാസ സംവിധാനത്തിന് ഉണ്ടാകാവുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർവ്വകലാശാലകളിൽ നിലവിലുള്ള വിദൂര വിദ്യാഭ്യാസ സൗകര്യങ്ങൾ ഉപയോഗിച്ച് നിർദ്ദിഷ്ട ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രാദേശിക കേന്ദ്രങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ഇതിലൂടെ പുതിയ സർവ്വകലാശാലയുടെ സ്ഥാപനത്തിനായി വരുന്ന ചെലവ് ഒരളവുവരെ കുറയ്ക്കാനാവും.

നിലവിലുള്ള സ്റ്റാഫ് സംവിധാനം ഓപ്ഷനിലൂടെയോ മറ്റ് മാർഗ്ഗങ്ങളിലൂടെയോ നിർദ്ദിഷ്ട സർവ്വകലാശാലയ്ക്ക് പ്രയോജനപ്പെടുത്താം എന്നും റിപ്പോർട്ട് നിർദ്ദേശിക്കുന്നു. വിദൂര വിദ്യാഭ്യാസം സർവ്വകലാശാലകളിൽനിന്ന് ഘട്ടംഘട്ടമായി മാറ്റുവാൻ പാടുള്ളൂവെന്ന് റിപ്പോർട്ട് നിർദ്ദേശിക്കുന്നു. നിലവിൽ സർവ്വകലാശാലകൾക്ക് ഈ രംഗത്തുള്ള സൗകര്യങ്ങൾ പുതിയ സർവ്വകലാശാലയ്ക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. അഫിലിയേറ്റിംഗ് സർവ്വകലാശാലകളുടെ വാർഷിക ഫണ്ട് വിതരണം വർദ്ധിപ്പിക്കണമെന്നും റിപ്പോർട്ടിൽ നിർദ്ദേശമുണ്ട്.

(സി) പരിശോധിച്ചുവരുന്നു.

**ജെയ്ൻ യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ് സെന്റർ**

258(1819) ശ്രീ. കെ. എൻ. എ. ഖാദർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ, കല്പിത, കല്പിതമായി കണക്കാക്കപ്പെടുന്ന സർവ്വകലാശാലകൾക്ക് അവ പ്രവർത്തിക്കുന്ന സംസ്ഥാനങ്ങൾക്ക് പുറത്ത് അവയുടെ കാമ്പസുകളോ ഫ്രാഞ്ചൈസിയോ മറ്റ് വിദൂര വിദ്യാഭ്യാസ സമ്പ്രദായങ്ങളോ തുടങ്ങുന്നതിന് യു.ജി.സി. ചട്ടങ്ങൾ പ്രകാരം എന്തൊക്കെ നിബന്ധനകളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ജെയ്ൻ യൂണിവേഴ്സിറ്റി, ഐ.എസ്.ഡി.സി. എന്ന വിദേശ സ്ഥാപനവുമായി ചേർന്ന് കൊച്ചിയിൽ ഒരു ഓഫ് കാമ്പസ് സെന്റർ തുടങ്ങാൻ അനുമതി തേടി ഉന്നതവിദ്യാഭ്യാസ വകുപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ജെയ്ൻ യൂണിവേഴ്സിറ്റി കൊച്ചിയിൽ ഇത്തരം ഒരു ഓഫ് കാമ്പസ് സെന്റർ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ആയതിന്റെ ലോഞ്ചിംഗ് നടപടികൾ സ്വീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലെ ചട്ടങ്ങൾക്കെതിരായ ഈ പ്രവർത്തിക്കെതിരെ സ്വീകരിച്ച നിയമനടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) 2016-ലെ യു.ജി.സി.-യുടെ ഇൻസ്റ്റിറ്റ്യൂഷൻസ് ഡീംഡ് ടു ബീ യൂണിവേഴ്സിറ്റീസ് റെഗുലേഷനിൽ കൽപ്പിതമായി കണക്കാക്കപ്പെടുന്ന സർവ്വകലാശാലകൾക്ക് അവയുടെ ആസ്ഥാനപരിധിക്ക് പുറത്ത് ക്യാമ്പസുകളോ പഠനകേന്ദ്രങ്ങളോ ഫ്രാഞ്ചൈസിയോ മറ്റ് വിദൂര വിദ്യാഭ്യാസ സമ്പ്രദായങ്ങളോ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് താഴെപറയുന്ന നിബന്ധനകളാണ് ഉൾപ്പെടുത്തപ്പെട്ടിട്ടുള്ളതായി കാണുന്നത്.

കല്പിതമായി കണക്കാക്കപ്പെടുന്ന സർവ്വകലാശാല സാധാരണഗതിയിൽ അതിന്റെ മുഖ്യക്യാമ്പസ്സിൽ മാത്രമായിരിക്കണം പ്രവർത്തിക്കേണ്ടത്. (2016-ലെ യു.ജി.സി. റെഗുലേഷനിലെ 12.01 നമ്പരായ വ്യവസ്ഥ.).

ഏറ്റവും ഉയർന്ന NAAC ഗ്രേഡോ എല്ലാ കോഴ്സുകൾക്കും ഏറ്റവും ഉയർന്ന NBA ഗ്രേഡോ കരസ്ഥമാക്കിയിട്ടുള്ള, കല്പിതമായി കണക്കാക്കപ്പെടുന്ന സർവ്വകലാശാലയ്ക്ക് അതിന്റെ അക്കാദമിക് ചട്ടക്കൂടിൽപ്പെടുന്ന കോഴ്സുകളും പ്രോഗ്രാമുകളും ഡിപ്പാർട്ട്മെന്റുകളും സ്കൂളുകളും നിലവിലുള്ള ക്യാമ്പസ്സിലോ ക്യാമ്പസ്സിന് പുറത്തോ ബന്ധപ്പെട്ട അധികാരികളുടെയും സ്റ്റാറ്റ്യൂട്ടറി കൗൺസിലുകളുടെയും അനുമതിയോടെ തുടങ്ങാവുന്നതാണ്. (12.02. നമ്പരായ വ്യവസ്ഥ.).

കല്പിതമായി കണക്കാക്കപ്പെടുന്ന സർവ്വകലാശാലകൾക്ക് താഴെ പറയുന്ന സാഹചര്യങ്ങളിൽ അവയുടെ അംഗീകൃത ഭൗമമേഖലയ്ക്ക് പുറത്ത് ഓഫ് ക്യാമ്പസ് സെന്ററുകളും ഓഫ്ഷോർ ക്യാമ്പസുകളും ആരംഭിക്കാവുന്നതാണ് (12.03 നമ്പർ വ്യവസ്ഥ.).

പ്രധാനപ്പെട്ട ഉപവ്യവസ്ഥകൾ താഴെ പറയുന്നു:

- സർവ്വകലാശാല അഞ്ച് വർഷമായിട്ടെങ്കിലും കല്പിതമായി കണക്കാക്കപ്പെടുന്ന സർവ്വകലാശാലയായി പ്രവർത്തിച്ചു വരുന്നതായിരിക്കണം. (12.03.1)
- ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളും ഗവേഷണവും നടത്തിവരുന്ന സർവ്വകലാശാലയായിരിക്കണം. (12.03.2)
- കീർത്തിയിൽ മുൻനിരയിലുള്ളതും നൂതന ബോധരീതികളും അക്കാദമിക പരീക്ഷാ പരിഷ്കാരങ്ങളും നടപ്പിലാക്കുന്നതും സോദ്ദേശ്യതയോടെയുള്ള ഗവേഷണവും എക്സ്റ്റൻഷൻ പ്രവർത്തനങ്ങളും നടത്തിവരുന്നതുമായ സർവ്വകലാശാലയായിരിക്കണം.(12.03.3)

- യു.ജി.സി.-യും മറ്റ് സ്റ്റാറ്റ്യൂട്ടറി/റെഗുലേറ്ററി ഏജൻസികളും നിഷ്കർഷിക്കുന്ന നിലവാരം ഫാക്കൽറ്റിയുടെ യോഗ്യതയുടെ കാര്യത്തിലും ബോധന പ്രക്രിയയിലും മെറിറ്റ് അടിസ്ഥാനത്തിലുള്ള വിദ്യാർത്ഥികളുടെ പ്രവേശനത്തിലും പാലിക്കുകയും/നിലനിർത്തുകയും ചെയ്യുന്ന സർവ്വകലാശാലയായിരിക്കണം. സർവ്വകലാശാലയിലെ ഫീസ് ഘടന ന്യായമായതായിരിക്കണം. (12.03.4 )
- നിലവിൽ സർവ്വകലാശാലയ്ക്ക് NAAC-ന്റെ ഏറ്റവും ഉയർന്ന ഗ്രേഡ് ഉണ്ടായിരിക്കണം. (12.03.6)
- ഓഫ്-ക്യാമ്പസ് സെന്ററുകൾ/ഓഫ്-ഷോർ ക്യാമ്പസ് ആരംഭിക്കുന്നതിന് ഫ്രാഞ്ചൈസി എഗ്രിമെന്റ് ഉണ്ടാക്കാൻ പാടില്ല.(12.03.8)

(ബി) സർക്കാരിൽ അപേക്ഷ ലഭിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## സ്വകാര്യ സർവ്വകലാശാല

259(1820) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാല സ്ഥാപിക്കുവാൻ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സ്വകാര്യ സർവ്വകലാശാലകൾ സ്ഥാപിക്കുന്നതോടുകൂടി ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉണ്ടാകുന്ന നേട്ടങ്ങളും കോട്ടങ്ങളും സംബന്ധിച്ച് പഠനം നടത്തിയിരുന്നോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാല സ്ഥാപിക്കുവാൻ അപേക്ഷകൾ ലഭിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് രണ്ടാം ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കാലത്ത് പ്രൊഫ. സിറിയക് തോമസ് അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പരിശോധിച്ചുവരുന്നു.

## സർവ്വകലാശാലകളുടെ പ്രവർത്തനം

260(1821) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അത് തൃപ്തികരമായിരുന്നോ;

(ബി) സംസ്ഥാന സർവ്വകലാശാലകളുടെ അക്കാഡമിക് പ്രോഗ്രാമുകൾ പരസ്പരം അംഗീകരിക്കുന്നതിനും തുല്യത കല്പിക്കുന്നതിനുമുള്ള തീരുമാനം എടുത്തിട്ടുണ്ടോ; അറിയിക്കുമോ;

(സി) സർവ്വകലാശാലകളുടെ വിവിധ ബിരുദ-ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കുന്നവർക്ക് ഉണ്ടാകേണ്ട കഴിവുകൾ എന്തൊക്കെയെന്ന് ജനങ്ങളെ അറിയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ പല സർവ്വകലാശാലകളിലും സമയത്ത് പരീക്ഷ നടത്താത്തതും ഫലപ്രഖ്യാപനം നടത്തുന്നതിൽ ഉണ്ടാകുന്ന കാലവിളംബവും വിദ്യാർത്ഥികൾക്ക് ഉണ്ടാക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് പരീക്ഷകൾ യഥാസമയം നടത്തി റിസൽട്ട് പ്രസിദ്ധീകരിക്കുന്നതിന് സർവ്വകലാശാലകൾക്ക് നിർദേശം നൽകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പൊതുവായ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ കൗൺസിലും സർവ്വകലാശാല അധികാരികളും കൂട്ടായും വെവ്വേറെയും ചർച്ച ചെയ്ത് ആവശ്യമായ വിലയിരുത്തലുകൾ നടത്തുന്നുണ്ട്. സർവ്വകലാശാലകളുടെ പ്രവർത്തന നേട്ടങ്ങൾ വിലയിരുത്തി 'ചാൻസലേർസ് അവാർഡും' നൽകിവരുന്നു.

(ബി) അതെ. 3-11-2018-ലെ ജി.ഒ. (എം.എസ്)നമ്പർ 272/2018/ ഉവിവ. ഉത്തരവ് പ്രകാരം സംസ്ഥാന സർവ്വകലാശാലകളുടെ അക്കാദമിക് പ്രോഗ്രാമുകൾ പരസ്പരം അംഗീകരിക്കുന്നതിനും തുല്യത കല്പിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കുവാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്ന ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജ്വേറ്റ് ആട്രിബ്യൂട്ട്സിനും ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനുള്ള നടപടികൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് സിലബസിലും കരിക്കുലത്തിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഇതിനായുള്ള പരിശീലനം സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് കൗൺസിൽ നൽകിവരികയാണ്. കേരള, മഹാത്മാഗാന്ധി, കുസാറ്റ്, സംസ്കൃത, സാങ്കേതിക സർവ്വകലാശാലകൾക്കായുള്ള പരിശീലന പരിപാടികൾ നടന്നുകഴിഞ്ഞു. കാലിക്കട്ട്, കണ്ണൂർ സർവ്വകലാശാലകൾക്കായുള്ള പരിശീലന പരിപാടികൾകൂടി നടന്നുകഴിയുന്നതോടെ ഈ പ്രവർത്തനത്തിന്റെ ആദ്യഘട്ടം പൂർത്തിയാകും.

(ഡി) ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ പ്രവേശന നടപടികൾ മുതൽ പരീക്ഷാഫലം സർട്ടിഫിക്കറ്റ് വിതരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ എല്ലാ സർവ്വകലാശാലകളിലും നിശ്ചയിക്കപ്പെട്ട കലണ്ടർ പ്രകാരം നടക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ സമഗ്രമായ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുമ്പോൾ എല്ലാ സർവ്വകലാശാലകളിലും ഏകീകൃത സ്വഭാവം കൈവരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## സർവ്വകലാശാലകളിലെ പരീക്ഷാനടത്തിപ്പും ഫലപ്രഖ്യാപനവും

261(1822) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ കോഴ്സുകളുടെ പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും അനിശ്ചിതമായി നീളുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർവ്വകലാശാലകളിലെ ബിരുദ, ബിരുദാനന്തര പരീക്ഷാ നടത്തിപ്പ് സമഗ്രമായി പരിഷ്കരിക്കുന്നതിനും മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും സമയബന്ധിതവും ഏകീകൃതവും ആക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പരീക്ഷാഫലം പ്രഖ്യാപിക്കുന്ന മുറയ്ക്ക് മാർക്ക് ലിസ്റ്റുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും പൊതുവെ പരീക്ഷാകലണ്ടറിനനുസൃതമായാണ് നടന്നുവരുന്നത്. അസ്വാഭാവികമായ കാലതാമസം ഉണ്ടാകാറില്ല.

(ബി&സി) ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ പ്രവേശന നടപടികൾ മുതൽ പരീക്ഷാഫലം, സർട്ടിഫിക്കറ്റ് വിതരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ എല്ലാ സർവ്വകലാശാലകളിലും നിശ്ചയിക്കപ്പെട്ട കലണ്ടർ പ്രകാരം നടക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ സമഗ്രമായ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ എടുത്തുകഴിഞ്ഞു. ടി പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുമ്പോൾ എല്ലാ മേഖലയിലും ഏകീകൃത സ്വഭാവം കൈവരിക്കാനാകുമെന്ന് കരുതുന്നു.

**യൂണിവേഴ്സിറ്റികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**

262(1823) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ ആരംഭിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി)യൂണിവേഴ്സിറ്റികളുടെ നിലവാരത്തകർച്ചയ്ക്കുള്ള കാരണങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) മാറിയ കാലത്തിനനുസരിച്ചുള്ള കോഴ്സുകളും പഠന സൗകര്യവും യൂണിവേഴ്സിറ്റികളിൽ ഏർപ്പെടുത്തി ഇവയെ ലോകനിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ - സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായ സർവ്വകലാശാലകൾ മികച്ച വിദ്യാഭ്യാസ ആശയങ്ങളോടും സമ്പ്രദായങ്ങളോടും കൂടിയുള്ളതാകണമെന്ന ലക്ഷ്യം മുൻനിർത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

വിദ്യാർത്ഥി പ്രവേശനം, പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്ക് ഒരു ഏകീകൃത രൂപം കൈവരുത്തുന്നതിനായി ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ സർവ്വകലാശാലകളിൽ റൂസ പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കേരള സംസ്ഥാന ഉന്നത വിദ്യഭ്യാസ കൗൺസിൽ ശിപാർശയുടെ അടിസ്ഥാനത്തിൽ 2009-10 അക്കാദമിക് വർഷം മുതൽ സംസ്ഥാനത്ത് ബിരുദതലത്തിൽ സി.ബി.സി.എസ്.എസ്. (Choice Based Credit Semester System) സമ്പ്രദായം നടപ്പിലാക്കിയിരുന്നു. അക്കാദമിക ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഈ മാറ്റം കാരണമായിട്ടുണ്ടെന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്. കേരളത്തിലെ സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു പദ്ധതി കിഫ്ബി മുഖേന ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. 'കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ സെന്റർ ഓഫ് എക്സലൻസ് ഇൻ അക്കാദമിക് ആന്റ് റിസർച്ച്' എന്ന മികവിന്റെ കേന്ദ്രമാക്കുന്നതിന് 29-4-2017-ലെ സ.ഉ. (സാധാ)നമ്പർ 807/2017/ഉവിവ പ്രകാരം 240.9 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതിയും എം.ജി. സർവ്വകലാശാലയ്ക്ക് 19-6-2018-ലെ സ.ഉ. (സാധാ)നമ്പർ 1189/2018/ഉവിവ പ്രകാരം 132.75 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

ഒപ്പം മറ്റ് സർവ്വകലാശാലകളെക്കൂടി 'സെന്റർ ഓഫ് എക്സലൻസ് ഇൻ അക്കാദമിക് ആന്റ് റിസർച്ച്' എന്ന മികവിന്റെ കേന്ദ്രമാക്കുന്നതിനുള്ള പദ്ധതിയുടെ രൂപരേഖയും തയ്യാറാക്കുന്നുണ്ട്.

## യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾ

263(1824) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി എന്തെല്ലാം സൗകര്യങ്ങൾ നൽകിവരുന്നു എന്ന് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പല യൂണിവേഴ്സിറ്റികളിലും പല രീതിയിലാണ് ഇവ നൽകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ഫീസിളവ്, ഗ്രേസ് മാർക്ക്, പരീക്ഷയ്ക്ക് അധിക സമയം, പകർപ്പെഴുത്തുകാരനെ വയ്ക്കുവാനുള്ള അനുവാദം, പ്രവേശനത്തിന് സംവരണം, രണ്ടാംഭാഷ പഠിക്കുന്നതിൽനിന്നും ഒഴിവാക്കൽ, ശ്രവണസഹായി, പഠനോപകരണങ്ങൾ, ഭിന്നശേഷി സൗഹൃദ ക്യാമ്പസ് (റാമ്പ് സംവിധാനം), ഭിന്നശേഷി സൗഹൃദ ശുചിമുറി, വാഷ്ബേസിൻ, ടോയ്‌ലെറ്റ് എന്നിവിടങ്ങളിൽ ഹാൻഡ് റെയിൽ സ്ഥാപിക്കൽ എന്നീ സൗകര്യങ്ങൾ വിവിധ സർവ്വകലാശാലകളിൽ നൽകിവരുന്നു.

(ബി) വിവിധ യൂണിവേഴ്സിറ്റികൾ വിവിധ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## സർവ്വകലാശാലകൾക്ക് ഹയർ എഡ്യൂക്കേഷൻ ഫിനാൻസ് ഏജൻസിവഴി വായ്പ

264(1825) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകൾ, ദേശീയ പ്രാധാന്യമുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ആവശ്യമുള്ള തുക ഹയർ എഡ്യൂക്കേഷൻ ഫിനാൻസ് ഏജൻസിവഴി വായ്പയായി നൽകുന്നതിനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംസ്ഥാനത്തെ സർവ്വകലാശാലകളെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) യു.ജി.സി. അംഗീകാരമുള്ള സ്ഥാപനങ്ങൾക്ക് കെട്ടിടം, ലബോറട്ടറി, ലൈബ്രറി തുടങ്ങിയവയ്ക്ക് ഗ്രാന്റ് അനുവദിക്കുന്നതിന് പകരം സ്ഥാപനത്തിന്റെ വിജയശതമാനം, ഗവേഷണപ്രവർത്തനം തുടങ്ങി സ്ഥാപനത്തിന്റെ മികവിന്റെ

അടിസ്ഥാനത്തിൽ ഗ്രാന്റ് അനുവദിക്കുവാനുള്ള നീക്കം സർക്കാർ മേഖലയിലും ഗ്രാമീണ മേഖലയിലുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ ദോഷകരമായി ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാരിന്റെ എതിർപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ - ഡി) ഇതുസംബന്ധിച്ച് സർക്കാരിന് നിർദ്ദേശം ലഭിച്ചിട്ടില്ല.

## ഡാം ടെക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ

265(1826) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റി ഡാം ടെക് ഡയറക്ടറുടെ കീഴിൽ ഏതൊക്കെ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്;

(ബി) പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അക്കാഡമിക് കലണ്ടറോ മാസ്റ്റർ ടൈം ടേബിളോ നിലവിലുണ്ടോ;

(സി) ഡാം ടെക് ഡയറക്ടർ പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ച് അടിയന്തരമായി പരിഷ്കരിക്കേണ്ട കാര്യങ്ങളുടെ വിശദവിവരം കേരള യൂണിവേഴ്സിറ്റിക്ക് നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ)

| | | |
|---|---|---|
| 1 | യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് | 6 |
| 2 | യു.ഐ.റ്റി | 29 |
| 3 | കെ.യു.സി.റ്റി | 10 |
| 4 | യു.സി.ഇ. | 1 |

(ബി) ഉണ്ട്.

(സി&ഡി) ഉണ്ട്. ഡാം ടെക് ഡയറക്ടർ നൽകിയ റിപ്പോർട്ട് സ്റ്റാന്റിംഗ് കമ്മിറ്റി ഓഫ് ദി സിൻഡിക്കേറ്റ് ഓൺ ഡിപ്പാർട്ട്മെന്റ് ആൻഡ് അദർ ഇൻസ്റ്റിറ്റ്യൂഷൻസിന്റെ ശിപാർശയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

## കേരള സർവ്വകലാശാല വൈസ് ചാൻസലർക്ക് സർവ്വീസ് കൺസൾട്ടന്റ്

266(1827) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല വൈസ്-ചാൻസലർക്ക് സർവ്വീസ് കൺസൾട്ടന്റിനെ നിയമിക്കുവാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള പ്രത്യേക സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ആരെയാണ് സർവ്വീസ് കൺസൾട്ടന്റായി നിയമിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്നും അദ്ദേഹത്തിന്റെ യോഗ്യതകൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത നിയമനം എപ്രകാരമാണ് നടത്തുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സർവ്വീസ്, നിയമം എന്നീ സംഗതികളെ സംബന്ധിച്ച് ഉപദേശം നൽകാൻ അക്കാര്യങ്ങളിൽ പ്രാഗത്ഭ്യമുള്ള ഒരു വ്യക്തിയെ നിയമിക്കണമെന്ന വൈസ് ചാൻസലറുടെ നിർദ്ദേശം സർവ്വകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ അക്കാദമിക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയും സമയവും നൽകുന്നതിനായി സർവ്വകലാശാലയിൽ ഉയർന്നുവരുന്ന സങ്കീർണ്ണമായും അടിയന്തരമായും സമയബന്ധിതമായും പരിഹാരം കാണേണ്ടതുമായ പ്രശ്നങ്ങളിൽ ഉപദേശം നൽകുന്നതിനുമാണ് പ്രാഗത്ഭ്യമുള്ള ഒരു വ്യക്തിയെ നിയമിക്കുന്ന കാര്യം സിൻഡിക്കേറ്റ് പരിഗണിച്ചത്.

(ബി &സി) തീരുമാനമെടുത്തിട്ടില്ല.

## കേരള സർവ്വകലാശാലയുടെ ഡാം ടെക് ഡയറക്ടർ

267(1828) ശ്രീ. അനിൽ അക്കര :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ ഡാം ടെക് ഡയറക്ടർ സ്ഥാനത്ത് കരാർ അടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്ന വ്യക്തിക്ക് സ്ഥിരനിയമനം

നൽകുന്നതിനായി നിബന്ധനകളിൽ മാറ്റം വരുത്തുവാൻ സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിലാണ് പ്രസ്തുത തീരുമാനം എടുത്തത്;

(സി) സിൻഡിക്കേറ്റ് യോഗത്തിൽ എടുക്കാത്ത ഒരു തീരുമാനം പിന്നീട് മിനിട്സിൽ രേഖപ്പെടുത്തുകയാണ് ഉണ്ടായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് ഉത്തരവാദികൾ ആരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്താൻ 16-11-2018-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം വൈസ്-ചാൻസലറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കേരള സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ കോളേജുകളിലെ തസ്തികകൾ

268(1829) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ സ്വാശ്രയ കോളേജുകളിൽ അദ്ധ്യാപക അനദ്ധ്യാപക തസ്തികകളിൽ നിലവിൽ എത്രപേർ ജോലിചെയ്യുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികകളിൽ എത്ര സ്ഥിരം തസ്തികകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കേരള സർവ്വകലാശാലയുടെ കീഴിലുള്ള ഡയറക്ടറേറ്റ് ഓഫ് മാനേജ്മെന്റ് ടെക്നോളജി ആൻഡ് എഡ്യൂക്കേഷനിലെ ഡയറക്ടർ തസ്തികയെ സ്ഥിരം തസ്തികയാക്കി മാറ്റുന്നതിനും പ്രസ്തുത തസ്തികയ്ക്ക് പ്രൊഫസർക്ക് തുല്യമായ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനും സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനം എടുത്തിട്ടുണ്ടോ ;

(ഡി) പ്രസ്തുത തസ്തികയിൽ അവസാനമായി പ്രവർത്തിച്ചിരുന്ന വ്യക്തിയുടെ യോഗ്യതകൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അദ്ധ്യാപകർ - 365

അനദ്ധ്യാപകർ - 251

(ബി) സ്ഥിരം തസ്തിക - 1

(സി) ഇല്ല.

(ഡി) 1. എം.ബി.എ.

(ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി.)

2. എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ (വിദൂര വിദ്യാഭ്യാസം) (അണ്ണാമല യൂണിവേഴ്സിറ്റി.)

3. മാസ്റ്റർ ഓഫ് കോമേഴ്സ് (കേരള യൂണിവേഴ്സിറ്റി)

4. എം.ഫിൽ (കേരള യൂണിവേഴ്സിറ്റി)

5. പിഎച്ച്.ഡി. കൊമേഴ്സ് (അളഗപ്പ യൂണിവേഴ്സിറ്റി).

**ഉത്തരക്കടലാസുകൾ മഴയിൽ നശിച്ച സാഹചര്യം**

269(1830) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റി മൂല്യനിർണ്ണയത്തിനായി ശേഖരിച്ച ഉത്തരക്കടലാസ്സുകൾ മഴയിൽ നനഞ്ഞ് നശിച്ച സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) ഉത്തരക്കടലാസ്സുകൾ അലക്ഷ്യമായി സൂക്ഷിച്ചതും സമയബന്ധിതമായി മൂല്യനിർണ്ണയ ക്യാമ്പുകൾ നടത്താത്തതുമാണ് ഇതിന് കാരണം എന്നത് വസ്തുതയാണോ;

(സി) ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കുവാനും ഉത്തര ക്കടലാസ്സുകൾ നഷ്ടപ്പെട്ട വിദ്യാർത്ഥികളെ പരിരക്ഷിക്കുന്നതിനും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ടായിട്ടില്ല.

(ബി &സി) ബാധകമല്ല.

## കണ്ണൂർ സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ വിജയശതമാനം

270(1831) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ വിജയശതമാനം പെട്ടെന്ന് കുറയുവാനുണ്ടായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) 2012 മുതൽ 2017 വരെയുള്ള ഓരോ വർഷങ്ങളിലും ബി.എസ്.സി., ബി.കോം. പരീക്ഷകളിലെ വിജയ ശതമാനം എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. 2014-ലെ പുതുക്കിയ റഗുലേഷൻ പ്രകാരം വിദ്യാർത്ഥികൾക്ക് ESA-യ്ക്ക് 40 ശതമാനമായി ഉയർത്തി, അത്രയും മാർക്ക് മിനിമം പാസിന് വേണമെന്ന നിബന്ധന പ്രകാരം പരീക്ഷാഫലത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്.

(ബി)

| വർഷം | ബി.എസ്സ്.സി. | ബി.കോം. |
|---|---|---|
| 2012 | 81.01 | 85.59 |
| 2013 | 83.08 | 82.76 |
| 2014 | 82.52 | 80.05 |
| 2015 | 81.28 | 77.52 |
| 2016 | 82.16 | 76.95 |
| 2017 | 55.67 | 35.74 |

(സി) കണ്ണൂർ യൂണിവേഴ്സിറ്റിക്ക് കീഴിൽ, വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. Choice Based Credit Semester സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ബോർഡ് ഓഫ് സ്റ്റഡീസ്

രൂപീകരിച്ച് പാഠ്യപദ്ധതികൾ തയ്യാറാക്കിവരുന്നു. കൂടാതെ അദ്ധ്യാപക-അനദ്ധ്യാപകർക്കുവേണ്ടി വർക്ക്ഷോപ്പുകൾ, ഓരോ കോഴ്സുകൾക്കും പ്രത്യേകമായി ശില്പശാലകൾ എന്നിവയും നടത്തുവാനുള്ള പദ്ധതികൾ പരിഗണനയിലുണ്ട്. പഠന നിലവാരം ലക്ഷ്യമിട്ട് 'വിഷൻ 2022' എന്ന സമഗ്രപദ്ധതിക്ക് സർവ്വകലാശാല രൂപംകൊടുത്തിട്ടുണ്ട്. അടുത്ത അക്കാദമിക വർഷം മുതൽ യു.ജി./പി.ജി. തലത്തിൽ സിലബസ് പരിഷ്കരണവും ഉദ്ദേശിക്കുന്നുണ്ട്.

## യൂണിവേഴ്സിറ്റി കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ നിയമനം

271(1832) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റികളിലെ കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ കേഡർ സ്ട്രെംഗ്ത്, യൂണിവേഴ്സിറ്റി തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇതിൽ പി.എസ്.എസി. റാങ്ക് ലിസ്റ്റിൽനിന്നും കമ്പ്യൂട്ടർ അസിസ്റ്റന്റുമാരായി ജോലി ചെയ്യുന്നവരുടെ എണ്ണം യൂണിവേഴ്സിറ്റി തിരിച്ച് ലഭ്യമാക്കുമോ;

(സി) യൂണിവേഴ്സിറ്റി കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം യൂണിവേഴ്സിറ്റി തിരിച്ച് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം യൂണിവേഴ്സിറ്റി തിരിച്ച് ലഭ്യമാക്കുമോ;

(ഇ) എ.പി.ജെ. അബ്ദുൾ കലാം യൂണിവേഴ്സിറ്റി, മലയാളം യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽനിന്നും കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ ഒഴിവുകൾ പി.എസ്.സി- ക്ക് റിപ്പോർട്ട് ചെയ്യാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടങ്ങളിൽ യൂണിവേഴ്സിറ്റി കമ്പ്യൂട്ടർ അസിസ്റ്റന്റുമാരെ നിയമിക്കാത്തതിലുള്ള കാരണം വിശദമാക്കുമോ; കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത്, നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായ യൂണിവേഴ്സിറ്റികളിലെ വിവരങ്ങൾ താഴെ കൊടുക്കുന്നു:

| | |
|---|---|
| കേരള സർവ്വകലാശാല | 138 |
| എം.ജി. സർവ്വകലാശാല | 79 |
| കാലിക്കറ്റ് സർവ്വകലാശാല | 124 |
| കുസാറ്റ് | 119 |
| കണ്ണൂർ | 11 |
| എസ്.എസ്.യു.എസ്. | 10 |
| ന്യൂവാൽസ് | 1 |

(ബി)

| | |
|---|---|
| കേരള സർവ്വകലാശാല | 96 |
| എം.ജി. സർവ്വകലാശാല | 59 |
| കാലിക്കറ്റ് സർവ്വകലാശാല | 21 |
| കുസാറ്റ് | 72 |
| കണ്ണൂർ | 3 |
| എസ്.എസ്.യു.എസ്. | 1 |
| ന്യൂവാൽസ് | 1 |

(സി)

| | |
|---|---|
| കേരള സർവ്വകലാശാല | 16 |
| എം.ജി. സർവ്വകലാശാല | 10 |
| കാലിക്കറ്റ് സർവ്വകലാശാല | 1 |
| കുസാറ്റ് | 4 |
| കണ്ണൂർ സർവ്വകലാശാല | 1 |

(ഡി)

| | |
|---|---|
| കുസാറ്റ് | 4 |
| മലയാള സർവ്വകലാശാല | 3 |
| എസ്.എസ്.യു.എസ്. | 2 |

(ഇ) മലയാള സർവ്വകലാശാല, എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ സർവ്വകലാശാല എന്നിവിടങ്ങളിൽ സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ പി.എസ്.സി. വഴി നിയമനം നടത്തിയിട്ടില്ല. കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സർവ്വകലാശാലകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**സർവ്വകലാശാലകളിലെ ലൈബ്രേറിയൻ നിയമനം**

272(T*1833) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലെ വിവിധ തസ്തികകളിലെ നിയമനം പി.എസ്.സി മുഖാന്തരം നടത്തുന്നതിന് നിയമം നിലവിലിരുന്നിട്ടും വിവിധ സർവ്വകലാശാലകളിലെ ലൈബ്രേറിയൻ തസ്തികകളിൽ നാളിതുവരെ പി.എസ്.സി മുഖാന്തരം നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സർവ്വകലാശാലകളിലാണ് ഈ തസ്തികയിലെ നിയമനം ഇനിയും പി.എസ്.സി. മുഖാന്തരം നടത്താത്തത്എന്നും എന്താണ് ഇതിന് കാരണമെന്നും വ്യക്തമാക്കുമോ;

(സി) സർവ്വകലാശാലകളിലെ നിയമനം പി.എസ്.സി.-ക്ക് നൽകിയതിനു ശേഷം കരാർ വ്യവസ്ഥയിലോ മറ്റേതെങ്കിലും വ്യവസ്ഥയിലോ വിവിധ സർവ്വകലാശാലകളിൽ എത്രപേർക്ക് ലൈബ്രേറിയൻ തസ്തികയിൽ നിയമനം നൽകി; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ തസ്തികയിലെ എല്ലാ നിയമനവും പി.എസ്.സി. മുഖാന്തരം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. സർവ്വകലാശാലകളിലെ ലൈബ്രേറിയൻ തസ്തികകൾക്കുള്ള പ്രത്യേക ചട്ടങ്ങൾ നിലവിൽ വന്നിട്ടില്ലാത്തതിനാലാണ് പി.എസ്.സി. മുഖാന്തരം നിയമനം നടത്താത്തത്. സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) സർവ്വകലാശാലകളിലെ നിയമനം പി.എസ്.സി.-ക്ക് നൽകിയതിനു ശേഷം കരാർ/എംപ്ലോയ്മെന്റ് വ്യവസ്ഥയിലും ദിവസ വേതനാടിസ്ഥാനത്തിലും വിവിധ സർവ്വകലാശാലകളിൽ 104 ലൈബ്രേറിയൻമാരെ നിയമിച്ചിട്ടുണ്ട്.

(ഡി) സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകൾക്കുള്ള പ്രത്യേക ചട്ടങ്ങൾ തയ്യാറാക്കുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ആയത് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ലൈബ്രേറിയൻ തസ്തികയിലെ നിയമനവും പി.എസ്.സി. മുഖാന്തരം നടത്തുന്നതാണ്.

## സർവ്വകലാശാലകളിലെ പി.എസ്.സി. നിയമനം

273(1834) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലെ നിയമനം പി.എസ്.സി.വഴി നടത്തുന്നതിന് തീരുമാനിച്ചുകൊണ്ട് എന്നാണ് നിയമം പാസ്സാക്കിയത്; ആയതുപ്രകാരം ഏതെല്ലാം തസ്തികകളിൽ പി.എസ്.സി മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) പി.എസ്.സി.വഴി നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടും നാളിതുവരെ ഏതെല്ലാം തസ്തികകളിൽ ഇത്തരത്തിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലായെന്നത് സർവ്വകലാശാല തിരിച്ച് വിശദാംശം നൽകുമോ;

(സി) ഇപ്രകാരം നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂളുകൾ ആവശ്യമായ തസ്തികകളിൽ ആയത് തയ്യാറാക്കുന്നതിനും പി.എസ്.സി മുഖേന നിയമനം നടത്താൻ നിയമമനുശാസിക്കുന്ന എല്ലാ സർവ്വകലാശാല തസ്തികകളിലും അപ്രകാരം നിയമനം നടത്തുന്നതിനുമാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) 2015 ഡിസംബർ 21-ലെ നമ്പർ 24904/ലെഗ്. ജി2/2015/നിയമം വിജ്ഞാപന പ്രകാരം സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനം പി.എസ്.സി. വഴിയാക്കിയിട്ടുണ്ട്. ആയത് പ്രകാരം യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തിവരുന്നു.

(ബി) യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നിവ ഒഴികെയുള്ള അനദ്ധ്യാപക തസ്തികകളിൽ പി.എസ്.സി.വഴി നിയമനം നടത്തുന്നതിന് സർവ്വകലാശാലകൾ നടപടി സ്വീകരിച്ചിട്ടില്ല.

(സി) യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകൾ ഒഴികെയുള്ള അനദ്ധ്യാപക തസ്തികകൾക്കുള്ള പ്രത്യേക ചട്ടങ്ങൾ തയ്യാറാക്കുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## വിദൂര വിദ്യാഭ്യാസ പദ്ധതിയുടെ ഗുണനിലവാരം

274(1836) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദൂര വിദ്യാഭ്യാസ പദ്ധതിയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിൽ കേരളത്തിലെ ഏതെല്ലാം യൂണിവേഴ്സിറ്റികളിൽ വിദൂര വിദ്യാഭ്യാസ വിഭാഗം പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നത് സർവ്വകലാശാലകളാണ്. വിദൂര വിദ്യാഭ്യാസ പദ്ധതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതടക്കമുള്ള ലക്ഷ്യങ്ങൾക്കായി ഒരു ഓപ്പൺ സർവ്വകലാശാല സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

## ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ദേശീയ പെൻഷൻ പദ്ധതി

275(1837) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഏതൊക്കെ യൂണിവേഴ്സിറ്റികളിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഏതെങ്കിലും സ്ഥാപനങ്ങളിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കാതെ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങളിൽ സർക്കാരിന്റേയോ ധനവകുപ്പിന്റേയോ ശിപാർശ ഇല്ലാതെ ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ മന്ത്രിസഭായോഗ കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള താഴെപ്പറയുന്ന സർവ്വകലാശാലകളിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്:

1. കേരള സർവ്വകലാശാല.
2. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി.
3. കണ്ണൂർ സർവ്വകലാശാല.
4. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി.
5. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.
6. തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല, തിരൂർ.
7. യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്.

(ബി) നാഷണൽ യൂണിവേഴ്സിറ്റി ഓഫ് ലീഗൽ സ്റ്റഡീസ്, എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങളിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(സി) ഇല്ല.

## അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

276(1839) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ് (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) തൊഴിൽ പരിശീലന പദ്ധതിയിലെ കരാർ വ്യവസ്ഥകൾ ലംഘിച്ചുവെന്ന പേരിൽ നാളിതുവരെ എത്ര സർക്കാർ/ സ്വകാര്യ പരിശീലന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) നടപടി സ്വീകരിച്ച പരിശീലന കേന്ദ്രങ്ങൾക്ക് വീണ്ടും ബാച്ച് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഒരു സ്വകാര്യ പരിശീലന സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ച പരിശീലന സ്ഥാപനത്തിന് (ട്രെയിനിംഗ് സർവ്വീസ് പ്രൊവൈഡർ) വീണ്ടും ബാച്ച് അനുവദിച്ചിട്ടില്ല.

**കൊട്ടാരക്കര-കുളക്കട അസാപ്പ് സ്കിൽ പാർക്ക്**

277(1840) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കൊട്ടാരക്കര-കുളക്കടയിലുള്ള അസാപ് സ്കിൽ പാർക്കിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(ബി) സ്കിൽ പാർക്ക് നിർമ്മാണത്തിന് ചെലവഴിക്കേണ്ട തുക എത്രയാണെന്നും പാർക്ക്‌വഴി ലക്ഷ്യമിടുന്ന കാര്യങ്ങളും വിശദമാക്കുമോ;

(സി) പാർക്കിൽ പ്രവർത്തിക്കുന്നതിന് ഏതെങ്കിലും കമ്പനികളുമായി ധാരണയിൽ എത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം 95% പൂർത്തിയായിട്ടുണ്ട്. 31-12-2018-നുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) സ്കിൽ പാർക്ക് നിർമ്മാണത്തിനായി Rs. 12,92,78,364 (പന്ത്രണ്ട് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി എഴുപത്തിയെട്ടായിരത്തി മുന്നൂറ്റി അറുപത്തിനാല്) രൂപ അനുവദിച്ചിട്ടുണ്ട്. സ്കിൽ പാർക്ക് പ്രവർത്തനം ആരംഭിക്കുന്നതോടെ ഓപ്പറേറ്റിംഗ് പാർട്ണർ വഴി വിവിധ നൈപുണ്യ വികസന കോഴ്സുകൾ യോഗ്യതയുള്ളവർക്ക് നൽകുവാനാണ് ലക്ഷ്യമിടുന്നത്.

(സി) Synchroserve Global Solutions എന്ന കമ്പനിയുമായി ധാരണയിലെത്തുകയും രണ്ട് സ്ഥാപനങ്ങളുടെയും സി.ഇ.ഒ.-മാർ തമ്മിൽ 27-11-2018-ൽ ധാരണാപത്രം ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

**ഹജ്ജ് സബ്സിഡി**

278(1841) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്നും ഹജ്ജിന് പോകുന്ന തീർത്ഥാടകർക്ക് സംസ്ഥാന സർക്കാർ എന്തെങ്കിലും സബ്സിഡി കൊടുക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹജ്ജ് സബ്സിഡി ഇനത്തിൽ ചെലവായ തുകയുടെ കണക്കുകൾ നൽകാമോ;

(സി) ഹജ്ജ് സബ്സിഡി നൽകുന്നതിന് കേന്ദ്രസർക്കാർ തുക അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേരളത്തിൽനിന്നും ഹജ്ജിന് പോകുന്ന തീർത്ഥാടകർക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകുന്നില്ല.

(സി) ഹജ്ജ് സബ്സിഡിയിനത്തിൽ നിലവിൽ കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നില്ല.

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ വായ്പാകുടിശ്ശിക

279(1842) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽനിന്നും മുൻ സർക്കാരിന്റെ കാലത്ത് വിതരണം ചെയ്ത വായ്പയിൽ എത്ര തുകയാണ് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കുടിശ്ശിക ഉണ്ടായിരുന്നത്; ഇതിൽ എത്ര തുക ഈടാക്കിയിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് ആകെ എത്ര തുക വായ്പയായി നൽകിയിട്ടുണ്ട്; പ്രസ്തുത വായ്പയിൽ ആകെ എത്ര തുക കുടിശ്ശികയുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) വായ്പ തിരിച്ചടവിൽ മുൻസർക്കാരിന്റെ കാലത്തെ അപേക്ഷിച്ച് എത്ര ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് വിതരണം ചെയ്തതിൽ 2040 ലോണുകളിലായി ആ സർക്കാർ അധികാരത്തിലിരുന്ന കാലഘട്ടത്തിൽ 1,40,51,168 രൂപ കുടിശ്ശിക ഉണ്ടായിരുന്നു. മേൽപ്പറഞ്ഞ ലോണുകളിലെ ഇപ്പോഴത്തെ ഡിമാന്റ് 24,10,97,829 രൂപ ആണ്. ഇത് രണ്ടുംകൂടി മൊത്തം 25,51,48,997 രൂപയാണ്. ഇതിൽ ഈ ഗവൺമെന്റിന്റെ കാലത്ത് മൊത്തം 16,60,92,696 രൂപ ഈടാക്കിയിട്ടുണ്ട്. നിലവിൽ 8,90,56,301 രൂപ കുടിശ്ശിക ഇനത്തിൽ ഉണ്ട്.

(ബി) 1874 പേർക്കായി 48,75,44,157 രൂപ വിതരണം ചെയ്തിട്ടുണ്ട്. 89,69,029 രൂപ കുടിശ്ശികയുണ്ട്. മൊത്തം തിരിച്ചടവ് തുക 82 ശതമാനം ആണ്.

(സി) മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ച ലോണുകളിലുള്ള തിരിച്ചടവും ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് നൽകിയ ലോണിന്റെ തിരിച്ചടവും താരതമ്യം ചെയ്യുമ്പോൾ 8 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്.

**വയനാട് ജില്ലയിൽ മത്സര പരീക്ഷാ പരിശീലന കേന്ദ്രം**

280(1843) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ മത്സര പരീക്ഷാ പരിശീലന കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വയനാട് ജില്ലയിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ എവിടെയെല്ലാമാണ് മത്സര പരീക്ഷാ പരിശീലന കേന്ദ്രം ഉള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മാനന്തവാടി മണ്ഡലത്തിൽ ഉടനെ ന്യൂനപക്ഷ പരിശീലനകേന്ദ്രം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(ബി) ഇപ്പോൾ വയനാട് ജില്ലയിൽ കൽപ്പറ്റയിലാണ് പരിശീലനകേന്ദ്രം പ്രവർത്തിക്കുന്നത്.

**കോതമംഗലം മണ്ഡലത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് പദ്ധതികൾ**

281(1844) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര പദ്ധതികൾ ആരംഭിച്ചെന്നും എത്ര പദ്ധതികൾ പൂർത്തീകരിച്ചെന്നും വ്യക്തമാക്കാമോ;

(സി) പൂർത്തീകരിച്ചിട്ടില്ലാത്ത പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ഭവനപദ്ധതി, കരിയർഗൈഡൻസ് പദ്ധതി എന്നിവ ജില്ലാ അടിസ്ഥാനത്തിലും മറ്റ് പദ്ധതികൾ സംസ്ഥാനാടിസ്ഥാനത്തിലുമാണ് നടപ്പിലാക്കുന്നത്. ആയതിനാൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പദ്ധതിയുടെ വിവരങ്ങൾ ലഭ്യമല്ല.

(ബി - ഡി) ബാധകമല്ല.

**ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ**

282(1845) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണോ; എങ്കിൽ ഒരു സ്വകാര്യ ബാങ്കിൽനിന്നും പ്രസ്തുത സ്ഥാപനത്തിലേക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത് ഏത് ചട്ടപ്രകാരമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കോർപ്പറേഷനിൽനിന്നും ലോൺ എടുത്ത് മുടക്കിയവർ എത്രയാണ്; എത്ര കോടി രൂപയാണ് ഇത്തരത്തിൽ പിരിഞ്ഞുകിട്ടാനുള്ളത്;

(സി) ലോണെടുക്കുന്നവരുടെ രാഷ്ട്രീയ ചായ്‌വ് ലോൺ നൽകുന്ന വേളയിൽ കോർപ്പറേഷൻ പരിശോധിക്കാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ ലോണെടുത്ത് തിരിച്ചടയ്ക്കാത്ത ആളുകൾ ഒരു രാഷ്ട്രീയ പാർട്ടിയിൽ ഉൾപ്പെട്ടവരാണെന്ന വകുപ്പുമന്ത്രിയുടെ വെളിപ്പെടുത്തൽ എന്ത് വസ്തുതകളുടെ അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതമായ ഒരു സർക്കാർ കമ്പനിയാണ്; KS&SSR-ലെ വ്യവസ്ഥകൾ പ്രകാരമാണ് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത്.

(ബി) 30-9-2018 വരെയുള്ള കോർപ്പറേഷന്റെ കണക്കനുസരിച്ച് വായ്പ മുടക്കിയ 959 പേരിൽ നിന്നായി 876,93,503 രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(സി) നിലവിലുള്ള കോർപ്പറേഷൻ ബോർഡ് രാഷ്ട്രീയ ചായ്‌വ് പരിശോധിക്കാറില്ല.

(ഡി) ബാധകമല്ല.

## നിലമ്പൂർ മണ്ഡലത്തിൽ ന്യൂനപക്ഷ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

283(1846) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലമ്പൂർ നിയോജകമണ്ഡലത്തിൽ ന്യൂനപക്ഷ വിധവകൾക്കുള്ള വീട് ഉൾപ്പെടെ ന്യൂനപക്ഷ ക്ഷേമവകുപ്പ് നടപ്പിലാക്കിയ പദ്ധതികളും വിതരണം ചെയ്ത സഹായധനങ്ങളും ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ അനുമതി നൽകിയിട്ടുള്ള പദ്ധതിയും തുകയും വ്യക്തമാക്കാമോ?

ഉത്തരം

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ഭവന പദ്ധതി, കരിയർ ഗൈഡൻസ് പദ്ധതി എന്നിവ ജില്ലാ അടിസ്ഥാനത്തിലും മറ്റ് പദ്ധതികൾ സംസ്ഥാനാടിസ്ഥാനത്തിലുമാണ് നടപ്പിലാക്കുന്നത്. ആയതിനാൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പദ്ധതിയുടെ വിവരങ്ങൾ ലഭ്യമല്ല.

(ബി) കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) പദ്ധതിയും സംസ്ഥാന സർക്കാരിന്റെ കുടിവെള്ള പദ്ധതിയുമാണ് ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്നത്. ആയതിന് യഥാക്രമം 25 കോടി രൂപയും 4.5 കോടി രൂപയും ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ നിയമനം

284(1847) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഹെഡ്ഡ് ഓഫീസിലും റീജിയണൽ ഓഫീസിലും മുൻസർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ട എത്ര ജീവനക്കാരെ ഈ സർക്കാർ അധികാരത്തിൽവന്നശേഷം പിരിച്ചുവിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം തസ്തികകളിൽ ജോലി നോക്കിയിരുന്ന ഏതെല്ലാം ജീവനക്കാരെ ഏതെല്ലാം തീയതികളിലാണ് പിരിച്ചുവിട്ടിട്ടുള്ളത് എന്നതിന്റെ വിശദാംശം നൽകുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പ്രസ്തുത കോർപ്പറേഷന്റെ ഹെഡ്ഡ് ഓഫീസിലും റീജിയണൽ ഓഫീസുകളിലും എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം തസ്തികകളിൽ ഏതെല്ലാം ജീവനക്കാരെ ഏതെല്ലാം തീയതികളിലാണ് നിയമിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം നൽകുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഓഫീസുകളിൽ ഏതെങ്കിലും തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ടോ;എങ്കിൽ ഏത് തീയതി മുതലാണ് ഒഴിവുകൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; അവിടെ പുതിയതായി ഏതെങ്കിലും തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സേവന ഉടമ്പടി കാലാവധി കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ പിരിഞ്ഞുപോയവരുടെ വിവരം താഴെ പറയും പ്രകാരമാണ്.

| നമ്പർ | തസ്തിക | എണ്ണം | തീയതി | പേര് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | കമ്പനി സെക്രട്ടറി | 1 | 11-4-2018 | അബ്ദുറഹിമാൻ ഇർഷാദ് |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | ഡെപ്യൂട്ടി മാനേജർ | 1 | 7-11-2017 | മോഹനൻ പി. 7-11-2017-ന് ഇയാളുടെ രാജി അംഗീകരിച്ചു. |
| 3 | ക്ലർക്ക് കം കമ്പ്യൂട്ടർ ഓപ്പറേറ്റർ/ജൂനിയർ അസിസ്റ്റന്റ് | 8 | 9-12-2016<br>1-1-2017<br>21-2-2017<br>1-12-2016<br>31-1-2018<br>31-1-2018<br>31-1-2018<br>31-1-2017<br>25-11-2016 | ഉമ്മർ ഷഹബാസ്.കെ<br>ആഷിക്ക്. പി<br>അനൂപ് കൃഷ്ണൻ. എൻ<br>അബ്ദുൾ ഹാദി.എ<br>ഷാഹിന. കെ. എ.<br>ഫാത്തിമത്ത് സുഹ്റ<br>ഹംസത്തലി. എ. കെ.<br>ഷഹീദ്. കെ<br>അബ്ദുൾ ഹക്കീം (ദിവസ വേതനം) |
| 4 | ഓഫീസ് അറ്റന്റന്റ്/പ്യൂൺ | 3 | 2-1-2017<br>31-1-2018<br>31-1-2018 | ഫവാസ്. പി. പി<br>റെബി. കെ. എ.<br>സീന കെ. എസ് (ദിവസ വേതനം) |
| 5 | ഡ്രൈവർ | 1 | 31-10-2016 | മുഹമ്മദ് അഫ്സൽ. എം |
| 6 | സെക്ഷൻ ഓഫീസർ | 1 | 18-12-2016 | ജംഷാദ് സി.എച്ച് |

കരാർ കാലാവധി അവസാനിക്കുന്ന മുറക്ക് പിരിഞ്ഞുപോകുന്നതിനാൽ പ്രത്യേകം ഉത്തരവുകൾ പുറപ്പെടുവിക്കാറില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോർപ്പറേഷനിൽ നിയമിച്ച ജീവനക്കാരുടെ പേര്, തസ്തികയുടെ പേര്, എണ്ണം, തീയതി എന്നിവ താഴെ ചേർക്കുന്നു:

| നമ്പർ | തസ്തിക | എണ്ണം | തീയതി | പേര് |
|---|---|---|---|---|
| 1 | ജനറൽ മാനേജർ | 1 | 12-10-2018 | കെ.ടി.അദീബ് 19-11-2018-ന് വിടുതൽ ചെയ്തു. |
| 2 | ഡെപ്യൂട്ടി മാനേജർ | 6 | 1-2-2017<br>1-2-2017<br>1-2-2017<br><br><br>1-2-2017<br>1-2-2017<br>7-10-2017 | റിജാസ് ഹാരിത്ത് വി.എച്ച്<br>ബിന്ദിത. വി<br>മോഹനൻ. പി<br>7-11-2017-ന് ഇയാളുടെ രാജി അംഗീകരിച്ചു.<br>ഷിഹാസ്. എ.കെ<br>അനസ്. വി. പി.<br>ഷംസുദ്ദീൻ. എം. കെ. |
| 3 | സെക്ഷൻഓഫീസർ | 1 | 1-2-2017 | അനുജ |
| 4 | സീനിയർ അസിസ്റ്റന്റ് | 1 | 1-2-2017 | ലിനി. പി. ജെ |
| 5 | ജൂനിയർ അസിസ്റ്റന്റ്/ക്ലർക്ക് കം കമ്പ്യൂട്ടർ ഓപ്പറേറ്റർ | 8 | 1-2-2018<br>1-2-2018<br>1-2-2018<br>1-2-2018<br>1-2-2018<br>1-2-2018<br>1-2-2018<br>1-2-2018 | വൈശാഖ്. പി.<br>ഷാനിബ<br>സ്നീഷ്മ<br>മല്ലിക ബിഗം. എസ്.<br>സുജിത്. എസ്. ടി<br>ബബിജ. കെ<br>മുഹമ്മദ്ഷാനിർ. വി.വി<br>മുഹമ്മദ് ഷരീഫ്. സി.എ |
| 6 | ഓഫീസ് അറ്റന്റന്റ്/പ്യൂൺ | 5 | 1-2-2018<br>1-2-2018<br>1-2-2018<br>1-2-2018<br>9-1-2017 | രജില. പി<br>ജഷിന. കെ<br>അബ്ദുൾ കരീം. കെ<br>മുജീബ്. പി<br>യാക്കൂബ് (ഡെപ്യൂട്ടേഷൻ) |
| 7 | ഡ്രൈവർ കം പ്യൂൺ | 1 | 1-12-2017 | മുസ്തഫ. സി |

ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കോർപ്പറേഷനിലെ ഒഴിവുള്ള തസ്തികകളുടെ പേരും വിവരവും താഴെ ചേർക്കുന്നു.

| നമ്പർ | തസ്തിക | നിയമന രീതി | ഒഴിവ് വന്ന തീയതി |
|---|---|---|---|
| 1 | കമ്പനി സെക്രട്ടറി | കരാർ/ ഡെപ്യൂട്ടേഷൻ | 11-4-2018 |
| 2 | ജനറൽ മാനേജർ | കരാർ/ ഡെപ്യൂട്ടേഷൻ | 20-11-2018 |
| 3 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | കരാർ/ ഡെപ്യൂട്ടേഷൻ | 20-8-2018 |

പുതിയ തസ്തികകൾ ഒന്നും സൃഷ്ടിച്ചിട്ടില്ല.

## ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷനിലെ മാനേജർ നിയമനം

285(1848) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ തസ്തികയിൽ കോഴിക്കോട് സൗത്ത് ഇൻഡ്യൻ ബാങ്ക് റീജിയണൽ ഓഫീസിലെ സീനിയർ മാനേജർ കെ. ടി. അദീബിനെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ടോ;

(ബി) ഈ നിയമനം സംബന്ധിച്ച് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ ശിപാർശ എന്നാണ് സർക്കാരിന് ലഭിച്ചത്;

(സി) പ്രസ്തുത ശിപാർശയോടൊപ്പം സൗത്ത് ഇൻഡ്യൻ ബാങ്കിൽനിന്നുള്ള നിരാക്ഷേപപത്രം ഉണ്ടായിരുന്നോ; ഇല്ലെങ്കിൽ പ്രസ്തുത നിരാക്ഷേപപത്രം എന്നാണ് സൗത്ത് ഇൻഡ്യൻ ബാങ്കിൽനിന്നും ലഭിച്ചത്; ആരാണ് പ്രസ്തുത നിരാക്ഷേപപത്രം നൽകിയത്;

(ഡി) ബാങ്കിൽനിന്നും നിരാക്ഷേപ പത്രം ലഭിക്കാതെ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ കെ. ടി. അദീബിനെ നിയമിക്കുവാൻ ശിപാർശ നൽകിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 8-10-2018-ലെ ജി.ഒ. (ആർ.ടി) നമ്പർ 6581/2018/GAD ഉത്തരവനുസരിച്ച് നിയമിച്ചിരുന്നു.

(ബി) 11-9-2018.

(സി) ഇല്ല. നിരാക്ഷേപപത്രം 26-9-2018-ലാണ് സൗത്ത് ഇന്ത്യൻ ബാങ്കിൽനിന്നും ലഭിച്ചത്. അസിസ്റ്റന്റ് ജനറൽ മാനേജർ ആണ് നിരാക്ഷേപപത്രം നൽകിയത്.

(ഡി) നിരാക്ഷേപപത്രം ലഭിച്ചതിന് ശേഷമാണ് നിയമിക്കുവാൻ അനുമതി നൽകിയത്.

**കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ നിയമനം**

286(1849) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ജനറൽ മാനേജർ തസ്തികകളിലേയ്ക്ക് നിയമിതരാകുന്നവർക്ക് വിജിലൻസ് ക്ലിയറൻസ് നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ശ്രീ. കെ.ടി.അദീബിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനുമുമ്പ് വിജിലൻസ് ക്ലിയറൻസ് വാങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിയമനത്തിന് മുമ്പ് വിജിലൻസ് ക്ലിയറൻസ് വാങ്ങിയിട്ടില്ല. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ കരാർ

അടിസ്ഥാനത്തിൽ നിയമിതനായ കമ്പനി സെക്രട്ടറി കരാർ കാലവധി കഴിഞ്ഞ് സേവനം വിട്ടുപോവുകയും കമ്പനി സെക്രട്ടറി, ജനറൽ മാനേജർ തസ്തികകൾ ഒഴിഞ്ഞ കിടക്കുന്നതിനെ തുടർന്ന് അഡ്മിനിസ്ട്രേഷൻ, ഫിനാൻസ്, പ്രോജക്ട് മേഖലകളിലുണ്ടായ ഭരണ പ്രതിസന്ധി ഒഴിവാക്കുന്നതിന് 16-7-2018-ന് ചേർന്ന 46-ാമത് ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനറൽ മാനേജർ തസ്തിക നികത്തേണ്ട അടിയന്തരസാഹചര്യം ഉടലെടുക്കുകയും നിയമനം നടത്തുകയുമാണുണ്ടായത്. നിയമനത്തിന് ശേഷം വിജിലൻസ് ക്ലിയറൻസ് ലഭ്യമാക്കാനാണ് ഉദ്ദേശിച്ചത്.

**ജനറൽ മാനേജർ നിയമന പരസ്യം**

287(1850) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ തസ്തികയിലേക്ക് 2016-ൽ അപേക്ഷ ക്ഷണിച്ചിരുന്നോ;

(ബി) ഇതുസംബന്ധിച്ച പരസ്യം ഏതൊക്കെ പത്രങ്ങളിലാണ് നൽകിയത്;

(സി) പത്ര പരസ്യം നൽകാതെ മറ്റ് ഏതെങ്കിലും വിധത്തിലാണ് അറിയിപ്പ് നൽകിയതെങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 25-8-2016-ന് ജനറൽ മാനേജർ തുടങ്ങി ഡ്രൈവർ-കം-പ്യൂൺ വരെ 8 തസ്തികകളിലേക്ക് ഒരുമിച്ച് അപേക്ഷ ക്ഷണിച്ചിരുന്നു.

(ബി&സി) പത്രപ്പരസ്യം നൽകിയിട്ടില്ല. എന്നാൽ കേർപ്പറേഷന്റെ വെബ്സൈറ്റിൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും എല്ലാ പത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നതിന് പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന പത്രക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. കോർപ്പറേഷന് അധിക സാമ്പത്തികബാധ്യത ഉണ്ടാകുന്നത് ഒഴിവാക്കാനാണ് ഇങ്ങനെ ചെയ്തത്.

## സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ

288(1851) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മാനേജരായിരുന്ന ശ്രീ. കെ. ടി. അദീബിനെതിരെ സർക്കാരിന്റെ ഏതെങ്കിലും അന്വേഷണ ഏജൻസിയുടെ റിപ്പോർട്ട് വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ശ്രീ. കെ. ടി. അദീബ് മാനേജർ ആയി സേവനമനുഷ്ഠിച്ച കാലയളവിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും വായ്പ അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) ശ്രീ. കെ. ടി. അദീബിനെ മാനേജർ ആയി നിയമിക്കുന്നതിന് ക്യാബിനറ്റ് തീരുമാനം എടുത്തിരുന്നോ; എങ്കിൽ പ്രസ്തുത ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) കോർപ്പറേഷനിൽ നിലവിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്; സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്ന് എത്ര പേർ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നുണ്ട്; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) വായ്പ അനുവദിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) കോർപ്പറേഷനിൽ സ്ഥിരം ജീവനക്കാരില്ല. ഒരാൾ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നു.

## ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിലെ താത്കാലിക നിയമനങ്ങൾ

289(1852) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ നടത്തിയിട്ടുള്ള താത്കാലിക നിയമനങ്ങളുടെ വിശദവിവരം നൽകുമോ;

(ബി) ഓരോ കാറ്റഗറിയിലും നിയമിച്ചിട്ടുള്ളവരുടെ പേരും തസ്തികയും ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ&ബി)

| നമ്പർ | തസ്തിക | എണ്ണം | തീയതി | പേര് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | മാനേജിംഗ് ഡയറക്ടർ | 1 | 16-8-2016 | വി. കെ. അക്ബർ |
| 2 | കമ്പനി സെക്രട്ടറി | 1 | 18-4-2017 | അബ്ദുറഹിമാൻ ഇർഷാദ് |
| 3 | ജനറൽ മാനേജർ | 1 | 12-10-2018 | കെ. ടി. അദീബ് (ഡെപ്യൂട്ടേഷൻ) (19-11-2018-ന് വിടുതൽ ചെയ്തു) |
| 4 | ഡെപ്യൂട്ടി മാനേജർ | 6 | 1-2-2017<br>1-2-2017<br>1-2-2017<br><br>1-2-2017<br>1-2-2017<br>7-10-2017 | റിജാസ് ഹാരിത്ത് വി. എച്ച്.<br>ബിന്ദിത വി.<br>മോഹനൻ പി.(7-11-2017-ന് ഇയാളുടെ രാജി അംഗീകരിച്ചു.<br>ഷിഹാസ് എ. കെ.<br>അനസ് വി. പി.<br>ഷംസുദ്ദീൻ എം. കെ. |
| 5 | സെക്ഷൻ ഓഫീസർ | 1 | 1-2-2017 | അനൂജ |
| 6 | സീനിയർ അസിസ്റ്റന്റ് | 1 | 1-2-2017 | ലിനി പി. ജെ. |
| 7 | ജൂനിയർ അസിസ്റ്റന്റ്/ക്ലാർക്ക്-കം-കമ്പ്യൂട്ടർ ഓപ്പറേറ്റർ | 8 | 1-2-2018<br>1-2-2018<br>1-2-2018<br>1-2-2018<br>1-2-2018<br>1-2-2018<br>1-2-2018<br>1-2-2018 | വൈശാഖ് പി.<br>ഷാനിബ<br>സ്നീഷ്മ<br>മല്ലിക ബീഗം എസ്.<br>സുജിത് എസ്. ടി.<br>ബബിജ കെ.<br>മുഹമ്മദ് ഷാനിർ വി. വി.<br>മുഹമ്മദ് ഷരീഫ് സി. എ. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 8 | ഓഫീസ് അറ്റന്റന്റ്/പ്യൂൺ | 5 | 1-2-2018<br>1-2-2018<br>1-2-2018<br>1-2-2018<br>9-1-2017 | രജില പി.<br>ജഷിന കെ.<br>അബ്ദുൾ കരീം കെ.<br>മുജീബ് പി.<br>യാക്കൂബ് (ഡെപ്യൂട്ടേഷൻ) |
| 9 | ഡ്രൈവർ-കം-പ്യൂൺ | 1 | 1-12-2017 | മുസ്തഫ സി. |

**ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ നിയമനങ്ങൾ**

290(1853) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ പുതുതായി എത്രപേരെ നിയമിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത നിയമനങ്ങൾ എപ്രകാരമാണ് നടത്തിയത്; ഇതിൽ കരാർ അടിസ്ഥാനത്തിലും, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും, ദിവസവേത നാടിസ്ഥാനത്തിലും നിയമനം ലഭിച്ചവരുടെ വിശദാംശം നൽകുമോ;

(സി) ഈ സ്ഥാപനത്തിൽ പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) 24 പേരെ നിയമിച്ചിട്ടുണ്ട്.

| നമ്പർ | തസ്തിക | എണ്ണം | പേര് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | മാനേജിംഗ് ഡയറക്ടർ | 1 | വി. കെ. അക്ബർ |
| 2 | ജനറൽ മാനേജർ | 1 | കെ. ടി. അദീബ് |
| 3 | ഡെപ്യൂട്ടി മാനേജർ | 6 | റിജാസ് ഹാരിത്ത് വി. എച്ച്.<br>ബിന്ദിത വി.<br>മോഹനൻ പി.<br>ഷിഹാസ് എ. കെ.<br>അനസ് വി. പി.<br>ഷംസുദ്ദീൻ എം. കെ.<br>(ദിവസവേതനം) |
| 4 | സെക്ഷൻ ഓഫീസർ | 1 | അനുജ |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | സീനിയർ അസിസ്റ്റന്റ് | 1 | ലിനി പി.ജെ. |
| 6 | ജൂനിയർ അസിസ്റ്റന്റ്/ക്ലാർക്ക്-കം-കമ്പ്യൂട്ടർ ഓപ്പറേറ്റർ | 8 | വൈശാഖ് പി.<br>ഷാനിബ<br>സ്നീഷ്മ<br>മല്ലിക ബീഗം എസ്.<br>സുജിത് എസ്. ടി.<br>ബബിജ കെ.<br>മുഹമ്മദ് ഷാനിർ വി. വി.<br>മുഹമ്മദ് ഷരീഫ് സി. എ. |
| 7 | ഓഫീസ് അറ്റന്റന്റ്/പ്യൂൺ | 5 | രജില പി.<br>ജഷിന കെ.<br>അബ്ദുൾ കരീം കെ.<br>മുജീബ് പി.<br>യാക്കൂബ് (ഡെപ്യൂട്ടേഷൻ) |
| 8 | ഡ്രൈവർ-കം-പ്യൂൺ | 1 | മുസ്തഫ സി. |

മാനേജിംഗ് ഡയറക്ടറുടെ തസ്തികയിൽ പുനർ നിയമനം, ജനറൽ മാനേജർ, ഓഫീസ് അറ്റന്റന്റ് തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ഒരു ഡെപ്യൂട്ടി മാനേജരുടെ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിലും മറ്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിലുമാണ് നിയമനം നടത്തിയിട്ടുള്ളത്. ഇതിൽ ജനറൽ മാനേജർ തസ്തികയിലുള്ളയാൾ ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് മാതൃ സ്ഥാപനത്തിലേയ്ക്ക് മടങ്ങിപ്പോയിട്ടുണ്ട്. ഡെപ്യൂട്ടി മാനേജർ ആയിരുന്ന ശ്രീ. മോഹനൻ പി. ജോലി രാജിവച്ചിട്ടുണ്ട്.

(സി) ഇല്ല.

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ നിയമനം

291(1854) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തികയ്ക്ക് 2013-ലെ ഉത്തരവ് പ്രകാരം നിശ്ചയിച്ച യോഗ്യതകൾ എന്തൊക്കെയാണ്;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം പ്രസ്തുത യോഗ്യതകളിൽ എന്തെങ്കിലും തരത്തിലുള്ള മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) 2013-ൽ യോഗ്യത നിശ്ചയിച്ചത് ക്യാബിനറ്റിന്റെ അംഗീകാരത്തോടെയായിരുന്നോ; യോഗ്യതകളിൽ പിന്നീട് മാറ്റംവരുത്തുന്നതിന് മുമ്പ് നിയമവകുപ്പിന്റേയോ ധനകാര്യ വകുപ്പിന്റേയോ അംഗീകാരം തേടിയിരുന്നോ; എങ്കിൽ അവരുടെ അഭിപ്രായം എന്തായിരുന്നു;

(ഡി) ഈ സർക്കാരിന്റെ കാലത്ത് യോഗ്യതകളിൽ മാറ്റംവരുത്തുന്നതിനുള്ള ഫയൽ ക്യാബിനറ്റിന്റെ പരിഗണനയിൽ കൊണ്ടുവന്നിട്ടുണ്ടോ; ഇല്ലെങ്കിൽ 2013-ൽ ക്യാബിനറ്റ് അംഗീകരിച്ച ഒരു കാര്യത്തിൽ ക്യാബിനറ്റ് അംഗീകാരം ഇല്ലാതെ മാറ്റം വരുത്തിയത് ഏത് സാഹചര്യത്തിലെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തികയ്ക്ക് 2013-ലെ ഉത്തരവ് പ്രകാരം നിശ്ചയിച്ച യോഗ്യത "Graduate with MBA Preferably specialization in Marketing and Finance or CS/CA/ICWAI with 3 years experience" ആയിരുന്നു.

(ബി) ഉണ്ട്. മികച്ച ഉദ്യോഗാർത്ഥികളെ ലഭിക്കുന്നതിന് വേണ്ടിയാണ്.

(സി) അല്ല; ഇല്ല.

(ഡി) ഇല്ല. യോഗ്യത നിശ്ചയിച്ചത് ക്യാബിനറ്റ് തീരുമാന പ്രകാരമായിരുന്നില്ല. അതിനാൽ യോഗ്യതാ ഭേദഗതിക്ക് ക്യാബിനറ്റ് തീരുമാനം ആവശ്യമുണ്ടായിരുന്നില്ല.

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ഉയർന്ന തസ്തികകൾ

292(1855) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ഉയർന്ന തസ്തികകൾ ഏതെല്ലാമാണ്; 2013-ൽ പ്രസ്തുത തസ്തികകൾക്കായി തീരുമാനിച്ച യോഗ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) 2013-ൽ തീരുമാനിച്ച യോഗ്യതകളിൽ ഏതിലെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളുടെ യോഗ്യതകളിലാണ് മാറ്റം വരുത്തിയിട്ടുള്ളത്; ഇപ്രകാരം മാറ്റം വരുത്തുവാൻ കോർപ്പറേഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ജനറൽ മാനേജരുടെ യോഗ്യതയിൽ മാറ്റംവരുത്തണമെന്നാവശ്യപ്പെട്ട് വകുപ്പ് സെക്രട്ടറിക്ക് ആരെങ്കിലും കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരം നൽകുമോ;

(ഡി) പുതുതായി ചേർത്ത യോഗ്യതയായ ബി-ടെക്, പി.ജി.ഡി.ബി.എ. എന്നിവയുടെ അടിസ്ഥാനത്തിൽ 2016-ൽ അപേക്ഷിച്ചവരുടെ പേരും വിശദവിവരവും നൽകുമോ?

ഉത്തരം

(എ) 29-6-2013-ലെ ഉത്തരവ് പ്രകാരം ജനറൽ മാനേജർ, കമ്പനി സെക്രട്ടറി, ഡെപ്യൂട്ടി മാനേജർ (Finance & Accounts) എന്നിവയാണ് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ഉയർന്ന തസ്തികകൾ. പ്രസ്തുത തസ്തികകൾക്കായി തീരുമാനിച്ച യോഗ്യതകൾ താഴെപ്പറയും പ്രകാരമാണ്.

ജനറൽ മാനേജർ - Graduate with MBA preferably specialization in Marketing and Finance or CS/CA/ICWAI with 3 years experience.

കമ്പനി സെക്രട്ടറി - M.Com. Degree, Associate Member of Company Secretaries of India, Degree of Law Preferably (3 years experience)

ഡെപ്യൂട്ടി മാനേജർ (Finance & Accounts) - Graduate with CA (inter), ICWAI (inter) or MBA/M.Com.

5 years experience with minimum 3 years experience in Financial Institutions or any reputed Institutions. Preference may be given to candidates having experience in Government Financial or micro finance institutions or reputed Institutions.

(ബി) ഉണ്ട്. ജനറൽ മാനേജർ തസ്തികയുടെ യോഗ്യതയിലാണ് മാറ്റം വരുത്തിയിട്ടുള്ളത്. ജനറൽ മാനേജർ തസ്തികയുടെ യോഗ്യതയിൽ മാറ്റം വരുത്തുവാൻ കോർപ്പറേഷൻ സർക്കാരിനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടില്ല.

(സി) കത്ത് നൽകിയിട്ടില്ല. എന്നാൽ 28-7-2018-ലെ 322/16/M-LSGD നമ്പർ പ്രകാരം കുറിപ്പ് നൽകിയിട്ടുണ്ട്.

(ഡി)

| നമ്പർ | പേര് | യോഗ്യത |
|---|---|---|
| 1 | സജാത് മുഹമ്മദ് | ബി.കോം, എം.ബി.എ. |
| 2 | ഷഹീർ കാലടി | ബി.കോം, എം.കോം, എം.ബി.എ. |
| 3 | ബാബു വി. | ബി.എ., എം.എ., പി.ജി.ഡി.ബി.എ. |
| 4 | അദീബ് കെ. ടി. | ബി.ടെക്., പി.ജി.ഡി.ബി.എ. |
| 5 | റിജാസ് ഹാരിത്ത് | ബി.കോം, എം.ബി.എ., ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ |
| 6 | അനസ് വി. പി. | ബി.ബി.എ., എം.ബി.എ. |
| 7 | മോഹനൻ പി. | ബി.എ., എം.ബി.എ. |

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ നിയമനം

293(1856) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. അനിൽ അക്കര:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ തസ്തികയിൽ ഈ സർക്കാർ നിലവിൽ വന്നശേഷം ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണെന്നും അദ്ദേഹത്തിന്റെ യോഗ്യതകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഏത് രീതിയിലാണ് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്തിയതെന്ന് അറിയിക്കുമോ; ഇതിനായി പത്രങ്ങളിൽ പരസ്യം നൽകിയിരുന്നോ; എങ്കിൽ ഏതൊക്കെ പത്രങ്ങളിലെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിച്ചവർ ആരൊക്കെയാണെന്നും ഇവരുടെ യോഗ്യതകൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(ഡി) ഇതിൽ എത്ര പേർ ഇന്റർവ്യൂവിൽ പങ്കെടുത്തുവെന്നും ആരൊക്കെയാണ് പങ്കെടുത്തതെന്നും വ്യക്തമാക്കുമോ;

(ഇ) ഇന്റർവ്യൂവിൽ പങ്കെടുക്കാത്ത ഏതെങ്കിലും വ്യക്തിയെ ജനറൽ മാനേജരായി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യമെന്തായിരുന്നുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 8-10-2018-ലെ സ.ഉ. (സാധാ.) നമ്പർ 6581/2018/പൊ.ഭ.വ. പ്രകാരം ശ്രീ. കെ. ടി. അദീബിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജനറൽ മാനേജരായി നിയമിച്ചിരുന്നു. അദ്ദേഹത്തിന്റെ യോഗ്യത ബി.ടെക്., പി.ജി.ഡി.ബി.എ.-യും 10 വർഷത്തെ ബാങ്കിംഗ് മേഖലകളിലെ പ്രോജക്ട്, ഫിനാൻസ്, മൈക്രോഫിനാൻസ് എന്നിവയിലെ പ്രവൃത്തിപരിചയവുമാണ്.

(ബി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തിയത്. കേരളത്തിലെ എല്ലാ പത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നതിന് പി.ആർ.ഡി. മുഖേന പത്രക്കുറിപ്പ് നൽകിയിരുന്നു. കൂടാതെ കോർപ്പറേഷന്റെ വെബ്സൈറ്റിലും വിവരങ്ങൾ ലഭ്യമാക്കിയിരുന്നു. ചന്ദ്രിക, മാധ്യമം, ദേശാഭിമാനി എന്നീ പത്രങ്ങളിൽ വാർത്താക്കുറിപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി)

| നമ്പർ | പേര് | യോഗ്യത |
|---|---|---|
| 1 | സജാത് മുഹമ്മദ് | ബി.കോം, എം.ബി.എ. |
| 2 | ഷഹീർ കാലടി | ബി.കോം, എം.കോം, എം.ബി.എ. |
| 3 | ബാബു വി. | ബി.എ., എം.എ., പി.ജി.ഡി.ബി.എ. |
| 4 | അദീബ് കെ.ടി. | ബി.ടെക്., പി.ജി.ഡി.ബി.എ. |
| 5 | റിജാസ് ഹാരിത്ത് | ബി.കോം, എം.ബി.എ., ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ |
| 6 | അനസ് വി.പി. | ബി.ബി.എ., എം.ബി.എ. |
| 7 | മോഹനൻ പി. | ബി.എ., എം.ബി.എ. |

(ഡി) ഇന്റർവ്യൂവിൽ 3 പേർ പങ്കെടുത്തു. പങ്കെടുത്തവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

(1) അനസ് വി. പി.

(2) മോഹനൻ പി.

(3) സജാത് മുഹമ്മദ്

(ഇ) ഉണ്ട്. യോഗ്യതയുള്ളവരാരും ഇൻർവ്യൂവിൽ പങ്കെടുക്കാതിരുന്നതിനെത്തുടർന്ന് വിജ്ഞാപനപ്രകാരമുള്ള സെലക്ഷൻ നടപടികളെല്ലാം ഡയറക്ടർ ബോർഡ് അവസാനിപ്പിക്കുകയും കമ്പനി സെക്രട്ടറി കരാർ കാലാവധി കഴിഞ്ഞു ഒഴിവാകുകയും ചെയ്ത ഘട്ടത്തിൽ, ജനറൽ മാനേജർ തസ്തികയിലേയ്ക്കുള്ള നിയമനം അടിയന്തരമായി നടത്തേണ്ട സാഹചര്യമുണ്ടാകുകയും ധനകാര്യ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന യോഗ്യതയുള്ള ഒരാളെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനായി കണ്ടെത്തുന്നതിന് ഡയറക്ടർ ബോർഡ് യോഗം ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന് മാനേജിംഗ് ഡയറക്ടർ ശിപാർശ ചെയ്ത് നൽകിയ നിർദ്ദേശം പരിഗണിച്ച് സർക്കാർ ജനറൽ മാനേജർ തസ്തികയിലേയ്ക്കുള്ള നിയമനം നടത്തുകയുമാണുണ്ടായത്.

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽനിന്നുള്ള വായ്പ

294(1857) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും അനുവദിക്കുന്ന ധനസഹായവും വായ്പകളും എന്തൊക്കെയാണ്; ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദീകരിക്കുമോ;

(ബി) ഈ സ്ഥാപനത്തിൽനിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കാതിരുന്നാൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; എത്ര മാസം കുടിശ്ശികയായാലാണ് നടപടി സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) നിലവിൽ വായ്പയെടുത്ത് ദീർഘകാലം കുടിശ്ശിക വരുത്തിയ ആളുകളുടെ പേരുവിവരവും തുകയും ലഭ്യമാക്കുമോ;

(ഡി) സ്ഥാപനത്തിലെ ഉന്നത സ്ഥാനത്തിരിക്കുന്ന ആൾതന്നെ സ്വന്തം പേരിൽ അവിടെനിന്നും സ്വയം വായ്പ അനുവദിച്ച് കൈപ്പറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഇ) ഇതിനെതിരെ നിയമപരമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ആദ്യഘട്ടത്തിൽ വായ്പ എടുത്ത വ്യക്തിയെ ടെലിഫോണിലൂടെ വിവരം അറിയിക്കുക, നോട്ടീസ് നൽകുക, ജാമ്യക്കാരന് നോട്ടീസ് നൽകുക, നേരിട്ട് ചെന്ന് കണ്ട് കാര്യങ്ങൾ വിശദീകരിച്ച് കൊടുക്കുക എന്നിങ്ങനെയുള്ള നടപടികളാണ് നടത്തിവരുന്നത്. കോർപ്പറേഷനിൽ നിലവിൽ 6 മാസം കുടിശ്ശിക വരുത്തുന്നവർക്കെതിരെയാണ് പ്രധാനമായും നടപടി സ്വീകരിക്കുന്നത്. ഇപ്പോൾ ആർ.ബി.ഐ. മൂന്ന് മാസമായി ചുരുക്കിയിട്ടുണ്ട്. ഈ നടപടികൾ ഫലപ്രദമായില്ലെങ്കിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണ്.

(സി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ഡി) കോർപ്പറേഷൻ എം.ഡി. ആയിരുന്ന മുഹമ്മദ് ഹനീഫ പെരിഞ്ചേരി, ഉദ്യോഗസ്ഥ വായ്പാ പദ്ധതി പ്രകാരം 5 ലക്ഷം രൂപയുടെ വായ്പ എടുത്തിട്ടുണ്ട്.

| | | |
|---|---|---|
| ലോൺ നമ്പർ 01 | - | 01296 |
| ലോൺ കാറ്റഗറി | - | EL |

(ഡി) വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ നിയമനം

295(1858) <u>ശ്രീ. അനൂപ് ജേക്കബ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ജനറൽ മാനേജർ തസ്തികയുടെ റിക്രൂട്ട്മെന്റ് മാനദണ്ഡപ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യത 2016 ആഗസ്റ്റ് 1-നുമുൻപ് എന്തായിരുന്നു; പ്രസ്തുത യോഗ്യതയിൽ 2016 ആഗസ്റ്റ് മാസത്തിൽ മാറ്റംവരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് മാറ്റമാണ് വരുത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിലൂടെ ജനറൽ മാനേജരെ നിയമിക്കേണ്ടത് ഏത് സർവ്വീസ് നിയമപ്രകാരമാണെന്ന് അറിയിക്കുമോ;

(സി) കെ.എസ്.ആർ. ബാധകമല്ലാത്ത ഏതെങ്കിലും സ്ഥാപനത്തിൽനിന്ന് ഡെപ്യൂട്ടേഷനിൽ ഈ തസ്തികയിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാൻ എത്ര കാലയളവെടുത്തു; നിയമനത്തിന്റെ മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഉത്തരം**

(എ) സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ജനറൽ മാനേജർ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത 2016 ആഗസ്റ്റ് 1-ന് മുമ്പ് "Graduate with MBA preferably specilization in Marketing and Finance or CS/CA/ICWAI with 3 years experience" ആയിരുന്നു; ഉണ്ട്. 2016-ൽ തസ്തികയുടെ യോഗ്യത "Graduate with MBA preferably specialization in Marketing and Finance or HR/CS/CA/ICWAI/B.Tech with PGDBA with 3 years experience" എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) 29-6-2013 -ലെ സ.ഉ.(കൈ) നമ്പർ 194/2013/പൊഭവ പ്രകാരം തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ ഇക്കാര്യം നിഷ്കർഷിക്കുന്നില്ല.

(സി) ഉണ്ട്. പ്രസ്തുത നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാൻ ഒരു മാസമെടുത്തു; ഡയറക്ടർ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ ശിപാർശ പ്രകാരം സൗത്ത് ഇൻഡ്യൻ ബാങ്ക് കോഴിക്കോട് റീജിയണൽ ഓഫീസിലെ സീനിയർ മാനേജർ ആയ ശ്രീ. അദീബ് കെ. ടി.-യെ കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന്റെ ജനറൽ മാനേജർ തസ്തികയിൽ 8-10-2018-ലെ സ.ഉ.(സാധാ.) നമ്പർ 6581/18/പൊഭവ ഉത്തരവ് പ്രകാരം നിയമിക്കുകയുണ്ടായി.

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽനിന്നും മുൻ എം.ഡി.-ക്ക് ലഭിച്ച വായ്പ

296(1859) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുൻ എം.ഡി, തൽസ്ഥാനത്തിരിക്കവേ പ്രസ്തുത കോർപ്പറേഷനിൽ നിന്ന് വായ്പയെടുത്തിരുന്നുവോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ എത്ര രൂപയാണ് വായ്പയായി എടുത്തതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലോണിൽ കുടിശ്ശികയുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) എം.ഡി.-യായിരിക്കെ ഇപ്രകാരം ലോൺ എടുക്കുന്നതിന് വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഏത് അഡ്രസ്സിലാണ് ലോൺ എടുത്തിട്ടുള്ളത്;എം.ഡിയാണെന്ന കാര്യം ലോൺ അപേക്ഷയിൽ കാണിച്ചിട്ടുണ്ടോ;വിശദാംശം നല്കുമോ?

<u>ഉത്തരം</u>

(എ&ബി) 5 ലക്ഷം രൂപ ഉദ്യോഗസ്ഥ വായ്പ പദ്ധതിയിൽ എടുത്തിട്ടുണ്ട്.

(സി) കുടിശ്ശിക ഉണ്ടായിരുന്ന 72900 രൂപ 12-11-2018-ാം തീയതി തിരിച്ചടച്ചിട്ടുണ്ട്.

(ഡി) ഇപ്രകാരം വായ്പ അനുവദിച്ചതിൽ ഗുരുതരമായ ചട്ടലംഘനവും ക്രമകേടും നടത്തിട്ടുള്ളതായി ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയിട്ടുണ്ട്.

(ഇ) മുഹമ്മദ് ഹനീഫ പെരിഞ്ചീരി, S/o കുട്ടി ഹസ്സൻ, പെരിഞ്ചീരി ഹൗസ്, മക്കരപറമ്പ, മലപ്പുറം എന്ന അഡ്രസിലാണ് ലോൺ എടുത്തിട്ടുള്ളത്. ലോൺ അപേക്ഷയിൽ ജാമ്യക്കാരുടെ കോളത്തിൽ MD-യാണെന്ന വിവരം ചേർത്തിട്ടുണ്ട്.

**ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ ജനറൽ മാനേജർ**

297(1860) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 കാലഘട്ടത്തിൽ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ ജനറൽ മാനേജരായി ഡെപ്യൂട്ടേഷനിൽ നിയമിതനായ ഫൈസൽ മുനീറിന്റെ കാലാവധി നീട്ടിനൽകുവാനായി ബോർഡ് തീരുമാനം എടുത്തിരുന്നോ; എങ്കിൽ പ്രസ്തുത ബോർഡ് യോഗ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കോർപ്പറേഷൻ തീരുമാനമുണ്ടായിട്ടും ഫൈസൽ മുനീറിന്റെ കാലാവധി നീട്ടി നൽകാതിരിക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) തീരുമാനമെടുത്തിരുന്നു. യോഗതീരുമാനത്തിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ബി) ടിയാന്റെ ഡെപ്യൂട്ടേഷൻ നിയമന കാലാവധി അവസാനിപ്പിച്ച കൊണ്ടുള്ള ഉത്തരവിൽ കാലാവധി നീട്ടി നൽകാതിരുന്ന സാഹചര്യം വ്യക്തമാക്കിയിട്ടില്ല. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇ-വെഹിക്കിൾ നയം

298(1861) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-വെഹിക്കിൾ നയം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇ-ഓട്ടോറിക്ഷകൾക്ക് എന്തൊക്കെ സഹായം ലഭ്യമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; കെ.എസ്.ആർ.ടി.സി.-യുടെ ഇലക്ട്രിക് ബസ് സർവ്വീസ് എല്ലാ ജില്ലകളിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; ഇപ്പോൾ പമ്പയിൽ നിന്നും ആരംഭിച്ച ഇലക്ട്രിക് ബസ് സർവ്വീസ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സുസ്ഥിര പരിസ്ഥിതി സംരക്ഷണം മുൻനിർത്തി ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനും ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ സമഗ്രമായ ഒരു ഇ.വി. പോളിസി തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു കരട് പോളിസി സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങൾ കേരളത്തിൽത്തന്നെ ഉത്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതകളാണ് സർക്കാർ പരിശോധിക്കുന്നത്. ഇതിനായി വിദേശ കമ്പനികൾ ഉൾപ്പെടെയുള്ളവരുമായി പ്രാരംഭചർച്ചകൾ നടത്തിവരുന്നു. സംസ്ഥാനത്തെ പ്രമുഖ എഞ്ചിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെട്ട് ഇലക്ട്രിക് വാഹനങ്ങൾ സംബന്ധിച്ച് ഗവേഷണങ്ങൾ നടത്തുന്നതിനുള്ള സാധ്യതകളും പരിഗണിക്കുന്നുണ്ട്. ഇലക്ട്രിക് വാഹന നിർമ്മാണത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കെൽട്രോൺ, കേരള ഓട്ടൊമൊബൈൽസ് ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾക്കാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിനായുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള ഉത്തരവാദിത്തം കെ.എസ്.ഇ.ബി.എൽ-നെ ഏൽപ്പിക്കുന്നതിനും പദ്ധതിയുണ്ട്. ഇപ്രകാരം ഇലക്ട്രിക് വാഹന മേഖലയിൽ സാങ്കേതിക രംഗത്ത് സംസ്ഥാനത്തിന് ഒരു കുതിച്ചുചാട്ടം ഉണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പുതിയ സാഹചര്യം പ്രസ്തുത കമ്പനികൾക്ക് സാമ്പത്തികമായും നേട്ടമുണ്ടാക്കാൻ

പര്യാപ്തമാണ്. അടിക്കടിയുണ്ടാകുന്ന ഇന്ധന വിലവർദ്ധനവിന്റെ സാഹചര്യത്തിൽ, ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് ഭാവിയിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിരത ഉറപ്പുവരുത്തുന്നതിനും സഹായിക്കും. കൂടാതെ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി.-ക്കും സ്വകാര്യ ബസുടമകൾക്കും ഇ-ബസുകളുടെ ഉപയോഗം സാമ്പത്തികനേട്ടം കൈവരിക്കുന്നതിന് സഹായിക്കും.

(ബി) തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ നഗരങ്ങളിൽ പുതുതായി 2000 പെർമിറ്റുകൾ ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് മാത്രമായി അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഡീസൽ ഓട്ടോറിക്ഷകൾ നിർബന്ധമായും സി.എൻ.ജി./എൽ.എൻ.ജി., ഇലക്ട്രിക് ഓട്ടോറിക്ഷകളാക്കി മാറ്റുന്നതിന് ഇലക്ട്രിക് പോളിസിയിൽ നിർദ്ദേശമുണ്ട്. ഇപ്രകാരം മാറ്റുന്നതിന് 2020 മാർച്ച് 31 വരെ സമയം അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇ-ഓട്ടോറിക്ഷകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 30,000 രൂപ അല്ലെങ്കിൽ വാഹനവിലയുടെ 25 ശതമാനം ഏതാണോ കുറവ് ആ രൂപ ഇൻസെന്റീവായി ആദ്യ ഒരു വർഷത്തേയ്ക്ക് നൽകുന്നതിനും ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിനായി നികുതിയിനത്തിൽ ഇളവ് നൽകുന്നതിനുമുള്ള പദ്ധതിയും സർക്കാരിന്റെ പരിഗണനയിലുണ്ട്.

2025-നുള്ളിൽ നിലവിലെ കെ.എസ്.ആർ.ടി.സി.-യുടെ കൂടുതൽ ബസുകൾ ഇലക്ട്രിക് ബസുകൾ ആയി മാറ്റണമെന്നുമാണ് ഉദ്ദേശിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 5 ബസ്സുകൾ ശബരിമല മഹോത്സവത്തോടനുബന്ധിച്ച് നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസ് നടത്തുന്നതിനായി ഇതിനോടകം ഉപയാഗിച്ച് തുടങ്ങിയിട്ടുണ്ട്.

**ബസ് ചാർജ് വർദ്ധനവ്**

299(1862) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി, സ്വകാര്യ ബസ് ടിക്കറ്റ്നിരക്ക് വർദ്ധിപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് പഠിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയത്; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണ ബസ് ചാർജ്ജ് വർദ്ധിപ്പിക്കുകയുണ്ടായി; അത് എന്നൊക്കെയാണെന്ന വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ബസ് യാത്ര നിരക്ക് പരിഷ്കരിക്കുന്നത് സംബന്ധിച്ച് വിവിധ ബസുടമ സംഘടനകൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളും ചാർജ് വർദ്ധിപ്പിക്കേണ്ട സാഹചര്യങ്ങൾ ഉണ്ടോയെന്നും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ, യാത്ര നിരക്ക് പരിഷ്കരിക്കുന്നതിനായി നിയമിച്ചിരിക്കുന്ന ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി 25-10-2018-ലെ സ.ഉ.(ആർ.ടി.) നമ്പർ 480/2018/ഗതാ. പ്രകാരം ഉത്തരവായിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീയതി 26-2-2018-ലെ ജി.ഒ.(പി) നമ്പർ4/2018/ട്രാൻ. പ്രകാരം 2018 മാർച്ചിലാണ് ബസ് ചാർജ്ജ് വർദ്ധിപ്പിച്ചത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## എസ്.റ്റി.എ.-യുടെ വിദഗ്ദ്ധ സമിതി നൽകിയ നിർദ്ദേശങ്ങൾ

300(1863) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗതക്കുരുക്കും റോഡുകളുടെ ശോച്യാവസ്ഥയും പരിഗണിച്ച് ബസ്സുകളുടെ യാത്രാസമയം ക്രമീകരിക്കണമെന്ന നിർദ്ദേശം എസ്.ടി.എ.-യുടെ വിദഗ്ദ്ധ സമിതി നൽകിയിട്ടുണ്ടോ; ഇതുൾപ്പെടെ എന്തെല്ലാം നിർദ്ദേശങ്ങളാണ് സമിതി സമർപ്പിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) അമിതവേഗതമൂലം വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുവാൻ വേണ്ടിയാണ് സംസ്ഥാനത്തെ സ്റ്റേജ് കാരിയേജുകളുടെ സമയക്രമം ഏകീകരിക്കുവാൻ തീരുമാനമായത്. വിവിധ RTA-കളുടെ കീഴിൽ വിവിധ സമയക്രമം നിലവിലുണ്ടായിരുന്നതിനാൽ ഈ വിഷയത്തിൽ ഇറക്കിയ വിവിധ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സർക്കുലറുകൾ അപ്രായോഗികമായതുമൂലം മോട്ടോർ വാഹന വകുപ്പിന്റെ Research & Development Team നടത്തിയ പഠനത്തെത്തുടർന്ന് താഴെപ്പറയുന്ന അടിസ്ഥാന വിഷയങ്ങളെക്കുറിച്ചുള്ള ഒരു വിശകലനമാണ് മോട്ടോർവാഹന വകുപ്പിന് സമർപ്പിച്ചിട്ടുള്ളത്.

1. റോഡിന്റെയും പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ സവിശേഷതകൾ
2. പ്രാദേശിക ആവശ്യവും സാഹചര്യങ്ങളും
3. ഓരോ ബസ് റൂട്ടിലുമുള്ള ബസ് സ്റ്റോപ്പുകളുടെ എണ്ണം
4. റോഡിന്റെ വീതിയും ട്രാഫിക് നിരകളും
5. സ്റ്റേജ് കാരിയേജുകളുടെ തരം
6. നിയമനിർമ്മാണത്തിലെ മാറ്റങ്ങൾ.

(ബി) ടി നിർദ്ദേശങ്ങളെ എസ്.റ്റി.എ. യോഗത്തിൽവച്ച് പരിഗണിച്ചു. നിലവിൽ 21-4-2018-ലെ എസ്.റ്റി.എ. യോഗത്തിൽ തീരുമാനിച്ച പ്രകാരമുള്ള സമയക്രമത്തിലാണ് സംസ്ഥാനത്തെ സ്റ്റേജ് കാരിയേജുകൾ സർവ്വീസ് നടത്തുന്നത്.

### സ്വകാര്യ ബസ്സുകൾക്ക് പാർക്കിംഗ് സൗകര്യം

301(1864) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾക്ക് പാർക്കിംഗ് സൗകര്യം ഒരുക്കേണ്ട ബാധ്യത സർക്കാരിനുണ്ടോ; എങ്കിൽ അതിന്റെ വിശദമായ രൂപം വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തെ മറ്റ് ഇടങ്ങളിൽനിന്നും വ്യത്യസ്തമായി തലസ്ഥാന നഗരിയിൽ മാത്രം സ്വകാര്യ ബസ്സുകൾ പാർക്ക് ചെയ്യുന്നതും യാത്രക്കാരെ എടുക്കുന്നതും നിലവിലുള്ള നിയമത്തിന് വിധേയമായിട്ടാണോ;

(സി) അവ പരിശോധിക്കുന്നതിന് സർക്കാർ സംവിധാനമെന്തെങ്കിലും നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ടോ; വിശദീകരിക്കാമോ;

(ഡി) തലസ്ഥാന നഗരിയിൽ ഏറെ ട്രാഫിക് തിരക്കുള്ള ചുവന്ന കോട്ടയ്ക്ക് സമീപം എസ്.ടി.എ. പാർക്കിംഗ് ഇടംഒരുക്കിയത് എങ്ങനെ എന്നറിയിക്കാമോ;

(ഇ) ഇത്തരത്തിൽ സ്വകാര്യ ബസ്സുകൾക്ക് ഒരുക്കിയിട്ടുള്ള ട്രാഫിക് പാർക്കിംഗ് ഇടത്തിന് ഫീസ് ഈടാക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദരൂപം വെളിപ്പെടുത്തുമോ; നിരക്കിന്റെ പട്ടിക വിശദമാക്കുമോ; ഏറെ തിരക്കേറിയ ഇത്തരമൊരു സ്ഥലത്ത് സൗജന്യമായിട്ടാണ് പാർക്കിംഗ് അനുവദിച്ചിരിക്കുന്നതെങ്കിൽ അത്തരമൊരു തീരുമാനം എടുത്തതാരാണ്; പ്രസ്തുത തീരുമാനത്തിന് ആധാരമാക്കിയത് എന്തെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇത്തരമൊരു ഇടത്ത് സൗജന്യമായി ബസ്സുകൾക്ക് പാർക്കിംഗ് ഇടം അനുവദിക്കുന്നതിന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിരുന്നോ;

(ജി) ഇത്തരത്തിൽ ഏറെ തിരക്കേറിയ ഇടത്തിൽ സർവ്വീസ് നടത്തുന്ന ബസ്സുകൾക്ക് സൗജന്യ പാർക്കിംഗ് എസ്.ടി.എ. അനുവദിച്ച രീതിയിൽ തലസ്ഥാനത്തെ പൊതുജനങ്ങൾക്കും പാർക്കിംഗ് ഫീസ് പിരിക്കുന്നത് ഒഴിവാക്കി സൗജന്യ പാർക്കിംഗ് പ്രാവർത്തികമാക്കുമോ?

<u>ഉത്തരം</u>

(എ) 1988-ലെ മോട്ടോർ വാഹന നിയമം സെക്ഷൻ 117 പ്രകാരം സംസ്ഥാന ഗവൺമെന്റോ സംസ്ഥാന ഗവൺമെന്റ് ചുമതലപ്പെടുത്തുന്ന അതോറിറ്റിയോ, ലോക്കൽ അതോറിറ്റിയുമായി കൂടിയാലോചിച്ച് ബസ് സ്റ്റോപ്പ് അല്ലെങ്കിൽ പാർക്കിംഗ് ഏരിയയുമായി ബന്ധപ്പെട്ട തീരുമാനം കൈക്കൊള്ളാവുന്നതാണ്. കേരള മോട്ടോർ വെഹിക്കിൾസ് റൂൾസ് 1989 (റൂൾ 206) ഇതിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

(ബി) നിലവിലുള്ള നിയമത്തിന് വിധേയമായിട്ടാണ്.

(സി) മോട്ടോർ വാഹന വകുപ്പും സിറ്റി ട്രാഫിക് പോലീസും സ്റ്റേജ് കാരിയേജുകളുടെ കിഴക്കേകോട്ട വടക്കേ സ്റ്റാൻഡിലേയ്ക്കുള്ള വരവുംപോക്കും നിരീക്ഷിക്കുന്നു.

(ഡി) സ്വകാര്യ സ്റ്റേജ് കാരിയേജുകളെ കിഴക്കേകോട്ട വടക്കേ സ്റ്റാൻഡിൽ യാത്രക്കാരെ കയറ്റുന്നതിനും ഇറക്കുന്നതിനും അനുവദിക്കണമെന്നും പ്രസ്തുത സ്ഥലത്ത് കെ.എസ്.ആർ.ടി.സി. ജീവനക്കാർ നാട്ടിയിരിക്കുന്ന ബാരിക്കേഡുകൾ ഒഴിവാക്കി സുഗമമായ സർവ്വീസ് നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള ബസ് ട്രാൻസ്പോർട്ട് അസോസിയേഷൻ കെ.ബി.റ്റി.എ. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഡബ്ല്യു.പി.(സി) നമ്പർ 28112/2017 നമ്പരായി പെറ്റീഷൻ ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട

ഹൈക്കോടതിയുടെ 14-9-2017-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം 9-10-2017-ൽ നടന്ന ആർ.ടി.ഒ. യോഗത്തിൽ ഐറ്റം നമ്പർ 1 ആയി അവതരിപ്പിച്ച് തീരുമാനം കൈക്കൊള്ളുകയുണ്ടായി. കിഴക്കേകോട്ട വടക്കേ സ്റ്റാൻഡ് ഒരു ടെർമിനൽ പോയിന്റ് അല്ലാത്തതിനാലും കെ.എസ്.ആർ.ടി.സി.-യുടെ പട്ടയഭൂമി ആയതിനാലും സ്വകാര്യ സ്റ്റേജ് കാരിയേജുകൾ പഴവങ്ങാടി ഗണപതി കോവിലിനുസമീപവും ലൂസിയ ഹോട്ടലിനുസമീപവും നിർത്തി യാത്രക്കാരെ കയറ്റുന്നതിനും ഇറക്കുന്നതിനും നിർദ്ദേശിച്ചു. കൂടാതെ പ്രസ്തുത ഇടങ്ങളിൽ സ്വകാര്യ സ്റ്റേജ് കാരിയേജുകൾ 3, 4 മിനിട്ടിൽ കൂടുതൽ നേരം നിർത്തിയിടുവാൻ പാടില്ല എന്നും ആർ.ടി.ഒ. യോഗം നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഇടങ്ങളിൽ പ്രൈവറ്റ് ബസ് സ്റ്റോപ്പ് എന്ന ബോർഡ് മോട്ടോർ വാഹന വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്. യാത്രക്കാർക്കായി അനുവദിച്ചിട്ടുള്ള ബസ് സ്റ്റോപ്പുകളിൽ അനധികൃത പാർക്കിംഗ് ഒഴിവാക്കി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് കോർപ്പറേഷന്റെ ചുമതലയാണ്.

(ഇ) സ്വകാര്യ ബസ്സുകൾക്ക് ഒരുക്കിയിട്ടുള്ള ട്രാഫിക് പാർക്കിംഗ് ഇടത്തിന് ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) പ്രസ്തുത സ്ഥലം പാർക്കിംഗ് ഇടമല്ല പകരം യാത്രക്കാരെ കയറ്റാനും ഇറക്കാനുമുള്ള ബസ് സ്റ്റോപ്പ് മാത്രമാണ്.

(ജി) ഇപ്പോൾ പരിഗണനയിലില്ല.

## പ്രളയത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ഉണ്ടായ നാശനഷ്ടങ്ങൾ

302(1865) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രളയത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് ആകെ എത്ര രൂപയുടെ നാശനഷ്ടം ഉണ്ടായി; എത്ര ബസ്സുകളാണ് വെള്ളം കയറി പ്രവർത്തനക്ഷമമല്ലാതായത്; വിവരം ലഭ്യമാക്കുമോ;

(ബി) പ്രളയത്തിനുമുമ്പ് റാന്നി കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്ററിൽ ആകെ എത്ര ബസുകളാണ് സർവ്വീസ് നടത്തിയിരുന്നത്; ഇപ്പോൾ എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്; ബസ്സുകളുടെ എണ്ണത്തിൽ കുറവുണ്ടായെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഇക്കഴിഞ്ഞ പ്രളയത്തിൽ റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ എത്ര ബസ്സുകളാണ് വെള്ളം കയറി പ്രവർത്തനക്ഷമമല്ലാതായത്; ഇവയിൽ എത്ര എണ്ണം അറ്റകുറ്റപ്പണി പൂർത്തിയാക്കി വീണ്ടും സർവ്വീസ് നടത്തുന്നുണ്ട്; അവശേഷിച്ച ബസ്സുകൾ അറ്റകുറ്റപ്പണി നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; ബസ്സുകളുടെ എല്ലാം കേടുപാടുകൾ പരിഹരിച്ച് സർവ്വീസ് പഴയപടി ആകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(ഡി) വാഹനങ്ങൾ ഇല്ലാത്തതിന്റെ പേരിൽ ഏതെങ്കിലും റൂട്ടുകൾ വെട്ടിക്കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ റൂട്ടുകൾ എന്നും ഇവിടെ സർവ്വീസ് നടത്താൻ പകരം ബസ്സുകൾ ലഭ്യമാക്കുമോയെന്നും അറിയിക്കാമോ;

(ഇ) റാന്നി പോലെയുള്ള മലയോര മേഖലകളിലെ യാത്രാക്ലേശം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആകെ 127.06 കോടി രൂപയുടെ നഷ്ടം ഉണ്ടായി. 42 ബസ്സുകളാണ് വെള്ളം കയറി പ്രവർത്തനക്ഷമമല്ലാതായത്.

(ബി) പ്രളയത്തിനുമുമ്പ് റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ ആകെ 23 ബസ്സുകൾ സർവ്വീസ് നടത്തിയിരുന്നു. ഇപ്പോൾ 22 ബസ്സുകൾ ഉപയോഗിച്ച് സർവ്വീസുകൾ നടത്തിവരുന്നു. പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച ബസ്സുകളിൽ ഒരു ബസ്സിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കുറവ് അനുഭവപ്പെടുന്നുണ്ട്.

(സി) 11 ബസ്സുകൾ വെള്ളം കയറി പ്രവർത്തനക്ഷമമല്ലാതായി. ഇതിൽ 10 ബസ്സുകൾ അറ്റകുറ്റപ്പണി പൂർത്തിയാക്കി സർവ്വീസ് നടത്തുന്നുണ്ട്. ഒരു ബസ് എഞ്ചിൻ തകരാറിലായത് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. ഉടൻ തന്നെ ഈ ബസ് സർവ്വീസിന് യോഗ്യമാകുന്നതാണ്.

(ഡി) രണ്ട് ഓർഡിനറി സർവ്വീസുകൾ താൽക്കാലികമായി ഓപ്പറേറ്റ് ചെയ്യുന്നില്ല. (06.40 - കോട്ടയം, 07.10 - കോട്ടയം). റിപ്പയറിലുള്ള ബസ്സുകൾ സാമ്പത്തിക പരാധീനത കുറയുന്നതനുസരിച്ച് എത്രയുംവേഗം നിരത്തിലിറക്കുന്നതാണ്.

(ഇ) പ്രസ്തുത മേഖലകളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിലേയ്ക്കായി ട്രിപ്പുകൾ ക്രമീകരിച്ച് സർവ്വീസുകൾ കാര്യക്ഷമമായി നടത്തിവരുന്നുണ്ട്.

## സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകൾ

303(1866) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളിൽ സർക്കാർ ഇതിനോടകം നടപ്പാക്കിയ പ്രധാന ശിപാർശകൾ ഏതൊക്കെയാണ്;

(ബി) കെ.എസ്.ആർ.ടി.സി. ബോർഡ് ഓഫ് ഡയറക്ടേഴ്സ് പിരിച്ചുവിട്ട് പ്രൊഫഷണൽ യോഗ്യതയുള്ളവരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കണമെന്ന് റിപ്പോർട്ടിൽ ശിപാർശയുണ്ടോ;

(സി) എങ്കിൽ ഇതുസംബന്ധിച്ച് മുൻ എം.ഡി. സർക്കാരിന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി, പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർതലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിവരുന്നു.
2. കോർപ്പറേഷനെ സ്വയംപര്യാപ്തമായ മൂന്ന് (3) മേഖലകളാക്കി രൂപീകരിച്ച് പുനരുദ്ധരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
3. കൂടിയ പലിശ നിരക്കിലും കുറഞ്ഞകാല തിരിച്ചടവ് ദൈർഘ്യത്തിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് 3100 കോടി രൂപയുടെ കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് ദൈർഘ്യവുമുള്ള വായ്പയായി മാറ്റിയിട്ടുണ്ട്. ഈ ഇനത്തിൽ പലിശഭാരം കുറയ്ക്കാൻ കഴിഞ്ഞതുവഴി കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസം 60 കോടിയോളം രൂപ മിച്ചം കിട്ടുന്നുണ്ട്.

4. ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവനസമയം 7 മണിക്കൂറിൽനിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്.

5. കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രാവീണ്യം തെളിയിച്ചവരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ച് നടപടികൾ പുരോഗമിക്കുകയാണ്.

6. മെക്കാനിക്കൽ ജീവനക്കാരുടെ ജോലിസമയം, ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാനഭാരം കുറച്ച് തദ്വാര ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും തദ്വാര മനുഷ്യപ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനും ഉള്ള നടപടികളുടെ ഭാഗമായി ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കിവരികയുമാണ് ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽനിന്നും ദേശീയ ശരാശരിയിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

7. മാനവവിഭവശേഷി കൂടുതൽ കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും മൾട്ടിപ്പിൾ ഡ്യൂട്ടി സമ്പ്രദായം ഒഴിവാക്കി സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) റോഡ് ട്രാൻസ്പോർട്ട് മാനേജ്മെന്റിൽ പ്രാവീണ്യം തെളിയിച്ചവർ കൂടി ഉൾപ്പെട്ട കെ.എസ്.ആർ.ടി.സി. ഭരണസമിതി രൂപീകരിക്കുന്നതിന് പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ വരവ് ചെലവ് കണക്കുകൾ**

304(1867) <u>ശ്രീ. കെ. ജെ. മാക്സി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ആകെ ആസ്തി തിട്ടപ്പെടുത്തിയിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കുമോ;

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ മൊത്തം കടം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ ബാധ്യത എത്ര; വ്യക്തമാക്കുമോ;

(ഡി) പ്രതിമാസം കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി വരവ് ചെലവ് കണക്കുകൾ വ്യക്തമാക്കുമോ;

(ഇ) കെ.എസ്.ആർ.ടി.സി ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നും എത്ര തുക വീതം വായ്പ എടുത്തിട്ടുണ്ട്; പ്രതിമാസം ഓരോ സ്ഥാപനത്തിനും നൽകേണ്ട പലിശയുടെ വിശദാംശം ലഭ്യമാക്കുമോ;

(എഫ്) നിലവിൽ സാമ്പത്തികമായി വളരെയധികം സാമ്പത്തികബാധ്യത നേരിടുന്ന പ്രസ്തുത പൊതുമേഖലാ സ്ഥാപനത്തെ ലാഭകരമാക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് അവിഷ്കരിച്ചിട്ടുള്ളത് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വർമ്മ ആൻഡ് വർമ്മ എന്ന സ്ഥാപനം നടത്തിയ ആസ്തി മൂല്യനിർണ്ണയപ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ ആസ്തി 3670.62 കോടി രൂപയാണ്.

(ബി) സർക്കാർ വായ്പയ്ക്ക് പുറമെ 3100 കോടി രൂപ

(സി)

| | |
|---|---|
| വായ്പ | 3100 കോടി |
| എൻ.പി.എസ്. ഇനത്തിൽ അടയ്ക്കേണ്ടത് | 120 കോടി |
| പി.എഫ്. വായ്പകൾ | 33.5 കോടി |
| ജീവനക്കാരിൽനിന്നും റിക്കവറി ചെയ്ത് മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്കും, എൽ.ഐ.സി.-ക്കും അടയ്ക്കാനുള്ളത്. | 30 കോടി |
| ശമ്പള കുടിശ്ശിക, മെഡിക്കൽ അഡ്വാൻസ്, TA/DA | 6 കോടി |
| സ്പെയർപാർട്സ് ഇനത്തിൽ വിവിധ കമ്പനികൾക്ക് നൽകാനുള്ളത് | 25 കോടി |
| ഡീസൽ കുടിശ്ശിക ഇനത്തിൽ വിവിധ ഓയിൽ കമ്പനികൾക്ക് നൽകാനുള്ളത് | 196 കോടി |
| ആകെ | 3510.5 കോടി |

(ഡി) പ്രതിമാസം കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി വരവ് ചെലവ് കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ)

| ധനകാര്യ സ്ഥാപനം | വായ്പ തുക (തുക കോടിയിൽ) | പ്രതിമാസം നൽകുന്ന പലിശ (തുക കോടിയിൽ) |
|---|---|---|
| എസ്.ബി.ഐ. | 1000 | 7.66 |
| വിജയ ബാങ്ക് | 500 | 3.83 |
| കാനറ ബാങ്ക് | 500 | 3.83 |
| ലക്ഷ്മി വിലാസ് ബാങ്ക് | 150 | 1.25 |
| കെ.റ്റി.ഡി.എഫ്.സി. | 950 | 7.28 |
| ആകെ 3100 കോടി | | |

(എഫ്) സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റിക്കഴിഞ്ഞു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് ദീർഘകാല വായ്പയായി 9.2 ശതമാനം പലിശ ഇനത്തിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുക കൊണ്ട് നിലവിലുള്ള വായ്പ കടങ്ങൾ അടച്ചുതീർക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഗുണഫലമെന്നോണം വായ്പ തിരിച്ചടവിനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസം 60 കോടി രൂപ ലാഭിക്കുവാൻ കഴിഞ്ഞു. കൂടാതെ, കെ.എസ്.ആർ.ടി.സി.-യെ പുനഃസംഘടിപ്പിക്കുന്നതിനും പുനരുദ്ധരിച്ച് ലാഭത്തിലേയ്ക്കെത്തിക്കുന്നതിനുമായി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൊൽക്കത്തയിലെ റിട്ടയേർഡ് പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ വിശദപഠനം നടത്തുവാൻ കൺസൾട്ടന്റായി സർക്കാർ ചുമതലപ്പെടുത്തുകയും അദ്ദേഹം ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചുവരുന്നു. ഡ്യൂട്ടി പാറ്റേൺ അടക്കമുള്ള പരിഷ്കാരങ്ങൾ സർവ്വീസ് ഓപ്പറേഷൻ മേഖലയിൽ നടത്തിക്കൊണ്ട് വരുമാന വർദ്ധനവിന് പദ്ധതി ഉണ്ടാക്കിവരുന്നു. പെൻഷൻ നൽകുന്നതിന് സഹകരണ മേഖലയുമായി സഹകരിച്ച് സർക്കാർ ഒരു പ്രത്യേക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുവാൻ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ബസ് ഓടിക്കുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്.

സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും, കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസ്സുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ തരത്തിലുള്ള ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്'എന്ന പേരിൽ എ.സി. ബസ്സുകൾ ഉപയോഗിച്ച് തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട്, കോഴിക്കോട്-കാസർഗോഡ് എന്നീ റൂട്ടുകളിൽ പുതിയ സർവ്വീസുകൾ ഓരോ ഒരു മണിക്കൂർ ഇടവേളകളിലും ആരംഭിച്ചിട്ടുണ്ട്. ടി എയർ കണ്ടീഷൻഡ് സർവ്വീസുകൾ കൃത്യനിഷ്ഠ പുലർത്തുന്നതിനാലും, കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞതിനാലും കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ എയർപോർട്ടുകളിൽനിന്നും പ്രധാന നഗരങ്ങളിലേയ്ക്ക് ഫ്ലൈ ബസുകൾ എന്ന പേരിൽ പുതിയ എ. സി. സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. എയർപോർട്ടുകളിൽനിന്ന് യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ സുഖകരമായ യാത്ര ഈ സർവ്വീസുകൾ പ്രദാനം ചെയ്യുന്നതിനാൽ ടി സർവ്വീസുകളും ജനോപകാരപ്രദമായി നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 5 ബസ്സുകൾ ശബരിമല മഹോത്സവത്തോടനുബന്ധിച്ച് നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസ് നടത്തുന്നതിനായി ഇതിനോടകം ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. പരിസ്ഥിതി സൗഹാർദ്ദവും, ശബ്ദരഹിതവും ആയ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്.

പൊതുജനങ്ങൾക്കും യാത്രക്കാർക്കും സൗകര്യപ്രദമായി യാത്ര ചെയ്യുന്നതിനും അവരെ കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് ആകർഷിക്കുന്നതിനും 30 ദിവസം മുൻകൂറായി സീറ്റുകൾ ബുക്ക് ചെയ്യാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകൾ ഉപയോഗിച്ച് ടിക്കറ്റ് എടുക്കുവാനുള്ള സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ (ETM) ലഭ്യമാക്കിയിട്ടുണ്ട്. കമ്പ്യൂട്ടർവത്കരണത്തിന്റെ ഭാഗമായി Human Resource & Payroll Computerization നടത്തുന്നതിന് നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതുവഴി വരുമാന ചോർച്ച തടയുന്നതിനും അക്കൗണ്ടിംഗ് സംവിധാനം നേർദിശയിലേയ്ക്ക് കൊണ്ടുവരുന്നതിനും സാധിക്കുന്നതാണ്.

ഒരു സി.എൻ.ജി. ബസ് ട്രയൽ അടിസ്ഥാനത്തിൽ എറണാകുളം സിറ്റിയിൽ സർവ്വീസ് നടത്തിവരുന്നുണ്ട്.

മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം, ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാനഭാരം കുറച്ച് തദ്വാര ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും തദ്വാര മനുഷ്യപ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനും ഉള്ള നടപടികളുടെ ഭാഗമായി ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന പ്രൊഡക്റ്റിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കിവരികയുമാണ്. ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽനിന്നും ദേശീയ ശരാശരിയിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഡ്രൈവർമാർക്കും മെക്കാനിക്കുകൾക്കും പരിശീലനം നൽകിവരുന്നു. ടയർ മൈലേജ് വർദ്ധിപ്പിച്ച് ചെലവ് ചുരുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂണിറ്റുകളിൽ പ്രവർത്തിച്ചുവരുന്ന സ്റ്റാളുകൾ എൽ.ആർ. സ്റ്റാൾ, ക്യാന്റീൻ, ലൈസൻസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസ് കാലാവധി 3 വർഷമായി നിജപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 വർഷം പൂർത്തീകരിച്ച ലൈസൻസുകൾ റദ്ദ് ചെയ്ത് പുനർലേലം നടത്തുകയും സ്റ്റാളുകൾ തുടർന്ന് പ്രവർത്തിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന ലൈസൻസ് ഫീയിൽ 100 ശതമാനം വർദ്ധനവ് വരുത്തി പുതുക്കി നൽകിയ വഴിയിലും പ്രതിമാസ ലൈസൻസ് ഫീയിൽ പതിൻമടങ്ങ് വർദ്ധനവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ എല്ലാ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലും പരസ്യ പ്രദർശനത്തിന് ജില്ലാ അടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു. കൂടാതെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ ഡിജിറ്റൽ വിഡിയോ

വോൾ സ്ഥാപിച്ച് പരസ്യം പ്രദർശിപ്പിക്കുന്നതിനും ലൈസൻസികളെ കണ്ടെത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽനിന്നും വ്യത്യസ്തമായി നിബന്ധനകളിൽ കാതലായ മാറ്റംവരുത്തി കെ.എസ്.ആർ.ടി.സി. ബസുകൾ പരസ്യത്തിനുനൽകുന്നതുവഴി പ്രതിവർഷം 8.38 കോടി രൂപയിൽനിന്നും 21 കോടിയിലേയ്ക്കും, കെ.യു.ആർ.ടി.സി. ബസ്സുകളിൽ 1.30 കോടി രൂപയിൽനിന്നും 5.33 കോടി രൂപയിലേയ്ക്കും വരുമാനം ഉയർത്തുവാൻ കഴിഞ്ഞു. അത്തരത്തിൽ 5 വർഷത്തേയ്ക്ക് 59 കോടിയിൽനിന്നും 161 കോടി രൂപയിലേയ്ക്ക് ഗണ്യമായ വർദ്ധനവാണ് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചത്. ആയതിനൊപ്പം വാണിജ്യ സമുച്ചയങ്ങളിൽ മൾട്ടിപ്ലക്സ് സിനിമാശാലകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൊറിയർ പാഴ്സൽ സർവ്വീസ് നടത്തുന്നതിലൂടെ പ്രതിമാസം 13,15,000 രൂപ ലഭിക്കുന്നു. ഇത്, ഈയിനത്തിൽ പോയ വർഷത്തെ വരുമാനത്തിനേക്കാൾ ആറുമടങ്ങ് വർദ്ധനവ് വരുത്തിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുവാൻ നൂതന പദ്ധതികൾ**

305(1868) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പി. ഉണ്ണി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽനിന്ന് കരകയറ്റി ലാഭത്തിലാക്കുവാൻ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി.-ക്കുള്ള ടിക്കറ്റിതര വരുമാന മാർഗ്ഗങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. ബസുകളിൽ നിന്നുള്ള പരസ്യവരുമാനത്തിൽ സമീപകാലത്ത് വൻവർദ്ധന ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ ഹോർഡിങ്ങുകൾ, വീഡിയോവോൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുവാൻ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടിക്കുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്തവിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്.

സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസ്സുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ തരത്തിലുള്ള ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി. ബസ്സുകൾ ഉപയോഗിച്ച് തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട്, കോഴിക്കോട് -കാസർഗോഡ് എന്നീ റൂട്ടുകളിൽ പുതിയ സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിൽ ആരംഭിച്ചിട്ടുണ്ട്. ടി എയർ കണ്ടീഷൻഡ് സർവ്വീസുകൾ കൃത്യനിഷ്ഠ പുലർത്തുന്നതിനാലും, കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞതിനാലും കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ എയർപോർട്ടുകളിൽനിന്നും പ്രധാന നഗരങ്ങളിലേയ്ക്ക് ഫ്ലൈ ബസുകൾ എന്ന പേരിൽ പുതിയ എ.സി. സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. എയർപോർട്ടുകളിൽനിന്ന് യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ സുഖകരമായ യാത്ര ഈ സർവ്വീസുകൾ പ്രദാനം ചെയ്യുന്നതിനാൽ ടി സർവ്വീസുകളും ജനോപകാരപ്രദമായി നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 5 ബസ്സുകൾ ശബരിമല മഹോത്സവത്തോടനുബന്ധിച്ച് നിലയ്ക്കൽ-പമ്പ ചെയിൽ സർവ്വീസ് നടത്തുന്നതിനായി ഇതിനോടകം ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. പരിസ്ഥിതിസൗഹാർദ്ദവും, ശബ്ദരഹിതവും ആയ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്.

പൊതുജനങ്ങൾക്കും യാത്രക്കാർക്കും സൗകര്യപ്രദമായി യാത്ര ചെയ്യുന്നതിനും അവരെ കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് ആകർഷിക്കുന്നതിനും 30 ദിവസം മുൻകൂറായി സീറ്റുകൾ ബുക്ക് ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകൾ ഉപയോഗിച്ച് ടിക്കറ്റ് എടുക്കുവാനുള്ള സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ (ETM) നിരത്തിലിറക്കിയിട്ടുണ്ട്. കമ്പ്യൂട്ടർ വത്കരണത്തിന്റെ ഭാഗമായി Human Resource & Payroll Computerization നടത്തുന്നതിന് നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതുവഴി വരുമാന ചോർച്ച തടയുന്നതിനും അക്കൗണ്ടിംഗ് സംവിധാനം നേർ ദിശയിലേയ്ക്ക് കൊണ്ടുവരുന്നതിനും സാധിക്കുന്നതാണ്.

താരതമ്യേന ചെലവുകുറഞ്ഞ ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് മാതൃകയിൽ ലഭ്യമാക്കി സർവ്വീസ് നടത്തിവരുന്നു. ഒരു സി.എൻ.ജി. ബസ് ട്രയൽ അടിസ്ഥാനത്തിൽ എറണാകുളം സിറ്റിയിൽ സർവ്വീസ് നടത്തിവരുന്നു.

മെക്കാനിക്കൽ ജീവനക്കാരുടെ ജോലിസമയം, ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അദ്ധ്വാന ഭാരം കുറച്ച് തദ്വാര ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, തദ്വാര മനുഷ്യ പ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന പ്രൊഡക്റ്റിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കിവരികയുമാണ്. ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിൽ ഉള്ളതിൽനിന്നും ദേശീയ ശരാശരിയിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഡ്രൈവർമാർക്കും മെക്കാനിക്കുകൾക്കും പരിശീലനം നൽകിവരുന്നു. ടയർ മൈലേജ് വർദ്ധിപ്പിച്ച് ചെലവ് ചുരുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂണിറ്റുകളിൽ പ്രവർത്തിച്ചുവരുന്ന സ്റ്റാളുകൾ ഏൽ.ആർ. സ്റ്റാൾ, ക്യാന്റീൻ, ലൈസൻസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസ് കാലാവധി 3 വർഷമായി നിജപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 വർഷം പൂർത്തീകരിച്ച ലൈസൻസുകൾ റദ്ദ് ചെയ്ത് പുനർ ലേലം നടത്തുകയും സ്റ്റാളുകൾ തുടർന്ന് പ്രവർത്തിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന ലൈസൻസ് ഫീയിൽ 100 ശതമാനം വർദ്ധനവ് വരുത്തി പുതുക്കി നൽകിയ വഴിയിലും പ്രതിമാസ ലൈസൻസ് ഫീയിൽ പതിന്മടങ്ങ് വർദ്ധനവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ പരസ്യ പ്രദർശനത്തിന് ജില്ലാ അടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു. കൂടാതെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ ഡിജിറ്റൽ വീഡിയോവോൾ

സ്ഥാപിച്ച് പരസ്യം പ്രദർശിപ്പിക്കുന്നതിനും ലൈസൻസികളെ കണ്ടെത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു. മുൻ വർഷങ്ങളിൽനിന്നും വ്യത്യസ്തമായി നിബന്ധനകളിൽ കാതലായ മാറ്റംവരുത്തിയത് വഴി കെ.എസ്.ആർ.ടി.സി. ബസ്സുകൾ പരസ്യത്തിന് നൽകുന്നത് വഴി പ്രതിവർഷം 8.38 കോടി രൂപയിൽനിന്നും 21 കോടി രൂപയിലേയ്ക്കും കെ.യു.ആർ.ടി.സി. ബസ്സുകളിൽ 1.30 കോടി രൂപയിൽനിന്നും 5.33 കോടി രൂപയിലേയ്ക്കും വരുമാനം ഉയർത്തുവാൻ കഴിഞ്ഞു. അത്തരത്തിൽ 5 വർഷത്തേയ്ക്ക് 59 കോടി രൂപയിൽനിന്നും 161 കോടി രൂപയിലേയ്ക്ക് ഗണ്യമായ വർദ്ധനവാണ് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചത്. ആയതിനൊപ്പം വാണിജ്യ സമുച്ചയങ്ങളിൽ മൾട്ടിപ്ലക്സ് സിനിമാശാലകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള പദ്ധതിയും വിഭാവന ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൊറിയർ പാഴ്സൽ സർവ്വീസ് നടത്തുന്നതിലൂടെ പ്രതിമാസം 13,15,000 രൂപ ലഭിക്കുന്നു. ഇത് ഈയിനത്തിൽ പോയ വർഷത്തെ വരുമാനത്തേക്കാൾ ആറ് മടങ്ങ് വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാനുള്ള നടപടിയുടെ ഭാഗമായി സർവ്വീസ് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെ പ്രാധാന്യം നൽകി കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വ്യാവസായിക വാണിജ്യ അടിസ്ഥാനത്തിൽ വാണിജ്യ സമുച്ചയങ്ങൾ പണിയുകയും, ലേലം/ടെൻഡർ നടപടികളിലൂടെ നൽകിയും, കൊറിയർ ആൻഡ് പാഴ്സൽ സർവ്വീസ്, ബാങ്ക് എ.റ്റി.എം., കോഫീ വെൻഡിംഗ് മെഷീൻ എന്നിവ നടപ്പിലാക്കിയും കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് കരാർ നൽകിയും അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ നിർമ്മിച്ച നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട, കൊട്ടാരക്കര, പയ്യന്നൂർ, കണ്ണൂർ, കാസർഗോഡ് എന്നീ വാണിജ്യ സമുച്ചയങ്ങളിൽ ഒഴിവുള്ള കടമുറികൾക്ക് പരമാവധി ലൈസൻസികളെ കണ്ടെത്തി ഷോപ്പുകൾ തുറന്നുപ്രവർത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലൂടെ പലിശരഹിത നിക്ഷേപ ഇനത്തിലും പ്രതിമാസ വാടക ഇനത്തിലും നല്ലൊരു തുക സമഹരിക്കുക എന്നതാണ് കോർപ്പറേഷൻ ലക്ഷ്യമിടുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ പ്രധാന ബസ് സ്റ്റേഷനുകളിൽ ഇന്ത്യൻ കോഫീ ഹൗസ്, ആകർഷകമായ എൽ. ആർ. സ്റ്റാളുകൾ, എ.റ്റി.എം. കൗണ്ടറുകൾ, വിശ്രമ സൗകര്യങ്ങൾ, വൃത്തിയുള്ള ടോയ്‌ലെറ്റുകൾ, ഇൻഫർമേഷൻ സംവിധാനങ്ങൾ എന്നിവ പ്രാവർത്തികമാക്കിയിട്ടുള്ളതാണ്. വാണിജ്യ

സമുച്ചയങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന ഹാളുകളിൽ മൾട്ടിപ്ലക്സ് സിനിമാശാലകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിലൂടെ പ്രതിമാസം നല്ലൊരു തുക സമാഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ നിർമ്മാണം പൂർത്തീകരിച്ചുവരുന്ന തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, നിലമ്പൂർ, ഹരിപ്പാട്, മലപ്പുറം എന്നീ വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ, ഓഫീസ് സ്പെയ്സ് എന്നിവയ്ക്ക് ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള ടെൻഡർ നടപടികൾ നിരവധിതവണ നടത്തിയിട്ടുള്ളതാണ്. ഇവയെല്ലാംതന്നെ പൂർണ്ണമായും സജ്ജമായി കഴിഞ്ഞാൽ ടിക്കറ്റിതര വരുമാനമായി നല്ലൊരു തുക കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്നതാണ്. ഇതെല്ലാം തന്നെ കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽനിന്നും ലാഭകരമാക്കുവാൻ ഒരു പരിധി വരെ സഹായകമാവുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ എല്ലാ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലും പരസ്യ പ്രദർശനത്തിന് ജില്ലാ അടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു. കൂടാതെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ ഡിജിറ്റൽ വീഡിയോ വോൾ സ്ഥാപിച്ച് പരസ്യം പ്രദർശിപ്പിക്കുന്നതിനും ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു. മുൻവർഷങ്ങളിൽനിന്നും വ്യത്യസ്തമായി നിബന്ധനകളിൽ കാതലായ മാറ്റംവരുത്തിയത് വഴി കെ.എസ്.ആർ.ടി.സി., കെ.യു.ആർ.ടി.സി. ബസ്സുകളിൽ പരസ്യം ചെയ്യുന്നതിന് ലൈസൻസികളെ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആയതിനൊപ്പം വാണിജ്യ സമുച്ചയങ്ങളിൽ മൾട്ടി പ്ലക്സ് സിനിമാശാലകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൊറിയർ പാഴ്സൽ സർവ്വീസ് നടത്തുന്നതിലൂടെ പ്രതിമാസം 13,15,000 രൂപ ലഭിക്കുന്നു. ഇത് ഈയിനത്തിൽ പോയ വർഷത്തെ വരുമാനത്തിനേക്കാൾ ആറ് മടങ്ങ് വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(സി) വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസുകൾ പരസ്യത്തിന് നൽകുന്നത് വഴി പ്രതിവർഷം 8.38 കോടി രൂപയിൽനിന്നും 21 കോടി രൂപയിലേയ്ക്കും (ജി.എസ്.ടി. കൂടാതെ) കെ.യു.ആർ.ടി.സി. ബസ്സുകളിൽ 1.30 കോടി രൂപയിൽനിന്നും 5.33 കോടി രൂപയിലേയ്ക്കും വരുമാനം ഉയർത്തുവാൻ കഴിഞ്ഞു. അത്തരത്തിൽ 5 വർഷത്തേയ്ക്ക് 59 കോടി രൂപയിൽനിന്നും 161 (ജി.എസ്.ടി. കൂടാതെ) കോടി രൂപയിലേയ്ക്ക് ഗണ്യമായ വർദ്ധനവാണ് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചത്.

(ഡി) ഉണ്ട്. ഹോർഡിംഗുകൾ സ്ഥാപിക്കുന്നതിന് ടെൻഡർ നടപടി ജില്ലാടിസ്ഥാനത്തിൽ നടത്തിവരുന്നു. തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ലൈസൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. വീഡിയോ വോൾ സ്ഥാപിക്കുന്നതിന് വേണ്ടി 10-12-2018-ൽ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന നഷ്ടം

306(1869) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കെ.എസ്.ആർ.ടി.സി. ഓരോ വർഷവും എത്ര കോടി രൂപയുടെ പലിശയാണ് മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകിവരുന്നത്; ഇത് കുറച്ചു കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏകദേശം 4.32 കോടി രൂപ.

(ബി) സാമ്പത്തിക പുന:ക്രമീകരണത്തിന്റെ ഭാഗമായി കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റിക്കഴിഞ്ഞു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് ദീർഘകാല വായ്പയായി 9.2 ശതമാനം പലിശ ഇനത്തിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുകകൊണ്ട് നിലവിലുള്ള വായ്പാക്കടങ്ങൾ അടച്ചുതീർക്കുകയും ചെയ്തു. ഇതിന്റെ ഗുണ ഫലമെന്നോണം വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ ലാഭിക്കുവാൻ കഴിഞ്ഞു. കൂടാതെ കെ.എസ്.ആർ.ടി.സി.-യെ പുനഃസംഘടിപ്പിക്കുന്നതിനും പുനരുദ്ധരിച്ച് ലാഭത്തിലേയ്ക്കെത്തിക്കുന്നതിനുമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൊൽക്കത്ത എന്ന സ്ഥാപനത്തിലെ റിട്ടയേർഡ് പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ, വിശദപഠനം നടത്തുവാൻ കൺസൾട്ടന്റായി സർക്കാർ ചുമതലപ്പെടുത്തുകയും അദ്ദേഹം ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നത മാനേജ്മെന്റ് തലത്തിൽ

പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചുവരുന്നു. ഡ്യൂട്ടി പാറ്റേൺ അടക്കമുള്ള പരിഷ്കാരങ്ങൾ സർവ്വീസ് ഓപ്പറേഷൻ മേഖലയിൽ നടത്തിക്കൊണ്ട് വരുമാന വർദ്ധനവിന് പദ്ധതി ഉണ്ടാക്കിവരുന്നു. പെൻഷൻ നൽകുന്നതിന് സഹകരണ മേഖലയുമായി സഹകരിച്ച് സർക്കാർ ഒരു പ്രത്യേക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(സി) നിലവിൽ 9.20 ശതമാനം പലിശയ്ക്കാണ് പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിൽനിന്നും 3100 കോടി രൂപയുടെ കടമുള്ളത്. ഇതിൻപ്രകാരം പ്രതിവർഷം ഏകദേശം 286 കോടി രൂപയോളം പലിശയിനത്തിൽ നൽകിവരുന്നു. ഇത് കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾ ആലോചനയിലാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന നഷ്ടം**

307(1870) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്തൊക്കെ കാരണങ്ങളാലാണ് കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടം സംഭവിക്കുന്നതെന്നും പ്രതിദിന നഷ്ടം കുറയ്ക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ എന്തെങ്കിലും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുഗതാഗത രംഗത്ത് ലാഭനഷ്ടം നോക്കാതെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സർവ്വീസുകൾ നടത്തേണ്ടിവരുന്നതിനാലാണ് പ്രധാനമായും കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടം സംഭവിച്ച് കൊണ്ടിരിക്കുന്നത്. കൂടാതെ അടിക്കടിയുണ്ടാകുന്ന ഡീസൽ, സ്പെയർപാർട്സ് എന്നിവയുടെ വിലവർദ്ധനവ്, ഹർത്താൽ, ബന്ദ് അനുകൂലികളുടെ അക്രമംമൂലം സംഭവിക്കുന്ന നഷ്ടങ്ങൾ, വിദ്യാർത്ഥികൾക്കുള്ള കൺസഷൻ ടിക്കറ്റ് ഉൾപ്പെടെയുള്ള സൗജന്യ യാത്ര പാസ്സുകൾ അനുവദിക്കുന്നതുമൂലമുണ്ടാകുന്ന നഷ്ടം എന്നിവയാണ് കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന നഷ്ടത്തിന്റെ മറ്റ് കാരണങ്ങൾ. റൂട്ടുകൾ പുന:ക്രമീകരിച്ച് വരുമാനവർദ്ധനവ് നടത്തിയും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചും സർക്കാർ നൽകുന്ന ധനസഹായം കൊണ്ടും ഇലക്ട്രിക്, സി.എൻ.ജി./എൽ.എൻ.ജി. എന്നീ ബസ്സുകളുടെ വ്യാപനത്തോടെയും നഷ്ടം കുറച്ച് കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുവാൻ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ബസ് ഓടിക്കുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്.

സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർസംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസ്സുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ തരത്തിലുള്ള ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി. ബസ്സുകൾ ഉപയോഗിച്ച് തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട്, കോഴിക്കോട്-കാസർഗോഡ് എന്നീ റൂട്ടുകളിൽ പുതിയ സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിൽ ആരംഭിച്ചിട്ടുണ്ട്. ടി എയർ കണ്ടീഷൻഡ് സർവ്വീസുകൾ കൃത്യനിഷ്ഠ പുലർത്തുന്നതിനാലും, കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞതിനാലും കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ എയർപോർട്ടുകളിൽനിന്നും പ്രധാന നഗരങ്ങളിലേയ്ക്ക് ഫ്ലൈ ബസുകൾ എന്ന പേരിൽ പുതിയ എ.സി. സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. എയർപോർട്ടുകളിൽനിന്ന് യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ സുഖകരമായ യാത്ര ഈ സർവ്വീസുകൾ പ്രദാനം ചെയ്യുന്നതിനാൽ ടി സർവ്വീസുകളും ജനോപകാരപ്രദമായി നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 5 ബസ്സുകൾ ശബരിമല മഹോത്സവത്തോടനുബന്ധിച്ച് നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസ് നടത്തുന്നതിനായി ഇതിനോടകം ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. പരിസ്ഥിതി സൗഹാർദ്ദവും ശബ്ദരഹിതവുമായ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്.

താരതമ്യേന ചെലവുകുറഞ്ഞ ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് മാതൃകയിൽ ലഭ്യമാക്കി സർവ്വീസ് നടത്തിവരുന്നു. ഒരു സി.എൻ.ജി. ബസ് ട്രയൽ അടിസ്ഥാനത്തിൽ എറണാകുളം സിറ്റിയിൽ സർവ്വീസ് നടത്തിവരുന്നുണ്ട്.

മെക്കാനിക്കൽ ജീവനക്കാരുടെ ജോലിസമയം, ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുന:ക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അദ്ധ്വാനഭാരംകുറച്ച് തദ്വാര ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും തദ്വാര മനുഷ്യപ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനും ഉള്ള നടപടികളുടെ ഭാഗമായി ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന പ്രൊഡക്ടിവിറ്റി കൗൺസിലിനെ

ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കിവരികയുമാണ്. ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽനിന്നും ദേശീയ ശരാശരിയിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഡ്രൈവർമാർക്കും മെക്കാനിക്കുകൾക്കും പരിശീലനം നൽകിവരുന്നു. ടയർ മൈലേജ് വർദ്ധിപ്പിച്ച് ചെലവ് ചുരുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാനുള്ള നടപടിയുടെ ഭാഗമായി സർവ്വീസ് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെ പ്രാധാന്യം നൽകി കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വ്യാവസായിക വാണിജ്യ അടിസ്ഥാനത്തിൽ വാണിജ്യ സമുച്ചയങ്ങൾ പണിയുകയും, ലേലം/ടെൻഡർ നടപടികളിലൂടെ നൽകിയും, കൊറിയർ ആൻഡ് പാഴ്സൽ സർവ്വീസ്, ബാങ്ക് എ.റ്റി.എം., കോഫീ വെൻഡിംഗ് മെഷീൻ എന്നിവ നടപ്പിലാക്കുകയും കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് കരാർ നൽകിയും അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ നിർമ്മിച്ച നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട, കൊട്ടാരക്കര, പയ്യന്നൂർ, കണ്ണൂർ, കാസർഗോഡ് എന്നീ വാണിജ്യ സമുച്ചയങ്ങളിൽ ഒഴിവുള്ള കടമുറികൾക്ക് പരമാവധി ലൈസൻസികളെ കണ്ടെത്തി ഷോപ്പുകൾ തുറന്ന് പ്രവർത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലൂടെ പലിശരഹിത നിക്ഷേപ ഇനത്തിലും പ്രതിമാസ വാടക ഇനത്തിലും നല്ലൊരു തുക സമഹരിക്കുക എന്നതാണ് കോർപ്പറേഷൻ ലക്ഷ്യമിടുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ പ്രധാന ബസ് സ്റ്റേഷനുകളിൽ ഇന്ത്യൻ കോഫീ ഹൗസ്, ആകർഷകമായ എൽ.ആർ. സ്റ്റാളുകൾ, എ.റ്റി.എം. കൗണ്ടറുകൾ, വിശ്രമ സൗകര്യങ്ങൾ, വൃത്തിയുള്ള ടോയ്‌ലെറ്റുകൾ, ഇൻഫർമേഷൻ സംവിധാനങ്ങൾ എന്നിവ പ്രാവർത്തികമാക്കിയിട്ടുള്ളതാണ്.

കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള ബസ് സ്റ്റേഷനുകളിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനും വാണിജ്യ സമുച്ചയങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന ഹാളുകളിൽ മൾട്ടിപ്ലക്സ് സിനിമാശാലകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുമുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിലൂടെ പ്രതിമാസം നല്ലൊരു തുക സമാഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ നിർമ്മാണം പൂർത്തീകരിച്ചുവരുന്ന തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, നിലമ്പൂർ, ഹരിപ്പാട്, മലപ്പുറം എന്നീ വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ, ഓഫീസ്

സ്പെയ്സ് എന്നിവയ്ക്ക് ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള ടെൻഡർ നടപടികൾ നിരവധിതവണ നടത്തിയിട്ടുള്ളതാണ്. ഇവയെല്ലാം തന്നെ പൂർണ്ണമായും സജ്ജമായി കഴിഞ്ഞാൽ ടിക്കറ്റിതര വരുമാനമായി നല്ലൊരു തുക കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്നതാണ്. ഇതെല്ലാംതന്നെ കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽനിന്നും ലാഭകരമാക്കുവാൻ ഒരു പരിധി വരെ സഹായകമാവുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലും പരസ്യ പ്രദർശനത്തിന് ജില്ലാ അടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു. കൂടാതെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ ഡിജിറ്റൽ വീഡിയോ വോൾ സ്ഥാപിച്ച് പരസ്യം പ്രദർശിക്കുന്നതിനും ലൈസൻസികളെ കണ്ടെത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു. മുൻ വർഷങ്ങളിൽനിന്നും വ്യത്യസ്തമായി നിബന്ധനകളിൽ കാതലായ മാറ്റംവരുത്തിയത് വഴി കെ.എസ്.ആർ.ടി.സി., കെ.യു.ആർ.ടി.സി. ബസ്സുകളിൽ പരസ്യം ചെയ്യുന്നതിന് ലൈസൻസികളെ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആയതിനൊപ്പം വാണിജ്യ സമുച്ചയങ്ങളിൽ മൾട്ടി പ്ലക്സ് സിനിമാശാലകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള പദ്ധതിയും വിഭാവന ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൊറിയർ പാഴ്സൽ സർവ്വീസ് നടത്തുന്നതിലൂടെ പ്രതിമാസം 13,15,000 രൂപ ലഭിക്കുന്നു. ഇത് ഈയിനത്തിൽ പോയ വർഷത്തെ വരുമാനത്തിനേക്കാൾ ആറ് മടങ്ങ് വർദ്ധനവ് വരുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസുകൾ പരസ്യത്തിന് നൽകുന്നതുവഴി പ്രതിവർഷം 8.38 കോടി രൂപയിൽനിന്നും 21 കോടി രൂപയിലേക്കും കെ.യു.ആർ.ടി.സി. ബസ്സുകളിൽ 1.30 കോടി രൂപയിൽനിന്നും 5.33 കോടി രൂപയിലേക്കും വരുമാനം ഉയർത്തുവാൻ കഴിഞ്ഞു. അത്തരത്തിൽ 5 വർഷത്തേയ്ക്ക് 59 കോടി രൂപയിൽനിന്നും 161 കോടി രൂപയിലേയ്ക്ക് ഗണ്യമായ വർദ്ധനവാണ് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചത്.

**കെ.എസ്.ആർ.ടി.സി.-ക്ക് കേന്ദ്ര സഹായം**

308(1871) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽനിന്ന് കരകയറ്റുന്നതിനും പൊതുഗതാഗത സർവ്വീസായിത്തന്നെ നിലനിർത്തുന്നതിനും കേന്ദ്ര സർക്കാരിൽ നിന്ന് ഏതെങ്കിലും രീതിയിലുള്ള സഹായം ആവശ്യമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഏതെല്ലാം രീതിയിൽ സഹായത്തിന്റെ തോത് എത്രകണ്ട് പ്രതീക്ഷിക്കുന്നു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര തവണ ഏതെല്ലാം രീതിയിലുള്ള സഹായ അഭ്യർത്ഥനകൾ കേന്ദ്രത്തോട് നടത്തി ; കേന്ദ്രത്തിൽ ഏതൊക്കെ മന്ത്രിമാരുൾപ്പെടെയുള്ളവരെ ഈ ആവശ്യവുമായി എത്രതവണ സമീപിച്ചിരുന്നു;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് ഏതെങ്കിലും വിധത്തിലുള്ള സഹായ വാഗ്ദാനം ലഭിച്ചിരുന്നോ; എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) നാളിതുവരെയായി സഹായ അഭ്യർത്ഥനയുമായി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്തെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സഹായം ആവശ്യമാണെന്ന് കരുതുന്നുണ്ട്. 1950-ലെ ആർ.ടി.സി. ആക്ട് പ്രകാരം സംസ്ഥാന സർക്കാരും, കേന്ദ്ര സർക്കാരും മൂലധന നിക്ഷേപമായി പരസ്പരം അംഗീകരിക്കുന്ന നിശ്ചിത അനുപാതത്തിൽ തുക അനുവദിക്കേണ്ടതുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ 1992-ന് ശേഷം നാളിതുവരെയും ഈയിനത്തിൽ തുക അനുവദിച്ചിട്ടില്ല. ഈ ഇനത്തിലും കെ.എസ്.ആർ.ടി.സി.-ക്ക് എണ്ണ കമ്പനികൾ നൽകുന്ന ഡീസലിന്റെ നികുതി ഭാരം കുറയ്ക്കുക വഴിയും കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നു.

(ബി - ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബഹുമാനപ്പെട്ട പാർലമെന്റ് അംഗങ്ങളുടെ സമ്മേളനങ്ങളിൽ കെ.എസ്.ആർ.ടി.സി.-ക്ക് മൂലധന നിക്ഷേപമായും, ഡീസൽ സബ്സിഡി ഇനത്തിലും സഹായം വാങ്ങിത്തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കൃഷി കല്യാൺ സെസ്സിനായി എ.സി. ബസ്സുകളിൽനിന്ന് സേവന നികുതി ഏർപ്പെടുത്തുന്നതിൽനിന്നും കെ.എസ്.ആർ.ടി.സി.-യെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് നേരിട്ടും ബഹുമാനപ്പെട്ട പാർലമെന്റ് അംഗങ്ങളുടെ സമ്മേളനങ്ങളിലും അഭ്യർത്ഥിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് സഹായവാഗ്ദാനം ലഭിച്ചിട്ടില്ല.

കേന്ദ്ര സഹായത്തോടെ തിരുവനന്തപുരം ഈഞ്ചയ്ക്കലിൽ ബസ് പോർട്ട് നിർമ്മിക്കുന്നതിനായും, 63 കോടി രൂപ ചെലവിൽ കെ.എസ്.ആർ.ടി.സി.-യിൽ ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം (ITS) നടപ്പിലാക്കുന്നതിനായും കെ.എസ്.ആർ.ടി.സി. സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

## കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സുകൾ

309(1872) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സുകൾ ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; നിലവിലുള്ള സർവ്വീസ് ബസ്സുകൾക്ക് പകരം സംവിധാനമായിട്ടാണോ ഇവ ഉപയോഗിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

ഉണ്ട്. നിലവിലെ ബസ്സുകൾക്കുപുറമേ, വെറ്റ് ലീസ് വ്യവസ്ഥയിൽ 9 മീറ്റർ നീളമുള്ള 10 എ.സി. ഇലക്ട്രിക് ബസ്സുകൾ സർവ്വീസ് നടത്തുന്നതിനുള്ള ടെൻഡർ ക്ഷണിക്കുകയും ആദ്യഘട്ടത്തിൽ ഇലക്ട്രിക് ബസ്സുകൾ പമ്പ - നിലയ്ക്കൽ റൂട്ടിൽ സർവ്വീസ് നടത്തിവരികയും ചെയ്യുന്നു.

പരിസ്ഥിതി സൗഹാർദ്ദവും ശബ്ദരഹിതവുമായ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുള്ളതും ശബരിമല പൂങ്കാവനത്തിനുണ്ടാകുന്ന പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനും കഴിയും.

## കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അറ്റകുറ്റപ്പണികൾ

310(1873) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി./കെ.യു.ആർ.ടി.സി.-യുടെയും എത്ര എ/സി, നോൺ എ/സി ബസ്സുകൾ ബസ്സ് സ്റ്റേഷൻ പരിസരം, ഡിപ്പോകൾ, ഗ്യാരേജുകൾ അതുമല്ലെങ്കിൽ മറ്റെവിടെയങ്കിലും അറ്റകുറ്റപ്പണിക്കായോ അല്ലാതെയോ ഒതുക്കി ഇട്ടിരിക്കുന്നു; വിശദ വിവരങ്ങളോടെ പട്ടികതിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ;

(ബി) ഇത്തരം ബസ്സുകളുടെ അറ്റകുറ്റപ്പണികൾക്ക് ഉണ്ടാകുന്ന കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാം;

(സി) ഇത്തരം ബസ്സുകൾ അടിയന്തരമായി അറ്റകുറ്റപ്പണി തീർത്ത് സർവ്വീസ് നടത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ എത്ര ബസ്സുകൾ അറ്റകുറ്റപ്പണികൾ തീർത്ത് എന്നത്തേയ്ക്ക് നിരത്തിലോടിക്കാനാകുമെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് ഏറ്റവുമധികം കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്ന തലസ്ഥാന നഗരിയിൽ ബസ്സുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിൽ ബോധപൂർവ്വം കാലതാമസം വരുത്തുന്നത് സ്വകാര്യ ബസ്സുകൾക്ക് അമിതലാഭം കൊയ്യുന്നതിന് അവസരമൊരുക്കുമെന്നത് ഗൗരവമായി കാണുമോ; വിശദമാക്കുമോ?

ഉത്തരം

(എ) 27-11-2018-ൽ കെ.എസ്.ആർ.ടി.സി.-യുടേയും കെ.യു.ആർ.ടി.സി.-യുടേയും എ.സി.-47, നോൺ എ.സി.-766 ബസ്സുകൾ ഡോക്കിലാണ്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സാമ്പത്തികപരാധീനതമൂലം ടയർ, സ്പെയർ പാർട്സുകൾ എന്നിവ യഥാസമയം ലഭ്യമാക്കാൻ സാധിക്കാത്തതുമൂലമാണ് കാലതാമസം ഉണ്ടാകുന്നത്.

(സി&ഡി) കെ.എസ്.ആർ.ടി.സി.-യിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം ടയർ, സ്പെയർ പാർട്സുകൾ എന്നിവ യഥാസമയം ലഭ്യമാക്കാൻ കഴിയാത്തതിനാലാണ് ബസ്സുകൾ അറ്റകുറ്റപണികൾക്കായി ഒതുക്കിയിടേണ്ടി വരുന്നത്. ആവശ്യമായ തുക ലഭ്യമാകുന്നമുറയ്ക്ക് ബസ്സുകൾ അറ്റകുറ്റപണികൾ തീർത്ത് സർവ്വീസ് സജ്ജമാക്കാൻ കഴിയുന്നതാണ്. എന്നാൽ, സർവ്വീസുകളെ കാര്യമായി ബാധിക്കാതിരിക്കുന്നതിന് ബസ്സുകൾ നിരത്തിലിറക്കാൻ കടുത്ത സാമ്പത്തിക പരാധീനതയിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ മ്യൂസിക് സിസ്റ്റം

311(1874) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഘടിപ്പിച്ചിരിക്കുന്ന മ്യൂസിക് സിസ്റ്റം ആദ്യം കുറച്ച് ദിവസം ബസ്സിൽ നിലനിർത്തുകയും ക്രമേണ സിസ്റ്റം അപ്പാടെ അപ്രത്യക്ഷമാകുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഉന്നത ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കാത്തതുമൂലം ഇതിന്റെ മോഷണം വർദ്ധിക്കുന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോ; മ്യൂസിക് സിസ്റ്റം കാണാതായാൽ കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർ സ്ഥലം പോലീസ് സ്റ്റേഷനിൽ പരാതി നൽകാറുണ്ടോ;

(സി) ഇത്തരത്തിലുള്ള എത്ര പരാതികൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ കെ.എസ്.ആർ.ടി.സി. മുഖേനയോ അല്ലാതെയോ നൽകിയിട്ടുണ്ട്; ഈ പരാതികളിൽ എത്ര എണ്ണത്തിന്മേൽ പോലീസ് അന്വേഷണം നടത്തിയതായി അറിവ് ലഭിച്ചിട്ടുണ്ട്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) അന്വേഷണഫലമായി നഷ്ടപ്പെട്ട എത്ര മ്യൂസിക് സെറ്റുകൾ തിരികെ ലഭിച്ചുവെന്ന് അറിയിക്കുമോ; ഇനിയും കണ്ടുകിട്ടാനുള്ളവ എത്രയാണ്; നഷ്ടപ്പെട്ട മ്യൂസിക് സെറ്റുകൾ കണ്ടെടുക്കണമെന്ന നിലപാട് സർക്കാരിനുണ്ടോ; എങ്കിൽ അതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഇ) കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ മ്യൂസിക് സിസ്റ്റം നഷ്ടപ്പെട്ടാൽ മിക്കപ്പോഴും ഉദ്യോഗസ്ഥർ പോലീസിൽ പരാതിപ്പെടാതിരിക്കുന്നതിനാൽ മോഷണം വർദ്ധിക്കുന്നതായുള്ള വസ്തുത അതീവ ഗൗരവമായി കാണുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ സ്ഥാവരജംഗമ വസ്തുക്കൾക്കുണ്ടാകുന്ന ഏതൊരു നഷ്ടവും മോഷണവും ശ്രദ്ധയിൽപ്പെട്ടാൽ ഇതുസംബന്ധിച്ച് പോലീസിൽ പരാതി നൽകി നിയമനടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) തിരുവനന്തപുരം സിറ്റി യൂണിറ്റിൽ ഡോക്ക് ചെയ്തിരുന്ന ചില എ.സി. ലോ ഫ്ലോർ ബസ്സുകളിൽനിന്നും സ്റ്റീരിയോ മ്യൂസിക് സിസ്റ്റം നഷ്ടപ്പെട്ടതായി ബന്ധപ്പെട്ടുള്ള പരാതിയിന്മേൽ കെ.എസ്.ആർ.ടി.സി. വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുള്ളതും പോലീസ് അന്വേഷണം നടന്നുവരുന്നതുമാണ്.

(ഇ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽനിന്നുള്ള മ്യൂസിക് സിസ്റ്റത്തിന്റെ മോഷണം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്നപക്ഷം അതീവ ഗൗരവമായി കണ്ട് നടപടി സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. പുതിയതായി വാങ്ങുന്ന ബസ്സുകൾ**

312(1875) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വർഷങ്ങളിൽ 400 മുതൽ 600 വരെ ബസ്സുകൾ വാങ്ങിയിരുന്ന കെ.എസ്.ആർ.ടി.സി. കഴിഞ്ഞ രണ്ടര വർഷത്തിനിടെ പുതിയതായി വാങ്ങിയത് 100 ബസ്സുകൾ മാത്രമാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1000 ബസ്സുകൾ വാങ്ങുമെന്ന ബഡ്ജറ്റ് പ്രഖ്യാപന മുണ്ടായിരുന്നുവെങ്കിലും ബസ്സുകൾ വാങ്ങാതെ പോയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) നിലവിലുള്ള ബസ്സുകളിൽനിന്ന് ശബരിമല സർവ്വീസിനായി ആയിരത്തോളം ബസ്സുകൾ പിൻവലിക്കുന്നതോടെ യാത്രാക്ലേശം രൂക്ഷമാകുമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പുതിയ ബസ്സുകൾ വാങ്ങുന്നതിനുപകരം വാടക വണ്ടികൾ ഉപയോഗിച്ച് സർവ്വീസ് നടത്താമെന്ന് കോർപ്പറേഷൻ തീരുമാനിക്കുകയുണ്ടായോ; എങ്കിൽ അതുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അറ്റകുറ്റപ്പണികൾക്കായി ഗ്യാരേജുകളിലുള്ള 800-ലധികം ബസ്സുകൾ പ്രസ്തുത ജോലി തീർത്ത് സർവ്വീസിന് തയ്യാറാക്കുന്നതിന് ആവശ്യമായ ടയറും മറ്റ് സ്പെയർ പാർട്സുകളും വാങ്ങുന്നതിനുപോലും കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക പരാധീനതമൂലം സാധിക്കുന്നില്ല. Escrow വായ്പയിൽ തിരിച്ചടവിനുള്ള പണംപോലും ഇന്നത്തെ നിലയിൽ ബസ് വാങ്ങി ഓടിക്കുന്നതിലൂടെ ലഭിക്കുകയില്ല. നിലവിൽ അറ്റകുറ്റപ്പണികൾക്കായി ഗ്യാരേജുകളിലുള്ള ബസ്സുകൾ സർവ്വീസിന് യോഗ്യമാക്കിയും ജീവനക്കാരുടെ കുറവ് പരിഹരിച്ചും ഓടിക്കാൻ കഴിയുന്ന എല്ലാ ബസ്സുകളും സർവ്വീസിന് അയയ്ക്കാൻ കഴിയുന്ന സാഹചര്യം സംജാതമാക്കുന്നതിനാണ് മുൻഗണന നൽകുന്നത്.

(സി) ശബരിമല ഉത്സവകാല പ്രത്യേക സർവ്വീസുകളുടെ നടത്തിപ്പിനായി 1000 (ആയിരം) ബസ്സുകൾ പിൻവലിച്ചിട്ടില്ല. 400 ബസ്സുകൾ മാത്രമാണ് വിവിധ കേന്ദ്രങ്ങളിലേയ്ക്ക് ശബരിമല മഹോത്സവത്തോടനുബന്ധിച്ച് പുനഃക്രമീകരിച്ചിട്ടുള്ളത്. മുൻവർഷങ്ങളിലെപോലെ, യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ, മറ്റ് സർവ്വീസുകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള ബസ്സുകൾക്ക് പകരം വാടക വണ്ടി ഉപയോഗിക്കാൻ നിലവിൽ തീരുമാനം എടുത്തിട്ടില്ല. എന്നാൽ വെറ്റ് ലീസ് വ്യവസ്ഥയിൽ മുമ്പ് ലഭ്യമാക്കിയ 10 സ്കാനിയ ബസ്സുകൾ കൂടാതെ 10 എ.സി. ഇലക്ട്രിക് ബസ്സുകളും വെറ്റ് ലീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ് സർവ്വീസ്

313(1876) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ബസുകൾ സർവ്വീസ് നടത്തുന്നു എന്നും ഏതെല്ലാം റൂട്ടുകളിലാണെന്നും വ്യക്തമാക്കുമോ;

(ബി) ഇലക്ട്രിക് ബസുകളുടെയും മറ്റ് ബസുകളുടെയും പ്രവർത്തന ചെലവ് താരതമ്യം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 10 ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ സർവ്വീസ് നടത്തുന്നതിന് ടെൻഡർ ക്ഷണിച്ച് ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ ആദ്യ ഘട്ടത്തിൽ ലഭ്യമായ 5 ഇലക്ട്രിക് ബസ്സുകൾ പമ്പ-നിലയ്ക്കൽ റൂട്ടിൽ സർവ്വീസ് നടത്തുന്നു.

(ബി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സുകൾ വാങ്ങിയ നടപടി

314(1877) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. അതിന്റെ ഫ്ലീറ്റിൽ ഡീസൽ ബസ്സുകൾക്ക് പകരം ഇലക്ട്രിക് ബസ്സുകൾ ഉൾപ്പെടുത്തി തുടങ്ങിയോ; ഈ വിധമുള്ള ബസ്സുകൾ ഫ്ലീറ്റിൽ ആദ്യമായി ഉൾപ്പെടുത്തിയത് എന്നാണ്; നിലവിൽ ഇത്തരം എത്ര ബസ്സുകൾ വാങ്ങിയിട്ടുണ്ട്; എവിടെനിന്നാണ് ബസ്സുകൾ വാങ്ങിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ വകയിൽ ഓരോ ബസ്സിനും എത്ര രൂപയാണ് കെ.എസ്.ആർ.ടി.സി.ക്ക് ചെലവായത്; ബസ്സിന്റെ നിർമ്മാണ സ്ഥലത്ത് ഓരോന്നിനും എന്ത് തുകയാണ് വില നൽകിയത്; ബസ്സുകൾ ഓരോന്നും തിരുവനന്തപുരത്തോ അല്ലെങ്കിൽ ബന്ധപ്പെട്ട ഡിപ്പോകളിലോ എത്തിക്കുന്നതിന് എന്ത് തുക ചെലവായെന്ന് അറിയിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇലക്ട്രിക് ബസ്സുകൾ വാങ്ങിയ കമ്പനിയെ തെരഞ്ഞെടുത്തത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരുന്നു; ഇതിനായി അന്താരാഷ്ട്ര ടെണ്ടർ ക്ഷണിച്ചിരുന്നോ; എങ്കിൽ എന്നാണ് ടെണ്ടർ ക്ഷണിച്ചത്; ആരൊക്കെ ടെണ്ടർ നടപടിയിൽ പങ്കെടുത്തു; ഓരോരുത്തരും ക്വാട്ട് ചെയ്ത തുകയുടെ വിശദവിവരം മേശപ്പുറത്തുവയ്ക്കുമോ;

(ഡി) ബസ്സുകൾ വാങ്ങുന്നതിന് മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ ഒന്നും പാലിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ബസ്സുകൾ വാങ്ങിയപ്പോൾ അതിന്റെ തുടർ മെയിന്റനൻസ് സംബന്ധിച്ച് കരാർ ഉണ്ടാക്കിയിരുന്നോ; എങ്കിൽ അത് ഏത് സ്ഥാപനവുമായിട്ടാണ്; കരാറിന്റെ പൂർണ്ണരൂപം മേശപ്പുറത്തുവയ്ക്കുമോ;

(എഫ്) ബസ്സുകൾ വൻതുക മുടക്കി വാങ്ങിയശേഷം നിർമ്മാതാവുമായുള്ള തുടർ കരാറിലെ ലംഘനം ഉണ്ടായാൽ അത് പരിഹരിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇപ്രകാരം കരാർ ലംഘനമുണ്ടായാൽ അതുമൂലം കെ.എസ്.ആർ.ടി.സി.ക്ക് സംഭവിക്കാവുന്ന സാമ്പത്തിക നഷ്ടം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഇലക്ട്രിക് ബസ്സുകൾ 15-11-2018 മുതൽ ഫ്ലീറ്റിൽ ഉൾപ്പെടുത്തി തുടങ്ങിയിട്ടുണ്ട്. ഇത്തരം ബസ്സുകൾ കെ.എസ്.ആർ.ടി.സി. സ്വന്തമായി വാങ്ങിയിട്ടില്ല. M/s മഹാവോയേജ് LLP-ൽനിന്നും വെറ്റ് ലീസ് അടിസ്ഥാനത്തിലാണ് 10 ഇലക്ട്രിക് ബസ്സുകൾ ലഭ്യമാക്കിയിട്ടുള്ളത്.

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് ഇത്തരത്തിൽ തുകയൊന്നും ചെലവായിട്ടില്ല.

(സി&ഡി) വെറ്റ് ലീസ് വ്യവസ്ഥയിലാണ് ഇലക്ട്രിക് ബസ്സുകൾ ലഭ്യമാക്കിയത്.

(ഇ&എഫ്) വെറ്റ് ലീസ് വ്യവസ്ഥയായതിനാൽ ബസ്സുകളുടെ മെയിന്റനൻസ് കമ്പനിയുടെ ഉത്തരവാദിത്വത്തിലാണ്.

## കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സുകൾ

315(1878) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലവിൽ എത്ര ഇലക്ട്രിക് ബസ്സുകൾ ഉപയോഗിച്ചുവരുന്നുവെന്ന് അറിയിക്കുമോ;

(ബി) പരിസ്ഥിതിസൗഹൃദവും ചെലവ് കുറഞ്ഞതുമായ ഇത്തരം ഇലക്ട്രിക് ബസ്സുകൾ കൂടുതലായി ഉപയോഗിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) 10 A/C ഇലക്ട്രിക് ബസ്സുകൾ (9 മീറ്റർ നീളം) വെറ്റ് ലീസ് വ്യവസ്ഥയിൽ കെ.എസ്.ആർ.ടി.സി.-യിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 5 ബസ്സുകൾ ശബരിമല മഹോത്സവത്തോടനുബന്ധിച്ച് നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസ് നടത്തുന്നതിനായി ഇതിനോടകം ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. പരിസ്ഥിതി സൗഹാർദ്ദവും, ശബ്ദരഹിതവും ആയ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്. 29-9-2018-ലെ സ.ഉ.(കൈ) നമ്പർ 58/2018/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ഇലക്ട്രിക് വെഹിക്കിൾ പോളിസിയുടെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ 2025 വർഷത്തോടെ കെ.എസ്.ആർ.ടി.സി.-യിൽ കൂടുതൽ ബസ്സുകൾ ഇലക്ട്രിക് ബസ്സുകളായി മാറ്റണമെന്ന് വിഭാവന ചെയ്തിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സുകൾക്കുള്ള ചെലവ്

316(1879) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. അടുത്തിടെ വാങ്ങിയ ഇലക്ട്രിക് ബസ്സുകൾക്കുള്ള ചെലവ് ഏത് ഫണ്ടിൽ നിന്നാണ് നൽകാൻ ഉദ്ദേശിക്കുന്നത്; ഇതിൽ എന്ത് തുക നൽകി; ഇനി എന്ത് തുക ബാക്കി നൽകാനായിട്ടുണ്ട്;

(ബി) പ്രസ്തുത ബസ്സുകൾ അതിന്റെ നിർമ്മാതാവിൽനിന്ന് നേരിട്ടാണോ കെ.എസ്.ആർ.ടി.സി. വാങ്ങിയത്; അല്ലെങ്കിൽ പിന്നെ എവിടെനിന്നെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബസ്സുകൾ വാങ്ങുന്നതിന് സംസ്ഥാനത്തുനിന്ന് ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും സർക്കാർ പ്രതിനിധികൾ നിർമ്മാതാവിനെ സമീപിച്ചിരുന്നോ; എങ്കിൽ എത്ര പേർ എത്ര തവണ ഇതുമായി ബന്ധപ്പെട്ട് യാത്ര നടത്തി; യാത്രയ്ക്ക് എന്തെങ്കിലും തുക ചെലവ് വന്നിരുന്നോ; എങ്കിൽ ഏതേത് ഇനങ്ങളിൽ എന്ത് തുക എന്ന് വിശദമായി വിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ബസ്സുകൾ ഒരേ കമ്പനിയിൽനിന്ന് അധികമായി വാങ്ങുകയോ വാങ്ങാനായി കരാർ ആകുകയോ ചെയ്തപ്പോൾ പ്രസ്തുത കമ്പനി ബസ് വില ഒന്നിന് എന്ത് തുകയുടെ കിഴിവ് ലഭ്യമാക്കി; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. സ്വന്തമായി ഇലക്ട്രിക് ബസ്സുകൾ വാങ്ങിയിട്ടില്ല. ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിലാണ് ലഭ്യമാക്കിയിട്ടുള്ളത്. ആയതിന്റെ ചെലവ് കിലോമീറ്റർ അടിസ്ഥാനത്തിലാണ് നൽകേണ്ടത്. ഇത് കെ.എസ്.ആർ.ടി.സി.-യുടെ തനത് ഫണ്ടിൽനിന്നും നൽകേണ്ടതുണ്ട്. നിലവിൽ തുക ഒന്നും നൽകിയിട്ടില്ല.

(ബി) ഇത് ഇ-ടെൻഡറിൽ കിലോമീറ്ററിന് ഏറ്റവും കുറവ് തുക വാഗ്ദാനം ചെയ്ത M/s Mahavoyage LLP എന്ന ഓപ്പറേറ്റർ മുഖാന്തരമാണ് ലഭ്യമാക്കിയിട്ടുള്ളത്. ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിലാണ് ലഭ്യമാക്കിയിട്ടുള്ളത്.

(സി) ഇല്ല.

(ഡി) (എ) പിരിവിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

**കെ.എസ്.ആർ.ടി.സി. വാടകയ്ക്കെടുക്കുന്ന ഇലക്ട്രിക് ബസ്സുകൾ**

317(1880) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ് വാടകയ്ക്കെടുത്ത് സർവ്വീസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച കരാറിൽ ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; എത്ര ബസ്സുകളാണ് വാടകയ്ക്ക് എടുക്കാനുദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) ഏത് കമ്പനിയിൽനിന്നാണ് പ്രസ്തുത ബസ്സുകൾ വാടകയ്ക്കെടുക്കുന്നതെന്നും പ്രസ്തുത കമ്പനിക്ക് കിലോമീറ്ററിന് എന്ത് തുകയാണ് നൽകേണ്ടതെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇലക്ട്രിക് ബസ് വെറ്റ് ലീസ് അടിസ്ഥാനത്തിൽ സർവ്വീസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 14-11-2018-ൽ കെ.എസ്.ആർ.ടി.സി. ഒന്നാം കക്ഷിയായും M/s Mahavoyage LLP രണ്ടാം കക്ഷിയായും കരാർ ഒപ്പുവച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.)* 9 മീറ്റർ എ.സി. ഇലക്ട്രിക് ബസ്സുകൾ 10 എണ്ണം വാടകയ്ക്ക് എടുത്തിട്ടുണ്ട്.

(സി) M/s Mahavoyage LLP-യിൽനിന്നും 43.20 രൂപ നിരക്കിൽ പ്രതിദിനം 400 കി.മീ. ഉപയോഗത്തിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ ഇ-ബസ് ലഭ്യമാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിൽ വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം

318(1881) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിച്ചുവരുന്നുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ കഴിഞ്ഞ മാസാവസാനം വരെ ആകെ എത്ര യാത്രാ കൺസഷൻ വിദ്യാർത്ഥികൾക്ക് നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) 2018 വർഷം മാത്രം ആകെ എത്ര യാത്രാ കൺസഷനുകൾ വിദ്യാർത്ഥികൾക്ക് നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) കൺസഷൻ നൽകുമ്പോൾ വിദ്യാർത്ഥികളോ അവരുടെ മാതാപിതാക്കളോ അപേക്ഷ നൽകിയാൽ എന്ത് തുക വരെ അവരിൽനിന്ന് കെ.എസ്.ആർ.ടി.സി.-ക്ക് പിരിച്ചെടുക്കാൻ അധികാരം നൽകിയിട്ടുണ്ട്; അനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) മുൻസർക്കാരിൽനിന്ന് വ്യത്യസ്തമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാർത്ഥികൾക്കായുള്ള കൺസഷൻ വിതരണത്തിനായി സ്വീകരിക്കുന്ന തുക സ്വമേധയാ വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് അധികാരമുണ്ടോ; ഉണ്ടെങ്കിൽ ടി അധികാരം സർക്കാർ നൽകിയതാണോ എന്ന് വ്യക്തമാക്കുമോ; അധികാരം നൽകിയ രേഖയുടെ പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ;

(ഇ) ഇത്തരമൊരു അധികാരമില്ലെങ്കിൽ കൺസഷൻ കാർഡ് ഒന്നിന് ചെലവുള്ള 20 രൂപയ്ക്ക് പുറമെ അധികരിപ്പിച്ച തുകയിൽ എത്ര രൂപ ഓരോ കെ.എസ്.ആർ.ടി.സി. ഡിപ്പോകളും വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയെന്ന പട്ടിക ലഭ്യമാക്കുമോ;

(എഫ്) കാർഡ് ഒന്നിന് 20 രൂപയ്ക്ക് പുറമെ 100 മുതൽ ആയിരം രൂപ വരെ വിവിധ കാരണങ്ങളാക്കി യൂണിറ്റധികാരികൾ ഈടാക്കിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ അധികമായി ഫീസ് തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ 30-6-2018 വരെ ഈടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു;

(ജി) സ്വന്ത ഇഷ്ടപ്രകാരം ഏതൊക്കെ കെ.എസ്.ആർ.ടി.സി. യൂണിറ്റധികാരികൾ പണം അധികമായി ഈടാക്കി; അധികമായി ഈടാക്കിയ തുക വിദ്യാർത്ഥികൾക്ക് തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ; വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാതിരിക്കുന്നതിനുള്ള കാരണം അറിയിക്കുമോ; ടി ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ കഴിഞ്ഞ മാസാവസാനം വരെ ആകെ 2101088 കൺസഷൻ ടിക്കറ്റുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) 2018 വർഷം മാത്രം 552161 കൺസഷൻ ടിക്കറ്റുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(സി) കൺസഷൻ അനുവദിക്കുമ്പോൾ ഈടാക്കേണ്ട തുക സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി & ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസഷൻ ടിക്കറ്റ് നിരക്കിൽ വർദ്ധന വരുത്തിയിട്ടില്ല. എന്നാൽ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികളിൽനിന്നും കാർഡ് ഒന്നിന് 10 രൂപയും, പുറമേ ഒരു വിദ്യാർത്ഥിക്ക് ഒരു അദ്ധ്യയന വർഷത്തേയ്ക്ക് 100 രൂപ ഒറ്റത്തവണ പ്രോസസ്സിംഗ് ഫീസും ഈടാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന് കെ.എസ്.ആർ.ടി.സി.-യുടെ ഭരണസമിതി 67/393/2017 നമ്പർ അജണ്ട പ്രകാരം തീരുമാനിച്ചിട്ടുള്ളതാണ്. ടി രേഖയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(എഫ്&ജി) കൺസഷൻ കാർഡുകൾ നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഒരു വിദ്യാർത്ഥിയിൽനിന്നും ഒരു തവണ 500 രൂപ പിഴ ഈടാക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. നിലവിലുള്ള ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും അനുസരിച്ചുള്ള പിഴ തുക മാത്രമെ യൂണിറ്റ് തലത്തിൽ ഇതുവരെയും ഈടക്കിയിട്ടുള്ളൂ. തിരുവനന്തപുരം യൂണിറ്റധികാരി അനധികൃതമായി പിഴ ഈടാക്കിയത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-ക്ക് നിലവിലുള്ള ബസ്സുകൾ

319(1882) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ എത്ര ബസുകൾ ഉണ്ടെന്നും എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്നും എത്ര ബസുകൾ കേടായിക്കിടക്കുന്നുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) കേടായിക്കിടക്കുന്ന ബസുകളിൽ നന്നാക്കിയെടുക്കാൻ കഴിയുന്നവ എത്രയെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ഷെഡ്യൂൾ പുനഃക്രമീകരണത്തിനുശേഷം കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ 5637 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തുവരുന്നു. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഷെഡ്യൂൾ |
|---|---|---|
| 1 | തിരുവനന്തപുരം | 1268 |
| 2 | കൊല്ലം | 489 |
| 3 | പത്തനംതിട്ട | 277 |
| 4 | ആലപ്പുഴ | 594 |
| 5 | കോട്ടയം | 497 |
| 6 | ഇടുക്കി | 255 |
| 7 | എറണാകുളം | 629 |
| 8 | തൃശ്ശൂർ | 349 |
| 9 | പാലക്കാട് | 203 |
| 10 | മലപ്പുറം | 171 |
| 11 | കോഴിക്കോട് | 245 |
| 12 | വയനാട് | 247 |
| 13 | കണ്ണൂർ | 259 |
| 14 | കാസർഗോഡ് | 154 |

6400 ബസ്സുകൾ സ്വന്തമായും 15 ബസ്സുകൾ വെറ്റ് ലീസ് അടിസ്ഥാനത്തിലും ഉണ്ട്. കേടായിക്കിടക്കുന്ന ബസ്സുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 222 എണ്ണം |
| കൊല്ലം | 32 എണ്ണം |
| പത്തനംതിട്ട | 69 എണ്ണം |
| ആലപ്പുഴ | 57 എണ്ണം |
| കോട്ടയം | 31 എണ്ണം |
| ഇടുക്കി | 32 എണ്ണം |
| എറണാകുളം | 127 എണ്ണം |
| തൃശ്ശൂർ | 48 എണ്ണം |
| പാലക്കാട് | 26 എണ്ണം |
| മലപ്പുറം | 23 എണ്ണം |
| കോഴിക്കോട് | 39 എണ്ണം |
| വയനാട് | 43 എണ്ണം |
| കണ്ണൂർ | 43 എണ്ണം |
| കാസർഗോഡ് | 21 എണ്ണം |
| ആകെ | 813 എണ്ണം |

(ബി) എല്ലാ ബസ്സുകളും നന്നാക്കിയെടുക്കാൻ കഴിയുന്നവയാണ്.

**ചിൽ ബസ് സർവ്വീസുകൾ**

320(1883) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ മേഖലകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി. ചിൽ ബസ് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എത്ര ബസ്സുകളാണ് ഉപയോഗിക്കുന്നത്;

(സി) നിലവിൽ സർവ്വീസ് നടത്തിക്കൊണ്ടിരുന്ന ലോ ഫ്ളോർ എ.സി. ബസ്സുകളെത്തന്നെയാണോ ചിൽ ബസ്സുകളെന്ന പേരിൽ രൂപഭേദം വരുത്തിയത്; ഇതിന്റെ ഭാഗമായി വിവിധ ഡിപ്പോകളിൽനിന്നും ബസ്സുകൾ പിൻവലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്.

(ബി) 90 ബസ്സുകൾ.

(സി) നിലവിൽ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന എ.സി. ബസ്സുകൾ ക്രമീകരിച്ച് നിശ്ചിത ഇടവേളകളിൽ യാത്രക്കാർക്ക് പ്രയോജനകരമാംവിധം ചിൽ ബസ് എന്ന ലേബലിൽ സർവ്വീസ് നടത്തുകയാണ്. എ.സി. ബസ്സിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും ഉപയോഗക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായും ടി ബസ്സുകൾ മൂന്ന് മേഖലകളായി കേന്ദ്രീകരിച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായി ഡിപ്പോകളിൽനിന്നും എ.സി. വോൾവോ ബസ്സുകൾ പിൻവലിച്ചിട്ടുണ്ട്. ആയവ ഉപയോഗിച്ച് തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട്, കോഴിക്കോട്-കാസർഗോഡ് എന്നീ റൂട്ടുകളിൽ ഓരോ മണിക്കൂർ ഇടവേളകളിൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സർവ്വീസുകൾ കൃത്യനിഷ്ഠ പുലർത്തുന്നതിനാലും, കാര്യക്ഷമമായി നടത്തുവാൻ കഴിയുന്നതിനാലും കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## അടൂർ-ഉദയഗിരി കെ.എസ്.ആർ.ടി.സി. ബസ്സിന്റെ ഷെഡ്യൂൾ

321(1884) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്ന അടൂർ-ഉദയഗിരി ബസിന്റെ ഷെഡ്യൂൾ ടൈമിൽ ഈയിടെ വരുത്തിയിട്ടുള്ള സമയ മാറ്റത്തിന് കാരണം എന്താണെന്നറിയിക്കുമോ;

(ബി) ലാഭകരമെന്ന് ബോദ്ധ്യപ്പെട്ട സമയക്രമത്തിൽ വരുത്തിയിട്ടുള്ള മാറ്റംമൂലം വരുമാനത്തിൽ ഉണ്ടായിട്ടുള്ള കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ മുൻപ് വരുത്തിയ മാറ്റം മുൻ സി.എം.ഡി. റദ്ദ് ചെയ്തിട്ടുണ്ടോ?

(ഡി) അടൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ അടൂർ-ഉദയഗിരി സർവ്വീസിനെ നഷ്ടത്തിലാക്കുന്ന തരത്തിൽ നിലവിൽ ഉണ്ടായിട്ടുള്ള അശാസ്ത്രീയ സമയമാറ്റം സംബന്ധിച്ച് ബോദ്ധ്യപ്പെട്ട് ഉചിതമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ ഗുണകരമാകുന്നതിനും അതുവഴി മെച്ചപ്പെട്ട വരുമാനം കെ.എസ്.ആർ.ടി.സി.-ക്ക് ലഭ്യമാക്കുന്നതിനും വേണ്ടിയാണ് അടൂർ ഡിപ്പോയിലെ ഉദയഗിരി സർവ്വീസിന്റെ സമയക്രമത്തിൽ മാറ്റം വരുത്തിയത്.

(ബി) ഇല്ല. ഉദയഗിരി സർവ്വീസിന്റെ സമയക്രമം മാറ്റിയ കാരണത്താൽ വരുമാനക്കുറവ് ഉണ്ടായിട്ടില്ല.

(സി) ഇല്ല.

(ഡി) നിലവിലുള്ള സമയക്രമം ദീർഘദൂര യാത്രക്കാർക്കും, കെ.എസ്.ആർ.ടി.സി.-ക്കും ഗുണകരമായതിനാൽ സമയക്രമം ഇപ്പോൾ പുനഃക്രമീകരിക്കേണ്ടതില്ല.

**വെള്ളറട, കാട്ടാക്കട, പാറശ്ശാല ഡിപ്പോകളിൽനിന്നും റദ്ദ് ചെയ്ത സർവ്വീസുകൾ**

322(1885) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറട, കാട്ടാക്കട, പാറശ്ശാല ഡിപ്പോകളിൽ ആവശ്യത്തിന് ബസ്സ് ഇല്ലാത്തതുകാരണം പല സർവ്വീസുകളും റദ്ദ് ചെയ്യുന്ന അവസ്ഥ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) വെള്ളറട, കാട്ടാക്കട, പാറശ്ശാല, നെയ്യാറ്റിൻകര ഡിപ്പോകളിൽനിന്നും പാറശ്ശാല മണ്ഡലവുമായി ബന്ധപ്പെട്ട് എത്ര സർവ്വീസുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നത് എന്നും അതിൽ എത്ര സർവ്വീസുകൾ റദ്ദുചെയ്തു എന്നുമുള്ള വിവരങ്ങൾ റൂട്ടടക്കം ലഭ്യമാക്കാമോ;

(സി) ബസ് ഇല്ലാത്ത കാരണത്താൽ റദ്ദുചെയ്ത സർവ്വീസുകൾ അടിയന്തരമായി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിലെ സാമ്പത്തിക പരാധീനതമൂലം ടയർ, സ്പെയർപാർട്സുകൾ എന്നിവ ലഭ്യമാക്കാൻ കഴിയാത്തതുകൊണ്ടാണ് വെള്ളറട, കാട്ടാക്കട, പാറശ്ശാല ഡിപ്പോകളിൽ സ്പെയർ ബസ്സുകൾ സർവ്വീസിന് നൽകാൻ കഴിയാത്തത്. കോർപ്പറേഷന്റെ സാമ്പത്തികസ്ഥിതി മെച്ചമാകുന്നമുറയ്ക്ക് പരമാവധി ബസ്സുകൾ സർവ്വീസിന് യോഗ്യമാക്കി നൽകുന്നതാണ്.

(ബി) പാറശ്ശാല മണ്ഡലവുമായി ബന്ധപ്പെട്ട് പാറശ്ശാല ഡിപ്പോയിൽനിന്നും 78 സർവ്വീസുകൾ മുടക്കം കൂടാതെ നടത്തിവരുന്നു. കാട്ടാക്കട ഡിപ്പോയിൽനിന്നും 21 സർവ്വീസുകൾ ടി മണ്ഡലവുമായി ബന്ധപ്പെട്ട് സർവ്വീസ് നടത്തുന്നുണ്ട്. നെയ്യാറ്റിൻകര ഡിപ്പോയിൽനിന്നും 4 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. ആയതിൽ ഡീസൽ ചെലവിന് പോലും വരുമാനം ലഭിക്കാത്ത 08.20 പൂഴനാട് ഡാം എന്ന സർവ്വീസ് താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. വെള്ളറട ഡിപ്പോയിൽനിന്നും 45 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നു. ചുരുക്കം ചില സന്ദർഭങ്ങളിൽ നാമമാത്രമായ സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്യേണ്ടതായി വന്നിട്ടുണ്ട്.

(സി) കോർപ്പറേഷന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് കൂടുതൽ ബസ്സുകൾ നിരത്തിൽ ഇറക്കുന്നതാണ്.

**അടൂരിൽനിന്നുള്ള കെ.എസ്.ആർ.ടി.സി.-യുടെ ഇന്റർസ്റ്റേറ്റ് സർവ്വീസുകൾ**

323(1886) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും വിവിധ സംസ്ഥാനങ്ങളിലേക്ക് സർവ്വീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എത്ര അനുകൂല ഫീസിബിലിറ്റി റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) അവ ഏതെല്ലാം സർവ്വീസുകൾക്കാണെന്ന് വ്യക്തമാക്കാമോ;

(സി) അടൂരിൽനിന്നും ഇന്റർസ്റ്റേറ്റ് സർവ്വീസുകൾ ആരംഭിക്കുന്നതിന് നിരന്തരമായി ആവശ്യപ്പെട്ടിട്ടും അനുകൂല നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) അടൂരിൽനിന്നും പുതിയ ഇന്റർസ്റ്റേറ്റ് സർവ്വീസുകൾ ആരംഭിക്കുന്നതിന് സമയബന്ധിതമായി വേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 3 (മൂന്ന്)

(ബി) 1. അടൂർ - ബാംഗ്ലൂർ

2. അടൂർ - മംഗലാപുരം

3. അടൂർ - മധുര.

(സി&ഡി) അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തിവരുന്നത്. നിലവിലുള്ള അന്തർ സംസ്ഥാന കരാറുകളിൽ വ്യവസ്ഥ ചെയ്യിട്ടില്ലാത്തതിനാൽ അടൂരിൽനിന്നും അയൽ സംസ്ഥാനങ്ങളിലെ പ്രസ്തുത പ്രദേശങ്ങളിലേയ്ക്ക് അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയില്ല.

## വാമനപുരം ജംഗ്ഷനിൽ സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് സ്റ്റോപ്പ്

324(1887) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ നിരവധി സർക്കാർ ഓഫീസുകളും മറ്റ് സ്ഥാപനങ്ങളും സ്ഥിതിചെയ്യുന്ന വാമനപുരം ജംഗ്ഷനിൽ കെ.എസ്.ആർ.ടി.സി.യുടെ സൂപ്പർഫാസ്റ്റ് ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. വാമനപുരം ജംഗ്ഷനിൽനിന്നും ഒരു കിലോമീറ്റർ പരിധിയിൽ കാരേറ്റ് എന്ന സ്ഥലത്ത് സൂപ്പർ എക്സ്പ്രസ് വരെയുള്ള ബസ്സുകൾക്ക് സ്റ്റോപ്പ് നിലവിലുണ്ട്. ആയതിനാൽ, വാമനപുരം ജംഗ്ഷനിൽ സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നത് ഇത്തരം സർവ്വീസുകളുടെ സമയക്രമത്തേയും ദീർഘദൂര യാത്രക്കാരെ കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് ആകർഷിക്കുന്നതിനേയും വിപരീതമായി ബാധിക്കും. ഈ സാഹചര്യത്തിൽ, ടി സ്ഥലത്ത് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

## നിലയ്ക്കലിൽനിന്നും പമ്പയിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകൾ

325(1888) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലകാലത്ത് നിലയ്ക്കലിൽ നിന്നും പമ്പയിലേക്ക് സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. എത്ര ബസ്സുകളാണ് ഉപയോഗിക്കുന്നത്;

(ബി) പ്രസ്തുത റൂട്ടിൽ എ.സി. ബസ്സിനും നോൺ എ.സി. ബസ്സിനും ഈടാക്കുന്ന ചാർജ് എത്ര വീതമാണ്;

(സി) പ്രസ്തുത റൂട്ടിൽ പോലീസിന്റെ നിർദ്ദേശാനുസരണം സർവ്വീസ് നടത്തുന്നതിനാൽ ഭക്തർക്ക് പമ്പയിൽ എത്തുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ റൂട്ടിൽ ഇലക്ട്രിക് ബസ് ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രയെണ്ണമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 40 എ.സി. ബസ്സുകളും, 160 നോൺ എ.സി. ബസ്സുകളും, 5 ഇലക്ട്രിക് ബസ്സുകളും കെ.എസ്.ആർ.ടി.സി. നിലയ്ക്കലിൽനിന്നും പമ്പയിലേയ്ക്ക് ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. പമ്പയിൽ മണ്ഡലകാലത്ത് ദീർഘദൂര സർവ്വീസിനായി 50 സൂപ്പർ ക്ലാസ്സ് ബസ്സുകളും, കൂടാതെ കേരളത്തിലെ വിവിധ യൂണിറ്റുകളിൽനിന്നും പ്രതിദിനം 150-ൽപ്പരം ബസ്സുകളും പമ്പയിലേയ്ക്ക് സർവ്വീസ് നടത്തിവരുന്നുണ്ട്.

(ബി) പ്രസ്തുത റൂട്ടിൽ ഒരു ഭാഗത്തേയ്ക്ക് നോൺ എ.സി. ബസ്സിന് 40 രൂപയും, എ.സി. ബസ്സിന് 75 രൂപയും എന്ന രീതിയിലാണ് നിരക്ക് ഈടാക്കുന്നത്.

(സി) പ്രസ്തുത റൂട്ടിൽ ഭക്തർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാത്ത രീതിയിൽ പരമാവധി സർവ്വീസുകൾ നടത്തുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്.

(ഡി) പ്രസ്തുത റൂട്ടിൽ നിലവിൽ 5 ഇലക്ട്രിക് ബസ്സുകൾ സർവ്വീസ് നടത്തിവരുന്നു.

## കെ.എസ്.ആർ.ടി.സി. ഡ്യൂട്ടി സമ്പ്രദായം

326(1889) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ കെ.എസ്.ആർ.ടി.സി.-യിൽ ഡ്യൂട്ടി സമ്പ്രദായത്തിൽ ലൈൻഡ്യൂട്ടിക്കാരായ കണ്ടക്ടർക്കും ഡ്രൈവർമാർക്കും 1 1/2, 1 1/4, 1 3/4 എന്നീ നിലയിൽ പരിഷ്കരിച്ച ഡ്യൂട്ടികൾ എത്ര നാൾ ലഭ്യമാക്കിയിരുന്നു;

(ബി) സിംഗിൾ ഡ്യൂട്ടിസമയമായ 8 മണിക്കൂറുകൾക്ക് ശേഷമുള്ള സമയത്തിന് ലേബർ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം അധികരിപ്പിച്ച വേതനമാണോ പ്രസ്തുത ജീവനക്കാർക്ക് നൽകിയിരുന്നത്; ഇല്ലെങ്കിൽ അവർക്ക് നൽകേണ്ട തുക നൽകാതെ ഈ വകയിൽ കെ.എസ്.ആർ.ടി.സി. എന്ത് തുക നേടിയെന്ന് വ്യക്തമാക്കുമോ;

(സി) ഈ വിഭാഗങ്ങൾക്കല്ലാതെ ഏതെങ്കിലും മിനിസ്റ്റീരിയൽ സ്റ്റാഫുകൾക്ക് ഇത്തരത്തിൽ തുക നൽകുന്നുണ്ടോ;

(ഡി) തൊഴിലാളികൾക്ക് നൽകേണ്ടിയിരുന്ന ഈ തുക തിരികെ നൽകാൻ ഗവൺമെന്റിന് ബാധ്യതയുണ്ടോ എന്നും നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ; എങ്കിൽ എന്തെങ്കിലും നടപടി ആയിട്ടുണ്ടോ; വിശദീകരിക്കുമോ?

### ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ജീവനക്കാരുടെ മാനവവിഭവശേഷി പൂർണ്ണമായും കൂടുതൽ കാര്യക്ഷമമായും ഉപയോഗിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഡ്യൂട്ടി ക്രമീകരണം നടപ്പിലാക്കിയിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായി നൽകിവരുന്ന ഡ്യൂട്ടി സമ്പ്രദായം പരിഷ്കരിച്ച് ഓടിക്കുന്ന സമയത്തിന് അനുസരിച്ച് ജീവനക്കാർക്ക് ഡ്യൂട്ടി നൽകി ക്രമീകരണം 15-6-2017 മുതൽ ആരംഭിച്ചു.

1, 1 ½, 2, 2 ½, 3, 3 ½, 4 എന്നിങ്ങനെയാണ് ഡ്യൂട്ടികൾ ക്രമീകരിച്ചിരിക്കുന്നത്. എന്നാൽ ടി തീരുമാനത്തിനെതിരെ ചില തൊഴിലാളികളും ചില തൊഴിലാളി സംഘടനകളും ബഹു. കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി നമ്പർ 19476/17 സമർപ്പിച്ചിരുന്നതും റിട്ട് ഹർജി തീരുമാനത്തിനെതിരെ അപ്പീൽ ഹർജി നമ്പർ 1994/17 സമർപ്പിച്ചിരുന്നതുമാകുന്നു. ടി അപ്പീൽ ഹർജിയിലെ 12-12-2017-ലെ ഉത്തരവിനും സർക്കാർ തീരുമാനത്തിനും അനുസരിച്ച് 1961-ലെ മോട്ടോർ വാഹന തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സിംഗിൾ ഡ്യൂട്ടി ക്രമം നടപ്പിലാക്കിയിട്ടുണ്ട്. പ്രാരംഭഘട്ടമായി ഓർഡിനറി സർവ്വീസുകളിൽ

9-9-2018 മുതൽ സിംഗിൾ ഡ്യൂട്ടി സംവിധാനം നടപ്പിലാക്കിയിട്ടുള്ളതുമാണ്. 15-6-2017 മുതൽ 9-9-2018 വരെ 1, 1 ½ ഡ്യൂട്ടികൾ നിലവിലുണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് താൽക്കാലിക ജീവനക്കാർക്ക് നൽകിയിരുന്ന വേതനം മാത്രമാണ് അധികസമയം ചെയ്തുവന്നിരുന്ന ജോലിക്കും നൽകിവന്നിരുന്നത്. എന്നാൽ 15-6-2017 മുതൽ ഓരോ ജീവനക്കാർക്കും അതത് ജീവനക്കാരന്റെ ശമ്പളത്തിനനുസരിച്ചുള്ള വേതനം ജോലിസമയത്തിന് ആനുപാതികമായി നൽകുന്നതിന് നടപടി സ്വീകരിച്ചു. എന്നാൽ നിലവിൽ സിംഗിൾ ഡ്യൂട്ടികളായി ക്രമീകരിച്ചിരിക്കുന്നതിനാൽ അധിക സമയം ജോലി ചെയ്യാൻ അവസരം നൽകാറില്ല.

(സി) ഇല്ല.

(ഡി) എ, ബി പിരിവുകളുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**കെ.എസ്.ആർ.ടി.സി.-യിലെ ഹയർ ഡിവിഷൻ ഓഫീസർമാർ**

327(1890) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ എത്ര ഹയർ ഡിവിഷൻ ഓഫീസർമാരുണ്ടെന്നും അവർ ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്യുന്നുവെന്നും വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹയർ ഡിവിഷൻ ഓഫീസർമാരായി ആരെയെങ്കിലും കെ.എസ്.ആർ.ടി.സി.-യിൽ നിന്നുതന്നെ പ്രൊമോഷൻ വഴിയോ മറ്റ് വകുപ്പുകളിൽനിന്നോ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നോ ഡെപ്യൂട്ടേഷനിലോ മറ്റേതെങ്കിലും രീതിയിലോ നിയമിച്ചിരുന്നോ;

(സി) എങ്കിൽ കെ.എസ്.ആർ.ടി.സി. ഇവർക്കുമാത്രമായി ശമ്പളയിനത്തിലുൾപ്പെടെ മറ്റേതെല്ലാം ഇനത്തിൽ ഓരോരുത്തർക്കും എന്ന് മുതൽ എന്ത് തുക ആകെ ചെലവഴിച്ചുവരുന്നു എന്ന വ്യക്തമായ കണക്ക് നൽകുമോ?

<u>ഉത്തരം</u>

(എ) ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഫിനാൻഷ്യൽ അഡ്വൈസർ ആന്റ് ചീഫ് അക്കൗണ്ട്സ് ഓഫീസർ തസ്തികകൾ ഒഴികെ കെ.എസ്.ആർ.ടി.സി.-യിൽ ആകെ 217 ഹയർ ഡിവിഷൻ തസ്തികകളാണുള്ളത്. ടി തസ്തികകളിൽ നിലവിൽ സേവനമനുഷ്ഠിക്കുന്നവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യിൽ ലോവർ ഡിവിഷൻ തസ്തികകളിൽ സേവനമനുഷ്ഠിച്ചിരിക്കുന്നവരിൽനിന്ന് തന്നെ ഹയർ ഡിവിഷൻ തസ്തികകളിലേയ്ക്ക് 84 പേർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

പി.എസ്.സി. മുഖാന്തരം കോർപ്പറേഷനിലെ 12 ജീവനക്കാർക്ക് ഇന്റേർണൽ നിയമനം മുഖേന ഹയർ ഡിവിഷൻ തസ്തികകളിൽ നിയമനവും ഒരാൾക്ക് ഹയർ ഡിവിഷൻ തസ്തികയിൽ നേരിട്ട് നിയമനവും നൽകിയിട്ടുണ്ട്.

എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്) തസ്തികയിൽ നാളിതുവരെ 2 ഉദ്യോഗസ്ഥരെ പോലീസ് വകുപ്പിൽനിന്ന് അന്യത്ര സേവനം മുഖേന നിയമിച്ചിട്ടുണ്ട്.

ജനറൽ മാനേജർ (ഫിനാൻസ് ആൻഡ് അഡ്മിനിസ്ട്രേഷൻ), ജനറൽ മാനേജർ (ടെക്നിക്കൽ), ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് ആൻഡ് അഡ്മിനിസ്ട്രേഷൻ), ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്), നാല് (4) ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. നിലവിൽ, ജനറൽ മാനേജർ (ഫിനാൻസ് ആൻഡ് അഡ്മിനിസ്ട്രേഷൻ), ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്), മൂന്ന് (3) ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർ സേവനം അനുഷ്ഠിക്കുന്നു.

(സി) ഹയർ ഡിവിഷൻ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയ 84 പേർക്ക് 21840-44460 രൂപ ശമ്പള സ്കെയിലിൽ ശമ്പളം നൽകി വരുന്നു.

പി.എസ്.സി. മുഖേന നിയമനം നൽകിയ 13 ഹയർ ഡിവിഷൻ ഓഫീസർമാർക്ക് 21,840-44,460 രൂപ ശമ്പള സ്കെയിലിൽ ശമ്പളം നൽകിവരുന്നു.

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന എക്സിക്യൂട്ടീവ് ഡയറക്ടർക്ക് (വിജിലൻസ്) 22-9-2017 മുതൽ 11-7-2018 വരെ ആകെ 8,97,128 രൂപ നൽകിയിട്ടുണ്ട്.

നിലവിൽ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന എക്സിക്യൂട്ടീവ് ഡയറക്ടർക്ക് (വിജിലൻസ്) 4,21,359 രൂപ (@Rs.1,14,580) 11-7-2018 മുതൽ ഒക്ടോബർ 2018 വരെ നൽകിയിട്ടുണ്ട്.

കരാർ അടിസ്ഥാനത്തിൽ വിവിധ തസ്തികകളിൽ നിയമിതരായ ജീവനക്കാരുടെ ശമ്പള വിവരം താഴെപ്പറയുന്നു:

1. ഡെപ്യൂട്ടി ജനറൽ മാനേജർ (എഫ് ആന്റ് എ)

   Rs.5,32,258 @ Rs.1,00,000 (from 27-12-2017 to 4/2018)

2. ജനറൽ മാനേജർ (അഡ്മിനിസ്ട്രേഷൻ)

   Rs.3,36,129 @ Rs.1,50,000 (w.e.f. 7/2018 onwards)

3. ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻ)

   Rs.4,33,333/ @ Rs.1,00,000 (w.e.f. 21-6-2018 onwards)

4. ജനറൽ മാനജർ (ടെക്നിക്കൽ)

   Rs.3,96,774 @ Rs.1,50,000 (w.e.f. 7/2018 onwards)

5. ചാർട്ടേർഡ് അക്കൗണ്ടന്റ്

   1. പ്രമോദ് കെ.ജി.
   Rs.6,58,065 @ Rs.75,000 (from 6-12-2017 to 8/2018)

   2.ജോൺ കുര്യൻ
   Rs.7,03,791 @ Rs.75,000 (from 4-12-2017 to 9/2018)

   3.ഇന്ദുമതി
   Rs.2,73,387/ @ Rs.75,000 (from 3/2018 to 6/2018)

   4. രശ്മി പി. കുറുപ്പ്
   Rs.2,05,645 @ Rs.75,000 (w.e.f. 7/2018 onwards)

6. അസിസ്റ്റന്റ് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ

   1. അനൂപ് കെ. അലക്സ്
   Rs.65,323 @ Rs.25,000 (w.e.f. 8/2018 onwards)

   2. ശരത് മോഹൻ എം.എൻ.
   Rs.64,516 @ Rs.25,000 (w.e.f. 8/2018 onwards)

   3. ശ്രീജിത്ത് സി.ആർ.
   Rs.35,833/ @ Rs.25,000 (w.e.f. 9/2018 onwards)

7. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

1. സുമേഷ് എസ്.
Rs.99,312 @ Rs.40,000 (w.e.f. 8/2018 onwards)

2. ഹംസർ
Rs.1,00,645 @ Rs.40,000 (w.e.f. 8/2018 onwards)

3. ഉബൈദുള്ള
Rs.61,333 @ Rs.40,000 (w.e.f. 9/2018 onwards)

8. പ്രോജക്ട് എഞ്ചിനീയർ

1. അർജ്ജുൻ ഒ.വി.
Rs.3,59,861 @ Rs.35,000 (w.e.f. 3/2017 onwards)

2. സിനു മറിയ

Rs.3,08,224 @ Rs.35,000 (w.e.f. 01/2018 onwards)

3. വിഷ്ണു വി.എം.

Rs.6,37,000 @ Rs.35,000/ (w.e.f. 03/2017 onwards)

## കെ.എസ്.ആർ.ടി.സി.-യിലെ ഡ്യൂട്ടി പരിഷ്കരണം

328(1891) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ ഡ്യൂട്ടി പരിഷ്ക്കരണങ്ങളെ സംബന്ധിച്ച് 14-8-2017-ന് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധി എന്നുമുതലാണ് നടപ്പിലാക്കിയതെന്ന് അറിയിക്കുമോ; ആയത് നടപ്പാക്കിയശേഷം കെ.എസ്.ആർ.ടി.സി.-യിൽ ഡബിൾ ഡ്യൂട്ടി കണ്ടക്ടർക്കും ഡ്രൈവർക്കും അനുവദിച്ച് നൽകിയിട്ടുണ്ടോ;

(ബി) കോടതിവിധി നടപ്പാക്കിയശേഷം എട്ട് മണിക്കൂറിലധികം ജോലി നോക്കേണ്ടിവന്ന കണ്ടക്ടർക്കും ഡ്രൈവർക്കും എട്ട് മണിക്കൂർ കഴിഞ്ഞുള്ള ജോലിക്ക് കോടതി പറഞ്ഞതും നിലവിലെ വേജസ് ആക്ട് പ്രകാരമുള്ളതുമായ വേതനം നൽകിയിരുന്നോ ;

(സി) എങ്കിൽ എത്ര പേർക്ക് ഇപ്രകാരം അധിക ശമ്പളവും അനുബന്ധ ആനുകൂല്യങ്ങളും നൽകിയിരുന്നു; വിധി നടപ്പാക്കിയതു മുതൽ നാളിതുവരെ അതിനായി എന്തു തുക ഈ ഇനത്തിൽ ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരെക്കൊണ്ട് എട്ട് മണിക്കൂറിലധികം പണിയെടുപ്പിക്കുമ്പോൾ ക്ഷീണം കാരണം ഡ്രൈവർമാർ ഉറങ്ങിപ്പോകുന്നതിനാൽ അപകടങ്ങൾ സർവ്വസാധാരണമാകുന്നതായുള്ള ആക്ഷേപം ശ്രദ്ദയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വിധി നടപ്പാക്കിയതുമുതൽ തലസ്ഥാന നഗരിയിലെ ഉൾപ്പെടെയുള്ള ഡിപ്പോകളിൽ ഒരു ഡ്യൂട്ടി കഴിഞ്ഞ് വരുന്ന കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും തുടർന്ന് മറ്റേതെങ്കിലും ഡ്യൂട്ടി നൽകിയിരുന്നോ;

(എഫ്) എങ്കിൽ ഇപ്രകാരം ഒരേ ദിവസം തന്നെ ഒന്നിലധികം ഡ്യൂട്ടി ചെയ്യേണ്ടി വരുന്ന ജീവനക്കാർക്ക് ഈ ഡ്യൂട്ടി മറ്റൊരു ദിവസത്തെ ഡ്യൂട്ടിയായി രേഖപ്പെടുത്തി നൽകുകയോ അല്ലെങ്കിൽ രേഖകളിൽ ഡ്യൂട്ടി രേഖപ്പെടുത്താതെ അധിക ഡ്യൂട്ടി ചെയ്യുന്ന ദിവസം ലഭിച്ച കളക്ഷൻ അടയ്ക്കുമ്പോൾ ഒരു നിശ്ചിത തുക സറണ്ടർ ചെയ്യാനാവുന്ന സംവിധാനം അനുവദിച്ച് നൽകുകയോ ചെയ്തിരുന്നോ;

(ജി) ഈ ഇനത്തിൽ നാളിതുവരെ ആകെ സറണ്ടർ ചെയ്ത് നൽകിയ തുകയുടെ കണക്ക് വ്യക്തമാക്കുമോ ; എങ്കിൽ പ്രസ്തുത നടപടി കോടതിവിധിക്ക് വിധേയമായിട്ടാണോ നൽകിയിരുന്നത്; നടപടി കോടതി പറഞ്ഞ പ്രകാരമല്ലെങ്കിൽ വിരുദ്ധ തീരുമാനം നടപ്പാക്കാനായതെങ്ങനെ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഡ്യൂട്ടി പരിഷ്കരണം സംബന്ധിച്ച് 14.08.2017-ലെ ഹൈക്കോടതി വിധി കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിയിട്ടില്ല. ടി ഉത്തരവിനെതിരെ ഹർജികക്ഷികൾ തന്നെ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിരുന്നതും (W.A.1799/17, 1994/17 etc.) ടി അപ്പീൽ ഹർജികളിലെ വിധിന്യായ പ്രകാരം 1961-ലെ മോട്ടോർ വാഹന തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ഡ്യൂട്ടിക്രമം തീരുമാനിക്കണമെന്ന് ഉത്തരവായിട്ടുള്ളതുമാണ്. അതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമെന്ന നിലയിൽ എല്ലാ ഓർഡിനറി സർവ്വീസുകളിലും 9-9-2018 മുതൽ സിംഗിൾ ഡ്യൂട്ടി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സിംഗിൾ ഡ്യൂട്ടികളിൽ പരമാവധി 8 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യിക്കാറില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരെ നിയമപ്രകാരമല്ലാതെ അധികസമയം ജോലി ചെയ്യുന്നതിനായി നിയോഗിച്ചിട്ടില്ല. ഡ്രൈവർമാരുടെ പിഴവുമൂലം അപകടങ്ങൾ ഉണ്ടാകാതിരിക്കുവാനുള്ള മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവർമാരെ നിശ്ചിത സമയം ജോലിക്കുശേഷം മാറ്റുന്നതിനും (ക്രൂ ചെയ്ഞ്ച്/ഡ്രൈവർ ചെയ്ഞ്ച് സംവിധാനവും) ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) (എ) പിരിവിൽ കാണാവുന്നതാണ്.

(എഫ്) ജീവനക്കാർ അവധി ദിവസങ്ങളിലും മറ്റും അധികമായി ചെയ്യുന്ന ഡ്യൂട്ടികളെയും ഒരു ദിവസത്തിൽ നിയമപ്രകാരം കൂടുതലായി ചെയ്യുന്ന ഡ്യൂട്ടികളും ജീവനക്കാരൻ ആവശ്യപ്പെടുന്നപക്ഷം സറണ്ടർ ചെയ്ത് നൽകുന്നതാണ്. ജീവനക്കാർക്ക് ഇപ്രകാരം അധികമായി ലഭിക്കുന്ന ഡ്യൂട്ടി ആവശ്യമെങ്കിൽ കോമ്പൻസേറ്ററി ഓഫ് ആയി മറ്റൊരു ദിവസത്തെ ഡ്യൂട്ടിയായി എടുക്കാവുന്നതുമാണ്.

(ജി) ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന W.A. 1799/17, 1994/17 എന്നിവയിലെ ബഹുമാനപ്പെട്ട കോടതി വിധിന്യായം പ്രകാരം 1961-ലെ മോട്ടോർ വാഹന തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ഡ്യൂട്ടിക്രമം തീരുമാനിക്കണമെന്ന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമെന്ന നിലയിൽ എല്ലാ ഓർഡിനറി സർവ്വീസുകളിലും 9-9-2018 മുതൽ സിംഗിൾ ഡ്യൂട്ടി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

ജീവനക്കാർ അവധി ദിവസങ്ങളിലും മറ്റും അധികമായി ചെയ്യുന്ന ഡ്യൂട്ടികളെയും ഒരു ദിവസത്തിൽ നിയമപ്രകാരം കൂടുതലായി ചെയ്യുന്ന ഡ്യൂട്ടികളും ജീവനക്കാരൻ ആവശ്യപ്പെടുന്നപക്ഷം സറണ്ടർ ചെയ്ത് നൽകുന്നതാണ്. 2018 സെപ്റ്റംബർ മാസം മുതൽ നവംബർ മാസം വരെ സറണ്ടർ ചെയ്ത ആകെ തുക 5,15,37,737 രൂപയാണ്.

## ശാരീരിക ബുദ്ധിമുട്ടുകളുള്ള ലൈൻ ഡ്യൂട്ടിക്കാരുടെ ശമ്പളം

329(1892) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ വിവിധ ശാരീരിക ബുദ്ധിമുട്ടുകൾ കാരണം പ്രതിമാസമുള്ള ഡ്യൂട്ടി എണ്ണത്തിൽ കുറവുവരുന്ന ലൈൻ ഡ്യൂട്ടിക്കാരുടെ ശമ്പളം കൊടുത്തുതീർക്കാനായിട്ടുണ്ടോ; എങ്കിൽ ഏത് കാലയളവ് മുതലുള്ളതാണ് ഇനിയും കൊടുത്തുതീർക്കാനുള്ളത് എന്നറിയിക്കാമോ;

(ബി) ഇത്തരത്തിൽ ശാരീരികാസ്വാസ്ഥ്യമുള്ള ലൈൻ ഡ്യൂട്ടിക്കാരുടെ ശമ്പളം മറ്റ് ജീവനക്കാരുടെ ശമ്പളം നൽകിക്കഴിഞ്ഞാലുടൻ നൽകാതെ ഇത്തരക്കാരെ ബുദ്ധിമുട്ടിലാക്കുന്ന കെ.എസ്.ആർ.ടി.സി. നിലപാട് സർക്കാർ പുനഃപരിശോധിക്കുമോ;

(സി) 2017 മുതൽ ഈയിനത്തിൽ നൽകാനുള്ള തുക കൊടുക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ; ഇത്തരക്കാരുടെ ശമ്പളം ബോധപൂർവ്വം നൽകാതെ നീട്ടിക്കൊണ്ടുപോകുന്ന നടപടി ഗൗരവമായി കണക്കാക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) യൂണിറ്റുകളിൽനിന്നും 2017 നവംബർ വരെ തയ്യാറാക്കി നൽകിയിരുന്ന ജീവനക്കാരുടെ സപ്ലിമെന്ററി ശമ്പളം വിതരണം ചെയ്തിട്ടുണ്ട്. 2017 ഡിസംബർ മുതലുള്ള സപ്ലിമെന്ററി ശമ്പളം കൊടുത്തുതീർക്കുവാനുണ്ട്.

(ബി) കോർപ്പറേഷന്റെ സാമ്പത്തിക പരാധീനതമൂലം മാത്രമാണ് ഈ തുക കുടിശ്ശിക ആയത്.

(സി) 2017 നവംബർ വരെ തുക തീർത്തും നൽകിയിട്ടുണ്ട്. 2017 ഡിസംബർ മുതലുള്ള കുടിശ്ശികകൾ കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പരാധീനതമൂലമാണ് നൽകാൻ സാധിക്കാത്തത്. സാമ്പത്തികനില മെച്ചമാകുന്ന മുറയ്ക്ക് ടി കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## നെയ്യാറ്റിൻകര ഡിപ്പോയിലെ ഷോപ്പിംഗ് കോംപ്ലക്സിന്റെ പരിപാലനം

330(1893) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നെയ്യാറ്റിൻകര ഡിപ്പോയിൽ പണിത ഷോപ്പിംഗ് കോംപ്ലക്സിൽ എല്ലാ ഷോപ്പുകളും വാടകയ്ക്ക് നൽകിയിട്ടുണ്ടോ; ഈ ഷോപ്പിംഗ് കോംപ്ലക്സ് പ്രവൃത്തി പൂർത്തീകരിച്ചതിന് എത്ര കോടി രൂപയാണ് ചെലവായത് എന്ന് വ്യക്തമാക്കാമോ;

(ബി) ഷോപ്പിംഗ് കോംപ്ലക്സിന്റെ പരിസരം വൃത്തിഹീനമായി മാറിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ പരിപാലന ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഷോപ്പിംഗ് കോംപ്ലക്സും പരിസരവും വൃത്തിയായി പരിപാലിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എല്ലാ ഷോപ്പുകളും വാടകയ്ക്ക് നൽകിയിട്ടില്ല. നെയ്യാറ്റിൻകര ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ആകെ 4.09 കോടി രൂപ ചെലവായിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സിന്റെ പരിപാലന ചുമതല നെയ്യാറ്റിൻകര യൂണിറ്റ് ആഫീസർക്കാണ് നൽകിയിരിക്കുന്നത്.

(സി) ഷോപ്പിംഗ് കോംപ്ലക്സിന്റെ പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് യൂണിറ്റാഫീസർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ഓഫീസുകളിൽ സി.സി.ടി.വി. ക്യാമറ

331(1894) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഓഫീസുകളുടെ പ്രവർത്തനം നിരീക്ഷിച്ച് കുറ്റമറ്റതാക്കുന്നതിനായി ഹെഡ്സ് ഓഫീസിലും മറ്റ് യൂണിറ്റ് ഓഫീസുകളിലും സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനായി ആലോചനയുണ്ടോ;

(ബി) ലൈൻ ഡ്യൂട്ടികളിലെ കാര്യക്ഷമതാവർദ്ധനവ് ലക്ഷ്യം കൈവരിച്ചതുപോലെ ഓഫീസുകളുടെ കാര്യക്ഷമതാവർദ്ധനവും ലക്ഷ്യമിട്ട് കെ.എസ്.ആർ.ടി.സി. ഓഫീസുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിന് തയ്യാറാകുമോ എന്നറിയിക്കുമോ;

(സി) തിരുവനന്തപുരം സിറ്റി ഡിപ്പോ ഓഫീസിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചത് സംബന്ധിച്ച് എന്തെല്ലാം പരാതികൾ എവിടെ നിന്നെല്ലാം അധികൃതർക്ക് ലഭിച്ചു; വിശദമാക്കുമോ;

(ഡി) സംഘടിത ശക്തി ഉപയോഗിച്ചും തെറ്റായ പ്രചാരണങ്ങളും നടത്തിയും ഇതിനെ എടുത്തുമാറ്റിക്കാൻ യൂണിയനുകൾക്കായെങ്കിൽ, കെ.എസ്.ആർ.ടി.സി. ഹെഡ്സ് ഓഫീസുകളിലും യൂണിറ്റ് ഓഫീസുകളിലും ഇത് സ്ഥാപിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ;

(ഇ) ഇത്തരത്തിൽ വൻതുക ചെലവാക്കി സ്ഥാപിച്ച സി.സി.ടി.വി. ക്യാമറ എടുത്തുമാറ്റിയത് സംബന്ധിച്ച് ഗവൺമെന്റ് ഏജൻസിയെക്കൊണ്ട് അന്വേഷിക്കുമോ; ഏകദേശം രണ്ട് ലക്ഷം രൂപ ചെലവിട്ട് വാങ്ങി സ്ഥാപിച്ചതായ ക്യാമറ പ്രസ്തുത സ്ഥലത്തുതന്നെ അടിയന്തിരമായി പുനഃസ്ഥാപിക്കുന്നതിനോ അല്ലെങ്കിൽ തൽസ്ഥാനത്ത് മറ്റൊന്ന് സ്ഥാപിക്കുന്നതിനോ കർശന നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഹെഡ്സ് ഓഫീസിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് യൂണിറ്റ് ഓഫീസുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനായി നിലവിൽ തീരുമാനം എടുത്തിട്ടില്ല.

(ബി) നിലവിൽ തീരുമാനം എടുത്തിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത സംഘടനയായ കെ.എസ്.ആർ.ടി. എംപ്ലോയീസ് അസോസിയേഷൻ മുഖാന്തരം പരാതി ലഭിച്ചിരുന്നു.

(ഡി) സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കാൻ തീരുമാനമെടുക്കുന്നപക്ഷം ആയത് സ്ഥാപിക്കാൻ കഴിയുന്നതാണ്.

(ഇ) എടുത്തുമാറ്റിയ സി.സി.ടി.വി. ക്യാമറകൾ പ്രസ്തുത യൂണിറ്റിൽത്തന്നെ മറ്റ് സ്ഥലങ്ങളിൽ പുനഃസ്ഥാപിച്ചിട്ടുണ്ട്. ഇളക്കിമാറ്റിയ ക്യാമറകൾക്കുപകരം പുതിയ ക്യാമറ സ്ഥാപിക്കുന്നതിന് നിലവിൽ തീരുമാനം എടുത്തിട്ടില്ല.

## ചവറ ശങ്കരമംഗലം ജംഗ്ഷനിൽ കെ.എസ്.ആർ.ടി.സി. -യുടെ ഓപ്പറേറ്റിംഗ് സെന്റർ

332(1895) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ നിയോജകമണ്ഡലത്തിലെ പൊന്മന കാട്ടിൽ മേക്കതിൽ ക്ഷേത്രത്തിൽ ദിവസേന എത്തിച്ചേരുന്ന ആയിരക്കണക്കിന് ആളുകളുടെ സൗകര്യാർത്ഥം ചവറ ശങ്കരമംഗലം ജംഗ്ഷനിൽ കെ.എസ്.ആർ.ടി.സി.-യുടെ ഓപ്പറേറ്റിംഗ് സെന്റർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

നിലവിൽ, ചവറ ശങ്കരമംഗലം ജംഗ്ഷനിൽനിന്നും വളരെ അടുത്തായി തന്നെ കൊല്ലം, കരുനാഗപ്പള്ളി എന്നീ സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത ഡിപ്പോകളിൽനിന്നും കേവലം 15 മിനിട്ട് യാത്ര മാത്രമേ ടി സ്ഥലത്തേയ്ക്ക് എത്തുവാൻ ആവശ്യമുള്ളൂ. മാത്രവുമല്ല, കെ.എസ്.ആർ.ടി.സി. വളരെയധികം സാമ്പത്തിക ബുദ്ധിമുട്ട് നേരിട്ട് വരുന്ന സാഹചര്യത്തിൽ ചവറ ശങ്കരമംഗലം ജംഗ്ഷനിൽ ഓപ്പറേറ്റിംഗ് സെന്റർ അനുവദിക്കുന്നത് ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

## കുമളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നുള്ള സർവ്വീസുകൾ

333(1896) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് മണ്ഡലത്തിലെ കുമളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും എത്ര സർവ്വീസുകൾ ഷെഡ്യൂൾ ചെയ്യുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം കുമളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ആരംഭിക്കുവാൻ കഴിഞ്ഞിട്ടുള്ള സംസ്ഥാനത്തിനകത്തും പുറത്തേക്കുമുള്ള ദീർഘദൂര സർവ്വീസുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) മണ്ഡലത്തിലെ ഉൾപ്രദേശങ്ങളിലേയ്ക്ക് കുമളി ഡിപ്പോയിൽനിന്നും നടത്തുന്ന സർവ്വീസുകളുടെ റൂട്ടും സർവ്വീസിന്റെ എണ്ണവും ഉൾപ്പെടെയുള്ള വിവരങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കുമളി ഡിപ്പോയിൽനിന്നും നിലവിൽ 67 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പുതുതായി ദീർഘദൂര സർവ്വീസുകൾ ആരംഭിച്ചിട്ടില്ല.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**പിറവം, കൂത്താട്ടുകുളം ഡിപ്പോകളിലെ ബസ് സർവ്വീസുകൾ**

334(1897) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കും മുൻപ് പിറവം, കൂത്താട്ടുകുളം ഡിപ്പോകളിൽ നിന്നും സർവ്വീസ് നടത്തിയിരുന്നതും സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയതിനുശേഷം പ്രസ്തുത ഡിപ്പോകളിൽ നിന്ന് സർവ്വീസ് നടത്തുന്നതുമായ എല്ലാ കെ.എസ്.ആർ.ടി.സി ബസുകളുടെയും റൂട്ടും സമയവും ബസ് നമ്പരും ബസിന്റെ തരവും അടങ്ങിയ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയശേഷം പിറവം, കൂത്താട്ടുകുളം ഡിപ്പോകളിൽ നിന്നും തിരക്കുള്ള സമയങ്ങളിൽ സർവ്വീസ് നടത്തുന്ന ബസുകൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) കെ.എസ്.ആർ.ടി.സി.-യിലെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി മാനവ വിഭവശേഷി കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം 1961-ലെ മോട്ടോർ ഗതാഗത തൊഴിലാളി നിയമ വ്യവസ്ഥകൾക്കനുസരിച്ച് ഡ്യൂട്ടികൾ നൽകണമെന്ന നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിലാണ് ഷെഡ്യൂളുകൾ സിംഗിൾ ഡ്യൂട്ടികളായി ക്രമീകരിച്ചിട്ടുള്ളത്. യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഉറപ്പുവരുത്തുന്ന രീതിയിൽ സർവ്വീസുകൾ ക്രമീകരിക്കുന്നതിനും മെച്ചപ്പെട്ട വരുമാനം ലഭിക്കുന്ന ട്രിപ്പുകൾ ഒഴിവാക്കാതെ ക്രമീകരിക്കണമെന്നും ഇതിനോടൊപ്പം നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അടൂർ, പന്തളം എന്നിവിടങ്ങളിൽ അനുവദിച്ച കെ.എസ്.ആർ.ടി.സി. ബസ്സുകൾ/സർവ്വീസുകൾ

335(1898) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

ഈ സർക്കാറിന്റെ കാലയളവിൽ അടൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ , പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ എന്നിവിടങ്ങളിലേയ്ക്ക് എത്ര പുതിയ ബസുകൾ/സർവ്വീസുകൾ അനുവദിച്ചിട്ടുണ്ടെന്ന് കാറ്റഗറി തിരിച്ച് വാർഷിക ക്രമത്തിൽ വിവരം ലഭ്യമാക്കുമോ?

ഉത്തരം

പന്തളം ഡിപ്പോയിൽ 6/16, 7/16, മാസങ്ങളിലായി രണ്ട് ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ നൽകിയിട്ടുണ്ട്. അടൂർ ഡിപ്പോയിൽ 6/16, 9/16, 11/16 എന്നീ മാസങ്ങളിലായി ഒരു ഫാസ്റ്റ് പാസഞ്ചറും മൂന്ന് സൂപ്പർ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും നൽകിയിട്ടുണ്ട്.

ഈ കാലയളവിൽ പന്തളം ഡിപ്പോയിൽനിന്നും ഒരു ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് (05.15 പന്തളം-അമൃത ആശുപത്രി) ആരംഭിച്ചിട്ടുണ്ട്. അടൂർ ഡിപ്പോയിൽനിന്നും പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടില്ല.

## തൊടുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോ

336(1899) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ കെ.എസ്.ആർ.ടി.സി.ഡിപ്പോ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി; വ്യക്തമാക്കുമോ;

(ബി) ഡിപ്പോ എന്നുമുതൽ പ്രവർത്തനസജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൊടുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ കരാർ പ്രകാരമുള്ള സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇലക്ട്രിഫിക്കേഷൻ, ഫയർ ഫൈറ്റിംഗ് എന്നീ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭഘട്ടത്തിലാണ്.

(ബി) മേൽ പരാമർശിച്ച പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽഡിംഗ് പെർമിറ്റ് കിട്ടുന്ന മുറയ്ക്ക് പ്രവർത്തനസജ്ജമാക്കാൻ കഴിയും.

## കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നുള്ള ദീർഘദൂര സർവ്വീസ്

337(1900) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി എത്ര ഷെഡ്യൂൾ ആരംഭിച്ചുവെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) കോതമംഗലത്തുനിന്നും സംസ്ഥാനത്തിന്റെ വടക്ക് തെക്ക് ഭാഗങ്ങളിലേക്ക് പുതുതായി ദീർഘദൂര സർവ്വീസ് ആരംഭിക്കുന്നത് പരിഗണിക്കുമോ;

(ഡി) കോതമംഗലത്ത് നിന്നും ഏറെ തീർത്ഥാടകർ സഞ്ചരിക്കുന്ന വേളാങ്കണ്ണിയിലേക്കും പളനിയിലേക്കും പുതുതായി ദീർഘദൂര സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ കോതമംഗലത്തുനിന്നും വേളാങ്കണ്ണി,പളനി തീർത്ഥാടന കേന്ദ്രങ്ങളിലേക്ക് പുതിയ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ ?

ഉത്തരം

(എ) യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ ഷെഡ്യൂളുകൾ പുന:ക്രമീകരിച്ച് മാനവവിഭവശേഷി പരമാവധി ഉപയോഗപ്പെടുത്തി സർവ്വീസുകൾ/ട്രിപ്പുകൾ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്തുവരുന്നു. ഈ സർക്കാരിന്റെ കാലാവധിയിൽ 5 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഗ്യാരേജ് നവീകരണത്തിന്റെ ഭാഗമായി, ഇംപാക്ട് റെഞ്ചുകൾ, പോർട്ടബിൾ ഗ്രീഡിംഗ് എക്യുപ്മെന്റ്, എ.സി./ഡി.സി. കൺവെർട്ടർ, ടയർ ചെയ്ഞ്ചിംഗ് ടൂൾസ് കിറ്റ് തുടങ്ങിയവയും അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുൻ എം.എൽ.എ. ശ്രീ. ടി. യു. കുരുവിളയുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് യാർഡ് കോൺക്രീറ്റിംഗ് ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പുതുതായി ഷെഡ്യൂളുകൾ ആരംഭിച്ചിട്ടില്ല.

(സി) കോതമംഗലത്തുനിന്നും സംസ്ഥാനത്തിന്റെ വടക്ക്, തെക്ക് ഭാഗങ്ങളിലേയ്ക്ക് പുതുതായി സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ സർവ്വീസുകൾ ക്രമീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) അന്തർ സംസ്ഥാന സർവ്വീസുകൾ അന്തർ സംസ്ഥാന കരാറിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്നത്. തമിഴ്നാടുമായി നിലവിലുള്ള അന്തർ സംസ്ഥാന കരാറുകളിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ കോതമംഗലത്തുനിന്നും വേളാങ്കണ്ണി, പഴനി എന്നിവിടങ്ങളിലേയ്ക്ക് സർവ്വീസ് നടത്താൻ നിർവ്വാഹമില്ല.

## മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ -കം -ഷോപ്പിംഗ് കോംപ്ലക്സ്

338(1901) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണ നടപടികൾ നിർത്തിവച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) കരാറിൽ പറഞ്ഞതുപ്രകാരം ഏതുഘട്ടം വരെയുള്ള ജോലികളാണ് പൂർത്തികരിച്ചിട്ടുള്ളത്; കരാറുകാരന് പാർട്ട് ബിൽ മാറിനൽകിയിട്ടുണ്ടോ;

(സി) നിർമ്മാണ നടപടികൾ എത്രയുംവേഗം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികളിൽ ഉൾപ്പെട്ട സിവിൽ സ്ട്രക്ച്ചർ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് ആവശ്യമായ തുക അതിൽ ഉൾപ്പെട്ട കടമുറികൾ ലേലം ചെയ്ത് നൽകി സ്വരൂപിക്കാനാണ് കെ.എസ്.ആർ.ടി.സി. വിഭാവന ചെയ്തത്. എന്നാൽ 2 തവണ ലേല നടപടികൾ നടത്തിയിട്ടും ആയതിന് ആവശ്യമായ തുക സ്വരൂപിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽതന്നെ തൽക്കാലം മലപ്പുറം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികൾ നിർത്തി വച്ചിരിക്കുകയാണ്. 2018 ഡിസംബർ 15-ാം തീയതി വീണ്ടും ലേലം നടത്തി പ്രസ്തുത ഷോപ്പുകൾ ആവശ്യക്കാർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിൽനിന്നും വരുമാനം ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതാണ്.

(ബി) സിവിൽ സ്ട്രക്ച്ചറൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 1st പാർട്ട് ബിൽ തുക മുഴുവനും അനുവദിച്ചുനൽകിയിട്ടുണ്ട്. 2nd പാർട്ട് ബില്ലിന്റെ 70 ശതമാനം തുകയും നൽകിയിട്ടുണ്ട്.

(സി) വാണിജ്യ സാധ്യതയുള്ള സ്ഥലങ്ങളുംകടകളും ലേലം ചെയ്ത് പലിശരഹിത നിക്ഷേപം സമാഹരിച്ച് കരാറുകാരന് നൽകാനുള്ള തുക നൽകി പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കാൻ ശ്രമം നടത്തുന്നതാണ്.

## ചാലക്കുടി ഡിപ്പോയിൽനിന്നും ഇന്റർസ്റ്റേറ്റ് സർവ്വീസ് നടത്താൻ നടപടി

339(1902) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും മലക്കപ്പാറ-പഴനി വഴി പൊള്ളാച്ചിയ്ക്ക് ഇന്റർസ്റ്റേറ്റ് സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

അന്തർ സംസ്ഥാന കരാറുകളിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. തമിഴ്നാടുമായി നിലവിലുള്ള കരാറുകളിൽ ചാലക്കുടി ഡിപ്പോയിൽനിന്നും മലക്കപ്പാറ-പഴനി വഴി പൊള്ളാച്ചിയിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ പ്രസ്തുത റൂട്ടിൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

## ചാലക്കുടി ഡിപ്പോയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

340(1903) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ വിവിധ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി ഡിപ്പോയിൽ സ്റ്റേഷൻ മാസ്റ്റർ, ട്രാഫിക് കൺട്രോൾ ഇൻസ്പെക്ടർ, ഡ്രൈവർമാർ (10) എന്നീ തസ്തികകളിൽ ജീവനക്കാരെ നിയമിക്കാത്തതുമൂലം പ്രവർത്തനത്തിൽ പോരായ്മ വരുന്നത് പരിഹരിക്കുന്നതിനായി പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രളയത്തിൽ നാശം സംഭവിച്ച്, ഓടിക്കാൻ കഴിയാത്ത അവസ്ഥയിലായ ബസ്സുകൾക്ക് പകരം പുതിയ ബസ്സുകൾ അനുവദിക്കുന്നതിനും ഗ്രാമീണ മേഖലയിലേയ്ക്ക് നേരത്തെ നടത്തിയിരുന്ന ലാഭകരമായ ട്രിപ്പുകൾ നിർത്തലാക്കിയത് പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. അതീവ ഗുരുതര സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ കോർപ്പറേഷന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് വിശദപഠനം നടത്തുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൊൽക്കത്തയിലെ റിട്ടയേർഡ് പ്രൊഫസർ ശ്രീ. സുശീൽ ഖന്നയെ കൺസൾട്ടന്റായി സർക്കാർ നിയോഗിച്ചിരുന്നു. ശ്രീ. സുശീൽ ഖന്ന സമർപ്പിച്ച ഇടക്കാല റിപ്പോർട്ട് പ്രകാരം കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ കൂടുതലാണെന്ന് കണ്ടതിനാൽ ഈ അനുപാതം ദേശീയ ശരാശരിക്കൊപ്പമെത്തിക്കാൻ കോർപ്പറേഷൻ ശ്രമിച്ചുവരികയാണ്. നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ എല്ലാ വിഭാഗം ജീവനക്കാരുടെയും എണ്ണം ദേശീയ ശരാശരിയേക്കാൾ അധികമാണ്. ആയതിനാൽ തസ്തികകൾ ഒന്നും ഒഴിഞ്ഞുകിടക്കുന്നില്ല.

(ബി) ചാലക്കുടി ഡിപ്പോയിൽ 3 സ്റ്റേഷൻ മാസ്റ്റർ തസ്തികകൾ അനുവദിച്ചിട്ടുള്ളതിൽ 2 പേരും 5 ഇൻസ്പെക്ടർമാരെ അനുവദിച്ചിട്ടുള്ളതിൽ 4 പേരും നിലവിലുണ്ട്. 99 ഡ്യൂട്ടിക്ക് 119 ഡ്രൈവർമാരെ ആവശ്യമുള്ളതിൽ 134 ഡ്രൈവർമാർ നിലവിലുണ്ട്. ആയതിനാൽ ഡ്രൈവർ തസ്തികയിൽ ജീവനക്കാർ കുറവില്ല. ഓപ്പറേഷൻ, ഫിനാൻസ് എന്നിവയിൽ പുനഃസംഘടന നടക്കുന്നതിനാൽ അധിക സാമ്പത്തിക ബാധ്യത വരുത്തുന്ന നടപടികളൊന്നും സ്വീകരിക്കാൻ ഇപ്പോൾ നിർവ്വാഹമില്ല.

(സി) ചാലക്കുടി ഡിപ്പോയിൽ പ്രളയത്തിൽ തകരാർ സംഭവിച്ച 2 ബസ്സുകൾ നിലവിൽ ഇൻഷ്വറൻസ് കവറേജിൽ, കമ്പനിയിൽ അറ്റകുറ്റപണികൾ ചെയ്തുവരികയാണ്. തകരാർ പരിഹരിച്ച് ഇവ ഉടൻതന്നെ ഡിപ്പോയ്ക്ക് നൽകുന്നതാണ്. യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമായിട്ടുള്ളതും ലാഭകരമായിട്ടുള്ളതുമായ സർവ്വീസുകളൊന്നും റദ്ദ് ചെയ്തിട്ടില്ല. ലാഭകരമല്ലാത്ത സർവ്വീസുകൾ/ട്രിപ്പുകൾ പുനഃക്രമീകരിക്കുകയാണ് ഉണ്ടായിട്ടുള്ളത്. ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചപ്പോൾ ലാഭകരമായ ട്രിപ്പുകളൊന്നുംതന്നെ നിർത്തൽ ചെയ്തിട്ടില്ല.

## നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ

341(1904) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് കീഴിലുള്ള കെട്ടിടത്തിന് സർക്കാർ എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്; കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പൂർത്തീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടം പണി പൂർത്തീകരിക്കണം എന്നഭ്യർത്ഥിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; നിവേദനത്തിൻമേൽ എടുത്ത നടപടിയുടെ പൂർണ്ണരൂപം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാരിൽനിന്നും സ്പെഷ്യൽ പാക്കേജ് ഫണ്ടായി 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ കരാറുകാരന് 3,12,91,080 രൂപ നൽകിയിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ലേല നടപടികളിലൂടെ പലിശരഹിത നിക്ഷേപം ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സാധിക്കുന്നതാണ്.

(ബി) ബഹുമാനപ്പെട്ട നിലമ്പൂർ എം.എൽ.എ.-യിൽനിന്നും നിവേദനം ഉണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ മോശം സാമ്പത്തികസ്ഥിതി കാരണം കെ.എസ്.ആർ.ടി.സി. ഫണ്ട് ഉപയോഗിച്ച് ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയില്ല. കൂടാതെ പലിശരഹിത നിക്ഷേപം സമാഹരിക്കുന്നതിനായി ലേലം നടത്തിയിരുന്നെങ്കിലും ആരുംതന്നെ പങ്കെടുത്തിട്ടില്ല.

**കാട്ടാക്കട ഡിപ്പോയിലെ ബസ്സുകൾ**

342(1905) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ കാട്ടാക്കട ഡിപ്പോയിൽനിന്നും സർവ്വീസ് നടത്തിയിരുന്ന ഷെഡ്യൂളുകളെക്കുറിച്ചും റൂട്ടുകളെ സംബന്ധിച്ചുമുള്ള വിവരം ലഭ്യമാക്കാമോ; പ്രസ്തുത വർഷം ഡിപ്പോയ്ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഫാസ്റ്റ്, ഓർഡിനറി, സൂപ്പർഫാസ്റ്റ് ബസുകളുടെ എണ്ണത്തെ സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) 2018-ൽ കാട്ടാക്കട ഡിപ്പോയിൽനിന്നും സർവ്വീസ് നടത്തുന്ന ഷെഡ്യൂളുകളെക്കുറിച്ചും റൂട്ടുകളെക്കുറിച്ചുമുള്ള വിവരം ലഭ്യമാക്കാമോ; ഇപ്പോൾ അനുവദിക്കപ്പെട്ടിട്ടുള്ള ഫാസ്റ്റ്, ഓർഡിനറി, സൂപ്പർ ഫാസ്റ്റ് ബസുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-ൽ കാട്ടാക്കട ഡിപ്പോയിൽനിന്നും 81 ഷെഡ്യൂളുകൾ നടത്തി വന്നിരുന്നു. പ്രസ്തുത ഷെഡ്യൂളുകളുടെ റൂട്ടുകൾ സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

2016-ൽ കാട്ടാക്കട ഡിപ്പോയിൽ അനുവദിക്കപ്പെട്ടിട്ടുള്ള ബസ്സുകളുടെ വിവരം, സൂപ്പർ ഫാസ്റ്റ് പാസഞ്ചർ - 02, ഫാസ്റ്റ് പാസഞ്ചർ - 18, ഓർഡിനറി - 59 എണ്ണവുമാണ്.

(ബി) 2018-ൽ കാട്ടാക്കട ഡിപ്പോയിൽനിന്നും 73 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്. പ്രസ്തുത ഷെഡ്യൂളുകളുടെ റൂട്ടുകൾ സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

2018-ൽ കാട്ടാക്കട ഡിപ്പോയിലേയ്ക്ക് അനുവദിച്ച് നൽകിയിട്ടുള്ള ബസ്സുകളുടെ വിവരം, സൂപ്പർ ഫാസ്റ്റ് പാസഞ്ചർ - 03, ഫാസ്റ്റ് പാസഞ്ചർ - 18, ഓർഡിനറി - 64 എണ്ണവുമാണ്.

### മാനന്തവാടി ഡിപ്പോയിലെ ഡീസൽ പമ്പ് മാറ്റാൻ നടപടി

343(1906) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസുകൾ ഡീസൽ നിറയ്ക്കുന്നതിനായി മാത്രം ദിനം പ്രതി അഞ്ച് കിലോമീറ്ററിൽ കൂടുതൽ ഓടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാനന്തവാടി പഴയ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഡീസൽ പമ്പ് പുതിയ ഡിപ്പോയിലേക്ക് മാറ്റുന്നതിന് നിലവിലെ തടസ്സങ്ങൾ എന്തെല്ലാമാണ് ;

(സി) തടസ്സങ്ങൾ നീക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഡീസൽ നിറയ്ക്കുന്നതിനായി മാത്രം മാനന്തവാടി ഡിപ്പോയിലെ കെ.എസ്.ആർ.ടി.സി. ബസുകൾ ശരാശരി ഒരു ദിവസം എത്ര കിലോമീറ്ററാണ് ഓടുന്നത് എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഇല്ല.

(ബി & സി) ഡീസൽ പമ്പ് പുതിയ ഡിപ്പോയിലേയ്ക്ക് മാറ്റിയാലും എല്ലാ ബസ്സുകളും സർവ്വീസ് കഴിഞ്ഞ് വരുമ്പോൾ ഗ്യാരേജിൽ പോയി ഡെയ്‌ലി മെന്റനൻസും, മറ്റ് അനുബന്ധ ജോലികളും ചെയ്യേണ്ടതുണ്ട്. ആയതിനാൽ ബസ് ഓടുന്ന കിലോമീറ്ററിൽ യാതൊരു കുറവും വരുന്നതല്ല. ഗ്യാരേജുകൂടി പുതിയ ബസ് സ്റ്റാന്റിലേയ്ക്ക് മാറ്റിയാലേ ഇതിന് പരിഹാരം ആവുകയുള്ളൂ. നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കോർപ്പറേഷന് ഗ്യാരേജ് മാറ്റി സ്ഥാപിക്കുവാൻ നിർവ്വാഹമില്ല.

(ഡി) ഡീസൽ നിറയ്ക്കുന്നതിന് മാത്രമായി മാനന്തവാടി ഡിപ്പോയിലെ ബസ്സുകൾ അധിക ദൂരം ഓടുന്നില്ല.

## കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നുള്ള സർവ്വീസുകൾ

344(1907) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഇപ്പോൾ പ്രതിദിനം എത്ര സർവ്വീസുകൾ നടത്തുന്നുണ്ട്;

(ബി) പ്രസ്തുത ഡിപ്പോയുടെ ശരാശരി പ്രതിദിന വരുമാനം എത്രയാണ് ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഡിപ്പോയിൽനിന്നും നടത്തിവന്ന എത്ര സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ട്; അവ ഏതെല്ലാമാണ്;

(ഡി) സർവ്വീസുകൾ ലാഭകരമാക്കുന്നതിനായി പുനഃക്രമീകരിച്ച സർവ്വീസുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൊട്ടാരക്കര ഡിപ്പോയിൽനിന്നും പ്രതിദിനം 138 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്.

(ബി) നവംബർ മാസത്തെ കണക്ക് പ്രകാരം പ്രതിദിനം ശരാശരി 11,57,677 രൂപ വരുമാനം ലഭിച്ചിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര ഡിപ്പോയിൽനിന്നും സർവ്വീസുകളൊന്നും റദ്ദ് ചെയ്തിട്ടില്ല.

(ഡി) സർവ്വീസുകൾ ലാഭകരമാക്കുന്നതിലേയ്ക്കായി എല്ലാ ഷെഡ്യൂളുകളും സിംഗിൾ ഡ്യൂട്ടി പാറ്റേണിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ 6.00 മണി കൊട്ടാരക്കര - ഗുരുവായൂർ സർവ്വീസ് കൊട്ടാരക്കര-എറണാകുളം-തിരുവനന്തപുരം-കൊട്ടാരക്കര എന്ന രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്.

**തിരുവമ്പാടി സബ് ഡിപ്പോ നിർമ്മാണം**

345(1908) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡല ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി രണ്ട് കോടി എൺപത് ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച തിരുവമ്പാടി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ നിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം ആരംഭിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) തിരുവമ്പാടി ബസ് ഡിപ്പോയ്ക്കുവേണ്ടി 2,78,96,160 രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുന്നതിനായി 30-4-2018-ലെ സ.ഉ. (സാധാ) നമ്പർ 192/2018/ഗതാ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഭരണാനുമതി നൽകിയത്. എന്നാൽ വിശദമായ സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഈ സമയത്ത് ലഭ്യമായിരുന്നില്ല. കൂടാതെ, പരിസ്ഥിതി മലിനീകരണം ഉണ്ടാകാതെ വേസ്റ്റ് ഓയിൽ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സൗകര്യം, അംഗപരിമിതർക്കും കാൽനടക്കാർക്കും ഉള്ള സൗകര്യം എന്നിവ ചെയ്യണമെന്നും ഈ പ്രവൃത്തി അക്രെഡിറ്റഡ് എജൻസിയെയാണ് ഏൽപ്പിക്കുന്നതെങ്കിൽ സെന്റേജ് ചാർജ് നിലവിലെ നിയമപ്രകാരം മാത്രമേ നൽകാൻ പാടുള്ളൂ എന്നും ഭരണാനുമതി നൽകിയ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു.

ബഹുമാനപ്പെട്ട എം.എൽ.എ. അഭ്യർത്ഥിച്ച പ്രകാരം, പ്രസ്തുത പ്രവൃത്തി സർക്കാർ അക്രെഡിറ്റഡ് ഏജൻസിയായ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന നിർവ്വഹിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 26-7-2018-ലെ സ.ഉ. (സാധാ) നമ്പർ 339/2018/ഗതാഗതം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ച് പ്രസ്തുത പ്രവൃത്തി ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.-യെക്കൊണ്ട് നിർവ്വഹണം നടത്തുന്നതിന് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**പയ്യന്നൂർ ഡിപ്പോയിലെ ബസ്സുകൾ**

346(1909) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് സ്ക്രാപ്പ് ചെയ്യപ്പെട്ട ബസ്സുകൾക്ക് പകരം പുതിയ ബസ്സുകൾ അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര ബസ്സുകളാണ് പയ്യന്നൂർ ഡിപ്പോയിൽനിന്നും സ്ക്രാപ്പ് ചെയ്യപ്പെട്ടിട്ടുള്ളത്; ഇതിന് പകരമായി എത്ര ബസ്സുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നടപ്പുവർഷം ഒരു ബസ്സാണ് സ്ക്രാപ്പ് ചെയ്തിട്ടുള്ളത്. ഇതിന് പകരമായി ATE 287 എന്ന ബസ് അനുവദിച്ചിട്ടുണ്ട്.

**ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ**

347(1910) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം യാത്രക്കാർക്കും ശബരിമല തീർത്ഥാടകർക്കും വളരെയേറെ കഷ്ടതകൾ ഉണ്ടാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രളയത്തിൽ നശിച്ച ഡീസൽ പമ്പ് ഹൗസ് പുനഃസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുമോ എന്നറിയിക്കാമോ;

(ബി) ചെങ്ങന്നൂർ ഡിപ്പോയിൽനിന്ന് എത്ര ട്രിപ്പുകൾ ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് നടത്തിയിരുന്നു;

(സി) ജീവനക്കാരുടെ ഒറ്റ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയപ്പോൾ എത്ര ട്രിപ്പുകൾ നിർത്തലാക്കിയിട്ടുണ്ട്;

(ഡി) നിലവിൽ ചെങ്ങന്നൂർ ഡിപ്പോയിൽനിന്ന് എത്ര ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് വരുന്നുണ്ട്. ചെങ്ങന്നൂർ യൂണിറ്റിലെ ഡീസൽ പമ്പിന്റെ ടാങ്ക് വെള്ളം കയറി നശിച്ചതിനാൽ ഐ.ഒ.സി. മുഖാന്തരം പമ്പ് മാറ്റിസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി. ജോലികൾ അന്തിമഘട്ടത്തിലുമാണ്. ഇതിനാവശ്യമായ എക്സ്പ്ലോസീവ് ലൈസൻസ് ലഭിക്കുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയായിട്ടുണ്ട്. എത്രയുംവേഗം ഡീസൽ പമ്പ് പ്രവർത്തനക്ഷമമാകുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് ചെങ്ങന്നൂർ ഡിപ്പോയിൽനിന്നും 505 ട്രിപ്പുകൾ നടത്തിയിരുന്നു.

(സി) കെ.എസ്.ആർ.ടി.സി.-യിലെ ഷെഡ്യൂൾ പരിഷ്കരണത്തിന്റെ ഭാഗമായി ലാഭകരമല്ലാത്ത സർവ്വീസുകൾ പുന:ക്രമീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, പൊതുജനങ്ങൾക്ക് യാത്രാക്ലേശമുണ്ടാകാത്ത തരത്തിൽ, ലാഭകരമല്ലാത്ത 80 ട്രിപ്പുകൾ പരീക്ഷണാടിസ്ഥാനത്തിൽ ഒഴിവായിട്ടുണ്ട്.

(ഡി) നിലവിൽ ചെങ്ങന്നൂർ ഡിപ്പോയിൽനിന്നും 425 ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്.

**ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ**

348(1911) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിൽ ഓപ്പറേറ്റ് ചെയ്യുവാൻ ഇപ്പോൾ അനുമതി ലഭിച്ചിട്ടുള്ള ഷെഡ്യൂളുകളുടെ എണ്ണം പട്ടിക തിരിച്ച് അറിയിക്കാമോ;

(ബി) ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ ബസുകളും (സ്പെയർ ഉൾപ്പെടെ) നിലവിലുള്ള ബസുകളും എത്രയെന്ന് വ്യക്തമാക്കാമോ;

(സി) അനുമതി നൽകിയിട്ടുള്ള ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ഓരോ വിഭാഗത്തിലും എത്ര ജീവനക്കാരുടെ കുറവ് ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) 'സി' പൂളിൽ ഉൾപ്പെടുത്തിയിരുന്ന, 6.10 കൊട്ടിയം-മെഡിക്കൽകോളേജ് സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ടോയെന്നും പുതിയ സർവ്വീസുകളേതെങ്കിലും ആരംഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചാത്തന്നൂർ ഡിപ്പോയിൽനിന്ന് 67 ഓർഡിനറി സർവ്വീസുകളും 2 സ്റ്റേ സർവ്വീസുകളും, 13 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളും നടത്തിവരുന്നുണ്ട്.

| | |
|---|---|
| ഓർഡിനറി സർവ്വീസുകൾ - സിംഗിൾ ഡ്യൂട്ടി | 27 |
| ഉച്ചയ്ക്ക് തുടങ്ങി അടുത്ത ദിവസം ഉച്ചയ്ക്ക് അവസാനിക്കുന്ന ഡ്യൂട്ടികൾ | 20 (40 ഷെഡ്യൂൾ) |
| സ്റ്റേ ഡ്യൂട്ടി ഫാസ്റ്റ് പാസഞ്ചർ | 2 (4 സിംഗിൾ ഡ്യൂട്ടി ഷെഡ്യൂൾ) |
| ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ | 11 |
| ആകെ | 60 സർവ്വീസുകൾ (82 ഷെഡ്യൂൾ) |

അനുമതി ലഭിച്ചിട്ടുള്ള ഷെഡ്യൂളുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു *

(ബി) പ്രസ്തുത 60 സർവ്വീസുകൾ നടത്തുവാൻ ബസ്സുകൾ കൂടുതൽ ഉപയോഗിക്കുന്നതിന്റെ ഭാഗമായി സിംഗിൾ ഡ്യൂട്ടിയുടെ 10 ബസ്സുകൾകൂടി ഉച്ചയ്ക്ക് തുടങ്ങി ഉച്ചയ്ക്ക് അവസാനിക്കുന്ന സർവ്വീസുകൾക്ക് ഉപയോഗിക്കുന്നുണ്ട്. ആയതിനാൽ 53 ബസ്സുകൾ ഉപയോഗിച്ച് മുഴുവൻ ഷെഡ്യൂളുകളും നടത്തുവാൻ കഴിയുന്നുണ്ട്.

നിലവിൽ ചാത്തന്നൂർ ഡിപ്പോയിൽ 56 ബസ്സുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിൽ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് 53 ബസ്സുകൾ ആവശ്യമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ചാത്തന്നൂർ യൂണിറ്റിൽ അനുവദിച്ചിട്ടുള്ള ഷെഡ്യൂൾ 82 ആണ്. ഡ്യൂട്ടികളുടെ എണ്ണം 93 ആണ്. ഡ്യൂട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമുള്ള കണ്ടക്ടർ 112-ഉം നിലവിലുള്ളത് 110-ഉം ആണ്. 2 കണ്ടക്ടർമാരാണ് കുറവുള്ളത്. ഡ്രൈവർ തസ്തികയിൽ ആവശ്യമായ ഡ്രൈവർമാരുടെ എണ്ണം 112-ഉം നിലവിലുള്ള ഡ്രൈവർമാർ 109-ഉം ആണ്. അപ്രകാരം 3 ഡ്രൈവർമാരുടെ കുറവുണ്ട്. മെക്കാനിക്ക് വിഭാഗത്തിൽ 23 എണ്ണം മെക്കാനിക്കിനെ ആവശ്യമുള്ളതിൽ 20 ജീവനക്കാരുണ്ട്. 3 മെക്കാനിക്കുകളുടെ കുറവുണ്ട്.

(ഡി) താരതമ്യേന വരുമാനക്കുറവുള്ള 'സി' പൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള 6.10 കൊട്ടിയം - മെഡിക്കൽ കോളേജ് സർവ്വീസ് പുനരാരംഭിച്ചിട്ടില്ല. കൂടാതെ ചാത്തന്നൂർ ഡിപ്പോയിൽനിന്ന് പുതിയ സർവ്വീസുകൾ ഇപ്പോൾ ആരംഭിച്ചിട്ടില്ല.

## ഇരിട്ടിയിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ

349(1912) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിട്ടിയിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ടോ; 2011-ൽ ഉദ്ഘാടനം നടന്ന സ്ഥലത്ത് ഓപ്പറേറ്റിംഗ് സെന്ററിനുള്ള അനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) എത്ര ദിവസമാണ് ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തിച്ചത്; പ്രവർത്തനം നിർത്തുവാനുള്ള കാരണങ്ങൾ എന്തെല്ലാം എന്നറിയിക്കാമോ;

(സി) ഓപ്പറേറ്റിംഗ് സെന്റർ പുനരാരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കണ്ണൂർ ജില്ലയിൽ ഇരിട്ടിയിൽ ഒരു ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തിപ്പിക്കുന്നതിന് 2011-ൽ ഭരണാനുമതി നൽകിയിരുന്നു. അത് പ്രകാരം 28-2-2011-ൽ ഔപചാരിക ഉദ്ഘാടനം നടത്തിയിരുന്നുവെങ്കിലും ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല. നിലവിലുള്ള സാമ്പത്തിക സ്ഥിതി കണക്കിലെടുക്കുമ്പോൾ പുതുതായി ഓപ്പറേറ്റിംഗ് സെന്റർ/ഡിപ്പോ എന്നിവ ആരംഭിക്കുന്നത് അധിക സാമ്പത്തികബാധ്യതയ്ക്ക് ഇടയാക്കും എന്നതിനാൽ ഇരിട്ടിയിൽ പുതുതായി ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിന് ഇപ്പോൾ നിർവ്വാഹമില്ല.

## കരുനാഗപ്പള്ളി ട്രാൻസ്പോർട്ട് ഡിപ്പോയിൽനിന്നുള്ള സർവ്വീസുകൾ

350(1913) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ട്രാൻസ്പോർട്ട് ഡിപ്പോയിൽ നിന്ന് നിലവിൽ എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 2018 ജൂലൈ 1-നുശേഷം പ്രസ്തുത ഡിപ്പോയിൽനിന്നുള്ള എത്ര ഷെഡ്യൂളുകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്നും അതുവഴി സർവ്വീസ് എത്ര കിലോമീറ്റർ കുറച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഡിപ്പോയിൽനിന്നും ചെറിയഴീക്കൽ - ആയിരംതെങ്ങ് - ഓച്ചിറ വഴി കായംകുളം റൂട്ടിൽ എത്ര ബസുകൾ സർവ്വീസ് നടത്തുന്നുണ്ടെന്നും പ്രസ്തുത റൂട്ടിൽ നേരത്തെ എത്ര ബസുകൾ സർവ്വീസ് നടത്തിയിരുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഡിപ്പോയിൽനിന്നും സർവ്വീസ് നടത്തുന്ന ഫാസ്റ്റ് പാസഞ്ചർ , സൂപ്പർഫാസ്റ്റ് ബസുകളുടെ എണ്ണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി ഡിപ്പോയിൽനിന്നും 85 ബസ്സുകൾ ഉപയോഗിച്ച് 79 ഷെഡ്യൂളുകൾ നടത്തിവരുന്നുണ്ട്.

(ബി) വരുമാനം കുറവുള്ള ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുന്നതിന്റെ ഭാഗമായി കരുനാഗപ്പള്ളി ഡിപ്പോയിൽനിന്നും 3 സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്. ഇതുവഴി ഷെഡ്യൂളിൽ 701 കി.മീ. ആകെ കുറവ് വന്നിട്ടുണ്ട്.

(സി) 2014-15 കാലഘട്ടത്തിൽ ടി മേഖലയിൽ 3 ഷെഡ്യൂൾ ഉണ്ടായിരുന്നുവെങ്കിലും വരുമാനക്കുറവ് കാരണം ടി സർവ്വീസുകളുടെ റൂട്ട് പുനഃക്രമീകരിച്ചിട്ടുണ്ട്. നിലവിൽ ടി മേഖലയിൽ സ്റ്റേ സർവ്വീസുകൾ നടത്തിവരുന്നുണ്ട്.

(ഡി) മൂന്ന് സൂപ്പർ ഫാസ്റ്റ് ഷെഡ്യൂളിന് 4 സൂപ്പർ ഫാസ്റ്റ് ബസ്സുകളും 13 ഫാസ്റ്റ് പാസഞ്ചർ ഷെഡ്യൂളുകൾക്ക് 13 ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും ഉണ്ട്.

## തൊട്ടിൽപ്പാലം കെ.എസ്.ആർ.ടി.സി. ഡിപ്പോ

351(1914) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ തൊട്ടിൽപ്പാലം ഡിപ്പോയിലെ സ്റ്റാഫ് സ്ട്രെംഗ്ത്, ബസ്സുകളുടെ എണ്ണം, കളക്ഷൻ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിൽ നടത്തുന്ന രാത്രികാല സർവീസ് ഷെഡ്യൂൾ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) യാത്രാദുരിതം നേരിടുന്ന മലയോര പ്രദേശമായ കാവിലുംപാറയിലെ ചാത്തൻ കൊട്ട് നട, ചാപ്പൻ തോട്ടം,കായൽ വട്ടം, മുറ്റത്ത് പ്ലാവ്, വട്ടിപ്പാറ, കുരുടൻ കടവ് തുടങ്ങിയ പ്രദേശങ്ങളിൽ ചെയിൻ സർവീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ തൊട്ടിൽപാലം ഡിപ്പോയിലെ സ്റ്റാഫ് സ്ട്രെംഗ്ത് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കണ്ടക്ടർ | - | 120 (99+21 താൽക്കാലികം) |
| ഡ്രൈവർ | - | 119 (116+3 താൽക്കാലികം) |
| ജൂനിയർ അസിസ്റ്റന്റ് | - | 13 (10+3 താൽക്കാലികം) |
| സ്റ്റേഷൻ മാസ്റ്റർ | - | 2 |
| ഇൻസ്പെക്ടർ | - | 3 |
| സൂപ്രണ്ട് | - | 2 |
| പ്യൂൺ | - | 2 |
| സ്വീപ്പർ | - | 1 |
| ഗാർഡ് | - | 2+1 താൽക്കാലികം |
| സ്റ്റോർ ഇഷ്യൂവർ | - | 2 |
| മെക്കാനിക്ക് | - | 25 |

| | | |
|---|---|---|
| കോച്ച് ബിൽഡർ | - | 1 |
| ബ്ലാക്ക് സ്മിത്ത് | - | 2 |
| പെയിന്റർ | - | 1 |
| ടയർ ഇൻസ്പെക്ടർ | - | 2 |
| അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ | - | 1 |
| വെഹിക്കിൾ സൂപ്പർവൈസർ | - | 1 |

50 ബസ്സുകൾ നിലവിലുണ്ട്. ശരാശരി 5,12,063 രൂപ പ്രതിദിനം വരുമാനമായി ലഭിക്കുന്നുണ്ട്.

(ബി) സർവ്വീസുകളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | പുറപ്പെടുന്ന സമയം | റൂട്ട് | എത്തിച്ചേരുന്ന സമയം |
|---|---|---|---|
| 1 | 07.30 | തൊട്ടിൽപ്പാലം-കോട്ടയം | 16.30 |
| | 20.20 | കോട്ടയം-തൊട്ടിൽപ്പാലം | 05.20 |
| 2 | 19.00 | തൊട്ടിൽപ്പാലം-തിരുവനന്തപുരം | 07.40 |
| | 14.30 | തിരുവനന്തപുരം-തൊട്ടിൽപ്പാലം | 03.00 |
| 3 | 09.30 | തൊട്ടിൽപ്പാലം-കോട്ടയം | 17.55 |
| | 22.45 | കോട്ടയം-തൊട്ടിൽപ്പാലം | 07.10 |
| 4 | 16.30 | തൊട്ടിൽപ്പാലം-പിറവം | 02.25 |
| | 07.30 | പിറവം-തൊട്ടിൽപ്പാലം | 17.00 |
| 5 | 09.00 | തൊട്ടിൽപ്പാലം-ബാംഗ്ലൂർ | 16.15 |
| | 22.00 | ബാംഗ്ലൂർ-തൊട്ടിൽപ്പാലം | 06.05 |

(സി) കെ.എസ്.ആർ.ടി.സി. നിലവിൽ വളരെയധികം സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. പ്രസ്തുത മേഖലകളിൽ ചെയിൻ സർവ്വീസ് ആരംഭിക്കുന്നത് കെ.എസ്.ആർ.ടി.സി.-ക്ക് ഗുണകരമാകുകയില്ല. ചാപ്പൻതോട്ടം, മുറ്റത്ത് പ്ലാവ് ഭാഗത്തേയ്ക്ക് നിലവിൽ തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്നും ഒരു സർവ്വീസ് നടത്തുന്നുണ്ട്.

## നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോ

352(1915) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഷെഡ്യൂൾ പരിഷ്കാരവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് യാത്രാക്ലേശം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുപരിഹരിക്കാൻ എന്ത് ക്രമീകരണമാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ പരിഷ്കാരങ്ങൾ കാരണം വരുമാനത്തിൽ പ്രതിദിനം എത്രയാണ് കുറവ് വന്നത് എന്ന് വ്യക്തമാക്കുമോ;

(സി) റൂട്ടുകൾ ദേശവൽക്കരിച്ചിട്ടുള്ള പ്രസ്തുത പ്രദേശത്ത് സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ യാത്രാസൗകര്യം മെച്ചമാക്കുന്നതിന് ഉചിതമായ തീരുമാനം കൈക്കൊള്ളാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഷെഡ്യൂൾ പുനഃക്രമീകരിച്ച് ഈ അപാകതകൾ പരിഹരിച്ചിട്ടുണ്ട്.

(ബി) പരിഷ്കരണ നടപടികൾ ആരംഭിച്ച സമയത്ത് പ്രതിദിന വരുമാനത്തിൽ കുറവ് വന്നിരുന്നെങ്കിലും ടി ഷെഡ്യൂളുകളിലെ അപാകതകൾ പരിഹരിച്ചതിനെത്തുടർന്ന് വരുമാനനഷ്ടം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) പ്രസ്തുത പ്രദേശത്ത് സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ യാത്രാസൗകര്യം മെച്ചപ്പെടുന്ന തരത്തിൽ സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. സർവ്വീസ് മുടങ്ങുന്നതായ പരാതി

353(1916) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ മാത്രം ആശ്രയിക്കുന്ന കണ്ണൂർ ജില്ലയിൽ ദേശസാൽകൃത റൂട്ടിലും ലാഭകരമായി സർവ്വീസ് നടത്തുന്ന മറ്റ് റൂട്ടുകളിലും വ്യാപകമായി സർവ്വീസ് മുടങ്ങുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒടുവള്ളിത്തട്ട്-കുടിയാൻമല ദേശസാൽകൃത റൂട്ടിൽ ആവശ്യാനുസരണം സർവ്വീസ് നടത്തുവാൻ കെ.എസ്.ആർ.ടി.സി.-ക്ക് സാധിക്കുന്നില്ലെങ്കിൽ ഈ റൂട്ടിൽ സ്വകാര്യബസ്സിന് സർവ്വീസ് നടത്തുവാൻ അനുമതി നൽകുമോ;

(സി) തളിപ്പറമ്പ്-താളിപ്പാറ- താബോർ, ഇരിട്ടി- ഉളിക്കൽ- അറബി- കോളിത്തട്ട് തുടങ്ങിയ റൂട്ടുകളിൽ മുടങ്ങാതെ സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ പ്രസ്തുത റൂട്ടിൽ കെ.എസ്.ആർ.ടി.സി. ആവശ്യത്തിനനുസരിച്ച് സർവ്വീസുകൾ നടത്തിവരുന്നുണ്ട്.

(സി) പ്രസ്തുത റൂട്ടിൽ നിലവിൽ സർവ്വീസ് നടത്തി വരുന്നുണ്ട്. എന്നാൽ ചില ദിവസങ്ങളിൽ നാമമാത്രമായ സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടതായി വന്നിട്ടുണ്ട്. യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ സർവ്വീസുകൾ ക്രമീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യിൽ സിംഗിൾ ഡ്യൂട്ടി പരിഷ്കരണം

354(1917) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ സിംഗിൾ ഡ്യൂട്ടി പരിഷ്കരണം നിലവിൽ വന്നത് എന്നാണ്; ഇത് നിലവിൽവരുന്നതിന് മുൻപുള്ള മാസം ശമ്പളയിനത്തിൽ ചെലവായ തുക എത്ര; ഈ പരിഷ്കരണം നിലവിൽവന്നതിന് ശേഷം പ്രതിമാസം ശമ്പളയിനത്തിൽ ചെലവായ തുക എത്ര; വ്യക്തമാക്കാമോ;

(ബി) ഈ പരിഷ്കരണം നിലവിൽവരുന്നതിന് മുൻപുള്ള 5 മാസങ്ങളിലെ ഇ.പി.കെ.എം (Earning Per Kilometer) മാസം തിരിച്ച് വിശദമാക്കാമോ; ഈ പരിഷ്കരണം നിലവിൽവന്നതിന് ശേഷമുള്ള മാസങ്ങളിലെ പ്രതിമാസ ഇ.പി.കെ.എം. എത്രയെന്ന് വിശദമാക്കാമോ;

(സി) ഈ പരിഷ്കരണം നിലവിൽ വരുന്നതിന് മുൻപുള്ള അഞ്ച് മാസങ്ങളിൽ പ്രതിമാസം കെ.എസ്.ആർ.ടി.സി.വാഹനങ്ങളുടെ അപകട നിരക്ക് എത്രയെന്ന് വിശദമാക്കാമോ;

(ഡി) ഈ പരിഷ്കരണം വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ പ്രതിമാസ അപകട നിരക്ക് എത്രയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 9-9-2018-ലാണ് സിംഗിൾ ഡ്യൂട്ടി നടപ്പിലാക്കിയിട്ടുള്ളത്. സിംഗിൾ ഡ്യൂട്ടി പരിഷ്ക്കാരം വരുന്നതിന് മുമ്പ് അലവൻസുകൾ ഉൾപ്പെടെ കൊടുത്ത ശമ്പളം 88.60 കോടി രൂപ ആയിരുന്നു. ഡ്യൂട്ടി പരിഷ്കരണം വന്നതിനുശേഷം അലവൻസുകളിൽ കുറവ് വന്നതുവഴി ശമ്പളവും അലവൻസും ഇനത്തിൽ 86.34 കോടി രൂപയാണ് ചെലവായത്.

(ബി) പരിഷ്കരണം നിലവിൽ വരുന്നതിന് മുമ്പുള്ള ശരാശരി ഇ.പി.കെ.എം.

| മാസം | KSRTC | JnNURM |
|---|---|---|
| 2018 August | 37.40 | 43.25 |
| 2018 July | 35.28 | 39.40 |
| 2018 June | 35.06 | 38.48 |
| 2018 May | 37.71 | 40.95 |
| 2018 April | 38.66 | 43.07 |

പരിഷ്കരണം നിലവിൽവരന്നതിന് ശേഷമുള്ള ശരാശരി ഇ.പി.കെ.എം.

| മാസം | KSRTC | JnNURM |
|---|---|---|
| 2018 September | 38.79 | 45.52 |
| 2018 October | 37.71 | 43.36 |

EPKM-ൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) 1-4-2018 മുതൽ 08-09-2018 വരെയുള്ള അഞ്ച് മാസങ്ങളിൽ കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി അപകട നിരക്ക് ഒരു മാസം 120.08 എണ്ണമാകുന്നു.

(ഡി) 9-9-2018 മുതൽ 30-11-2018 വരെയുള്ള മൂന്ന് മാസത്തെ ശരാശരി അപകട നിരക്ക് 98.33 എണ്ണമാകുന്നു.

## കെ.എസ്.ആർ.ടി.സി.-യുടെ മരാമത്ത് പണിയിൽ നൂതന സാങ്കേതിക വിദ്യകൾ

355(1918) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി -യുടെ മരാമത്ത് പണികളിൽ നൂതന സാങ്കേതികവിദ്യകൾ ഏർപ്പെടുത്തുന്നതിനും പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും സുതാര്യമാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന്റെ ഫലമായി എന്തെല്ലാം അധിക നേട്ടങ്ങളാണ് കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായിട്ടുള്ളത് അല്ലെങ്കിൽ ഉണ്ടാകാൻ സാധ്യതയുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങളുടെ സാമ്പത്തിക നിരീക്ഷണം ധനകാര്യ വകുപ്പിന്റെ ചുമതലയിലാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന എല്ലാ നിയമങ്ങളും കെ.എസ്.ആർ.ടി.സി.-യുടെ മരാമത്ത് പണികൾ ചെയ്യുമ്പോൾ പാലിച്ചുവരുന്നുണ്ട്. എസ്റ്റിമേറ്റുകളെല്ലാം തന്നെ current DSR പ്രകാരവും e-tendering നടപടികൾ Price Software ഉപയോഗിച്ചുമാണ് നടന്നുവരുന്നത്.

(ബി) ടെൻഡർ നടപടികളിൽ കൂടുതൽ സുതാര്യതയും നിർമ്മാണ പ്രവൃത്തികളിൽ കൃത്യതയും പാലിക്കുവാൻ സാധിക്കുന്നുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യിൽ എം.എൽ.എ. ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികളുടെ സാമ്പത്തിക നിരീക്ഷണം ധനകാര്യ വകുപ്പിന്റെ ചുമതലയിലും എം.പി. ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ സാമ്പത്തിക നിരീക്ഷണം ജില്ലാ കളക്ടറുടെ ചുമതലയിലുമാണ്. പ്ലാൻ ഫണ്ട് ഉപയോഗിച്ചും കെ.എസ്.ആർ.ടി.സി. ഫണ്ടുപയോഗിച്ചുമുള്ള പ്രവൃത്തികളുടെ സാമ്പത്തിക നിരീക്ഷണം കെ.എസ്.ആർ.ടി.സി. തന്നെയാണ് നിർവ്വഹിക്കുന്നത്.

## നിലമ്പൂരിൽ അന്തർ സംസ്ഥാന ബസ്സുകൾക്ക് ബോർഡിംഗ് പോയിന്റ്

356(1919) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ-ബാംഗ്ലൂർ, കോട്ടയം-ബാംഗ്ലൂർ, പാല-ബാംഗ്ലൂർ തുടങ്ങി നിലമ്പൂർ വഴി കടന്നുപോകുന്ന അന്തർ സംസ്ഥാന ബസുകൾക്ക് നിലമ്പൂരിൽ

ബോർഡിംഗ് പോയിന്റ് ഇല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബാംഗ്ലൂരിൽനിന്നും രാത്രി (നിലമ്പൂർ വഴി) കേരളത്തിലേക്ക് പുറപ്പെടുന്ന അന്തർ സംസ്ഥാന ബസുകൾക്ക് നിലമ്പൂരിൽ ബോർഡിംഗ് പോയിന്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) അന്തർ സംസ്ഥാന ബസുകൾക്ക് നിലമ്പൂരിൽ ബോർഡിംഗ് പോയിന്റ് ഇല്ലാത്തതിനാൽ, ഓൺലൈൻ റിസർവേഷനുകളിൽ നിലമ്പൂർ ഓപ്ഷൻ ഇല്ല എന്ന കാര്യം പരിഹരിക്കുമോ; ബോർഡിംഗ് പോയിന്റ് ഇല്ലാത്തതിനാൽ ബാംഗ്ലൂർ-പാല ബസിൽ നിലമ്പൂരിൽ ഇറങ്ങേണ്ടവർക്ക് തൃശ്ശൂരിലേക്കുള്ള ചാർജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സർവ്വീസുകൾക്ക് ബോർഡിംഗ് പോയിന്റ് അനുവദിച്ചിട്ടുണ്ട്.

(ബി) അന്തർസംസ്ഥാന ബസ്സുകളിൽ നിലമ്പൂരിൽ നിന്നുള്ള യാത്രക്കാർക്ക് സൗകര്യപ്രദമായി ടിക്കറ്റ് റിസർവ്വേഷൻ ചെയ്യുന്നതിനായി ബോർഡിംഗ് പോയിന്റ് ആരംഭിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ലഭിക്കുന്ന കള്ളനോട്ടുകൾ

357(1920) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രക്കാരിൽനിന്ന് ലഭിക്കുന്ന നോട്ടുകൾ വ്യാജമല്ലെന്ന് ഉറപ്പാക്കുന്നതിന് ബസ്സിനുള്ളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) കണ്ടക്ടർമാർക്ക് ലഭിക്കുന്ന നോട്ടുകളിൽ സംശയമുള്ളവ പരിശോധിച്ച് ഉറപ്പാക്കുന്നതിന് സംവിധാനമേർപ്പെടുത്തേണ്ടതായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; വിശദവിവരം നൽകുമോ;

(സി) ഇത്തരം കള്ളനോട്ടുകൾ പരിശോധിച്ചെടുക്കുന്ന സംവിധാനങ്ങളി ല്ലെന്നിരിക്കെ, കളക്ഷൻ അടയ്ക്കുന്ന കണ്ടക്ടറുടെ ശമ്പളത്തിൽ കുറയ്ക്കുന്ന രീതി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ടിക്കറ്റെടുക്കുന്നതിന് ഇത്തരം കള്ളനോട്ടുകൾ നൽകുന്നവരെ കൈയോടെ പിടികൂടി കള്ളനോട്ട് മാഫിയകളെ അമർച്ച ചെയ്യാൻ സംവിധാനമേർപ്പെടുത്തുന്നതിനായി ആഭ്യന്തര വകുപ്പുമായി കൂടിയാലോചിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) ബസ്സിനുള്ളിൽ സംവിധാനങ്ങൾ നിലവിൽ ഒരുക്കിയിട്ടില്ല. എന്നാൽ റിസർവ് ബാങ്ക് കാലാകാലങ്ങളിൽ വ്യാജ നോട്ട് തിരിച്ചറിയുന്നതിന് നൽകുന്ന നിർദ്ദേശങ്ങൾ കണ്ടക്ടർമാർക്ക് മാർഗ്ഗനിർദ്ദേശത്തിനായി നൽകുന്നുണ്ട്.

ടിക്കറ്റ് ആൻഡ് ക്യാഷ് കൗണ്ടറുകളിൽ വ്യാജനോട്ടുകൾ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്കുള്ള സൗജന്യ യാത്രാപാസ്**

359(1921) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽനിന്നും പെൻഷൻ പറ്റിയവർക്ക് മറ്റ് സംസ്ഥാനങ്ങളിലെ ട്രാൻസ്പോർട്ട് കോർപ്പറേഷൻ നൽകുന്ന രീതിയിൽ പെൻഷൻകാർക്കുള്ള സൗജന്യ യാത്രാപാസ് നൽകുമോ എന്നറിയിക്കാമോ;

(ബി) പെൻഷനായി കഴിഞ്ഞാൽ ജീവിതപങ്കാളിക്ക് ഒപ്പം യാത്രാ സൗജന്യം നിഷേധിക്കപ്പെട്ടിട്ടുള്ള ഏക പൊതു ഗതാഗത സർവ്വീസ് കെ.എസ്.ആർ.ടി.സി. ആണെന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ;

(സി) വാർദ്ധക്യകാലത്ത് വിവിധങ്ങളായ രോഗങ്ങളാൽ കഷ്ടപ്പെടുന്ന, ലൈൻ ഡ്യൂട്ടിക്കാരായി പെൻഷൻ പറ്റിയ ഓപ്പറേഷൻസ് സ്റ്റാഫിനെങ്കിലും നൽകുന്ന സൗജന്യ യാത്രാ പാസ്സിൽ ജീവിത പങ്കാളിയെക്കൂടി ഉൾപ്പെടുത്തി നല്കാൻ നടപടി ആക്കുമോ;

(ഡി) വാർദ്ധക്യരോഗികളായ പെൻഷൻകാർ യാത്രാപാസ് ഉപയോഗിക്കുന്നത് കുറവാണെന്നിരിക്കെ അവരുടെ ജീവിതപങ്കാളിയെ കൂടി ഉൾപ്പെടുത്തി പാസ് നവീകരിക്കാൻ നിർദ്ദേശം നല്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) നിലവിൽ പെൻഷൻ പറ്റിയവർക്ക് താമസസ്ഥലത്തിനടുത്തുള്ള യൂണിറ്റിൽനിന്നും 12 കിലോമീറ്റർ ദൂരംവരെ ഫാസ്റ്റ് പാസഞ്ചർ ബസ്സിൽ യാത്ര ചെയ്യുന്നതിന് പാസ് അനുവദിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഒരു റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും സർക്കാർ ജീവനക്കാരുടേതിന് സമാനമായ പെൻഷൻ ജീവനക്കാർക്ക് നൽകുന്നില്ല. മറ്റ് സംസ്ഥാനങ്ങളിലേതുപോലെ കെ.എസ്.ആർ.ടി.സി.-യിലും പെൻഷൻ പറ്റിയ ജീവനക്കാർക്ക് 10-5-1999 വരെ

യാത്രാപാസ് ഉണ്ടായിരുന്നില്ല. പെൻഷൻ വാങ്ങുവാൻ വേണ്ടി തൊട്ടടുത്ത യൂണിറ്റിലേയ്ക്ക് പോകുവാനും തിരിച്ചുവരുവാനും മാത്രമായി ചെക്ക് പാസ് ആണ് നൽകി വന്നിരുന്നത്. ഈ സംവിധാനമാണ് പിന്നീട് സ്ഥിരം യാത്രാപാസായി മാറിയത്. ഇത്തരത്തിൽ 28145 സർവ്വീസ് പെൻഷൻകാർക്ക് സൗജന്യ പാസ് നൽകുന്നയിനത്തിൽ 18,23,79,600 രൂപ കോർപ്പറേഷന് ബാധ്യതയുണ്ട്. 1500 കോടിയിലധികം രൂപ നഷ്ടത്തിൽ പ്രവർത്തിക്കുന്ന കോർപ്പറേഷന് ഈ ബാധ്യത താങ്ങാനാവുന്നതിലും കൂടുതലാണ്.

(ബി) പെൻഷൻകാർക്ക് ജീവിതപങ്കാളിയുമായി വർഷത്തിൽ ഒരു തവണ യാത്ര ചെയ്യുന്നതിനുള്ള ഫാമിലി പാസ് അനുവദിച്ചിട്ടുണ്ട്.

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല

**കെ.എസ്.ആർ.ടി.സി.-യുടെ പരസ്യബോർഡുകളിൽ മറ്റ് പരസ്യങ്ങൾ**

359(1922) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ തിരുവനന്തപുരം സിറ്റി ഡിപ്പോയുടെ ചുറ്റുമതിലിനോട് ചേർന്ന് ഉയർത്തിയിട്ടുള്ള പരസ്യബോർഡുകളിൽ മറ്റ് പരസ്യങ്ങൾക്ക് പുറമെ രാഷ്ട്രീയ പാർട്ടികളുടെ പരിപാടികൾ അറിയിക്കുന്നതിന് പരസ്യങ്ങൾ പതിക്കാറുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ രാഷ്ട്രീയ പാർട്ടികളുടെയും മതസംഘടനകളുടെയും എത്ര പരസ്യം പ്രദർശിപ്പിക്കുന്നതിന് ആവശ്യക്കാർ സമീപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇത്തരത്തിലുള്ള പരസ്യങ്ങൾക്ക് ഫീസിനത്തിൽ കിഴിവ് നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ എത്ര പേർക്ക് എത്രതുക ഇതിനോടകം കിഴിവ് നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) എൽ.ഡി.എഫ്. രാഷ്ട്രീയ വിശദീകരണ യോഗത്തിൽ മുഖ്യമന്ത്രി പ്രസംഗിക്കുന്ന പരസ്യ ബോർഡ് ഈ സ്ഥലത്ത് സ്ഥാപിച്ചിരുന്നോ; ജില്ലയുടെ മറ്റേതെല്ലാം കെ.എസ്.ആർ.ടി.സി. ഡിപ്പോ ഇടങ്ങളിൽ ബോർഡ് സ്ഥാപിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ; സിറ്റി ഡിപ്പോ പരിസരത്ത് സ്ഥാപിച്ച ബോർഡിന്റെ വകയിൽ, പരസ്യം നൽകിയവരിൽനിന്ന് ഈടാക്കിയ തുകയുടെ രസീതിന്റെ പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ?

ഉത്തരം

(എ-സി) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിന് ടെൻഡർ മുഖേന ലൈസൻസ് അനുവദിക്കുകയാണ് ചെയ്യുന്നത്. പരസ്യം പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ ടി സ്ഥാപനങ്ങളുടേതാണ്.

**നേമം നിയോജകമണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

360(1923) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിൽ സർവ്വീസ് നടത്തുന്ന പല കെ.എസ്.ആർ.ടി.സി സർവ്വീസുകളും വെട്ടിച്ചുരുക്കിയിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർവ്വീസുകൾ പുനഃസ്ഥാപിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.-യിൽ സമഗ്ര പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്. ആയതിന്റെ ഭാഗമായി വരുമാനക്കുറവുള്ള ചുരുക്കം ചില സർവ്വീസുകൾ/ട്രിപ്പുകൾ യാത്രാക്ലേശം ഉണ്ടാകാത്ത രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. ഷെഡ്യൂൾ പുനഃക്രമീകരണം നടത്തി ട്രിപ്പുകൾ മറ്റ് ഷെഡ്യൂളുകളിൽ പുന:ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**വൈപ്പിൻ മണ്ഡലത്തിൽ നിർത്തലാക്കിയ ബസ് സർവ്വീസുകൾ**

361(1925) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽവന്നതിനുശേഷം വൈപ്പിൻ മണ്ഡലത്തിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്;

(ബി) ഏതൊക്കെ റൂട്ടുകളാണ് നിർത്തലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് മേൽപ്പറഞ്ഞ റൂട്ടുകളിലേയ്ക്കുള്ള ബസ്സുകൾ നിർത്തലാക്കിയതെന്ന് വിശദമാക്കുമോ;

(ഡി) നിർത്തലാക്കിയ ബസ് റൂട്ടുകൾ പുനരാരംഭിക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വൈപ്പിൻ മണ്ഡലത്തിലൂടെ സർവ്വീസ് നടത്തിയിരുന്ന 05.00 എറണാകുളം-കോഴിക്കോട് ഫാസ്റ്റ്, 07.15 ചെറായി-മൂന്നാർ, 06.20 എറണാകുളം വളപ്പ് എന്നീ ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്.

(ബി) പറവൂർ-എറണാകുളം, എറണാകുളം-കോഴിക്കോട്, പറവൂർ-ചെറായി ബീച്ച്, ചെറായി ബീച്ച്-മൂന്നാർ-എറണാകുളം വളപ്പ്, വളപ്പ്-കലൂർ, കലൂർ-വളപ്പ്, വളപ്പ്-കാക്കനാട്, കാക്കനാട്-വളപ്പ്, വളപ്പ്-തുറവൂർ എന്നീ റൂട്ടുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്.

(സി&ഡി) കെ.എസ്.ആർ.ടി.സി. നിലവിൽ വളരെയധികം സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. സമഗ്രമായ പുനരുദ്ധാരണത്തിന്റെ പാതയിലാണ് കോർപ്പറേഷൻ. ആയതിന്റെ അടിസ്ഥാനത്തിൽ വളരെയധികം വരുമാനക്കുറവുള്ള സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്യേണ്ടതായി വന്നിട്ടുണ്ട്.

**ഗോവിന്ദാപുരം-തൃശ്ശൂർ മെഡിക്കൽ കോളേജ് ബസ് സർവ്വീസ്**

362(1926) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെന്മാറ മണ്ഡലത്തിലെ ഗോവിന്ദാപുരത്തുനിന്നും തൃശ്ശൂർ മെഡിക്കൽ കോളേജിലേക്ക് പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദാംശം നൽകുമോ?

<u>ഉത്തരം</u>

പാലക്കാട് ഡിപ്പോയിലെ നെന്മാറ നിയോജകമണ്ഡലത്തിലെ നെന്മാറയിൽനിന്ന് തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് യാത്രക്കാരുടെ ആവശ്യാർത്ഥം കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഗോവിന്ദാപുരത്തുനിന്നും തൃശ്ശൂർ മെഡിക്കൽ കോളേജ് വരെയുള്ള സർവ്വീസ് പുതുതായി ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യാത്രക്കാർക്കും, കെ.എസ്.ആർ.ടി.സി.-ക്കും ഗുണകരമാകുന്ന രീതിയിൽ സർവ്വീസുകൾ ക്രമീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**വാഹനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷൻ**

363(1927) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷോറൂമുകളിൽനിന്നും പുതിയ വാഹനങ്ങൾ താൽക്കാലിക രജിസ്ട്രേഷൻ നടത്തി പുറത്തിറക്കാൻ അനുവദിക്കുന്നതിലൂടെ ഉണ്ടാകുന്ന അപകടമുൾപ്പെടെയുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആരുടെ പേരിലും പുതിയതും പഴയതുമായ വാഹന രജിസ്ട്രേഷനുള്ള നിലവിലെ അവസരം റദ്ദാക്കി അതത് വാഹനങ്ങൾ ഓടിക്കുന്നതിന് ലൈസൻസുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തുമോ ;

(സി) പുതിയ വാഹനത്തിന് സ്ഥിര രജിസ്ട്രേഷനും നമ്പർപ്ലേറ്റും സഹിതം നൽകി മാത്രം പുറത്തിറക്കുന്നതിന് നിയമങ്ങളിൽ മാറ്റംവരുത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) താൽക്കാലിക രജിസ്ട്രേഷൻ നൽകി വാഹനങ്ങൾ പുറത്തിറക്കുന്നതിലൂടെ അപകടങ്ങളോ മറ്റ് പ്രശ്നങ്ങളോ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷനും പഴയ വാഹനങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്നതും കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിന്റെ പരിധിയിൽ വരുന്ന വിഷയമാണ്. ഇതിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് സാധിക്കില്ല.

(സി) നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും കേന്ദ്ര സർക്കാർ ആവശ്യമായ ഭേദഗതി വരുത്തിയാൽ മാത്രമെ ഇതിന് സാധിക്കുകയുള്ളൂ.

**ആർ.ടി.ഒ. സേവനങ്ങൾ ഓൺലൈൻവഴി ആക്കാൻ നടപടി**

364(1928) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ടി.ഒ. സേവനങ്ങൾ ഓൺലൈൻവഴി ആക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ;

(ബി) ഈ സൗകര്യങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ എവിടെയൊക്കെയാണ് ആരംഭിച്ചിട്ടുള്ളത്; ഇതിന്റെ സേവനങ്ങൾ കേരളത്തിലെ മുഴുവൻ ആർ.ടി.ഒ.-കളിലും എന്നുമുതൽ ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ മോട്ടോർ വാഹന വകുപ്പിന്റെ പ്രധാന സേവനങ്ങൾ എല്ലാംതന്നെ ഓൺലൈനിൽ ലഭ്യമാണ്. നിലവിൽ വകുപ്പിന് ഓൺലൈൻ സംവിധാനം ഉണ്ടെങ്കിലും ഓഫീസിലെ പ്രവർത്തനങ്ങൾ നടക്കുന്ന സോഫ്റ്റ്‌വെയർ "client server” മാതൃകയിലാണ് പ്രവർത്തിക്കുന്നത്. കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ "vahan sarathi” എന്ന വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) “ Sarathi” ആർ.ടി.ഒ. ദേശസാൽകൃത വിഭാഗം, ആർ.ടി.ഒ. ആലപ്പുഴ, സബ് ആർ.ടി. ഓഫീസ് കരുനാഗപ്പള്ളി എന്നിവിടങ്ങളിലാണ് പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പിലാക്കിയത്. 10 ഓഫീസുകളിൽക്കൂടി കഴിഞ്ഞ മാസം പദ്ധതി ആരംഭിച്ചിട്ടുണ്ട്. മറ്റിടങ്ങളിലേക്കും ഘട്ടംഘട്ടമായി വ്യാപിപ്പിക്കുന്നതാണ്. നിലവിൽ പുതിയ അപേക്ഷകളാണ് ഇതുവഴി സ്വീകരിക്കുന്നത്. വാഹൻ സോഫ്റ്റ്‌വെയറും പരീക്ഷണ ഘട്ടത്തിലാണ്. അപാകതകൾ പരിഹരിച്ച് ഈ സോഫ്റ്റ്‌വെയറും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുഗതാഗത വാഹനങ്ങളിലും സ്കൂൾ ബസ്സുകളിലും ജി.പി.എസ്.

365(1929) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഗതാഗത വാഹനങ്ങൾക്കെല്ലാം ജി.പി.എസ് സ്ഥാപിക്കണമെന്ന കേന്ദ്രസർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ എത്ര സ്കൂൾ ബസുകളിൽ ഇതുവരെ ജി.പി.എസ്. സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; എല്ലാ സ്കൂൾ ബസുകളിലും ജി.പി.എസ്. സ്ഥാപിക്കാൻ നിർദ്ദേശം നല്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത പദ്ധതിക്ക് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സി-ഡാക്കുമായി ചേർന്ന് മോട്ടോർ വാഹന വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഹെഡ് ഓഫീസിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ മിനി കൺട്രോൾ റൂമുകളും സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ സ്കൂൾ വാഹനങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വാഹനങ്ങളിലും ജി.പി.എസ്. ഘടിപ്പിക്കുന്ന പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) 27-11-2018 വരെയുള്ള കണക്ക് പ്രകാരം 325 സ്കൂൾ വാഹനങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ സ്കൂൾ ബസ്സുകളിലും ഉപകരണങ്ങൾ സ്ഥാപിക്കണമെന്ന് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ സെക്രട്ടറി എന്നിവർക്ക് ഗതാഗത കമ്മീഷണർ കത്ത് നൽകിയിട്ടുണ്ട്.

## വാഹനങ്ങളിലെ നെയിംബോർഡ്

366(1930) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഔദ്യോഗിക വാഹനങ്ങളിലാണ് നെയിംബോർഡ് പ്രദർശിപ്പിക്കുവാൻ അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സ്വകാര്യ വാഹനങ്ങളിൽ നെയിംബോർഡ് പ്രദർശിപ്പിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നെയിംബോർഡ് പ്രദർശിപ്പിക്കാൻ അനുമതി നൽകി പുറപ്പെടുവിച്ചിട്ടുള്ള 19-11-2015-ലെ സ.ഉ.(പി) നമ്പർ 74/2015/ഗതാ. ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 19-11-2015-ലെ സ.ഉ. (പി) 74/2015/ഗതാ. നമ്പർ ഉത്തരവിലെ ഖണ്ഡിക (X) പ്രകാരം ഹൈക്കോടതിയിലെ സർക്കാർ ലോ ഓഫീസർമാർക്കും കേന്ദ്ര ഗവൺമെന്റിന്റെ ഹൈക്കോടതിയിലെ പ്രതിനിധികൾക്കും, എല്ലാ ജുഡീഷ്യൽ ഓഫീസർമാർക്കും സെക്രട്ടേറിയറ്റിലെ ഡെപ്യൂട്ടി സെക്രട്ടറിക്കും അതിനു മുകളിലുള്ള ഉദ്യോഗസ്ഥർക്കും ലോക് അദാലത്ത് ചെയർമാനും തങ്ങളുടെ സ്വകാര്യ വാഹനങ്ങളിൽ നെയിംബോർഡ് പ്രദർശിപ്പിക്കുവാൻ അനുമതിയുണ്ട്.

## സുരക്ഷാമിത്ര എന്ന വാഹന നിരീക്ഷണ സംവിധാനം

367(1931) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വാഹനങ്ങൾക്ക് തുടർച്ചയായി അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ 'സുരക്ഷാമിത്ര' എന്ന പേരിൽ ഒരു വാഹന നിരീക്ഷണ സംവിധാനം നടപ്പാക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വാഹനങ്ങൾക്ക് അപകടം ഉണ്ടാകുന്ന സമയത്ത് ഉൾപ്പെടെ ജി.പി.എസ്. സ്ഥാപിക്കുന്നത് കൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) ജി.പി.എസ്. വിവരങ്ങൾ നിരീക്ഷിക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും ഒരുക്കിയിരിക്കുന്ന സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജി.പി.എസ്. ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന വാഹനങ്ങൾ നിരീക്ഷിക്കുന്നതിനായിട്ടാണ് സുരക്ഷാമിത്ര എന്ന പേരിൽ വാഹന നിരീക്ഷണ സംനിധാനം സി-ഡാക്ക് മുഖേന മോട്ടോർ വാഹന വകുപ്പ് ഒരുക്കിയിരിക്കുന്നത്. മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ സ്ഥാപിച്ചിരിക്കുന്ന കൺട്രോൾ റൂമുകളിൽ ഈ നിരീക്ഷണ സംവിധാനംവഴി ആവശ്യമായ വിവരങ്ങൾ ലഭിക്കുന്നതാണ്.

(സി) ഏതെങ്കിലും തരത്തിലുള്ള അത്യാഹിതങ്ങൾ, വാഹന തകരാറുകൾ, ഗതാഗത തടസ്സങ്ങൾ, അമിത വേഗത, അപകടകരമായ ഡ്രൈവിംഗ്, സ്കൂൾ കുട്ടികൾ പ്രത്യേകിച്ച് വിദ്യാർത്ഥിനികൾക്കും സ്ത്രീകൾക്കും നേരെ ഉണ്ടാകുന്ന ഉപദ്രവങ്ങൾ എന്നിവയ്ക്കെതിരെ പ്രതികരിച്ചുകൊണ്ട് അപായ സന്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനം (Panic button) ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സന്ദേശങ്ങൾ ആട്ടോമാറ്റിക്കായി എല്ലാ കൺട്രോൾ റൂമുകളിലും എസ്.എം.എസ്. വഴി വാഹന ഉടമ, സ്കൂൾ അധികൃതർ, സ്ഥാപന അധികൃതർ, രക്ഷിതാക്കൾ, എൻഫോഴ്സ്മെന്റ് ഏജൻസികൾ എന്നിവർക്ക് ലഭിക്കുന്നതാണ്. ഉപകരണങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന Tilt Sensor-കൾവഴി വാഹനങ്ങൾ 40 ഡിഗ്രിയിലധികം ചരിഞ്ഞാലുടൻ അടിയന്തര അപായ സന്ദേശങ്ങൾ കൺട്രോൾ റൂമുകളിൽ ആട്ടോമാറ്റിക്കായി ലഭിക്കുന്നതാണ്.

(ഡി) ജി.പി.എസ്. വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ ഹെഡ് ഓഫീസിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ മിനി കൺട്രോൾ റൂമുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സുരക്ഷാമിത്ര എന്ന സംവിധാനത്തിൽ ആവശ്യമായ പരിശീലനം സി-ഡാക് മുഖേന നൽകിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ഏജൻസികൾ, വാഹന ഉടമ, സ്കൂൾ അധികൃതർ, സ്ഥാപന അധികൃതർ, രക്ഷിതാക്കൾ എന്നിവർക്ക് വാഹനത്തിന്റെ സഞ്ചാരപഥം, വേഗത, സമയം തുടങ്ങിയവ ഈ സംവിധാനത്തിൽ നിരീക്ഷിക്കുവാനും സാധിക്കും.

**ഡിജിലോക്കർ**

368(1932) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ് മുതലായ വാഹനത്തിൽ സൂക്ഷിക്കേണ്ട രേഖകളുടെ ഡിജിറ്റൽ പതിപ്പുകൾ വാഹനപരിശോധനാ സമയത്ത് ഹാജരാക്കുന്നതിന് ഉത്തരവിറക്കിയതിനുശേഷം നിലവിലുള്ള രേഖകൾ ഡിജിറ്റൈസ് ചെയ്ത് മൊബൈലുകളിൽ സൂക്ഷിക്കാൻ എന്ത് സംവിധാനമാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഇതിനായി രൂപകല്പന ചെയ്തിട്ടുള്ള ഡിജിലോക്കർ എന്ന ആപ്ലിക്കേഷനിൽ നിലവിലുള്ള രേഖകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യാൻ കഴിയുന്നില്ലെന്നും സേവ് ചെയ്തിട്ടുള്ള വിവരങ്ങൾ സമയബന്ധിതമായി തിരികെ ലഭിക്കുന്നില്ലെന്നും മറ്റുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പകരമായി മോട്ടോർവാഹന വകുപ്പ് എന്തെങ്കിലും ആപ്ലിക്കേഷനുകൾ തയ്യാറാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഇതിനാവശ്യമായ ഭേദഗതി വരുത്തിയാൽ മാത്രമേ ഡിജിലോക്കർ സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ.

(ബി) ഡിജിലോക്കർ സംവിധാനം സംസ്ഥാനത്ത് നടപ്പിൽ വരുത്തിയതിനുശേഷം മാത്രമെ സോഫ്റ്റ്‌വെയറിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടോ എന്നും മറ്റ് ആപ്ലിക്കേഷനുകൾ തയ്യാറാക്കേണ്ടതുണ്ടോ എന്നുമുള്ള കാര്യങ്ങളിൽ തീരുമാമെടുക്കാനാവുകയുള്ളൂ.

**വാഹനങ്ങളിൽ കുട്ടികൾക്കായുള്ള സുരക്ഷാ ക്രമീകരണങ്ങൾ**

369(1933) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീറ്റ് ബെൽറ്റ് തുടങ്ങിയ സുരക്ഷാ സംവിധാനങ്ങളുടെ അപര്യാപ്തത മൂലം അപകടങ്ങളിൽപ്പെടുന്ന വാഹനങ്ങളിലെ കുട്ടികൾക്ക് മാരകമായി പരിക്കേൽക്കുന്നതും മരണം സംഭവിക്കുന്നതും തടയാൻ വാഹനങ്ങളിൽ കുട്ടികൾക്കുള്ള സുരക്ഷാ ക്രമീകരണങ്ങൾ നിർബന്ധമാക്കുന്നത് പരിഗണിക്കുമോ;

(ബി) എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങൾ വാഹനങ്ങളിൽ ഉറപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) എല്ലാ കാറുകളിലും മുൻസീറ്റിലും പിൻസീറ്റിലും യാത്രക്കാർക്ക് സീറ്റ് ബെൽറ്റുകൾ നിർബന്ധമാണ്. ഇവ ധരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും അവബോധന ക്ലാസ്സുകളും നടത്തിവരുന്നു. സീറ്റ് ബെൽറ്റ് ധരിക്കാതെ വാഹനമോടിക്കുന്നതിനെതിരെയും ധരിയ്ക്കാതെ മുൻസീറ്റിൽ യാത്ര ചെയ്യുന്നതിനെതിരെയും നടപടികൾ സ്വീകരിക്കുന്നുണ്ട്. 1-4-2015 മുതൽ നിർമ്മിക്കുന്ന സ്വകാര്യ കാറുകളിൽ (M1 Category) Child Restraint System ഘടിപ്പിക്കുന്നതിനുള്ള സംവിധാനം ഒരുക്കണമെന്നും കേന്ദ്ര മോട്ടോർ വാഹന ചട്ടം [125-(8)] നിഷ്കർഷിക്കുന്നുണ്ട്. സീറ്റ് ബെൽറ്റും കുട്ടികൾക്കുള്ള സീറ്റും നിർബന്ധമാക്കുന്ന കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം [125-(8)]-ഉം [138-(3)]-ഉം കർശനമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശം സംസ്ഥാന പോലീസ് മേധാവിക്കും ഗതാഗത കമ്മീഷണർക്കും നൽകിയിട്ടുണ്ട്.

**ബസ് അപകടങ്ങൾ**

370(1934) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ബസ്സുകൾ നിരന്തരം അപകടം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് 2006 ജനുവരി 1 മുതൽ 2018 ഒക്ടോബർ 31 വരെ എത്ര പേർ മരണപ്പെട്ടു; എത്ര അപകടങ്ങൾ സംഭവിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത്തരം വാഹനാപകടങ്ങളിൽ മുഖ്യമായൊരു പങ്ക് സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം കൊണ്ടാണ് എന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(സി) എങ്കിൽ നിരന്തരം അപകടം ഉണ്ടാക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദ് ചെയ്യുവാനും ഇവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുവാനും കർശന നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെടുന്ന എത്ര അപകടങ്ങൾ 2006 ജനുവരി 1 മുതൽ 2018 ഒക്ടോബർ 31 വരെ നിരത്തുകളിൽ സംഭവിച്ചു; ആയതിന്റെ ഫലമായി എത്ര പേർ മരണപ്പെട്ടു; വിശദമാക്കുമോ;

(ഇ) ഡ്രൈവർമാരുടെ പരിചയക്കുറവും അശ്രദ്ധയും, അശാസ്ത്രീയ ഷെഡ്യൂളുകളും ആണോ കെ.എസ്.ആർ.ടി.സി. ബസ്സ് ഓടിക്കുമ്പോൾ ഉണ്ടാകുന്ന അപകടങ്ങൾക്ക് കാരണമാകുന്നതെന്നും ഇത് ഒഴിവാക്കാനായി എന്തൊക്കെ കർശന നിർദ്ദേശങ്ങളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ നിരത്തുകളിൽ മറ്റ് വാഹനങ്ങളുടെകൂടെ സ്വകാര്യ ബസ്സുകളും അപകടങ്ങളിൽപ്പെടുന്നു. SCRB-യുടെ കണക്കുപ്രകാരം കേരളത്തിൽ 2008 മുതൽ 2018 ഒക്ടോബർ 31 വരെ 55217 സ്വകാര്യ ബസ് അപകടങ്ങളിലായി 7293 പേർ മരണപ്പെട്ടു.

(ബി) ബസ്സുകളുടെ മത്സര ഓട്ടം കൂടാതെ ഡ്രൈവർമാരുടെ അശ്രദ്ധ, അപകടത്തിൽപ്പെട്ട ഇതരവാഹനങ്ങളിലെ ഡ്രൈവർമാർ വരുത്തുന്ന പിഴവുകൾ കാൽനട യാത്രക്കാരുടെ അശ്രദ്ധ, യന്ത്രത്തകരാറുകൾ എന്നിവയും അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്.

(സി) അപകടത്തിൽപ്പെടുന്ന ഡ്രൈവർമാർക്കെതിരെ കർശന നടപടികളെടുക്കുകയും അശ്രദ്ധമായി ഡ്രൈവിംഗ് നടത്തിയ ഡ്രൈവർമാരുടെ ലൈസൻസുകൾ സസ്പെന്റ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കഴിഞ്ഞ മൂന്ന് മാസങ്ങളിലെ തുടർനടപടിയുടെ കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ആഗസ്റ്റ് | - | 886 |
| സെപ്റ്റംബർ | - | 1955 |
| ഒക്ടോബർ | - | 2591 |

(ഡി) 2006 ജനുവരി 1 മുതൽ 2018 ഒക്ടോബർ 31 വരെ 15226 അപകടങ്ങൾ സംഭവിച്ചു. ആയതിന്റെ ഫലമായി 2635 പേർ മരണപ്പെട്ടു.

(ഇ) ബസ് അപകടങ്ങൾ ഒഴിവാക്കുന്നതിനായി വേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാർക്ക് നൽകുന്നുണ്ട്. കൂടാതെ, നൂതന സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലും വേണ്ടത്ര ശ്രദ്ധ പുലർത്തുന്നുണ്ട്.

ഡ്രൈവർമാർക്ക് ആവശ്യമായ പരിശീലനവും തുടർപരിശീലനവും നൽകി വരുന്നുണ്ട്. പുതിയതരം ബസ്സുകളും നൂതന സാങ്കേതികവിദ്യയും ഉപയോഗപ്പെടുത്തേണ്ട സാഹചര്യങ്ങളിൽ ഇതുസംബന്ധിച്ച് പ്രത്യേക പരിശീലനവും നൽകാറുണ്ട്. വകുപ്പുതല അന്വേഷണത്തിൽ പോരായ്മ കണ്ടെത്തുന്ന ജീവനക്കാർക്ക് കറക്റ്റീവ് ട്രെയിനിംഗ് നൽകുന്നതിന് വേണ്ട നടപടികളും കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്.

ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവർമാരെ നിശ്ചിത സമയം ജോലിക്ക് ശേഷം മാറ്റുന്നതിനും (ക്രൂ ചെയ്ഞ്ച്/ഡ്രൈവർ ചെയ്ഞ്ച് സംവിധാനവും) ഡ്രൈവർ കം- കണ്ടക്ടർ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

## വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ

371(1935) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതു തടയുന്നതിനായി മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) 1-4-2018 മുതൽ നാളിതുവരെ സംഭവിച്ച റോഡപകടങ്ങളുടേയും റോഡപകടങ്ങളിൽപ്പെട്ട് മരണമടഞ്ഞവരുടേയും വിശദവിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

### ഉത്തരം

(എ) റോഡപകടങ്ങൾ വർഷംപ്രതി വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മദ്യപിച്ച് വാഹനം ഓടിക്കൽ, ഓവർസ്പീഡ്, സിഗ്നൽ മറികടക്കൽ, ഡ്രൈവിംഗിനിടെ മൊബൈൽ ഫോൺ ഉപയാഗിക്കൽ എന്നിവ ചെയ്യുന്നവരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുന്നുണ്ട്. പുതുതായി ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉൾപ്പെടുത്തി റോഡ് ചെക്കിംഗ് ഊർജ്ജിതപ്പെടുത്തുകയും വാഹനങ്ങളെ നിരീക്ഷിക്കുന്നതിനായി വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യപടിയായി എല്ലാ സ്കൂൾ വാഹനങ്ങളിലും ജി.പി.എസ്. ഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അപകടസാധ്യതയുള്ള മേഖലകളിൽ ക്യാമറകൾ സ്ഥാപിച്ച് വാഹനങ്ങളുടെ മൂവ്മെന്റ് നിരീക്ഷിക്കുന്നുമുണ്ട്. അപകടരഹിതമായ ഡ്രൈവിംഗ് ഉറപ്പാക്കുന്നതിനായി എല്ലാ ഡ്രൈവർമാർക്കും പ്രത്യേകിച്ച്, സ്കൂൾ വാഹനങ്ങളിലെ ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. പുതിയതായി ലൈസൻസ് എടുക്കുന്നവർക്കായി പ്രീ-ലേണേഴ്സ് ക്ലാസ്സുകളും നടത്തുന്നുണ്ട്.

(ബി) പോലീസ് വകുപ്പിൽനിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം 1-4-2018 മുതൽ നാളിതുവരെ (27-11-2018) സംഭവിച്ച റോഡപകടങ്ങളുടെയും റോഡപകടങ്ങളിൽപ്പെട്ട് മരണമടഞ്ഞവരുടേയും ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | ആകെ അപകടങ്ങൾ | മരണം |
|---|---|---|
| തിരുവനന്തപുരം സിറ്റി | 1551 | 123 |
| തിരുവനന്തപുരം റൂറൽ | 2113 | 213 |
| കൊല്ലം സിറ്റി | 1223 | 143 |
| കൊല്ലം റൂറൽ | 1015 | 126 |
| പത്തനംതിട്ട | 933 | 87 |
| ആലപ്പുഴ | 2277 | 231 |
| കോട്ടയം | 1750 | 163 |
| ഇടുക്കി | 748 | 49 |
| എറണാകുളം സിറ്റി | 1448 | 99 |
| എറണാകുളം റൂറൽ | 2259 | 193 |
| തൃശ്ശൂർ സിറ്റി | 1438 | 138 |
| തൃശ്ശൂർ റൂറൽ | 1418 | 128 |
| പാലക്കാട് | 1504 | 199 |
| മലപ്പുറം | 1593 | 248 |
| കോഴിക്കോട് സിറ്റി | 871 | 105 |
| കോഴിക്കോട് റൂറൽ | 1071 | 121 |
| വയനാട് | 388 | 32 |
| കണ്ണൂർ | 1353 | 148 |
| കാസർഗോഡ് | 675 | 86 |
| ആകെ | 25628 | 2632 |

## വാഹനങ്ങളിൽ ഫ്ലാഷ് ലൈറ്റിന്റെ ഉപയോഗം

372(1936) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലാഷ് ലൈറ്റ് ഘടിപ്പിച്ച വാഹനം ഉപയോഗിക്കാൻ നിയമംമൂലം അധികാരപ്പെട്ടവർ ആരൊക്കെ; ഇത്തരത്തിൽ ഫ്ലാഷ് ലൈറ്റ് പ്രകാശിപ്പിച്ച് വാഹനമോടിക്കുന്നതിനായി എന്തെങ്കിലും റൂൾസ് നിലവിലുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(ബി) ചില ഉന്നത ഉദ്യോഗസ്ഥരുടെ വാഹനങ്ങളിൽ അസ്വാഭാവിക ഘട്ടങ്ങളിലല്ലാതെ ഫ്ലാഷ് ലൈറ്റ് ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെ എന്നറിയിക്കാമോ;

(സി) നിയന്ത്രണവിധേയമല്ലാതെ ഈ ലൈറ്റ് വാഹനങ്ങളിൽ ഉപയോഗിക്കുന്നതിനെതിരെ കോടതിയുടെ ഗൗരവകരമായ പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനനുസൃതമായി എന്തെല്ലാം നടപടികൾ സർക്കാർ ഇതിനോടകം സ്വീകരിച്ചു; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഗവർണർ, മന്ത്രിമാർ, പ്രതിപക്ഷനേതാവ് എന്നിവരൊഴികെ ഉദ്യോഗസ്ഥരുടെ ഫ്ലാഷ് ലൈറ്റ് ഉപയോഗം നിയന്ത്രണത്തിലാക്കാൻ സത്വര നടപടി സ്വീകരിക്കുമോ;

(ഇ) പിങ്ക് പോലീസിന്റെ വാഹനത്തിൽ യാതൊരു അടിയന്തര സാഹചര്യവുമില്ലാതെ കടുത്ത വർണ്ണത്തിലും പ്രകാശത്തിലും ഫ്ലാഷ് ലൈറ്റ് ഉപയോഗിക്കുന്ന നടപടി നിയമവിധേയമാണോ; ജനോപകാരമാക്കുന്നതിനാണോ ഇങ്ങനെ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇത്തരത്തിൽ അത്യുഗ്ര പ്രകാശ മലിനീകരണം ഉണ്ടാക്കുന്ന ഫ്ലാഷ് ലൈറ്റുകൾ റോഡിലെ മറ്റ് യാത്രക്കാർക്ക് പ്രത്യേകിച്ച് പ്രായം ചെന്നവർക്ക് ഉണ്ടാക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് ആയതിന് അനുമതി നൽകുന്ന നടപടി പുനഃപരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) ബീക്കൺ ലൈറ്റുകളുടെ ഉപയോഗം ആംബുലൻസ്, പോലീസ്, ഫയർ ഫോഴ്സ്, ആർമി മുതലായ അവശ്യ സർവ്വീസുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 108 ഭേദഗതി ചെയ്തുകൊണ്ടുള്ള കേന്ദ്ര സർക്കാർ വിജ്ഞാപനത്തിന്റെ പകർപ്പും (S.O. No. 1374 (E) dated 1-5-2017) (G.S.R. 423 (E) dated 1-5-2017) 29-4-2017-ൽ കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പും സ.ഉ. (എം.എസ്.) നമ്പർ 46/2017/ഗതാ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതുസംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടില്ല.

(സി&ഡി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 29.04.2017-ലെ സ.ഉ. (എം.എസ്.) നമ്പർ 46/2017/ഗതാ ഉത്തരവ് പ്രകാരം ബീക്കൺ ലൈറ്റുകളുടെ ഉപയോഗം പരിമിതപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് കർശനമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം മോട്ടോർ വാഹന വകുപ്പിന് നൽകിയിട്ടുണ്ട്.

(ഇ) ക്രമസമാധാനപാലനവുമായി ബന്ധപ്പെട്ട അടിയന്തര സാഹചര്യങ്ങളിലൊഴികെ ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നത് നിയമവിധേയമല്ല.

(എഫ്) അത്യുഗ്ര പ്രകാശ മലിനീകരണം ഉണ്ടാക്കുന്ന ഫ്ലാഷ് ലൈറ്റുകൾ ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടില്ല.

**വാഹന നികുതി ഏകീകരിക്കുന്നതിന് സംവിധാനം**

373(1937) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന നികുതി ഏകീകരിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും എന്തെങ്കിലും നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏകീകൃത നികുതി സംവിധാനം നിലവിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ വരുമാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) നികുതി ഏകീകരണം സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം രൂപീകരിച്ചിട്ടുള്ള സംസ്ഥാന ഗതാഗത മന്ത്രിമാരുടെ സമിതി, 18-4-2018-ൽ കൂടിയ സമ്മേളനത്തിലെ നിർദ്ദേശങ്ങളിൽ ഒന്ന് മോട്ടോർ വാഹന നികുതി ഏകീകരണം എന്നതായിരുന്നു. വാഹന നികുതി നിശ്ചയിക്കൽ സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽപ്പെടുന്ന വിഷയമാകയാൽ പ്രസ്തുത നിർദ്ദേശം സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിന്മേലുള്ള കടന്നുകയറ്റമാകയാലും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ സാരമായി ബാധിക്കുമെന്നതിനാലും ആയതിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ

374(1938) <u>ശ്രീ. അടൂർ പ്രകാശ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ പുതുതായി ആരംഭിച്ച താലൂക്കുകളിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഏതെല്ലാം താലൂക്കുകളിൽ ആരംഭിച്ചു എന്നും ഇപ്പോൾ ഏതെല്ലാം താലൂക്കുകളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) കോന്നി താലൂക്കിൽ സബ് ആർ. ടി. ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടിക്രമം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഓഫീസ് എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) 9-2-2018-ലെ സ.ഉ.(കൈ) നമ്പർ 11/2018/ഗതാഗതം സർക്കാർ ഉത്തരവുപ്രകാരം ഇരിട്ടി, നന്മണ്ട, പേരാമ്പ്ര, തൃപ്രയാർ, കാട്ടാക്കട, വെള്ളരിക്കുണ്ട് എന്നീ 6 സ്ഥലങ്ങളിൽ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൊണ്ടോട്ടി, ഫറോക്ക്, പയ്യന്നൂർ, ചടയമംഗലം, പത്തനാപുരം, കോന്നി, വർക്കല എന്നീ 7 സ്ഥലങ്ങളിൽ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി&ഡി) കോന്നി താലൂക്കിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**ചാത്തന്നൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്**

375(1939) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ആസ്ഥാനമായി ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് തുടങ്ങുന്നത് സംബന്ധിച്ച് ദക്ഷിണ മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏറ്റവുമധികം വാഹനാപകടങ്ങൾ നടക്കുന്ന മേഖല എന്ന നിലയിലും ആർ.ടി. ഓഫീസ് സംബന്ധമായ ആവശ്യങ്ങൾക്ക് കൊല്ലം താലൂക്കിന്റെ തെക്കൻ മേഖലയിലെ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി ചാത്തന്നൂരിൽ ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് സ്ഥാപിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത ഓഫീസ് ചാത്തന്നൂരിൽ ആരംഭിക്കുന്നതിന് താമസം നേരിടുന്ന സാഹചര്യത്തിൽ ചാത്തന്നൂർ ആസ്ഥാനമായി ഒരു ഡ്രൈവിംഗ് ടെസ്റ്റ് സെന്റർ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചാത്തന്നൂർ ആസ്ഥാനമായി ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ചുള്ള സാധ്യതാ പഠന റിപ്പോർട്ട് ദക്ഷിണമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ചാത്തന്നൂരിൽ ഒരു പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഡ്രൈവിംഗ് ടെസ്റ്റ് സെന്റർ തുടങ്ങുന്നതിന് 2 ഏക്കർ സ്ഥല ലഭ്യത ആവശ്യമാണ്. അവ ലഭ്യമാകുന്നമുറയ്ക്ക് തുടങ്ങാവുന്നതാണ്.

## വർക്കലയിൽ സബ് ആർ.ടി. ഓഫീസ്

376(1940) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല താലൂക്ക് കേന്ദ്രീകരിച്ച് ഒരു സബ് ആർ.ടി. ഓഫീസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

വർക്കലയിൽ ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## എൻഫോഴ്സ്മെന്റ് ആർ.ടി. ഓഫീസുകൾ ആരംഭിക്കാൻ നടപടി

377(1941) <u>ശ്രീമതി. പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകപ്പിൽ എൻഫോഴ്സ്മെന്റ് ആർ.ടി. ഓഫീസുകൾ ആരംഭിക്കുന്നതിന് ആലോചനയുണ്ടോ;

(ബി) പ്രസ്തുത ഓഫീസുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും ഘടനാ സംവിധാനവും വെളിപ്പെടുത്തുമോ;

(സി) ആരംഭിക്കുന്ന ഓഫീസുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 24-9-2018-ലെ സ.ഉ. (കൈ) നമ്പർ 56/2018/ഗതാഗതം ഉത്തരവ് പ്രകാരം 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (എൻഫോഴ്സ്മെന്റ്) രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) റോഡ് സുരക്ഷയുടെ ഭാഗമായി ട്രാഫിക് നിയമലംഘനം തടയുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനുമായിട്ടാണ് സേഫ് കേരള പ്രോജക്ട് സർക്കാർ നടപ്പിലാക്കുന്നത്. നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്കുപുറമെ പുതിയതായി 51 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ കൂടി 14 ജില്ലകളിലായി രൂപീകരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

| District | Present Enforcement Squads | New Squads proposed | Total Squads |
|---|---|---|---|
| Thiruvananthapuram | 4 | 4 | 8 |
| Kollam | 3 | 4 | 7 |
| Pathanamthitta | 2 | 3 | 5 |
| Alappuzha | 2 | 4 | 6 |
| Kottayam | 2 | 4 | 6 |
| Idukki | 2 | 4 | 6 |
| Ernakulam | 4 | 4 | 8 |
| Trissur | 3 | 4 | 7 |
| Palakkad | 2 | 4 | 6 |
| Malappuram | 2 | 4 | 6 |
| Kozhikode | 4 | 4 | 8 |
| Wayanad | 1 | 2 | 3 |
| Kannur | 2 | 4 | 6 |
| Kasargod | 1 | 2 | 3 |
| Total | 34 | 51 | 85 |

പുതുതായി രൂപീകരിച്ച 51 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും നിലവിലുണ്ടായിരുന്ന 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും ചേർന്ന് 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ജില്ലാ അടിസ്ഥാനത്തിലുള്ള 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെ (എൻഫോഴ്സ്മെന്റ്) കീഴിൽ പ്രവർത്തിക്കുന്നതിനും ഓരോ എൻഫോഴ്സ്മെന്റ് സ്ക്വാഡിലും ഒരു മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെയും 3 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെയും നിയമിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (എൻഫോഴ്സ്മെന്റ്)-ലെ ജീവനക്കാരുടെ വിന്യാസം ചുവടെ ചേർത്തിരിക്കുന്നു:

| District -wise Enforcement Squad | Number of posts of Regional Transport Officers (Enforcement) | Number of posts of Motor Vehicles Inspectors | Number of posts of Assistant Motor Vehicles Inspector |
|---|---|---|---|
| Thiruvananthapuram | 1 | 8 | 24 |
| Kollam | 1 | 7 | 21 |
| Pathanamthitta | 1 | 5 | 15 |
| Alappuzha | 1 | 6 | 18 |
| Kottayam | 1 | 6 | 18 |
| Idukki | 1 | 6 | 18 |
| Ernakulam | 1 | 8 | 24 |
| Trissur | 1 | 7 | 21 |
| Palakkad | 1 | 6 | 18 |
| Malappuram | 1 | 6 | 18 |
| Kozhikode | 1 | 8 | 24 |
| Wayanad | 1 | 3 | 9 |
| Kannur | 1 | 6 | 18 |
| Kasargod | 1 | 3 | 9 |
| Total | 14 | 85 | 255 |

(സി) ആരംഭിക്കുന്ന ഓഫീസുകൾ - 14

## മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാർ

378(1942) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്; എത്ര താത്കാലിക ജീവനക്കാരുണ്ട്; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) മോട്ടോർ വാഹന വകുപ്പിൽ ജോലി ചെയ്യുന്ന എത്ര ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് അന്വേഷണം നടത്തുന്നുണ്ട്; പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരും തസ്തികയും വിജിലൻസ് കേസുകളുടെ നിലവിലെ സ്ഥിതിയും അറിയാമോ; എങ്കിൽ വിശദമാക്കാമോ ;

(സി) മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ പേരിൽ സർക്കാരിന്റെ മറ്റ് അന്വേഷണ ഏജൻസികൾ ഏതെങ്കിലും റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളതായി അറിയാമോ; എങ്കിൽ ആ റിപ്പോർട്ടുകളിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ഥിരം ജീവനക്കാർ - 2347

താൽക്കാലിക ജീവനക്കാർ - 71

തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) മോട്ടോർ വാഹന വകുപ്പിലെ വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥരുടെ പേരും തസ്തികയും കേസ് വിവരവും അനുബന്ധമായി ചേർത്തിട്ടുണ്ട്.* വിജിലൻസ് കേസുകളുടെ നിലവിലെ സ്ഥിതി, വിജിലൻസ് വകുപ്പിൽനിന്ന് ഗതാഗത വകുപ്പിന് ലഭിച്ചിട്ടില്ല.

(സി) ആറ്റിങ്ങൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ 22-8-2017-ൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ടി ഓഫീസിലെ ശ്രീ. സജിത്ത് വി. (റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ), ശ്രീ. വേണുഗോപാലൻ പോറ്റി (ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ), ശ്രീ. എസ്. സഞ്ജിത്ത് (സീനിയർ ക്ലാർക്ക്), ശ്രീമതി സോജി ഹെൻട്രി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സീനിയർ ക്ലാർക്ക്) എന്നിവരെ 14-9-2017-ലെ സ.ഉ. (സാധാ) നമ്പർ 423/2017/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും 23-2-2018-ലെ സ.ഉ.(സാധാ)നമ്പർ82/2018/ഗതാഗതം ഉത്തരവ് പ്രകാരം പുനഃപ്രവേശി പ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി തുടർന്നുവരുന്നു.

## അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ പ്രൊബേഷൻ കാലാവധി

379(1943) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ പ്രൊബേഷൻ കാലാവധി എത്രയാണെന്നും പ്രൊബേഷൻ ഡിക്ളയർ ചെയ്യാനാവശ്യമായ നിബന്ധനകളും നിയമങ്ങളും എന്താണെന്നും വ്യക്തമാക്കാമോ;

(ബി) പ്രൊബേഷൻ ഡിക്ളയർ ചെയ്യാത്തതുകൊണ്ട് ഇൻക്രിമെന്റ്, പ്രൊമോഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകാൻ പാടില്ലെന്ന നിയമമോ വ്യവസ്ഥയോ ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സംശയാസ്പദമായി ഒരു ഉദ്യോഗസ്ഥന് വിജിലൻസ് വകുപ്പിൽനിന്ന് ചാർജ് മെമ്മോ നൽകുകയാണെങ്കിൽ അത് അച്ചടക്കനടപടിയായി കണക്കാക്കി ഇൻക്രിമെന്റ്, പ്രൊബേഷൻ, പ്രൊമോഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ തടഞ്ഞ് ശിക്ഷിക്കാൻ അധികാരമുണ്ടോയെന്നും ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ അധികാരമെന്നും വിശദമാക്കാമോ;

(ഡി) വിജിലൻസ് ട്രിബ്യൂണലുകളിൽ കുറ്റാരോപിതനാകപ്പെട്ട് വർഷങ്ങളായി കേസ്സ് തീർപ്പാകാത്ത സാഹചര്യത്തിൽ ആനുകൂല്യങ്ങൾ നിഷേധിച്ച് ഉദ്യോഗസ്ഥരെ ശിക്ഷിക്കാൻ സർക്കാരിന് അധികാരമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ ഏത് നിയമവ്യവസ്ഥിതിയുടെ അടിസ്ഥാനത്തിലാണിതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം ജോലിയിൽ പ്രവേശിച്ച ദിനം മുതൽ തുടർച്ചയായ 3 വർഷ കാലയളവിനുള്ളിലെ

2 വർഷമാണ് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ പ്രൊബേഷൻ കാലയളവ്. പ്രൊബേഷൻ കാലാവധി പൂർത്തീകരിക്കുന്നതിനായി അക്കൗണ്ട് ടെസ്റ്റ് (ലോവർ), മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും, കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമങ്ങളും ചട്ടങ്ങളും തുടങ്ങിയ ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ വിജയിച്ചിരിക്കണം. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനായി അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷകനെതിരെ യാതൊരു അച്ചടക്ക നടപടികളും നിലവിലുണ്ടാകാൻ പാടുള്ളതല്ല. അപേക്ഷയോടൊപ്പം പ്രൊബേഷൻ പീരീയഡിൽ അപേക്ഷകൻ ഏതൊക്കെ കാര്യാലയങ്ങളിലാണോ ജോലി ചെയ്തിരുന്നത്, ആ കാര്യാലയങ്ങളിലെ ഓഫീസ് തലവന്മാർ നൽകിയിട്ടുള്ള വർക്ക് ആൻഡ് കോണ്ടക്ട് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 21-ന് അനുസൃതമായിട്ടാണ് പ്രൊബേഷൻ കാലാവധി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നത്.

(ബി) ജോലിയിൽ പ്രവേശിച്ചതിന് ശേഷമുള്ള ഒന്നാമത്തെ ഇൻക്രിമെന്റ് പ്രൊബേഷൻ ഡിക്ലയർ ചെയ്താലും ഇല്ലെങ്കിലും നൽകുന്നതാണ്. എന്നാൽ, രണ്ടാമത്തേത് മുതലുള്ള ഇൻക്രിമെന്റ് പ്രൊബേഷൻ കാലാവധി പൂർത്തികരിച്ചതിനുശേഷം മാത്രമേ നൽകുകയുള്ളൂ. 1958-ലെ കേരള സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 21-ൽ പ്രൊബേഷൻ കാലാവധി പൂർത്തികരിച്ചതായി പ്രഖ്യാപിച്ചതിനുശേഷം മാത്രമേ രണ്ടാമത്തേത് മുതലുള്ള ഇൻക്രിമെന്റ് നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രൊബേഷൻ ഡിക്ലയർ ചെയ്താൽ മാത്രമേ ടി വ്യക്തിയെ പ്രൊമോഷന് പരിഗണിക്കുകയുള്ളൂ.

(സി-ഇ) പ്രൊബേഷൻ, പ്രൊമോഷൻ തുടങ്ങിയവയ്ക്ക് പരിഗണിക്കുന്ന തിനായി ഉദ്യോഗസ്ഥന്റെ 'സ്യൂട്ടബിലിറ്റി' നിശ്ചയിക്കിന്നതിന്, 1958-ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമനാധികാരിക്ക് അധികാരമുണ്ട്.

**പ്രൊഫ. സുശീൽ ഖന്നയുടെ പ്രാഥമിക റിപ്പോർട്ട്**

380(1944) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

24-9-2016-ലെ G.O (Rt.) No.367/2016/Transport സർക്കാർ ഉത്തരവ് പ്രകാരം നിയമിച്ച സുശീൽ ഖന്ന കമ്മീഷൻ സമർപ്പിച്ച പ്രാഥമിക റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ?

ഉത്തരം

പ്രാഥമിക റിപ്പോർട്ടിന്റെ കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ബോട്ട് സർവ്വീസ് കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ**

381(1945) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറ്റി - കോട്ടപ്പുറം ജലഗതാഗത റൂട്ടിൽ പുതുതായി ഏതൊക്കെ പദ്ധതികളാണ് നടപ്പിൽ വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ റൂട്ടിലെ ബോട്ട് സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് വിഭാവന ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബോട്ട് ചാൽ മണൽ മൂടിക്കിടക്കുന്നതിനാൽ വർഷങ്ങളായി കോട്ടപ്പുറം വരെയുള്ള സർവ്വീസ് നിർത്തിവച്ചിരിക്കുകയാണ്. നിലവിൽ കൊറ്റി-അയിറ്റി, പടന്ന-തയ്യിൽകടപ്പുറം എന്നീ റൂട്ടുകളിൽ പ്രതിദിനം 7 ട്രിപ്പുകൾ ഉൾപ്പെടുത്തി ബോട്ട് സർവ്വീസ് നടത്തിവരുന്നുണ്ട്.

(ബി) ഈ റൂട്ടിൽ സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ കാര്യക്ഷമമായും ത്വരിതമായും നടത്തുന്നതിനായി 61.43 ലക്ഷം രൂപ ചെലവിൽ അയിറ്റി യാർഡ് നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ മെസ്സേഴ്സ് സിൽക്ക്, കണ്ണൂർ മുഖാന്തരം നടന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ ഈ മേഖലയ്ക്ക് അനുവദിച്ചിട്ടുള്ള എസ്-19 നമ്പർ ബോട്ടിന്റെ റിപ്പയർ പൂർത്തീകരിച്ച് രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പോർട്ട് വിഭാഗവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരികയാണ്.

(നക്ഷത്രചിഹ്നമിടാത്ത 1636, 1707, 1838, 1924 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല. )

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

10.00 AM]

## II അടിയന്തരപ്രമേയം

### ചട്ടവിരുദ്ധ നിയമനം

മി. സ്പീക്കർ: ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ തന്റെ വകുപ്പിൻകീഴിൽ ഉറ്റബന്ധുവിനെ ചട്ടവിരുദ്ധമായി നിയമിച്ചതുമൂലം സത്യപ്രതിജ്ഞാ ലംഘനം നടത്തിയതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. മുരളീധരൻ, മഞ്ഞളാംകുഴി അലി, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, യാതൊരു അടിയന്തര പ്രാധാന്യവുമില്ലാത്ത ഒരു വിഷയമാണ് ഇവിടെ അടിയന്തരപ്രമേയമായി അവതരിപ്പിക്കാനായി നോട്ടീസ് തന്നിരിക്കുന്നത്. ഇക്കാര്യത്തിൽ മന്ത്രിയുടെ ഭാഗത്തുനിന്ന് ചട്ടലംഘനമോ ഭരണഘടനാ ലംഘനമോ ഉണ്ടായിട്ടില്ല. ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ഒരു ധനകാര്യ സ്ഥാപനമാണ്. ഇതുപോലുള്ള സ്ഥാപനങ്ങളിലെ ജനറൽ മാനേജർ തസ്തികയിലേയ്ക്കുള്ള നിയമനരീതികളിലൊന്ന് ഡെപ്യൂട്ടേഷൻ വഴിയുള്ള നിയമനമാണ്. ഇതിന് പ്രധാനമായും രണ്ട് മാർഗ്ഗങ്ങളാണ് അവലംബിക്കാറുള്ളത്. ഒന്ന്, അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി നിയമിക്കുക; രണ്ട്, സർക്കാർ തലത്തിൽത്തന്നെ ഉചിതമെന്ന് തോന്നുന്ന ആളെ നിയമിക്കുക. ഈ സർക്കാരിന്റെ കാലത്ത് ടി തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി പത്രക്കുറിപ്പ് നൽകിയിരുന്നു. കൂടാതെ, ഇത് സംബന്ധിച്ച വിജ്ഞാപനം കോർപ്പറേഷന്റെ വെബ്സൈറ്റിലും ലഭ്യമായിരുന്നു. ഇതിലേക്ക് ഏഴ് അപേക്ഷകൾ ലഭിച്ചിരുന്നു. അതിൽ സൗത്ത് ഇന്ത്യൻ ബാങ്കിലെ സീനിയർ മാനേജരായ ശ്രീ. കെ. ടി അദീബും ഉൾപ്പെട്ടിരുന്നു. ഇവരെ ഇന്റർവ്യൂവിന് വിളിച്ചിരുന്നുവെങ്കിലും ശ്രീ. കെ.ടി അദീബ് ഇന്റർവ്യൂവിൽ പങ്കെടുത്തിരുന്നില്ല. മൂന്ന് പേർ മാത്രമെ ഇന്റർവ്യൂവിൽ പങ്കെടുത്തിരുന്നുള്ളൂ. ഇവർക്കാർക്കും ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെടാൻ നിശ്ചിത യോഗ്യത ഇല്ലാതിരുന്നതിനാൽ ആരെയും നിയമിക്കാനായില്ല. സ്ഥാപനത്തിൽ ജനറൽ മാനേജർ തസ്തിക രണ്ട് വർഷമായി ഒഴിഞ്ഞുകിടക്കുകയായിരുന്നു. ഈ സമയത്ത് നേരത്തെ അപേക്ഷകനായിരുന്ന, ഇന്റർവ്യൂവിന് ക്ഷണിച്ചപ്പോൾ പങ്കെടുക്കാതിരുന്ന ശ്രീ. കെ. ടി അദീബ് ജനറൽ മാനേജർ തസ്തികയിൽ നിയമിക്കപ്പെടാൻ സമ്മതമാണെന്ന് കാണിച്ച് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ

നിശ്ചിതയോഗ്യതയുണ്ടെന്നുകണ്ട് നിയമിക്കാനുള്ള നടപടി സ്വീകരിക്കുകയാണ് ചെയ്തത്. ഇതിൽ ക്രമവിരുദ്ധമായോ ചട്ടവിരുദ്ധമായോ ഒന്നും ഉൾപ്പെടുന്നില്ല. ഈ സ്ഥാപനത്തിൽ മുൻസർക്കാരിന്റെ കാലത്ത് ജനറൽ മാനേജർ തസ്തികയിലും മാനേജിംഗ് ഡയറക്ടർ തസ്തികയിലും അപേക്ഷ ക്ഷണിക്കാതെ നേരിട്ടാണ് നിയമനം നടത്തിയത്. മുൻമന്ത്രി മാനേജിംഗ് ഡയറക്ടർ തസ്തികയിലേയ്ക്ക് അദ്ദേഹത്തിന്റെ അടുത്ത ബന്ധുവായ ശ്രീ. ഹനീഫാ പെരിഞ്ചേരിയെ ഡെപ്യൂട്ടേഷനിൽ നിയമിച്ചത് അദ്ദേഹംതന്നെ നിർദ്ദേശം നൽകിയിട്ടായിരുന്നു. ശ്രീ. ഹനീഫാ പെരിഞ്ചേരിയാകട്ടെ മക്കരപ്പറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ ജീവനക്കാരനായിരുന്നു. കോ-ഓപ്പറേറ്റീവ് ബാങ്കിലെ ജീവനക്കാരനെ ഡെപ്യൂട്ടേഷനിൽ നിയമിക്കാനും ഷെഡ്യൂൾഡ് ബാങ്ക് ജീവനക്കാരെ നിയമിക്കാനും കെ.എസ്.എസ്.ആർ. റൂൾ 9 (ബി) പ്രകാരമാണ് കഴിയുക. മുൻകാലത്ത് സൗത്ത് ഇന്ത്യൻ ബാങ്കിൽനിന്നും മറ്റ് ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും സർക്കാർ ഡെപ്യൂട്ടേഷനിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽനിന്നും ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും ജീവനക്കാരെ ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നത് സമാനം തന്നെയാണ്. മുൻമന്ത്രി ശ്രീ. കെ. എം. മാണിയുടെ പേഴ്സണൽ സ്റ്റാഫും സൗത്ത് ഇന്ത്യൻ ബാങ്കിലെ മാനേജറുമായിരുന്ന ശ്രീ. പി.സി. ജെയിംസിനെ ഡെപ്യൂട്ടേഷനിൽ നിയമിക്കുകയും സൗത്ത് ഇന്ത്യൻ ബാങ്കിൽ ലഭിച്ചിരുന്ന അലവൻസുകൾ ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും very special case-ആയി പരിഗണിച്ച് 2011-ൽ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കിലും ഷെഡ്യൂൾഡ് ബാങ്ക് ജീവനക്കാരെ ഡെപ്യൂട്ടേഷനിൽ നിയമിക്കുവാൻ ബാങ്ക് അനുവദിക്കാതിരുന്ന ഘട്ടങ്ങളിൽ കരാറടിസ്ഥാനത്തിലും മുൻകാലങ്ങളിൽ നിയമിച്ചിട്ടുണ്ട്. ഡെപ്യൂട്ടേഷൻ നിയമനം ഒരു വർഷത്തേക്കാണ്, അല്ലാതെ സ്ഥിര നിയമനമല്ല. ഇത് ആരുടെയും അവസരം നിഷേധിക്കുന്നുമില്ല. കീഴ്‌വഴക്കങ്ങൾ കൂടി കണക്കിലെടുത്താണ് സർക്കാർ ശ്രീ. കെ. ടി. അദീബിനെ ഡെപ്യൂട്ടേഷനിൽ നിയമിക്കുവാൻ പരിഗണിച്ചത്. ഈ നിയമനം സംബന്ധിച്ച് അനാവശ്യ വിവാദങ്ങളും ആരോപണങ്ങളും ഉണ്ടായപ്പോൾ, തന്റെ ആത്മാഭിമാനം ചോദ്യം ചെയ്ത സാഹചര്യത്തിൽ, ഈ സ്ഥാപനത്തിൽ തുടരുവാൻ വ്യക്തിപരമായി പ്രയാസമുണ്ടെന്നും അതുകൊണ്ട് മാതൃസ്ഥാപനമായ സൗത്ത് ഇന്ത്യൻ ബാങ്കിലേക്ക് തിരിച്ചുപോകാൻ അനുവദിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഇക്കാര്യം ഡയറക്ടർ ബോർഡ് അനുവദിക്കുകയും ശ്രീ. കെ. ടി. അദീബിനെ ഈ സ്ഥാപനത്തിൽനിന്ന് 26-11-2018-ൽ റിലീവ് ചെയ്ത് ടിയാൻ മാതൃസ്ഥാപനമായ സൗത്ത് ഇന്ത്യൻ ബാങ്കിൽ തിരിച്ചുപോകുകയും ചെയ്തിട്ടുണ്ട്. ശ്രീ. കെ. ടി. അദീബിന്റെ നിയമനം കാരണം കോർപ്പറേഷന് യാതൊരുവിധ സാമ്പത്തിക ചെലവും ഉണ്ടായിട്ടില്ല.

ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ യാതൊരുവിധ നിയമലംഘനമോ സത്യപ്രതിജ്ഞാ ലംഘനമോ നടത്തിയിട്ടില്ല. അതുകൊണ്ടുതന്നെ ഇതൊരു അടിയന്തരപ്രമേയമായി പരിഗണിക്കേണ്ട വിഷയമല്ല.

ശ്രീ. കെ. മുരളീധരൻ: സർ, ഇത്രയും ഗൗരവമായ ഒരു പ്രശ്നത്തെ വളരെ ലാഘവത്തോടുകൂടി മുഖ്യമന്ത്രി സമീപിച്ചത് തികച്ചും ദൗർഭാഗ്യകരമാണ്. ബ്രൂവറി/ഡിസ്റ്റിലറികളുടെ തുടക്കംകുറിക്കുകയും പിന്നീടത് പിൻവലിക്കുകയും ചെയ്ത സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഈറനുള്ള തോർത്തുമുണ്ട് അണിയാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല എന്നാണ്. ഇന്ന് അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ സഹപ്രവർത്തകനായ മന്ത്രി അഴിമതിയിൽവീണ തോർത്തുമുണ്ടായി മാറിയെങ്കിൽ, അഴിമതിയുടെ ചെളിയിലാണ് ആ തോർത്തുമുണ്ട് പതിച്ചതെങ്കിൽ, ആ അഴിമതി നിറഞ്ഞ, ചെളി നിറഞ്ഞ തോർത്തുമുണ്ട് ധരിക്കുമ്പോൾ ആ ചെളിയുടെ ദുർഗന്ധം അങ്ങയിൽക്കൂടി ബാധിച്ചിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആമുഖമായി പറയുകയാണ്.

25-8-2011-ലെ സർക്കാർ ഉത്തരവ് 260/2011/GAD അനുസരിച്ചാണ് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ കേരളത്തിൽ നിലവിൽ വന്നത്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വിദ്യാഭ്യാസ ലോൺ ഉൾപ്പെടെയുള്ള സാമ്പത്തിക സഹായം നൽകുക, പാവപ്പെട്ട ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരെ സഹായിക്കുക തുടങ്ങിയ മഹത്തായ ലക്ഷ്യത്തോടുകൂടിയാണ് കഴിഞ്ഞ യു. ഡി. എഫ്. സർക്കാരിന്റെ കാലത്ത് ഈ സ്ഥാപനം ഇവിടെ ആരംഭിക്കുന്നത്. 29-6-2013-ലെ സർക്കാർ ഉത്തരവുപ്രകാരം ഈ കോർപ്പറേഷനിലേയ്ക്ക് 8 തസ്തികകളും അതിന്റെ വിദ്യാഭ്യാസ യോഗ്യതകളും ശമ്പള കാര്യങ്ങളും നിശ്ചയിച്ച് ഉത്തരവായി. ഇതനുസരിച്ച് 29-6-2013-ൽ കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്, അതായത്, Graduate with MBA preferably specialisation in Marketing and Finance or CS/CA/ICWAI with three years experience എന്നാണ്. ഈ യോഗ്യത കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിശ്ചയിച്ചതാണ്. അതുപ്രകാരം 23-7-2013-ൽ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ എം. ഡി., പ്രസ്തുത സ്ഥാപനത്തിലെ 8 തസ്തികകളിലേയ്ക്ക് നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതുപ്രകാരം ജനറൽ മാനേജർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വഴിയുള്ള നിയമനമാണ്. Graduate with MBA preferably specialisation in Marketing and Finance or CS/CA/ICWAI with three years experience എന്നാണ് യോഗ്യത പറഞ്ഞിരിക്കുന്നത്. അതനുസരിച്ചാണ് ശ്രീ. ഷറഫുദ്ദീൻ എന്ന സംസ്ഥാന വികസന കോർപ്പറേഷനിലെ ജില്ലാ മാനേജരെ

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഈ കോർപ്പറേഷന്റെ ജനറൽ മാനേജറായി ആദ്യം നിയമിച്ചത്. അതിനുശേഷം 25-5-2015-ലെ സർക്കാർ ഉത്തരവുപ്രകാരം ശ്രീ. ഷറഫുദ്ദീന്റെ കാലാവധി അവസാനിച്ചതനുസരിച്ച്, സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ റീജിയണൽ മാനേജരായിരുന്ന ശ്രീ. ഫൈസൽ മുനീറിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷന്റെ ജനറൽ മാനേജരായി നിയമിക്കുന്നു.

25-5-2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഡോ. കെ. ടി. ജലീൽ ഈ വകുപ്പിന്റെ മന്ത്രിയായി ചുമതലയേറ്റു. ആ സമയത്താണ് ശ്രീ. ഫൈസൽ മുനീറിന്റെ കാലാവധി അവസാനിക്കുന്നത്. ഡയറക്ടർ ബോർഡ് ചേർന്ന് ശ്രീ. ഫൈസൽ മുനീറിന് എക്സ്റ്റൻഷൻ കൊടുക്കാൻ തീരുമാനിക്കുകയും അദ്ദേഹമത് സമ്മതിക്കുകയും ചെയ്തു. എന്നാൽ ഡോ. കെ. ടി. ജലീൽ വകുപ്പുമന്ത്രിയായി ചുമതലയേറ്റശേഷം ശ്രീ. ഫൈസൽ മുനീറിന്റെ കാലാവധി അവസാനിപ്പിച്ച്, അദ്ദേഹത്തെ മാതൃസ്ഥാപനത്തിലേയ്ക്ക് തിരിച്ചയച്ചു. സ്വാഭാവികമായും ഗവൺമെന്റ് മാറുമ്പോൾ അത്തരത്തിൽ മാറ്റിയിരിക്കാം. പക്ഷേ 25-8-2016-ൽ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ എട്ട് തസ്തികകളിലെ നിയമനത്തിന് മാനേജിംഗ് ഡയറക്ടർ വീണ്ടും ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ ഈ വിജ്ഞാപനമനുസരിച്ച് ജനറൽ മാനേജർ തസ്തികയിൽ യോഗ്യതയിൽ മാറ്റംവരുത്തിയെന്നതാണ് ഒന്നാമത്തെ ആരോപണം. സർക്കാർ ഉത്തരവ് 5369/2016 പ്രകാരം Graduate with MBA preferably specialisation in Marketing and Finance or CS/CA/ICWAI with three years experience എന്ന വിദ്യാഭ്യാസ യോഗ്യത 'Graduate with MBA preferably specialisation in Marketing and Finance or B.Tech with Post graduate Diploma in Business Administration with three years experience' എന്ന് മാറ്റി. ഇവിടെ യോഗ്യത മാറ്റേണ്ട ആവശ്യമെന്താണ്; ഈ നാട്ടിൽ എം.ബി.എ.-ക്കാർക്ക് ക്ഷാമമുണ്ടോ? ഇഷ്ടംപോലെ എം.ബി.എ.-ക്കാർ സംസ്ഥാനത്തുള്ളപ്പോൾ മന്ത്രി മുൻകയ്യെടുത്ത് ബി.ടെക്. എന്നാക്കി മാറ്റിയത് എന്തിനാണ് ? അത് സ്വന്തം ബന്ധുവിനുവേണ്ടിയല്ലാതെ ആർക്കുവേണ്ടിയാണ്? അതുകൊണ്ടും തീർന്നില്ല, 194/2003 പ്രകാരമുള്ള സർക്കാർ ഉത്തരവനുസരിച്ചുള്ള ജനറൽ മാനേജർ തസ്തികയാണ് മാറ്റിയത്. 18-8-2016-ലെ സ.ഉ. 5369/2016/ജി.എ.ഡി. പ്രകാരമുള്ള B.Tech with Post Graduate Diploma in Business Administration with three years experience എന്ന അഡീഷണൽ യോഗ്യത നിശ്ചയിച്ചത് ക്യാബിനറ്റല്ല; നിയമം മാറ്റണമെങ്കിൽ ക്യാബിനറ്റിൽവച്ച് തീരുമാനിക്കേണ്ടതാണ്. വിദ്യാഭ്യാസ യോഗ്യതയിൽ മാറ്റംവരുത്താൻ മന്ത്രി

നേരിട്ട് ഇടപെട്ടതിന്റെ ഫലമായുണ്ടായതാണ്. 28-7-2016-ൽ ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീൽ തന്റെ ലെറ്റർ പാഡിൽ ന്യൂനപക്ഷക്ഷേമവകുപ്പ് സെക്രട്ടറിക്ക് ന്യൂനപക്ഷ വികസന കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തികയുടെ യോഗ്യത മാറ്റണമെന്ന് ആവശ്യപ്പെടുകയും അതനുസരിച്ച് മാറ്റുമ്പോൾ, അതിനൊരു ക്വറിയിട്ടു. മുമ്പ് ഈ തസ്തിക സൃഷ്ടിച്ചപ്പോൾ ധനകാര്യ വകുപ്പിൽനിന്നും സാംഗ്ഷൻ വാങ്ങിയിരുന്നു. വിദ്യാഭ്യാസ യോഗ്യത മാറ്റുമ്പോഴും ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ സാംഗ്ഷൻ വേണം. അതുകൊണ്ട് ഇത് ഫിനാൻസ് വകുപ്പിലേയ്ക്ക് അയയ്ക്കണമെന്നാണ് ഡിപ്പാർട്ടുമെന്റിൽനിന്നും ക്വറിയിട്ടയച്ചത്. തൊട്ടടുത്ത ദിവസം, 29-7-2016-ന് ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ നിന്നും വിദ്യാഭ്യാസ യോഗ്യതയിൽ മാറ്റംവരുത്തുന്നതിനുള്ള ഫയൽ ഫിനാൻസ് വകുപ്പിന് കൈമാറണമെന്ന അഭിപ്രായത്തോടുകൂടി സെക്ഷൻ ഓഫീസർ കുറിപ്പെഴുതുകയും ഫയൽ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി ശ്രീ. എ. ഷാജഹാന് കൈമാറുകയും ചെയ്തു. അതിനുശേഷം ഇത് ക്യാബിനറ്റിൽ വയ്ക്കേണ്ടതുണ്ടെന്ന് 3-8-2016-ൽ അദ്ദേഹം നോട്ട് എഴുതി. എന്നാൽ തൊട്ടടുത്ത ദിവസം 4-8-2016-ൽ ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീൽ സെക്രട്ടറിയുടെ കുറിപ്പിനെതിരെ 'കോർപ്പറേഷനിലെ പുറംജോലി കരാർ, തസ്തിക സൃഷ്ടിക്കൽ എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനാണ് മന്ത്രിസഭയിൽ വച്ചത്. അധിക യോഗ്യത നിശ്ചയിക്കാനുള്ള തീരുമാനത്തിന് അതിന്റെ ആവശ്യമില്ല' എന്നെഴുതി. തൊട്ടടുത്ത ദിവസം ബഹുമാനപ്പെട്ട മന്ത്രി ഇത് അംഗീകരിക്കണമെന്ന് പറഞ്ഞ് നോട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൊടുത്തു. തുടർന്ന് ഈ വിയോജനക്കുറിപ്പിനുശേഷം ഫയൽ സെക്രട്ടേറിയറ്റിലെ ഒരു സെക്ഷനിലും എത്താതെ മന്ത്രി നേരിട്ട് 9-8-2016-ന് മുഖ്യമന്ത്രിയുടെ മുമ്പിൽ വയ്ക്കുകയും മുഖ്യമന്ത്രി ഫയൽ ഒപ്പിടുകയും ചെയ്തു. ഒന്നുകിൽ മുഖ്യമന്ത്രി അറിയാതെ, ഒരു ഫയൽ എന്നുള്ള നിലയിൽ ഒപ്പിട്ടതായിരിക്കാം. അങ്ങനെ ഒപ്പിടുന്ന ആളല്ല ഇപ്പോഴത്തെ മുഖ്യമന്ത്രിയെന്ന് എല്ലാവർക്കുമറിയാം. അങ്ങനെ ഒപ്പിട്ടുകൊടുത്തു എങ്കിൽ ഈ തെറ്റിന് മുഖ്യമന്ത്രിയും കൂട്ടുനിൽക്കുകയാണ്. അതുകൊണ്ടാണ് ഇതിൽ മുഖ്യമന്ത്രിക്കും പങ്കുണ്ടെന്ന് പറയുന്നത്. ഈ ഉത്തരവ് വിവാദമാകുമെന്ന് മനസ്സിലായപ്പോൾ, സെക്രട്ടറി ശ്രീ. എ. ഷാജഹാൻ, വളരെ ബുദ്ധിമാനായ ഉദ്യോഗസ്ഥനാണ്, അദ്ദേഹം ഈ ഉത്തരവിറക്കുന്നത് മന്ത്രിയുടെ ആവശ്യപ്രകാരമാണെന്ന് പറഞ്ഞു. മന്ത്രിയുടെ ആവശ്യമനുസരിച്ചാണ് ഈ ഉത്തരവിറക്കുന്നതെന്ന് ശ്രീ. ഷാജഹാന്റെ കുറിപ്പുണ്ട്. അതില്ലെന്ന് നിഷേധിക്കാൻ സാധിക്കുമോ? ഈ ഉത്തരവ് സെക്രട്ടേറിയറ്റിലെ സെക്ഷനിൽനിന്നും മെയിൻ ഓഫീസിലേയ്ക്ക് പോകുന്നു; അവിടെനിന്നും ഉത്തരവായി ഇറങ്ങുന്നു; അങ്ങനെ എട്ട് തസ്തികകളിലേയ്ക്ക് നിയമനത്തിന് 25-8-2016-ന് അപേക്ഷ ക്ഷണിക്കുന്നു.

ഇനിയാണ് ഏറ്റവും രസകരമായ കാര്യങ്ങൾ നടക്കുന്നത്. സാധാരണ ഇന്റർവ്യൂ നടത്തുമ്പോൾ പത്രത്തിൽ കൊടുക്കും, പക്ഷേ ഇത് കൊടുത്തില്ല. പത്രത്തിൽ കൊടുക്കാത്തതെന്താണെന്ന് ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, 'വലിയ വലിയ പത്രത്തിൽ കൊടുക്കാനുള്ള കാശൊന്നും ഈ കോർപ്പറേഷനില്ല എന്നാണ്. വലിയ പത്രം എന്ന് ഉദ്ദേശിച്ചത് മലയാളത്തിൽ നമ്മൾ എന്നും വായിക്കുന്ന പത്രം എന്നാണ്. അതിൽ കൊടുക്കണമെങ്കിൽ 'അതിന് തക്കവണ്ണം സാമ്പത്തികമില്ല' എന്ന് അദ്ദേഹം പറഞ്ഞു. അതേസമയം ബഹുമാനപ്പെട്ട കുറ്റ്യാടി എം.എൽ.എ. ശ്രീ. പാറക്കൽ അബ്ദുല്ല പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 2-5-2017-ന് 'ഈ കോർപ്പറേഷനിൽ വിവിധ തസ്തികകളിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്' എന്ന ചോദ്യം ചോദിച്ചു. അതിന് '12 പേരെ പിരിച്ചുവിട്ടു, 21 പേരെ നിയമിച്ചു' എന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി തന്നത്. 12 പേരെ പിരിച്ചുവിട്ട് 21 പേരെ നിയമിക്കണമെന്നുണ്ടെങ്കിൽ രണ്ട് പത്രത്തിൽ പരസ്യം കൊടുക്കുന്നതിൽ എന്തെങ്കിലും പ്രയാസമുണ്ടോ? ...... (ബഹളം)..... രണ്ട് പ്രധാന പത്രങ്ങളിൽ പരസ്യം കൊടുക്കണ്ടേ? കൊടുത്തില്ല. വിജ്ഞാപനത്തിനുശേഷം മന്ത്രിയുടെ ഓഫീസിലെ കുറിപ്പനുസരിച്ച് ഏഴ് പേരെ ഇന്റർവ്യൂവിന് വിളിച്ചു. ഇതിൽ മൂന്നുപേരാണ് പങ്കെടുത്തത്.

മി. സ്പീക്കർ: പ്ലീസ്.....കൺക്ലൂഡ്.....അങ്ങ് സമയം പാലിക്കുന്ന ആളാണ്, അതുകൊണ്ടാണ്.....

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ പത്ത് മിനിറ്റേ സംസാരിച്ചിട്ടുള്ളൂ. ഇവിടെ പലരും ഇരുപതും ഇരുപത്തഞ്ചും മിനിറ്റെടുത്തിട്ടുണ്ട്. ഏതായാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് സമ്മതിക്കില്ലായെന്ന് പറഞ്ഞു.

മി. സ്പീക്കർ: അല്ലല്ല. ഇതൊരു ശീലമാക്കേണ്ട. നിശ്ചയിച്ച സമയം പത്ത് മിനിറ്റാണ് .

ശ്രീ. കെ. മുരളീധരൻ: സർ, ഇത് മൈതാന പ്രസംഗമല്ലല്ലോ. ഒരു അഴിമതിയെക്കുറിച്ച് പറയുമ്പോൾ അതിന് കൃത്യമായ ഡോക്യുമെന്റ് വേണ്ടേ?

മി. സ്പീക്കർ: അങ്ങ് വളരെ സമയനിഷ്ഠ പാലിക്കുന്ന ആളായതുകൊണ്ടാണ് ഞാൻ പറയുന്നത്, അവസാനിപ്പിക്കൂ.

ശ്രീ. കെ. മുരളീധരൻ: സർ, വെറുതെ കാടടച്ച് വെടിവച്ചിട്ട് കാര്യമുണ്ടോ? ഞാൻ ആർക്കെങ്കിലും എതിരെ അഴിമതി ആരോപിക്കുമ്പോൾ കാടടച്ച് വെടിവയ്ക്കില്ല. അതുകൊണ്ടാണ് ഇക്കാര്യങ്ങൾ പറയുന്നത്.

മി. സ്പീക്കർ: സമയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കൂ ..... പ്ലീസ്...

ശ്രീ. കെ. മുരളീധരൻ: സർ, ശ്രീ. സാജിദ് മുഹമ്മദ്, ശ്രീ. പി. മോഹനൻ, ശ്രീ. റിജാസ് ഖാലിദ് എന്നീ മൂന്നുപേരാണ് ഇന്റർവ്യൂവിന് ഹാജരായത്. ഇവരെക്കുറിച്ച് മന്ത്രിയുടെ ഓഫീസിലുള്ള വിശദീകരണക്കുറിപ്പിൽ പറയുന്നത്, ശ്രീ. സാജിദ് മുഹമ്മദിന് എം.ബി.എ. ബിരുദമുണ്ടെങ്കിലും ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലുള്ള നിയമനത്തിന് യോഗ്യനല്ല. നിലവിൽ ഏതെങ്കിലും റഗുലർ സർവ്വീസിൽ ജോലിയുള്ള ആളല്ല എന്ന് വ്യക്തമായതിനാൽ അപേക്ഷ നിരസിക്കുന്നു. സൗദി അറേബ്യയിലെ സ്ഥാപനത്തിലെ ജോലിപരിചയം മാത്രമെ അദ്ദേഹത്തിനുള്ളൂ. ശ്രീ. പി. മോഹനൻ, തമിഴ്നാട്ടിലെ പെരിയാർ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള എം.ബി.എ. ബിരുദമുണ്ടെങ്കിലും ഇന്റർവ്യൂവിന് ഹാജരാകുന്ന സമയത്ത് ഡെപ്യൂട്ടേഷൻ നിയമനത്തിന് അർഹമാകുന്ന വിധത്തിൽ ഈ ഉദ്യോഗാർത്ഥി ഒരിടത്തും ജീവനക്കാരനായിരുന്നില്ല. അതും നിരസിച്ചു. മൂന്ന്, റിജാസ് ഖാലിദ്, എം. ജി. സർവ്വകലാശാലയിൽനിന്നും ബിരുദമുള്ള ഈ ഉദ്യോഗാർത്ഥിക്ക് ഡെപ്യൂട്ടേഷൻ നിയമനത്തിന് യോഗ്യതയില്ല. കാരണം, അദ്ദേഹം ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുകയാണ്. അതുകൊണ്ട് അദ്ദേഹത്തിനും യോഗ്യതയില്ല. ഇതെല്ലാം കഴിഞ്ഞാണ് മന്ത്രിയുടെ ബന്ധുവായ ശ്രീ. കെ. ടി. അദീബിന്റെ കാര്യം വരുന്നത്. ശ്രീ. കെ. ടി. അദീബിന് ബി.ടെക് ബിരുദവും പി.ജി.ഡി.ബി.എ.-യുമുണ്ട്. സൗത്ത് ഇന്ത്യൻ ബാങ്കിൽ സീനിയർ മാനേജർ തസ്തികയിൽ ജോലി ചെയ്യുന്നു. സൗത്ത് ഇന്ത്യൻ ബാങ്കിനെക്കുറിച്ച് വളരെ വ്യക്തമായി കോടതിവിധിയുണ്ടല്ലോ; റൂൾ അനുസരിച്ച് ഡെപ്യൂട്ടേഷൻ നിയമനങ്ങൾ നടക്കേണ്ടത് സർക്കാർ സ്ഥാപനത്തിൽനിന്നോ സ്റ്റാറ്റ്യൂട്ടറി ബോഡിയായ സ്ഥാപനങ്ങളിൽനിന്നോ ആണ്. എന്നാൽ ശ്രീ. കെ. ടി. അദീബ് ഡെപ്യൂട്ടേഷനിൽ വന്നിരിക്കുന്നത് സ്വകാര്യ ഫിനാൻസ് സ്ഥാപനമായ സൗത്ത് ഇന്ത്യൻ ബാങ്കിൽ നിന്നാണ്.

മി. സ്പീക്കർ: ശ്രീ. കെ. മുരളീധരൻ....പ്ലീസ്...അങ്ങ് അവസാനിപ്പിക്കൂ...

ശ്രീ. കെ. മുരളീധരൻ: സർ, സുപ്രീംകോടതിയുടെ ജഡ്ജ്മെന്റ് അനുസരിച്ച് ഇത് സ്വകാര്യ ധനകാര്യ സ്ഥാപനമാണ്. സ്വകാര്യ ധനകാര്യ സ്ഥാപനത്തിലെ ഒരു വ്യക്തിയെ എന്തടിസ്ഥാനത്തിൽ ഡെപ്യൂട്ടേഷനിൽ നിയമിച്ചു? അത് മന്ത്രിയുടെ ബന്ധുവായതുകൊണ്ട് മാത്രമല്ലേ? അപ്പോൾ ഇത് വ്യക്തമായിട്ടുള്ള അഴിമതിയല്ലേ; ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 'കെ. ടി. അദീബ് എന്റെ അകന്ന ഒരു ബന്ധുവാണ് എന്നാണ്. സ്വന്തം പിതൃസഹോദരന്റെ ചെറുമകൻ അകന്ന ബന്ധുവാണോ?

മി. സ്പീക്കർ: പതിനാല് മിനിട്ടായി....പ്ലീസ്...ഇങ്ങനെ നീണ്ടുപോയാൽ എല്ലാവരും ഇത് ആവർത്തിക്കും. കൺക്ലൂഡ് ചെയ്യൂ.

ശ്രീ. കെ. മുരളീധരൻ: സർ, ബന്ധുവാര്, മിത്രമാര് എന്ന് ചോദിച്ചതുപോലെ ബന്ധുവിന്റെ കാര്യത്തിലും സംശയമാണ്. ഇത് വഴിയേ പോയ ബന്ധുത്വമാണോ, സ്വന്തം പിതൃസഹോദരന്റെ ചെറുമകൻ. മറ്റൊന്ന് എന്തിനാണ് എം.ബി.എ. വേണ്ടെന്നുവച്ചത്. ഇത്രയും എം.ബി.എ.-ക്കാർ ഇവിടെയുള്ളപ്പോൾ എന്തിന് ബി.ടെക്-ലേക്ക് പോയി; എന്തിന് നിയമം മാറ്റി; എന്തിന് മന്ത്രിതന്നെ ഫയലിൽ എഴുതി; ഇത് വ്യക്തമായിട്ടുള്ള അഴിമതിയല്ലേ; മൂന്നാമത്, സ്വകാര്യ സ്ഥാപനത്തിൽ നിന്നുള്ള നിയമനം ഡെപ്യൂട്ടേഷൻ എന്ന് പറയാൻ സാധിക്കുമോ? ഇത്രയും നഗ്നമായ ലംഘനം നടത്തിയിട്ടും ഇതിനൊക്കെ വെള്ളപൂശാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിക്കുമ്പോൾ ബന്ധുനിയമനം നടത്തിയെന്ന് പറഞ്ഞ് നാലുമാസം കഴിഞ്ഞാണ് ശ്രീ. ഇ. പി. ജയരാജനെ പറഞ്ഞുവിട്ടതെങ്കിൽ സ്വന്തം ബന്ധുവിനുവേണ്ടി നിയമംവരെ മാറ്റുകയും സെക്രട്ടറിപോലും വിയോജനക്കുറിപ്പ് എഴുതിയ കാര്യത്തിൽ സ്വന്തംനിലയ്ക്ക് തീരുമാനമെടുക്കാൻ മുഖ്യമന്ത്രിയെ പ്രേരിപ്പിക്കുകയും ചെയ്തതല്ലേ ഏറ്റവും വലിയ അഴിമതി? അതുകൊണ്ട് ഒരു കാര്യം വ്യക്തമാണ്, അടിയന്തരപ്രമേയം കൊണ്ടുവന്നാലൊന്നും ഒരു മന്ത്രി രാജിവയ്ക്കുകയില്ലെന്ന് ഞങ്ങൾക്കറിയാം. പക്ഷേ ഇക്കാര്യത്തിൽ ഞങ്ങൾ ഏതറ്റംവരെയും പോകും, നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരും. അവസാനം കോടതിയിൽനിന്ന് കമന്റ് വന്ന് രാജിവയ്ക്കുന്നതിനേക്കാൾ മാന്യമായി ഒഴിഞ്ഞുപോകുന്നതല്ലേ ബഹുമാനപ്പെട്ട മന്ത്രിക്ക് നല്ലത്? അതുമാത്രമല്ല, അദ്ദേഹം ആവശ്യമില്ലാതെ, അദ്ദേഹത്തിനെതിരായി സ്റ്റേറ്റ്മെന്റ്പോലും കൊടുക്കാതെ പാണക്കാട് തങ്ങളെപ്പോലും വെല്ലുവിളിക്കേണ്ട വല്ല കാര്യവുമുണ്ടോ?

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്....പുതിയ വിഷയത്തിലേയ്ക്ക് പോകല്ലേ; മൈക്ക് ഓഫാക്കേണ്ടിവരും. 15 മിനിട്ട് മിനിട്ട് കഴിഞ്ഞു....പറ്റില്ല.

ശ്രീ. കെ. മുരളീധരൻ: സർ, അതേ സമയത്ത് facts and figures ചൂണ്ടിക്കാണിച്ച് വെല്ലുവിളിച്ച ശ്രീ. ഫിറോസിന്റെ ഒരാരോപണത്തിനുപോലും മറുപടി പറയാൻ മന്ത്രിക്ക് കഴിഞ്ഞില്ല. വെറും മൈതാനപ്രസംഗം നടത്തി സ്വന്തം തെറ്റുകൾ മറച്ചുവയ്ക്കാൻ ശ്രമിച്ചാൽ അത് ഭാവിയിൽ പുറത്തുവരും; പുറത്തുപോകേണ്ടിയുംവരും. ഈ മന്ത്രിസഭയിൽനിന്നും പുറത്തുപോകുന്ന അഞ്ചാമത്തെ മന്ത്രിയായിരിക്കും ഡോ. കെ. ടി. ജലീൽ. ഞങ്ങൾ ആദ്യം പറഞ്ഞത് നാലാമത്തെയാൾ എന്നാണ്. പക്ഷേ, ശ്രീ. മാത്യൂ ടി. തോമസ് രാജിവച്ചു. അതിനുമുമ്പ് മാന്യമായി അദ്ദേഹം ഒഴിഞ്ഞുപോകണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. ഇത്രയും ഗൗരവമായ പ്രശ്നം, ഇത്രയും നഗ്നമായ അഴിമതി

നടത്തിയതിന്റെ ഡോക്യുമെന്റ് സഹിതമാണ് ഞാൻ ഈ സഭയിൽ കൊണ്ടുവന്നത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ന്യൂനപക്ഷ വിഭാഗങ്ങളിലെ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും കുറഞ്ഞ പലിശനിരക്കിൽ ലോൺ ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകുന്നതിന് National Minorities Development & Finance Corporation-ന്റെ മോഡലിൽ സംസ്ഥാന ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ള സ്ഥാപനമാണ് ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ. 2012-ൽ നിലവിൽവന്ന ഈ സ്ഥാപനം പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുകയോ ആഡിറ്റുകൾ ക്രമപ്പെടുത്തുകയോ ചെയ്തിരുന്നില്ല. മാത്രമല്ല, കിട്ടാക്കുടിശ്ശിക 20 ശതമാനത്തിന് മുകളിലായതിനാൽ ധനവിനിയോഗ കാര്യങ്ങൾക്കായി റിസർവ് ബാങ്കിന്റെ എൻ.ബി.എഫ്.സി. ലൈസൻസ് നേടിയെടുക്കാനുമായിട്ടില്ല. ഈ സാഹചര്യത്തിലാണ് ഏതെങ്കിലും മികച്ച ഒരു ധനകാര്യ സ്ഥാപനത്തിൽ ജോലി ചെയ്ത് പരിചയമുള്ള ഒരാളുടെ സേവനം പ്രസ്തുത കോർപ്പറേഷന് അനിവാര്യമാണെന്നറിഞ്ഞ് അനുയോജ്യനായ ഒരാളെ ഒരു വർഷത്തേയ്ക്ക് ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നതിന് കോർപ്പറേഷൻ ഡയറക്ടർ ബോർഡ് തീരുമാനിച്ചത്. തുടർന്നാണ് സൗത്ത് ഇന്ത്യൻ ബാങ്കിൽ 8 വർഷം മാനേജരായും സീനിയർ മാനേജരായും പ്രവൃത്തി പരിചയമുള്ള ശ്രീ. കെ. ടി. അദീബിനെ ബോർഡിന്റെ ശിപാർശപ്രകാരം ഒരു വർഷത്തേയ്ക്ക് സർക്കാർ നിയമിച്ചത്. കഴിവും സേവനസന്നദ്ധതയും പരിഗണിച്ച് ഇത്തരം തസ്തികകളിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ അപ്പോയിന്റ് ചെയ്യുന്നത് പുതിയ കാര്യമല്ല. കാലാകാലങ്ങളിൽ മാറിവരുന്ന സർക്കാരുകൾ ഭരണ നിർവ്വഹണത്തിന്റെ ഭാഗമായി ചെയ്യുന്നത് മാത്രമേ ഈ ഗവൺമെന്റും ചെയ്തിട്ടുള്ളൂ. ഇത്തരമൊരു സാധാരണ നടപടിയെയാണ് തെറ്റിദ്ധാരണ പരത്തി ഒരു മഹാപരാധമാക്കി സമൂഹമധ്യത്തിൽ അവതരിപ്പിക്കാൻ ചില കേന്ദ്രങ്ങൾ ശ്രമിച്ചത്. അതിന് അറിഞ്ഞോ അറിയാതെയോ തൽപ്പരകക്ഷികൾ കൂട്ടുപിടിക്കുകയും ചെയ്തു. കഴിഞ്ഞ 10 വർഷം എം.എൽ.എ.-യായും രണ്ടരവർഷം മന്ത്രിയായും പന്ത്രണ്ടരവർഷം ഞാൻ ഈ സഭയിൽ അംഗമാണ്. സഭയിലെ മുതിർന്നവരും നവാഗതരുമായ എല്ലാ അംഗങ്ങളുമായും അടുത്തിടപഴകാൻ എനിക്കവസരം ലഭിച്ചിട്ടുണ്ട്. തെറ്റായതും നിയമ വിരുദ്ധമായതുമായ എന്തെങ്കിലും നടപടികൾ ഇക്കാലയളവിൽ എന്റെ ഭാഗത്തുനിന്ന് അവർക്കാർക്കെങ്കിലും ഉണ്ടായിട്ടുണ്ടോയെന്ന് നെഞ്ചത്ത് കൈവച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ സ്വയം ചോദിക്കണമെന്നാണ് എന്റെ ഏക

അഭ്യർത്ഥന. 23-ാം വയസ്സിൽ ജില്ലാ കൗൺസിലിൽ അംഗമായതുമുതൽ ഇന്നുവരെ നിരവധി ഉദ്യോഗസ്ഥർ, രാഷ്ട്രീയ നേതാക്കൾ, സാംസ്കാരിക നായകന്മാർ, പൊതുപ്രവർത്തകർ, പത്രപ്രവർത്തകർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, വ്യവസായികൾ, കച്ചവടക്കാർ തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിൽ ഉള്ളവരുമായി അടുത്ത് പെരുമാറിയിട്ടുള്ള ഒരു എളിയവനാണ് ഞാൻ. അവരുടെ ആരുടെയെങ്കിലും അനുഭവങ്ങൾ മുൻനിർത്തി എന്തെങ്കിലും അന്യായമോ അഴിമതിയോ ആരോടെങ്കിലും ചെയ്തുവെന്ന് ചൂണ്ടിക്കാണിക്കാൻ കഴിയുന്ന ഒരു സാഹചര്യവും ഞാൻ ഉണ്ടാക്കിയിട്ടില്ലെന്ന് എനിക്ക് ഉറപ്പിച്ച് പറയാനാകും. മറിച്ചൊരനുഭവം എന്നെ കേൾക്കുന്ന ആർക്കെങ്കിലും ഉണ്ടായി എന്ന് വസ്തുതാപരമായി തെളിയിച്ചാൽ ഞാൻ എന്റെ പൊതുപ്രവർത്തനംതന്നെ അവസാനിപ്പിക്കും. 10 പൈസ കടം വാങ്ങിയ വകയിൽപ്പോലും ഒരാൾക്കും ഞാൻ ഇതുവരെ കൊടുക്കാനില്ല.

പവിത്രമായ ഈ നിയമനിർമ്മാണ സഭയ്ക്ക് മുമ്പാകെ സത്യസന്ധമായും ആത്മാർത്ഥമായും ഒരേ ഒരു കാര്യമാണ് ആവർത്തിച്ച് വ്യക്തമാക്കാനുള്ളത്. ചിലർ പ്രചരിപ്പിക്കുംപോലെ ഒരാളുടെയും അവസരം നഷ്ടപ്പെടുത്തിക്കൊണ്ടോ അർഹരെ തഴഞ്ഞുകൊണ്ടോ ആയിരുന്നില്ല മൈനോറിറ്റി കോർപ്പറേഷനിലെ ഡെപ്യൂട്ടേഷൻ നിയമനം നടത്തിയത്. സാമ്പത്തിക ലാഭത്തിനോ മറ്റ് നേട്ടങ്ങൾക്കോ വേണ്ടിയല്ല യോഗ്യനായ ഒരാളെ കോർപ്പറേഷന്റെ ജനറൽ മാനേജരായി ഒരു വർഷത്തേക്ക് ഡെപ്യൂട്ടേഷനിൽ നിയമിച്ചത്. അതിന് ജഗദീശ്വരൻ സാക്ഷിയാണ്. മേൽസ്ഥാപനത്തിന്റെ വളർച്ച മാത്രം ലക്ഷ്യംവച്ച് ചെയ്ത കാര്യമാണ് തീർത്തും തെറ്റായി വ്യാഖ്യാനിക്കപ്പെട്ടത്....(ബഹളം)....

മി. സ്പീക്കർ : പ്ലീസ്.....അദ്ദേഹം പറയട്ടെ.

ഡോ. കെ. ടി. ജലീൽ: സർ, എന്റെ ഭാര്യ ഫാത്തിമക്കുട്ടിയുടെ പ്രിൻസിപ്പൽ നിയമനംപോലും വിവാദമാക്കി അവതരിപ്പിക്കാൻ ശ്രമം നടന്നു. 2016 മേയ് 1-ാം തീയതിയാണ് ഫാത്തിമക്കുട്ടി വളാഞ്ചേരി എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിൽ പ്രിൻസിപ്പലായി നിയമിതയായത്. മാനദണ്ഡപ്രകാരം സീനിയോറിറ്റി അനുസരിച്ച് സ്കൂൾ മാനേജരാണ് ഈ നിയമനം നടത്തിയത് .....(ബഹളം)..... ആ സമയത്ത് ഞാൻ നിയമസഭാ തെരഞ്ഞെടുപ്പ് ഗോദയിലായിരുന്നു. അതുകഴിഞ്ഞ് മൂന്നാഴ്ചയ്ക്കുശേഷമാണ് തെരഞ്ഞെടുപ്പ് നടക്കുന്നതും മന്ത്രിയായി ഞാൻ ചുമതലയേൽക്കുന്നതും. ഈ വസ്തുത മറച്ചുവച്ച് നടത്തിയ ദുഷ്പ്രചരണം പ്രതിപക്ഷ നേതാവിനെപ്പോലെ ബഹുമാന്യനായ ഒരാൾ ഏറ്റുപിടിച്ചത് കണ്ടപ്പോൾ എനിക്കുണ്ടായ അതിശയവും ദുഃഖവും പറഞ്ഞറിയിക്കാൻ ആവാത്തതാണ്. കെട്ടിച്ചമച്ച ചാരക്കഥയിലൂടെ പൊതുപ്രവർത്തനത്തിന് കളങ്കമേറ്റ് മനസ്സുപിടഞ്ഞ

കേരള രാഷ്ട്രീയത്തിലെ ലീഡർ കെ. കരുണാകരന്റെ മകൻ തന്നെ അടിസ്ഥാനരഹിതമായ ഒരു വ്യക്തിഹത്യാ കേസ്സിന്റെ വക്കാലത്ത് ഏറ്റെടുത്തത് എന്തുകൊണ്ടാണെന്ന് എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല. ബുദ്ധിപരമായും നിരന്തരവുമായ പ്രചാരണ പ്രവർത്തനങ്ങളിലൂടെ സ്വർഗ്ഗത്തെ നരകമായും നരകത്തെ സ്വർഗ്ഗമായും ജനങ്ങൾക്ക് കാണിച്ചുകൊടുക്കാനാകുമെന്ന് ഹിറ്റ്ലർ തന്റെ ആത്മകഥയായ "Mein Kampf"-എന്ന പുസ്തകത്തിൽ എഴുതിയ വാചകങ്ങളാണ് അപവാദപ്രചാരകർക്ക് ശക്തിപകരുന്നതെങ്കിൽ എന്നെ അത് അല്പംപോലും അലോസരപ്പെടുത്തുന്നില്ല.....(ബഹളം).....

മി. സ്പീക്കർ: അദ്ദേഹത്തിന് പറയാനുള്ളത് പറയട്ടെ....പ്ലീസ്...പ്ലീസ്..

ഡോ. കെ. ടി. ജലീൽ: സർ, 'സത്യമേവ ജയതേ' എന്ന മുണ്ഡകോപനിഷത്തിലെ മൊഴിമുത്താണ് എന്നും ഞാൻ നെഞ്ചോട് ചേർത്തുവച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെയാണ് നിർഭയം എനിക്ക് മുന്നോട്ടുപോകാൻ കഴിയുന്നതും....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്... ഇരിക്കു.... ശ്രീ. മഞ്ഞളാംകുഴി അലി ചട്ടം 288 പ്രകാരം ഒരു റിക്വസ്റ്റ് നൽകിയിട്ടുണ്ട്. പക്ഷേ അങ്ങയുടെ പേര് ഇവിടെ പരാമർശിക്കപ്പെട്ടില്ലല്ലോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്ന, പറഞ്ഞിട്ടില്ല എന്ന്, മുൻമന്ത്രി എന്നാണ് പറഞ്ഞത്. അങ്ങാണെന്ന് പറഞ്ഞിട്ടില്ല. ശ്രീ. കെ. എം. മാണിയുടെ പേരാണ് പരാമർശിച്ചത്. അങ്ങ് തന്നെ അത് സ്വയം ഏറ്റെടുത്തിരിക്കുകയാണ്. പേര് പരാമർശിച്ചിട്ടില്ല. ....(ബഹളം).....

ശ്രീ. പിണറായി വിജയൻ : സർ, ഞാൻ പേര് പറഞ്ഞിട്ടില്ല. മുൻമന്ത്രി എന്നുപറഞ്ഞു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ച സമയത്ത് മുൻമന്ത്രിയുടെ വളരെ അടുത്തബന്ധു എന്നാണ് പറഞ്ഞത്. എനിക്ക് ഈ പറഞ്ഞ വ്യക്തിയുമായി എത്ര അടുത്ത എന്ത് ബന്ധമാണുള്ളതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞാൽ നന്നായിരുന്നു. എനിക്കത് അറിയില്ല. ദേശാഭിമാനി പത്രത്തിൽവന്ന വാർത്തയിൽ കണ്ടത് എന്റെ അമ്മാവന്റെ മകനാണ് ഈ പറഞ്ഞ വ്യക്തി എന്നാണ്. എനിക്ക് 6 അമ്മാവന്മാരുണ്ട്, അവർക്ക് 48 മക്കളുണ്ട്. അവരെയൊക്കെ ഞാൻ വിളിച്ചു ചോദിച്ചു. അവരാരുടെയും പേര് ഹനീഫ എന്നല്ല. ഹനീഫ എന്നയാളുടേത് ഒരു പൊളിറ്റിക്കൽ അപ്പോയിന്റ്മെന്റാണ്. അദ്ദേഹം യൂത്ത് ലീഗിന്റെ ഒരു പ്രധാനപ്പെട്ട നേതാവും ഡോ. കെ. ടി. ജലീലിന്റെകൂടെ ജോലി ചെയ്തിരുന്ന ഒരാളുമാണ്. ......(ബഹളം)..... അദ്ദേഹം M.Com, LLB, MBA എന്നീ യോഗ്യതകളുള്ള ആളാണ്.... .....

(ബഹളം).....അതുമാത്രമല്ല, കേന്ദ്ര സർക്കാരിന്റെ അവാർഡ് ഉൾപ്പെടെ 15 ലക്ഷം രൂപ ഈ കോർപ്പറേഷനിൽ കൊണ്ടുവന്നതാണ്. അത്രയ്ക്ക് വലിയൊരു വർക്കാണ് ചെയ്തത്.

മി. സ്പീക്കർ: അങ്ങ് മനസ്സിലാക്കാൻ വേണ്ടി ചട്ടം 288 ഞാൻ പറഞ്ഞുതരാം. "സഭയുടെ മുൻപാകെ ചർച്ചാവിഷയം ഒന്നുമില്ലെങ്കിൽ തന്നെയും ഒരംഗത്തിന് സ്പീക്കറുടെ അനുവാദത്തോടുകൂടി വ്യക്തിപരമായ വിശദീകരണം നൽകാവുന്നതാണ്. എന്നാൽ ഈ സംഗതിയിൽ തർക്കത്തിനിടയുള്ള യാതൊരു കാര്യവും ഉന്നയിക്കാൻ പാടില്ലാത്തതും യാതൊരു ചർച്ചയും നടത്താൻ പാടില്ലാത്തതുമാകുന്നു." അങ്ങയുടെ വിശദീകരണം പറഞ്ഞിട്ട് ഇരിക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ശ്രീ. കെ. ടി. അദീബിനെ അദബില്ലാതെ നിയമിച്ചതിന്റെ അദാബാണ് ഇപ്പോൾ അവർ അനുഭവിക്കുന്നത്.

മി. സ്പീക്കർ: അതിവിടെ പറയാൻ പാടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സംസാരിക്കാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ നിയമസഭാംഗം ശ്രീ. കെ. മുരളീധരൻ സംസാരിച്ചപ്പോൾ എന്താണ് ഉദ്ദേശമെന്ന് അവസാനം വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ അടിസ്ഥാനരഹിതമായ ആക്ഷേപങ്ങളാണ് ഉന്നയിക്കപ്പെട്ടിരിക്കുന്നത്. കോർപ്പറേഷനിലെ നിയമനത്തിന് യോഗ്യത നിശ്ചയിക്കുന്നതിന് റൂൾസ് ഓഫ് ബിസിനസ് പ്രകാരം മന്ത്രിസഭയുടെ അനുമതി തേടണമെന്ന് വ്യവസ്ഥ ചെയ്യുന്നില്ല. നേരത്തെ തന്നെയുള്ള കാര്യം പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാണ്. 2013-ൽ കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്മെന്റ് കോർപ്പറേഷനിലെ തസ്തിക സൃഷ്ടിക്കുന്ന വിഷയവും ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടക്കുന്ന കാര്യവും പുറംജോലി കരാർ അനുവദിക്കുന്ന കാര്യവുമാണ് മന്ത്രിസഭയുടെ അനുമതിക്കായി പരിഗണിച്ചിരുന്നത്. യോഗ്യത നിശ്ചയിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനാവിഷയമായി ഉൾപ്പെടുത്തിയിരുന്നില്ല. ഇക്കാര്യത്തിൽ മന്ത്രിസഭ തീരുമാനിക്കേണ്ട വിഷയമായി ഉൾപ്പെടുത്തിയത് താഴെപ്പറയുന്ന കാര്യങ്ങളാണ്:

(1) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ആസ്ഥാന കാര്യാലയം - ആവശ്യമായ ധന വകുപ്പും ആസൂത്രണ വകുപ്പും അംഗീകരിച്ചിട്ടുള്ള ജനറൽ മാനേജർ-1, കമ്പനി സെക്രട്ടറി-1, എം.ഡി.-യുടെ സി.എ.-1, സെക്ഷൻ ഓഫീസർ-1, ക്ലാർക്ക്-കം-കമ്പ്യൂട്ടർ ഓപ്പറേറ്റർ-2, ഡ്രൈവർ-കം-പ്യൂൺ-1 എന്നീ 7 തസ്തികകൾ സൃഷ്ടിക്കുന്നതിനും ഡി.റ്റി.പി. കമ്പ്യൂട്ടർ ഓപ്പറേറ്റർ, സെക്യൂരിറ്റി വാച്ച്മാൻ, കാഷ്വൽ സ്വീപ്പർ എന്നിവരുടെ സേവനം പുറംജോലി കരാർ നൽകുന്നതിനും അനുമതി നൽകാമോ;

(2) ധനവകുപ്പ് അംഗീകരിച്ചതും ആസൂത്രണ വകുപ്പിന്റെ അനുമതിയില്ലാത്തതുമായ ചെയർമാന്റെ പേഴ്സണൽ അസിസ്റ്റന്റ് (പി.എ.) എന്ന തസ്തിക സൃഷ്ടിക്കാമോ;

(3) ധന വകുപ്പും ആസൂത്രണ വകുപ്പും അംഗീകരിച്ചിട്ടില്ലാത്ത ഡെപ്യൂട്ടി മാനേജർ-1, സീനിയർ അസിസ്റ്റന്റ്-3, ഡ്രൈവർ-കം-പ്യൂൺ-2 എന്നീ 6 തസ്തികകൾ കൂടി അധികമായി സൃഷ്ടിക്കാമോ;

20-6-2013-ൽ മേൽനിർദ്ദേശങ്ങൾ അംഗീകരിക്കുകയാണ് മന്ത്രിസഭ ചെയ്തിട്ടുള്ളത്. കൂടാതെ, പി.എ. തസ്തിക സൃഷ്ടിക്കേണ്ടതില്ലെന്നും ഡെപ്യൂട്ടി മാനേജർ, സീനിയർ അസിസ്റ്റന്റ്, ഡ്രൈവർ-കം-പ്യൂൺ എന്നിവയുടെ ഓരോ തസ്തികകൾകൂടി സൃഷ്ടിക്കുവാനുമാണ് മന്ത്രിസഭ തീരുമാനിച്ചത്. കോർപ്പറേഷനിലെ യോഗ്യത നിർണ്ണയിച്ചത് മന്ത്രിസഭ തീരുമാനിക്കേണ്ട വിഷയമോ തീരുമാനമെടുത്ത വിഷയമോ ആയിരുന്നില്ല. അതുകൊണ്ടുതന്നെ യോഗ്യതയിൽ മാറ്റംവരുത്താൻ മന്ത്രിസഭയുടെ അനുമതി തേടിയിരുന്നില്ല എന്ന വാദത്തിൽ കഴമ്പില്ല. യോഗ്യത മറികടന്ന് ബന്ധുക്കളെയും മറ്റും നിയമിച്ചതിന്റെ ചരിത്രം വിശദീകരിക്കാൻ ഏതായാലും ഞാൻ പുറപ്പെടുന്നില്ല. അങ്ങനെ പുറപ്പെട്ടാൽ കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്തെ നിരവധി ഉദാഹരണങ്ങൾ പറയാൻ കഴിയും. അത്തരം ചരിത്രങ്ങൾ എണ്ണിയാലൊടുങ്ങാത്തതാണ്.

കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിലെ ജനറൽ മാനേജരായി വനിതാ വികസന കോർപ്പറേഷനിലെ റീജിയണൽ മാനേജരായിരുന്ന ഫൈസൽ മുനീറിന് കോർപ്പറേഷനിൽ സ്ഥിരനിയമനം കൊടുക്കുന്നത് ധനകാര്യ വകുപ്പിന്റെയും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെയും അഭിപ്രായം മറികടന്നുകൊണ്ടായിരുന്നു. നിയമസഭാ തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചതിനാൽ തീരുമാനം നടപ്പാക്കാൻ കഴിയാതെ പോയതാണ്. ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതിന്റെ പേരിലാണ് ജനങ്ങൾ യു.ഡി.എഫ്.-നെ താഴെ ഇറക്കിയത് എന്നുകൂടി നാം ഓർക്കേണ്ടതായിട്ടുണ്ട്. ഇവിടെ ചർച്ചയ്ക്ക് ഉന്നയിച്ച അതേ വകുപ്പുകളിലാണ് ഈ ക്രമവിരുദ്ധ നടപടികൾ ഉണ്ടായത്. ഇത്തരം പട്ടികകൾ ഇനിയും നിരത്താൻ കഴിയും. ഇനിയും വേണമെന്ന് ആരും പറയുമെന്ന് തോന്നുന്നില്ല. ആളുകളുടെ ബന്ധം പറയാതെ പേരുമാത്രം പറയാനുള്ള ലിസ്റ്റും എന്റെ കയ്യിലുണ്ട്. പക്ഷേ ഇതൊക്കെ വ്യക്തിപരമായി ആളുകളുടെ പേര് പരാമർശിച്ച് പറയേണ്ട കാര്യമാണെങ്കിലും അതിന് സാധാരണഗതിയിൽ ഇഷ്ടപ്പെടുന്നില്ല എന്നുള്ളതുകൊണ്ട് ഞാൻ പറയുന്നില്ല എന്നേയുള്ളൂ. ഇവിടെ യോഗ്യതയെയും നിയമനത്തെയും കുറിച്ച്

പറയാൻ എന്തവകാശമാണ് യു.ഡി.എഫ്.-നുള്ളത്? സർവ്വകലാശാല വൈസ്-ചാൻസലറായി സ്കൂൾ അദ്ധ്യാപകനെപ്പോലും നിയമിക്കാൻ പുറപ്പെട്ടവരല്ലേ ഇവർ; ജനാധിപത്യ കേരളത്തിന്റെയും അക്കാദമിക് സമൂഹത്തിന്റെയും ശക്തമായ പ്രതിരോധം ഉയർന്നുവന്നപ്പോൾ അത് പിൻവലിച്ചു പോകേണ്ടിവന്ന ചരിത്രം ഞാൻ ഓർമ്മിപ്പിക്കേണ്ടതുണ്ടോ? നിങ്ങൾ ശിപാർശ ചെയ്ത് നിയമിച്ച വൈസ്-ചാൻസലറെ ഗവർണ്ണർ അയോഗ്യനാക്കി പുറത്താക്കിയ ചരിത്രവും ഇവിടെയുള്ളതാണ്. ഇത്തരത്തിൽ അക്കാദമിക് യോഗ്യതയുടെയും ശേഷിയുടെയും നിറകുടമായി നിൽക്കേണ്ട സർവ്വകലാശാല വൈസ്ചാൻസലർ നിയമനങ്ങൾപോലും അട്ടിമറിക്കാൻ ശ്രമിച്ചവരാണ് നിങ്ങളെന്ന കാര്യം മറക്കരുത്. ആ ഘട്ടങ്ങളിലെല്ലാം അക്കാദമിക് സമൂഹത്തിന്റെ താല്പര്യം ഉയർത്തിപ്പിടിച്ച് ജനാധിപത്യ കേരളത്തിന്റെ സംസ്കാരത്തെ മുന്നോട്ടുവച്ച് പ്രതിരോധിച്ചത് ഞങ്ങളായിരുന്നു എന്ന കാര്യവും മറക്കരുത്. ഇവിടെ നിലവിലുള്ള ആനുകൂല്യങ്ങൾപോലും തിരസ്കരിച്ചുകൊണ്ട് വ്യവസ്ഥ പ്രകാരം നടത്തിയ നിയമനത്തെപ്പറ്റിയാണ് പുകമറ സൃഷ്ടിക്കുന്നതെന്ന വസ്തുത നിങ്ങൾ മറക്കരുത്. വ്യവസ്ഥാ ലംഘനങ്ങളുടെ ചരിത്രത്തിൽ മുങ്ങിക്കുളിച്ചവർക്ക് ഇത്തരത്തിലുള്ള സംശയങ്ങളുണ്ടാവുന്നത് സ്വാഭാവികമാണ്. നിങ്ങളുടെ രീതിയല്ല ഞങ്ങളുടേത് എന്നുമാത്രമെ പറയാനുള്ളൂ. ഡെപ്യൂട്ടേഷൻ വ്യവസ്ഥപ്രകാരം സൗത്ത് ഇന്ത്യൻ ബാങ്കിലുള്ള ഒരാളെ നിയമിക്കുന്നതിന് ഒരു തടസ്സവുമില്ല. കോ-ഓപ്പറേറ്റീവ് ബാങ്കിലുള്ള ഒരാളെ നിയമിക്കാമെങ്കിൽ സൗത്ത് ഇന്ത്യൻ ബാങ്കിലുള്ള ഒരാളെയും നിയമിക്കാം. രണ്ടും സമാനമാണ്. അതുപോലെതന്നെ എം.ബി.എ. യോഗ്യതയുള്ളയാൾ വന്നിരുന്നു. പക്ഷേ ജോലിപരിചയം ഒരു ഘടകമായിരുന്നുവെന്ന് നേരത്തെ തന്നെ പറഞ്ഞു. ബഹുമാന്യനായ കെ. മുരളീധരൻ എം.ബി.എ.-യുടെ കാര്യം മാത്രമെ പറഞ്ഞുള്ളൂ. ജോലി പരിചയമില്ലെന്ന് അദ്ദേഹത്തിനുതന്നെ അതിന്റെ കൂട്ടത്തിൽ പ്രസ്താവിക്കേണ്ടി വന്നു. അതുകൊണ്ടാണ് അവരെ ഒഴിവാക്കുന്ന നില ഉണ്ടായത്. അതുകൊണ്ട് ഈ നിയമനത്തിൽ പ്രത്യേക ക്രമക്കേടൊന്നും ഉണ്ടായിട്ടില്ല. അനാവശ്യമായൊരു പുകമറ സൃഷ്ടിക്കാനുള്ള ശ്രമം മാത്രമാണത്. അതിനുവേണ്ടി നിയമസഭയുടെ സമയം ഉപയോഗിക്കേണ്ടതില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എല്ലാ അഴിമതിക്കാരെയും സംരക്ഷിക്കാൻ കോൺട്രാക്കെടുത്ത മുഖ്യമന്ത്രിയുടെ പ്രസംഗമാണ് ഇവിടെ കേട്ടത്. അഴിമതിയിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന ഒരു ഗവൺമെന്റിന്റെ തലവനെന്നുള്ള നിലയിൽ അദ്ദേഹത്തിന് അതിൽ സാമർത്ഥ്യമുണ്ടെന്ന് വീണ്ടും തെളിയിച്ചിരിക്കുകയാണ്. ബ്രൂവറി ഡിസ്റ്റിലറി അഴിമതി കേസ് കയ്യോടെ പിടിച്ചപ്പോൾ നനയാതെ ഈറൻ ചുമക്കേണ്ടെന്ന് പറഞ്ഞ് അത് പിൻവലിച്ചോടിയ ഗവൺമെന്റാണ് ഇതെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഡോ. കെ. ടി. ജലീലിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നിയത് അദ്ദേഹം രാജിവച്ചിട്ട് നടത്തുന്ന ഒരു പ്രസംഗത്തിന്റെ ധ്വനിയായിരുന്നു. ഡോ. കെ. ടി. ജലീലിനെതിരെ ശ്രീ. കെ. മുരളീധരൻ ഇവിടെ ഉന്നയിച്ച ഒരാരോപണത്തിനും അദ്ദേഹം മറുപടി പറഞ്ഞില്ല. ഞങ്ങളാരും മന്ത്രിയുടെ സ്വഭാവത്തെക്കുറിച്ച് ഇവിടെ പറഞ്ഞില്ലല്ലോ? അങ്ങയുടെ പൊതുജീവിതത്തെപ്പറ്റി ആരെങ്കിലും പറഞ്ഞോ? അങ്ങ് ചെയ്ത നിയമന നടപടിയിലുള്ള ഗുരുതരമായ പിശക്, ബന്ധുനിയമനത്തിലൂടെ അങ്ങ് ചെയ്ത തെറ്റ്, അതിന് വഴിതെളിക്കാൻവേണ്ടി അങ്ങ് ഇറക്കിയ ഓർഡർ, ഗവൺമെന്റിനെയും മുഖ്യമന്ത്രിയെയും തെറ്റിദ്ധരിപ്പിച്ചുകൊണ്ട് അങ്ങ് ചെയ്ത നിയമന രീതി, ഒരു ചിലന്തി വലവിരിക്കുന്നതുപോലെയാണ് അങ്ങ് ഇക്കാര്യങ്ങൾ ചെയ്തതെന്നുള്ളത് വളരെ വ്യക്തമായ കാര്യമാണ്. അങ്ങയുടെ പേഴ്സണൽ ക്യാരക്ടറിനെപ്പറ്റി ഇവിടെ ആരും ചോദ്യം ചെയ്തിട്ടില്ല. അത് വേറൊരു വിഷയമാണ്. മന്ത്രിയെന്നുള്ള നിലയിൽ മന്ത്രി ചെയ്യാൻ പാടില്ലാത്ത കാര്യം ചെയ്തുവെന്ന് പറയുമ്പോൾ അതിനെന്താണ് മറുപടി പറയാത്തത്? ശ്രീ. ഇ. പി. ജയരാജൻ എന്തിനാണ് രാജിവച്ചതെന്ന വളരെ പ്രസക്തമായ ഒരു ചോദ്യം ഇവിടെയുണ്ട്. ശ്രീ. ഇ. പി. ജയരാജൻ മന്ത്രിയായി ആഴ്ചകൾ കഴിയുന്നതിനുമുമ്പ് അദ്ദേഹം കൊടുത്ത ഒരു കത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ അടുത്ത ഒരു ബന്ധുവിനെ നിയമിച്ചു. അതിൽ ഞാനാണ് വിജിലൻസിൽ പരാതി കൊടുക്കുന്നത്. സ്വാഭാവികമായും അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഇ. പി. ജയരാജൻ രാജിവച്ചു. ശ്രീ. ഇ. പി. ജയരാജൻ ചെയ്തതിനേക്കാൾ എത്രയോ മടങ്ങ് വലിയ തെറ്റാണ് ഡോ. കെ. ടി. ജലീൽ ചെയ്തിട്ടുള്ളത്. ശ്രീ. ഇ. പി. ജയരാജൻ തെറ്റ് ചെയ്തെങ്കിൽ അദ്ദേഹം രാജിവയ്ക്കാനുള്ള മര്യാദ കാണിച്ചു. ഡോ. കെ. ടി. ജലീൽ ആ മര്യാദ കാണിക്കുന്നില്ല. മര്യാദ കാണിക്കാത്ത ഡോ. കെ. ടി. ജലീലിനെ മുഖ്യമന്ത്രി പ്രൊട്ടക്ട് ചെയ്യുന്നുവെന്നതാണ് ഇവിടത്തെ പ്രശ്നം. ഡോ. കെ. ടി. ജലീലിന് കൊടുത്ത നീതി എന്തുകൊണ്ട് ശ്രീ. ഇ. പി. ജയരാജന് കൊടുത്തില്ലെന്ന് ആരെങ്കിലും ചോദിച്ചാൽ കുറ്റപ്പെടുത്താൻ കഴിയുമോ? ഇവിടെ അദ്ദേഹത്തിനെതിരായ ആരോപണം എന്താണ്? തന്റെ ബന്ധുവിനെ

ഒരു പൊതുമേഖലാ സ്ഥാപനത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചുവെന്നതാണ്. ഡോ. കെ. ടി. ജലീലിന്റെ പ്രസംഗം ഞങ്ങൾ കേട്ടു. അദ്ദേഹം അതിനെപ്പറ്റി മറുപടി പറഞ്ഞില്ല. ഡെപ്യൂട്ടേഷൻ നിയമനം അത്ര വലിയ കാര്യമാണോയെന്ന് ചോദിക്കാം. അല്ലെന്ന് തന്നെയാണ് പറയേണ്ടത്. പക്ഷെ, ആ രീതിയെ സംബന്ധിച്ചാണ് ഇവിടത്തെ പ്രശ്നം. ശ്രീ. ഇ. പി. ജയരാജൻ മന്ത്രി സ്ഥാനത്തുനിന്നും ഒഴിഞ്ഞ സമയത്ത്, 13-10-2016-ൽ കാബിനറ്റിന്റെ ഒരു തീരുമാനം ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉന്നത നിയമനത്തിന് വിജിലൻസ് ക്ലിയറൻസ് നിർബന്ധമാക്കാനും അത് കർശനമായി പാലിക്കാനും പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ ഉന്നത നിയമനങ്ങളിലേക്ക് ദേശീയതലത്തിൽ അംഗീകാരമുള്ള സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തി അവരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്താനും തീരുമാനിച്ചു. ഏത് വിദഗ്ദ്ധ സമിതിയാണ് സൗത്ത് ഇന്ത്യൻ ബാങ്കിലെ ഉദ്യോഗസ്ഥനെ ജനറൽ മാനേജരായി നിയമിക്കാനുള്ള ഉത്തരവ് കൊടുത്തത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇത് അങ്ങയുടെ അദ്ധ്യക്ഷതയിൽ കൂടിയ കാബിനറ്റ് തീരുമാനമാണ്. അത് ഞങ്ങൾ പറയുമ്പോൾ എന്തിനാണ് മറച്ചുവയ്ക്കുന്നത്? ബന്ധുവിന് നിയമനം നൽകാനായി നിലവിലുള്ള ജനറൽ മാനേജരെ രാജിവയ്പിച്ച് തസ്തിക സൃഷ്ടിച്ചു. ബന്ധുവിന് നിയമനം നൽകാൻ പാകത്തിന് മന്ത്രി നേരിട്ട് യോഗ്യതയിൽ ഇളവ് വരുത്തി. എന്റെ കയ്യിലുള്ളത് ഡോ. കെ. ടി. ജലീൽ എഴുതിയ നോട്ടാണ്. (പേപ്പർ ഉയർത്തിക്കാണിച്ചു.) ഞാൻ അത് വായിക്കുന്നില്ല. ക്വാളിഫിക്കേഷൻ മാറ്റി ഉത്തരവിറക്കുകയെന്ന നോട്ടാണിത്. ശ്രീ. എ. ഷാജഹാൻ ബുദ്ധിമാനായ ഉദ്യോഗസ്ഥനായതുകൊണ്ട് ആ നോട്ട് കാബിനറ്റിൽ ചംക്രമണം ചെയ്യണമെന്നുള്ള അദ്ദേഹത്തിന്റെ നോട്ടാണിത്. മന്ത്രി അത് മുഖ്യമന്ത്രിയെ കാണിച്ചപ്പോൾ ഫയലിൽ ഒപ്പിട്ട് തരണമെന്ന് പറഞ്ഞുകാണും, ചിലപ്പോൾ മുഖ്യമന്ത്രി ഒപ്പിട്ട് കൊടുത്തുകാണും. കാബിനറ്റിൽ വയ്ക്കണമോ വേണ്ടയോ എന്നുള്ളത് മുഖ്യമന്ത്രിക്ക് തീരുമാനിക്കാം. ഞാൻ അതിനെ എതിർക്കുന്നില്ല. പക്ഷെ, ഐ.എ.എസ്. ഉദ്യോഗസ്ഥനായ വകുപ്പുസെക്രട്ടറി ശ്രീ. എ. ഷാജഹാൻ എഴുതിയത് എന്തുകൊണ്ടാണ്? മന്ത്രി എഴുതിക്കൊടുത്ത നോട്ടിൽ ഉത്തരവിറക്കിയാൽ പോരായിരുന്നോ? കൊടുത്തില്ല. ക്യാബിനറ്റിൽ വയ്ക്കാൻ പറഞ്ഞു. ക്യാബിനറ്റിൽ വയ്ക്കണോ വേണ്ടയോ എന്ന് തീരുമാനിക്കാൻ മുഖ്യമന്ത്രിക്ക് അദ്ദേഹം അത് സർക്കുലേറ്റ് ചെയ്യുന്നു. മുഖ്യമന്ത്രി അത് ഒപ്പിടുന്നു. ക്യാബിനറ്റിൽ വച്ചില്ല. മുഖ്യമന്ത്രി അത് ക്യാബിനറ്റിൽ വയ്ക്കാതിരുന്നത് മന്ത്രി ചെന്ന് പറഞ്ഞിട്ടായിരിക്കാം. അല്ലെങ്കിൽ മുഖ്യമന്ത്രി ക്യാബിനറ്റിൽ വയ്ക്കുമായിരുന്നല്ലോ?

സ്വാഭാവികമായും കാബിനറ്റിൽ വയ്ക്കുന്നതിനായി ഒരു ഫയൽ മുഖ്യമന്ത്രിയുടെ കയ്യിൽ എത്തിയാൽ അത് ക്യാബിനറ്റിൽ വയ്ക്കാറാണുള്ളത്. എന്നാൽ ഇത് കാബിനറ്റിൽ വച്ചില്ല. വളരെ ബോധപൂർവ്വം സ്വന്തം ബന്ധുവിനെ നിയമിക്കാൻ അദ്ദേഹം രണ്ട് വർഷം കാത്തിരുന്നു. ജനറൽ മാനേജരുടെ തസ്തിക ഒഴിഞ്ഞുകിടന്നു. ഒടുവിൽ അന്തരീക്ഷം അനുകൂലമായി വന്നപ്പോൾ നിയമനം നൽകി. കൃത്യമായ ആസൂത്രണത്തോടെയാണ് ചെയ്തിട്ടുള്ളത്. പഠിച്ച കള്ളന്മാർക്ക് മാത്രമെ ഇത്തരം കാര്യങ്ങൾ ചെയ്യാൻ കഴിയൂവെന്നുള്ളതാണ് സത്യം. ബന്ധുനിയമനത്തിനായി ചിലന്തി വല കെട്ടുന്നതുപോലെ അഴിമതിക്ക് വലയും കെട്ടി കാത്തിരിക്കുകയായിരുന്നു ഡോ. കെ. ടി. ജലീൽ. ഡോ. കെ. ടി. ജലീൽ മന്ത്രിയായതിന്റെ അടുത്ത ദിവസംതന്നെ നിലവിലുണ്ടായിരുന്ന ജനറൽ മാനേജരെ പറഞ്ഞുവിട്ടു. വീണ്ടും ഒരു മാസംകൂടി കഴിഞ്ഞപ്പോഴാണ് ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ ജനറൽ മാനേജർ നിയമനത്തിനുള്ള യോഗ്യതയിൽ ഇളവ് വരുത്തിയത്. നമ്മുടെ നാട്ടിൽ മിടുക്കന്മാർക്ക് ക്ഷാമമുണ്ടോ? എം.ബി.എ.-ക്കാർക്ക് ക്ഷാമമുണ്ടോ; ബി.ടെക്.-കാർക്ക് ക്ഷാമമുണ്ടോ; എല്ലാ തസ്തികകളിലേയ്ക്കും ആവശ്യാനുസരണമുള്ള ഉദ്യോഗാർത്ഥികൾ നിലവിലുള്ള സ്ഥലമാണ് കേരളം. ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷന്റെ ജനറൽ മാനേജർ തസ്തികയ്ക്ക് ബിരുദത്തോടൊപ്പം എം.ബി.എ. (മാർക്കറ്റിംഗ്/ഫിനാൻസ്)/സി.എ./സി.എസ്./ ഐ.സി.ഡബ്ല്യു.എ. എന്നിവയിൽ ഒന്നാണ് യോഗ്യതയായി നിശ്ചയിച്ചിരുന്നത്. ഇതിനോടൊപ്പം ബി.ടെക്.-ഉം പി.ജി.ഡി.ബി.എ. എന്ന ഡിപ്ലോമയും കൂടി കൂട്ടിച്ചേർക്കാനാണ് മന്ത്രി നിർദ്ദേശിച്ചത്. അപ്പോൾ ഇവിടത്തെ അർത്ഥമെന്താണ്? തനിക്ക് ഇഷ്ടപ്പെട്ട ഒരാളിനെ നിയമിക്കണം. അതിനായി യോഗ്യതയിൽ ഇളവ് വരുത്തുന്നു. ആ യോഗ്യതയുടെ അടിസ്ഥാനത്തിൽ ആളിനെ നിയമിക്കുന്നു. ചെരുപ്പിന്റെ സൈസ് അനുസരിച്ച് കാൽ മുറിക്കുകയെന്ന നടപടിയാണ് ഡോ. കെ. ടി. ജലീൽ ഇവിടെ ചെയ്തത്. വിദ്യാഭ്യാസ യോഗ്യതയിൽ മാറ്റംവരുത്തുമ്പോൾ അതിന് മന്ത്രിസഭയുടെ അംഗീകാരം വേണം. മുഖ്യമന്ത്രി ഇതിൽ ഒപ്പിട്ടതിൽ ഞാൻ അദ്ദേഹത്തെ തെറ്റ് പറയുന്നില്ല. കാരണം, മന്ത്രി പറഞ്ഞാൽ ചിലപ്പോൾ ഒപ്പിട്ടെന്ന് വരും. ഒരു ഡെപ്യൂട്ടേഷനല്ലേ, പക്ഷേ, ഇന്റൻഷനാണ് ഇവിടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഡോ. കെ. ടി. ജലീലിനെപ്പോലെ ഒരാൾ ഇങ്ങനെയൊരു ഇന്റൻഷനോടുകൂടി പ്രവർത്തിക്കാൻ പാടില്ലായിരുന്നു എന്നുള്ളതാണ് ശ്രീ. പി. കെ. ഫിറോസ് എന്ന യൂത്ത് ലീഗിന്റെ........

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ബി.ടെക്. വിത്ത് പി.ജി.ഡി.ബി.എ.

മാത്രമല്ല, എം.ബി.എ. (എച്ച്.ആർ.) കൂടി യോഗ്യതയായി കൂട്ടിച്ചേർത്തിട്ടുണ്ട്. എച്ച്.ആർ. നേരത്തെ ഉണ്ടായിരുന്നില്ല. ഒരൊറ്റ യോഗ്യതയല്ല, നിലവിലുള്ളത് നിലനിർത്തി രണ്ട് യോഗ്യതകൾ കൂട്ടിച്ചേർക്കുകയാണ് ചെയ്തത്. അങ്ങനെയൊക്കെയായിട്ടും 7 അപേക്ഷകർ മാത്രമെ ഉണ്ടായിരുന്നുള്ളൂ എന്നതുകൂടി അങ്ങ് മനസ്സിലാക്കണം.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം മനസ്സിലാക്കണം. അങ്ങ് ഒരാളെ നിയമിക്കാൻ ഉദ്ദേശിച്ചുകൊണ്ട് നടത്തിയ നിയമനമാണ് ഇവിടെ ഏറ്റവും വലിയ പ്രതിഷേധമായി വന്നിട്ടുള്ളത്. അങ്ങ് എന്തിനുവേണ്ടിയാണ് അതിൽ മാറ്റംവരുത്തിയത്? ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ നന്നാക്കാൻ വേണ്ടിയാണോ ഈ മാറ്റംവരുത്തിയത്; ഒരിക്കലുമല്ല. കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെ കേട്ടിട്ടില്ലാത്ത നിയമനരീതിയാണിത്. അദ്ദേഹത്തിന്റെ ഫേസ്ബുക്ക് പോസ്റ്റ് ഞാൻ വായിച്ചു. ശ്രീ. കെ. ടി. അദീബിനെ വീട്ടിൽ പോയി ക്ഷണിച്ചുകൊണ്ടുവന്നതാണെന്നാണ്. ക്ഷണിച്ചുവരുത്തേണ്ട കാര്യമെന്താണ്? ഇതെന്താ വെള്ളരിക്കാ പട്ടണമാണോ; നമ്മുടെ നാട്ടിൽ ആളെ കിട്ടില്ലേ, വീട്ടിൽപ്പോയി ക്ഷണിച്ചുകൊണ്ടുവരാൻ? അതോ ശ്രീ. കെ. ടി. അദീബ് കേരളത്തിലെങ്ങും കിട്ടാത്ത പ്രതിഭാശാലിയാണോ? ശ്രീ. കെ. ടി. അദീബിന് അണ്ണാ സർവ്വകലാശാലയിലെ പി.ജി. ഡിപ്ലോമ മാത്രമേയുള്ളൂ. റിസർവ് ബാങ്ക് ഗവർണറായിരുന്ന ശ്രീ. രഘുറാം ജി. രാജനുമായി അദ്ദേഹത്തെ ഈക്വലൈസ് ചെയ്തിരിക്കുന്നു. അദ്ദേഹത്തിനും ഈ ഡിഗ്രിയേ ഉള്ളൂ എന്നാണ് പറയുന്നത്. ശ്രീ. രഘുറാം ജി. രാജന്റെ ക്വാളിഫിക്കേഷനുള്ള ഒരാളെയാണ് അങ്ങ് നിയമിച്ചതെങ്കിൽ പിന്നെ എനിക്ക് അതിനെപ്പറ്റി ഒന്നും പറയാനില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുറെ ലിസ്റ്റൊക്കെ വായിച്ചു, അതിലൊന്നും കാര്യമില്ല. സ്വന്തം മന്ത്രിയെ അദ്ദേഹം പ്രൊട്ടക്റ്റ് ചെയ്യുന്നതിൽ എനിക്ക് എതിർപ്പില്ല. പക്ഷേ, മന്ത്രി ചെയ്തത് ഗുരുതരമായ തെറ്റാണ്. ഡി.വൈ.എഫ്.ഐ.-കാരായ ആളുകൾക്ക് ജോലി കൊടുക്കുന്നതിനേക്കാൾ താൽപ്പര്യം ഇവിടത്തെ മന്ത്രിമാർക്ക് സ്വന്തം ബന്ധുക്കൾക്ക് നിയമനം കൊടുക്കാനായിരുന്നു. ഇവരൊക്കെ മന്ത്രിമാരായതും സ്വന്തം ബന്ധുക്കളെ നിയമിക്കാൻ വേണ്ടിയാണ്. ഈ സഭയിൽ പല അംഗങ്ങളുമുണ്ട്. ഈ സ്ഥാനത്തിരുന്നുകൊണ്ട് ഞാനത് പറയുന്നത് ശരിയല്ലാത്തതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല.

സൗത്ത് ഇന്ത്യൻ ബാങ്ക് ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമല്ല, കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്ന് നിയമിക്കാമെങ്കിൽ സൗത്ത് ഇന്ത്യൻ ബാങ്കിൽനിന്നും നിയമിക്കാമെന്നാണ് അദ്ദേഹം പറഞ്ഞത്. അത് ശരിയല്ല. Co-operative Bank is under the State Government; South Indian Bank is not under the State

Government; it is a Scheduled Bank. ശ്രീ. കെ. മുരളീധരൻ അതിനെക്കുറിച്ച് പറഞ്ഞു. സഹകരണ ബാങ്ക് എന്നുപറയുന്നത് സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ്. ഒരു കൺട്രോളും ഇല്ലാത്ത ബാങ്കാണ് സൗത്ത് ഇന്ത്യൻ ബാങ്ക്. ശ്രീ. കെ. ടി. അദീബ് സൗത്ത് ഇന്ത്യൻ ബാങ്കിൽ കൂടുതൽ ശമ്പളം വാങ്ങിയിരുന്നതായും ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനിൽ ശമ്പളം കുറവാണെന്നും അദ്ദേഹം ഒരു മഹാത്യാഗം ചെയ്തുവെന്നും മന്ത്രി പറഞ്ഞു. അങ്ങനെ വലിയ ത്യാഗത്തിന്റെ ആവശ്യമൊന്നും ഇല്ല. ഇന്റർവ്യൂവിന് ക്ഷണിച്ചാൽ ധാരാളം ചെറുപ്പക്കാരെ ഈ പോസ്റ്റുകളിൽ ഇന്റർവ്യൂ നടത്തി നിയമിക്കാൻ കഴിയുന്നതാണ്. യഥാർത്ഥത്തിൽ ഡോ. കെ. ടി. ജലീൽ പറയുന്നതുപോലെ, സൗത്ത് ഇന്ത്യൻ ബാങ്കിൽ 1,10,000 രൂപ ശമ്പളം അദ്ദേഹത്തിനില്ലായിരുന്നു. പകരം 85,644 രൂപയാണ് ലഭിച്ചത്. എല്ലാംകൂടി നോക്കുമ്പോൾ കള്ളം കൊണ്ടൊരു ചീട്ട് കൊട്ടാരമാണ് മന്ത്രി ഇവിടെ നടത്തിയത്. ഒരു കള്ളം പറഞ്ഞാൽ അതിനെ മറയ്ക്കാൻ ആയിരം കള്ളം പറയേണ്ടിവരും എന്നൊരു ചൊല്ലുണ്ട്. ദയവായി മന്ത്രി അത്തരമൊരു വൃഥാവ്യായാമത്തിന് പോകരുതെന്നാണ് പറയുന്നത്. പച്ചയായ സ്വജനപക്ഷപാതം, പച്ചയായ അഴിമതി, പച്ചയായ ഫേവറിറ്റിസം അതാണ് അദ്ദേഹം ഇവിടെ കാണിച്ചിട്ടുള്ളത്. ഇത് അഴിമതിയാണ്, Prevention of Corruption Act 13(A) അനുസരിച്ച് ഇത് corruption തന്നെയാണ്. അതുകൊണ്ടാണ് മന്ത്രി രാജിവയ്ക്കണമെന്ന് ഞങ്ങൾ പറയുന്നത്. ഇതുപോലെ അഴിമതി നടത്തിയ ഒരു മന്ത്രിയെ സംരക്ഷിക്കുന്ന മുഖ്യമന്ത്രിയുടെ നിലപാട് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ട് മന്ത്രി ഡോ. കെ. ടി. ജലീൽ ഓരോ നിമിഷവും ആ സ്ഥാനത്ത് തുടരുമ്പോൾ അഴിമതിയെ സംരക്ഷിക്കുകയാണ് അഴിമതിയോട് സന്ധിചെയ്യുന്ന ഗവൺമെന്റാണ് ഇതെന്ന് വ്യക്തമാകുന്നു. അഴിമതിയിൽ മുങ്ങിക്കുളിച്ച് നിൽക്കുന്ന സർക്കാരായി ഈ സർക്കാർ മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങയെ അങ്ങയുടെ മന്ത്രി വല്ലാതെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. ഉദാഹരണത്തിന് അങ്ങ് പറഞ്ഞത് ഇത് കാബിനറ്റിന്റെ അംഗീകാരത്തിന് വയ്ക്കേണ്ട ആവശ്യമില്ലെന്നാണ്. എന്നാൽ സെക്രട്ടറി എഴുതിയ കുറിപ്പ് മാത്രം വായിച്ചാൽ മതി. 'കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ജനറൽ

മാനേജർ പോസ്റ്റ് ക്രിയേഷൻ, വിദ്യാഭ്യാസ യോഗ്യതയും നിശ്ചയിച്ചത് ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തോടുകൂടി, മന്ത്രിസഭായോഗ തീരുമാനപ്രകാരമാണ് ' എന്നാണ്. സെക്രട്ടറി എഴുതിയിട്ട് അങ്ങ് പറയുന്നത് അത് മന്ത്രിസഭാ തീരുമാനപ്രകാരം അല്ലെന്നാണ്. അപ്പോൾ സെക്രട്ടറി എഴുതിയത് തെറ്റാണോ? 'ആയതിനാൽ വിദ്യാഭ്യാസ യോഗ്യതയിൽ മാറ്റം വരുത്തുമ്പോൾ മന്ത്രിസഭാ യോഗത്തിൽ വയ്ക്കേണ്ടതുണ്ടോയെന്ന വിഷയം, ഫയൽ ഉത്തരവിനായി മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുന്നതിന് അയയ്ക്കുന്നുവെന്ന് എ. ഷാജഹാൻ'. ഇതിനെയാണ് തെറ്റിദ്ധരിപ്പിച്ചുകൊണ്ട് മന്ത്രി എഴുതിയ മറുപടിയാണ് ഏറ്റവും വലിയ പ്രശ്നം. അങ്ങ് ആ തെറ്റിദ്ധാരണയിൽ വീഴാൻ സാദ്ധ്യതയുണ്ട്. കാരണമെന്തെന്നാൽ 'അധിക യോഗ്യത നിശ്ചയിച്ചുകൊണ്ടുള്ള തീരുമാനത്തിന് അത് ആവശ്യമില്ല'. യഥാർത്ഥത്തിൽ അധിക യോഗ്യതയാണെന്ന് അങ്ങയെ ധരിപ്പിക്കുകയും സത്യത്തിൽ യോഗ്യത കുറച്ചുകൊടുക്കുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ് ഇവിടെ നടന്നിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ വകുപ്പുകൂടി കൈകാര്യം ചെയ്യുന്ന അങ്ങേയ്ക്ക് എം.ബി.എ. എന്നുപറയുന്നത് മാസ്റ്റർ ബിരുദമാണോ പി.ജി.ഡി.ബി.എ. എന്നുപറയുന്ന ഡിപ്ലോമയാണോ വലുത് എന്നുള്ളതിനെക്കുറിച്ചെങ്കിലും അറിയേണ്ടതല്ലേ? ഇത് സാധാരണക്കാരോട് ചോദിച്ചാൽ അവർക്കറിയാം. ഏതെങ്കിലും ഒരു ആശുപത്രിയിൽ പോകുമ്പോൾ എം.ഡി. ഡോക്ടറാണോ ഡിപ്ലോമ ഡോക്ടറാണോയെന്ന് നോക്കിയിട്ടാണ് സാധാരണക്കാരൻപോലും ഇതിലെ ഡിഗ്രി ഏതാണ് വലുതെന്ന് മനസ്സിലാക്കി ഡോക്ടറെ കാണിക്കുന്നത്. അങ്ങനെയുള്ള ഒരു സ്ഥലത്ത് അങ്ങ് തെറ്റിദ്ധരിപ്പിച്ച് എം.ബി.എ. എന്നുള്ള ഡിഗ്രിയെ പി.ജി.ഡി.ബി.എ.-ആക്കി അധിക യോഗ്യതയാണെന്ന് പറയുന്നിടത്താണ് പ്രശ്നം. അതുപോലെ ഗ്രാജ്വേറ്റ് എന്ന് പറയുന്നതിനെ മാറ്റി B.Tech ആക്കുകയും അതേ B.Tech-കാരൻതന്നെ ഇതേ B.Tech-ഉം പി.ജി.ഡി.ബി.എ-യും ഉള്ളയാളായി കടന്നുവരികയും ചെയ്യുമ്പോൾ ഏത് വ്യക്തിക്കും മനസ്സിലാകുന്ന കാര്യമാണ് ഇത് ഇന്ന ആളിനുവേണ്ടി 'ടെയിലർ മെയ്ഡായി' ചെയ്തിട്ടുള്ള ഒരു പുതിയ തസ്തിക സൃഷ്ടിക്കലാണെന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല. അപ്പോൾ യോഗ്യതയുള്ള ഒരാളിനുവേണ്ടി യോഗ്യത നിർണ്ണയിച്ചുകൊടുക്കുന്ന കാര്യം തന്നെയാണ് ഇതിലെ ഏറ്റവും വലിയ അഴിമതി. അത് അങ്ങയെ തെറ്റിദ്ധരിപ്പിച്ച് കാബിനറ്റിൽ വന്നാൽ ചർച്ചയ്ക്ക് വിധേയമാകും എന്നുള്ളതുകൊണ്ട്, കാബിനറ്റ് കാണാതെ അങ്ങയുടെ കയ്യിൽ നേരിട്ട് കൊണ്ടുവന്ന് ഒപ്പ് വാങ്ങി ഇക്കാര്യം നേടിയിരിക്കുകയാണ്. യഥാർത്ഥത്തിൽ ഇത് രണ്ട് വർഷംമുമ്പ് വന്ന പത്രക്കുറിപ്പാണ്. ആ പത്രക്കുറിപ്പിന്റെ അടിസ്ഥാനത്തിലുള്ള അഭിമുഖംപോലും ഇല്ലാതെ അദ്ദേഹത്തിനെ ഏറ്റെടുക്കുന്നത് രണ്ട്

വർഷത്തിനുശേഷമാണ്. എന്തുകൊണ്ടാണ് അന്ന് എടുക്കാതിരിക്കാനുള്ള കാരണമെന്ന് നമുക്കറിയാം, ആ സമയത്താണ് ഇ. പി. ജയരാജേട്ടന്റെ രാജിയുമായി ബന്ധപ്പെട്ട വിഷയങ്ങളുണ്ടായത്. അതുകൊണ്ട് അത് കെട്ടടങ്ങട്ടേയെന്ന നിലയിൽ മാറ്റിവയ്ക്കുകയായിരുന്നു. എനിക്ക് അങ്ങയോട് പറയാനുള്ളത് അങ്ങയുടെ പാർട്ടിയുടെ സ്വന്തം പുത്രനോട് കാണിക്കാത്ത വാത്സല്യം അങ്ങ് എടുത്ത് വേറെ പാർട്ടിയിൽനിന്നും കൊണ്ടുവന്ന് വളർത്തുന്ന ഒരാളിനോട് കാണിക്കുന്നതെന്തിനാണെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ...... (....ബഹളം...) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആണെങ്കിൽപ്പോലും എങ്ങനെയാണ് സൗത്ത് ഇന്ത്യൻ ബാങ്കിൽനിന്നും നിയമനം നടത്തുന്നത്? അത് സ്റ്റാറ്റ്യൂട്ടറി ബോഡിയല്ലെന്ന് കോടതി വിധിപോലുമുണ്ട്. കോടതിവിധിയിൽ ഇത്തരം ബാങ്കുകൾ സ്റ്റാറ്റ്യൂട്ടറി ബോഡിയല്ല, സ്റ്റാറ്റ്യൂട്ട് പ്രകാരമല്ല എന്നുപറഞ്ഞിട്ടുണ്ട്. അങ്ങനെയാണെങ്കിൽ 'കൊശമറ്റം' ഫൈനാൻസിൽനിന്നും 'മിനി മുത്തൂറ്റിൽ'-ൽനിന്നും 'ശ്രീ ഗോകുലം' ഫിനാൻസിൽനിന്നുമൊക്കെ ഇഷ്ടംപോലെ ആളുകളെ ഞങ്ങൾ തരാം. അദ്ദേഹം വെല്ലുവിളിച്ചതാണല്ലോ ഇതുപോലെ യോഗ്യതയുള്ള ആളുകൾ ഉണ്ടോയെന്ന്. സ്റ്റാറ്റ്യൂട്ടല്ലാത്ത സ്ഥാപനങ്ങളിൽനിന്നും ആയിരക്കണക്കിന് ആളുകളെ കൊണ്ടുതരാൻ ഞങ്ങൾ തയ്യാറാണ്. പത്രക്കാരോടും അങ്ങ് വെല്ലുവിളിച്ചതാണ്. എത്ര ചെറുപ്പക്കാർ ഇവിടെയുണ്ട്. അല്ലെങ്കിൽ ഇതൊന്നും തീരുമാനിക്കാതെ ഇന്റർവ്യൂപോലും നടത്താതെ നേരിട്ട് നിയമിക്കാമായിരുന്നല്ലോ. ഇത് കുറെ ആളുകളെ വിഡ്ഢികളാക്കി അവരെയൊക്ക ഇന്റർവ്യൂവിന് വിളിച്ചുവരുത്തി, അവർക്കൊക്കെ എം.ബി.എ. ബിരുദമുണ്ട്, ആ എം.ബി.എ. ഒന്നുമല്ല, ഇവിടത്തെ ഏറ്റവും വലിയ യോഗ്യത പി.ജി.ഡി.ബി.എ. ആണ് എന്നുപറഞ്ഞു, പി.ജി.ഡി.ബി.എ-യ്ക്കുള്ള തത്തുല്ല്യ സർട്ടിഫിക്കറ്റുപോലും ഇല്ല. പല ആളുകളെയും നിങ്ങൾ ഇന്റർവ്യൂവിൽനിന്നും മാറ്റിയത് മതിയായ യോഗ്യതയില്ലെന്ന കാരണത്താലാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. യോഗ്യതയില്ലെന്ന് പറയാൻ കാരണമെന്താണ്? അത് തത്തുല്ല്യമായ സർട്ടിഫിക്കറ്റ് കൊണ്ടുവരാത്തതിന്റെ പേരിലായിരുന്നു. എന്നാൽ ശ്രീ. കെ. ടി. അദീബിനും തത്തുല്യ സർട്ടിഫിക്കറ്റ് ഇല്ലായിരുന്നു.

<u>മി. സ്പീക്കർ</u>: ഇത് ചർച്ചയല്ല, അതെനിക്ക് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഇവിടെ പ്രൊട്ടസ്റ്റ് രേഖപ്പെടുത്തി പോകുകയെന്നതാണ് വാക്കൗട്ട് പ്രസംഗത്തിൽ ഉദ്ദേശിക്കുന്നത്. ശ്രീ. കെ.എം. മാണി സാറൊക്കെ ചെയ്യുന്നതുപോലെ ഇതൊരു വാക്കൗട്ട് പ്രസംഗമാണെന്ന് ഓർമ്മപ്പെടുത്തുകയാണ്. അങ്ങേയ്ക്ക് അഞ്ച് മിനിട്ട് മാത്രമാണുള്ളത്.

ഡോ. എം. കെ. മുനീർ: സർ, മാണിസാറും കുറെ പറയാനിരിക്കുകയാണ്.

മി. സ്പീക്കർ: ഇല്ല, അദ്ദേഹം ഇതുവരെയും ഒരു മിനിട്ടിൽ വാക്കൗട്ട് പ്രസംഗം അവസാനിപ്പിക്കാതിരുന്നിട്ടില്ല. അതാണ് ശരി.

ഡോ. എം. കെ. മുനീർ: സർ, ഞാൻ പറഞ്ഞുവരുന്നത്, ഇത്തരത്തിൽ ഒരു നിയമനം നടത്തിയിട്ട് അദ്ദേഹം പുറത്ത് പ്രചരിപ്പിക്കുന്നത് ഇത് മുസ്ലീംലീഗുകാർ അവരുടെ വായ്പകൾ തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ നടത്തുന്നതാണെന്നാണ്. അന്തസ്സുണ്ടെങ്കിൽ ജപ്തി നടപടികൾ സ്വീകരിക്കുകയല്ലേ വേണ്ടത്. കാരണം, അങ്ങനെ വായ്പയെടുത്തിട്ടുള്ളവരുടെ collateral മുഴുവനും ഉണ്ടല്ലോ, എന്തെല്ലാം കാര്യങ്ങൾ അവരുടെ കയ്യിൽനിന്നും നിങ്ങൾ വാങ്ങി വച്ചിട്ടുണ്ട്.

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ ദയവായി നിങ്ങൾ വിഷയത്തിന്റെ മെറിറ്റിലേയ്ക്ക് പോകരുത്, ഇത് വാക്കൗട്ട് പ്രസംഗമാണ്. പ്ലീസ്...

ഡോ. എം. കെ. മുനീർ: സർ, Double Collateral വാങ്ങിയിട്ടുണ്ട്. അവരിൽ നിന്നും ഈടാക്കുന്നതിനുള്ള എല്ലാ നടപടിയും ഉണ്ടായി രണ്ട് വർഷമായിട്ടും നിങ്ങൾക്ക് അതിനുള്ള കഴിവില്ലാത്തതിന്റെ പേരിൽ ലീഗ്കാരാണ് ഇതിന് പിന്നിലെന്ന് പറഞ്ഞാൽ, വായ്പ എടുത്തതിൽ എല്ലാ സമൂഹവുമുണ്ട്. ക്രിസ്ത്യീയ സമൂഹമുണ്ട്, ജൈന മതസ്ഥരുണ്ട്. മുസ്ലീങ്ങൾ എന്ന് പറഞ്ഞാൽ എല്ലാം മുസ്ലീം ലീഗാണോ? അല്ലെങ്കിൽ ഒരു മന്ത്രിക്ക് ഇതിലുള്ളതെല്ലാം മുസ്ലീം ലീഗാണെന്ന് ഐ.ബി. കൊടുത്ത റിപ്പോർട്ടാണോ? നിങ്ങൾ അപേക്ഷയിൽ മുസ്ലീംലീഗുകാരാണെന്ന് എഴുതിച്ചേർത്തിട്ടുണ്ടോ? ഇങ്ങനെ വ്യക്തിപരമായ തേജോവധത്തിലേയ്ക്ക് പോകുകയാണ്, ഞങ്ങൾ ഇതിലൊന്നും പേടിക്കുന്നവരല്ല. അത്തരത്തിലുള്ള ആളുകളുടെ പേരിൽ നടപടി സ്വീകരിക്കാനുള്ള ധൈര്യം നിങ്ങൾ കാണിക്കണം. അതിന്റെ പേരിൽ ഇതിൽനിന്നും ഒളിച്ചോടാനും പോകുന്നില്ല. ഇതിൽ നിങ്ങൾ കൃത്യമായി ഒരു വ്യക്തിയുടെ പേരിൽ, അങ്ങ് ചെയ്തത് സത്യപ്രതിജ്ഞാ ലംഘനമാണ്. അങ്ങ് പറഞ്ഞിരിക്കുന്നത് പ്രീതിയോ പക്ഷപാതമോ കൂടാതെ ഞാൻ ഈ സ്ഥാനം അലങ്കരിക്കുന്നുവെന്നാണ്. ഇപ്പോൾ പറയുന്നത് എന്റെ ബന്ധുവെന്ന് പറഞ്ഞാൽ എന്റെ ഇളയാപ്പയുടെ മോന്റെ മോന്റെ...യെന്നാണ്. അങ്ങ് മനസ്സിലാക്കേണ്ടത് അങ്ങയുടെ മോന് തുല്യമായ ഒരാളെയാണ് നിയമിച്ചിരിക്കുന്നത്. എന്നിട്ട് അത് എന്റെ ആരുമല്ലെന്ന് പറയുന്നത്, കുറച്ച് കഴിഞ്ഞ് എന്റെ പിതാവും വകയിൽ ഒരു ബന്ധുവാണെന്ന് പറയുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകും. സ്വന്തം കുടുംബത്തിലുള്ള ആളുകളെ ഇതിന്റെ പേരിൽ എന്റെ ആരുമല്ലെന്ന് പറയരുത്. നിങ്ങൾക്ക് അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ...(...ബഹളം...) പിതാവിനെ പറഞ്ഞതല്ല, പിതാവിന്റെ സ്വന്തം അനുജൻ എന്റെ ആരുമല്ലെന്ന് പറയുകയാണ്, പറയരുത് എന്നാണ് പറയുന്നത്.

മി. സ്പീക്കർ: വാക്കൗട്ട് സ്പീച്ച് നടക്കുമ്പോൾ നിങ്ങൾ എന്തിനാണ് അദ്ദേഹത്തിനോട് സംസാരിക്കുന്നത്. ദയവായി നിങ്ങൾ അവിടെ ഇരിക്കൂ. (...ബഹളം...) ഡോ. എം. കെ. മുനീർ അങ്ങേയ്ക്ക് ഈ പ്രമേയം അവതരിപ്പിക്കാമായിരുന്നല്ലോ. പ്രമേയാവതാരകൻതന്നെ പറയേണ്ട കാര്യങ്ങൾ വീണ്ടും വീണ്ടും പറയുന്നു. ഡോ. എം. കെ. മുനീർ അങ്ങ് പ്രൊട്ടസ്റ്റ് മാർക്ക് ചെയ്ത് അവസാനിപ്പിക്കണം. ....(....ബഹളം..).... അടിയന്തരപ്രമേയം ചർച്ച ചെയ്യുന്നില്ല.....(ബഹളം)....ഒൻപതോളം മിനിട്ടായി, അടിയന്തരപ്രമേയത്തിന്റെ അവതാരകൻ പറയുന്ന കാര്യങ്ങൾ തന്നെയാണ് അങ്ങും പറയുന്നത്, അങ്ങനെയാണെങ്കിൽ ഈ വിഷയം താങ്കൾതന്നെ അവതരിപ്പിച്ചാൽ മതിയായിരുന്നു. പ്രൊട്ടസ്റ്റ് മാർക്ക് ചെയ്യുന്ന വെറും വാക്കൗട്ട് സ്പീച്ചാണിത്. ദയവായി അങ്ങ് അവസാനിപ്പിക്കണം.

11.00 AM]

ഡോ. എം. കെ. മുനീർ: സർ, ഒന്നും പ്രസ്താവിക്കാത്ത ശ്രീ. ഹൈദരലി ശിഹാബ് തങ്ങളെയും മറ്റും പുറത്ത് അവഹേളിച്ച് സംസാരിക്കുകയാണ്.

മി.സ്പീക്കർ: അത് സഭയ്ക്കുള്ളിലല്ലല്ലോ; പുറത്തല്ലേ?

ഡോ. എം. കെ. മുനീർ: സർ, സഭയ്ക്കുള്ളിലല്ലെങ്കിലും ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരിക്കലും അങ്ങനെ പറയാൻ പാടില്ല. ഞങ്ങളാരുമല്ല അദ്ദേഹത്തെ മന്ത്രിയാക്കിയത്. അത് ഞങ്ങൾ സമ്മതിക്കുന്നു. പക്ഷേ അങ്ങനെ പറയരുതെന്നാണ് ഞാൻ പറയുന്നത്. ഇതുപോലുള്ള കാര്യങ്ങൾ ചെയ്യുന്ന ഒരു വ്യക്തിയെ ഞങ്ങളുടെ നേതാവല്ല മന്ത്രിയാക്കിയത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെയാണ് മന്ത്രിയാക്കിയത് എന്ന് ഞാൻ ആവർത്തിച്ച് പറയുന്നു.

മി.സ്പീക്കർ: ദയവായി കൺക്ലൂഡ് ചെയ്യൂ.

ഡോ. എം. കെ. മുനീർ: സർ, അതുകൊണ്ട് ഈ വിഷയത്തിൽ ശക്തമായ പ്രതിഷേധം ഞങ്ങൾ രേഖപ്പെടുത്തുന്നു. അദ്ദേഹം എന്റെ സഹപ്രവർത്തകൻ കൂടിയായിരുന്നു. ശ്രീ. അദീബ് പറഞ്ഞത് ആത്മാഭിമാനം ഉള്ളതുകൊണ്ട് ഞാൻ രാജിവയ്ക്കുന്നുവെന്നാണ്. അതേ ആത്മാഭിമാനം അദ്ദേഹത്തെ നിയോഗിച്ച മന്ത്രിക്കുമുണ്ടെങ്കിൽ, ആ ആത്മാഭിമാനം കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി തന്റെ സ്ഥാനം രാജിവയ്ക്കേണ്ടതാണ്. ഇക്കാര്യം ശക്തമായ ചർച്ചയ്ക്ക് വിധേയമാകാത്തതിന്റെ .....(ബഹളം)....

മി.സ്പീക്കർ: ഡോ. എം. കെ. മുനീർ, അങ്ങ് എന്താണ് പറയുന്നത്. അങ്ങ് വാക്കൗട്ട് ചെയ്യുന്നുണ്ടോ? അങ്ങ് കൺക്ലൂഡ് ചെയ്യൂ .....(ബഹളം).... What is your action? .....(ബഹളം).... വാക്കൗട്ട് സ്പീച്ച് എന്നു പറഞ്ഞിട്ട് പ്രസംഗം കഴിഞ്ഞ് വാക്കൗട്ട് ചെയ്യുണ്ടേ? ശ്രീ. കെ. എം. മാണി സംസാരിക്കുന്നുണ്ടോ?

(ബന്ധു നിയമനവുമായി ബന്ധപ്പെട്ട് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ രാജിവയ്ക്കണമെന്ന ആവശ്യവുമായി മുസ്ലീംലീഗ്അംഗങ്ങൾ ബാനർ ഉയർത്തിപ്പിടിച്ച് ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കവേ സഭവിട്ട് പുറത്തുപോയ പ്രതിപക്ഷഅംഗങ്ങളും തിരികെവന്ന് ഇവരോടൊപ്പം ചേരുകയുണ്ടായി.)

ശ്രീ. കെ. എം. മാണി: സർ, സാധാരണ ഗതിയിൽ ഞാൻ .....(ബഹളം)....

മി. സ്പീക്കർ: ശ്രീ. കെ. എം. മാണി സംസാരിക്കുന്നുണ്ടോ, അദ്ദേഹം സംസാരിക്കട്ടെ.....(ബഹളം)....

ശ്രീ. കെ. എം. മാണി: സർ, എനിക്കെതിരെ ഒരാരോപണം വന്നതുകൊണ്ട് അതിനുള്ള മറുപടി മാത്രമെ പറയാനുള്ളൂ. ഗവൺമെന്റിന്റെ തെറ്റായ നടപടിയെ ന്യായീകരിക്കുന്നതിനുവേണ്ടി കെ. എം. മാണി ഇതുപോലെ ചെയ്തിട്ടുണ്ടെന്നും ശ്രീ. പി. സി. ജയിംസിനെ സൗത്ത് ഇന്ത്യൻ ബാങ്കിൽനിന്നും ഞാൻ നിയമിച്ചുവെന്നും പറഞ്ഞു. പക്ഷേ, ശ്രീ. പി. സി. ജയിംസിനെ എന്റെ പേഴ്സണൽ സ്റ്റാഫിലാണ് നിയമിച്ചത്. അദ്ദേഹം എന്റെ ബന്ധുവല്ല. ഇവിടെ ഡോ. കെ. ടി. ജലീൽ അദ്ദേഹത്തിന്റെ ബന്ധുവിനെ കമ്പനിയിലാണ് നിയമിച്ചത്. ഞാൻ പേഴ്സണൽ സ്റ്റാഫിൽ നിയമിച്ചതും ഇതും തമ്മിൽ യാതൊരു ബന്ധവുമില്ല.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

## III ശ്രദ്ധ ക്ഷണിക്കൽ

### (1) അരി, മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ച നടപടി

ശ്രീ. സജി ചെറിയാൻ: സർ, 1966-ലെ കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും പരസ്പരം ഒപ്പുവച്ചിട്ടുള്ള ഭക്ഷ്യഭദ്രതാ കരാർ ലംഘിച്ചുകൊണ്ട് റേഷൻ അരി, മണ്ണെണ്ണ അടക്കമുള്ള ഭക്ഷ്യോൽപ്പന്നങ്ങൾ കുത്തനെ വെട്ടിക്കുറച്ച് കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തോട് കടുത്ത അനീതി കാണിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്തെമ്പാടും വലിയ തോതിലുള്ള കർഷക സമരങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. പതിനാറ് ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ വേണ്ട നമ്മുടെ സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റ് 1966-ലെ കരാർ ലംഘിച്ചുകൊണ്ട് രണ്ട് ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ കുറച്ചിരിക്കുന്ന ഗുരുതരമായ സ്ഥിതിയാണ് ഇന്നുള്ളത്. 1960 മുതൽ 1970 വരെയുള്ള കാലഘട്ടത്തിൽ അന്തർദ്ദേശീയ തലത്തിൽ ഭക്ഷ്യസുരക്ഷയും ഭക്ഷണത്തിന് സ്ഥിരതയും എന്നതിന്റെ ഭാഗമായിട്ടാണ് ഭക്ഷ്യസുരക്ഷ എന്ന പ്രയോഗം തന്നെയുണ്ടായത്. സുരക്ഷിതവും പോഷകങ്ങളുമുള്ള ആഹാരം എല്ലാവർക്കുമെന്ന

അവകാശം ഉറപ്പുവരുത്തുക, ഭക്ഷണത്തിനുള്ള മൗലികാവകാശം സംരക്ഷിക്കുക, വിശപ്പുരഹിത ജീവിതം ഉറപ്പാക്കുക എന്നിങ്ങനെ അന്താരാഷ്ട്ര തലത്തിൽ രൂപപ്പെട്ട ഉടമ്പടിയുടെ ഭാഗമാണ് ഭക്ഷ്യഭദ്രതാ കരാർ. ഈ അടിസ്ഥാനത്തിലാണ് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ചേർന്ന് 1966-ൽ ഭക്ഷ്യഭദ്രതാ ഉടമ്പടിയുണ്ടാക്കിയത്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഏറ്റവും നല്ല പൊതുവിതരണ സമ്പ്രദായം നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. 1-8-1975-ൽ ഇവിടെ ഉന്നയിച്ച സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് ഭക്ഷ്യ രംഗത്ത് സ്വയം പര്യാപ്തത........(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് വളരെ ഖേദകരമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭാനടപടികളുമായി സഹകരിക്കുമെന്ന് പ്രഖ്യാപിച്ചു. വാക്കൗട്ട് സ്പീച്ച് നടത്തി അദ്ദേഹം വാക്കൗട്ട് ചെയ്തു. പിന്നീടും ബഹളം തുടരുന്നത് എന്തിനാണ്?

ശ്രീ. സജി ചെറിയാൻ: സർ, ഭക്ഷ്യരംഗത്ത് സ്വയംപര്യാപ്തതയിൽ എത്താൻ കഴിയാത്ത സ്ഥിതിയുള്ള സംസ്ഥാനമാണ് കേരളം. ഭക്ഷ്യസുരക്ഷയും ദാരിദ്ര്യനിർമ്മാർജ്ജനവും ഉറപ്പുവരുത്തുന്നതിനാണ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (പി.ഡി.എസ്.) കേരളത്തിൽ നടപ്പിലാക്കിയത്. വലിയ ചരിത്രമുള്ള പബ്ലിക് ഡിസ്ട്രിബ്യൂഷൻ സംവിധാനം രൂപപ്പെടുത്തിയത് 1966-ലെ ഭക്ഷ്യഭദ്രതാ ഉടമ്പടിയുടെ തുടർച്ചയായിട്ടാണ്. 1-7-1966-ൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ഇതിന്റെ ഭാഗമായി നാം ആരംഭിച്ചു. പി.ഡി.എസ്. നടപ്പാക്കുന്നതിന്റെ പ്രധാന കാരണം കാലാവസ്ഥാ വ്യതിയാനവും കൃഷിഭൂമിയുടെ കുറവുമൂലവും സ്വയംപര്യാപ്തത നേടാൻ കഴിയാത്ത സ്ഥിതി സംജാതമായതിന്റെ അടിസ്ഥാനത്തിലാണ്. കുറവുവരുന്ന ഭക്ഷ്യ ഉൽപ്പന്നം പി.ഡി.എസ്. വഴി ജനങ്ങൾക്ക് നൽകേണ്ടത് കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. സാമ്പത്തിക പരിഷ്ക്കരണത്തിന്റെ ഭാഗമായി യു.പി.എ. ഗവൺമെന്റ് പി.ഡി.എസ്. എന്ന സമ്പ്രദായത്തെ പൂർണ്ണമായി അട്ടിമറിച്ച് 1997-ൽ ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (ടി.പി.ഡി.എസ്.) രാജ്യത്ത് നടപ്പിലാക്കാൻ തീരുമാനിച്ചു. അതിന്റെ ഫലമായിട്ടാണ് കേരളം ഇന്ന് ഏറ്റവും വലിയ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്നത്. കുടുംബങ്ങളെ ഈ നയത്തിന്റെ അടിസ്ഥാനത്തിൽ എ.പി.എൽ., ബി.പി.എൽ., എ.എ.വൈ., എൻ.പി.എൻ.എസ്. എന്നിങ്ങനെ നാലായി തിരിച്ചു. കേരളത്തിന് വേണ്ടത് 16 ലക്ഷം മെട്രിക് ടൺ ഭക്ഷ്യോൽപ്പന്നമാണ്. ഭക്ഷ്യഭദ്രതാ ഉടമ്പടി ഒപ്പുവച്ചതിനെ തുടർന്ന് ലഭിച്ചുകൊണ്ടിരിക്കുന്നതും 1997-നുശേഷം TPDS (Targeted Public Distribution System) നടപ്പാക്കിയതും രണ്ട് ലക്ഷം മെട്രിക് ടൺ ഭക്ഷ്യോൽപ്പന്നമാണ്. അതാണ് ഇന്ന് കേന്ദ്ര ഗവൺമെന്റ് നൽകുന്നത് എന്ന ദുഃഖകരമായ വസ്തുത പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. (...ബഹളം...)

ഇത് പരിഹരിക്കാൻ പ്രതിമാസം ഏതാണ്ട് 136 കോടിയോളം രൂപ സബ്സിഡി ഇനത്തിൽ ബാധ്യതയായി ഈ ഗവൺമെന്റിന് വന്നുകൊണ്ടിരിക്കുന്നു. നമുക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യ വിഹിതം പുതിയ നിയമപ്രകാരം വെട്ടിക്കുറച്ചത് സംബന്ധിച്ച് ശക്തമായ പ്രതിഷേധം ഉയർന്നുവരേണ്ടതാണ്. ഇതിന്റെ അളവ് വർദ്ധിപ്പിക്കാൻവേണ്ടി സംസ്ഥാന നിയമസഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കി. ഗവൺമെന്റ് നിരവധി നിവേദനങ്ങൾ കേന്ദ്ര ഗവൺമെന്റിന് മുൻപിൽ സമർപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിരവധി സന്ദർഭങ്ങളിൽ കേന്ദ്ര ഭക്ഷ്യവകുപ്പ് മന്ത്രിയുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയെങ്കിലും നാളിതുവരെ കേന്ദ്ര ഗവൺമെന്റ് സഹായകരമായ നിലപാട് സ്വീകരിക്കുന്നില്ല. ഈ പ്രതിസന്ധിയുടെ ഘട്ടത്തിലും ഓഖി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് 15 കിലോ അരിവിഹിതവും ഒരു മാസത്തെ സൗജന്യ റേഷനും ഈ ഗവൺമെന്റ് കൊടുക്കുകയുണ്ടായി.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സീറ്റുകളിൽ പോയി ഇരിക്കു. (....ബഹളം...)

ശ്രീ. സജി ചെറിയാൻ: സർ, ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെ തുടർന്ന് സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും 5 കിലോ അരി കൊടുത്ത് സഹായിക്കുകയുണ്ടായി. കൂടാതെ സെപ്റ്റംബർ മുതൽ ഡിസംബർ വരെ 5 കിലോ അരി ഒരു രൂപ ക്രമത്തിൽ നൽകിവരുന്നു. പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ 89,540 മെട്രിക് ടൺ അരി സൗജന്യമായി എഫ്.സി.ഐ.-യിൽനിന്നും വിട്ടുനൽകിയെങ്കിലും ടി അരിയുടെ വിലയായ 235.39 കോടി രൂപ കേന്ദ്രത്തിന് അടയ്ക്കണമെന്ന് സംസ്ഥാനത്തോട് ആവശ്യപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

നിരവധി അവഗണനകളാണ് കേരളം പേറുന്നത്. വെള്ളപ്പൊക്ക സമയത്ത് വിദേശസഹായം അഭ്യർത്ഥിച്ചുകൊണ്ട് നാം നടത്തിയ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന സമീപനം സ്വീകരിച്ചു. യു.എ.ഇ., ജർമ്മനി തുടങ്ങിയ രാജ്യങ്ങളുടെ സഹായം നിഷേധിക്കപ്പെട്ടു. പ്രവാസി മലയാളികളുടെ സഹായം വാങ്ങുന്നതിനുള്ള ബഹുമാനപ്പെട്ട മന്ത്രിമാരുടെ പരിപാടിക്ക് അംഗീകാരം നൽകാത്തത് കേരളത്തോടുള്ള അവഗണനയാണ്. രക്ഷാപ്രവർത്തനം നടത്തിയ ഹെലികോപ്റ്ററിനുപോലും പണം ചോദിക്കുന്ന നീതിരഹിതമായ സമീപനം സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്... (...ബഹളം...)

<u>ശ്രീ. സജി ചെറിയാൻ</u>: സർ, കേന്ദ്ര നിയമപ്രകാരം നാശനഷ്ട കണക്കുകൾക്ക് 5,616 കോടി രൂപ ചോദിച്ചപ്പോൾ വെറും 600 കോടി രൂപയാണ് നൽകിയത്. ആ 600 കോടി രൂപയിൽ അരിയുടെയും ഹെലികോപ്റ്ററിന്റെയും പണം തിരികെ ചോദിച്ച ഒരു ജനവിരുദ്ധ ഗവൺമെന്റ് ഇന്ത്യാ രാജ്യം ഭരിക്കുകയാണ്. പുനർനിർമ്മാണത്തിനുവേണ്ടി 5,000 കോടി രൂപ ചോദിച്ചിട്ടും നൽകിയില്ല. വായ്പാപരിധി വർദ്ധിപ്പിക്കണമെന്ന് തീരുമാനിച്ചു; അതും വർദ്ധിപ്പിച്ചില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. സജി ചെറിയാൻ, പ്ലീസ്.. പ്ലീസ്...

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ആ നിലയിൽ നമുക്കുണ്ടായ നാശനഷ്ടങ്ങൾക്ക് സഹായം നൽകാൻ കഴിയാത്ത നിലപാടാണ് സ്വീകരിക്കുന്നത്. ഐക്യരാഷ്ട്ര സഭയുടെ കണക്കനുസരിച്ച് സംസ്ഥാനത്ത് 26,718 കോടി രൂപ നഷ്ടം വന്നു. പുനർനിർമ്മാണത്തിന് 31,000 കോടി രൂപ വേണം. ഞാൻ വൈകാരികമായി പറയുന്നത്, എന്റെ മണ്ഡലം വലിയ ബുദ്ധിമുട്ട് നേരിട്ട ഈ സന്ദർഭത്തിൽ സഹായം അഭ്യർത്ഥിച്ചപ്പോൾ പത്ത് രൂപയുടെ സഹായം പോലുംചെയ്യാത്ത കേന്ദ്ര ഗവൺമെന്റിനെ കുറിച്ച് ഒരക്ഷരം പറയാൻ ഇവിടത്തെ പ്രതിപക്ഷത്തിന് കഴിയുന്നുണ്ടോ? ഇന്ന് പ്രതിപക്ഷം മാന്യതയും മര്യാദയുമില്ലാത്ത നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലെത്തി ബഹളം വച്ചു.)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... പ്ലീസ്... ശ്രീ. സജി ചെറിയാൻ, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, എന്നെ പറയാൻ അനുവദിക്കുന്നില്ല. ഞാൻ ഇരുന്നതുകൊണ്ട് പ്രശ്നം തീരുന്നില്ല.

[അദ്ധ്യക്ഷവേദിയിൽ മി.സ്പീക്കർ]

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഇന്ന് ഞങ്ങളുടെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. സഹകരണ വകുപ്പുമന്ത്രി അവിടെയിരുന്ന് ആളുകളെ പ്രകോപിപ്പിക്കുകയാണ്. അദ്ദേഹം ഞങ്ങളെ വെല്ലുവിളിക്കുകയാണ്, ഇത് ശരിയായ നടപടിയല്ല. ഒരു മന്ത്രി അങ്ങനെ പ്രതിപക്ഷത്തെ വെല്ലുവിളിക്കാൻ പാടില്ല. ഡോ. കെ. ടി. ജലീലിന്റെ രാജി ആവശ്യപ്പെട്ടുകൊണ്ടാണ് ഞങ്ങളിന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ചത്. അത് അംഗീകരിക്കാത്ത സാഹചര്യത്തിൽ ഇന്നത്തെ സഭനടപടികൾ ഞങ്ങൾ ബഹിഷ്കരിക്കുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭ ബഹിഷ്കരിച്ചു)

മി. സ്പീക്കർ: ശ്രീ. സജി ചെറിയാൻ, അങ്ങ് അവസാനിപ്പിക്കൂ.

ശ്രീ. സജി ചെറിയാൻ: സർ, കേന്ദ്ര അവഗണനയ്ക്ക് എതിരെ കേരളത്തിലെ ജനങ്ങൾ സമരം നടത്തുമ്പോൾ ബി.ജെ.പി.-യുമായി കോർത്തിണങ്ങി നവകേരള സൃഷ്ടിയെയും ജനങ്ങളുടെ അടിസ്ഥാനപരവും മൗലികവുമായ പ്രശ്നങ്ങളെയും ഒറ്റുകൊടുക്കുവാനാണ് യു.ഡി.എഫ്. പ്രവർത്തിക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവർ രണ്ടും കൂടിച്ചേർന്നുള്ള പുതിയ രാഷ്ട്രീയ സമവാക്യം കേരളത്തിൽ വളർന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായാണ് അവസാനത്തെ ഉപതെരഞ്ഞെടുപ്പ് കഴിഞ്ഞ ദിവസം നടന്നത്.

മി. സ്പീക്കർ: ശ്രദ്ധക്ഷണിക്കലിൽ ഇത്തരം വിഷയങ്ങൾ പാടില്ല. അവസാനിപ്പിക്കൂ...

ശ്രീ. സജി ചെറിയാൻ: സർ, ശ്രീ. രമേശ് ചെന്നിത്തലയുടെ ജില്ലയിൽ, അദ്ദേഹത്തിന്റെ മണ്ഡലത്തോട് തൊട്ടുചേർന്ന സ്ഥലത്ത് യു.ഡി.എഫ്. ജയിച്ചിരുന്ന രണ്ട് സീറ്റ് ബി.ജെ.പി.-ക്ക് ജയിക്കാൻ വിട്ടവരാണ് ഇവിടെനിന്നും ഇറങ്ങിപ്പോകുന്നത്. സംസ്ഥാനത്തിന്റെ ഭക്ഷ്യോല്പന്നങ്ങൾ വെട്ടിക്കുറച്ചത് കൃത്യമായി തരിക എന്ന സമീപനം സ്വീകരിക്കാൻ കേന്ദ്രത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് ഇതുസംബന്ധിച്ച് പറയുവാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, സംസ്ഥാനത്ത് വളരെ ശ്രദ്ധേയമായ സാർവ്വത്രിക റേഷനിംഗ് സമ്പ്രദായമാണ് നിലവിലുണ്ടായിരുന്നത്. സംസ്ഥാനത്തിന് ആവശ്യമായ ഭക്ഷ്യധാന്യം എഫ്.സി.ഐ. സംഭരിച്ച് വിവിധ ജില്ലകളിലെ ഡിപ്പോകളിൽ എത്തിക്കുകയും ആയത് പൊതുവിതരണ ശൃംഖലവഴി കാർഡുടമകൾക്ക് വിതരണം ചെയ്തുവരുന്ന രീതിയാണ് അവലംബിച്ചിരുന്നത്. കേരളത്തിലെ പൊതുവിതരണ സംവിധാനം പല ഘട്ടങ്ങളിലൂടെ മാറ്റത്തിന് വിധേയമായാണ് നിലവിലെ സംവിധാനം രൂപപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്ത് 1964-ൽ നഗരങ്ങളെ കേന്ദ്രീകരിച്ചാണ് അനൗപചാരിക റേഷൻ സംവിധാനം നിലവിൽവന്നത്. തുടർന്ന് ഗ്രാമപ്രദേശങ്ങളിലും അത് വ്യാപിച്ചു. എന്നാൽ 1965 മുതൽ സ്റ്റാറ്റ്യൂട്ടറി റേഷൻ സംവിധാനം ആരംഭിക്കുകയും ആയത് The Kerala Foodgrains (Regulation of Distribution) Order, 1965 എന്ന ഉത്തരവുപ്രകാരം നിയന്ത്രിക്കപ്പെടുകയും ചെയ്തു. ഈ ഉത്തരവ് 1966-ൽ പുനഃക്രമീകരിക്കുകയും ഇന്നത്തെ Kerala Rationing order

നിലവിൽവരികയും ചെയ്തു. സംസ്ഥാനത്തെ റേഷനിംഗ് സമ്പ്രദായം സാർവ്വത്രികമായിരുന്നതിൽനിന്ന് ലക്ഷ്യാധിഷ്ഠിതമായി മാറിയത് 1997 മുതലാണ്. അതായത് ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർ, താഴെയുള്ളവർ എന്ന വിഭജനം അന്നുമുതലാണ് നിലവിൽവന്നത്. 1966 കാലയളവിൽ പ്രതിമാസം 1.50 ലക്ഷം ടൺ അരിയും 50,000 ടൺ ഗോതമ്പും 31000 കിലോലിറ്റർ മണ്ണെണ്ണയും കേന്ദ്രവിഹിതമായി ലഭിച്ചിരുന്നു. തുടർന്ന് 2000-ത്തിൽ കേന്ദ്ര സർക്കാർ എ.എ.വൈ., അന്നപൂർണ്ണ എന്നീ സ്കീമുകൾ നടപ്പിലാക്കി. അപ്പോഴും തുടർന്ന അഡ്ഹോക്ക് അലോട്ട്മെന്റിലൂടെ ഒരുവിധം തൃപ്തികരമായ രീതിയിൽ സംസ്ഥാനത്തിന് 2016 വരെ ഭക്ഷ്യവിഹിതം നൽകിയിരുന്നു. ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിലെ അനുച്ഛേദം 3 (1) പ്രകാരം പ്രസ്തുത നിയമം നിലവിൽ വന്ന 2013-ന് മുൻപുള്ള മൂന്ന് വർഷത്തെ നോർമൽ അലോട്ട്മെന്റിന്റെ ശരാശരി അളവ് സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പ് നൽകുന്നു. എന്നാൽ അഡ്ഹോക്ക് വിഹിതം ഉൾപ്പെടെ ലഭ്യമായ ശരാശരി 16.01 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം പൂർണ്ണമായും ഉപയോഗിച്ച സംസ്ഥാനമെന്ന നിലയിൽ ടി വിഹിതം കണക്കാക്കാതെ സംസ്ഥാനത്തിന്റെ വാർഷിക വിഹിതം 14.25 ലക്ഷം മെട്രിക് ടൺ ആയിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. അതായത്, 2013-14 സാമ്പത്തിക വർഷത്തിൽ 15.92 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം ലഭിച്ചിരുന്ന സ്ഥാനത്ത് 2017-18 സാമ്പത്തിക വർഷത്തിൽ 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യമായി കേന്ദ്രവിഹിതം കുറയുകയുണ്ടായി. ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്ത് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യത്തിൽ മുൻഗണനാ വിഭാഗങ്ങൾക്ക് വേണ്ടിവരുന്ന 10.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം കഴിച്ച് ബാക്കിവരുന്ന 4 ലക്ഷം മെട്രിക് ടൺ വിഹിതത്തിൽ നിന്നുമാണ് മുൻഗണനേതര വിഭാഗങ്ങൾക്ക് വിതരണം നടത്തേണ്ടത്. എ.എ.വൈ. ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗത്തിന് നിയമാനുസൃതമായ ഭക്ഷ്യധാന്യം ലഭിക്കുന്നുണ്ട്. എന്നാൽ മുൻഗണനേതര വിഭാഗത്തിന് നൽകുന്നതിനുള്ള ധാന്യവിഹിതം പരിമിതമാണ്. സംസ്ഥാനത്ത് മുൻഗണനേതര സബ്സിഡി, നോൺ-സബ്സിഡി വിഭാഗങ്ങളിലായി ഏകദേശം 1.91 കോടി ആളുകളാണ് ഉൾപ്പെടുന്നത്. ഭക്ഷ്യഭദ്രതാ നിയമ പ്രകാരം 5 കിലോഗ്രാം ഭക്ഷ്യധാന്യം ഒരാൾക്ക് നൽകുന്നത് നിയമപരമായി അംഗീകരിക്കപ്പെട്ട തത്വമാണ്. ഇങ്ങനെ നോക്കുമ്പോൾ മുൻഗണനേതര വിഭാഗത്തിലെ 19169572 ആളുകൾക്ക് 5 കിലോഗ്രാം വീതം 95,848 മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് പ്രതിമാസം വേണ്ടിവരുന്നത്. എന്നാൽ 33,294.198 മെട്രിക്ടൺ ധാന്യമാണ് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്. അതായത്, ആവശ്യകതയുടെ മൂന്നിലൊന്ന് മാത്രമാണ്. ഭക്ഷ്യഭദ്രതാ നിയമ പ്രകാരം

ടൈഡ്ഓവർ വിഹിതത്തിന്റെ അളവ് കണക്കാക്കിയത് പുനഃപരിശോധിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന് 2010-11 മുതൽ 2012-13 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ കേരളത്തിന്റെ ഓഫ്ടേക്കിന്റെ വാർഷിക ശരാശരി കണക്കെടുത്താണ് വിഹിതം കണക്കാക്കിയിട്ടുള്ളതെന്നും എല്ലാ സംസ്ഥാനങ്ങൾക്കും ഇതേരീതിയാണ് അവലംബിച്ചിരിക്കുന്നതെന്നും കേരളത്തിന് മാത്രമായി വ്യത്യാസം വരുത്താൻ കഴിയില്ലെന്നുമാണ് കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ളത്. ഇത്തരത്തിൽ വാർഷിക ശരാശരി കണക്കാക്കുമ്പോൾ സംസ്ഥാനത്തിന് അനുവദിച്ചിരുന്ന അധിക ബി.പി.എൽ. വിഹിതം കണക്കിലെടുക്കാൻ കഴിയില്ലെന്നും കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിന് കണക്കാക്കിയിട്ടുള്ള ടൈഡ്ഓവർ വിഹിതം സംസ്ഥാനത്തിന് പര്യാപ്തമാണെന്നതാണ് കേന്ദ്ര സർക്കാർ നിലപാട്. എന്നാൽ സർക്കാർ തലത്തിലും ഗവർണർമാരുടെ സമ്മേളനത്തിലും എം. പി.-മാരുടെ കോൺഫറൻസിലും സർവ്വകക്ഷിതലത്തിലും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ നേരിട്ടുകണ്ട് റേഷൻ ഭക്ഷ്യധാന്യത്തിന്റെ സംസ്ഥാന വിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചിരുന്നെങ്കിലും ആയതിന് അനുഭാവപൂർണ്ണമായ സമീപനം നാളിതുവരെ കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടായിട്ടില്ല.

2013-14 സാമ്പത്തിക വർഷത്തിൽ 12,192 കിലോ ലിറ്റർ മണ്ണെണ്ണ അനുവദിച്ചിരുന്ന സ്ഥാനത്ത് 2017-18 സാമ്പത്തിക വർഷത്തിൽ 58,716 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. മണ്ണെണ്ണ വിഹിതം പൂർവ്വസ്ഥിതിയിലേയ്ക്ക് പുനഃസ്ഥാപിക്കാൻ നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും വർദ്ധിച്ചുവരുന്ന എൽ.പി.ജി. കണക്ഷനുകളുടെ എണ്ണവും വൈദ്യുതീകരിച്ച വീടുകളുടെ വർദ്ധനവും കണക്കിലെടുത്ത് മണ്ണെണ്ണയുടെ വിഹിതം നിലവിലുള്ളതിൽ നിന്നും വർദ്ധിപ്പിക്കാൻ സാധിക്കുകയില്ല എന്നുള്ളതാണ് കേന്ദ്ര നിലപാട്.

### (2) ക്ഷേമനിധി പെൻഷൻ

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, സംസ്ഥാനത്തെ ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളിലെ തൊഴിലാളികളുടെയും വർക്ക്ഷോപ്പുമായി ബന്ധപ്പെട്ട ജോലികൾ സ്വയംതൊഴിലായി സ്വീകരിച്ചവരുടെയും വിവിധ വിഷയങ്ങൾ പരിഹരിക്കണമെന്ന ആവശ്യമാണ് എനിക്ക് ഉന്നയിക്കാനുള്ളത്. സംസ്ഥാനത്ത് ഓട്ടോമൊബൈൽ റിപ്പെയർ രംഗത്തും അനുബന്ധ സ്ഥാപനങ്ങളിലുമായി ഏതാണ്ട് അഞ്ച് ലക്ഷത്തിൽപ്പരം തൊഴിലാളികൾ സർക്കാരിൽനിന്നും യാതൊരു

ആനുകൂല്യവും ലഭിക്കാതെ പാർശ്വവൽക്കരിക്കപ്പെട്ട് നിൽക്കുന്ന ദുരവസ്ഥയിലാണ്. മതിയായ സാങ്കേതികജ്ഞാനവും പ്രവർത്തനവൈദഗ്ദ്ധ്യവുംവേണ്ട മേഖലയിലെ അഭ്യസ്തവിദ്യരായ ഈ പാവപ്പെട്ട തൊഴിലാളികൾക്കുമാത്രം ക്ഷേമനിധി പെൻഷൻ ഇന്നും ഒരു സ്വപ്നമായി അവശേഷിക്കുകയാണ്. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ മോട്ടോർ വാഹന മേഖലയുമായി ബന്ധപ്പെടുന്ന തൊഴിലാളികൾ ഏറെക്കുറെ കാലോചിതമായ ആനുകൂല്യങ്ങളും ക്ഷേമനിധി പെൻഷനും കൈപ്പറ്റുമ്പോൾ ഓട്ടോമൊബൈൽ രംഗത്ത് റിപ്പയറിംഗ് പണിയെടുക്കുന്ന ലക്ഷങ്ങൾ ക്ഷേമനിധി പെൻഷൻ നിഷേധിക്കപ്പെട്ട് നാമമാത്രമായ കേവല ആനുകൂല്യങ്ങൾമാത്രം കൈപ്പറ്റി നിരാശരായി കഴിയുന്നുവെന്നുള്ളതാണ് വസ്തുത. 2004-ൽ രൂപീകൃതമായ കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള മോട്ടോർ ട്രാൻസ്പോർട്ട് വെൽഫെയർ ബോർഡിന്റെ ചുമതലയിലാകുന്നു. തുടക്കത്തിൽ, 14 ജില്ലകളിൽ നിന്നുമായി 8000 തൊഴിലാളികളാണ് ഈ പദ്ധതിയിൽ അംഗങ്ങളായത്. എന്നാൽ 2018 ആയപ്പോൾ കേവലം 13000 അംഗങ്ങൾ മാത്രം നിലനിൽക്കുന്നതിന്റെ കാരണം തികച്ചും സുതാര്യമാണ്. ക്ഷേമനിധി പെൻഷൻ ഇല്ലാതെ കാലോചിതമല്ലാത്ത, നാമമാത്രമായ ആനുകൂല്യങ്ങൾ മാത്രം കൈപ്പറ്റാൻ വിധിക്കപ്പെടുന്ന ദുരവസ്ഥ, ഓട്ടോമൊബൈൽ റിപ്പയറിംഗ് രംഗത്ത് പണിയെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് മാത്രം പൊതു നീതി നിഷേധിക്കുന്നതരത്തിലുള്ള വിവേചനംമൂലം ഇവരെല്ലാം അസംഘടിതരായി അവശേഷിക്കുകയാണ്. ലോകത്താകമാനം ഓട്ടോമൊബൈൽ വ്യവസായം വൻതോതിലുള്ള കുതിച്ചുചാട്ടം നടത്തുമ്പോൾ നമ്മുടെ രാജ്യത്തും അതിന്റെ പ്രതിഫലനം സജീവമാണ്. എന്നാൽ ഇതിന്റെ ഗുണഫലം അനുഭവിക്കാൻ പാവപ്പെട്ട റിപ്പയറിംഗ് മേഖലയിലെ തൊഴിലാളികൾക്കുമാത്രം കഴിയാത്ത ദയനീയ സാഹചര്യം അടിയന്തരമായി പരിഹരിക്കപ്പെടേണ്ടതാണ്. കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ ലയിപ്പിക്കുന്നതിനുള്ള തീരുമാനം സർക്കാരിന്റെ പരിഗണനയിലുണ്ടെന്നുള്ള വിവരം അറിയുന്നു. ഈ തീരുമാനം നടപ്പിലാക്കുന്നതോടെ ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികളുടെ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള സാധ്യതയാണ് തെളിയുന്നത്. നിലവിൽ ഈ തൊഴിലാളികൾതന്നെ തങ്ങൾ ഒടുക്കുന്ന അംശദായം കാലോചിതമായി വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിലാണ്. വാഹന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഒരു സെസ്സും വർക്ക്ഷോപ്പ് തൊഴിലാളികളുടെ ക്ഷേമനിധി ഉറപ്പാക്കുന്നതിനുള്ള നിയമസാധ്യതയും പരിഗണിക്കാവുന്നതാണ്. ഈ തൊഴിലാളികളുടെ ക്ഷേമനിധിയിൽ വിവിധ അക്കൗണ്ടുകളിലായി

നാലുകോടിയോളം രൂപ നിലവിലുള്ളതാണ്. അനന്തമായി തുടരുന്ന ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികളുടെ ഈ വിഷയം പരിഹരിക്കുന്നതിന് മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ലയിപ്പിക്കുന്നതിനുള്ള തീരുമാനം അങ്ങ് മറുപടിയിലൂടെ വ്യക്തമാക്കുമെന്നാണ് പ്രത്യാശ. ഈ മേഖലയിലെ തൊഴിൽ സുരക്ഷിതത്വത്തിനും സജീവ വികസനത്തിനും ഉതകുന്ന തരത്തിൽ ടെക്നോ പാർക്കുകളും ഇൻഫോ പാർക്കുകളും നടപ്പിലാക്കിയതുപോലെ തന്നെ ഗവൺമെന്റ് തലത്തിൽ ഓട്ടോമൊബൈൽ പാർക്കുകൾ എല്ലാ ജില്ലയിലും വിഭാവന ചെയ്ത് നടപ്പിലാക്കണം. സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലലഭ്യതയ്ക്ക് ഏറെ സാധ്യതയുള്ളതിനാൽ തികച്ചും പ്രായോഗികമായി നടപ്പിലാക്കുന്ന ഈ പദ്ധതി സർക്കാരിന്റെ ശ്രദ്ധയിൽ ഇതിനകം എത്തിയിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. ഇതുസംബന്ധിച്ച് സമയബന്ധിതമായ തീരുമാനം കൈക്കൊള്ളുകയാണെങ്കിൽ വിപ്ലവകരമായ വികസനം ഈ തൊഴിൽ മേഖലയിൽ ഉറപ്പാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

15 വർഷം കഴിഞ്ഞ വാഹനങ്ങൾ നിർത്തലാക്കുന്നതിനുള്ള കേന്ദ്രത്തിന്റെ നീക്കം, വാഹന കച്ചവട കുത്തകകളെ പ്രീണിപ്പിക്കുന്നതിനുള്ള രഹസ്യ അജണ്ട കൂടിയാണെന്ന് ഞാൻ സംശയിക്കുന്നു. നിർത്തലാക്കുന്നതിന് പകരം അത്തരം വാഹനങ്ങളിൽ പുതിയ ജനറേഷൻ എഞ്ചിൻ കൺവർട്ട് ചെയ്യുന്നതിനുള്ള നിയമം നടപ്പിലാക്കാൻ സംസ്ഥാന സർക്കാരിന്റെ ഇടപെടൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഓട്ടോമൊബൈൽ തൊഴിൽ മേഖലയെ സജീവമായി നിലനിർത്തുന്നതിന് ഈ നിർദ്ദേശമടക്കമുള്ള വിഷയങ്ങൾ, സമയബന്ധിതമായ നടപടികൾ എന്നിവ തികച്ചും അനിവാര്യമാണ്. കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധിയെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയുമായി ഏകീകരിക്കുന്നതിനും തൊഴിൽ സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് ഇൻഡസ്ട്രിയൽ പാർക്കുകൾ എല്ലാ ജില്ലയിലും ആരംഭിക്കുന്നതടക്കമുള്ള വിഷയങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>): സർ, തൊഴിലാളികളുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട് നിരവധി വിഷയങ്ങൾ ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചു. 2004 ഡിസംബർ 10-ാം തീയതിയിലെ സർക്കാർ ഉത്തരവ് പി. നമ്പർ 80/2004 തൊഴിൽ പ്രകാരം സംസ്ഥാനത്തെ ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെയും വർക്ക്ഷോപ്പുമായി ബന്ധപ്പെട്ട ജോലികൾ സ്വയം

തൊഴിലായി സ്വീകരിച്ചിട്ടുള്ള തൊഴിലാളികളുടെയും ക്ഷേമത്തിനായി രൂപീകരിച്ച കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി വിഭാവന ചെയ്തിട്ടില്ല. എന്നാൽ റിട്ടയർമെന്റ് ആനുകൂല്യമായി പദ്ധതിയിൽ അംശദായം മുടക്കംകൂടാതെ അടച്ച് 40 വർഷം പൂർത്തിയാക്കുകയോ 60 വയസ് പൂർത്തിയാക്കുകയോ ചെയ്യുന്ന ഒരംഗം പദ്ധതിയിൽനിന്ന് റിട്ടയർ ചെയ്യുന്നതായി കണക്കാക്കി ടിയാന്റെ പേരിൽ അയാളും തൊഴിലുടമയും പദ്ധതിയിൽ അടയ്ക്കുന്ന യഥാർത്ഥ തുകയ്ക്ക് 5 ശതമാനം പലിശ സഹിതം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചികിത്സാ ധനസഹായമായി 10,000 രൂപയും മരണാനന്തര ധനസഹായമായി 5,000 രൂപയും നിലവിൽ നൽകിവരുന്നുണ്ട്. 2004-ലെ കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി, 2005-ലെ പരിഷ്കരിച്ച കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്നത് സംബന്ധിച്ച് ബോർഡ് സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. ലയനം പൂർത്തിയാകുന്നമുറയ്ക്ക് ടി പദ്ധതിപ്രകാരം അംഗങ്ങളായ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കൂടുതൽ ആകർഷകമാക്കാൻ കഴിയുന്നതാണ്. ഇതിനോടൊപ്പം അവർക്ക് പെൻഷൻ ആനുകൂല്യങ്ങളും ലഭ്യമാകുവാൻ സാധിക്കുന്നതാണ്. ഇതിനോട് അനുബന്ധമായി ഇവിടെ ഉന്നയിച്ച പ്രശ്നങ്ങളെല്ലാം സർക്കാരിന്റെ പരിശോധനയ്ക്ക് വിധേയമാക്കുമെന്നുകൂടി വ്യക്തമാക്കുന്നു.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, ഐ.ടി.ഐ./പോളിടെക്നിക്/ എഞ്ചിനീയറിംഗ് മേഖലയിലും വർക്ക്ഷോപ്പ് തൊഴിലാളികളുടെ മക്കൾക്ക് സീറ്റ് സംവരണം അടിയന്തരമായി നടപ്പിലാക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, അക്കാര്യം പരിശോധിച്ചതിനുശേഷം വ്യക്തമാക്കുന്നതാണ്.

## IV സബ്മിഷൻ

### (1) <u>പ്രത്യേക പാക്കേജ്</u>

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, പ്രളയത്തെ തുടർന്ന് വയനാട്ടിലെ കാർഷിക മേഖല പാടെ തകർന്നുപോയിരിക്കുകയാണ്. കാപ്പി, കുരുമുളക്, അടയ്ക്ക എന്നിവയുടെ ഉൽപ്പാദനത്തെ വലിയ രീതിയിൽ ബാധിച്ചിട്ടുണ്ട്. 40 ശതമാനം കാപ്പിയുടെ വിളവിൽ കുറവുണ്ടാകുമെന്നും 87 കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്നും കോഫിബോർഡ് കണക്കാക്കിയിരിക്കുകയാണ്. 20 ലക്ഷത്തോളം കുരുമുളക് വള്ളികളാണ് നഷ്ടപ്പെട്ടുപോയത്. 500 ടണ്ണിന്റെ കുറവുണ്ടാകുമെന്നും തന്മൂലം 24 കോടി രൂപയുടെ നഷ്ടം കുരുമുളക് മേഖലയിൽ ഉണ്ടാകുമെന്നും

കണക്കാക്കിയിരിക്കുകയാണ്. ആകെ 1008 കോടിരൂപയുടെ കൃഷിനാശം ഉണ്ടായിയെന്നാണ് കൃഷിവകുപ്പിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിൽ, ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന രണ്ടാമത്തെ ജില്ലയായിരുന്ന വയനാട്. ഈ മേഖലയിലും 81 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കിയിരിക്കുകയാണ്. S.D.R.F. (State Disaster Response Fund) തീരുമാനപ്രകാരം 33 ശതമാനം വിളനാശമുണ്ടായാൽ ഹെക്ടറിന് 18,000 രൂപ നഷ്ടപരിഹാരം നൽകാൻ കഴിയും. ഇതുപ്രകാരം ജില്ലയിലെ കൃഷി വകുപ്പ് തയ്യാറാക്കിയ കണക്കുപ്രകാരം 72 കോടി രൂപയോളം കൃഷിക്കാർക്ക് കൊടുക്കേണ്ടതുണ്ട്. കേന്ദ്ര ഗവൺമെന്റ് ഈ രീതിയിലുള്ള ഫണ്ടും മറ്റും തരാത്തതിന്റെ ഫലമായി പുതിയ കൃഷിരീതികൾ ചെയ്തുവരുന്നതുവരെ, അതായത് നാലഞ്ച് വർഷത്തെ സാവകാശം ഉണ്ടാകും. കൃഷിക്കാർക്ക് താൽപ്പര്യമുള്ള അനുബന്ധ മേഖലകളിൽ സഹായം നൽകുക, കൃഷിഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമിയും നഷ്ടപരിഹാരവും നൽകുക, നശിച്ചുപോയ നാണ്യവിളകൾ വീണ്ടും വച്ചു പിടിപ്പിക്കുവാൻ കർഷകർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുക, വ്യാപാരികൾക്ക് പ്രഖ്യാപിച്ചതുപോലെ കർഷകർക്ക് പലിശരഹിത വായ്പ നൽകുക, വിത്തും വളവും സബ്സിഡിയായി നൽകുക, കൃഷിയും വിളകളും നശിച്ചവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുക, ഒരു ലക്ഷം രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളുവാൻ കഴിയുമോ എന്ന് പരിശോധിക്കുക, മുട്ടക്കോഴി വളർത്തൽ, പശു വളർത്തൽ, നെൽകൃഷി എന്നിവയ്ക്ക് അടിയന്തര ആശ്വാസം എന്ന നിലയ്ക്ക് പ്രത്യേക ധനസഹായം നൽകി നടപ്പിലാക്കാൻ ശ്രമിക്കുക, മൊറട്ടോറിയം പ്രഖ്യാപിച്ച വായ്പകൾക്ക് പലിശ ഒഴിവാക്കാൻ കഴിയുമോയെന്ന് പരിശോധിക്കുക, പൂക്കൾ, പഴവർഗ്ഗങ്ങൾ, കാലിത്തീറ്റ, പുൽകൃഷി എന്നിവയ്ക്ക് പദ്ധതികൾ തയ്യാറാക്കുക തുടങ്ങിയ രീതിയിൽ വയനാടിന്റെ കാർഷിക മേഖലയെ തിരിച്ചുകൊണ്ടുവരുന്നതിനുവേണ്ടി 500 കോടി രൂപയുടെ പ്രത്യേക പാക്കേജ് അനുവദിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2018 ആഗസ്റ്റ് മാസത്തിൽ കേരളം നേരിട്ട ഏറ്റവും വലിയ പ്രകൃതി ദുരന്തത്തിൽ കനത്ത നഷ്ടമാണ് വയനാട് ജില്ലയിലുണ്ടായത്. വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലുംപെട്ട് ജില്ലയിലെ ജനങ്ങളുടെ ജീവിതം അതീവ ദുരിതത്തിലായി; ഒട്ടേറെപ്പേർ മരണപ്പെട്ടു. വീടുകളും കൃഷിയിടങ്ങളും വളർത്തുമൃഗങ്ങളും വാഹനങ്ങളും ജീവനോപാധികളും വിദ്യാലയങ്ങളും ആശുപത്രികളും റോഡുകളും പാലങ്ങളും ദുരന്തത്തിനിരയായി. ഉരുൾപൊട്ടലിനെ തുടർന്ന് ജില്ല ഒറ്റപ്പെടുന്ന

അവസ്ഥയുമുണ്ടായി. ഐക്യരാഷ്ട്രസഭയുടെ ഏജൻസി നടത്തിയ വിലയിരുത്തൽ പ്രകാരം ജില്ലയിൽ 500 കോടി 63 ലക്ഷം രൂപയുടെ നാശനഷ്ടമാണ് കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ളത്. കാപ്പി, തേയില, ഇഞ്ചി, അടയ്ക്ക, കുരുമുളക് മുതലായ പ്രധാന വിളകളെല്ലാം പ്രളയത്തിനിരയായി. തേനീച്ച കർഷകരെയും പ്രളയം ബാധിച്ചിട്ടുണ്ട്. പോളീഹൗസുകൾ, റെയിൻ ഷെൽട്ടറുകൾ, പമ്പുസെറ്റുകൾ, മറ്റ് കാർഷിക യന്ത്രോപകരണങ്ങൾ തുടങ്ങിയവയ്ക്കെല്ലാം കനത്ത നാശം സംഭവിച്ചു. പ്രളയാനന്തര പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ നടപ്പിൽ വരുത്തിയ എല്ലാ ദുരിതാശ്വാസ പ്രവർത്തനങ്ങളും വയനാട് ജില്ലയിലും നടപ്പിലാക്കിയിട്ടുണ്ട്. കൃഷിയും കന്നുകാലി വളർത്തലും ഉപജീവനമാർഗ്ഗമാക്കിയ നിരവധിപേരെ സഹായിക്കുന്നതിന് സന്നദ്ധസംഘടനകൾ മുന്നോട്ടുവരുന്നുണ്ട്. കാർഷിക മേഖലയിൽ സർക്കാർ നിക്ഷേപത്തോടൊപ്പം നിക്ഷേപം നടത്താൻ തയ്യാറുള്ളവരുമായി ചേർന്ന് ഇത് വ്യാപിപ്പിക്കാൻ കഴിയും. പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തെ പദ്ധതിനടത്തിപ്പിൽ വരുത്തിയ ക്രമീകരണംവഴി കാർഷിക മേഖലയ്ക്ക് മുന്തിയ പ്രാധാന്യം ലഭിക്കും. സംസ്ഥാനത്ത് വിവിധ ജില്ലകളിൽ കാർഷിക മേഖലയ്ക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് പ്രത്യേക പാക്കേജ് അനുവദിക്കുന്ന കാര്യം കൂടുതൽ പരിശോധനയ്ക്കുശേഷം മാത്രമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ.

## (2) വിമാനത്താവളം നിർമ്മിക്കൽ

ശ്രീ. പി. സി. ജോർജ്: സർ, ഞാനും ശ്രീ. ഒ. രാജഗോപാലും സഭയ്ക്കകത്ത് ഒരു ബ്ലോക്കായിട്ടിരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം അടിയന്തരപ്രമേയാവതരണ സമയത്ത് സംസാരിക്കാൻ സമയം കിട്ടിയില്ല. ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ രാജിവയ്ക്കണമെന്ന അഭിപ്രായം ഞങ്ങൾക്കില്ല. അതിനുകാരണം, അദ്ദേഹം വലിയ മഹാപാപം ചെയ്തതായി ഞങ്ങൾക്ക് തോന്നുന്നില്ല. ഇവിടെയുള്ള ബഹുമാനപ്പെട്ട പല മന്ത്രിമാരും ചെയ്തതുമായി താരതമ്യപ്പെടുത്തുമ്പോൾ ഡോ. കെ. ടി. ജലീലിനെ എന്തിന് കുറ്റപ്പെടുത്തുന്നു? ഞാനും ശ്രീ. ഒ. രാജഗോപാലും ഒരു ബ്ലോക്കായിട്ടിരിക്കുന്നത് സഭയ്ക്കകത്ത് മാത്രമാണ്, അല്ലാതെ പുറത്തില്ല. സഭയ്ക്ക് പുറത്ത് ഞാൻ കേരളജനപക്ഷമാണ്. അതുകൊണ്ട് അങ്ങ് ഇതുസംബന്ധിച്ച് ഓർഡർ പുറപ്പെടുവിച്ചാൽ നന്നായിരുന്നു.

മി. സ്പീക്കർ: നിങ്ങളുടെ അപേക്ഷ ചെയറിന്റെ പരിഗണനയിലാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ വിഷയത്തിലേയ്ക്ക് വരാം. ഞാനും ശ്രീ. രാജു എബ്രഹാം, ശ്രീ. അടൂർ പ്രകാശ് എന്നിവരും ചേർന്ന് ശബരിമലയുമായി ബന്ധപ്പെട്ട് ഒരു വിമാനത്താവളം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്ത് നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 21-2-2017, 21-7-2017, 25-9-2017, 5-2-2018 എന്നീ തീയതികളിൽ നാല് ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. ഇവയെല്ലാം വളരെ അനുകൂലമായ ഉത്തരവുകളാണ്. കത്ത് നൽകിയതല്ലാതെ ഞങ്ങൾ വേറെയൊന്നും ചെയ്തിട്ടില്ല. കാരണം, ഞങ്ങൾ ചെയ്യേണ്ടതല്ല, അത് ഗവൺമെന്റാണ് ചെയ്യേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് ഇടപെട്ട് ഉത്തരവിറക്കി ഇക്കാര്യം ചെയ്തുതന്നത് ഞങ്ങൾ വളരെ നന്ദിയോടെയാണ് കാണുന്നത്. ഗ്രീൻഫീൽഡ് വിമാനത്താവളം സ്ഥാപിക്കാൻ തത്വത്തിൽ അംഗീകാരം നൽകിയും ഒരു ആധികാരിക ഏജൻസി മുഖാന്തരം സാധ്യതാ പഠനം നടത്താനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയും ആ കമ്മിറ്റി വിശദമായ പഠനം നടത്തുകയും ചെയ്തു. ആ പഠനത്തിന്റെ അടിസ്ഥാനത്തിൽ 'മേൽ സാഹചര്യത്തിൽ ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്കായി ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷനെ (പരാമർശം 3-ൽ) തെരഞ്ഞെടുത്ത് ഉത്തരവാകുന്നു' എന്ന് ഗവൺമെന്റുതന്നെ ഉത്തരവിറക്കി. 25-9-2017-ലെ ഉത്തരവാണ് ഞങ്ങൾക്ക് സന്തോഷം നൽകുന്നത്. ടി ഉത്തരവിൽ 'സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും M/s ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡിനെ നാല് കോടി അൻപത്തിയഞ്ച് ലക്ഷത്തി നാല്പതിനായിരം രൂപ ഫീസ് നൽകി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഉത്തരവാകുന്നു' എന്നാണ് പറഞ്ഞിരിക്കുന്നത്. വിമാനത്താവളം പ്രാവർത്തികമാക്കാൻ തീരുമാനിച്ച്, നിബന്ധനകളുടെ അടിസ്ഥാനത്തിൽ എ.എം.സി.എ.-യ്ക്ക് (Air Movement and Control Association) പണം കൈമാറുകയും ചെയ്തു. ടി നിബന്ധനകൾ സമയക്കുറവുകൊണ്ട് ഞാൻ ഇവിടെ വായിക്കുന്നില്ല. ഞങ്ങൾ മൂന്ന് എം.എൽ.എ.-മാർ നൽകിയ അപേക്ഷ ഇത്രമാത്രം വേഗത്തിൽ പരിഗണിക്കുക മാത്രമല്ല വിമാനത്താവളം പ്രാവർത്തികമാക്കാനുള്ള നടപടികളിലേയ്ക്ക് നീങ്ങിയിരിക്കുകയും ചെയ്തിരിക്കുന്നു. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. നമ്മുടെ രാജ്യത്തെ ഒരു പ്രമുഖ തീർത്ഥാടന കേന്ദ്രമാണ് ശബരിമല. ശബരിമലയിൽ തീർത്ഥാടകർ

വരുന്നത് എരുമേലി വഴിയാണ്. അതിനോടനുബന്ധിച്ചാണ് ഈ വിമാനത്താവളം പ്രാവർത്തികമാക്കാൻ പോകുന്നത്. മതസൗഹാർദ്ദത്തിന്റെ കാര്യത്തിൽ ലോകത്തിനുതന്നെ മാതൃകയാണ് എരുമേലിയിലെ വാവർ സ്വാമിയുടെ പള്ളി. പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം തുടങ്ങിയ ജില്ലകളിലെ യാത്രക്കാർക്കും യൂറോപ്യൻ/ അമേരിക്കൻ ഐക്യരാഷ്ട്രങ്ങളിൽ താമസിക്കുന്ന വിദേശ മലയാളികൾക്കും ഏറ്റവും എളുപ്പം വന്നുചേരാൻ സാധിക്കുന്ന വിമാനത്താവളമാണ് പ്രസ്തുത വിമാനത്താവളം. ആ വിമാനത്താവളത്തിന് എന്ത് പേരിടണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തീരുമാനിക്കാവുന്നതാണ്. ചെറുവള്ളി എസ്റ്റേറ്റിന്റെ പ്രശ്നം മാത്രമേ ഇവിടെയുള്ളൂ. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എത്രയുംവേഗം ശക്തമായ തീരുമാനമെടുത്ത് മുന്നോട്ടുപോകണമെന്നാണ് എന്റെ അഭിപ്രായം. കണ്ണൂർ വിമാനത്താവളം 2018 ഡിസംബർ 9-ാം തീയതി ഉദ്ഘാടനം ചെയ്യുകയാണ്. അതുപോലെ ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ കല്ലിടലും എത്രയുംപെട്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തണമെന്നാണ് എനിക്ക് ഉന്നയിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അദ്ദേഹംതന്നെ കാര്യങ്ങൾ വിശദമായി പറഞ്ഞിട്ടുണ്ട്. ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻഫീൽഡ് വിമാനത്താവളം സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ചെറുവള്ളി എസ്റ്റേറ്റിനെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. നിർദ്ദിഷ്ട വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനവും പരിസ്ഥിതി ആഘാതപഠനവും നടത്തുന്നതിന് ചുമതലപ്പെടുത്തിയ M/s.ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് പ്രാരംഭ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കെ.എസ്.ഐ.ഡി.സി.-യുമായി ഒപ്പുവച്ച ധാരണാപത്രപ്രകാരം പദ്ധതിക്ക് ആവശ്യമായ അംഗീകാരവും അനുമതിയും കൺസൾട്ടന്റാണ് ലഭ്യമാക്കേണ്ടത്.

### (3) കുമ്പളങ്ങിയിൽ പോലീസ് സ്റ്റേഷൻ

ശ്രീ. കെ. ജെ. മാക്സി: സർ, കൊച്ചി നിയോജകമണ്ഡലത്തിലെ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെയും കൊച്ചിൻ കോർപ്പറേഷനിലെ 17, 18 വാർഡുകളുടെയും ഇടക്കൊച്ചിയുൾപ്പെടെ ഇതര വാർഡ് പ്രദേശങ്ങളുടെയും ക്രമസമാധാനം ഇപ്പോൾ കൈകാര്യം ചെയ്യുന്നത് പള്ളുരുത്തി പോലീസ് സ്റ്റേഷൻ മുഖേനയാണ്. നിലവിൽ കൈകാര്യം ചെയ്യുന്നതിനുള്ള ഏരിയയുടെ വലിപ്പംമൂലം പലപ്പോഴും കുമ്പളങ്ങി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ പള്ളുരുത്തി പോലീസ് സ്റ്റേഷന് കഴിയുന്നില്ല. ഈ പരിമിതി

മറികടക്കുന്നതിന് കുമ്പളങ്ങിയിൽ ഇപ്പോൾ ഒരു പോലീസ് ഔട്ട് പോസ്റ്റ് സ്ഥിരമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ ഔട്ട് പോസ്റ്റിൽ വേണ്ടത്ര പോലീസുകാരെ നിയമിക്കാത്തതുകൊണ്ട് പ്രശ്നങ്ങൾ പലതും സമയത്ത് കൈകാര്യം ചെയ്യാൻ സാധിക്കുന്നില്ല. നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമാണ് കുമ്പളങ്ങി ഗ്രാമപഞ്ചായത്ത്. ഈ പ്രദേശമടക്കമുള്ള മേഖലകളിലെ ക്രമസമാധാന പ്രശ്നങ്ങൾ യഥാസമയം കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള കുമ്പളങ്ങി പോലീസ് ഔട്ട് പോസ്റ്റ് ഒരു പോലീസ് സ്റ്റേഷനായി ഉയർത്തി കുമ്പളങ്ങി ഗ്രാമപഞ്ചായത്തും കൊച്ചിൻ കോർപ്പറേഷനിലെ 17, 18 ഡിവിഷനുകളും ഇതിന്റെ അധികാര പരിധിയിലുൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പള്ളുരുത്തി പോലീസ് സ്റ്റേഷൻ അതിർത്തി പുനഃക്രമീകരിച്ച് കുമ്പളങ്ങിയിൽ നിലവിലുള്ള ഔട്ട് പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്തണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കൂടുതൽ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നത് സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കുമെന്നതിനാൽ കുമ്പളങ്ങിയിൽ പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് കുമ്പളങ്ങിയിൽ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യത്തിൽ അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## (4) അനുമതി നൽകൽ

ശ്രീ. കെ. ദാസൻ: സർ, എന്റെ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കുറ്റ്യാടി കനാലിന്റെയും അനുബന്ധ കനാൽ ശൃംഖലകളുടെയും ഉടമസ്ഥാവകാശം കുറ്റ്യാടി സ്പെഷ്യൽ ഇറിഗേഷൻ പ്രോജക്ട് വിഭാഗത്തിനാണ്. എം.എൽ.എ. ഫണ്ടും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഫണ്ടും വിനിയോഗിച്ച് ഈ കനാലുകൾ കയറിയിറങ്ങുന്ന രീതിയിലോ സമാന്തരമായി കടന്നുപോകുന്ന രീതിയിലോ റോഡുകൾ പണിയുമ്പോൾ അനുമതിക്കായി ഇറിഗേഷൻ സ്പെഷ്യൽ പ്രോജക്ട് ഓഫീസിലേയ്ക്ക് പ്ലാനും എസ്റ്റിമേറ്റും അയച്ചുകൊടുക്കണം. എത്ര ചെറിയ തുകയുടെ പ്രവൃത്തിയായാലും ഇങ്ങനെ ചെയ്യണം. എന്നാൽ ഇത്തരത്തിൽ അയച്ചുകൊടുക്കുന്ന പ്രവൃത്തികൾക്ക് അനുമതി ലഭിക്കാൻ ഇന്നത്തെ സാഹചര്യത്തിൽ മാസങ്ങളെടുക്കുന്നു. നാലോളം ഉദ്യോഗസ്ഥ തലങ്ങളിലൂടെ കയറിയിറങ്ങി അവസാനം പ്രോജക്ട് ചീഫ് ഇറിഗേഷൻ എഞ്ചിനീയറുടെ പക്കൽ നിന്നുമാത്രമേ ഇതിനുള്ള അനുമതി ലഭിക്കുന്നുള്ളൂ. സെക്ഷൻ ഓഫീസ്, സബ്

ഡിവിഷൻ ഓഫീസ്, ഡിവിഷൻ ഓഫീസ്, സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസ്, ചീഫ് എഞ്ചിനീയറുടെ ഓഫീസ് ഇങ്ങനെയുള്ള അഞ്ച് ഓഫീസുകളിലൂടെ കയറിയിറങ്ങിയാലാണ് അവസാനം അനുമതി ലഭ്യമാകുന്നത്. ഇത് പദ്ധതി നടപ്പിൽ വരുത്താൻ വളരെയേറെ കാലതാമസത്തിന് കാരണമാകുന്നു. അധികാര വികേന്ദ്രീകരണം നടന്ന നമ്മുടെ നാട്ടിൽ ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നത് അധികാര കേന്ദ്രീകരണമാണെന്നത് പറയാതെ വയ്യ. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്നാണ് ഈ ഘടനയെക്കുറിച്ച് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. ഇത് മാറ്റാൻ സർക്കാർ തലത്തിൽത്തന്നെ നയപരമായ നടപടി വേണം. വികസന പ്രവർത്തനങ്ങൾക്ക് വിഘാതമായി നിലനിൽക്കുന്ന ഇത്തരത്തിലുള്ള ഉദ്യോഗസ്ഥശ്രേണിയുടെ അധികാരം വികേന്ദ്രീകരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. പരിഹാരമായി ഇത്തരത്തിലുള്ള പ്രവൃത്തികൾക്ക് നീക്കിവച്ചിട്ടുള്ള തുകയ്ക്ക് അനുസരിച്ച് അനുമതി ലഭ്യമാക്കാനുള്ള അധികാരം ഉദ്യോഗസ്ഥന്മാർക്ക് അവരുടെ സ്ഥാനം അനുസരിച്ച് വീതിച്ച് നൽകണം. അനുമതി നൽകുന്ന കാര്യത്തിൽ അധികാര വികേന്ദ്രീകരണം അതിന്റെ പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കാൻ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, സേവനാവകാശ നിയമ പ്രകാരം കുറ്റ്യാടി ഉൾപ്പെടെയുള്ള എല്ലാ ജലസേചന പദ്ധതികളുമായി ബന്ധപ്പെട്ട കനാലുകൾക്ക് കുറുകെയും കനാലിനോട് ചേർന്നുള്ള ബണ്ട് റോഡുകൾ തുടങ്ങി ഏതെങ്കിലും നിർമ്മാണ പ്രവൃത്തികൾക്കായി മറ്റ് വകുപ്പുകളോ സ്വകാര്യ വ്യക്തികളോ അപേക്ഷിക്കുമ്പോൾ ജലസേചന വകുപ്പിന്റെ നിരാക്ഷേപപത്രം നൽകേണ്ടത് ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറാണ്. ലഭ്യമാകുന്ന അപേക്ഷകൾ ബന്ധപ്പട്ട ഫീൽഡ് ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ സൂക്ഷ്മ പരിശോധന നടത്തി ആവശ്യമായ രേഖകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും അതിനുശേഷം സ്ഥലം പരിശോധിച്ച് സാങ്കേതിക പരിശോധനയ്ക്കുശേഷം സർക്കാരിന്റെ താല്പര്യം സംരക്ഷിച്ചും പ്രസ്തുത നിർമ്മാണ പ്രവൃത്തികൾമൂലം കനാലിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാത്ത വിധത്തിൽ ആവശ്യമായ നിബന്ധനകൾ ഉൾക്കൊള്ളിച്ചുമാണ് മേൽകാര്യങ്ങളിൽ ബന്ധപ്പട്ട കാര്യാലയങ്ങളിലേയ്ക്ക് നിരാക്ഷേപപത്രത്തിന് ശിപാർശ നൽകുന്നത്. തുടർന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവർ നടപടികൾ സ്വീകരിച്ച് നിരാക്ഷേപപത്രത്തിന്മേൽ തീരുമാനമെടുത്ത് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നൽകിവരുന്നു. നിരാക്ഷേപപത്രം നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട

രേഖകളുടെ വിശദവിവരങ്ങൾ ഡിപ്പാർട്ട്മെന്റ് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പൊതുവെ അപൂർണ്ണമായ അപേക്ഷകളും അനുബന്ധ രേഖകളുമാണ് ലഭിക്കാറുള്ളത്. ഇത് കാലതാമസത്തിന് കാരണമാകുന്നുണ്ട്. നിരാക്ഷേപപത്രം നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാവുന്നതാണ്.

അനുബന്ധ രേഖകൾ സഹിതം പൂർണ്ണ അപേക്ഷകൾ ലഭിച്ചതിനുശേഷം മാത്രം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തി പരമാവധി രണ്ടാഴ്ചയ്ക്കകം തീരുമാനിക്കേണ്ടതും തുടർന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ മുതലായവരുടെ കാര്യാലയങ്ങളിൽ പരമാവധി ഒരാഴ്ചയ്ക്കകം നടപടി പൂർത്തീകരിച്ച് ഉചിതമായ ശിപാർശകളോടെ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതുമാണ്. കീഴ്കാര്യാലയങ്ങളിൽനിന്നും അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ആയവ മുൻഗണനാക്രമത്തിൽ പരിശോധിച്ച് കാലതാമസം ഒഴിവാക്കി, പരമാവധി മുപ്പത് ദിവസത്തിനകം നിരാക്ഷേപപത്രത്തിന്മേലുള്ള നടപടി തീർപ്പാക്കുന്നതാണ്.

### (5) സംരക്ഷണ ഭിത്തി

ശ്രീമതി വീണാ ജോർജ്ജ്: സർ, മഹാപ്രളയത്തെ തുടർന്ന് ആറന്മുള നിയോജകമണ്ഡലത്തിലെ അച്ചൻകോവിലാറിന്റെയും പമ്പയാറിന്റെയും തീരപ്രദേശങ്ങൾ ആറ്റിലേയ്ക്ക് ഇടിഞ്ഞുവീണുകൊണ്ടിരിക്കുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ചാണ് ഞാനിത് ഉന്നയിക്കുന്നത്.

അച്ചൻകോവിലാറിന്റെ തീരത്തുള്ള പത്തനംതിട്ട മുനിസിപ്പാലിറ്റിയിലും ഓമല്ലൂർ, ചെന്നീർക്കര, കുളനട എന്നീ പഞ്ചായത്തുകളിലും പമ്പയാറിന്റെ തീരത്തുള്ള ആറന്മുള, തോട്ടപ്പുഴശ്ശേരി, കോഴഞ്ചേരി എന്നീ പഞ്ചായത്തുകളിലും ആറിന്റെ തിട്ട ഇടിഞ്ഞുവീണുകൊണ്ടിരിക്കുകയാണ്. കൃഷിയിടങ്ങളും ആറ്റിലേയ്ക്ക് ഇടിഞ്ഞുവീഴുന്നുണ്ട്. ഇപ്പോൾ വീഴുമെന്ന സ്ഥിതിയിൽ നിൽക്കുന്ന പല വീടുകളുമുണ്ട്. ഈ സർക്കാർ വളരെ വ്യക്തമായ നയത്തിന്റെ അടിസ്ഥാനത്തിൽ കാവുകൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുമ്പോൾ, പല കാവുകളും ഇപ്പോൾ ആറ്റിലേയ്ക്ക് ഇടിഞ്ഞുവീഴും എന്ന സ്ഥിതിയിലാണുള്ളത്. ഇക്കാര്യത്തിൽ സർക്കാർ അടിയന്തരമായി ഇടപെട്ട് ഇതുസംബന്ധിച്ചുള്ള പരിശോധനയ്ക്കായി ഉദ്യോഗസ്ഥരെ നിയോഗിക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. നിരവധി പരാതികളാണ് ഓരോ ദിവസവും ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ സാഹചര്യം സംബന്ധിച്ച് കൃത്യമായ

പഠനം നടത്തി ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി ഒരു പാക്കേജ് അനുവദിച്ച് അച്ചൻകോവിലാറിന്റെയും പമ്പയാറിന്റെയും തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അതുവഴി ആളുകളുടെ സ്വത്തും കൃഷിയിടങ്ങളും വീടുകളും സംരക്ഷിക്കുന്നതിന് അടിയന്തര നടപടി ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പത്തനംതിട്ട ജില്ലയിലെ ആറന്മുള മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലായി അച്ചൻകോവിലാറിന്റെയും പമ്പയാറിന്റെയും തീരപ്രദേശങ്ങൾ പ്രളയത്തെത്തുടർന്ന് ഇടിഞ്ഞുപോയ ഭാഗങ്ങളിൽ സംരക്ഷണഭിത്തി കെട്ടി കരയിടിച്ചിലിൽനിന്നും കൃഷിയിടങ്ങളും വീടുകളും മറ്റും സംരക്ഷിക്കുന്നതിനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ ജലസേചന വകുപ്പിന്റെ പ്രളയാനന്തര പ്രവത്തനങ്ങൾക്കായി 1068 കോടി രൂപയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സംബന്ധിച്ച ശിപാർശകളിന്മേൽ നാശനഷ്ടം സംഭവിച്ച പ്രദേശങ്ങളിലെ നദീതീര സംരക്ഷണഭിത്തിയുടെ നിർമ്മാണവും ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ ആറന്മുള പഞ്ചായത്തിലെ പ്രവൃത്തികളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികളുടെ പ്രാധാന്യംകൂടി കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ പദ്ധതി വിഹിതത്തിൽ റീ-അപ്രോപ്രിയേഷൻ മുഖാന്തരം ഫ്ലഡ് കൺട്രോൾ ഹെഡ്ഡിൽ അനുവദിച്ച തുകയിൽ ഉൾപ്പെടുത്തി അച്ചൻകോവിലാറിന്റെയും പമ്പയാറിന്റെയും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള ഏഴ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

## (6) നെല്ല് സംഭരണത്തിലെ അപാകതകൾ

ശ്രീ. കെ. വി. വിജയദാസ്: സർ, പാലക്കാട് ജില്ലയിൽ നെല്ല് സംഭരണം ഇപ്പോഴും ഇഴഞ്ഞുനീങ്ങുകയാണ്. ഒന്നേകാൽ ലക്ഷത്തോളം ടൺ നെല്ല് സംഭരിക്കേണ്ട സ്ഥാനത്ത് ഇപ്പോൾ എഴുപത്തയ്യായിരം ടൺ നെല്ല് മാത്രമാണ് സംഭരിച്ചത്. നെല്ല് സംഭരണത്തിനായി ചുമതലപ്പെടുത്തിയ മില്ലുടമകൾ മനഃപൂർവ്വം സംഭരണം വൈകിക്കുന്നതുമൂലം സംഭരിച്ച നെല്ല് കൊണ്ടുപോകാനും വൈകുന്നു. ചുമട്ടുകൂലി, കടത്തുകൂലി എന്നിവയിലുള്ള പ്രശ്നങ്ങൾ വേറെയുമുണ്ട്. നെല്ലിന്റെ ഗുണമേന്മയിൽ കുറവുണ്ടെന്ന പേരിൽ അഞ്ച് കിലോ വരെ കുറവ് ചെയ്തുകൊടുക്കേണ്ട സ്ഥിതിയുമുണ്ട്. ഈ വിഷമഘട്ടങ്ങളെല്ലാം തരണം ചെയ്താണ് കർഷകൻ നെല്ല് വിൽപ്പന നടത്തുന്നത്. ഇതുമൂലം നെൽകർഷകർക്കിടയിൽ

വലിയ പ്രതിസന്ധിയാണ് ഉണ്ടായിട്ടുള്ളത്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താനും നെല്ല് സംഭരണം ഊർജ്ജിതമാക്കാനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): പ്രളയക്കെടുതിമൂലം കഴിഞ്ഞ സീസണിൽ പാലക്കാട് ജില്ലയിൽ മാത്രമാണ് സംഭരണം പ്രധാനമായും നടന്നത്. അവിടെ 81315 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ഇതിന്റെ വിലയായി കൊടുക്കേണ്ട 205.72 കോടി രൂപയിൽ 193.72 കോടി രൂപ കൊടുത്തു; ഇനി 12 കോടി രൂപയാണ് കൊടുക്കാനുള്ളത്. പാലക്കാട് ജില്ലയിൽ നിന്നും സമ്പൂർണ്ണമായി നെല്ല് സംഭരണം നടന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിൽ നിന്നും വ്യത്യസ്തമായ സ്ഥിതിയാണ് അംഗം ഇവിടെ പറഞ്ഞത്. കഴിഞ്ഞ നെല്ല് സംഭരണത്തിൽ പ്രശ്നങ്ങളുണ്ടാക്കേണ്ട ഒരു കാരണമുണ്ടായിരുന്നില്ല. ആ രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഔട്ട് ടേൺ സംബന്ധിച്ചാണ്. ആ വിഷയത്തിൽ ഗവൺമെന്റ് തീരുമാനമെടുത്തതാണ്. എന്നാൽ നെല്ല് സംഭരണം തുടങ്ങിയ ആദ്യരണ്ടാഴ്ചയിൽ മില്ലുടമകൾ നെല്ല് സംഭരണത്തിൽനിന്നും മാറിനിന്നത് കുറച്ച് പ്രയാസമുണ്ടാക്കിയിരുന്നുവെങ്കിലും പിന്നീടത് ക്രമത്തിലാവുകയും നെല്ല് സംഭരണം സുഗമമായി നടക്കുകയും ചെയ്തു. നെല്ല് സമ്പൂർണ്ണമായി സംഭരിച്ചുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇനിയും ബാക്കിയുണ്ടെങ്കിൽ തീർച്ചയായും അതുകൂടി സംഭരിക്കാനുള്ള നടപടി സ്വീകരിക്കും. കഴിഞ്ഞ തവണ സഹകരണ മേഖല കൂടി നെല്ല് സംഭരണ രംഗത്ത് വരണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിരുന്നുവെങ്കിലും സംഭരണത്തിനുള്ള തയ്യാറെടുപ്പുകൾക്കായി അവർക്ക് കുറച്ചുകൂടി സമയം വേണമെന്ന് ആവശ്യപ്പെട്ടതിനാലാണ് സപ്ലൈകോ തന്നെ നെല്ല് സംഭരിക്കേണ്ടി വന്നത്. ഇനി വരുന്ന സീസണിൽ സഹകരണ മേഖലകൂടി പാലക്കാട് ജില്ലയിലെ നെല്ല് സംഭരണ രംഗത്ത് കടന്നുവരുമെന്ന തീരുമാനമുള്ളതിനാൽ ഇപ്പോഴുണ്ടാകുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

## V റിപ്പോർട്ടുകളുടെ സമർപ്പണം

1. 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI- ന്റെ അദ്ധ്യക്ഷനായ ഞാൻ 2018-ലെ കോഴിക്കോട് സർവ്വകലാശാലാ (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താലക്കാലിക ബദൽ ക്രമീകരണം) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അദ്ധ്യക്ഷനായ ഞാൻ 2018-ലെ കേരള പോലീസ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

3. പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ എഴുപത്തിമൂന്ന് മുതൽ എൺപത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. ദിവാകരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ എഴുപത്തി മൂന്ന് മുതൽ എൺപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

4. യുജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. റ്റി. വി. രാജേഷ്: സർ, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VI ധനകാര്യം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-2019 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## VII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഈ ബില്ലിൽ രണ്ട് ചെറിയ ഭേദഗതികളാണ് നടപ്പിൽവരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് ടൂറിസം സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ട നിലയിൽ നടക്കുന്നില്ല. സംസ്ഥാനത്തിന്റെ സുപ്രധാന സാമ്പത്തിക സ്രോതസ്സായി ടൂറിസം വളർച്ച പ്രാപിച്ചിരിക്കുന്ന ഒരു ഘട്ടമാണിത്. നമ്മുടെ ജി.ഡി.പി-യുടെ 10 ശതമാനം ടൂറിസം മേഖലയിൽ നിന്നാണ് ലഭിക്കുന്നത്. ടൂറിസം മേഖലയിൽ വലിയ സാധ്യതകളാണുള്ളത്. അത് ഉപയോഗപ്പെടുത്താൻ സഹായകരമായ തരത്തിലുള്ള ടൂറിസം സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഇതര സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ നടക്കുന്നതുപോലെ മെച്ചപ്പെട്ട രീതിയിൽ നടക്കുന്നില്ല, അവയുടെ ഘടനയിൽ ഏകീകൃതമായിട്ടുള്ള സ്വഭാവവുമില്ല. 14 ജില്ലകളിലും ടൂറിസം സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവയിൽ ഭൂരിഭാഗവും പ്രവർത്തനരഹിതമാണ് അല്ലെങ്കിൽ ഭാഗികമായി പ്രവർത്തിക്കുന്നവയാണ്. 'ദൈവത്തിന്റെ സ്വന്തം നാട് ' എന്ന പേരിൽ ടൂറിസ്റ്റുകളെ ധാരാളമായി ആകർഷിക്കുന്ന സംസ്ഥാനത്ത്, ഈ രംഗത്ത് പ്രവർത്തിക്കുന്ന ടൂറിസം സംഘങ്ങൾക്ക് കാര്യമായ ഇടപെടലുകൾ നടത്താൻ സാധിക്കുന്നില്ല. അതേസമയം സ്വകാര്യ വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങൾ ഈ മേഖലയിൽ മെച്ചപ്പെട്ട തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട് എന്നുള്ളത് കാണേണ്ടതായിട്ടുണ്ട്. സംസ്ഥാനത്ത് ജി.ഡി.പി-യുടെ 10 ശതമാനം ടൂറിസത്തിൽനിന്ന് ലഭിക്കുമ്പോൾ നമ്മുടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാനുള്ള സ്രോതസായ ടൂറിസം വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിനുവേണ്ട വിവിധ

പദ്ധതികളാണ് രണ്ടര വർഷമായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തണമെന്ന ആലോചന ഉണ്ടായത്. സഹകരണ നിയമത്തിൽ മറ്റെല്ലാ വിഭാഗം സഹകരണ സ്ഥാപനങ്ങൾക്കും നിർവ്വചനം നൽകിയിട്ടുണ്ട്. എന്നാൽ ടൂറിസം സംഘങ്ങൾക്ക് മാത്രം നിർവ്വചനം നൽകിയിട്ടില്ല. സംഘങ്ങളുടെ ക്ലാസിഫിക്കേഷനെന്ന സഹകരണചട്ടം 15-ൽ പ്രൈമറി വിഭാഗത്തിൽ പ്രൈമറി ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും അപ്പെക്സ് വിഭാഗത്തിൽ ടൂർ ഫെഡ് എന്ന നിലയിലും ക്ലാസിഫൈ ചെയ്തിട്ടുണ്ടെന്നതും ഒഴിച്ചാൽ മറ്റ് യാതൊരു വിശദാംശങ്ങളും നിയമത്തിലോ ചട്ടത്തിലോ ഉൾപ്പെടുത്തിയതായി കാണുന്നില്ല. കൂടാതെ പ്രൈമറി ടൂറിസം സംഘങ്ങളുടെ പ്രവർത്തനപരിധിയും നിശ്ചയിച്ചിട്ടില്ല. നിലവിൽ നമ്മുടെ സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയായി പ്രൈമറി വിഭാഗത്തിൽ രണ്ട് ടൂറിസം സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ഒരു ജില്ല, ഒന്നിൽ കൂടുതൽ ജില്ലകൾ, താലൂക്ക്, പഞ്ചായത്ത് എന്നിങ്ങനെ പ്രൈമറി വിഭാഗത്തിൽ സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയും അവയിൽ ചിലത് പ്രവർത്തിച്ചുവരികയും ചെയ്യുന്നു. അതുകൊണ്ട് ഇതിനൊരു ഏകീകൃത സ്വഭാവം ആവശ്യമാണ്. ഏകീകൃത സ്വഭാവം കൈവരിക്കാൻ പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധി നിർണ്ണയിച്ചുകൊണ്ട് നിയമത്തിൽ ഭേദഗതി വരുത്തേണ്ടതായിട്ടുണ്ട്. ആ നിലയിൽ ചെറിയൊരു ഭേദഗതിയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ടൂറിസം സംഘങ്ങൾ ഒരു താലൂക്ക് അടിസ്ഥാനപ്പെടുത്തി, ഒരു റവന്യൂ പ്രദേശം, അതായത് ഒരു താലൂക്കിനെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു ടൂറിസം സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നതായിരിക്കും നല്ലത്. നിലവിലുള്ള, സംസ്ഥാനമാകെ വ്യാപിച്ചുനിൽക്കുന്നതായുള്ള പ്രവർത്തനപരിധിയിലുള്ള സംഘങ്ങൾ, ചില വില്ലേജുകളിൽ മാത്രം കേന്ദ്രീകരിച്ച് നിൽക്കുന്ന സഹകരണ സംഘങ്ങൾ എന്നിവ ഒരു ഏകീകൃതമായിട്ടുള്ള വ്യവസ്ഥയ്ക്ക് കീഴിൽ കൊണ്ടുവരുന്നതിനുവേണ്ട പരിശ്രമത്തിന്റെ ഭാഗമായിട്ടാണ് ഇത്തരമൊരു ഭേദഗതി കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

പാൽ വിതരണ സഹകരണ സംഘങ്ങളുടെ നടത്തിപ്പിനു വേണ്ടിയുള്ളതാണ് രണ്ടാമത്തെ ഭേദഗതി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നാൽ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം തെരഞ്ഞെടുപ്പ്

പ്രകടനപത്രികയിൽ വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. മിൽമയുടെ പ്രവർത്തനങ്ങളെ ആനന്ദ് മാതൃകയിൽ പുനഃസംഘടിപ്പിക്കും, ക്ഷീര ക്ഷേമ സംഘങ്ങൾക്ക് സ്കീമുകളുടെ അടിസ്ഥാനത്തിൽ കൂടുതൽ ധനസഹായം നൽകും തുടങ്ങിയ കാര്യങ്ങളായിരുന്നു പ്രകടനപത്രികയിൽ ചൂണ്ടിക്കാണിച്ചിട്ടു ണ്ടായിരുന്നത്. ഇത് ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുമോ എന്നതിനെക്കുറിച്ച് പരിശോധിക്കുന്നതിന് ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിക്കുകയും അതിന്റെ വിശദമായ പരിശോധനകൾക്കുശേഷം ശ്രീമതി ലിഡ ജേക്കബ് ഐ.എ.എസ്. (റിട്ടയേർഡ്) ചെയർപേഴ്സൺ, ഡോ. വി. മുകുന്ദദാസ്, ഡയറക്ടർ (ചന്ദ്രഗുപ്ത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്) പാറ്റ്ന, ബീഹാർ, ശ്രീ ശശികുമാർ എം.പി., ഡയറക്ടർ ഇൻ-ചാർജ് (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്), പറശ്ശിനിക്കടവ്, കണ്ണൂർ, ശ്രീ. ജോർജ്ജ് കുട്ടി ജേക്കബ്, മെമ്പർ സെക്രട്ടറി, (ഡയറക്ടർ (റിട്ടയേർഡ്) ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്) എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ച് ഈ സഹകരണ സംഘങ്ങളെ കൂടുതൽ മെച്ചപ്പെട്ട തരത്തിൽ പ്രവർത്തിക്കാനും പാലുല്പാദനം കൂടുതൽ വർദ്ധിപ്പിക്കാനും എങ്ങനെ സാധിക്കും, സ്വയംപര്യാപ്തമായ നേട്ടങ്ങൾ എങ്ങനെ കൈവരിക്കാൻ സാധിക്കും, ഇതിനായി മിൽമയുടെ പ്രവർത്തനങ്ങളിൽ കാലോചിതമായി വരുത്തേണ്ട മാറ്റങ്ങൾ എന്തൊക്കെയായിരിക്കണ മെന്നതിനെക്കുറിച്ച് വിശദമായി പഠിച്ച് തയ്യാറാക്കിയിട്ടുള്ള ഒരു റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ചില ഭേദഗതികൾ നിയമത്തിൽ കൊണ്ടുവരണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ 3 റീജിയണൽ സംഘങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. അതായത്, കോഴിക്കോട് കേന്ദ്രീകരിച്ച് കോഴിക്കോട് റീജിയണൽ സഹകരണ മിൽക്ക് മാർക്കറ്റിംഗ് സൊസൈറ്റി, എറണാകുളം റീജിയണൽ മിൽക്ക് സഹകരണ മാർക്കറ്റിംഗ് സൊസൈറ്റി, തിരുവനന്തപുരം റീജിയണൽ സഹകരണ മിൽക്ക് മാർക്കറ്റിംഗ് സൊസൈറ്റി എന്നിങ്ങനെയാണ്. കോഴിക്കോട് - 980, എറണാകുളം - 1200, തിരുവനന്തപുരം - 1100 എന്നിങ്ങനെ സംഘങ്ങളുണ്ട്. ഈ സംഘങ്ങളുടെ തെരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം, ആനന്ദ് മാതൃകയിൽ ജില്ലാതലത്തിൽ സംഘങ്ങളെ നയിക്കുന്നതിന് പ്രാപ്തരായിട്ടുള്ള ആളുകളെ തെരഞ്ഞെടുക്കുകയാവും നന്നാവുക എന്ന നിലയാണ് കാണുന്നത്. അതിന്റെ അടിസ്ഥാനത്തിലുള്ള ഒരു ചെറിയ നിയമ ഭേദഗതിയാണ് കൊണ്ടുവരുന്നത്. വളരെ പ്രധാനപ്പെട്ട മേഖലകളായ ടൂറിസം, വ്യവസായം, പാലുല്പാദന മേഖല എന്നിവയിൽ വലിയ മാറ്റങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് കൊണ്ടുവരുന്ന രണ്ട് ഭേദഗതികൾ ഞാൻ സഭയുടെ മുന്നിൽ സമർപ്പിക്കുന്നു.

മി. സ്പീക്കർ: 2018-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (രണ്ടാം ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തിന് നോട്ടീസ് നൽകിയവരാരും സീറ്റിലില്ല.

(നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ നിരാകരണ പ്രമേയങ്ങൾ അവതരിപ്പിച്ചില്ല)

12.00 Noon]

ശ്രീ. സി. ദിവാകരൻ: സർ, 2018-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സുപ്രധാനമായ രണ്ട് ഭേദഗതികളാണ് നിയമസഭ പാസ്സാക്കാൻ പോകുന്നത്. നിലവിലുള്ള സഹകരണ പ്രസ്ഥാനം കൂടുതൽ ശാസ്ത്രീയമായും കാര്യക്ഷമമായും മുന്നോട്ടുകൊണ്ടുപോകണമെന്ന സദുദ്ദേശത്തോടെ വകുപ്പുമന്ത്രി കൊണ്ടുവന്ന ഈ രണ്ട് ഭേദഗതികളെയും ഞാൻ ശക്തമായി പിന്തുണയ്ക്കുകയാണ്. സഹകരണ പ്രസ്ഥാനത്തിന് സുദീർഘമായ ചരിത്രമാണുള്ളത്. പാശ്ചാത്യ രാജ്യത്ത് പൊട്ടിപ്പുറപ്പെട്ട പല മാറ്റങ്ങളുടെ ഫലമായിട്ടാണ് സഹകരണ പ്രസ്ഥാനം 19-ാം നൂറ്റാണ്ടിൽ യൂറോപ്പിലും ഫ്രാൻസിലും പ്രവർത്തനം ആരംഭിച്ചത്. സഹകരണ പ്രസ്ഥാനത്തിന്റെ പിതാവായി അറിയപ്പെടുന്നത് സ്കോട്ട്ലന്റിലെ റോബർട്ട് ഓവൻ എന്ന മഹാനായ വ്യക്തിയാണ്. ലോകത്തിലാദ്യമായി സഹകരണ സങ്കൽപ്പമുണ്ടാകുന്നത് അദ്ദേഹത്തിന്റെ പരീക്ഷണമായിരുന്നു. തുടർന്ന് പല രാജ്യങ്ങളിലും ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട് പരസ്പര സഹായ സഹകരണ പ്രസ്ഥാനങ്ങൾ ഉയർന്നുവന്നു. കേരളത്തിന് സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പുതന്നെ (1946-ൽ) 1669 സഹകരണ സംഘങ്ങൾ പ്രവർത്തിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ ഇന്ന് സഹകരണ പ്രസ്ഥാനം സർവ്വവ്യാപിയാണ്. സഹകരണ മേഖല പ്രവർത്തിക്കാത്ത ഒരു മേഖലയും സാമൂഹ്യരംഗത്തില്ല. ഏറ്റവും ഒടുവിൽ നമ്മുടെ ഗ്രാമങ്ങളിൽ അതിശക്തമായി വേരോടി നിൽക്കുന്ന ജനകീയ പ്രസ്ഥാനമാണ് സഹകരണ പ്രസ്ഥാനം. സാമ്പത്തിക ക്രയവിക്രയമോ വായ്പ കൊടുക്കലോ മാത്രമല്ല, സർവ്വീസ് മേഖലയിലും ഒട്ടേറെ മാറ്റങ്ങൾ വരുത്താൻ സഹകരണ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. അഴിമതി വ്യാപകമാകുന്നുണ്ട് എന്നുള്ളതാണ് സഹകരണ

പ്രസ്ഥാനം ഇന്ന് നേരിടുന്ന ഏറ്റവും ഗുരുതരമായ അവസ്ഥ. അത് ഈ ഭേദഗതികൊണ്ട് ശാസ്ത്രീയമാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ജനങ്ങളുടെ വിശ്വാസത്തെ ഹനിക്കുന്ന തരത്തിൽ പല സഹകരണ സംഘങ്ങളും ഇന്ന് അഴിമതിയിലേയ്ക്ക് നീങ്ങുകയാണ്. അത് നിയന്ത്രിക്കാനുള്ള നടപടികൾ ഉൾക്കൊള്ളുന്ന ഭേദഗതി ഇപ്പോൾ വന്നിട്ടില്ലെങ്കിൽ അതിന് പ്രത്യേകമായൊരു സംവിധാനം കൊണ്ടുവരണം. സഹകരണ മേഖലയിലെ അഴിമതി കണ്ടെത്തുന്നതിന് പ്രത്യേക പോലീസോ ക്രൈംബ്രാഞ്ചോ സ്പെഷ്യൽബ്രാഞ്ചോ അല്ലാതെ ഒരു വിജിലൻസ് വിഭാഗംതന്നെ ഉണ്ടാകണമെന്ന് ഞാൻ നിർദ്ദേശിക്കുന്നു. ഇന്ന് 40,000 കോടി രൂപ മൂലധനമുള്ള ഒരു മേഖലയാണിത്. സഹകരണ മേഖലയിലെ പ്രവർത്തനത്തിന്റെ ഫലമായി ഏറ്റവും ആധുനിക രീതിയിൽ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിബന്ധനകൾക്ക് വിധേയമായി 'കേരള ബാങ്ക് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചു. അത് ഇന്ത്യയിൽ മറ്റെവിടെയെങ്കിലും ഉണ്ടോയെന്ന് അറിയില്ല. ആ തീരുമാനം ഫലപ്രദമായി മുന്നോട്ടുപോകുകയാണ്. അതിന്റെ അടിത്തറ ജനങ്ങൾക്ക് സഹകരണ മേഖലയിലുണ്ടായ വിശ്വാസമാണ്. വികസനത്തിനുവേണ്ടി ഇത്തരം ബാങ്കുകളെ ഉപയോഗിക്കുമ്പോൾ അവർ 75 ശതമാനം ഡെപ്പോസിറ്റുകളും വായ്പ കൊടുത്ത് സഹായിക്കുകയാണ് ചെയ്യുന്നത്. പാവപ്പെട്ട കൃഷിക്കാർ, സ്വയംതൊഴിൽ കണ്ടെത്തുന്നവർ തുടങ്ങി എല്ലാവിധത്തിലുമുള്ള സാമൂഹിക സേവനവും ഈ ബാങ്കിംഗ് മേഖലയിൽ നടത്തുന്നുണ്ട്.

ഇവിടെ നെല്ല് സംഭരണം സഹകരണ മേഖല ഏറ്റെടുക്കുകയാണ്. ആരോഗ്യ മേഖലയും വിദ്യാഭ്യാസ മേഖലയും വളരെ ശക്തമായി സഹകരണ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. പൊതുവിതരണ രംഗത്ത് കൺസ്യൂമർഫെഡ് പോലെ മാതൃകാപരമായ പ്രവർത്തനങ്ങളുണ്ട്. അതോടൊപ്പം, മലബാർ സിമന്റ്സിന്റെ വിപണി കണ്ടെത്താൻ സഹകരണ മേഖല ഇപ്പോൾ സഹായിക്കുന്നുണ്ട്. അടുത്തകാലത്ത് കേരളത്തിലെ ട്രാൻസ്പോർട്ട് ജീവനക്കാരുടെ പെൻഷനുമായി ബന്ധപ്പെട്ട് ഒട്ടേറെ സമരങ്ങൾ നടന്ന സന്ദർഭത്തിൽ സഹകരണ ബാങ്കുകളാണ് സഹായിക്കാൻ മുന്നോട്ടുവന്നത്. സംസ്ഥാനത്തെ മുപ്പത്തിയൊൻപതി നായിരത്തിൽപ്പരം ട്രാൻസ്പോർട്ട് തൊഴിലാളികളുടെ പെൻഷൻ സഹകരണ മേഖലയെ ഏൽപ്പിച്ചപ്പോൾ അവരത് ഫലപ്രദമായി നിർവ്വഹിക്കുകയാണ് ചെയ്തത്. അതുപോലെ സാമൂഹികക്ഷേമ പെൻഷൻ വീട്ടിലെത്തിക്കുന്ന സമ്പ്രദായമാണ് സർക്കാർ ചെയ്യുന്നത്. തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ

വാഗ്ദാനം ചെയ്ത കാര്യങ്ങൾ ഫലപ്രദമായി ചെയ്തിട്ടുണ്ട്. അതുപോലെ, ടൂറിസത്തിന്റെ കാര്യത്തിലും ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. അത് ആ രംഗത്തെ മുന്നോട്ടുകൊണ്ടുപോകാൻ സഹായിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഭേദഗതിയിൽ പറയുന്നത്, "ഈ ആക്റ്റിലോ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും സംഘത്തിന്റെ പ്രവർത്തന പ്രദേശവും ആസ്തികളും ബാധ്യതകളും വിഭജനം നടത്താതെയുള്ള ഏതൊരു പ്രൈമറി ടൂറിസം സഹകരണ സംഘത്തിന്റെ രജിസ്ട്രേഷനും അപ്രകാരം വിഭജനം നടത്താതെയുള്ള ഏതെങ്കിലും രജിസ്ട്രേഷനെ തുടർന്നുള്ള കമ്മിറ്റിയുടെ രൂപീകരണവും അസാധുവായിരിക്കുന്നതും അങ്ങനെയുള്ള ഓരോ സംഘങ്ങൾക്ക് വേണ്ടിയും രജിസ്ട്രാർ ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കേണ്ടതുമാണ്" എന്നാണ്. സ്പെഷ്യൽ ആഫീസറെ നിയമിച്ചാൽ അങ്ങനെ എത്ര സ്പെഷ്യൽ ആഫീസർമാർ വരും? അത് അധികബാധ്യതയായി വരാനിടയുണ്ടെന്നാണ് സംശയിക്കുന്നത്. കഴിയുമെങ്കിൽ അതൊഴിവാക്കുന്ന കാര്യം ആലോചിക്കണം.

സഹകരണ മേഖലയിൽ വളരെ ശക്തമായി പ്രവർത്തിക്കുന്ന ഒന്നാണ് മിൽമ. കേരളത്തിലെ ക്ഷീരകർഷകരുടെ ഏക ആശ്രയം മിൽമയാണ്. മിൽമയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി ഗവൺമെന്റുതന്നെ നിയോഗിച്ച Expert Committee for study on Dairy Co-Operatives in Kerala എന്ന സമിതിയുടെ റിപ്പോർട്ടിൽ ഉന്നയിക്കുന്ന കാര്യമാണ് ഭേദഗതിയായി വരുന്നത്. മിൽമയിൽ ജില്ലകളിലെ സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിന് എവിടെയുള്ള ആളിനും വോട്ട് ചെയ്യാമെന്നുള്ള സ്ഥിതി മാറുകയാണ്. സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിന് അതത് ജില്ലയിലുള്ള ആളുകൾ വോട്ടുചെയ്യുകയും തെരഞ്ഞെടുക്കപ്പെടുകയും വേണം. മൂന്ന് തട്ട് എന്നുള്ളത് ഇപ്പോഴും ഗവൺമെന്റ് മാറ്റുന്നില്ല, അങ്ങനെയൊരു ഭേദഗതി ഇപ്പോഴില്ല, അത് തുടരുകയാണ്.

എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻഡീച്ചറിന്റെ ഭാഗമായി ഭരണ സംവിധാനങ്ങളിൽ ഭാരിച്ച സാമ്പത്തികബാധ്യത വരുന്നത് ഉദ്യോഗസ്ഥരുടെ ശമ്പളവും അവരുടെ ആനുകൂല്യങ്ങളും കൊടുക്കുന്നതിനാണ്. ഉദ്യോഗസ്ഥരുടെ scale of pay, അവരുടെ കാലാകാലങ്ങളിലെ സർവ്വീസ് കണ്ടീഷൻ ഇതെല്ലാം നോക്കുമ്പോൾ സംഘങ്ങൾക്ക് താങ്ങാനാകാത്തവിധം ബാധ്യത വരുത്തുന്നുണ്ട്. ഓരോ സംഘങ്ങൾക്കുവേണ്ടിയും രജിസ്ട്രാർ/ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കണമെന്ന് പറയുന്നത് പുനഃപരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മിൽമയുമായി ബന്ധപ്പെട്ട് കൊണ്ടുവന്നിട്ടുള്ള ഭേദഗതികൊണ്ട് ചെറിയൊരു മാറ്റംവരും. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇന്ന് കേരളത്തിലെ

ക്ഷീരകർഷകർക്ക് ക്വാളിറ്റിയുള്ള കാലിത്തീറ്റ കിട്ടുന്നില്ല അതിനുവേണ്ട സ്കീമിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് ശ്രീമതി ലിഡ ജേക്കബ്ബിന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. അതിനുമുമ്പ് ഹേലിയുടെ റിപ്പോർട്ട് ഉണ്ടായിരുന്നു. അതുകൊണ്ട് ഈ നിയമഭേദഗതികൾ മാത്രം പോര, ആ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള ശിപാർശകൾകൂടി ഗവൺമെന്റ് പരിഗണിക്കണം. ക്ഷീരകർഷകർക്ക് ആവശ്യമായ പച്ചപ്പുല്ല്, കാലിത്തീറ്റ എന്നിവ വില കുറച്ച് കിട്ടാനുള്ള സംവിധാനങ്ങളുണ്ടാകണം. സ്വകാര്യകാലിത്തീറ്റ കമ്പനികൾ ക്ഷീരകർഷകരെ കൊള്ളയടിക്കുന്നതിനാൽ വില നിയന്ത്രിക്കാൻ കഴിയുന്നില്ല. പാലിന് എത്ര സബ്സിഡി കൊടുത്താലും ക്ഷീരകർഷകർക്ക് മുന്നോട്ട് പോകാൻ കഴിയുന്നില്ല. ഈ രണ്ട് വകുപ്പുകളും പരസ്പര ബന്ധമുള്ളതുകൊണ്ട് തീർച്ചയായും ഈ ഭേദഗതികൾ ഈ രംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കും.

ടൂറിസ്റ്റുകൾ വരുമ്പോൾ അവർക്ക് ഏറ്റവും രുചിയായിട്ടുള്ളതും പാലിലധിഷ്ഠിതവുമായ ഉൽപ്പന്നങ്ങളുണ്ടാക്കിക്കൊടുക്കാൻ കഴിയുന്ന തരത്തിൽ ആധുനിക രീതിയിൽ മിൽമയും ടൂറിസം വകുപ്പും ജോയിന്റ് വെൻചർ നടത്തിയാൽ കേരളത്തിൽ വലിയ സാദ്ധ്യതയുണ്ടാകും, അതിനെക്കുറിച്ചുകൂടി ആലോചിക്കണം. ഇവിടെ പ്രതിപക്ഷത്തുള്ള സുഹൃത്തുക്കൾ ഇല്ലാത്തത് എനിക്ക് വലിയ പ്രയാസമുണ്ടാക്കുന്നുണ്ട്. കാരണം അവരോട് ചില വർത്തമാനങ്ങൾ പറയണമെന്നുണ്ടായിരുന്നു. രണ്ടുമൂന്ന് പാവങ്ങൾ ഇവിടെ എവിടെയോ ഉണ്ട്. എന്തിനാണ് പതുങ്ങി ഇരിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അവർക്കെല്ലാം നിയമസഭയിൽ വന്നിരിക്കാം, നമ്മളാരും ഒന്നും ചെയ്യില്ല. ശബരിമലയിൽ എന്തൊക്കെയോ പ്രശ്നങ്ങളുണ്ടെന്ന് പറഞ്ഞുവെങ്കിലും അതെല്ലാം തീർന്നു. സെക്രട്ടേറിയറ്റിൽ ആരോ സമരമിരിക്കുന്നു, ഇവിടെയും രണ്ടുമൂന്ന് പേർ സമരമിരിക്കുന്നുണ്ട്. ഇത് സൂചിപ്പിക്കുന്നത് കേരളത്തിലെ പ്രതിപക്ഷത്തിന്റെ രാഷ്ട്രീയ പാപ്പരത്തമാണ്. പ്രതിപക്ഷം തകർന്നിരിക്കുകയാണ്; അവർക്ക് സ്ഥലജലഭ്രമമാണ്. നിയമസഭയിൽ ഭേദഗതികൾ കൊണ്ടുവരുമ്പോഴും നിയമനടപടികൾ എടുക്കുമ്പോഴും ഇവിടെനിന്നും ഒളിച്ചോടുന്ന സ്ഥിതി മോശമാണ്. അവസാനം ഡോ. കെ. ടി. ജലീലിനെ പിടിച്ചുകയറാമെന്ന് വിചാരിച്ചു, അതിനും നിവൃത്തിയില്ല. ഇന്നത്തോടെ ആ വിഷയവും തീർന്നു. ഇത്തരത്തിൽ വിഷയ ദാരിദ്ര്യമുള്ള, പാപ്പരായ ഒരു പ്രതിപക്ഷത്തെ ഞാനെന്റെ ജീവിതത്തിൽ ഇതുവരെ കണ്ടിട്ടില്ല. അവർ ഇന്ത്യയെക്കാണുന്നില്ല, ഇന്ത്യയിലെ സംഭവങ്ങൾ അറിയുന്നില്ല, വടക്കേ ഇന്ത്യയിൽ നടക്കുന്ന കാര്യങ്ങളറിയുന്നില്ല. ഇന്നലെ യു.പി.യിൽ നടന്ന സംഭവങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. നമ്മുടെ രാജ്യം എങ്ങോട്ടാണ് പോകുന്നത്?

കോൺഗ്രസ് ദേശീയ പാർട്ടിയാണെന്നാണ് പറയുന്നത്. ഇവരാണോ ദേശീയപാർട്ടി, ഇവരാണോ മതേതരത്വത്തിന്റെ ആളുകൾ? സ്ത്രീകളെ ശബരിമലയിൽ പ്രവേശിപ്പിക്കണോ വേണ്ടയോ സുപ്രീംകോടതി വിധി നടപ്പിലാക്കണോ എന്നതിനുപകരം വേറെ കാര്യങ്ങളാണ് പറയുന്നത്. നിയമസഭയിൽ അവരുടെ നിലപാടുകൾ വ്യക്തമാക്കാൻ കഴിയാത്തതിന്റെ ഫലമായാണ് ഒളിച്ചോട്ടം നടത്തുന്നത്. പ്രതിപക്ഷം തിരിച്ചുവരുമ്പോൾ എനിക്ക് അവസരം ലഭിക്കുകയാണെങ്കിൽ അപ്പോൾ കൂടുതൽ കാര്യങ്ങൾ പറയാം. രണ്ട് ഭേദഗതികളെയും ശക്തമായി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. വി. കെ. സി. മമ്മത് കോയ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. വി. ജോയി</u>: സർ, 2018-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ കൊണ്ടുവന്നിട്ടുള്ള രണ്ട് ഭേദഗതികളിൽ പ്രധാനപ്പെട്ട കാര്യങ്ങൾ ശ്രീ. സി. ദിവാകരൻ ഇവിടെ സൂചിപ്പിച്ചു. കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇന്ത്യയ്ക്കുതന്നെ മാതൃകയാണ്. ഇന്ന് സഹകരണ പ്രസ്ഥാനം ഇടപെടാത്ത ഒരു വിഷയവും കേരളീയ സമൂഹത്തിൽ നിലനിൽക്കുന്നില്ല. എല്ലാ പ്രവർത്തനങ്ങളിലും സഹകരണ പ്രസ്ഥാനത്തിന്റെ ടച്ച് നിലനിൽക്കുകയാണ്. ഇന്ത്യയിലെ സഹകരണ നിക്ഷേപങ്ങളുടെ കണക്ക് പരിശോധിച്ചാലും കേരളത്തിലാണ് അതിന്റെ ഏറ്റവും വലിയ തോതെന്ന് മനസ്സിലാക്കാൻ സാധിക്കും. സഹകരണ പ്രസ്ഥാനത്തിന് മുന്നേറുന്നതിനുള്ള എല്ലാ നിലപാടുകളും അതത് കാലത്തെ സഹകരണ വകുപ്പ് നിയമത്തിന്റെ ഭാഗമായി കൊണ്ടുവരാറുണ്ട്. അങ്ങനെയാണ് ഇന്ത്യയ്ക്ക് മാതൃകയാകുന്ന നിലയിലേയ്ക്ക് നമ്മുടെ സഹകരണ പ്രസ്ഥാനം മാറിയിട്ടുള്ളത്.

ഇവിടെ രണ്ട് ബില്ലുകളാണ് പ്രധാനമായും ചർച്ചയ്ക്ക് വന്നിട്ടുള്ളത്. അതിൽ ഒന്ന് ടൂറിസവുമായി ബന്ധപ്പെട്ട സംഘങ്ങളെ സംബന്ധിച്ചുള്ളതാണ്. കേരളത്തിൽ ടൂറിസത്തിന് അനന്തമായ സാധ്യതകളാണുള്ളത്. ആ സാധ്യതകൾ ഏതെങ്കിലും ചില സ്വകാര്യ വ്യക്തികളോ സ്വകാര്യ കമ്പനികളോ സംരംഭകരോ ചേർന്ന് തട്ടിയെടുക്കുന്ന സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. അതിൽ സംസ്ഥാന ഗവൺമെന്റിനോ സഹകരണ മേഖലയ്ക്കോ യാതൊരു പങ്കുമില്ല. ഈ സാഹചര്യത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ ഇടപെടൽ വളരെ അനിവാര്യമാണ്. ഇന്ന് കേരളത്തിൽ ടൂറിസം മേഖല മാറിക്കൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. ബഹുമാന്യനായ കടകംപള്ളി സുരേന്ദ്രൻ ടൂറിസം വകുപ്പിന്റെ

ചുമതല ഏറ്റെടുത്തതിനുശേഷം വളരെ ചിട്ടയായ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടക്കുകയാണ്. ഓരോ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളും കണ്ടെത്തി അതിന്റെ വിപുലീകരണത്തിന് സാധ്യമായ കാര്യങ്ങൾ ചെയ്തുകൊണ്ടാണ് കഴിഞ്ഞ രണ്ടര വർഷമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. തിരുവനന്തപുരത്തുള്ള ശംഖുംമുഖം, ആക്കുളം, ലോകപ്രശസ്തി നേടിയിട്ടുള്ള വർക്കല തുടങ്ങി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ടൂറിസം ഡിപ്പാർട്ട്മെന്റ് പ്രത്യേകമായി രൂപകല്പന ചെയ്തിട്ടുള്ള കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി വിദേശികളായുള്ള ടൂറിസ്റ്റുകൾ മാത്രമല്ല, നല്ലൊരു ശതമാനം ആഭ്യന്തര ടൂറിസ്റ്റുകളും കേരളത്തിലേയ്ക്ക് വരുന്നുണ്ട്. കണക്കുകൾ പരിശോധിച്ചാൽ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം വളരെയധികം വർദ്ധിച്ചതായി കാണാൻ കഴിയും. ഈ സാഹചര്യങ്ങളെ പരമാവധി പ്രയോജനപ്പെടുത്തണം. അത് സഹകരണ മേഖലയിൽ കൂടിയാകുമ്പോൾ അഴിമതിരഹിതമായുള്ള നിലയിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കും. ഇപ്പോഴത്തെ ടൂറിസം സംഘങ്ങൾ ശരിയായ നിലയിലല്ല പ്രവർത്തിക്കുന്നത്. സഹകരണ സ്ഥാപനങ്ങൾക്ക് പ്രവർത്തന പരിധി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന വ്യാപകമായി പ്രവർത്തിക്കുന്ന സംഘങ്ങൾ വരെയുണ്ട്. ഒന്നും രണ്ടും റവന്യൂ ജില്ലകൾ ചേർന്നുകൊണ്ടുള്ള ടൂറിസം സംഘങ്ങൾ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ രജിസ്ട്രേഷൻ നടത്തിയതിനുശേഷം ഒരു പ്രവർത്തനവും നടത്താതെ നാമമാത്രമായി മുന്നോട്ട് പോകുന്ന സംഘങ്ങളുമുണ്ട്. ഇവയെ ഏകീകൃത രൂപത്തിലേക്കും നല്ല പ്രവർത്തനശേഷിയിലേക്കും കൊണ്ടുവരുന്നതിനാണ് ഈ ബിൽ സഭയിൽ അവതിരിപ്പിച്ചിട്ടുള്ളത്. ഇതിന്റെ ഘടന വളരെ കൃത്യമാണ്. ടൂറിസവുമായി ബന്ധപ്പെട്ട് അപെക്സ് ബോഡിയുണ്ട്. ഇതിന്റെയെല്ലാം പ്രവർത്തന മേഖല കേന്ദ്രീകരിച്ചുകൊണ്ട് താലൂക്ക് ബെയ്സ് ചെയ്തിട്ടുള്ള ടു ടയർ സിസ്റ്റത്തിലേക്കാണ് വിഭാവന ചെയ്തിട്ടുള്ളത്. താലൂക്ക്തല പ്രവർത്തന മേഖലയും അതിന്റെ അപെക്സ് ബോഡിയും എന്ന നിലയിലാണ് ഈ ബില്ലിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. വളരെ നന്നായി പ്രവർത്തനങ്ങൾ കൊണ്ടു പോകുന്നതിനുള്ള മാർഗ്ഗദർശനമാണ് ബില്ലിൽ അടങ്ങിയിട്ടുള്ളത്. രണ്ടാമതായി മിൽമയാണ്. അതുസംബന്ധിച്ച് ശ്രീ. സി. ദിവാകരൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മിൽമയിൽ ജനാധിപത്യം എത്രത്തോളമുണ്ടെന്ന് പരിശോധിക്കണം. ജനാധിപത്യത്തിന്റെ കുറവ് മിൽമയെ സംബന്ധിച്ചിടത്തോളം ഇന്ന് നിഴലിച്ചുകാണുകയാണ്. മൂന്ന് റീജിയണുകളിലായാണ് മിൽമയുടെ തെരഞ്ഞെടുപ്പ് നടക്കുന്നത്. എല്ലാവരുംകൂടി വോട്ട് ചെയ്ത് അപെക്സ് ബോഡിയിലേയ്ക്ക് ആളുകളെ തെരഞ്ഞെടുക്കുന്ന അശാസ്ത്രീയമായ രീതി നിലനിൽക്കുന്നുണ്ട്. ആ രീതിക്ക് മാറ്റംവരുത്തി

ജില്ലാതലത്തിൽ ഒരു തെരഞ്ഞെടുപ്പ് നടത്തണം. ഇന്ന് അനന്തമായ സാധ്യതകളാണ് മിൽമയ്ക്കുള്ളത്.

ആനന്ദ് മോഡലായിരുന്നാലും മറ്റേതെങ്കിലും രൂപത്തിലാണെങ്കിലും നമ്മുടെ നാട്ടിലെ ക്ഷീരകർഷകരെ സംബന്ധിച്ചിടത്തോളം കൂടുതൽ ഗുണം നൽകാൻ കഴിയുന്ന തരത്തിലാണ് ഇത് വിഭാവന ചെയ്യുന്നത്. ക്ഷീരോൽപ്പാദന രംഗത്ത് കേരളം മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഇന്ന് പശുവിനെ വളർത്തി ജീവിക്കുന്ന ചെറുകിട കർഷകരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. അവർ കൊടുക്കുന്ന ഗുണമേന്മയുള്ള പാലിന് കൃത്യമായ വില നൽകുകയും കൂടുതൽ ജനകീയഭാവവും സ്വഭാവവുമുള്ള തരത്തിലേയ്ക്ക് മിൽമയുടെ പ്രവർത്തനത്തെ കൊണ്ടുവരികയും ചെയ്യണം. ജനാധിപത്യപരമായിട്ടല്ല മിൽമയുടെ പ്രവർത്തനങ്ങൾ ഇന്ന് നടന്നുവരുന്നത്. പാലുൽപ്പാദകർക്ക് കൂടുതൽ ഗുണപ്രദമാകുന്നതിനു വേണ്ടിയാണ് രണ്ടാമത്തെ ഭേദഗതിയും അവതരിപ്പിച്ചിരിക്കുന്നത്. സഹകരണ മേഖലയിൽ കൂടുതൽ ഉണർവ്വേകുന്ന തരത്തിലുള്ള ഭേദഗതികളാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ അവസരത്തിൽ അതിനെ അനുകൂലിക്കുകയാണ്. ഇന്ന് രാവിലെ ശ്രീ. മഞ്ഞളാംകുഴി അലി ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷന്റെ എം.ഡി.-യായി യു.ഡി.എഫ്. ഭരണകാലത്ത് നിയമിതനായ ശ്രീ. ഹനീഫ പെരിഞ്ചീരി തന്റെ ബന്ധുവല്ലെന്ന് നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പറഞ്ഞു. ബന്ധുത്വത്തിന്റെ കണക്കുപറഞ്ഞാൽ ഹനീഫ പെരിഞ്ചീരി ശ്രീ. മഞ്ഞളാംകുഴി അലിയുടെ സഹോദരന്റെ മകനായി വരും. അത് മറച്ചുവച്ചുകൊണ്ടാണ് ഇവിടെ സംസാരിച്ചത്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എല്ലാ പൊതുമേഖലയിലും ഡയറക്ടർ ബോർഡിൽ മുസ്ലീംലീഗിന്റെ ഏഴും എട്ടും ആളുകളെ നിയമിച്ച്, തിരുവനന്തപുരത്ത് കാസർഗോഡ് നിന്നുള്ള ആളെയും കാസർഗോഡ് തിരുവനന്തപുരത്തുള്ള ആളെയും നിയമിച്ച് ബോർഡ് നശിപ്പിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉദാഹരണത്തിന്, കുണ്ടറയിലെ പൊതുമേഖലാ സ്ഥാപനമായ കേരള ക്ലേയ്സ് ആൻഡ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിൽ മുസ്ലീംലീഗിൽനിന്ന് ഏഴുപേരാണുണ്ടായിരുന്നത്. അങ്ങനെ ഓരോ പൊതുമേഖലാ സ്ഥാപനമെടുത്തു നോക്കിയാലും ഏഴും എട്ടുമൊക്കെ ആളുകളുണ്ട്. കൊല്ലം ജില്ലയിലെ പ്രവർത്തനം നിലച്ച കാഷ്യൂ കോർപ്പറേഷനിൽ മുസ്ലീംലീഗിന്റെ മാത്രം പ്രതിനിധികളായി 8 പേരാണ് ബോർഡിലുണ്ടായിരുന്നത്. ഇങ്ങനെ ധാരാളം ആളുകളെ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളായി നിയമിച്ച് പൊതുമേഖലയെ നശിപ്പിച്ചിട്ടുള്ള ആ നയത്തെക്കുറിച്ച് അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. വി. ജോയി</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. വ്യവസായ വകുപ്പിലും വിദ്യാഭ്യാസ വകുപ്പിലും ഏറ്റവും കൂടുതൽ ബന്ധുനിയമനവും അഴിമതി നിയമനവും നടത്തിയവരാണ് ഇവിടെനിന്ന് 'നല്ല പിള്ള ചമഞ്ഞ് വർത്തമാനം പറഞ്ഞതെന്നുള്ളത് വളരെ ശരിയായ കാര്യമാണ്. ഇവിടെ രണ്ട് സമരങ്ങൾ നടക്കുകയാണ്. ഒരു സമരം സെക്രട്ടേറിയറ്റിന്റെ മുമ്പിൽ നടക്കുമ്പോൾ മറ്റൊരു കൂട്ടർ നിയമസഭാ കവാടത്തിന്റെ മുമ്പിൽ നടത്തുകയാണ്. ഇവർക്കെന്തുകൊണ്ട് പുറത്തേയ്ക്ക് സമരം നടത്തിക്കൂടായെന്ന് ഞാൻ വിനീതമായി ചോദിക്കുകയാണ്. കാരണം, പുറത്തേയ്ക്ക് സമരം നടത്തിയാൽ എന്താണ് കാര്യമെന്ന് ജനങ്ങൾ ചോദിക്കും. ഇതാരും കാണാത്ത ഒരു സ്ഥലത്ത് മൂന്നാളുകൾ ഇന്നലെ മുതൽ സമരം നടത്തുകയാണ്. എന്തൊരു വിരോധാഭാസമാണ്. ജയിലിൽ കിടക്കുന്ന ശ്രീ. കെ. സുരേന്ദ്രനെ പിന്തുണച്ച് കോൺഗ്രസിന്റെ നേതാക്കൾതന്നെ പരസ്യമായി രംഗത്തുവരുന്ന ഒരു ചിത്രം നമ്മുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുകയാണ്. കെ.പി.സി.സി.-യുടെ നിർവ്വാഹക സമിതിയംഗവും കോർപ്പറേഷൻ കൗൺസിലറുമായ അഡ്വ. പി. എം. നിയാസാണ് പരസ്യ പ്രസ്താവനയിലൂടെ ശ്രീ. കെ. സുരേന്ദ്രനെ പിന്തുണച്ച് വന്നിട്ടുള്ളത്. ഒരു നാണയത്തിന്റെ രണ്ടുവശങ്ങളാണിവർ എന്നുള്ളതാണ് ഇതിലൂടെ കാണിക്കുന്നത്. കൂടുതൽ കാര്യങ്ങൾ പറയണമെന്നുണ്ട്. പക്ഷെ, യു.ഡി.എഫ്.-ലെ ആരുംതന്നെ സഭയിൽ ഇല്ലാത്തതുകൊണ്ട് അത്തരം കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): സർ, സംസ്ഥാനത്തെ സഹകരണ മേഖലയുടെയും കേരളത്തിന്റെ രണ്ട് പ്രധാനപ്പെട്ട സാമ്പത്തിക സ്രോതസ്സുകളായ പാലുൽപ്പാദനം, ടൂറിസം എന്നീ മേഖലകളുടെയും വികസനത്തിനും പുരോഗതിക്കുമെല്ലാം സഹായകമാകുന്ന തരത്തിലുള്ള നിയമഭേദഗതിയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ബഹുമാന്യനായ അംഗം സി. ദിവാകരൻ, സഹകരണ മേഖലയിലെ അഴിമതിയെക്കുറിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി, അതിൽ കുറച്ചൊക്കെ വാസ്തവമുണ്ട്. നമ്മുടെ സഹകരണ പ്രസ്ഥാനത്തെ അഴിമതിവിമുക്തമാക്കി മുന്നോട്ടുനയിക്കണം എന്നതാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്. കണ്ണൂരിൽ ചേർന്ന എട്ടാമത് സഹകരണ കോൺഗ്രസ് അഴിമതിക്കെതിരെ അത്യന്തം തീവ്രമായ നിലപാട് സ്വീകരിക്കാൻ സഹകാരി സമൂഹത്തോട് അഭ്യർത്ഥിക്കുന്ന പ്രമേയം പാസ്സാക്കുകയും കേരളത്തിന്റെ നാനാഭാഗത്തുനിന്നും എത്തിച്ചേർന്ന മൂവായിരത്തോളം സഹകരണ പ്രസ്ഥാനത്തെ നയിക്കുന്ന പ്രതിനിധികൾ അഴിമതിവിരുദ്ധ പ്രതിജ്ഞയെടുക്കുകയും ചെയ്തുകൊണ്ടാണ് സഹകരണ കോൺഗ്രസിന് കൊടിയിറങ്ങിയത്. ചില ആളുകൾ ചിലയിടങ്ങളിൽ നടത്തുന്ന അഴിമതി സഹകരണ

മേഖലയ്ക്ക് ഒരു പുഴക്കുത്ത് തന്നെയാണ്. അത്തരം അഴിമതി കൃത്യമായി കണ്ടെത്തുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്താനായി ഗവൺമെന്റ് ഈ കാലയളവിൽ പരിശ്രമിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് ഒരു സഹകരണബാങ്കിൽ വ്യാജ സ്വർണ്ണംവച്ച് വലിയതോതിൽ തട്ടിപ്പ് നടത്തിയ കാര്യം പുറത്തുവന്നതിനെത്തുടർന്ന് കേരളത്തിലെമ്പാടുമുള്ള സഹകരണ സ്ഥാപനങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന സ്വർണ്ണത്തിൽ വ്യാജൻ കടന്നുകൂടിയിട്ടുണ്ടോയെന്ന് സമയബന്ധിതമായി പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ട്. അതുമാത്രമല്ല, മൂന്ന് മാസം കൂടുമ്പോൾ എല്ലാ സംഘങ്ങളിലും സൂക്ഷിച്ചിരിക്കുന്ന സ്വർണ്ണം യഥാർത്ഥ സ്വർണ്ണം തന്നെയാണോയെന്ന് ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥരുടെ ഗൗരവതരമായ പരിശോധന നടത്തുന്നതിനുള്ള ഒരു വ്യവസ്ഥയും ഉണ്ടാക്കിയിട്ടുണ്ട്. ജീവനക്കാർക്കെല്ലാം അതിൽ ഉത്തരവാദിത്വം നിശ്ചയിക്കുന്നുണ്ട്. ഒപ്പം തെരഞ്ഞെടുക്കപ്പെടുന്ന സഹകരണ സംഘങ്ങൾക്ക് നേതൃത്വം നൽകുന്ന സഹകാരികൾക്കും ഉത്തരവാദിത്വമുണ്ടെന്നുള്ള നിലയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. മാവേലിക്കരയിലെ ഒരു സഹകരണ ബാങ്കിൽ ഒരു ജീവനക്കാരി നടത്തിയ ക്രമക്കേട് കണ്ടെത്തി കർശനമായ നടപടിക്ക് വിധേയമാക്കിയിട്ടുണ്ട്, അഴിമതിക്കാരെ യാതൊരു കാരണവശാലും വച്ചുപൊറുപ്പിക്കില്ല, ശക്തമായ നിലപാട് ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ അഴിമതി കണ്ടെത്തുന്നതിന് സഹകരണ മേഖലയിൽ വിജിലൻസ് വിഭാഗം നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, പോലീസിന്റെ വിജിലൻസ് വിഭാഗവുമുണ്ട്. ഈ വിഭാഗത്തിന്റെയെല്ലാം പരിശോധന അവശ്യം വേണ്ടതായ എല്ലാ സ്ഥലങ്ങളിലും നടത്തുന്നതിന് ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എല്ലാ മേഖലയിലും അഴിമതി ഒരു കലയാക്കി വളർത്തുന്നുണ്ടായിരുന്നു. ഇന്ന് പ്രതിപക്ഷനേതാവ് ഈ ഗവൺമെന്റിനെ അഴിമതി ബാധിച്ചിരിക്കുന്നുവെന്ന് പറഞ്ഞ് നടത്തിയ പ്രസംഗം യഥാർത്ഥത്തിൽ പരിഹാസ്യമായിട്ടുള്ള ഒരു പ്രസംഗമായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിലുള്ള കാര്യങ്ങളാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉണ്ടായത്. അദ്ദേഹത്തിന്റെ പാർട്ടി നേതാക്കന്മാരും ഒപ്പംനിൽക്കുന്ന ആളുകളും ചേർന്ന് കൺസ്യൂമർഫെഡ് എന്ന സ്ഥാപനത്തെ അഴിമതിയുടെ കൂത്തരങ്ങാക്കി മാറ്റി. അത് അദ്ദേഹത്തിന് നേരിട്ടറിയാവുന്നതാണ്. അഴിമതിയിലൂടെ മഹത്തായ സഹകരണ സ്ഥാപനത്തെ 400 കോടിയിലധികം രൂപ സഞ്ചിത നഷ്ടത്തിലേയ്ക്ക് കൊണ്ടെത്തിച്ച നേതാക്കന്മാരാണ് മറുഭാഗത്ത് നിൽക്കുന്നത്, അവരാണ് അഴിമതിയെക്കുറിച്ച് സംസാരിക്കുന്നത്. അഴിമതിയിൽ മുങ്ങിക്കുളിച്ച കൺസ്യൂമർഫെഡിനെ കഴിഞ്ഞ 2 വർഷമായി പ്രവർത്തനലാഭത്തിലേയ്ക്ക് കൊണ്ടുവരാനും അഴിമതിരഹിതമായ സഹകരണ സ്ഥാപനമാക്കി മാറ്റിത്തീർക്കാനും സാധിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡിന്റെ കാര്യത്തിൽ

പ്രതിപക്ഷത്തിനുപോലും ഒരാക്ഷേപം ഉന്നയിക്കാൻ സാധിക്കില്ല. അവർ അഴിമതിയെ ഒരു കലയാക്കി വളർത്തുകയും എല്ലാ മേഖലകളേയും അഴിമതി നടത്താൻ വേണ്ടിയുള്ള മേഖലകളാക്കി മാറ്റുകയും ചെയ്തു. പണ്ടുകാലത്ത് സഹകരണ മേഖല പ്രായേണ അഴിമതിവിമുക്തമായ ഒരു മേഖലയായിരുന്നു. നാടിനോട് കൂറും സ്നേഹവുമുള്ള സഹകാരികളാണ് സഹകരണമേഖല സൃഷ്ടിച്ചതും അതിനെ ശക്തിപ്പെടുത്തിക്കൊണ്ടുവന്നതും. ഡയറക്ടർ ബോർഡ് മീറ്റിംഗ് ചേർന്നാൽ ഒരു ചായപോലും വാങ്ങി കുടിക്കാൻ പാടില്ല എന്ന് കരുതിയിട്ടുള്ള സഹകാരി സമൂഹമാണവർ. അവരാണ് കേരളത്തിലെ ഇത്രയും വിപുലമായ സഹകരണപ്രസ്ഥാനത്തെ കെട്ടിപ്പടുത്ത് മുന്നോട്ടുകൊണ്ടുവന്നത്. പക്ഷേ, ആ മേഖലയെ അഴിമതിയുടെ കൂത്തരങ്ങാക്കി മാറ്റാൻ സാധിക്കുമെന്ന് തെളിയിച്ചവരാണ് യു.ഡി.എഫ്. അത് കൺസ്യൂമർഫെഡിന്റെ കാര്യത്തിൽ മാത്രമല്ല, സഹകരണമേഖലയിലെ മറ്റ് പല കാര്യങ്ങളിലും അങ്ങനെയാണ്. അതിനെ അഴിമതി വിമുക്തമാക്കിക്കൊണ്ടുവരിക എന്ന അത്യന്തം ഗൗരവതരമായിട്ടുള്ള ഉത്തരവാദിത്തമാണ് ഗവൺമെന്റ് ഇക്കാര്യത്തിൽ ഏറ്റെടുത്തിരിക്കുന്നതെന്ന കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ടൂറിസം സംഘങ്ങളുടെ പ്രവർത്തനപരിധി താലൂക്കടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതിനുവേണ്ട ഭേദഗതിയാണിത്. അങ്ങനെ ക്രമീകരിക്കുന്നതിന് ആവശ്യമെങ്കിൽ മാത്രമാണ് സ്പെഷ്യൽ ഓഫീസർമാരെ നിയമിക്കേണ്ടി വരുന്നത്. സ്പെഷ്യൽ ഓഫീസർമാരെ പുറത്തുനിന്ന് നിയമിക്കുന്നത് അനാവശ്യമായ ചെലവായിരിക്കും എന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. പുറത്തുനിന്ന് ഒരാളേയും സ്പെഷ്യൽ ഓഫീസർമാരായി നിയമിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. സഹകരണവകുപ്പ് ഉദ്യോഗസ്ഥരെ തന്നെയാണ് അവശ്യംവേണ്ട സ്ഥലങ്ങളിൽ സ്പെഷ്യൽ ഓഫീസർമാരായി നിയമിക്കുന്നത്. ചില സംഘങ്ങളുടെ പ്രവർത്തന പരിധി എന്നുപറയുന്നത് ഒന്നിലധികം താലൂക്കുകൾ അല്ലെങ്കിൽ ഒന്നിലധികം ജില്ലകൾ അല്ലെങ്കിൽ സംസ്ഥാനമാകെയാണ്. അതിനെ ക്രമീകരിക്കുന്നതിനുവേണ്ടിയുള്ള ഉത്തരവാദിത്വം സ്പെഷ്യൽ ഓഫീസർമാർക്കാണ് നൽകുക. ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ തന്നെയാകും സ്പെഷ്യൽ ഓഫീസർമാരായി പ്രവർത്തിക്കുക. അതിന് പ്രത്യേക ചെലവൊന്നും വേണ്ടിവരില്ല എന്നാണ് അക്കാര്യത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്.

മിൽമയുടെ കാര്യത്തെ സംബന്ധിച്ച് സംസ്ഥാനത്തെ ക്ഷീര മേഖലയുടെ എല്ലാ വിശദാംശങ്ങളും ഫലപ്രദമായി പഠിച്ച് തയ്യാറാക്കി അവതരിപ്പിച്ചിട്ടുള്ള ഒരു റിപ്പോർട്ടാണ്. അതിൽ ക്ഷീരമേഖലയെ പുനഃസംവിധാനം ചെയ്യുകയെന്നത്

മാത്രമല്ല, പാലുൽപ്പാദനത്തിൽ സംസ്ഥാനം എങ്ങനെ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിച്ചേരാമെന്നും അധികം ഉൽപ്പാദനം നടത്തി സംസ്ഥാനത്തിന് പുറത്ത് വിൽപ്പന നടത്തുന്ന ഒരു സംസ്ഥാനമായി കേരളത്തെ എങ്ങനെ മാറ്റാൻ സാധിക്കുമെന്നെല്ലാം വളരെ വിശദമായി ചർച്ച ചെയ്യുന്ന സമഗ്രമായൊരു റിപ്പോർട്ടാണ് ശ്രീമതി ലിഡാ ജേക്കബ്ബ് കമ്മിറ്റി റിപ്പോർട്ട്. അതിൽ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ട ഒരു ചെറിയ ഭാഗം മാത്രമാണ് നിയമഭേദഗതിയിലൂടെ കൊണ്ടുവരുന്നത്. ഭരണ വകുപ്പായ ക്ഷീരവകുപ്പ് ബാക്കികാര്യങ്ങളിൽ നിശ്ചയമായും നടപടികൾ സ്വീകരിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ക്ഷീരമേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റം നമുക്ക് കൃത്യമായും അടയാളപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നമ്മുടെ ആവശ്യത്തിന്റെ 63 ശതമാനമാണ് ക്ഷീരോല്പാദനമുണ്ടായിരുന്നതെങ്കിൽ കേവലം രണ്ടര വർഷം കൊണ്ട് 83 ശതമാനത്തിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. അത് ക്ഷീരമേഖലയിലുണ്ടായിട്ടുള്ള അഭിമാനകരമായ നേട്ടം തന്നെയാണ്. പക്ഷെ സമീപകാലത്തുണ്ടായ പ്രളയം മറ്റ് പല മേഖലകളെയും പോലെ കാർഷികാനുബന്ധ മേഖലകളിലുണ്ടാക്കിയിട്ടുള്ള ദുരന്തവും ദുരിതവും വലുതാണ്. ക്ഷീര മേഖലയിലും അതുണ്ടാക്കിയിട്ടുണ്ട്. ലക്ഷക്കണക്കിന് കന്നുകാലികളും മറ്റുമാണ് ഈ പ്രളയത്തിൽപ്പെട്ട് ചത്തൊടുങ്ങിയത്. അതിന്റെ ഭാഗമായി ചില പ്രതിസന്ധികളും പ്രതിബന്ധങ്ങളും ക്ഷീരമേഖല നേരിടുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷെ നിശ്ചയമായും നമുക്കതിനെ മറികടക്കാൻ സാധിക്കുമെന്ന് തന്നെയാണ് സൂചിപ്പിക്കാനുള്ളത്.

സംസ്ഥാനത്തെ സഹകരണമേഖല പുതിയ തലങ്ങളിലേയ്ക്ക് പ്രവേശിക്കുന്ന ഒരു സന്ദർഭമാണ്. ജനങ്ങളുമായി വളരെയേറെ ഇടപഴകി, അവരുടെ ജീവിതവുമായി ബന്ധപ്പെട്ട് നിൽക്കുന്ന സഹകരണപ്രസ്ഥാനം വലിയതോതിൽ മുന്നോട്ടുവരികയാണ്. അടുത്തകാലത്തുണ്ടായ പ്രളയം വലിയ നാശനഷ്ടമാണ് ഉണ്ടാക്കിയതെന്ന് നമ്മൾ വിലയിരുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തെ സംബന്ധിച്ച് പുറത്തുവന്നിട്ടുള്ള കാര്യങ്ങൾ കേൾക്കുമ്പോൾ വളരെയേറെ പ്രയാസമാണുണ്ടാകുന്നത്. കേന്ദ്രഗവൺമെന്റ് ഒരു സംസ്ഥാനത്തോട് ഇങ്ങനെ രാഷ്ട്രീയപക്ഷപാതത്തോടെ പെരുമാറാമോ; ഒരുതരം പകപോക്കൽ നയമെന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഉണ്ടാകുന്നത്. 31,000 കോടി രൂപയുടെ നാശമാണ് പ്രളയം സംസ്ഥാനത്തിന് സമ്മാനിച്ചതെന്ന് ലോകബാങ്ക് പറയുമ്പോൾ കേവലം 600 കോടി രൂപ ഇടക്കാലാശ്വാസം നൽകുന്നതായി പ്രഖ്യാപിച്ച ശേഷം അതിൽനിന്ന് മുന്നൂറിലധികം കോടിരൂപ തിരികെയെടുക്കുന്ന അപമാനകരമായിട്ടുള്ള കാഴ്ചയ്ക്കാണ് കേരളം സാക്ഷ്യംവഹിച്ചത്. പ്രളയകാലത്ത് നമുക്ക് നൽകിയ അരിയും മണ്ണെണ്ണയും പ്രളയത്തെ അതിജീവിക്കുന്നതിനുവേണ്ടി

കിട്ടിയ സംഭാവനയായിരിക്കും എന്നാണ് നമ്മൾ കരുതിയതെങ്കിൽ അതിനെല്ലാം വില നിശ്ചയിക്കുന്ന അവസ്ഥയാണുണ്ടായത്. അതുപോലെ, അക്കാലത്ത് പട്ടാളക്കാരും നേവിയും എയർ ഫോഴ്സും വന്ന് ആളുകളെ രക്ഷിച്ചതിനുള്ള കൂലി ചോദിച്ചത് കേട്ടപ്പോൾ യഥാർത്ഥത്തിൽ നമ്മുടെ നാട് ഞെട്ടിത്തരിച്ച് നിൽക്കുന്ന അവസ്ഥാവിശേഷമാണുണ്ടായത്. അതുമാത്രമല്ല, വിദേശരാജ്യങ്ങളിൽനിന്ന് നമുക്ക് ലഭ്യമാകുമായിരുന്ന സഹായം പുറംകാലുകൊണ്ട് തട്ടിത്തെറിപ്പിക്കുന്ന അവസ്ഥയുമുണ്ടായി. അതുകൂടാതെ ലോകത്തെവിടെയുമുള്ള മലയാളി സമൂഹത്തെക്കണ്ട് നമ്മുടെ നാടിന്റെ പുനർനിർമ്മാണത്തിനുവേണ്ട സഹായം തേടാനുള്ള അപേക്ഷ നിരസിക്കുന്ന അപമാനകരമായ സാഹചര്യവുമുണ്ടായി. അങ്ങനെ ഇന്ത്യയ്ക്ക് മാതൃകയായി പ്രവർത്തിക്കുന്ന, കേരളമില്ലാതെയുള്ള ഒരു ഇന്ത്യയെക്കുറിച്ച് ചിന്തിക്കാൻ ഏത് മേഖല നോക്കിയാലും സാധിക്കില്ല. സഹകരണ മേഖലയിൽ കേരളത്തിന് സമാനതകളില്ലാത്ത വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിലേതെങ്കിലും ഒരു സംസ്ഥാനവുമായി കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് മത്സരിക്കേണ്ട കാര്യമില്ല. കാരണം, അത്ര വിപുലമായ പ്രസ്ഥാനമാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം. അങ്ങനെ നാനാ മേഖലകളിലും ഇന്ത്യയ്ക്ക് നേതൃത്വം കൊടുക്കുന്ന, ഇന്ത്യയ്ക്ക് മാതൃകയായ മഹത്തായ നമ്മുടെ സംസ്ഥാനത്തിന്റെ ബുദ്ധിമുട്ടുകൾ പരിഗണിക്കുന്നതിനുപോലും തയ്യാറാകാതെ ഒരുതരം വൈരനിര്യാതന ബുദ്ധിയോടുകൂടി, രാഷ്ട്രീയമായ ഈർഷ്യ തീർക്കുന്നതിനുവേണ്ടി ഈ വലിയ ദുരന്തത്തെപ്പോലും ഉപയോഗപ്പെടുത്തുന്ന സാഹചര്യമാണ് നമ്മൾ കാണുന്നത്. നമ്മുടെ സംസ്ഥാനത്തെ പുനർനിർമ്മിക്കുക തന്നെ വേണം. അതിന് സഹായകരമായ നിലപാട് രാജ്യത്തിന്റെയും ലോകത്തിന്റെയും പല ഭാഗത്തുനിന്നും മലയാളിസമൂഹം നമ്മുടെ ഗവൺമെന്റിന് നൽകുന്നതിനുവേണ്ടി തയ്യാറാകുന്ന ഘട്ടത്തിലാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം അതിന്റെ കയ്യൊപ്പ് ചാർത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളുമായി ഇപ്പോൾ മുന്നോട്ടുവന്നിട്ടുള്ളത്. പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ട 16000 -ത്തോളം വരുന്ന ആളുകളുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. അതിൽ 2000 ആളുകൾക്ക് സഹകരണ വകുപ്പ് അടിയന്തരമായി വീട് നിർമ്മിച്ച് കൊടുക്കുന്ന ബൃഹത്തായ ഒരു പദ്ധതിയുടെ ഉദ്ഘാടനം ആദരണീയനായ മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ചെങ്ങന്നൂരിൽ നടത്തുകയുണ്ടായി. കേരളത്തിൽ ധാരാളം ഭവനപദ്ധതികൾ ഉണ്ടായിട്ടുണ്ട്. അതെല്ലാം ഓരോ കാലത്തേയും ശ്രദ്ധേയമായിട്ടുള്ള പദ്ധതികളായിരുന്നു. ലക്ഷം വീട് പദ്ധതി മുതൽ ഇ.എം.എസ്. ഭവനപദ്ധതി വരെയുള്ള വിവിധ പദ്ധതികൾ ആ കാലഘട്ടത്തിലെ വിപ്ലവകരമായിട്ടുള്ള പദ്ധതികൾ തന്നെയായിരുന്നുവെന്ന് കാണാൻ സാധിക്കും. പക്ഷെ, ആ പദ്ധതികൾക്കൊന്നും ലഭിക്കാത്ത ജനകീയ പിന്തുണ സഹകരണ പ്രസ്ഥാനം

നിർമ്മിക്കുന്ന 'കെയർ ഹോം' എന്ന പദ്ധതിക്ക് ലഭ്യമാക്കുന്നതിനുവേണ്ട വിപുലമായ പ്രവർത്തന പരിപാടിക്കാണ് സഹകരണ വകുപ്പ് ശ്രമിച്ചു കൊണ്ടിരിക്കുന്നത്. 2000 വീടുകളും സഹകരണ സംഘങ്ങളാണ് നിർമ്മിച്ചു കൊടുക്കുന്നത്. അതിനാവശ്യമായ അഞ്ച് ലക്ഷം രൂപ വകുപ്പ് അവർക്ക് നൽകുന്നുണ്ട്. പക്ഷേ, സഹകാരികളെല്ലാം ചേർന്ന് രൂപീകരിക്കുന്നൊരു നിർമ്മാണ കമ്മിറ്റിയും ഗ്രാമപഞ്ചായത്തും സഹകരണ സംഘത്തിന്റെ ഭാരവാഹികളും ശ്രദ്ധിക്കുന്നൊരു മോണിറ്ററിംഗ് കമ്മിറ്റിയുമെല്ലാം ചേർന്ന് ജനങ്ങളുടെ സഹകരണത്തോടുകൂടി 2000 വീട് നിർമ്മിച്ചു കൊടുക്കുന്നൊരു പദ്ധതിയുടെ ആദ്യഘട്ടമാണ്. രണ്ടാംഘട്ടത്തിൽ വീണ്ടും 2000 വീട് നിർമ്മിച്ചു കൊടുക്കുന്നതിനാവശ്യമായ പദ്ധതി ഏറ്റെടുക്കുന്നതിനുള്ള തയ്യാറെടുപ്പ് ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തെ പുനർനിർമ്മിക്കുകയെന്ന മഹത്തായ സർക്കാരിന്റെ യജ്ഞത്തിൽ സജീവ പങ്കാളിത്തം വഹിക്കുന്ന ഒരു സഹകരണ പ്രസ്ഥാനത്തെയാണ് കാണാൻ സാധിക്കുന്നത്. പ്രകടനപ്പത്രികയിൽ ക്ഷേമപെൻഷനുകൾ വീടുകളിൽ എത്തിക്കുമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി പറഞ്ഞപ്പോൾ എങ്ങനെ എത്തിക്കുമെന്ന് യു.ഡി.എഫ്.-കാർ ചോദിച്ചു. പോസ്റ്റ് ഓഫീസൊന്നും ഇപ്പോൾ പ്രവർത്തിക്കുന്നില്ലല്ലോ, പോസ്റ്റ് ഓഫീസുണ്ടെങ്കിലല്ലേ വീടുകളിൽ എത്തിക്കാൻ സാധിക്കു എന്നെല്ലാം പരിഹാസത്തോടുകൂടി ചോദിച്ചവർക്ക് കൃത്യമായിട്ടുള്ള മറുപടി കൊടുത്തുകൊണ്ട് കഴിഞ്ഞ രണ്ടര വർഷക്കാലമായി എല്ലാ ക്ഷേമപെൻഷനുകളും എന്നാണോ കൊടുക്കാൻ ധനകാര്യ വകുപ്പ് തീരുമാനിക്കുന്നത് ആ തീരുമാനമെടുത്ത് 48 മണിക്കൂറിനകത്ത് കേരളത്തിലെ 30 ലക്ഷത്തിലധികം വരുന്ന വീടുകളിൽ കൃത്യമായി ക്ഷേമ പെൻഷനുകൾ എത്തിക്കുന്ന ജനകീയ സംവിധാനത്തെ ശക്തിപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. അതുപോലെ ട്രാൻസ്പോർട്ട് ജീവനക്കാരുടെ പെൻഷൻ നൽകുന്നതിനുവേണ്ടി എടുത്തിരിക്കുന്ന നടപടികൾ ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. അങ്ങനെ സംസ്ഥാനത്തെ സഹകരണ മേഖല ജനകീയ അടിത്തറ വിപുലീകരിച്ചുകൊണ്ട് ജനക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഘട്ടത്തിലാണ് കേരള ബാങ്ക് രൂപപ്പെടുത്തുന്നതിനുവേണ്ട പരിശ്രമങ്ങൾ നടക്കുന്നത്. നിശ്ചയമായും മാർച്ച് മാസത്തോടുകൂടി കേരള ബാങ്ക് യാഥാർത്ഥ്യമാക്കുന്നതിന് സാധിക്കും. റിസർവ് ബാങ്കിന്റെ കണ്ടീഷനുകൾ പാലിക്കാൻ കഴിയുന്ന തരത്തിൽ സഹകരണ മേഖല അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്.

പ്രതിപക്ഷം ഇപ്പോൾ സഭയിലില്ല. കഴിഞ്ഞ നാല് ദിവസമായി നടത്തിയ ഒളിച്ചോട്ടം ഇന്നും വേറൊരു രൂപത്തിൽ തുടരുകയാണുണ്ടായത്. ഗൗരവമുള്ള പ്രശ്നങ്ങളൊന്നും അവർ സഭയിൽ ഉന്നയിക്കാൻ ശ്രമിക്കുന്നില്ല. നമ്മുടെ നാട്

നേരിടുന്ന വിലക്കയറ്റം പോലുള്ള നിരവധി പ്രശ്നങ്ങളുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സമീപനംമൂലം രാജ്യമാകെ കർഷക പ്രക്ഷോഭങ്ങൾ ശക്തിപ്പെടുന്നു, കാർഷിക വിളകളുടെ തകർച്ചയുണ്ടാകുന്നു, കൃഷിക്കാർ കുത്തുപാളയെടുക്കുന്നു, ഇങ്ങനെ നാട് നേരിടുന്ന ഗൗരവതരമായ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനൊന്നും അവർക്ക് താല്പര്യമില്ല. കോടാനുകോടി രൂപയുടെ നാശംവിതച്ച പ്രളയത്തെ എങ്ങനെ അതിജീവിക്കാം, നമ്മുടെ സഹോദരങ്ങളെ എങ്ങനെ സഹായിക്കാം, രക്ഷിക്കാം, അതിന് നമുക്കെങ്ങനെ ഒറ്റക്കെട്ടായി നിൽക്കാം എന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ അവർക്ക് കഴിയുന്നില്ല. ശബരിമലയുടെ പേരുപറഞ്ഞാണ് കഴിഞ്ഞ നാല് ദിവസമായി അവർ സഭയിൽനിന്നും ഒളിച്ചോടിയത്. സംസ്ഥാന ഗവൺമെന്റ് ശബരിമലയിൽ എന്തോ അന്യായം കാണിച്ചു എന്ന മട്ടിലാണ് അവർ പ്രചരിപ്പിക്കുന്നത്. ബി.ജെ.പി.-ക്കാർ നടത്തുന്ന പ്രചരണംപോലെയാണ് അവരുടെയും പ്രചരണം. ബി.ജെ.പി.-യുടെ ഒരു നേതാവിന്റെ പ്രസംഗം ഞാൻ കേൾക്കുകയുണ്ടായി. എത്രമാത്രം കള്ളപ്രചരണമാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. എന്റെ വകുപ്പുമായി ബന്ധപ്പെട്ട കാര്യമായതു കൊണ്ടാണ് ഞാനിത് പറയുന്നത്. ശ്രീമതി കെ. പി. ശശികലയുടെ ഒരു പ്രസംഗം വാട്സ് ആപ്പിൽ വന്നത് കേട്ട് ഞാൻ ഞെട്ടിപ്പോയി. കള്ള പ്രചരണങ്ങൾ അവർ സമൂഹത്തിന്റെ മുന്നിൽ എങ്ങനെയാണ് അവതരിപ്പിക്കുന്നത്? തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരിൽ 60 ശതമാനത്തോളം ക്രിസ്ത്യാനികളെ നിയമിച്ചിരിക്കുന്നു എന്നാണ് ഒരു പൊതുയോഗത്തിൽ അവർ പ്രസംഗിക്കുന്നത്. ഹിന്ദുക്കൾ ജോലിയും കൂലിയുമില്ലാതെ തെക്കും വടക്കും നടക്കുമ്പോൾ ക്ഷേത്രങ്ങളിൽപ്പോലും ക്രിസ്ത്യാനികളെ നിയമിച്ചിരിക്കുന്നുവെന്നാണ് അവർ പ്രസംഗിക്കുന്നത്. ക്ഷേത്രങ്ങളിലും ക്ഷേത്രാചാരങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിലും അഹിന്ദുക്കളായിട്ടുള്ള ആളുകൾക്ക് അപേക്ഷിക്കാനുള്ള അവകാശം പോലുമില്ലെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയമത്തിൽത്തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അങ്ങനെയൊരു നിയമം നമ്മുടെ രാജ്യത്ത് നിലവിലുണ്ട്. അഹിന്ദുവായിട്ടുള്ള ഒരാളുപോലും തിരുവിതാംകൂർ ദേവസ്വം ബോർഡിലെന്നല്ല അഞ്ച് ദേവസ്വം ബോർഡുകളിലെ ക്ഷേത്രങ്ങളിലും ജോലി ചെയ്യുന്നില്ല എന്ന യാഥാർത്ഥ്യം നിലനിൽക്കുമ്പോഴാണ് ഇത്രയും ഭയാനകമായിട്ടുള്ള നുണ പ്രചരണങ്ങൾ നടത്തുന്നത്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, വളരെ ഗൗരവമേറിയ ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഉന്നയിച്ചത്. അദ്ദേഹം പറഞ്ഞത് ശരിയാണ്. ശ്രീമതി കെ. പി. ശശികല ഒരു പൊതുസമ്മേളനത്തിൽ നടത്തിയ

പ്രസംഗത്തിലാണ് ഈ വിഷയം ഉന്നയിച്ചിട്ടുള്ളത്. ദേവസ്വം ബോർഡിന്റെ നിയമമനുസരിച്ച് അഹിന്ദുക്കളായിട്ടുള്ള ആളുകൾക്ക് അപേക്ഷപോലും കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ പരസ്യമായി ഉന്നയിച്ച ഈ വിഷയത്തെ സംബന്ധിച്ച് ഗവൺമെന്റ് നിയമനടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇക്കാര്യത്തെ സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ട്. കാരണം, അവർ വിഷലിപ്തമായ ആശയങ്ങളാണ് ആളുകളുടെ മനസ്സിലേയ്ക്ക് കടത്തിവിടുന്നത്. ശബരിമലയിൽ സന്നിധാനത്ത് 52 വയസ്സുള്ള ഒരു സ്ത്രീയുടെ തലയിലേയ്ക്കെറിയാൻ ഒരു കയ്യിൽ നെയ്ത്തേങ്ങയുമായി നിൽക്കുന്ന പത്തിരുപത്തഞ്ച് വയസ്സ് പ്രായം വരുന്ന ഒരു ചെറുപ്പക്കാരന്റെ ചിത്രം മലയാള മനോരമ പത്രത്തിന്റെ ഫ്രണ്ട് പേജിൽ കാണുകയുണ്ടായി. ആൾക്കൂട്ടത്തിനിടയിൽ മറ്റുള്ളവരുടെ ആക്രമണത്തിൽനിന്ന് അവരെ രക്ഷിക്കാൻ പോലീസ് വട്ടം ചുറ്റി നിൽക്കുകയാണ്. അവരെ തലയ്ക്കെറിഞ്ഞ് കൊലപ്പെടുത്താൻ ശ്രമിക്കുന്നൊരു ചെറുപ്പക്കാരന്റെ ചിത്രമാണത്. അത് കണ്ടപ്പോൾ ഞാൻ ആലോചിച്ചത് 52 വയസ്സുള്ള ഒരമ്മയുടെ തലയിലേയ്ക്ക് തേങ്ങ എറിയാൻ കഴിയുന്ന തരത്തിലുള്ള മാനസികാവസ്ഥയിലേയ്ക്ക് നമ്മുടെ ചെറുപ്പക്കാരെ എത്തിക്കുന്ന ഒരുതരം വിഷലിപ്തമായ ആശയപ്രചരണമാണ് ബി.ജെ.പി.-യും ആർ.എസ്.എസ്-ഉം സംഘ്പരിവാർ ശക്തികളുമെല്ലാം സമൂഹത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. ആ ആശയപ്രചരണത്തിന് കൂടുതൽ ശക്തിപകരുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ദൗർഭാഗ്യവശാൽ ദേശീയ രാഷ്ട്രീയ കക്ഷിയായിട്ടുള്ള, മതേതര രാഷ്ട്രത്തിനുവേണ്ടി നിലനിൽക്കേണ്ടതായ കോൺഗ്രസ് സംസ്ഥാനത്ത് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അവർ ഒരു കെണിയിൽ പെട്ടുപോയിരിക്കുകയാണ്. ഇപ്പോൾ ആ കെണിയിൽനിന്ന് ഊരിപ്പോകാൻ അവർക്ക് സാധിക്കുന്നില്ല. അലൂമിനിയം പാത്രത്തിനകത്ത് തല പെട്ടുപോയ പൂച്ചയുടെ അവസ്ഥയാണ് യഥാർത്ഥത്തിൽ ഇവിടത്തെ യു.ഡി.എഫ്.-ന്റെ അവസ്ഥ. അവരുടെ തല ആ പാത്രത്തിനകത്തായിപ്പോയി. അതിൽനിന്ന് ഊരിയെടുക്കാൻ കഴിയുന്നില്ല. മുട്ടുമ്പോഴെല്ലാം കൂടുതൽ അമർന്നുപോകുന്നു, രക്ഷപ്പെടാൻ കഴിയാത്ത അവസ്ഥയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഇന്ന് നിയമസഭയിൽ പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ കക്ഷിയും വാക്കൗട്ട് നടത്തിയെങ്കിലും തുടർന്നുള്ള രണ്ടാമത്തെ വാക്കൗട്ട് പ്രസംഗത്തിൽ മുസ്ലീംലീഗ് നേതാവ് വാക്കൗട്ടിൽ പങ്കെടുത്തില്ലെന്ന് മാത്രമല്ല, നടുത്തളത്തിലിറങ്ങി സഭ സ്തംഭിപ്പിക്കുന്ന നിലപാടെടുത്തു. യു.ഡി.എഫ്.-നകത്ത്

കോൺഗ്രസ്സും മുസ്ലീംലീഗും വ്യത്യസ്ത നിലപാടുകൾ സ്വീകരിക്കുന്ന അവസ്ഥയിലേയ്ക്കെത്തി. ഇത് യു.ഡി.എഫ്.-ന്റെ തകർച്ചയെയല്ലേ ചൂണ്ടിക്കാണിക്കുന്നത്?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> സർ, യു.ഡി.എഫ്. തകരുന്നൊരു മുന്നണിയാണെന്നതിൽ തർക്കമില്ല. ഇന്ന് ഡോ. കെ. ടി. ജലീലിന് എതിരെയുള്ള ആക്ഷേപം യഥാർത്ഥത്തിൽ അവർക്കുതന്നെ ദഹിക്കാത്ത കാര്യമാണെന്ന് ഇന്നത്തെ പ്രകടനത്തിൽനിന്നും നമുക്ക് ബോധ്യമാകും. ലീഗിനെ സംബന്ധിച്ച് ജലീൽ എന്ന പേര് ഉറക്കത്തിൽ കേട്ടാൽത്തന്നെ അവർ ഞെട്ടും. മലപ്പുറം ജില്ലയിൽ ജലീൽ എന്ന പേര് കേൾക്കുമ്പോൾ അവർക്ക് ഭയമാണ്. നമ്മുടെ നാട്ടിൽ ആരെല്ലാം എവിടെയെല്ലാം ഡെപ്യൂട്ടേഷൻ എന്ന നിലയിൽ ജോലി ചെയ്യുന്നു. ഒരു ബാങ്ക് ഉദ്യോഗസ്ഥനെ ഒരു ധനകാര്യ സ്ഥാപനത്തിൽ ഡെപ്യൂട്ടേഷൻ പോസ്റ്റിൽ നിയമിച്ചതിനെച്ചൊല്ലി അഴിമതി ആക്ഷേപം ഉന്നയിക്കുകയാണിവർ. അഴിമതിയുടെ യാതൊരു വിഷയവും അതിലില്ലെന്ന് യഥാർത്ഥത്തിൽ അവർക്കുതന്നെ അറിയാം. മലപ്പുറം ജില്ലയിൽ ഡോ. കെ. ടി. ജലീൽ ഉയർത്തിക്കൊണ്ടുവരുന്ന ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ വിശ്വാസ്യതയും അതിന്റെ പിന്നിൽ അണിനിരക്കുന്ന ജനങ്ങളെയും അവർ ഭയക്കുന്നതുകൊണ്ടാണ് ഡോ. കെ. ടി. ജലീലിനെതിരായി ഈ ആക്ഷേപം ഉന്നയിക്കുന്നത്. കോൺഗ്രസ്സുകാർക്കും യു.ഡി.എഫ്.-നകത്തെ കക്ഷികൾക്കുള്ള അഭിപ്രായ വ്യത്യാസമാണ് ഇവിടെ തെളിഞ്ഞുകണ്ടത്. കഴിഞ്ഞ രണ്ടര വർഷക്കാലമായി അധികാരത്തിലിരിക്കുന്ന ഗവൺമെന്റ് ഏറ്റവും താഴെത്തട്ടിലെ സാധാരണ മനുഷ്യന്റെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ട വളരെ ക്രിയാത്മകമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന കാഴ്ച എല്ലാവരും അംഗീകരിക്കുന്നതാണ്. ഗവൺമെന്റിന് ഓരോ ദിവസവും വന്നുകൊണ്ടിരിക്കുന്ന ജനകീയ പിന്തുണയിൽ കോൺഗ്രസ്സുകാർ യഥാർഥത്തിൽ അസ്വസ്ഥരാണ്. അഴിമതിരഹിതമായിട്ടുള്ള, മറ്റേതെങ്കിലും ആക്ഷേപങ്ങൾക്ക് വിധേയമല്ലാത്ത, ധാരാളം പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നെങ്കിലും ആ പ്രശ്നങ്ങളെയെല്ലാം അതിജീവിച്ച് മുന്നോട്ടുപോകുന്നൊരു ഗവൺമെന്റിന് ജനപിന്തുണ വർദ്ധിക്കുകയാണ്. ആ ജനപിന്തുണയെ എങ്ങനെ ഇല്ലാതാക്കാൻ സാധിക്കുമെന്നതിനെക്കുറിച്ചുള്ള അന്വേഷണമാണ് വിശ്വാസത്തിന്റെ പ്രശ്നം ഉയർത്തിപ്പിടിച്ചുകൊണ്ട്, വിശ്വാസികളെ തെരുവിൽ അണിനിരത്തി ഈ ഗവൺമെന്റിനെ നേരിടാൻ പ്രതിപക്ഷത്തെ പ്രേരിപ്പിച്ചതെന്ന കാര്യത്തിൽ സംശയമില്ല.

ബി.ജെ.പി. ഉയർത്തുന്നതിനെക്കാൾ ശക്തമായ ഹൈന്ദവ വർഗ്ഗീയത ഉയർത്തി ബി.ജെ.പി.-ക്ക് മുന്നിൽ സഞ്ചരിച്ച് വിശ്വാസികളെ കയ്യിലെടുക്കാൻ

വേണ്ട പരിശ്രമമാണ് പ്രതിപക്ഷം സ്വീകരിച്ചത്. പക്ഷെ, തീവ്ര ഹിന്ദുത്വവാദത്തിൽ ബി.ജെ.പി.-യെ കടത്തിവെട്ടാൻ എത്ര ശ്രമിച്ചാലും കോൺഗ്രസ്സിന് സാധിക്കില്ലെന്നുള്ള കാര്യം വളരെ വൈകിയാണ് അവർക്ക് മനസ്സിലായത്. ആദ്യം ശബരിമലയിലെ യുവതീപ്രവേശന വിഷയത്തിൽ പത്തനംതിട്ട ടൗണിൽപ്പോയി ഒരു ദിവസം സത്യാഗ്രഹമിരുന്നത് പ്രതിപക്ഷനേതാവും കോൺഗ്രസ് പാർട്ടിയുമാണ്. യഥാർത്ഥത്തിൽ ആ സമരമാണ് അതിനെക്കാൾ മുന്നിൽ വരാൻ ബി.ജെ.പി.-യെയും സംഘ്പരിവാറിനെയും ആർ.എസ്.എസ്.-നെയും പ്രേരിപ്പിച്ചതെന്നുള്ള കാര്യം നമ്മൾ കാണേണ്ടതായിട്ടുണ്ട്. വിശ്വാസത്തിന്റെ പ്രശ്നത്തിൽ തീവ്രഹിന്ദുത്വവാദം ഉപയോഗപ്പെടുത്തി ഈ ഗവൺമെന്റിനെതിരായിട്ടുള്ള ആക്രമണത്തിന്റെ കുന്തമുന മുന്നോട്ടുകൊണ്ടു പോകുന്നതിൽ ആരാണ് മുന്നിലെത്തുക എന്ന കാര്യത്തിൽ രണ്ടുപേരുംകൂടി മത്സരിക്കുകയാണ്. ഒരു കൂട്ടർ സഭയുടെ മുന്നിൽ കിടന്ന് സുഖമായി ഉറങ്ങുകയും മറ്റൊരു കൂട്ടർ സെക്രട്ടേറിയറ്റ് നടയിൽ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന തരത്തിലുള്ള സമരത്തിൽ ഏർപ്പെട്ടിരിക്കുകയുമാണ്. ഇന്നലെ 75000-ത്തിലധികം ആളുകൾ ശബരിമലയിൽ എത്തിച്ചേർന്നുവെന്നാണ് പറയുന്നത്. ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം അവിടെ പ്രശ്നങ്ങളുണ്ടാക്കുന്നില്ലെങ്കിൽ ധാരാളം ഭക്തർ ശബരിമലയിൽ വരുമെന്ന കാര്യത്തിൽ സംശയമില്ല. സമാധാനപരമായ അന്തരീക്ഷത്തിൽ അവിടെ ക്ഷേത്രദർശനം നടത്താനുള്ള അവസ്ഥാവിശേഷം ഉണ്ടാകുമെന്നാണ് പറയാനുള്ളത്.

സംസ്ഥാനത്ത് സുപ്രധാന രണ്ട് മേഖലകളിലും വലിയ മാറ്റങ്ങൾക്ക് കാരണമാകുന്ന രണ്ട് ചെറിയ ഭേദഗതികളാണ് ബില്ലിലുള്ളത്. പക്ഷെ വലിയ മാറ്റങ്ങളാണ് ആ മേഖലയിൽ നമുക്ക് ഉണ്ടാക്കാൻ സാധിക്കുന്നത്. ഇത്രയും കാര്യങ്ങളാണ് ഇതിനെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. സി. ദിവാകരൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ജോയി അവതരിപ്പിച്ച 2 (ബി) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(ii) 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, മറ്റ് സംസ്ഥാനങ്ങളെല്ലാം ഇത്തരത്തിലുള്ള സമാന ഭേദഗതികൾ പാസ്സാക്കിക്കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഒന്നര വർഷത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കൗൺസിൽ നിലവിലുള്ള നിയമത്തിൽ ചില ഭേദഗതികൾ നിർദ്ദേശിച്ചു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് മൂന്ന് കാര്യങ്ങളാണ്. ഒന്ന്, turn over അറുപത് ലക്ഷത്തിൽ കൂടുതലാണെങ്കിൽ പൂർണ്ണ നികുതി അടയ്ക്കണം. Presumptive Tax-ന്റെ പരിധി 1.5 കോടി രൂപയായി ഉയർത്തുകയാണ്. അത് സംസ്ഥാനത്തെ ചെറുകിട വ്യാപാരികൾക്ക് വളരെയേറെ സഹായകരമാകും. രണ്ടാമത്, 1.5 കോടി രൂപ വരെ presumptive tax opt ചെയ്യുന്നവർ എല്ലാ മാസവും നികുതി അടയ്ക്കണം, മൂന്ന് മാസത്തിലൊരിക്കൽ റിട്ടേൺ നൽകിയാൽ മതി. ഇത് സംസ്ഥാനത്ത് ധാരാളംപേർക്ക് സഹായം

നൽകുന്നതാണ്. മൂന്നാമത്, അൺ-രജിസ്റ്റേർഡ് വ്യാപാരികളിൽനിന്ന് സാധനം വാങ്ങുന്ന രജിസ്റ്റേർഡ് വ്യാപാരികൾ നികുതി സ്വന്തം കയ്യിൽനിന്നും കൊടുക്കണം. അതിനെ റിവേഴ്സ് ടാക്സ് എന്നുപറയും. അപ്പോൾ ഇത് സാർവ്വത്രികമായി നടപ്പാക്കിക്കഴിഞ്ഞാൽ അൺ-രജിസ്റ്റേർഡായിട്ടുള്ള ചെറുകിട വ്യാപാരികളിൽ നിന്നും നികുതി വാങ്ങില്ല. രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽനിന്ന് മാത്രമേ വാങ്ങുകയുള്ളൂ. അത് നമ്മുടെ അസംഘടിത മേഖലയ്ക്ക് വളരെയേറെ ദൂഷ്യം ചെയ്യും. ഈ ഭേദഗതിയിൽ പറയുന്നത് ഏതെല്ലാം മേഖലകളിൽ റിവേഴ്സ് ടാക്സ് ബാധകമാക്കണമെന്നുള്ളത് സംസ്ഥാനങ്ങൾക്ക് തീരുമാനിക്കാം, എന്നിട്ട് ജി.എസ്.ടി. കൗൺസിലിന്റെ തീർപ്പിന്റെ അടിസ്ഥാനത്തിൽ നോട്ടിഫൈ ചെയ്യാവുന്നതാണ് എന്നാണ്. ഇത് ചെറുകിട വ്യാപാരികൾക്ക് വളരെ സഹായകമായിട്ടുള്ളതാണ്. ബാക്കിയുള്ളതെല്ലാം സ്പഷ്ടീകരണങ്ങളാണ്, വിശദാംശങ്ങൾ നൽകുന്നതാണ്. കാര്യമാത്ര പ്രസക്തമായി വിഷയത്തിൽ ഒതുങ്ങിനിന്നുകൊണ്ടുള്ള ചർച്ചയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ നിരാകരിക്കണമെന്ന പ്രമേയത്തിന് നോട്ടീസ് നൽകിയവരാരും സീറ്റിലില്ല.

(നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ നിരാകരണ പ്രമേയം അവതരിപ്പിച്ചില്ല)

ശ്രീ. എസ്. രാജേന്ദ്രനുവേണ്ടി ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-12-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

രാജ്യം ഭരിക്കുന്ന ഗവൺമെന്റ് മതിയായ മുന്നൊരുക്കങ്ങൾ ഇല്ലാതെയും കമ്പ്യൂട്ടർ ശൃംഖല ക്രമപ്പെടുത്താതെയും കൊണ്ടുവന്ന ജി.എസ്.ടി. നിയമം രാജ്യത്തിന്റെ സമ്പദ്ഘടനയിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയതായി കാണാൻ കഴിയും. ഈ നിയമത്തിന്റെ ദൂഷ്യവശങ്ങളെ പരമാവധി ലഘൂകരിച്ച് നടപ്പിലാക്കാനുള്ള പരിശ്രമം കേരളത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതുമൂലം സംസ്ഥാനത്തിന് ലഭിക്കേണ്ട ഗുണഫലം ലഭ്യമായിട്ടില്ല. ഇന്ത്യയുടെ സമ്പദ്ഘടനയിൽ ഗ്രാമീണ-നഗര വ്യത്യാസമില്ലാതെ കടുത്ത ആഘാതമുണ്ടാക്കിയ

നോട്ട് നിരോധനത്തിന്റെ ഫലമായി നിരവധി ചെറുകിട വ്യാപാര-വ്യവസായ സംരംഭങ്ങൾ പൂട്ടിപ്പോയിട്ടുണ്ട്. അതിന്റെയൊപ്പം ജി.എസ്.ടി. കൂടി ആയതോടെ ചെറുകിട വ്യാപാരികളുടെ നട്ടെല്ലൊടിയുന്ന സ്ഥിതി സംജാതമായിരിക്കുകയാണ്. എന്നാൽ സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടൽ ഒരു പരിധിവരെ ചെറുകിട വ്യാപാര-വ്യവസായ മേഖലയ്ക്ക് താങ്ങായിട്ടുണ്ട്. ഉദാഹരണത്തിന് ഒരു കോടി രൂപ വരെ വിറ്റുവരവുള്ള വ്യാപാരി വ്യവസായികൾക്ക് കോംപോസിഷൻ വ്യവസ്ഥ വന്നത് ചെറുകിട മേഖലയ്ക്ക് ആശ്വാസം നൽകിയിട്ടുണ്ട്. ശരിയായ മുന്നൊരുക്കങ്ങളില്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയതിനാൽ സംസ്ഥാനത്തിന് വലിയ നികുതി നഷ്ടമുണ്ടായതായി കണക്കുകൾ സൂചിപ്പിക്കുന്നു. യഥാർത്ഥത്തിൽ മറ്റ് സംസ്ഥാനങ്ങളെക്കാൾ കൂടുതൽ ഉപഭോഗം നടത്തുന്ന കേരളത്തിൽ നികുതി വരുമാനം കൂടേണ്ടതാണ്. എന്നാൽ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന 14.5 ശതമാനം നികുതി 9 ശതമാനമായി കുറഞ്ഞു. ആ നികുതി തന്നെ കൃത്യമായി കണ്ടെത്തുന്നതിനും പിരിച്ചെടുക്കുന്നതിനും ആവശ്യമായ കമ്പ്യൂട്ടർ സംവിധാനങ്ങളുടെ അഭാവം കൂടിയായപ്പോൾ അത് സർക്കാരിന്റെ വരുമാനം കുറച്ചു. നികുതി വെട്ടിപ്പ് കണ്ടുപിടിക്കാനും തടയാനും കഴിഞ്ഞില്ല. ഇതേസമയം സാധാരണക്കാരന്റെ ദുരിതങ്ങൾ വർദ്ധിക്കുന്നതിനും നികുതി പരിഷ്കരണം കാരണമായി. കേന്ദ്രം കൊട്ടിഘോഷിച്ചത് പ്രകാരമുള്ള വിലക്കുറവ് സാധാരണ ജനങ്ങൾക്ക് അനുഭവപ്പെട്ടില്ല, പകരം ഏറെ ദുരിതവും ആശങ്കയുമാണ് ഉണ്ടാക്കിയത്. നിത്യോപയോഗ സാധനങ്ങൾക്ക് വില കുറയുമെന്നാണ് ജനങ്ങൾ പ്രതീക്ഷിച്ചത്. എന്നാൽ അർദ്ധരാത്രിയിൽ പാർലമെന്റ് വിളിച്ചുകൂട്ടി പ്രധാനമന്ത്രി വാഗ്ദാനം ചെയ്ത സുവർണ്ണകാലം ദുരിതകാലമായി മാറി. ഏറെ ആശയക്കുഴപ്പങ്ങളും പ്രതിസന്ധിയുമാണ് ജി.എസ്.ടി.മൂലമുണ്ടായത്. വിപണിയിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ച വിലക്കുറവ് ഉണ്ടായില്ലെന്ന് മാത്രമല്ല വില വർദ്ധിക്കുകയും ലളിതമാകുമെന്ന് പ്രതീക്ഷിച്ച നികുതിഘടന ഏറെ സങ്കീർണ്ണമാവുകയും ചെയ്തു. നികുതിച്ചോർച്ചയും നികുതി വെട്ടിപ്പും തടയാനുള്ള നടപടികൾ ഫലപ്രദമായില്ല. ലോകത്ത് ഏറ്റവും സങ്കീർണ്ണമായ നികുതിഘടനയാണ് ഇന്ത്യയിലുണ്ടായത് എന്നതാണ് ജി.എസ്.ടി.-യെ സംബന്ധിച്ച് ലോകബാങ്കിന്റെ വിലയിരുത്തൽ. ഏറെ തിരക്കിട്ട് നടപ്പിലാക്കിയ ജി.എസ്.ടി.-യിൽ ആശയക്കുഴപ്പം ശക്തമായപ്പോൾ ഒട്ടേറെ തവണ തിരുത്തലുകൾ വേണ്ടിവന്നു. സംസ്ഥാനങ്ങൾക്ക് വലിയതോതിൽ വരുമാന നഷ്ടമുണ്ടായി. നഷ്ടം പരിഹരിക്കാനുള്ള വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുമില്ല. ചെറുകിട വ്യവസായമേഖല പോലെ കാർഷിക മേഖലയിലും ജി.എസ്.ടി. വലിയ ദോഷങ്ങളുണ്ടാക്കി.

1.00 PM]

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, അങ്ങ് ജി.എസ്.ടി. വന്നതുകൊണ്ടുള്ള പ്രയാസങ്ങളെ സംബന്ധിച്ചാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഹജ്ജ് കമ്മിറ്റി മുഖേന പോകുന്ന ആളുകൾക്ക് കേന്ദ്ര ഗവൺമെന്റ് സബ്സിഡി കൊടുത്തിരുന്നത് ഇപ്പോൾ നിർത്തലാക്കി. ജി.എസ്.ടി. വന്നതോടുകൂടി സ്വകാര്യ മേഖലയിലുള്ള വിമാന ടിക്കറ്റിനെക്കാൾ കൂടുതലാണ് ഹജ്ജ് കമ്മിറ്റി മുഖേന പോകുന്നവർക്കുള്ള വിമാനക്കൂലി. ഇത് ഗുരുതരമായ വിഷയമാണ് എന്നത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, അത് ശരിയാണ്. അതുപോലെ പല മേഖലയിലും ഇതിന്റെ ദോഷഫലങ്ങൾ അനുഭവപ്പെട്ടിരുന്നു. ജി.എസ്.ടി.യിലൂടെ നികുതി വെട്ടിപ്പുകൾ തടയാം എന്നതായിരുന്നു മറ്റൊരു അവകാശവാദം, നടപ്പിലാക്കി രണ്ട് മാസത്തിനകംതന്നെ 2,000 കോടി രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തി. എന്നാൽ ബഹുരാഷ്ട്ര കമ്പനികളും വൻകിട കോർപ്പറേറ്റുകളും ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വരുത്തിയ വൻവീഴ്ചകൾ പരിഹരിക്കുന്നതിന് നടപടി ഉണ്ടായിട്ടില്ല. ഒന്നരക്കോടി രൂപയിൽ താഴെ ടേണോവറുള്ള ഉൽപ്പാദകർക്കും വ്യാപാരികൾക്കും നികുതി നിരക്ക് തിരിച്ചടിയായി. ഒന്നരക്കോടി രൂപയിൽ താഴെ ടേണോവറുള്ളവർക്ക് എക്സ്സൈസ് ഡ്യൂട്ടിയുണ്ടായിരുന്നില്ല. അഞ്ച് ശതമാനമുള്ള നികുതി പതിനെട്ട് ശതമാനമായും ഇരുപത്തിയെട്ട് ശതമാനമായും വർദ്ധിച്ചു. പാവപ്പെട്ട ജനങ്ങളാണ് ഈ അധികബാധ്യത സഹിക്കേണ്ടി വന്നത്.

<u>ശ്രീ. കാരാട്ട് റസാഖ്</u>: സർ, ഹജ്ജിനുപോകുന്നവർക്ക് പ്രൈവറ്റ് മേഖലയിൽ അഞ്ച് ശതമാനമാണ് ജി.എസ്.ടി. ഈടാക്കുന്നത്. എന്നാൽ ഔദ്യോഗികമായി ഹജ്ജ് കമ്മിറ്റി മുഖേന പോകുന്ന ആളുകൾക്ക് പതിനാല് ശതമാനം ജി.എസ്.ടി. ഈടാക്കുന്നുണ്ട്. ഇത് ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കാൻ സാധിക്കും?

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയാണ് ജി.എസ്.ടി. കൗൺസിലിൽ പല കാര്യങ്ങളും അവരുടെ ശ്രദ്ധയിൽപ്പെടുത്തി ഇതുവരെ പരിഹാരം കണ്ടെത്തിയത്. ഇന്ത്യയിലെ മറ്റൊരു സ്റ്റേറ്റിൽനിന്നും ആരും പറയാത്ത കാര്യങ്ങൾപോലും നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിക്ക് അവിടെ ഉന്നയിച്ച് പരിഹാരം കാണുവാൻ സാധിച്ചിട്ടുണ്ട്. അദ്ദേഹംതന്നെ ഇതിനും പരിഹാരം കാണുമെന്ന് പ്രതീക്ഷിക്കാം. പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്ത വ്യാപാരികളുടെ അവകാശവാദം ശരിയാണോയെന്ന് പരിശോധിക്കാൻ നടപടിയുണ്ടായില്ല.

നികുതിഘടനയിലെ നാല് സ്ലാബുകൾ കൂടുതൽ സങ്കീർണ്ണമാക്കുകയാണ്. ജി.എസ്.ടി. നടപ്പിലാക്കിയ ഒട്ടുമിക്ക രാജ്യങ്ങളിലും രണ്ട് സ്ലാബുകളാണുള്ളത്. നോട്ടുനിരോധനത്തിൽ തകർന്ന ചെറുകിട മേഖലയ്ക്ക് കടുത്ത ആഘാതം ജി.എസ്.ടി.മൂലമുണ്ടായി. വൻകിടക്കാരുമായുള്ള ചെറുകിടക്കാരുടെ മത്സരശേഷിയിടിഞ്ഞു, പലതും അടച്ചുപൂട്ടി. കുറേയേറെപ്പേർ അടച്ചുപൂട്ടലിന്റെ വക്കിലാണ്. അതോടൊപ്പം നികുതി ഘടനയിലെ പൊരുത്തക്കേടുകളുമുണ്ട്. പരിഹാര നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം ജി.എസ്.ടി. കൗൺസിലിനുമാത്രമാണ് എന്നതും പോരായ്മയായി നിലനിൽക്കുന്നു. ജി.എസ്.ടി.-യും വിലക്കയറ്റവും തമ്മിലുള്ള ബന്ധവും ഏറെ ചർച്ച ചെയ്യുതാണ്. ജി.എസ്.ടി. നടപ്പിലാക്കുന്നതോടെ അവശ്യസാധനങ്ങളുടെ വിലയിൽ കുറവുണ്ടാകുമെന്ന പ്രതീക്ഷയുണ്ടായിരുന്നു. ഏറെ സങ്കീർണ്ണമായ നികുതി ഘടനയാണെങ്കിലും ഇത് വിലക്കയറ്റത്തിന് ഒരു പരിധിവരെയെങ്കിലും അറുതിവരുത്തുമെന്നാണ് വലിയ രീതിയിൽ പ്രചരിപ്പിച്ചിരുന്നത്. എന്നാൽ ഇതുമൂലമുണ്ടായിട്ടുള്ള യാതൊരുവിധ ഇളവും ഉപഭോക്താവിന് നൽകുവാൻ വൻകിടക്കാർ തയ്യാറായിട്ടില്ല എന്നതാണ് അനുഭവം. തുടക്കത്തിൽ നേരത്തെയുണ്ടായിരുന്ന വിലയുടെ കൂടെ ജി.എസ്.ടി.-കൂടി ചേർത്ത് വില വർദ്ധിപ്പിക്കുന്ന സാഹചര്യമുണ്ടായി. ഹോട്ടലുകളിലും മറ്റും ഇത് വ്യാപകമായി നടന്നിരുന്നു. വൻകിട കമ്പനികളുടെ ഇത്തരത്തിലുള്ള കൊള്ളലാഭമെടുക്കലിനെതിരെ നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല. എന്നാൽ, ഇതിൽ കേരളത്തിന്റെ ശക്തമായ നിലപാടുകൾ ഗുണം ചെയ്തിട്ടുണ്ട്. അമിതലാഭം എടുക്കുന്നതിനെതിരായി പ്രവർത്തിക്കേണ്ട Anti-profiteering കമ്മിറ്റിയുടെ പ്രവർത്തനം സാധാരണക്കാരന് അപ്രാപ്യമായ രീതിയിലാണ് നിലവിലുള്ളത്. ഉപഭോക്താവിന് അടിയന്തരമായി നീതി ലഭ്യമാക്കുന്നതിന് കടമ്പകൾ കൂടുകയാണുണ്ടായത്. ഈ പരിമിതികൾക്കെല്ലാം ഉള്ളിൽ നിന്നുകൊണ്ടാണെങ്കിലും ജി.എസ്.ടി. നിയമത്തെ ഏറെ ശ്രദ്ധയോടെ നടപ്പിൽവരുത്തുന്നതിൽ കേരള സർക്കാർ നല്ല രീതിയിൽ ഇടപെട്ടിട്ടുണ്ട്. അതിന്റെ തുടർച്ചയായാണ് ജി.എസ്.ടി. ഭേദഗതി ബിൽ അവതരിപ്പിച്ചിട്ടുള്ളതെന്ന് കാണാൻ കഴിയും.

ശ്രീ. എ. എൻ. ഷംസീർ: സർ, ജി.എസ്.ടി.-യുടെ മറവിൽ ചിലർ ചില ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ ലൂസാക്കി അല്ലെങ്കിൽ റീട്ടെയിലാക്കി വിറ്റ് സർക്കാരിനെ പറ്റിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. അത്തരം നീക്കങ്ങൾ താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, അതുപോലെയുള്ള ധാരാളം കള്ളത്തരങ്ങൾ നടക്കുന്നുണ്ട്. ഇത് കണ്ടുപിടിക്കാനും ഇതിനെതിരെ

നടപടിയെടുക്കാനുമുള്ള സംവിധാനം ഇതുവരെ വരാത്തതുകൊണ്ടാണ് ഈ കുഴപ്പങ്ങളുണ്ടാകുന്നത്. അതുകൊണ്ട് ഈ ഭേദഗതി ബില്ലിലെ നിർദ്ദേശങ്ങൾ കേരളത്തിലെ വ്യാപാര വ്യവസായ സമൂഹത്തിനും പൊതുജനങ്ങൾക്കും പ്രയോജനപ്പെടും.

2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബില്ലിലെ ഭേദഗതികളെ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം വളരെ പ്രയോജനകരമായ രീതിയിൽ ഇതിനെ രൂപപ്പെടുത്തിയെടുക്കുന്നതിൽ ജി.എസ്.ടി. കൗൺസിലിൽ നല്ല ഇടപെടലുകൾ നടത്തിയ ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയും ചെയ്യുന്നു. യാതൊരു മുന്നൊരുക്കവും നടത്താതെ കേന്ദ്ര സർക്കാർ അടിച്ചേൽപ്പിച്ച ഈ ബില്ലിനെ സംസ്ഥാനത്തിന് ഏറ്റവും അനുകൂലമാക്കി മാറ്റിയെടുക്കുന്നതിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും നല്ല പരിശ്രമം തുടർന്നുമുണ്ടാകുമെന്ന് ഉറപ്പായും വിശ്വസിക്കുന്നു.

ജി.എസ്.ടി. ബില്ലിലെ ക്ലാസ് 4-ൽ വരുത്തുന്ന ഭേദഗതി ചെറുകിട വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ഏറെ ഗുണകരമായ ഒന്നാണ്. നിലവിൽ രജിസ്റ്റർ ചെയ്യാത്ത വ്യാപാരികളിൽനിന്നും വാങ്ങുന്ന എല്ലാത്തരം ചരക്കുകൾക്കും സേവനങ്ങൾക്കും രജിസ്റ്റർ ചെയ്ത വ്യാപാരി റിവേഴ്സ് ചാർജ് പ്രകാരം നികുതി നൽകേണ്ടതുണ്ട്. ഇതുകാരണം രജിസ്റ്റർ ചെയ്യാത്ത ചെറുകിട വ്യാപാരികളുടെ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനും രജിസ്റ്റർ ചെയ്ത വ്യാപാരികൾക്ക് പ്രയാസങ്ങളുണ്ടായിരുന്നു. കുടുംബശ്രീ പോലുള്ള ചെറുകിട സംരംഭകരെയാണ് ഇത് കൂടുതലായും ബാധിക്കുന്നത്. അതുകൊണ്ടുതന്നെ റിവേഴ്സ് ചാർജ് പ്രകാരമുള്ള നികുതി ജി.എസ്.ടി. കൗൺസിൽ നോട്ടിഫൈ ചെയ്യുന്ന ചരക്കുകൾക്കും സേവനങ്ങൾക്കും മാത്രമായി പരിമിതപ്പെടുത്തുന്നത് ചെറുകിടക്കാരായ വ്യാപാരികൾക്കും വ്യവസായികൾക്കും പ്രത്യേകിച്ച് കുടുംബശ്രീ ഉൽപ്പന്നങ്ങൾക്കും ഏറെ പ്രയോജനപ്പെടും.

ക്ലാസ് 5-ൽ കോംപോസിഷൻ വ്യവസ്ഥയിൽ നികുതി നൽകാനുള്ള പരിധി ഒരുകോടി രൂപയിൽനിന്നും ഒന്നരക്കോടി രൂപയായി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം സ്വാഗതം ചെയ്യുന്നു. ഇതുമൂലം കൂടുതൽ വ്യാപാരികളെ ഈ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് സാധിക്കും. ഇന്ത്യയിലെ ചെറുകിട കച്ചവടക്കാർക്ക് ഏറ്റവും ഗുണകരമായ ഈ മാറ്റങ്ങൾ കൊണ്ടുവരാൻ ജി.എസ്.ടി. കൗൺസിലിൽ ആവശ്യമായ ഇടപെടലുകൾ നടത്തിയത് കേരള ധനകാര്യ വകുപ്പുമന്ത്രി ആണെന്നത് ഈ അവസരത്തിൽ പ്രത്യേകം പരാമർശിക്കുന്നു.

ക്ലാസ് 13-ൽ വരുത്തിയ ഭേദഗതി, ഒരേ സാധനം തന്നെ വ്യത്യസ്ത ഷോപ്പുകളിൽ വ്യാപാരം നടത്തുന്നവർക്ക് പ്രത്യേകം പ്രയോജനകരമാണ്. നിലവിലെ വ്യവസ്ഥകൾപ്രകാരം ഒരു പാൻ നമ്പറുള്ള ആൾക്ക് രണ്ട് സ്ഥലങ്ങളിൽ ഒരു കാറ്റഗറിയിൽപ്പെട്ട ചരക്ക് വ്യാപാരം ചെയ്യാൻ ഒരു രജിസ്ട്രേഷൻ മാത്രമേ ലഭ്യമായിരുന്നുള്ളൂ. വ്യത്യസ്ത യൂണിറ്റുകളെ ഇൻഡിപെൻഡന്റ് ആയി കണക്കാക്കി അക്കൗണ്ടുകൾ പരിപാലിക്കുന്നതിനും സ്വതന്ത്രസ്ഥാപനങ്ങളായി നടത്തിക്കൊണ്ടു പോകുന്നതിനും ഇതുകാരണം വളരെ പ്രയാസങ്ങൾ നേരിട്ടിരുന്നു. എന്നാൽ ഇത്തരം സ്ഥാപനങ്ങൾക്ക് ഒരേ പാൻ നമ്പരുള്ള ഉടമസ്ഥനിൽ നിന്നാണെങ്കിലും പ്രത്യേകം രജിസ്റ്റർ ചെയ്യാൻ സൗകര്യം ലഭിക്കുന്നത് ഈ മേഖലയിൽ ഗുണകരമായിട്ടുണ്ട്.

അതോടൊപ്പം, ക്ലാസ് 14-ൽ വരുത്തുന്ന ഭേദഗതി സംബന്ധിച്ച് വരാവുന്ന ആശങ്ക അറിയിക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. നിലവിലുള്ള നിയമപ്രകാരം, ഒരു വ്യാപാരിക്കെതിരെയുള്ള ശിക്ഷാനടപടികളുടെ ഭാഗമായി ആ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കണമെങ്കിൽ ആ സ്ഥാപനത്തിന് നോട്ടീസ് നൽകുകയും നടപടിക്രമങ്ങൾ പാലിച്ച് രജിസ്ട്രേഷൻ റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും വേണം. എന്നാൽ ഈ ഭേദഗതിപ്രകാരം ഒരു ഉദ്യോഗസ്ഥന് ആ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനു മുമ്പുതന്നെ പ്രസ്തുത രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യാൻ അധികാരം ലഭിക്കുന്നതാണ്. ഇത് ചില ഉദ്യോഗസ്ഥരെങ്കിലും ദുരുപയോഗം ചെയ്താൽ വലിയ അഴിമതിക്ക് കാരണമായേക്കും. ആയതിനാൽ ഈ ഭേദഗതി കൂടുതൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ടോ എന്നതുകൂടി പരിഗണിക്കണം.

ക്ലാസ് 15-ന്റെ ഭേദഗതി അത് ബാധകമായ എല്ലാ സ്ഥാപനങ്ങൾക്കും ഗുണകരമാണ്. ഓരോ ഇൻവോയിസിനും പ്രത്യേകം ക്രെഡിറ്റ്/ഡെബിറ്റ് നൽകാനുള്ള വ്യവസ്ഥയാണ് നിലവിലുള്ളത്. ഇത് വളരെ ശ്രമകരമാണ്. ഒരു സാമ്പത്തിക വർഷത്തിൽ നൽകിയ ആകെ ഇൻവോയിസുകൾക്കും കൺസോളിഡേറ്റഡ് ഇൻവോയിസ് നൽകുന്നതിനുള്ള വ്യവസ്ഥ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് വളരെ സൗകര്യപ്രദമാക്കും. അതുകൊണ്ടുതന്നെ ഈ ഭേദഗതി എല്ലാവരും സ്വാഗതം ചെയ്യുന്നു.

നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഒരു മാസത്തിൽ ഒരു ജി.എസ്.ടി. നികുതിദായകൻ നാല് തരം ടാക്സ് റിട്ടേൺ ഫോറങ്ങൾ ഫയൽ ചെയ്യണം. ഇത്തരത്തിൽ ഒരു വർഷം ഏകദേശം 52 റിട്ടേൺ ഫോറങ്ങൾ ഫയൽ ചെയ്യേണ്ടതുണ്ട്. അത് ജി.എസ്.ടി.ആർ. 1, ജി.എസ്.ടി.ആർ. 2, ജി.എസ്.ടി.ആർ. 3, ജി.എസ്.ടി.ആർ. 4 എന്നിങ്ങനെയാണ്. ഇതുമൂലം വ്യാപാരികൾക്കും വ്യവസായികൾക്കുമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ക്രിയാത്മകമായ

നിർദ്ദേശങ്ങൾ കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ജി.എസ്.ടി കൗൺസിലിൽ ഉണ്ടായിട്ടുണ്ട്. ഇതിന്റെകൂടി ഫലമായാണ് കൗൺസിൽ നിർദ്ദേശപ്രകാരം ഫാറങ്ങൾ ലളിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയത്. അതാണ് ഈ ഭേദഗതി ബില്ലിലെ ക്ലാസ് 17, 18 എന്നിവയുമായി ബന്ധപ്പെട്ട് ഏകീകൃതവും ലളിതവുമായ ഒരു സിംഗിൾ റിട്ടേൺ ഫോം എന്ന ആശയം പ്രാബല്യത്തിൽ വരുത്താൻ സഹായകരമായത്. അതോടൊപ്പം കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ ഇക്കാര്യത്തിലുള്ള ഇടപെടൽ വ്യാപാരികൾക്ക് വളരെ ഗുണം ചെയ്തിട്ടുണ്ടെന്നുള്ളത് പ്രത്യേകം എടുത്തുപറയേണ്ടതാണ്.

ക്ലാസ് 27-ലെ ഭേദഗതിയെ സ്വാഗതം ചെയ്യുന്നു. നിയമവിധേയമല്ലാതെ ട്രാൻസ്പോർട്ട് ചെയ്യപ്പെടുന്ന ചരക്കുകൾ പിടിച്ചെടുക്കുന്ന സാഹചര്യത്തിൽ നികുതിയും പെനാൽറ്റിയും നൽകി വാഹനം തിരിച്ചെടുക്കാനുള്ള കാലാവധി 7 ദിവസം എന്നത് 14 ദിവസമാക്കിയിട്ടുണ്ട്. വ്യാപാരികൾക്ക് കുറച്ചുകൂടി സാവകാശവും സൗകര്യവും ഇതുവഴി ലഭിക്കും.

ജോബ് വർക്കിനായി നൽകുന്ന ചരക്കുകൾ പ്രവൃത്തി പൂർത്തീകരിച്ച് തിരികെ നൽകാനുള്ള കാലാവധി സാധാരണ ചരക്കുകൾക്ക് ഒരു വർഷം എന്നത് രണ്ട് വർഷമായും മൂലധന ചരക്കുകൾക്ക് മൂന്ന് വർഷമെന്നത് അഞ്ച് വർഷമായും ദീർഘിപ്പിച്ച് നൽകാനുള്ള ക്ലാസ് 28-ലെ ഭേദഗതി ഇത്തരത്തിൽ ജോബ് വർക്കുകൾ ചെയ്യുന്ന വ്യവസായികളെ ഏറെ സഹായിക്കുന്നതാണ്. ജി.എസ്.ടി. കൗൺസിലിന്റെ പരിഗണനയിൽ കൊണ്ടുവന്ന് പരിഹാരം കാണേണ്ട പ്രശ്നങ്ങൾ കുറേയേറെ ഇനിയുമുണ്ട്. അതിൽ ചിലത് താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

തൊഴിലുടമകൾ തൊഴിലാളികൾക്ക് നൽകുന്ന സബ്സിഡിയോടുകൂടിയുള്ള ക്യാന്റീൻ ഭക്ഷണത്തിന് ജി.എസ്.ടി. നൽകണമെന്ന് ജി.എസ്.ടി. അതോറിറ്റി അഡ്വാൻസ് റൂളിംഗ് നൽകിയിട്ടുണ്ട്. 1948-ലെ ഫാക്ടറീസ് ആക്ട് സെക്ഷൻ 46 പ്രകാരമാണ് 250 ജോലിക്കാരുള്ള കമ്പനികൾ തൊഴിലാളികൾക്ക് ക്യാന്റീൻ സൗകര്യം നൽകുന്നത്. 2012-ലെ വകുപ്പ് 19 (എ) നോട്ടിഫിക്കേഷൻ പ്രകാരം ക്യാന്റീനുകളെ സർവ്വീസ് ടാക്സ് പരിധിയിൽനിന്നും ഒഴിവാക്കിയിരുന്നു. ആക്ടിൽ വ്യവസ്ഥ ചെയ്ത തൊഴിലുടമ തൊഴിലാളികൾക്ക് നൽകുന്ന പ്രസ്തുത സേവനത്തിന് ജി.എസ്.ടി. ചുമത്തുന്ന നടപടി ഒഴിവാക്കേണ്ടതാണ്. Central Board of Indirect Tax and Customs 2017-ൽ ഇറക്കിയ പത്രക്കുറിപ്പിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മുൻകാലങ്ങളിലെപ്പോലെതന്നെ ക്യാന്റീൻ ഭക്ഷണത്തിന് സർവ്വീസ് ടാക്സ് ഒഴിവാക്കുന്നതിനുള്ള നടപടികൾ ജി.എസ്.ടി. കൗൺസിലിലുണ്ടാകാൻ പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ചെറുകിട കച്ചവടക്കാർക്ക് അനുവദിച്ച 20 ലക്ഷം രൂപവരെ വിറ്റുവരവുള്ളവർക്കുള്ള നികുതിഒഴിവും ഒന്നരക്കോടി രൂപ വരെയുള്ളവർക്ക് ഒരു ശതമാനം നികുതി എന്ന വ്യവസ്ഥയും കേരളത്തിലെ ചെറുകിട കരാറുകാർക്കുകൂടി ബാധകമാക്കി ആനുകൂല്യം ലഭ്യമാക്കുന്നതിന് ജി.എസ്.ടി. കൗൺസിലിൽ നടപടിയുണ്ടാകാൻ ശ്രമിക്കണമെന്ന് ഈ അവസരത്തിൽ പ്രത്യേകമായി അഭ്യർത്ഥിക്കുന്നു.

എച്ച്.എസ്.എൻ. കോഡിൽ ഉൾപ്പെടാത്ത ഉല്പന്നങ്ങൾക്ക് ഇപ്പോൾ പരമാവധി നികുതിയാണ് ഈടാക്കുന്നത്. ഇത് മിനിമം നികുതിയാക്കി മാറ്റുന്നതിന് ഇടപെടണം. ജി.എസ്.ടി. റീഫണ്ട് ലഭിക്കേണ്ട കേസുകളിൽ കാലതാമസം നേരിടുന്നത് വ്യവസായികളെ സംബന്ധിച്ചിടത്തോളം വലിയ പ്രയാസങ്ങളുണ്ടാക്കുന്നുണ്ട്. ആയത് പരിഹരിക്കാനുള്ള ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

വാറ്റ് കുടിശ്ശിക തീർപ്പാക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിയണം. നിരവധി വാറ്റ് അസസ്സ്മെന്റ് കേസുകൾ ഇപ്പോൾ കെട്ടിക്കിടക്കുകയാണ്. ഇതുവഴി കുടിശ്ശിക ഇനത്തിൽ വലിയ തുക സർക്കാരിന് പിരിഞ്ഞുകിട്ടേണ്ടതുണ്ട്. ഈ പ്രശ്നം പരിഹരിക്കാൻ ഫാസ്റ്റ് ട്രാക്ക് കുടിശ്ശിക നിവാരണ പദ്ധതികൾ പ്രഖ്യാപിക്കണം. അതോടൊപ്പം ഉദാരമായ വ്യവസ്ഥകളോടെ ആംനെസ്റ്റി സ്കീം കൊണ്ടുവരികയും വേണം. ജി.എസ്.ടി. റീഫണ്ടിനുള്ള അപേക്ഷകൾ ഓൺലൈനായി പൂർത്തീകരിക്കുന്നതിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനമുണ്ടാകണം. കയറ്റുമതിക്കായി വാങ്ങുന്ന ഉല്പന്നങ്ങൾക്ക് നൽകുന്ന ജി.എസ്.ടി. റീഫണ്ടിന് അപേക്ഷിക്കുന്നതിന് ആവശ്യമായ സംവിധാനം നിലവിൽ ജി.എസ്.ടി. വെബ്സൈറ്റിൽ ലഭ്യമല്ലെന്ന് അറിയുന്നു, അതിന് പരിഹാരം ഉണ്ടാകണം. ജി.എസ്.ടി. നിയമപ്രകാരം പഴയ നികുതി നിയമങ്ങളിൽനിന്ന് ട്രാൻസ്ഫർ ചെയ്ത് ലഭിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് ചെയ്തുകിട്ടുന്നതിന് നേരിടുന്ന കാലതാമസവും ബുദ്ധിമുട്ടുകളും പരിഹരിക്കണം. സേവനങ്ങൾക്കും ക്യാപിറ്റൽ ഗുഡ്സിനുംമേൽ നൽകുന്ന ജി.എസ്.ടി. റീഫണ്ടായി അനുവദിക്കുന്നതിന് നടപടികളുണ്ടാകണം. ഭേദഗതി ബില്ലിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2017 ജൂൺ 30 അർദ്ധരാത്രിയിലാണ് ഇന്ത്യൻ പാർലമെന്റിൽ ചരിത്ര പ്രസിദ്ധമായ സംഭവം എന്നുപറഞ്ഞ് ജി.എസ്.ടി. നടപ്പിലാക്കുന്ന പ്രഖ്യാപനം പ്രധാനമന്ത്രി നടത്തിയത്. ഇതിന് പലവശങ്ങളുണ്ട്. സാധാരണ ജനങ്ങൾക്ക് നേരിടേണ്ടിവന്ന ബുദ്ധിമുട്ടുകൾക്ക് പൂർണ്ണമായി പരിഹാരം കാണാൻ സാധിച്ചിട്ടില്ലെങ്കിലും ശ്രീ. വി. കെ. സി. മമ്മത് കോയ സൂചിപ്പിച്ചതുപോലെ ജി.എസ്.ടി. കൗൺസിലിൽ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് നടത്തിയ ഇടപെടലിലൂടെ രാജ്യത്താകെ വഴിതെറ്റിപ്പോയ ഒരു സംവിധാനത്തെ നേരായ പാതയിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചു. 42,000 കോടിയോളം രൂപ ജി.എസ്.ടി. ഇനത്തിൽ വരുമാനമായി നമുക്ക് ലഭിച്ചെന്നാണ് മാധ്യമങ്ങളിലൂടെ അറിയാൻ സാധിച്ചത്. എന്നിരുന്നാലും ഈ സംവിധാനത്തിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനുള്ള ഭേദഗതികളാണ് വളരെ സൃഷ്ടിപരമായി ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. സംസ്ഥാനങ്ങൾ തമ്മിൽ നിലനിന്നിരുന്ന നികുതി നിരക്ക് യുദ്ധം ഒഴിവായതും 'ഒരു രാജ്യം ഒരു നികുതി' എന്നത് നിലവിൽ വന്നതും സംസ്ഥാനങ്ങൾ തമ്മിലുള്ള സുഗമമായ വ്യാപാരത്തിന് തടസ്സം നിന്നിരുന്ന ചെക്ക്പോസ്റ്റുകൾ ഇല്ലാതെയായതും തുടക്കത്തിലെ ആശയക്കുഴപ്പങ്ങൾക്ക് അയവ് വന്നതും ജി.എസ്.ടി.യെ സംബന്ധിച്ച് പ്രോത്സാഹനജനകമാണ്.

വൻകിട ഉല്പാദകർക്കും വ്യാപാര സ്ഥാപനങ്ങൾക്കും ജി.എസ്.ടി.മൂലം നേട്ടങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ ചെറുകിട-ഇടത്തരം വ്യാപാരികളും വ്യവസായികളും ജി.എസ്.ടി. നിയമം നടപ്പിലാക്കിയപ്പോഴുണ്ടായ പാകപ്പിഴകൾ കാരണം ദുരിതത്തിലാണ്. നിയമങ്ങളിലെയും നടപടിക്രമങ്ങളിലെയും അജ്ഞത, മിക്കസമയങ്ങളിലും പണിമുടക്കുന്ന ജി.എസ്.ടി. നെറ്റ്‌വർക്ക് എന്നിവമൂലം വ്യാപാരികളും വ്യവസായികളും ഓൺലൈനായി നൽകിയ വിവരങ്ങളിൽ ധാരാളം തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട്. ജി.എസ്.ടി. ഹെൽപ്പ്ലൈനിൽ ബന്ധപ്പെട്ടാൽ വ്യക്തമായ നിർദ്ദേശങ്ങൾ നൽകാൻ ഉദ്യോഗസ്ഥർക്ക് സാധിക്കാത്ത അവസ്ഥയും പലപ്പോഴും കാണാൻ കഴിഞ്ഞിട്ടുണ്ട്. വകുപ്പിന്റെ ഭാഗത്തുനിന്നുള്ള പോരായ്മകൾ അധികൃതർതന്നെ തിരുത്തും. എന്നാൽ അറിവില്ലായ്മകൊണ്ട് സംഭവിക്കുന്ന തെറ്റുകൾ തിരുത്താൻ വ്യാപാരികൾക്കും വ്യവസായികൾക്കും അവസരം നൽകണമെന്നുള്ള അഭിപ്രായമാണുള്ളത്.

122-ാം ഭരണഘടനാ ഭേദഗതിയിലൂടെ കേന്ദ്രവും സംസ്ഥാനങ്ങളും ഒരേ സംവിധാനത്തിൻകീഴിൽ വരുമ്പോൾ തുടക്കത്തിലുണ്ടാകുന്ന ചില സാങ്കേതിക പ്രശ്നങ്ങൾ മാറ്റാൻ അതത് കാലഘട്ടങ്ങളിലെ ഭേദഗതികളിലൂടെ കഴിയണമെന്നാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്. ജി.എസ്.ടി.ആർ-1 വാങ്ങൽ

വിവരം, ജി.എസ്.ടി.ആർ-2 വാങ്ങൽ വിവരം, വില്പനയും തട്ടിക്കഴിച്ച് നികുതി അടയ്ക്കൽ, ജി.എസ്.ടി. ആർ-3 ഇങ്ങനെ ഒരു മാസം മൂന്ന് റിട്ടേണുകൾ കച്ചവടക്കാരൻ സമർപ്പിക്കണമെന്നുള്ളത് തുടക്കത്തിലെ ഒരു പോരായ്മയായിരുന്നു എന്നുള്ളത് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്.

ചരക്ക് പരിശോധന കർശനമാക്കി നികുതി വെട്ടിപ്പ് കണ്ടെത്താനുള്ള നിർദ്ദേശം നടപ്പിലാക്കണം. ചരക്കുനീക്കത്തിനുമുമ്പ് നികുതിയടച്ച രസീത് (ഇ-വേ ബിൽ) തയ്യാറാക്കണമെന്നാണ് നിയമം. ബില്ലിന്റെ പകർപ്പ് ചരക്കുവാഹനങ്ങളിൽ സൂക്ഷിക്കണം. എന്നാൽ ഇത്തരം തട്ടിപ്പുകൾ കണ്ടെത്താൻവേണ്ട പരിശോധനകൾ കൂടുതൽ കർശനമാക്കണമെന്നുള്ള ഒരു നിർദ്ദേശംകൂടി സമർപ്പിക്കുകയാണ്. കഴിഞ്ഞ നവംബർ 15-ന് 195 ഉല്പന്നങ്ങളുടെ നികുതി കുറച്ചിരുന്നു. എന്നാൽ ഇതിന്റെ ഗുണം പൂർണ്ണമായി ജനങ്ങൾക്ക് കിട്ടിയില്ലെന്ന് സർക്കാർ പരിശോധനയിൽ കണ്ടെത്തിയിരുന്നു. അടിസ്ഥാനവില ഉയർത്തിയും അല്ലാതെയും ഉല്പാദകരും മൊത്ത വ്യാപാരികളും ചെറുകിട വ്യാപാരികളും നേട്ടം കൊയ്യുകയായിരുന്നു. ജി.എസ്.ടി. നടപ്പാക്കിയശേഷം വില വ്യത്യാസം പരിശോധിച്ച് നിയമം നടപ്പിലാക്കാത്ത 335 ഉല്പാദകരുടെയും വില്പനക്കാരുടെയും വിവരങ്ങൾ സംസ്ഥാനം ശേഖരിച്ച് കേന്ദ്രത്തിന് നൽകിയിരുന്നുവെങ്കിലും നാളിതുവരെ ഒരു നടപടിയും കൈക്കൊണ്ടിട്ടില്ല. ഇക്കാര്യം സംസ്ഥാനത്താകെ ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണ്. ജി.എസ്.ടി. നികുതിയിൽ കുറവ് വന്നപ്പോഴും ഹോട്ടൽ ഭക്ഷണത്തിനുൾപ്പെടെ വില കൂടിനിന്നിരുന്നു. കോഴിയിറച്ചിയുടെ വില സംബന്ധിച്ച് ഏറെ ചർച്ചകൾ ഇവിടെ നടത്തിയിരുന്നു. ഇങ്ങനെയുള്ള 335 ഉല്പാദകരുടെ വിവരങ്ങൾ നൽകിയിട്ടും അതുസംബന്ധിച്ച് നടപടി വരാത്തത് വളരെ നിർഭാഗ്യകരമാണ്. ടി. വി., റഫ്രിജറേറ്റർ, വാക്വം ക്ലീനർ, വാഷിംഗ് മെഷീൻ, വാട്ടർ ഹീറ്റർ, വാട്ടർ കൂളർ, ഗാർഹികാവശ്യത്തിനുള്ള മറ്റ് ഇലക്ട്രിക് ഉപകരണങ്ങൾ എന്നിവയ്ക്കെല്ലാം നികുതി 28-ൽനിന്ന് 18 ശതമാനമായി കുറയുമ്പോൾ ഇവയുടെ വിലയിൽ 10 ശതമാനം കുറവുണ്ടാകേണ്ടതാണ്. ഇതുപോലെയുള്ള അടിസ്ഥാനപരമായ പ്രശ്നങ്ങൾകൂടി പുനഃപരിശോധിക്കാൻ കഴിയണം.

ഒപ്പം പ്രാദേശികമായ ഒരു ആശങ്ക പങ്കുവയ്ക്കുകയാണ്. പ്രളയവുമായി ബന്ധപ്പെട്ട് കേരളത്തിലെ പതിനായിരക്കണക്കിന് കടകളിൽ വെള്ളം കയറി എല്ലാം നഷ്ടപ്പെട്ടുവെന്നത് യാഥാർത്ഥ്യമാണ്. എന്റെ നാട്ടിലെ പല കടകളുടെയും ഒന്നാംനിലയുടെയും രണ്ടാംനിലയുടെയും മുകളിലൂടെയാണ് ബോട്ടുകളിൽ രക്ഷാപ്രവർത്തനത്തിന് പോയത്. സാധാരണ സ്റ്റോക്ക് കൂടാതെ ഹോൾസെയിലുകാരും റീട്ടെയിലുകാരും ഓണക്കച്ചവടത്തിന് വാങ്ങിവച്ച രണ്ടും മൂന്നുമിരട്ടി ചരക്കാണ് പരിപൂർണ്ണമായും നശിച്ചുപോയത്. അതിൽ 50 ലക്ഷം

രൂപയുടെയും 10 കോടി രൂപയുടെയും ചരക്ക് നഷ്ടപ്പെട്ടവരുണ്ട്. വെള്ളമിറങ്ങിയശേഷം കട തുറന്നപ്പോൾ കടയ്ക്കുള്ളിൽ എല്ലാം നഷ്ടപ്പെട്ടുവെന്ന് കണ്ട രണ്ട് വ്യാപാരികൾ പുറകോട്ട് വീണ് അവിടെവച്ചുതന്നെ മരിച്ചുപോയ ദയനീയവും ഗുരുതരവുമായ ഒരു സാഹചര്യമാണുണ്ടായത്. ഈ വ്യാപാരികൾക്കുള്ള പ്രധാനപ്പെട്ട ആശങ്ക, എടുത്ത സ്റ്റോക്കിനെല്ലാം ഭാവിയിൽ ജി.എസ്.ടി. കുടിശ്ശിക ബാധകമാകുമോ; അവരുടെ തലയിൽ വീണ്ടും ടാക്സ് ഏർപ്പെടുത്തേണ്ട സ്ഥിതിവിശേഷമുണ്ടാകുമോ എന്നുള്ളതായിരുന്നു. കമ്പനികൾ കടം കൊടുത്ത സാധനങ്ങൾകൊണ്ടാണ് ഭൂരിപക്ഷം ആളുകളും ഇപ്പോൾ കടകൾ തുറന്നിരിക്കുന്നത്. പത്തോ പതിനഞ്ചോ ശതമാനം ആളുകൾക്ക് മാത്രമാണ് ഇൻഷ്വറൻസ് ഉണ്ടായിരുന്നത്, അവരും നാമമാത്രമായിട്ടാണ് തുറന്നിരിക്കുന്നത്. വളരെ ദയനീയമായ ഒരു ചിത്രമാണ്. പത്തുശതമാനം കടകൾ തുറന്നിട്ടേയില്ല. അത്രയും ഗുരുതരമായ സാഹചര്യമാണുണ്ടായത്. ആ സാഹചര്യത്തിൽ ഉദ്യോഗസ്ഥരെ കറക്ട് ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി രണ്ടുതവണകളായി സ്വീകരിച്ച വലിയ നടപടിയുണ്ട്. കൈക്കൂലിയുടെ രാജാക്കന്മാരായിരുന്നു മുൻകാലത്ത് കേരളത്തിലെ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥർ. അവരെ നേരായ ദിശയിലേയ്ക്ക് കൊണ്ടുവന്ന് കൈക്കൂലി വാങ്ങുന്നവരെ കാണിച്ചുതന്നാൽ അവാർഡ് തരാമെന്ന് വെല്ലുവിളിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് ഒരു ധനകാര്യ വകുപ്പുമന്ത്രിക്ക് ഉയരാൻ കഴിഞ്ഞു. കേരളത്തിൽ വന്ന ആ മാറ്റം വലുതാണ്. അതിനോട് യോജിക്കാത്ത ഒന്നോ രണ്ടോ ശതമാനമാളുകൾ ഇപ്പോഴും സെയിൽസ് ടാക്സ് ഡിപ്പാർട്ട്മെന്റിലുള്ളത് ദൗർഭാഗ്യകരമായ കാര്യമാണ്. ആത്മഹത്യ ചെയ്യുന്നവന്റെ കടകളിൽ കയറി പത്തുലക്ഷവും ഇരുപത് ലക്ഷവും രൂപയുടെ നോട്ടീസ് കൊടുക്കുന്ന രീതിയിലുള്ള ചില ജീർണ്ണത ഇവിടെയുണ്ടെന്ന കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. സന്ദർഭത്തിനൊത്തുള്ള ഭേദഗതികൾ കൊണ്ടുവരണം. അതിന്റെ ഭാഗമായി കൊണ്ടുവന്ന 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബില്ലിനെ പൂർണ്ണമായി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇവിടെ നടത്തിയ രണ്ട് പ്രസംഗങ്ങളിലും ഭേദഗതി ബില്ലിലെ ക്ലോസ്സുകളൊന്നുംതന്നെ ചോദ്യം ചെയ്യുന്നില്ല. ശ്രീ. വി. കെ. സി. മമ്മത് കോയ ഓരോ ക്ലോസ് എടുത്ത് വിശദമായി അവയുടെ ലക്ഷ്യങ്ങൾ വിവരിക്കുകയും എങ്ങനെയാണ് ആ ഭേദഗതികൾ പലതും ചെറുകിട വ്യാപാരികൾക്ക് അനുകൂലമായിട്ടുള്ളതെന്ന് സൂചിപ്പിക്കുകയും ചെയ്തു. ഒരു ക്ലോസ്സിനെക്കുറിച്ച്

മാത്രമാണ് അദ്ദേഹം വിമർശിച്ചത്. വളരെ ഗുരുതരമായ തെറ്റുകൾ ചെയ്തിട്ടുണ്ടെങ്കിൽ രജിസ്ട്രേഷൻ റദ്ദാക്കാൻ ക്ലാസ് ഉണ്ട്. റദ്ദാക്കുന്നതിന് മുന്നോടിയായി സസ്പെൻഡ് ചെയ്യാനുള്ള അധികാരം നൽകുകയാണ്. അത് ദുരുപയോഗപ്പെടുത്തുമെന്നുള്ള ആശങ്കയെപ്പറ്റിയാണ് അദ്ദേഹം പറഞ്ഞത്. അത് ദുരുപയോഗപ്പെടുത്തില്ലായെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാം. അദ്ദേഹത്തിന്റെ ആശങ്ക നിശ്ചയമായും ഗൗരവത്തിൽ തന്നെയെടുക്കും. മറ്റൊരു clause സംബന്ധിച്ചും അടിസ്ഥാനപരമായ വിമർശനമില്ല. ജി.എസ്.ടി.-യെക്കുറിച്ചുള്ള പൊതുവായിട്ടുള്ള വിമർശനങ്ങളിലേയ്ക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല.

ക്യാന്റീൻ ജി.എസ്.ടി.-യിൽനിന്നും ഒഴിവാക്കുന്ന കാര്യത്തെക്കുറിച്ച് പറയുകയുണ്ടായി. അതിനെക്കുറിച്ച് ചർച്ചചെയ്ത് ടേക്ക്-അപ് ചെയ്യാം.

ഹജ്ജ് കമ്മിറ്റിക്കായി ചാർട്ട് ചെയ്യുന്ന ഫ്ലൈറ്റുകൾക്കുള്ള 18 ശതമാനം ജി.എസ്.ടി.-യെക്കുറിച്ച് രണ്ടുപേരും ഉന്നയിച്ചു. സാധാരണഗതിയിൽ ഫ്ലൈറ്റ് ടിക്കറ്റിന് 5 ശതമാനമാണ് ജി.എസ്.ടി., എന്നാൽ ചാർട്ടർ ചെയ്യുന്നതിന് 18 ശതമാനമാണ് നികുതി. ഹജ്ജ് കമ്മിറ്റിക്ക് ചാർട്ട് ചെയ്താണ് ഫ്ലൈറ്റ് വിടുന്നത്. ഇത് അന്യായമാണെന്നും അതുകൊണ്ട് 5 ശതമാനത്തിലേയ്ക്ക് കുറയ്ക്കുകയോ നികുതി ഇല്ലാതാക്കുകയോ ചെയ്യണമെന്നും പറഞ്ഞ് ജി.എസ്.ടി കൗൺസിലിൽ നിവേദനം നൽകിയിട്ടുണ്ട്. അടുത്ത കൗൺസിൽ യോഗത്തിൽ ഇത് ടേക്ക്-അപ് ചെയ്യാം.

വാറ്റ് കുടിശ്ശിക സംബന്ധിച്ചുള്ള നിർദ്ദേശം വളരെ നല്ലതാണ്. അത് ബഡ്ജറ്റ് ഘട്ടത്തിൽ പരിശോധിക്കാവുന്നതാണ്. ആന്റി പ്രോഫിറ്റീയറിംഗ് നടപടികളിൽ സ്റ്റേറ്റ് ലെവൽ സ്ക്രീനിംഗ് കമ്മിറ്റി 355 കേസുകൾ മാസങ്ങൾക്കുമുമ്പ് അയച്ചുകൊടുത്തെങ്കിലും ഇതുവരെ തീരുമാനമെടുത്തിട്ടില്ല. 195 ഉല്പന്നങ്ങളുടെ നികുതി കുറച്ചുകഴിഞ്ഞപ്പോൾ ആനുപാതികമായി വില കുറഞ്ഞോയെന്ന് സ്റ്റേറ്റ് ലെവൽ സ്ക്രീനിംഗ് കമ്മിറ്റി പരിശോധന നടത്തി 68 വ്യാപാരികൾക്കെതിരെയുള്ള വിമർശനങ്ങൾ ദേശീയതലത്തിലുള്ള സമിതിക്ക് അയച്ചിട്ടുണ്ടെങ്കിലും തീരുമാനങ്ങളൊന്നുമായിട്ടില്ല.

ശ്രീ. രാജു എബ്രഹാം പറഞ്ഞതുപോലെ പ്രളയത്തിൽപ്പെട്ട വ്യാപാരികളുടെ സ്റ്റോക്കുകളിന്മേലുള്ള ജി.എസ്.ടി.-യെ സംബന്ധിച്ചുള്ള ആശങ്കകളുണ്ട്. സ്റ്റേറ്റ് ജി.എസ്.ടി.-യിൽനിന്ന് വളരെ യാന്ത്രികമായി ഒരു വ്യാപാരിക്ക് നോട്ടീസ് കൊടുത്തതാണ് ആശങ്ക ഇത്ര വലുതായത്. ആ നോട്ടീസ് റദ്ദ് ചെയ്തിട്ടുണ്ട്. എങ്കിലും ആ പ്രശ്നം നിലനിൽക്കുന്നുണ്ട്. അത് വ്യാപാരികളുമായി ദേശീയതലത്തിൽ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്താം.

സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം ബിൽ ക്ലാസ് ബൈ ക്ലാസ് ചർച്ചയ്ക്ക് എടുക്കുന്നതിനുമുമ്പ് വിശദമായി കൂടുതൽ ചർച്ച നടക്കുമ്പോൾ അതിനോട് പ്രതികരിക്കാം എന്നുപറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. കെ. സി. മമ്മത് കോയ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. കെ. സി. മമ്മത് കോയ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രാജു എബ്രഹാം, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ഡിസംബർ 5-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 1.31-ന് പിരിഞ്ഞു.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.